
www.malankaralibrary.com

# മഹാജൂബിലി
# പുനരൈക്യ
# സപ്തതി
# സ്മരണിക

CHRISTU JAYANTHI REUNION SAPTHATHI

70

## മലങ്കര
## കത്തോലിക്കാ
## സഭ



www.malankaralibrary.com


# മഹാജൂബിലി പുനരൈക്യ സപ്തതി സ്മരണിക



2000

www.malankaralibrary.com

# ക്രിസ്തു ജയന്തി



2000



www.malankaralibrary.com



ഇൻഡ്യയുടെ അപ്പോസ്തലൻ

# വി. തോമ്മാശ്ലീഹാ

www.malankaralibrary.com








His Holiness John Paul II
paternally imparts his special
Apostolic Blessing to the
Archbishop, Bishops, Priests, Religious and Laity of the
Syro Malankara Catholic Church
on the occasion of the Reunion Sapthathi Celebrations
during 26 - 28 xii 2000 at Tiruvalla



Ex aedibus Vaticanis die 13.XI.1999

JUBILAEUM A.D. 2000

+ Oscar Rizzato
archiepiscopus
Eleemosynarius Apostolicus



www.malankaralibrary.com



# MESSAGE

PATRIARCAT SYRIEN CATHOLIQUE D'ANTIOCHE
Rue de Damas - B.P. 116/5087 - BEYROUTH - LIBAN
Téléphone : 381532

In answer to the kind invitation of His Reverend Excellency Monsignor Geevarghese Mar Timotheos, with great joy, I am preparing my new visit in this very dear land of Kerala.

Last year, I had the delight to be at Trivandrum for the inauguration of the celebrations of the Great Jubilee of the year 2000, the National Marian Convention and the Youth Convention.

First of all, I will be in Tiruvalla to take part in a great event: the celebration of the 70th anniversary of the reunion of the Malankara Church with the Catholic Church. 70 years is a short period in history, but the Malankara Church was able to render it fruitful with apostolic spirit, efforts and sacrifices. What harvest! Hundreds of thousands of faithful people, several dioceses, innumerable parishes, missions, seminaries, institutions, schools, universities, hospitals, publications, etc. The Malankara Church continues to preach, the Good News with vitality. What liveliness! Truly, it is a Missionary Church in full expansion. All my admiration and my best wishes!

Celebrate names, which were at the origin of this movement of reunion will surmount the time and will remain in the memories of the Church: Monsignor Mar Ivanios Panickaruveettil, Monsignor Mar Theophilos, Fr John O.I.C., deacon Seraphion and Mr. Chacko Kilileth.

The Great Jubilee of the Year 2000 gives the Sapthathi a new extraordinary splendor. The Holy Year, which pushed the entire Church to reflect upon its identity, its existence, its vocation and mission and open it to new horizons, offers the Malankara Church the precious opportunity to think over ecumenical dimensions of its reunion with the Catholic Church and to look forward to great hopes for the future.

Now the Great Jubilee is coming to an end, and I have the joy to close it with you, in Tiruvalla, as I inaugurated it with you, in Trivandrum.

But the Jubilee also offers to our two Syrian Churches of Antioch a unique opportunity on the level of our mutual relationship as well as on the level of the international Jubilee celebrations. On the 21st of November we shall celebrate together at Rome the Day of the Jubilee dedicated to the Syrian Church. It will be an occasion for our two Churches to celebrate the first conjoint official Mass. On the other hand, we shall be the only two Oriental Catholic Churches that celebrate one and same liturgy in the frame of the Jubilee.

Perhaps this will be the proof that we are not only two sister Churches, but one and the same : Syrian Catholic Church, with the same liturgical language, the same eclesial traditions and the same rites.

Dear Syrian Malankara Sister Church!

Happy 70th Year Anniversary!

Fruitful end for the Jubilee!

Marvelous, unforgettable and very holy syriac conjoint celebration at Rome under the maternal and vigil eyes of *Santa Maria in Trastevere*, the Virgin Mary, Mother of God, Mother of humanity and Mother of the Church, that our two Churches venerate with the same love!

Ignace Moussa Daoud
Patriarch of the Syrian Church of Antioch.

**(Prefect-designate of the Congregation for the Oriental Churches)**

www.malankaralibrary.com



MESSAGE

# *Message*

I am glad to know that the Syro-Malankara Catholic Church is celebrating the Great Jubilee of the Incarnation of Our Lord and the 70th anniversary (Sapthathi) of the historic Reunion Movement under the auspices of the diocese of Tiruvalla from 26th to 28th December 2000.

It is my pleasure and honour to wish the Bishops, Clergy, Religious and the Faithful of the Syro-Malankara Church on this happy and historic occasion. The Great Reunion Movement of late Archbishop Mar Ivanios and the growth of the Syro-Malankara Church is one of the landmarks of the history of the Church in 20th Century.

Through the different Rites the Universal Church expresses its plurality and remains one in Faith. Embracing all cultures and customs the journey of the Church continues through ages. Mar Ivanios' love for the Universal Church made him to overcome all difficulties for that task of Reunion; a reunion in Faith.

I am sure that the Syro-Malankara has a heavenly patron in the person of Archbishop Mar Ivanios.

On behalf of the Holy Father, whom I represent in India, I send my best wishes and cordial blessings to each and everyone.

New Delhi, 8th December 2000.

Archbishop Lorenzo Baldisseri
Apostolic Nuncio

www.malankaralibrary.com



# *Message*

भारत के राष्ट्रपति के उप प्रेस सचिव
Deputy Press Secretary to the President of India

राष्ट्रपति सचिवालय
राष्ट्रपति भवन
नई दिल्ली - 110004
President's Secretariat
Rashtrapati Bhavan
New Delhi - 110004

No. F. 2-M/2000 — 14th November, 2000

The President of India, Shri K.R. Narayanan, is happy to learn that the Malankara Catholic Church, Kerala is celebrating its 70th anniversary of Reunion with the Catholic Church and also the Great Jubilee of the Incarnation of Jesus Christ during December 26 - 28, 2000.


The President extends his greetings and felicitations to all those associated with the Church and wishes the Celebrations every success.

With regards,

Yours sincerely

(K. Satish Nambudiripad)

www.malankaralibrary.com



# MESSAGE

## സന്ദേശം

സീറോ മലങ്കരസഭയുടെ കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിന്റെ സപ്തതി വർഷമാണിതെന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. സപ്തതി ആഘോഷങ്ങൾക്കും സ്മരണികയ്ക്കും വിജയങ്ങൾ നേരുന്നു.

1930-ൽ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ പുനരൈക്യപ്പെട്ട ഒരു കടുകുമണിയോളമുള്ള സമൂഹം ഇന്ന് ഒരു വലിയ വൃക്ഷമായി പടർന്നു പന്തലിച്ചിരിക്കുന്നു. ഇതിന് പിന്നിൽ അനേകരുടെ വിശ്വാസ തീക്ഷ്ണതയും, കഠിനാദ്ധ്വാനവും കാണാൻ സാധിക്കും. മലങ്കര കത്തോലിക്കാ സഭ പുനരൈക്യത്തിന്റെ സപ്തതിയാഘോഷിക്കുന്ന ഈ വേളയിൽ അവരെയെല്ലാം പ്രാർത്ഥനാപൂർവ്വം സ്മരിയ്ക്കുന്നു. അതോടൊപ്പം ഇന്ന് സഭയെ നയിക്കുന്ന അഭിവന്ദ്യ പിതാക്കന്മാർക്കും അവരോടു ചേർന്നു പ്രവർത്തിക്കുന്ന വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും സപ്തതിയുടെ മംഗളങ്ങൾ ഞാൻ നേരുന്നു.

"പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങു കാത്തുകൊള്ളണമേ!" (യോഹ. 17:11). യേശുനാഥന്റെ ഈ പ്രാർത്ഥന ഞങ്ങളുടെ സഭയിൽ സഫലമായതിന്റെ സന്തോഷം മലങ്കര സഭാംഗങ്ങൾക്ക് സ്വന്തമാണ്. അവരുടെ സന്തോഷത്തിൽ സീറോ മലബാർസഭ പങ്കുചേരുകയും അവരോടു ചേർന്ന് ദൈവം നൽകിയ പുനരൈക്യത്തിന്റെ വലിയ ദാനത്തിന് അവിടുത്തോട് നന്ദി പറയുകയും ചെയ്യുന്നു.

സഭൈക്യത്തിന്റെ വേദിയിൽ സകലർക്കും മാതൃകയായിക്കൊണ്ട് പ്രാർത്ഥന, ജീവിതമാതൃക, പരസ്പര സഹകരണം എന്നിവയിലൂടെ കൂടുതൽ സജീവമായും ധീഷണാപ്രഭാവത്തോടുകൂടിയും സഭൈക്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സീറോ മലങ്കര കത്തോലിക്കാ സഭയ്ക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

+ Varkey Vithayathil

മാർ വർക്കി വിതയത്തിൽ
മേജർ ആർച്ച് ബിഷപ്പ്

www.malankaralibrary.com



# സന്ദേശം

1st December 2000


കേരള സഭാചരിത്രത്തിൽ എന്നും പ്രകാശമാനമായി തെളിഞ്ഞു നില്ക്കുന്ന ഒരു മഹത് സംഭവമാണ് 1930 സെപ്തംബർ 20-ാം തീയതി ഓർത്തഡോക്സ് സഭാ മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ഈവാനിയോസ് അദ്ദേഹത്തിന്റെ നാലു അനുയായികളോടൊത്ത് മാതൃസഭയായ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത്. തുടർന്ന് പുനരൈക്യ പ്രസ്ഥാനം ദൈവനടത്തിപ്പിൽ അത്ഭുതകരമായി വളർന്നു വികസിച്ചു. മാതൃസഭയിൽ നിന്നും വേർപെട്ടുകഴിഞ്ഞിരുന്ന ലക്ഷക്കണക്കിനു വിശ്വാസികൾ മാർഈവാനിയോസ് പിതാവിനെ പിന്തുടർന്നു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയും ചെയ്തു. നമ്മുടെ മലങ്കര കത്തോലിക്കാ സഭയുടെ കഴിഞ്ഞ എഴുപതുവർഷക്കാലത്തേക്കു തിരിഞ്ഞുനോക്കിയാൽ ദൈവത്തിന്റെ സജീവസാന്നിദ്ധ്യവും നടത്തിപ്പും എപ്പോഴും അതിനുണ്ടായിരുന്നതായി നമുക്ക് കാണുവാൻ സാധിക്കും. ആദ്യകാലാനുഭവങ്ങൾ പുനരൈക്യപ്രസ്ഥാനത്തിന്റെ സാരഥികൾക്കു ശക്തിയും ഉണർവും നൽകി. സഭാ ഐക്യത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ ഇന്നും നാം തുടരേണ്ടിയിരിക്കുന്നു. 'ഞാനും പിതാവും ഒന്നായിരിക്കുന്നതുപോലെ നിങ്ങളും ഒന്നാകേണ്ടതിനു തന്നെ' എന്ന തിരുവാക്യം നമ്മുടെ ദൗത്യ നിർവഹണത്തിൽ നമുക്കു പ്രചോദനം നൽകട്ടെ.

പുനരൈക്യപ്രസ്ഥാനത്തിന്റെ എഴുപതാം വാർഷികാഘോഷത്തോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നത് ഏറ്റം ഉചിതമായിരിക്കുന്നു. സ്മരണികയ്ക്കു എല്ലാ വിജയവും ആശംസിക്കുന്നതോടൊപ്പം അതിന്റെ പ്രസിദ്ധീകരണ ചുമതല വഹിക്കുന്ന എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ നേരുകയും ചെയ്യുന്നു.

✠ Mar Baselios

**Cyril Mar Baselios**
**Metropolitan Archbishop Of Trivandrum**

www.malankaralibrary.com



DIOCESE OF TIRUVALLA

# സന്ദേശം

MESSAGE

പുനരൈക്യപ്രസ്ഥാനം ദൈവം നമ്മെ ഏല്പിച്ച ഒരു വലിയ ശുശ്രൂഷയും ദൗത്യവുമാണ്. നാം അനുഭവിച്ചറിഞ്ഞ സത്യവിശ്വാസത്തെ നമ്മുടെ സഹോദരങ്ങളിലേയ്ക്കും എത്തിക്കണം എന്ന ദൗത്യം മനസ്സിലുറപ്പിച്ചാണ് നാം ഈ ആഘോഷ പരിപാടികളിൽ പങ്കെടുക്കുന്നത്. ഒപ്പം ഇതൊരു വിശ്വാസ പ്രഘോഷണ സന്ദർഭവുമാണ്.

“എന്റെ ഓർമ്മയെ നിങ്ങൾ അനുഷ്ഠിക്കുവിൻ” എന്ന ദിവ്യനാഥന്റെ കല്പന അവിടുത്തെ തിരുജനനത്തിന്റെ മഹാജൂബിലിയിൽ നാം നിറവേറ്റുന്നു. പരിശുദ്ധപാത്രിയർക്കീസ് ബാവായുടെ സാന്നിദ്ധ്യം നമ്മുടെ സന്തോഷത്തിന് മാറ്റുകൂട്ടുന്നു. മലങ്കരസഭയുടെ ഇന്നലെകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മുന്നോട്ട് കുതിക്കാൻ പുതിയ തലമുറയെ ബോധവാന്മാരാക്കുവാനും ഈ സ്മരണിക സഹായിക്കും.

ഇതിനുവേണ്ടി പ്രയത്നിച്ച എല്ലാവരെയും അഭിനന്ദിക്കുകയും, പ്രാർത്ഥനകളും ആശംസകളും നേരുകയും ചെയ്യുന്നു.

സ്നേഹത്തോടെ

+ Mar Timotheus

ഗീവർഗീസ് മാർ തീമോത്തിയോസ്
തിരുവല്ലാ രൂപതാദ്ധ്യക്ഷൻ

www.malankaralibrary.com



# സന്ദേശം

മഹാജൂബിലിയാഘോഷങ്ങളുടെ സമാപനവും പുനരൈക്യ പ്രസ്ഥാനത്തിന്റെ സപ്തതിയും അനുസ്മരിച്ചുകൊണ്ട് ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷിക്കുന്നു; എല്ലാവിധ വിജയവും ആശംസിക്കുന്നു.

ദൈവം സ്നേഹമാകുന്നുവെന്ന് ലോകത്തെ ജീവിതത്തിലൂടെ അറിയിച്ച കർത്താവായ യേശുവിന്റെ മനുഷ്യാവതാര ഉദ്ദേശ്യവും മല ങ്കര സഭയെ സാർവ്വത്രിക സഭാ കൂട്ടായ്മയിലെത്തിച്ച മാർ ഈവാനി യോസ് മെത്രാപ്പോലീത്തായുടെ സഭാ ദർശനവും സമർപ്പണവും സ്വന്ത മാക്കുവാനുള്ള വേദിയാകട്ടെ ഈ ആഘോഷങ്ങൾ എന്ന് ആശംസി ക്കുന്നു, പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

+ Geevarghese Mar Divannasios.

മോസ്റ്റ്. റവ. ഗീവർഗീസ് മാർ ദിവന്ന്യാസിയോസ്
ബത്തേരി രൂപതാദ്ധ്യക്ഷൻ

www.malankaralibrary.com



# Message

MESSAGE

I am extremely happy to send my prayerful greetings and best wishes to all the members of the Malankara Catholic Church who are celebrating the GREAT JUBILEE 2000 of the Lord and the SAPTHATHI of our Malankara Catholic Reunion Movement on December 26, 27, and 28 at Tiruvalla. It is a great God given-opportunity to express our unity and fellowship and fidelity in the Church.

As we Celebrate the 2000th Birthday of Our Lord we are proudly praising and thanking God Our Father for His abundant blessing given through His Son Jesus Christ.

On this occasion of the Great Jubilee and Reunion Celebration, I join with all the Malankarites to thank Almighty God for His abundant blessings showered upon us all these years.

We remember with gratitude all our Archbishops, Bishops, Priests, religious and lay leaders who have rendered their selfless services to build-up our Malankara Community to this extent.

My best wishes and prayers to all who are working hard to make this event a great success. May the good Lord be with you throughout the new Millennium.

God bless you all.

Yours in Our Lord

+ Yoo Chrysostom

Most Rev. Yoohanon Mar Chrysostom
Bishop of Marthandom


www.malankaralibrary.com



**മോസ്റ്റ് റവ. സിറിൾ മാർ ബസ്സേലിയോസ്**

മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ
മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ്, തിരുവനന്തപുരം
പ്രസിഡന്റ് സി.ബി.സി.ഐ.

www.malankaralibrary.com



മോസ്റ്റ് റവ. ഗീവർഗീസ് മാർ തിമോത്തിയോസ്

തിരുവല്ല രൂപതാദ്ധ്യക്ഷൻ




www.malankaralibrary.com



ഗീവർഗീസ് മാർ ദിവന്ന്യാസിയോസ്

ബത്തേരി രൂപതാദ്ധ്യക്ഷൻ

www.malankaralibrary.com



**യൂഹാനോൻ മാർ ക്രിസോസ്റ്റം**

മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ

www.malankaralibrary.com



**ജ്യോഷ്വാ മാർ ഇഗ്നാത്തിയോസ്**
തിരുവനന്തപുരം അതിരൂപത, സഹായമെത്രാൻ

www.malankaralibrary.com



തോമസ് മാർ കൂറിലോസ്

തിരുവല്ല രൂപത, സഹായമെത്രാൻ

www.malankaralibrary.com

# സ്നേഹിച്ചു വളർത്തി, കടന്നു പോയ പിതാക്കന്മാർ



Jacob Mar Theophilos
(1933-1950)



Joseph Mar Severios
(1950-1955)



Thomas Mar Diaskoros



Geevarghese Mar Ivanios
(1930-1953)



Isaac Mar Yoohanon
(1978-1987)



Zacharias Mar Athanasios
(1955-1977)



Lawrence Mar Ephrem
(1996-1997)



Paulose Mar Philoxenos



Benedict Mar Gregorios
(1953-1994)

## വന്ദ്യ റമ്പാച്ചന്മാർ



[illegible]ാട്ട് ഫിലിപ്പോസ് റമ്പാൻ



പുലിക്കോട്ട് ജോസഫ് റമ്പാൻ

www.malankaralibrary.com

# വികാരി ജനറാൾമാർ



മോൺ. അലക്സാണ്ടർ പയ്യമ്പള്ളി
തിരുവല്ല



ഗീവർഗീസ് മണ്ണിക്കരോട്ട്
കോർഎപ്പിസ്കോപ്പാ, തിരുവനന്തപുരം



മോൺ. ജോസഫ് പ്ലാങ്കാല,
മാർത്താണ്ഡം



മോൺ. ഐസക് തോട്ടുങ്കൽ,
ബത്തേരി

www.malankaralibrary.com

# പുനരൈക്യ സപ്തതി സ്റ്റിയറിംഗ് കമ്മറ്റി



*ഇരിക്കുന്നവർ (ഇടത്തുനിന്ന്)* ഫാ. എബ്രഹാം കരിമ്പനാ മണ്ണിൽ, ഫാ. വർഗീസ് മാവേലി, ഡോ. തോമസ് മാർ കൂറിലോസ്, മോസ്റ്റ് റവ. ഗീവർഗീസ് മാർ തിമോത്തിയോസ്, മോൺ. ഐസക് തോട്ടുങ്കൽ, ഫാ. ജറോം .ഒ.ഐ.സി., സി. സെറീന എസ്.ഐ.സി.

*നില്ക്കുന്നവർ (ഒന്നാം നിര) ഇടത്തുനിന്ന്* : ശ്രീ. ജോൺ പി. മാത്യു, ഫാ. ഇഗ്നേഷ്യസ് ഒ.ഐ.സി., ഫാ. ജോർജ് മാരാംകണ്ടം, ശ്രീ ഷിബു പുതുക്കേരിൽ, ഫാ. എബ്രഹാം കുഴിക്കാല, അഡ്വ. ലാലുജോൺ, ഫാ. എബ്രഹാം വെട്ടുപറമ്പിൽ, ശ്രീ. ബാബു കല്ലുങ്കൽ, ഫാ. മാത്യു വാഴയിൽ, ഫാ. ആന്റണി കാക്കനാട്ട്, ഫാ. എബ്രഹാം കാടമല

*നില്ക്കുന്നവർ (2-ാം നിര) ഇടത്തുനിന്ന്* : ഫാ. ഐസക് കിഴക്കേപറമ്പിൽ, ശ്രീ. വർഗീസ് കരിപ്പായിൽ, ഫാ. ജോർജ് തേക്കടയിൽ, ഫാ. ചെറിയാൻ അഴകത്ത്, അഡ്വ. വി.വി. ഷാജി, ശ്രീ. എബ്രഹാം കുര്യൻ, ശ്രീ. എം.എസ്. എബ്രഹാം, ശ്രീ. റോബിൻ മാത്യു, ശ്രീ എജി പറപ്പാട്ട്, അഡ്വ. ജോൺ എബ്രഹാം

www.malankaralibrary.com



# Editorial

ചരിത്രത്തിലെ
ഏറ്റവും വലിയ സഭൈക്യ സംഭവം
നടന്നിട്ട് നീണ്ട എഴുപതുവർഷങ്ങൾ പിന്നിടുന്നു.
മൺമറഞ്ഞ മഹാരഥന്മാരെ കൃതജ്ഞതയോടെ സ്മരിക്കുന്നു.
സ്മരണയിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

എഴുപതുവർഷങ്ങൾ പിന്നിട്ട സഭയെന്ന നിലയിൽ ഇതര
സമൂഹങ്ങൾ നമ്മിൽ നിന്ന് വളരെയേറെ പ്രതീക്ഷിക്കുന്നു.
സാർവ്വത്രിക സഭയ്ക്കും ക്രൈസ്തവ സമൂഹത്തിനും
മാതൃകയാകാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.

പിന്നിട്ട എഴുപതുവർഷങ്ങളും, എത്തിപ്പെട്ട വിവിധ മേഖലകളും
വളർച്ചയുടേത് എന്നതിൽ സംശയമില്ല. എന്നാൽ ഇനിയും
സാധ്യതകൾ വളരെ വളരെ.

കഴിഞ്ഞ എഴുദശകങ്ങളിലായി ഈ സഭാ സമൂഹം മനുഷ്യ
നന്മയ്ക്കായി ചെയ്ത വിവിധ ശുശ്രൂഷകളിലൂടെ കടന്നു
പോകയാണ് ഈ സ്മരണിക. പ്രാരംഭകർക്കുണ്ടായിരുന്ന
ദർശനങ്ങൾ സഫലീകരിക്കപ്പെട്ടോ എന്ന ചോദ്യം
അവശേഷിക്കുന്നു.

ഇവിടെ എല്ലാ മേഖലകളും അപഗ്രഥനം ചെയ്തുവെന്നോ,
അപഗ്രഥനം പൂർണമായിരുന്നെന്നോ അവകാശപ്പെടുന്നില്ല.
ഈ സംരംഭത്തിന് കരുതലും സംരക്ഷണവും തന്ന വന്ദ്യ
പിതാക്കന്മാരെയും, അരങ്ങിലും അണിയറയിലും
പ്രവർത്തിച്ചവരെയും നന്ദിയോടെ സ്മരിക്കുന്നു.
ക്രിസ്തുജയന്തി ആഘോഷങ്ങളുടെ സമാപനവും
പുനരൈക്യ സപ്തതി ആഘോഷങ്ങളും ഒത്തുചേരുന്ന
ഈ മധുരനിമിഷത്തിൽ എളിമയോടെ നിങ്ങളുടെ
അംഗീകാരത്തിനായി ഈ സ്മരണിക
സമർപ്പിക്കുന്നു.

ഫാ. ഏബ്രഹാം വെട്ടുവഴിയിൽ
ചീഫ് എഡിറ്റർ

www.malankaralibrary.com

CHRISTU JAYANTHI REUNION SAPTHATHI 70

**സ്മരണിക - 2000**

**എഡിറ്റോറിയൽ**

*ചീഫ് എഡിറ്റർ :*

**ഫാ. ഏബ്രഹാം വെട്ടുപറമ്പിൽ**

*എഡിറ്റർ :*

**ശ്രീ. വർഗീസ് കരിപ്പായിൽ**

*അസ്സോസിയേറ്റ് എഡിറ്റർ*

**Sr. പ്രീതി SIC**

*Printing :*

**Rainbow Colour Printers**
Tiruvalla - 3. Ph : 603361, 603362

*Published by :*

Sapthathi Souvenir Committee

# ഉള്ളടക്കം

| | | |
|---|---|---|
| പുനരൈക്യമേ വെൽക | - | 1 |
| വി.കുർബാനയുടെ വർഷം, സഭയുടേതും | - | 2 |
| മലങ്കര കത്തോലിക്കാ സഭയെ നയിച്ച പിതാക്കന്മാർ | - | 6 |
| The Malankara Catholic Church in the light of Codex Canonum Ecclesiarum Orientalium | - | 17 |
| വിശ്വാസ പരിശീലനം മലങ്കര സഭയിൽ | - | 22 |
| The Church as The Eucharistic Community | - | 27 |
| മലങ്കര സഭയിലെ സന്യാസ സമൂഹങ്ങൾ | - | 32 |
| കുടുംബം കേരള ക്രൈസ്തവ കത്തോലിക്കാ കാഴ്ചപ്പാടിൽ | - | 43 |
| മലങ്കര മേജർ സെമിനാരി | - | 48 |
| എ. ഫിലിപ്പോസ് മാരേട്ട്, ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, എം.എം. വർക്കി വിവിധ മണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭാശാലികൾ | - | 52 |
| സഭയുടെ വളർച്ച നൂറ്റാണ്ടുകളിലൂടെ | - | 58 |
| മലങ്കര സഭയുടെ സാമൂഹ്യ വീക്ഷണം - ആരംഭം, ദർശനം, വളർച്ച | - | 63 |
| ദളിത് മിഷൻ മലങ്കര കത്തോലിക്കാ സഭയിൽ | - | 66 |
| മലങ്കരയിലെ ആദ്യകാല വൈദിക പ്രേഷിതർ | - | 71 |
| തിരുവനന്തപുരം അതിഭദ്രാസനം ഇന്നലകളിലും ഇന്നും | - | 83 |
| സപ്തതി നിറവിൽ തിരുവല്ലാ രൂപതാ | - | 89 |
| ബത്തേരി രൂപത ഇന്നലെ ഇന്ന് | - | 92 |
| മാർത്താണ്ഡം രൂപത | - | 97 |
| ജർമ്മനിയിലെ മലങ്കര കത്തോലിക്കാ സമൂഹം | - | 100 |
| അമേരിക്കൻ മലങ്കര കത്തോലിക്കാ മിഷ്യൻ | - | 103 |
| An Outgrowing Malankara Catholic Church - Perspectives | - | 106 |
| അറേബ്യൻ മരുഭൂമികളിൽ അലയുന്ന മലങ്കര കത്തോലിക്കാ മക്കൾ | - | 108 |
| മലങ്കര സഭാ മഹാജൂബിലിയാഘോഷം റോമിൽ | - | 114 |
| എം.സി.വൈ.എം.ന്റെ സഭാത്മക ദർശനം | - | 115 |
| മലങ്കര കാത്തലിക് അസ്സോസിയേഷൻ(എം.സി.എ.) | - | 117 |
| ബാലദീപം കുട്ടികളുടെ സംഘടന | - | 120 |
| വിൻസെന്റ് ഡി. പോൾ സംഘടന മലങ്കര സഭയിൽ | - | 124 |
| കുടുംബപ്രേക്ഷിത ശുശ്രൂഷ മലങ്കര കത്തോലിക്കാ സഭയിൽ | - | 127 |
| മരിയ സൈന്യം | - | 131 |
| ആതുരശുശ്രൂഷയിൽ ഇന്ന് മലങ്കര സഭ | - | 134 |
| മലങ്കര കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ | - | 136 |
| മലങ്കര പുനരൈക്യ പ്രസ്ഥാന ചരിത്രത്തിലെ ചില അവിസ്മരണീയ സന്ദർഭങ്ങളും സംഭവങ്ങളും | - | 140 |
| മലങ്കര സഭ ഇന്ന് സ്ഥാപനങ്ങൾ | - | 146 |
| എഡിറ്റോറിയൽ ബോർഡ് | - | 147 |

www.malankaralibrary.com

# മലങ്കര റീത്ത് അനുവദിച്ച മാർപ്പാപ്പാ



പതിനൊന്നാം പീയൂസ് മാർപ്പാപ്പാ

www.malankaralibrary.com



മാർ ഈവാനിയോസിനേയും മറ്റു നാലുപേരേയും
കത്തോലിക്കാസഭയിലേയ്ക്ക് സ്വീകരിക്കുവാൻ നിയുക്തനായ
**ആർച്ച് ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ**




1930 സെപ്റ്റംബർ 20-ാം തീയതി പുനരൈക്യപ്പെട്ട മലങ്കര സഭാപ്രതിനിധികൾ

www.malankaralibrary.com



# പുനരൈക്യമേ വെൽക!




ഫാ. മാത്യു ചെമ്പോത്തിനാൽ

*ജയക്കൊടിനാട്ടി*
*സത്യത്തെക്കാട്ടി*
*ജയിക്കുകപുനരൈക്യമേമേമ്മേൽ*
*അഞ്ചു മഹാരഥർ*
*പുനരൈക്യവഞ്ചിയിൽ*
*ഐക്യത്തിൻ തീരം പുൽകിയ*
*സപ്തതിഘോഷിക്കും*
*മംഗള സുദിനത്തിൽ*
*മംഗളം പാടുകനാം*
*ഏകവും വിശുദ്ധവും*
*കാതോലികവുമായ*
*ശ്ലൈഹിക സഭതന്നുടെ*
*അധിപനാം പത്രോസിന്റെ*
*പിൻഗാമിയോടുചേർന്ന*
*പുണ്യസുദിനമിതുതാൻ*
*ആ പുണ്യപാദങ്ങൾ*
*പിൻതുടർന്നായിരങ്ങൾ*
*മാതൃസഭാമടിയിൽ*
*ശാന്തികണ്ടെത്തിയ*
*പാവനസുദിനമേ*
*വെൽകവെൽകമേമ്മേൽ!*

www.malankaralibrary.com



# പുനരൈക്യമേ വെൽക!



ഫാ. മാത്യു ചെമ്പോത്തിനാൽ


*ജയക്കൊടിനാട്ടി*
*സത്യത്തെക്കാട്ടി*
*ജയിക്കുകപുനരൈക്യമേമേമ്മേൽ*
*അഞ്ചു മഹാരഥർ*
*പുനരൈക്യവഞ്ചിയിൽ*
*ഐക്യത്തിൻ തീരം പുൽകിയ*
*സപ്തതിഘോഷിക്കും*
*മംഗള സുദിനത്തിൽ*
*മംഗളം പാടുകനാം*
*ഏകവും വിശുദ്ധവും*
*കാതോലികവുമായ*
*ശ്ലൈഹിക സഭതന്നുടെ*
*അധിപനാം പത്രോസിന്റെ*
*പിൻഗാമിയോടുചേർന്ന*
*പുണ്യസുദിനമിതുതാൻ*
*ആ പുണ്യപാദങ്ങൾ*
*പിൻതുടർന്നായിരങ്ങൾ*
*മാതൃസഭാമടിയിൽ*
*ശാന്തികണ്ടെത്തിയ*
*പാവനസുദിനമേ*
*വെൽകവെൽകമേമ്മേൽ!*

www.malankaralibrary.com



# വി.കുർബാനയുടെ വർഷം, സഭയുടേതും

ആർച്ചു ബിഷപ്പ് ജോസഫ് പൗവ്വത്തിൽ
ചങ്ങനാശ്ശേരി അതിരൂപത



പരിശുദ്ധ പിതാവു ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ രണ്ടാം വത്തിക്കാൻ കൗൺസിലിനെയും തുടർന്നുള്ള കാലഘട്ടത്തിനെയും മഹാജൂബിലിക്കുള്ള ഒരുക്കത്തിന്റെ അവസരമായിട്ടാണു കാണുന്നത്. കൗൺസിലിന്റെ ഉദ്ദേശ്യത്തെക്കുറിച്ചു പരി. പിതാവ് പോൾ ആറാമൻ മാർപ്പാപ്പ തന്റെ കൗൺസിൽ സമാപന സന്ദേശത്തിൽ യുവാക്കളോടായി പറയുന്നുണ്ട്: "ഈ നാലു വർഷം സഭ ജോലി ചെയ്തിരുന്നത് എന്തിനെന്നറിയാമോ? ക്രിസ്തുവിന്റെ ഇംഗിതങ്ങളോടു കൂടുതൽ അനുരൂപപ്പെട്ടുകൊണ്ട് അവളുടെ രൂപത്തെ വീണ്ടും യുവത്വപൂർണ്ണമാക്കാൻ." എന്നിട്ട് തന്റെ സന്ദേശത്തിന്റെ ഒടുവിൽ അദ്ദേഹം യുവജനങ്ങളോടു ആവശ്യപ്പെടുന്നത് സഭയിൽ മിശിഹായെ കാണുവാനാണ്. "യുവത്വത്തിന് ശക്തിയും ആകർഷകത്വവും നൽകുന്നതെന്തോ അതു സഭയ്ക്കുണ്ട്. അതായത് നവീനത്വത്തോടൊത്ത് സന്തോഷിക്കുവാനും തന്നെത്താൻ പൂർണമായി കൊടുക്കുവാനും തന്നെത്താൻ നവീകരിക്കുവാനും പുത്തൻ വിജയങ്ങൾ കൈവരിക്കുന്നതിന് വീണ്ടും ഇറങ്ങിപുറപ്പെടുവാനും കഴിവുള്ള സഭയെ നിങ്ങൾ നോക്കുക. അവളിൽ ക്രിസ്തുവിന്റെ മുഖം കാണാം. യഥാർത്ഥ ക്രിസ്തു, വിനീതനായ ക്രിസ്തു, ബുദ്ധിമാനും ധീരനുമായ ക്രിസ്തു, സത്യത്തിന്റെയും സ്നേഹത്തിന്റെയും പ്രവാചകനാണ്, യുവത്വത്തിന്റെ സഹചാരിയും കൂട്ടുകാരനുമാണ്." (വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകൾ, ബാംഗ്ലൂർ, സമാപന സന്ദേശം).

## പ. കുർബാനയിലും സഭയിലും മിശിഹായുടെ സാന്നിദ്ധ്യം

മഹാജൂബിലി വർഷത്തിലെ വിചിന്തനത്തിനുള്ള വിഷയം വിശുദ്ധ കുർബാനയായിരിക്കണമെന്നാണല്ലോ പ. പിതാവ് നിർദ്ദേശിച്ചിട്ടുള്ളത്. വി.കുർബാനയിലും ആരാധനയിലും മിശിഹാ സദാ സന്നിഹിതനാണ് എന്ന് നമുക്കറിയാം. വി. കുർബാനയിലാണ് സഭ എന്താണെന്ന് വെളിപ്പെടുന്നത്. വി.കുർബാന സഭാ ജീവിതത്തിന്റെ കേന്ദ്രമാണ്. മിശിഹായോടൊത്ത് ദൈവത്തിനു സ്വീകാര്യമായ സമർപ്പണം സഭ നടത്തുകയും ജീവദായകമായ പെസഹാ രഹസ്യത്തിൽ ഭാഗഭാക്കാവുകയും ചെയ്യുന്നത് പരി.കുർബാനയിലും ആരാധനക്രമത്തിലുമാണ്. നാം മിശിഹായുടെ ശരീരമായി നിർമ്മിക്കപ്പെടുന്നത്, വി.കുർബാനയിലൂടെ ദൈവിക ജീവനിൽ ഓഹരിക്കാരായിത്തീരുന്നതുകൊണ്ടാണല്ലോ.

അതിനാൽ മിശിഹായുടെ ശരീരമായ സഭയോടു ബന്ധപ്പെടുത്തി പരി. കുർബാനയെ കാണാൻ കഴിയണം. സഭയിലാണു മിശിഹാ എപ്പോഴും സന്നിഹിതനായിരിക്കുന്നത്. മിശിഹാ നമുക്കു നൽകിയ രക്ഷ പരികർമ്മം ചെയ്യപ്പെടുന്നത്

www.malankaralibrary.com



സഭയിലാണ്. മിശിഹായുടെ ദൗത്യം ലോകത്തിൽ തുടരുന്നതു സഭയിലാണ്. വി. കുർബാന യെക്കുറിച്ചുള്ള ആഴമായ അവബോധം സഭാജീവിത ത്തിലെ സജീവമായ പങ്കാളി ത്തത്തിലേക്കാണു നയിക്കേണ്ടത്. അങ്ങനെ മിശിഹായുടെ ചൈതന്യംകൊണ്ടു നിറഞ്ഞ ശിഷ്യരുടെ സമൂഹമായ സഭയാണ് ലോകത്തിനു മുമ്പിൽ സാക്ഷ്യം വഹിക്കേണ്ടത, മിശിഹായുടെ മുഖം മറ്റുള്ളവരുടെ മുൻപിൽ വെളിവാക്കേണ്ടത്. ജൂബിലിയാചരണം കൊണ്ട് സുപ്രധാനമായ ഇക്കാര്യം സാധിക്കണം. എങ്കിൽ മാത്രമേ സഭയുടെ പ്രസക്തി ലോകത്തിനു തെളിയിച്ചു കൊടുക്കാൻ നമുക്കു കഴിയൂ.

സഭയെ പലരും വിമർശി ക്കുകയും സഭയുടെ പ്രസക്തി യെത്തന്നെ ചോദ്യം ചെയ്യുകയും ചെയ്യുന്ന ഒരു ലോകത്തിലാണു നാം ജീവിക്കുന്നത്. എന്നാൽ സഭ ഇന്നും പരിശുദ്ധാരൂപിയാൽ നയിക്കപ്പെട്ട് ലോകത്തിൽ രക്ഷയുടെ ദൗത്യം പൂർത്തി യാക്കുന്നതിൽ വ്യാപൃത യാണെന്ന വസ്തുത മറക്കാതി രിക്കുക. മിശിഹായുടെ ഉത്ഥാന ത്തിനുശേഷം അവിടുത്തെ രണ്ടാമത്തെ ആഗമനം വരെയുള്ള കാലഘട്ടം സഭയുടെ കാല ഘട്ടമാണ്. ഇന്നു സഭയോടൊത്തു ചിന്തിക്കാനും ജീവിക്കാനുമാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. സഭയെ അംഗീകരിക്കാതെ ക്രിസ്തുവിനെ അംഗീക രിക്കുന്നുവെന്നു പറയുന്നതിൽ അർത്ഥമില്ല. അതു മനസ്സിലാ ക്കിയ സഭാപിതാക്കന്മാരാണു "സഭയെ മാതാവായി കാണാ ത്തവന് ദൈവത്തെ പിതാവായി ലഭിക്കയില്ല" എന്നു പറഞ്ഞത്. അതുകൊണ്ടു തിരുപ്പിറവിയുടെ ജൂബിലിയാഘോഷിക്കുന്ന വേളയിൽ വി. കുർബാനയി ലേക്കും വി.കുർബാനയിൽ കേന്ദ്രീകൃതമായ സഭയിലേക്കും നമ്മുടെ ചിന്തകളെ നയിക്കുന്നതു തികച്ചും സമുചിതമാണ്.

## സഭയാണ് വി. കുർബാനയെ രൂപപ്പെടുത്തുന്നത്

വി.കുർബാന സങ്കീർണമായ ഒരു യാഥാർത്ഥ്യമാണ്. പല മാനങ്ങളിലൂടെ അതിനെ മനസ്സിലാക്കാൻ നമുക്കു കഴിയും. ഒരു കാഴ്ചപ്പാടിൽ അതു സഭയുടെ പ്രവൃത്തിയാണ്, സഭയുടെ ആത്മസമർപ്പണമാണ്. ശിരസ്സായ മിശിഹായോടു ചേർന്ന സഭയാണ് വി.കുർബാന ആഘോഷിക്കുന്നത്. പിതാവു പുത്രനെ മനുഷ്യരക്ഷയ്ക്ക് അയച്ചതുപോലെ പുത്രൻ പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാരെ എല്ലായിടത്തേയ്ക്കും തന്റെ രക്ഷാകർമ്മം തുടരുവാനായി അയച്ചു. "അവർ പ്രഖ്യാപനം ചെയ്തിരുന്ന രക്ഷണ്യകൃത്യം ആരാധനാ ജീവിതത്തിന്റെ കേന്ദ്രമായ ബലിയും കൂദാശകളും വഴി തുടർന്നുകൊണ്ടു പോകണ മെന്നുകൂടി അവിടുന്നു ഉദ്ദേശിച്ചു (SC6). അതുകൊണ്ടാണ് തിരുസ്സഭ, ലോകത്തിൽ പ്രത്യക്ഷപ്പെട്ട പെന്തക്കുസ്താദിനം മുതൽ സുവിശേഷം സ്വീകരിച്ചവർക്ക് മാമ്മോദീസാ നൽകി സഭയിൽ കൂട്ടിച്ചേർത്തത്. അന്നുമുതൽ പെസഹാ രഹസ്യം ആഘോഷി ക്കാൻ സമ്മേളിക്കുന്നതിൽ നിന്നും സഭ ഒരിക്കലും പിൻവാങ്ങിയിട്ടില്ല (SC6) എന്നാണു രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുന്നത്. "ദിവ്യബലിയർപ്പിച്ചും മിശിഹായെപ്പറ്റി പ്രതിപാദിക്കുന്ന വി. ഗ്രന്ഥഭാഗങ്ങൾ വായിച്ചു കൊണ്ടുമാണ് അതു നിർവഹി ച്ചിരുന്നത് (Ibid). ശിരസ്സായ മിശിഹായോടു ചേർന്നാണ് സഭ ഇതു നിർവ്വഹിക്കുന്നതെന്നും നമുക്കറിയാം. മിശിഹാ സഭയിൽ, പ്രത്യേകിച്ച് ആരാധനയുടെ പരികർമ്മത്തിൽ സദാ സന്നി ഹിതനാണ്. ആരാധനയുടെ അദൃശ്യനായ കാർമ്മികൻ മിശിഹായാണെങ്കിലും അതു സഭയോടു ചേർന്നും സഭയിലൂ ടെയുമാണ് അവിടുന്ന് നിർവഹി ക്കുന്നത്. സഭയാണ് വി.കുർബാന പരികർമ്മം ചെയ്യുന്നത്, പെസഹാ രഹസ്യം സന്നിഹിതമാക്കുന്നത്.

അതുകൊണ്ട് ആരാധനക്രമ ത്തിന്റെ നിയന്ത്രണം തിരുസ്സഭാ ധികാരികളെ മാത്രം, അതായത് പരി. സിംഹാസനത്തെയും നിയമം അനുവദിക്കുന്നെങ്കിൽ മെത്രാനെയും ആശ്രയിച്ചി രിക്കുന്നു (SC 22). ആരാധന ക്രമത്തെ, സർവ്വോപരി പരി. കുർബാനക്രമത്തെ സ്വാദിഷ്ട മനുസരിച്ച് ആർക്കും ഭേദഗതി ചെയ്യാൻ അവകാശമില്ല. പഴയനിയമത്തിലെ ബലിയർ പ്പണത്തിന്റെ വിശദാംശങ്ങൾ പോലും ദൈവം നിശ്ചയിച്ചു നൽകിയിരുന്നതായിട്ടാണു നാം കാണുക. നാം അതിന്റെ ശുശ്രൂഷകരാണ്. അതിന്റെമേൽ ആധിപത്യം നടത്തേണ്ടവരല്ല. പുതിയ നിയമത്തിലെ ആരാധന യേക്കുറിച്ചു നാം എത്രയോ കൂടുതൽ നിഷ്ഠയുള്ളവരായി രിക്കേണ്ടതാണ്.

ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ നമുക്കു വെളി

www.malankaralibrary.com



പ്പെടുത്തുന്ന സ്രോതസ്സുകൂടിയാണു ആരാധനക്രമം. അത് ആദിമുതലുള്ള നമ്മുടെ വിശ്വാസപാരമ്പര്യം കൈമാറുന്നതിനുള്ള ഉപാധിയാണ്. വിശ്വാസം അറിയുകയും ദൈവിക രഹസ്യങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന വേദിയാണ് അവിടം. നമ്മുടെ വിശ്വാസവിചിന്തനം, ദൈവശാസ്ത്രം ഈ അടിസ്ഥാനത്തിലാണ് ആരംഭിക്കേണ്ടതും വളരേണ്ടതും. ഈ സത്യം പൗരസ്ത്യസഭകൾ എന്നും ഉയർത്തിപ്പിടിച്ചിരുന്നെങ്കിലും നമ്മുടെ നാട്ടിൽ അതു മറന്നിരിക്കുകയാണ്.

പാശ്ചാത്യദേശങ്ങളിൽ ഈ സത്യം വിസ്മരിക്കപ്പെട്ടതുകൊണ്ടാണ് ആരാധനക്രമം പലപ്പോഴും കശക്കപ്പെടാനിടയായത്. സ്വന്തം താല്പര്യങ്ങൾക്കനുസരിച്ച് പരി.കുർബാന ക്രമത്തെപ്പോലും കശക്കാമെന്നു കരുതിയവർ ധാരാളമാണ്. അതുകൊണ്ട് പരി. സിംഹാസനം ഈ രംഗത്ത് അടുത്ത കാലത്തായി ശക്തമായ മുന്നറിയിപ്പുകൾ നല്കിയിട്ടുണ്ട്. എങ്കിലും നമ്മുടെ നാട്ടിൽ ഇന്നും ഇത്തരം ഭ്രമം പലയിടങ്ങളിലും പടരുന്നുവെന്നതു നിർഭാഗ്യകരമെന്നു പറയാതെ വയ്യാ. നിരന്തരമായ മാറ്റമാണ് പലരും അഭികാമ്യമായി കാണുന്നത്. മാറിമാറിവരുന്ന വികാരങ്ങൾക്കനുസരിച്ച് ആരാധനക്രമത്തിൽ കയ്യാങ്കളി നടത്തുന്നത് ദൈവഹിതത്തിനു തന്നെ വിരുദ്ധമാണ്.

### വി.കുർബാന സഭയെ രൂപപ്പെടുത്തുന്നു

ആരാധനക്രമം, സർവ്വോപരി പരി. കുർബാനയാണ് സഭയെ മെനഞ്ഞെടുക്കുന്നത് എന്ന സത്യവും ശ്രദ്ധേയമാണ്. പരി. കുർബാനയിലൂടെ പുതിയ നിയമത്തിന്റെ ഉടമ്പടി ആവർത്തിക്കപ്പെടുകയാണ്. സീനായ് മലയുടെ അടിവാരത്തിൽവച്ച് മുദ്രയിടപ്പെട്ട പഴയനിയമ ഉടമ്പടിയാണ് ഇസ്രായേൽ ജനതയ്ക്കു രൂപം കൊടുത്തത്. ദൈവത്തിന്റെ അരുളപ്പാടു സ്വീകരിച്ച് അവിടുത്തേയ്ക്കു തങ്ങളെത്തന്നെ സമർപ്പിച്ചവരാണ് ദൈവജനമായത്. മിശിഹായുടെ രക്തത്തിൽ മുദ്രവയ്ക്കപ്പെട്ട പുതിയ ഉടമ്പടിയിൽ ഭാഗഭാക്കാവാനുള്ള അവസരമാണ് പരി. കുർബാനയും ആരാധനക്രമവും നമുക്കു നൽകുന്നത്. ദൈവത്തിന്റെ ഹിതവും ദൈവിക പദ്ധതിയും പൂർണമായി വെളിവാക്കപ്പെട്ടത് പെസഹാസംഭവത്തിലാണ്. അതു സ്വീകരിച്ച് അതിനു നമ്മെത്തന്നെ കയ്യാളിക്കുക എന്നതാണ് നമ്മിൽ രൂപം കൊള്ളേണ്ട പ്രതികരണം. പരി. കുർബാനയിൽ അതാണു നാം ചെയ്യുന്നത്. അങ്ങനെ നാം പുതിയ ജനതയായി രൂപം കൊള്ളുന്നുവെന്നതാണു വസ്തുത. വി.കുർബാനയെ ഈ രീതിയിലും കൂടി മനസ്സിലാക്കുമ്പോഴാണ് അതിലെ സമ്പൂർണവും സജീവവുമായ പങ്കുചേരലിന്റെ പ്രാധാന്യം നാം മനസ്സിലാക്കുക.

ദൈവം വെളിപ്പെടുത്തിയത് എന്തെന്ന് മനസ്സിലാക്കുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണു ആരാധനക്രമം. ശ്ലീഹന്മാർ തങ്ങളുടെ സാക്ഷ്യവും പ്രബോധനവും ആദ്യം മുതലേ കൈമാറാൻ തുടങ്ങിയത് ആരാധനയിലൂടെയാണ്. പെസഹാ അനുസ്മരണത്തിൽ ശ്ലീഹന്മാരുടെ പ്രബോധനം ഒരു ആവശ്യഘടകമായിരുന്നു. ആദിമ ക്രൈസ്തവ സമൂഹത്തെക്കുറിച്ച് നാം വായിക്കുന്നത് ഇങ്ങനെയാണല്ലോ? "അവർ ശ്ലീഹന്മാരുടെ പ്രബോധനത്തിൽ സ്ഥിരപ്പെട്ടും പ്രാർത്ഥനയിലും അപ്പംമുറിക്കലിലും പങ്കുകൊണ്ടുമിരുന്നു" (Act2: 41-47). പാരമ്പര്യം എഴുതപ്പെട്ട രൂപത്തിലായതും ആരാധനാസമൂഹത്തിൽ രൂപം കൊണ്ട വിധത്തിലായിരുന്നല്ലോ. അങ്ങനെ എഴുതപ്പെട്ടവ വായിച്ചും വ്യാഖ്യാനിച്ചുമാണ് പില്ക്കാലങ്ങളിൽ പെസഹാരഹസ്യം പരികർമ്മം ചെയ്തിരുന്നത്. അങ്ങനെയാണ് തലമുറകൾ ദൈവിക വെളിപാടു ഗ്രഹിച്ചതും ജീവിതത്തിൽ ഉൾക്കൊണ്ടതും. ഇന്നു വിശ്വാസ വ്യാഖ്യാനത്തിന്റെ ഒരു പ്രധാനപ്പെട്ട സ്രോതസ്സ് സഭയുടെ ആരാധനക്രമമാണല്ലോ.

വെളിപാടിനു ശ്ലീഹന്മാർ മുതൽ നൽകിയ വിശ്വാസത്തിന്റെ മറുപടിയാണ് ആരാധനക്രമമായി രൂപം കൊണ്ടത്. ശ്ലൈഹിക പാരമ്പര്യം ആരാധനക്രമത്തിലൂടെ നമുക്ക് കൈമാറി ലഭ്യമാവുകയാണ്. നമ്മുടെ വിശ്വാസത്തിന്റെ ആഘോഷമാണല്ലോ ആരാധനക്രമവും പരി. കുർബാനയും. നമ്മുടെ വിശ്വാസം ഏറ്റം വ്യക്തമായി വെളിപ്പെടുന്നതും പ്രഘോഷിക്കപ്പെടുന്നതും അവിടെത്തന്നെയാണ്. അതുകൊണ്ടാണ് പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമത്തെ നിർണ്ണയിക്കുന്നു എന്നു പിതാക്കന്മാർ പറയാനിടയായത്. ഇരനേവൂസിന്റെ വാക്കുകൾ സുപ്രസിദ്ധമാണ്: "ഞങ്ങളുടെ ചിന്തകൾ വി.കുർബാനയുമായി പൂർണ്ണമായും പൊരുത്തപ്പെട്ടിരിക്കുന്നു; വി.കുർബാന ഞങ്ങളുടെ

www.malankaralibrary.com



ചിന്തയെ ഉറപ്പിക്കുന്നു". നാം ദൈവസാന്നിധ്യം അനുഭവിച്ചറിയുകയും നമ്മുടെ വിശ്വാസം വാക്കുകളിലൂടെയും അടയാളങ്ങളിലൂടെയുമെല്ലാം പ്രഖ്യാപിക്കുകയും ചെയ്യുന്നിടത്തുവച്ചാണ് പുതിയ തലമുറ ഈ പാരമ്പര്യം സ്വീകരിക്കുന്നത്. വിശ്വാസം സ്വീകരിക്കുന്നതുവഴിയായി നാം ദൈവത്തിന്റെ ജനസമൂഹത്തിൽ കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു.

നമ്മുടെ കൂട്ടായ്മ ത്രിത്വൈക ദൈവത്തിന്റെ ജീവനിലുള്ള പങ്കാളിത്തത്തിലൂടെ നമുക്കു ലഭ്യമാകുന്നതാണ്. അതു കേവലം മാനുഷികമായ ഒരു യാഥാർത്ഥ്യമായി കരുതുവാൻ പാടില്ല. ഒരേ വിശ്വാസം ഏറ്റുപറയുകയും മിശിഹായുടെ ശരീര രക്തങ്ങൾ ഒരേ മേശയിൽനിന്ന് അനുഭവിക്കയും ചെയ്യുന്നവർ ഗാഢമായ ഐക്യത്തിലാവുകയാണ്. പ. കുർബാനയിൽ പ. ത്രിത്വത്തിന്റെ സാന്നിദ്ധ്യമുണ്ടാവുകയും പരിശുദ്ധ റൂഹാ നമ്മിൽ പ്രവർത്തിക്കയും ചെയ്യുന്നു. അങ്ങനെ നാം ദൈവവുമായും പരസ്പരവും ഒരുമിക്കുന്നു. അതുകൊണ്ടു ആരാധനക്രമവും പരി. കുർബാനയും സഭയെ നിർമ്മിക്കുന്നുവെന്നു പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണ്. സഭാപ്രവേശന കർമ്മങ്ങളുടെ പൂർത്തീകരണം പ.കുർബാനയിലാണു നടക്കുന്നത് എന്നു പറയുന്നതിന്റെ പൊരുളും നമുക്കിവിടെ മനസ്സിലാക്കാൻ സാധിക്കും.


## വി. കുർബാനയിലൂടെ സഭൈക്യതയിലേക്ക്

നമ്മുടെ കുർബാനയെ സഭയുടെ ആത്മപ്രകാശനമായും സഭയുടെ രൂപീകരണ വേദിയായും നാം കാണുകയാണെങ്കിൽ വി.കുർബാനയുടെ ഈ വർഷം ആഴമായ സഭാജീവിതത്തി ലേക്കു നമ്മെ നയിക്കേണ്ടതാണ്. ആദ്യമായിത്തന്നെ സഭയുടെ ദൈവിക മാനത്തെ ആത്മാർത്ഥമായി അംഗീകരി ക്കാൻ നമുക്കു കഴിയണം. സഭയെ സ്നേഹിക്കാനും സഭയ്ക്കു വേണ്ടി ത്യാഗങ്ങൾ സഹിക്കാനും നമുക്കു സാധിക്കണം. സഭയോടൊത്തു ജീവിക്കാതെ നമുക്കു നമ്മെ ക്രൈസ്തവരെന്നു വിളിക്കാനാവില്ല. സഭയോടൊത്തു ജീവിക്കുന്നവർ സഭയിൽ ദൈവം സ്ഥാപിച്ച ക്രമീകരണങ്ങളെയും അംഗീകരിച്ചുകൊണ്ടാവണം ജീവിക്കേണ്ടത്. അങ്ങനെയാകുമ്പോൾ സഭയുടെ പ്രബോധനാധികാരം നൽകുന്ന നിഷ്കർഷകളും ശിക്ഷണക്രമവും പാലിക്കാൻ നമുക്കു വൈമനസ്യമുണ്ടാവുകയില്ല.

ഇന്നു സഭയുടെ ഉള്ളിൽ ശൈഥില്യത്തിന്റെ ഭാവങ്ങൾ നാം കാണുന്നുണ്ടെങ്കിൽ അതിനു കാരണം മുകളിൽ വിവരിച്ച കാഴ്ചപ്പാടു നഷ്ടപ്പെടുന്നുവെന്നതാണ്. സഭയെ മനസ്സിലാക്കാത്തതുകൊണ്ടോ വികലമായ ധാരണകൾ പുലർത്തുന്നതുകൊണ്ടോ ആണ് അപായങ്ങളുണ്ടാവുക. അതിനാൽ വി.കുർബാനയെക്കുറിച്ചു വിചിന്തനം നടത്തുന്ന ജൂബിലിവർഷം നമുക്ക്, സഭയെ യഥാർത്ഥത്തിൽ കണ്ടെത്താനും സഭാത്മക ചൈതന്യത്തിൽ ജീവിക്കാനും സഹായകമാകണം. അതിനു നമുക്കു സാധിക്കട്ടെ എന്നാണു എന്റെ പ്രാർത്ഥന.

www.malankaralibrary.com





# മലങ്കര കത്തോലിക്കാ സഭയെ നയിച്ച പിതാക്കന്മാർ

മോസ്റ്റ്. റവ. ഗീവർഗ്ഗീസ് മാർ തിമോത്തിയോസ്
തിരുവല്ല രൂപതാദ്ധ്യക്ഷൻ

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ സപ്തതി ആഘോഷിക്കുന്ന ഈ സുപ്രധാന വേളയിൽ ഇരുപതാം നൂറ്റാണ്ടിന് ചരിത്രത്തിൽ പ്രതിഷ്ഠ നേടിക്കൊടുത്ത മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ത്വരിത പൂർണ്ണമായ പുരോഗതിക്കുവേണ്ടി അക്ഷീണം അഹോരാത്രം യത്നിച്ച മഹാത്മാക്കളും മഹാരഥന്മാരുമായ മൺമറഞ്ഞ അഭിവന്ദ്യപിതാക്കന്മാരെ സ്മരിക്കേണ്ടത് ഉചിതമാണല്ലോ. ആരംഭകാലത്ത് മലങ്കര കത്തോലിക്കാ സഭയെ നയിക്കുവാനും പഠിപ്പിക്കുവാനും പവിത്രീകരിക്കുവാനും, മലങ്കരയുടെ തനതായ പാരമ്പര്യങ്ങളും പൈതൃകങ്ങളും ആചാരാനുഷ്ഠാനങ്ങളും നിഷ്ക്കർഷയോടെ അഭ്യസിച്ചിരുന്ന പണ്ഡിത വരേണ്യരായ ഉത്തമ ഇടയന്മാരെ ലഭിച്ചത് വലിയ ഭാഗ്യവും സഭാനാഥന്റെ പ്രത്യേക കരുതലുമാണ്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളും അന്ത്യോഖ്യൻ ആരാധനക്രമവും അഭംഗുരം കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തിഗത സഭയായിട്ട് മലങ്കര കത്തോലിക്കാ സഭ ഇന്നു നിലനിൽക്കുന്നതിന്റെ പ്രധാന കാരണം നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരാണ്.

പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രധാന തേരാളിയായ മാർ ഈവാനിയോസ്, സഹശില്പിയായ മാർ തെയോഫിലോസ്, മാർ ദീയസ്കോറോസ്, മാർ സേവേറിയോസ്, മാർ അത്താനാസിയോസ്, മാർ യൂഹാനോൻ, മാർ അപ്രേം, മാർ ഗ്രിഗോറിയോസ്, മാർ പീലക്സിനോസ് എന്നീ മൺമറഞ്ഞ പിതാക്കന്മാരെപ്പറ്റിയാണ് ഈ ലേഖനത്തിൽ പരാമർശിക്കുക.

### ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേതാവും ഭാരത ന്യൂമാൻ എന്ന അപരനാമത്താൽ വിശ്വവിഖ്യാതനുമായ മാർ ഈവാനിയോസ് തിരുമേനിയുടെ സംഭവബഹുലമായ ജീവിതത്തിന്റെ ഒരംശം മാത്രമേ ഈ ലേഖനത്തിലൂടെ പ്രതിപാദിക്കാൻ സാധിക്കുകയുള്ളൂ. പണിക്കരു ശെമ്മാശൻ, എം.എ. ശെമ്മാശൻ, എം.എ. അച്ചൻ, എം.ഡി സെമ്മിനാരി പ്രിൻസിപ്പൽ, സെറാമ്പൂർ കോളജ് പ്രൊഫസർ, ബഥനി ആശ്രമ സ്ഥാപകൻ, ആബോ ഗീവറുഗീസ്, ബഥനി മെത്രാൻ, ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് തുടങ്ങിയ അഭിനാമത്താൽ അംഗീകൃതനായിരുന്ന അഭിവന്ദ്യ പിതാവിന്റെ

www.malankaralibrary.com



പേരുകളത്രയും അദ്ദേഹത്തിന്റെ വൈവിധ്യമാർന്ന വ്യക്തിത്വത്തിന്റേയും ജീവിത രംഗങ്ങളുടേയും മുഖമുദ്രകളായിരുന്നു. ഇത് ഒരു വ്യക്തിത്വത്തിന്റെയും ഒരു പ്രസ്ഥാനത്തിന്റെയും വിവിധ മുഖങ്ങളായിരുന്നു.

മാവേലിക്കരയുള്ള പറമ്പിൽ പണിക്കരുവീട്ടിൽ തോമ്മാപണിക്കരുടേയും അന്നമ്മയുടേയും മകനായി 1882 സെപ്റ്റംബർ 21-ാം തീയതിയാണ് ഗീവറുഗീസ് ജനിച്ചത്. കളരി വിദ്യാഭ്യാസത്തിനുശേഷം അടുത്തുള്ള സി.എം.എസ്. ഇംഗ്ലീഷ് സ്കൂളിൽ ചേരുകയും പിന്നീട് സർക്കാർ സ്കൂളിലേക്ക് മാറുകയും ചെയ്തു. പിന്നീട് പഴയ സെമിനാരിയിൽ താമസിച്ചുകൊണ്ട് എം.ഡി. സെമ്മിനാരി ഹൈസ്കൂളിൽ പഠിച്ച് മെട്രിക്കുലേഷൻ പ്രശസ്തമായ നിലയിൽ പാസ്സായി. കോട്ടയം സി.എം.എസ്. കോളജിൽ നിന്ന് എഫ്.ഏ. പരീക്ഷയും പാസ്സായി. തുടർന്ന് മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ചരിത്രവും ധനതത്വശാസ്ത്രവും ഐശ്ഛിക വിഷയങ്ങളായി എടുത്തുകൊണ്ട് ബി.എ.യും എം.എ.യും പാസ്സായി. മട്രിക്കുലേഷൻ പാസ്സായപ്പോൾ 1074 ധനു 26-ാം തീയതി പുത്തൻകാവ് പള്ളിയിൽ വച്ച് ഗീവറുഗീസ് പുലിക്കോട്ടു മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ ശെമ്മാശപട്ടം നൽകി.

പഠനം കഴിഞ്ഞു തിരികെ വന്ന പി.റ്റി. ഗീവറുഗീസ് ശെമ്മാശൻ എം.ഡി. സെമ്മിനാരി പ്രിൻസിപ്പലായി നിയമിതനായി. 1908 ആഗസ്റ്റ് 15-ാം തീയതി പരുമല സെമ്മിനാരിയിൽ വച്ച് ശെമ്മാശന് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി വൈദിക പട്ടം നൽകി. പുത്തൻകൂർ സമുദായത്തിലെ വൈദികരിൽ ആദ്യത്തെ എം.എ. ക്കാരനായിരുന്ന അദ്ദേഹം 1908 മുതൽ 1913 വരെ എം.ഡി. സെമ്മിനാരിയിൽ പ്രിൻസിപ്പലായിരുന്നു. പിന്നീട് 1913 മുതൽ 1919 വരെ ഫാ. പി.റ്റി. ഗീവറുഗീസ് സെറാമ്പൂർ കോളജിൽ പ്രൊഫസറായിരുന്നു. തുടർന്നുള്ള വന്ദ്യ പിതാവിന്റെ ജീവിതം പ്രധാനമായും സമുദായോദ്ധാരണപരമായിരുന്നു. ഈ മേഖലയിൽ കൂടുതൽ പ്രയോജനപ്പെടുവാനായിട്ടാണ് 1919 ആഗസ്റ്റ് 15ന് ബഥനി ആശ്രമവും 1925 സെപ്റ്റംബർ 8-ാം തീയതി ബഥനി മഠവും സ്ഥാപിച്ചത്. ആശ്രമശ്രേഷ്ഠനായ ആബോ ഗീവറുഗീസിനെ മെത്രാൻ പദവിയിലേക്കുയർത്തുവാൻ ഓർത്തഡോക്സു സഭാ നേതൃത്വം തീരുമാനിച്ചു. 1925 ജനുവരി 28-ാം തീയതി തിരുമൂലപുരം പള്ളിയിൽ വച്ച് അദ്ദേഹത്തിനു റമ്പാൻ സ്ഥാനവും നൽകി. നിരണത്തു വച്ചു നടന്ന കാതോലിക്കാ വാഴ്ചയുടെ പിറ്റേന്ന് അതായത് 1925 മെയ് ഒന്നാം തീയതി ബഥനിയുടെ ഗീവറുഗീസ് റമ്പാനെ മാർ ഈവാനിയോസ് എന്നപേരിൽ മെത്രാനായി അഭിഷേചിച്ചു. 1929 ഫെബ്രുവരി 13-ാം തീയതി മാർ ഈവാനിയോസ് ബഥനിയുടെ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്തു.

ഓർത്തഡോക്സ് - ബാവാ കക്ഷി വിഭാഗങ്ങൾ തമ്മിലുള്ള വട്ടിപ്പണക്കേസ് പുത്തൻകൂർ സമുദായത്തെ ആകെ ഇളക്കി മറിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അന്ന്. സഭയിൽ സമാധാനം ഉണ്ടാകണമെങ്കിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുക മാത്രമാണ് ശരിയായ വഴി എന്നു ഗ്രഹിച്ചതിന്റെ ഫലമായി 1926-ൽ മറ്റ് ഓർത്തഡോക്സ് മെത്രാന്മാരുടെ അറിവോടും സമ്മതത്തോടുംകൂടെ തിരുസിംഹാസനവുമായുള്ള എഴുത്തുകുത്തുകൾ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആരംഭിച്ചിരുന്നു. എന്നാൽ ഒരു തീരുമാനമുണ്ടാകാൻ നാലു വർഷത്തോളം പിടിച്ചു. ഇതിനിടെ വട്ടിപ്പണക്കേസ് വിധി ഓർത്തഡോക്സ് വിഭാഗത്തിനു അനുകൂലമാകുകയും തന്മൂലം മറ്റു മെത്രാന്മാർ അവരുടെ നിലപാടിൽ നിന്നു മാറുകയും ചെയ്തു.

കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാൻ തന്നെ മാർ ഈവാനിയോസ് തിരുമേനി തീരുമാനിച്ചു. തിരുമേനിയും മാർ തെയോഫിലോസ് തിരുമേനിയും ആശ്രമാംഗങ്ങളിൽ ഭൂരിപക്ഷവും 1930 ഓഗസ്റ്റ് 20-ാം തീയതി മുണ്ടൻമലയിലെ ബഥനി ആശ്രമത്തിൽ നിന്നിറങ്ങി വെണ്ണിക്കുളത്ത് ഒരു വാടക കെട്ടിടത്തിൽ താമസമാക്കി.

1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഫാ. ജോൺ ഒ.ഐ.സി., സെറാഫിയോൻ ശെമ്മാശൻ ഒ.ഐ.സി., കിളിയിലേത്ത് ശ്രീ. കെ.ജി. ചാക്കോ എന്നിവർ കൊല്ലം അരമന ചാപ്പലിൽ വച്ച് ബിഷപ്പ് ബെൻസിഗർ തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭാംഗങ്ങളായി.

പുനരൈക്യപ്രസ്ഥാനത്തിന്റെ നാനാവിധമായ അഭിവൃദ്ധിയ്ക്കുവേണ്ടി മാർ ഈവാനിയോസ് തിരുമേനി വിശ്രമ

www.malankaralibrary.com



രഹിതമായി പ്രയത്നിച്ചു. 1932-ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പായെ സന്ദർശിക്കുവാനും അയർലണ്ടിന്റെ തലസ്ഥാനമായ ഡബ്ളിനിൽ വച്ച് നടന്ന 23-ാം ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിക്കുവാനും, യൂറോപ്യൻ പര്യടനം നടത്തുവാനും യാത്ര യായി. 1932 ജൂൺ 11 ന് തിരുസിംഹാസനത്തിൽ നിന്നും മലങ്കര ഹയരാർക്കി സ്ഥാപനത്തിന് അവശ്യം വേണ്ട അനുവാദം അദ്ദേഹം വാങ്ങി. 1933 മാർച്ച് 12-ാം തീയതി തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയായി തിരുമേനി സ്ഥാനാരോഹണം ചെയ്തു. 1947-ൽ തിരുമേനി അമേരിക്കയും, ആസ്ട്രേലിയായും സന്ദർശിച്ചു. തന്റെ ഇരുപത്തിരണ്ടു വർഷക്കാലത്തെ അതിരൂപത ഭരണ കാലത്ത് 78 പ്രൈമറി സ്കൂളുകളും 18 മിഡിൽ സ്കൂളുകളും 15 ഹൈസ്കൂളുകളും 2 ട്രെയിനിംഗ് സ്കൂളുകളും ഒരു കോളജും അദ്ദേഹം സ്ഥാപിച്ചു.

1952-ൽ രോഗാതുരനായ ആ പാവനചരിതൻ 1953 ജനുവരി 29-ാം തീയതി പുതിയതായി പണിതുകൊണ്ടിരുന്ന കത്തീഡ്രലിന്റെ തറയിൽ കെട്ടിയുയർത്തിയ അലങ്കരിച്ച പന്തലിൽ വച്ച് റവ. ഫാ. ബനഡിക്ട് M.A.O.I.C. യെ തന്റെ പിൻഗാമിയായി 'മാർ ഗ്രീഗോറിയോസ്' എന്ന പേരിൽ മെത്രാനായി അഭിഷേചിച്ചു. 1953 ജൂലൈ 15-ാം തീയതി പുനരൈക്യ പ്രസ്ഥാനത്തിന്റെ ഈ കരുത്തുറ്റ മഹാശില്പി കാലയവനികയ്ക്കുള്ളിലേക്കു മറഞ്ഞു. 17-ാം തീയതി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ആ പുണ്യ ശരീരം കബറടക്കപ്പെട്ടു. ഇന്നും അദ്ദേഹത്തിന്റെ കബറിടം അനേകർക്ക് ആശ്വാസവും പ്രത്യാശയും പകരുന്നതോടൊപ്പം വിസ്മയകരവും അത്ഭുതകരവുമായ ആ ജീവിതം ലക്ഷക്കണക്കിന് വിശ്വാസികൾക്ക് പ്രചോദനവും പ്രേരണയുമായി നിലകൊള്ളുന്നു.

## യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

ബഥനി ആശ്രമത്തിൽ ആശ്രമ ഗുരുവായി അറിയപ്പെട്ടിരുന്ന ഗുരുവച്ചൻ, മാർ തെയോഫിലോസ് തിരുമേനി, കോട്ടയത്തിനടുത്ത് ഒളശ്ശ എന്ന സ്ഥലത്ത് പുരാതനമായ കളപ്പുരയ്ക്കൽ കുടുംബത്തിൽ ഏബ്രഹാം തരകന്റേയും അച്ചാമ്മയുടെയും പ്രഥമ സന്താനമായി 1891 ഫെബ്രുവരി 21-ാം തീയതിയാണ് ജനിച്ചത്. യാക്കോബ് എന്ന മാമ്മോദിസാപേരിൽ വിളിക്കപ്പെട്ടിരുന്ന അദ്ദേഹം നാട്ടിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കോട്ടയം എം.ഡി. ഹൈസ്കൂളിൽ നിന്നും മട്രിക്കുലേഷൻ പാസ്സായി. തുടർന്ന് അവിടെത്തന്നെ അദ്ധ്യാപകനായി ജോലി ആരംഭിച്ചു. ഒളശ്ശ ഇടവകാംഗങ്ങളുടെ താല്പര്യപ്രകാരം, വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി ശെമ്മാശപ്പട്ടം നൽകി. ഫാദർ പി.റ്റി. ഗീവറുഗീസ് (മാർ ഈവാനിയോസ്) യാക്കോബു ശെമ്മാശനെ സെറാമ്പൂരിൽ കൊണ്ടുപോയി കോളേജദ്ധ്യയനത്തിനു നിയോഗിച്ചു. ബഥനി ആശ്രമസ്ഥാപനത്തെക്കുറിച്ച് ഫാ. പി.റ്റി. ഗീവറുഗീസ് ചിന്തിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. എം.എ. അച്ചന്റെ വലംകൈയ്യായി പ്രവർത്തിച്ചു വന്ന യാക്കോബു ശെമ്മാശൻ 1919ൽ പെരുനാട് മുണ്ടൻമലയിൽ ആശ്രമം സ്ഥാപിച്ചപ്പോൾ ആശ്രമസ്ഥനായി. 1920-ൽ പെന്തിക്കോസ്തി ദിനത്തിൽ സന്ന്യാസ പ്രതിജ്ഞ എടുത്ത ശെമ്മാശൻ 1924-ൽ വൈദിക പദവി സ്വീകരിച്ചു. യാക്കോബച്ചന്റെ മാതൃകാപരമായ ജീവിതം അദ്ദേഹത്തെ മെത്രാൻ സ്ഥാനത്തേക്കു ഉയർത്തുവാൻ പ്രേരകമായി. 1929-ൽ ഗീവറുഗീസ് മാർ ബസ്സേലിയോസ് കാതോലിക്കാ ബാവ ബഥനിയുടെ എപ്പിസ്കോപ്പയായി അദ്ദേഹത്തെ അഭിഷേചിച്ചു. മാർ ഈവാനിയോസ് ബഥനിയുടെ മെത്രാപ്പോലീത്തായായും മാർ തെയോഫിലോസ് ബഥനി മെത്രാനായും അറിയപ്പെട്ടു.

ഈ സന്ദർഭത്തിലാണ് കത്തോലിക്കാ സഭാ പുനരൈക്യത്തെപ്പറ്റി കാര്യമായ ആലോചനകൾ നടന്നുകൊണ്ടിരുന്നത്. മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യാലോചനകളിൽ തെയോഫിലോസ് തിരുമേനി ശക്തിപകർന്നു കൊടുത്തിരുന്നു. റോമിൽ നിന്നും പുനരൈക്യത്തിനു അനുകൂലമായ മറുപടി ലഭിച്ചപ്പോൾ മറ്റെല്ലാ മെത്രാന്മാരും പിൻവാങ്ങിയിട്ടും മാർ തെയോഫിലോസ് തിരുമേനി തന്റെ തീരുമാനത്തിൽ ഉറച്ചു തന്നെ നിന്നു. 1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് പിതാവിനോടൊപ്പം കാത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുവാൻ മാർ തെയോഫിലോസ് തിരുമേനിയും ഉണ്ടായിരുന്നു. തിരുവല്ലായ്ക്കടുത്ത് ഒരു ഹൈന്ദവ സ്നേഹിതന്റെ ഭവനത്തിൽ താമസിച്ചുകൊണ്ടാണ് അദ്ദേഹ ത്തിന്റെ പിന്നീടുള്ള പ്രവർത്തനങ്ങൾ

www.malankaralibrary.com


# മാർ ഈവാനിയോസ് സ്മരണയിൽ





ജന്മ ഗൃഹം - മാവേലിക്കര

വന്ദ്യപിതാവിന്റെ മുറി





മുണ്ടൻ മല - പെരുന്നാട്




ആശ്രമം - മുണ്ടൻ മല


പുനരൈക്യ ചാപ്പലും, അകത്തെ ഭിത്തിയിലെ ശിലാഫലകവും (കൊല്ലം)





www.malankaralibrary.com






www.malankaralibrary.com



നടന്നത്. 1932-ൽ സീറോ മലങ്കര ഹയരാർക്കിയുടെ സ്ഥാപനത്തോടെ തിരുവല്ലാ രൂപതയുടെ മെത്രാനായി പരിശുദ്ധ സിംഹാസനത്തിൽ നിന്നും മാർ തെയോഫിലോസ് തിരുമേനിയെ നിയമിച്ചു. ഇപ്പോഴത്തെ പുഷ്പഗിരി ആശുപത്രി സ്ഥിതി ചെയ്യുന്നതിനടുത്ത് ചെറുപുഷ്പഗിരി എന്നറിയപ്പെടുന്ന ഇരുനില കെട്ടിടത്തിൽ താമസിച്ചുകൊണ്ടാണ് അദ്ദേഹം രൂപതാഭരണം നടത്തിവന്നത്. 1933-ൽ വിദേശ പര്യടനത്തിനു പുറപ്പെടുകയും റോമിൽ ചെന്ന 11-ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിക്കുകയും ചെയ്തു. 1934 നവംബർ 24-ാം തീയതി പുതിയ അരമന കൂദാശ ചെയ്തു. തുടർന്ന് പള്ളികൾ, സെന്റ് ജോസഫ്സ് പ്രസ്സ്, സ്കൂളുകൾ ഇവ സ്ഥാപിക്കുവാൻ പിതാവ് പരിശ്രമിച്ചു. സത്യവിശ്വാസ പ്രചരണത്തിനായി 'സാക്ഷ്യ സംഘം' എന്ന പേരിൽ ഒരു സംഘടന സ്ഥാപിച്ചു. എന്നാൽ ഏറെ താമസിയാതെ പിതാവ് രോഗാതുരനാകുകയും പിന്നീട് വിശ്രമജീവിതം നയിക്കയുമാണു ചെയ്തത്. മോൺസിഞ്ഞോർ വാച്ചാപറമ്പിലച്ചന്റെയും അഭിവന്ദ്യ സേവേറിയോസ് പിതാവിന്റെയും നേതൃത്വത്തിൽ തിരുവല്ലാ രൂപതയുടെ വളർച്ചയിൽ തിരുമേനി സംതൃപ്തനായിരുന്നു. പീഡാസഹനവും പ്രാർത്ഥനയും കൊണ്ട്, സർവ്വോപരി ജീവിതമാതൃക മുഖേന തിരുമേനി പുനരൈക്യ പ്രസ്ഥാനത്തിനു ചൈതന്യം പകർന്നു കൊടുത്തുകൊണ്ട് തിരുവല്ലായിൽ തന്നെ താമസിച്ചു. 1956 ജൂൺ 27-ാം തീയതി തന്റെ 65-ാം മത്തെ വയസ്സിൽ വന്ദ്യ തിരുമേനി ദൈവതൃക്കരങ്ങളിൽ തന്റെ ആത്മാവിനെ ഭരമേല്പിച്ചു. തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ ആ പുണ്യദേഹം കബറടക്കപ്പെട്ടിരിക്കുന്നു.

## തോമസ് മാർ ദീയസ്കോറസ് മെത്രാപ്പോലീത്താ

ക്നാനായ സമുദായത്തിൽ, പാത്രിയർക്കീസ് കക്ഷിയിൽ നിന്നും പുനരൈക്യപ്പെട്ട മേല്പട്ടക്കാരനാണ് തോമസ് മാർ ദീയസ്കോറസ് തിരുമേനി. കോട്ടയത്തിനടുത്ത് ചിങ്ങവനത്തെ തേർവാലടി കുടുംബത്തിൽ തൊമ്മൻ കുരുവിളയുടെയും, പള്ളം ഒറ്റത്തൈക്കൽ നൈത്തിയമ്മയുടേയും ദ്വിതീയ പുത്രനായി 1884 ജനുവരി 4-ാം തീയതി തോമസ് ജാതനായി. പള്ളം സി.എം.എസ്. സ്കൂളിലും കോട്ടയം സി.എം.എസ്. കോളേജിലും പഠനം പൂർത്തിയാക്കുകയും തുടർന്ന് ശെമ്മാശപട്ടം സ്വീകരിക്കുകയും ചെയ്തു. പിന്നീട് ഇടവഴിക്കൽ മാർ സേവേറിയോസ് തിരുമേനിയിൽ നിന്നും 28-ാം വയസ്സിൽ വൈദികപട്ടം സ്വീകരിച്ചു. സഭാചരിത്ര പഠനത്തിലൂടെ സത്യസഭയെപ്പറ്റി ബോധ്യം വരികയാൽ ഒറ്റത്തൈക്കൽ തോമസച്ചനും മറ്റു ചിലരും കോട്ടയം ക്നാനായ രൂപതയിൽ ചേർന്നു. ക്നാനായ യാക്കോബായ സഭയിലെ മാർ സേവേറിയോസ് തിരുമേനി കാലം ചെയ്തപ്പോൾ പുത്തൻകൂർ വിഭാഗത്തിലെ പ്രഗത്ഭനായ ക്നാനായ പട്ടക്കാരൻ എന്ന നിലയിൽ അദ്ദേഹത്തെ ആ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടു. 1926 നവംബർ 11ന് ജറുശലേമിൽ വച്ച്, അന്ത്യോക്യായിലെ ഏലിയാസ് തൃതീയൻ പാത്രിയാർക്കീസ് മലങ്കര യാക്കോബായ സഭയുടെ മെത്രാനായി അദ്ദേഹത്തെ മാർ ദീയസ്കോറസ് എന്ന പേരിൽ വാഴിച്ചു. ദീയസ്കോറസ് തിരുമേനി 1927 മുതൽ 1939 വരെ ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ താമസിച്ച് സഭാഭരണം നടത്തി. പക്ഷേ, കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാനുള്ള അദമ്യമായ അഭിവാഞ്ച തിരുമേനിയിൽ നാൾക്കുനാൾ വർദ്ധിക്കുകയാണുണ്ടായത്. 1939 നവംബർ 12-ാം തീയതി തിരുമേനി മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് വീണ്ടും മാതൃ സഭയുമായി പുനരൈക്യപ്പെട്ടു. തുടർന്ന് മാർ തെയോഫിലോസ്, മാർ സേവേറിയോസ് എന്നീ പിതാക്കന്മാരോടുകൂടി തിരുവല്ലായിൽ ചെറുപുഷ്പ ഗിരിയിൽ താമസമാക്കി. തന്റെ അന്ത്യകാലം തിരുമൂലപുരത്താണ് അദ്ദേഹം ചെലവഴിച്ചത്. ദൈവഭക്തനും എളിമയുടെ നിറ കുടവുമായിരുന്ന തിരുമേനി കത്തോലിക്കാ സഭയിൽ ഭരണ സാരഥ്യമൊന്നും വഹിച്ചിട്ടില്ല. 1943 ഫെബ്രുവരി 22-ാം തീയതി കാലം ചെയ്ത തിരുമേനിയുടെ മൃതദേഹം തിരുമൂലപുരം സെന്റ് മേരീസ് കത്തോലിക്കാ പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.

## ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

തിരുവല്ലാ രൂപതയുടെ ദ്വിതീയ മെത്രാനായിരുന്ന അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, മല്ലപ്പള്ളിക്ക് സമീപമുള്ള ആനിക്കാട് പ്രദേശത്ത് സുപ്ര

www.malankaralibrary.com



സിദ്ധവും കുലീനവുമായ വാളക്കുഴി കുടുംബത്തിൽ 1894 ഏപ്രിൽ 7-ാം തീയതി ഭൂജാതനായി. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഉമ്മൻ എന്നും മാതാവിന്റെ പേര് അക്കമ്മ എന്നുമായിരുന്നു. മല്ലപ്പള്ളിയിലെ പാതിക്കാട്ട് ഇടവകപ്പള്ളിയിൽ വച്ച് ജോസഫ് എന്ന മാമ്മോദീസാ പേരോടുകൂടി ജ്ഞാനസ്നാനം സ്വീകരിച്ചുവെങ്കിലും ഐപ്പച്ചനെന്നാണ് വീട്ടുകാരും നാട്ടുകാരും വിളിച്ചിരുന്നത്. സ്വദേശമായ മല്ലപ്പള്ളിയിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസവും മിഡിൽ സ്കൂൾ പഠനവും നടത്തി. 1909 ഏപ്രിൽ 15-ാം തീയതി 15-ാമത്തെ വയസ്സിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ അയിപ്പിന് ജോസഫ് എന്ന നാമത്തിൽ കോറൂയോ പട്ടം നൽകി

അക്കാലത്ത് കോട്ടയം എം.ഡി. സെമ്മിനാരിയുടെ പ്രിൻസിപ്പാളായി ഫാ. പി.റ്റി. ഗീവറുഗീസ് എം.എ. (അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി) പ്രവർത്തിച്ചിരുന്നു. ഹൈസ്കൂൾ പഠനത്തിനായി ജോസഫ് ശെമ്മാശനെ പുലിക്കോട്ടിൽ തിരുമേനിയുടെ നിർദ്ദേശ പ്രകാരം എം.ഡി. സെമ്മിനാരിയിൽ ചേർത്തു. 1912-ൽ അദ്ദേഹം മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി.

ഉപരിപഠനാർത്ഥം ശെമ്മാശൻ തൃശിനാപ്പള്ളി കോളജിൽ ചേർന്നു. എന്നാൽ ബഹു. പി.റ്റി. ഗീവറുഗീസ് അച്ചനു സെറാമ്പൂർ കോളേജിലേക്ക് നിയമനം കിട്ടിയതുകൊണ്ട് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശ പ്രകാരം ജോസഫ് ശെമ്മാശൻ പഠനം കൽക്കട്ടായ്ക്ക് അടുത്തുള്ള സെറാമ്പൂർ കോളേജിലേക്കു മാറ്റി. 1916-ൽ അദ്ദേഹം തത്വശാസ്ത്രത്തിൽ ബി.എ. ബിരുദവും കരസ്ഥമാക്കി.

തുടർന്ന് ജോസഫ് ശെമ്മാശൻ ബ്രഹ്മവാറിൽ ഒരദ്ധ്യാപകനും മിഷനറിയുമായി ജോലി ആരംഭിച്ചു. അവിടെയുള്ള എലിമെന്ററി സ്കൂളിന്റെ ഹെഡ് മാസ്റ്ററും ആയിരുന്നു. 1923-ൽ ജോസഫ് ശെമ്മാശനെ തിരുവല്ലാ എം.ജി.എം. ഹൈസ്കൂളിൽ അദ്ധ്യാപകനായും ബോർഡിംഗ് മാസ്റ്ററായും നിയമിച്ചു.

1929 ജനുവരി 8-ാം തീയതി അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി, സ്വന്തം ഇടവകയായ പാതിക്കാട്ടു പള്ളിയിൽ വച്ച് വൈദികനായി അഭിഷേകം ചെയ്തു. അദ്ധ്യാപക ജോലിക്കു പുറമെ സ്വന്ത ഇടവകപള്ളിയുടെ വികാരി സ്ഥാനവും ലഭിച്ചു.

1932 ഏപ്രിൽ 17-ാം തീയതി വാളക്കുഴി ജോസഫ് അച്ചൻ മലങ്കരയുടെ കാതോലിക്കാ ബാവായിൽ നിന്ന് റമ്പാൻ പട്ടം സ്വീകരിച്ചു. തുടർന്ന് ജോസഫ് റമ്പാച്ചനെ കോട്ടയം പഴയ സെമ്മിനാരി മാനേജരായി നിയമിച്ചു. 1933 മെയ് 25ന് തിരുവല്ലായിലുള്ള ബഥനി പള്ളിയിൽ വച്ച് മോറാൻ മോർ ഗീവറുഗീസ് ബസ്സേലിയോസ് കാതോലിക്കാ ബാവ, മറ്റു മെത്രാന്മാരുടെ സഹകരണത്തോടെ ജോസഫ് റമ്പാച്ചനെ, 39-ാമത്തെ വയസ്സിൽ, മാർ സേവേറിയോസ് എന്ന അഭിധാനത്തിൽ നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു. പിന്നീട് അദ്ദേഹം ഭരണചുമതല ഏറ്റെടുത്തുകൊണ്ട് പരുമല സെമിനാരിയിൽ താമസമാക്കി.

മാർ സേവേറിയോസ് തിരുമേനി ഓർത്തഡോക്സ് സഭയിൽ ഭരണം നടത്തിയിരുന്നപ്പോൾ, യാക്കോബായ ഓർത്തഡോക്സ് സഭകളിൽ നിന്നും കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ടവരെ കഴിയുന്നത്ര തിരികെ കൊണ്ടുവരാൻ പരിശ്രമിച്ചിരുന്നു. ഭരണഭാരമേറ്റു കുറെ കഴിഞ്ഞപ്പോൾ സ്വന്തം സഭയിലെ അനുസരണരാഹിത്യവും ആദ്ധ്യാത്മികതയുടെ മന്ദീഭാവവും തിരുമേനിയെ ദു:ഖിതനാക്കി. കത്തോലിക്കാ സഭയെക്കുറിച്ചും യാക്കോബായ സഭയെക്കുറിച്ചും തിരുമേനി പ്രാർത്ഥനാപൂർവ്വം തീവ്രമായി പഠിച്ചു. തത്ഫലമായി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. 1937 നവംബർ 29-ാം തീയതി തിരുവനന്തപുരത്തുവച്ച് തന്റെ ഗുരുവായ മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അദ്ദേഹം കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു.

1938 ആഗസ്റ്റ് 29-ാം തീയതി പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള സേക്രട്ട് കോൺഗ്രിഗേഷൻ വഴി P.566/37 -ാം ഡിക്രി പ്രകാരം മാർ സേവേറിയോസ് തിരുമേനിയെ ഇഞ്ചിലയുടെ സ്ഥാനിക മെത്രാനും ഒരു രൂപത മെത്രാനുള്ള സർവ്വ അധികാര അവകാശങ്ങളോടുകൂടി തിരുവല്ലാ

www.malankaralibrary.com



രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി നിയമിച്ചു. 1938 നവംബർ 20-ാം തീയതി തിരുമേനി രൂപതാ ഭരണം കയ്യേറ്റു.

അഭിവന്ദ്യ സേവേറിയോസ് പിതാവിന്റെ അശ്രാന്ത പരിശ്രമത്താൽ പുനരൈക്യപ്രസ്ഥാനവും തദ്വാരാ തിരുവല്ലാ രൂപതയും അനുദിനം അഭിവൃദ്ധിപ്പെട്ടു കൊണ്ടിരുന്നു. 1950 മെയ് 5-ാം തീയതി മാർപാപ്പായുടെ ബൂളാ അനുസരിച്ച് മാർ തെയോഫിലോസ് തിരുമേനിയെ അമേദാരായുടെ സ്ഥാനിക മെത്രാനായി നിയമിക്കുകയും തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന മാർ സേവേറിയോസ് തിരുമേനിയെ തിരുവല്ലാ രൂപതയുടെ മെത്രാനായി നിയമിക്കുകയും ചെയ്തു. 1950 മെയ് 24-ാം തീയതി വിദേശപര്യടനാർത്ഥം തിരുമേനി യാത്ര പുറപ്പെട്ടു.

1953 ജൂലൈ 15-ാം തീയതി മാർ ഈവാനിയോസ് തിരുമേനി ദിവംഗതനായപ്പോൾ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയെ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചു. സീനിയർ ബിഷപ്പ് എന്ന നിലയിൽ 1954-ൽ "ആർച്ച് ബിഷപ്പ് - ബിഷപ്പ്" എന്ന ബഹുമതി മാർ സേവേറിയോസ് തിരുമേനിക്ക് മാർപാപ്പായിൽ നിന്നും ലഭിച്ചു.

1954 ഏപ്രിൽ 22-ാം തീയതി തിരുവല്ലാ രൂപതയുടെ സഹായ മെത്രാനായി അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനിയെ മാർ സേവേറിയോസ് തിരുമേനി മറ്റു തിരുമേനിമാരുടെ സഹകരണത്തിൽ അഭിഷേകം ചെയ്തു.

1955 ജനുവരി 18-ാം തീയതി തിരുമേനിയുടെ ഐഹിക ജീവിതം സമാപിച്ചു. 20-ാം തീയതി ആ പാവന ശരീരം സെന്റ് ജോൺസ് കത്തീഡ്രലിൽ സംസ്ക്കരിച്ചു.

## സക്കറിയാസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

തിരുവല്ലായ്ക്കടുത്ത് തിരുമൂലപുരം ഗ്രാമത്തിൽ പുരാതനവും പ്രസിദ്ധവുമായ ഒരു കുടുംബമാണ് പോളച്ചിറയ്ക്കൽ. യാക്കോബായ സഭയിലെ പ്രധാന കുടുംബങ്ങളിൽ ഒന്നായിരുന്നു പോളച്ചിറയ്ക്കൽ കുടുംബം. ബാവാ കക്ഷിയെന്നും മെത്രാൻ കക്ഷിയെന്നും രണ്ടു കക്ഷികളായി ഈ സഭ പിരിഞ്ഞപ്പോൾ, കണ്ടത്തിൽ കുടുംബ ശാഖയായ പോളച്ചിറയ്ക്കലും മെത്രാൻ കക്ഷി അഥവാ ഓർത്തഡോക്സ് സഭാ വിഭാഗമായി. ഈ കുടുംബത്തിൽപ്പെട്ട ചെറിയാച്ചന്റെയും സാറാമ്മയുടെയും സീമന്ത പുത്രനായി 1908 ഫെബ്രുവരി 19 ന് അഭിവന്ദ്യ തിരുമേനി ജനിച്ചു. മാമ്മോദീസാ പേര് സക്കറിയാസ് എന്നായിരുന്നുവെങ്കിലും 'ഉണ്ണിക്കുഞ്ഞ്' എന്നാണ് വീട്ടിൽ എല്ലാവരും വിളിച്ചിരുന്നത്.

തിരുവല്ലാ എം.ജി.എം. ഹൈസ്കൂൾ, കോട്ടയം എം.ഡി. സെമ്മിനാരി ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നിർവ്വഹിച്ചു. അനന്തരം കോട്ടയത്തു താമസിച്ചുകൊണ്ട് സ്വപിതാമഹന്റെ സഹോദരനായ പോളച്ചിറയ്ക്കൽ കൊച്ചീപ്പൻ തരകനുമൊത്ത് ബാങ്കു പ്രവർത്തനങ്ങളിൽ പന്ത്രണ്ടു വർഷത്തോളം ഏർപ്പെടുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഒരു ഉത്തമ സുഹൃത്തിൽ നിന്നും ലഭിക്കാനിടയായ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വളരെ ശ്രദ്ധയോടുകൂടി വായിക്കുകയും അങ്ങനെ കത്തോലിക്കാ സഭയെപ്പറ്റി പഠിക്കുവാനും തുടങ്ങി. കത്തോലിക്കാ സഭയിലെ ഒരംഗമായിത്തീരണമെന്ന തന്റെ ആഗ്രഹം അന്നത്തെ വിജയപുരം രൂപതയുടെ വികാരി ജനറാളായിരുന്ന റവ. ഫാ. കർമ്മെലൂസിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മാർ ഈവാനിയോസ് തിരുമേനി വെട്ടിത്തുറന്ന പുനരൈക്യ പ്രസ്ഥാനത്തിൽ നിന്നും ഉടലെടുത്ത മലങ്കര കത്തോലിക്കാ സഭയിൽ ചേരുവാനും നിശ്ചയിച്ചു. 1938 ഫെബ്രുവരി 22-ാം തീയതി കത്തോലിക്കാ സഭയിലേക്ക് അദ്ദേഹം പുനരൈക്യപ്പെട്ടു.

കത്തോലിക്കാ സഭയിൽ ഒരു പുരോഹിതനായിത്തീരണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അന്നു തിരുവല്ലാ രൂപതയുടെ കീഴിൽ ഒരു മൈനർ സെമ്മിനാരി സ്ഥാപിച്ചിട്ടില്ലായിരുന്നു. തന്മൂലം തിരുവല്ലാ രൂപതയ്ക്കുവേണ്ടി തിരുവനന്തപുരം അതിരൂപതയിലെ പെറ്റി സെമ്മിനാരിയിൽ വൈദിക വിദ്യാർത്ഥിയായി ചേർന്നു. സുറിയാനിയിലും ലത്തീനിലും നൈപുണ്യം നേടിയ സക്കറിയാസ് ശെമ്മാശൻ ആലുവ അപ്പസ്തോലിക് സെമ്മിനാരിയിൽ ചേർന്ന് തത്ത്വശാസ്ത്രം പഠിച്ചു. തുടർന്ന് സിലോണിലെ കാണ്ടിപേപ്പൽ സെമ്മിനാരിയിൽ ചേർന്ന് ദൈവശാസ്ത്രം പഠിച്ച്

www.malankaralibrary.com



വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1946 ആഗസ്റ്റ് 24-ാം തീയതി കാണ്ടിപേപ്പൽ സെമ്മിനാരിയിൽ വച്ച് 38-ാം വയസ്സിൽ പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം തിരുവല്ലാ രൂപതയുടെ അന്നത്തെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക ആയിരുന്ന മാർ സേവേറിയോസ് തിരുമേനി വിവിധ ഇടവകകളുടെ വികാരിയായി നിയമിച്ചു.

1950-ൽ അദ്ദേഹത്തെ തിരുവല്ലാ രൂപത വൈദിക കൗൺസിലിൽ ഒരംഗമായി നിയമിക്കപ്പെട്ടു. 1954 ഫെബ്രുവരിയിൽ 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് സറെപ്താ യുടെ സ്ഥാനിക മെത്രാനും മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഹായ മെത്രാനുമായി ഫാ. സക്കറിയാസിനെ തെരഞ്ഞെടുത്ത് പ്രഖ്യാപിച്ചു. 1954 ഫെബ്രുവരി 27 ന് റമ്പാനായും ഏപ്രിൽ 22ന് മാർ അത്തനാസിയോസ് എന്ന പേരിൽ സഹായ മെത്രാനുമായി മാർ സേവേറിയോസ് തിരുമേനി അദ്ദേഹത്തെ അഭിഷേചിക്കയും ചെയ്തു. 1955 ജനുവരി 18 ന് മാർ സേവേറിയോസ് പിതാവ് ദിവംഗതനായി. തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി തെരഞ്ഞെടുക്കപ്പെട്ട മാർ അത്തനാസിയോസ് തിരുമേനിയെ 1955 ജനുവരി 20-ന് തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി മാർപാപ്പാ നിയമിച്ചു. 1955 ജനുവരി 27 ന് തിരുവല്ലാ രൂപതയുടെ മെത്രാപ്പോലീത്തായായി സക്കറിയാസ് മാർ അത്തനാസിയോസ് പിതാവ് നിയമിതനായി.

തിരുവല്ലാ രൂപതയേയും മലങ്കര കത്തോലിക്കാ സഭയേയും 23 വർഷം സ്തുത്യർഹമായി നയിച്ച ആ വന്ദ്യതാതൻ 1977 സെപ്തംബർ 28-ാം തീയതി വൈകിട്ട് 7.20 ന് നിത്യലോകത്തേക്കു യാത്രയായി. അദ്ദേഹത്തിന്റെ ഭൗതികശരീരം തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ സംസ്ക്കരിച്ചു.

## ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ

തിരുവല്ലാ രൂപതയുടെ നാലാമത്തെ മെത്രാനായിരുന്ന ഐസക് മാർ യൂഹാനോൻ തിരുമേനി ഭൂജാതനായത് എറണാകുളം ഡിസ്ട്രിക്ടിൽ വെളിയനാട് എന്ന സ്ഥലത്താണ്. പ്രശസ്തമായ കൂട്ടപ്ലാക്കിൽ കുടുംബത്തിൽ വർക്കിയുടെയും മറിയാമ്മയുടേയും രണ്ടാമത്തെ മകനായി 1930 ജൂലൈ 1-ാം തീയതി ജനിച്ചു. കുഞ്ഞപ്പൻ എന്ന ഓമനപ്പേരിൽ വീട്ടിൽ വിളിച്ചിരുന്നു. മാമോദീസാപ്പേരായ ഐസക്ക് എന്ന നാമം തന്നെയാണ് സ്കൂളിലും സ്വീകരിച്ചത്. മങ്ങടപ്പള്ളി പ്രൈമറി സ്കൂളിലേയും പിറവം എം.കെ.എം. അപ്പർ പ്രൈമറി സ്കൂളിലേയും വിദ്യാഭ്യാസത്തിനു ശേഷം പിറവം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ നിന്നും ഇ.എസ്.എൽ.സി. പരീക്ഷ 1947-ൽ പാസ്സായി. ഈ കാലഘട്ടത്തിൽ മാർ സേവേറിയോസ് തിരുമേനി പിറവത്തുണ്ടായിരുന്നപ്പോഴാണ് കുഞ്ഞപ്പന്റെ പത്താം ക്ലാസ്സിലെ റിസൾട്ടു പുറത്തുവരുന്നത്. കുഞ്ഞപ്പൻ പാസ്സായിട്ടുണ്ട് എന്നറിഞ്ഞപ്പോൾ തന്റെ കൂടെ തിരുവല്ലായ്ക്കു വരണമെന്നു ആവശ്യപ്പെടുകയും പിറ്റേദിവസം തിരുമേനിയുടെ കൂടെ കാറിൽ കൊണ്ടുവരികയും ചെയ്തു.

അക്കാലത്ത് അരമന സ്ഥിതി ചെയ്തിരുന്നത് തിരുവല്ലായിലെ ചെറുപുഷ്പഗിരി (പുഷ്പഗിരി ഹോസ്പിറ്റൽ സ്ഥിതി ചെയ്തിരുന്ന സ്ഥലം) യിലായിരുന്നു. അരമനയോടു അനുബന്ധിച്ചുള്ള പെറ്റി സെമിനാരിയിൽ ചേർന്ന് ഒരു വർഷത്തെ പഠനം പൂർത്തിയാക്കി. 1948 നവംബറിൽ റോമിലെ പ്രൊപ്പഗാന്താ കോളജിൽ ഉപരിപഠനത്തിനായി ബ്രദർ ഐസക്കിനെ അയച്ചു. 1954 ഡിസംബർ 7-ാം തീയതി ബിഷപ്പ് സിജിസ് മോണ്ടിയിൽ നിന്നും അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. 8-ാം തീയതി സെന്റ് പോൾസ് ബസിലിക്കായിൽ വച്ച് പുത്തൻ കുർബ്ബാന അർപ്പിച്ചു. 1955 മുതൽ 57 വരെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ഉപരിപഠനം നടത്തുകയും ദൈവശാസ്ത്രത്തിൽ ലൈസെൻഷിയേറ്റ് എടുക്കുകയും ചെയ്തു.

പഠനത്തിനുശേഷം 1957 ഡിസംബർ 1-ാം തീയതി അദ്ദേഹം നാട്ടിലേക്കു യാത്ര തിരിച്ചു. തുടർന്ന് രൂപതയുടെ വടക്കൻ പ്രദേശങ്ങളിലുള്ള ധാരാളം ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾകൊണ്ട് മലബാർ പ്രദേശങ്ങളിൽ ധാരാളം പുതിയ മിഷൻ കേന്ദ്രങ്ങൾ ആരംഭിക്കുവാനും മലങ്കര കത്തോലിക്കാ സഭയ്ക്ക് നല്ലൊരു സ്ഥാനം അവിടെ കൈവരിക്കുവാനും സാധിച്ചു. വിശ്രമരഹിതമായ ഒരു വൈദിക ജീവിതം നയിച്ചുകൊണ്ടിരിക്കവെയാണ് 1978 നവംബർ 18-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് ബ. ഐസക്ക്

www.malankaralibrary.com



അച്ചനെ മെത്രാൻ പദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള മാർപ്പാപ്പായുടെ പ്രഖ്യാപനം ഉണ്ടായത്. ഡിസംബർ 21-ാം തീയതി വ്യാഴാഴ്ച തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് റമ്പാൻ സ്ഥാനവും 28-ാം തീയതി വ്യാഴാഴ്ച തിരുമൂലപുരത്ത് മാർ തെയോഫിലോസ് നഗറിൽ പ്രത്യേകം സജ്ജീകരിച്ചിരുന്ന പന്തലിൽ വച്ച് മെത്രാഭിഷേകവും സ്വീകരിച്ചു. ഐസക് മാർ യൂഹാനോൻ എന്ന നാമമാണ് സ്വീകരിച്ചത്. 25 വർഷക്കാലത്തെ വൈദിക ശുശ്രൂഷയും 8 വർഷക്കാലത്തെ രൂപതാദ്ധ്യക്ഷനായിരുന്നുകൊണ്ടുള്ള അജപാലന ശുശ്രൂഷയും ശരിയാംവണ്ണം നിർവ്വഹിച്ച ശേഷം 1987 ഏപ്രിൽ 28-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 5.15 മണിയോടുകൂടെ ആ ധന്യാത്മാവിന്റെ ജീവൻ ദേഹിയെ വിട്ടു. 30-ാം തീയതി വ്യാഴാഴ്ച സെന്റ് ജോൺസ് കത്തീഡ്രലിൽ വന്ദ്യ പിതാവിന്റെ ഭൗതികാവശിഷ്ടം കബറടക്കി.

## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

കല്ലൂപ്പാറയിലെ തങ്ങളത്തിൽ കുടുംബത്തിൽ ഇടിക്കുള അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രനായി 1916 ഫെബ്രുവരി 1 ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ജനിച്ചു. വർഗീസ് എന്ന പേരാണ് മാമ്മോദീസാ സമയത്ത് സ്വീകരിച്ചത്. മാതാപിതാക്കൾ കുഞ്ഞിനെ കുഞ്ഞുകുട്ടി എന്ന ഓമനപ്പേരിൽ വിളിച്ചു. നാലാം വയസ്സിൽ മാതുലനായ പാപ്പിസാർ കുഞ്ഞുകുട്ടിയെ എഴുത്തിനിരുത്തി. അഞ്ചാം വയസ്സിൽ റ്റി.ഇ. വർഗീസ് എന്ന പേരിൽ പുതുശ്ശേരി സൗത്ത് എൽ.പി.സ്കൂളിൽ ചേർത്തു. പുതുശ്ശേരി യു.പി.സ്കൂളിലെ പഠനത്തിനുശേഷം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത് ഇരവിപേരൂർ സെന്റ് ജോൺസ് ഹൈസ്കൂളിലാണ്.

1919ൽ മാർ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമം സ്ഥാപിക്കുകയും കല്ലൂപ്പാറ ഒരു പ്രവർത്തന മണ്ഡലമായി മാറുകയും ചെയ്തു. ബഥനി സന്യാസികളുമായുള്ള നിരന്തര സമ്പർക്കം മൂലം ആശ്രമജീവിത രീതിയിൽ വർഗ്ഗീസും ആകൃഷ്ടനായി. മാർ ഈവാനിയോസ് പിതാവിന്റെ കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തെത്തുടർന്ന് വർഗീസിന്റെ ബഥനിക്കാരുമായുള്ള അടുപ്പം വീട്ടിൽ എതിർപ്പിനിടയാക്കി. എങ്കിലും കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ രഹസ്യമായി വായിച്ചുപോന്നിരുന്നു.

1932-ൽ പത്താം ക്ലാസ്സ് പാസ്സായ കുഞ്ഞുകുട്ടി മറ്റാരുമറിയാതെ വെണ്ണിക്കുളത്തുചെന്ന് ബന്ധുവായ ഫാ. ഏബ്രഹാം ഒ.ഐ.സി.യുടെ അടുക്കൽ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭാംഗമായി തീർന്നു. ആശ്രമത്തിൽ ചേരുവാനുള്ള തന്റെ ആഗ്രഹം വീട്ടുകാരെ അറിയിച്ചുവെങ്കിലും അവർ അതിനെ രൂക്ഷമായി എതിർത്തു. ഏബ്രഹാം അച്ചന്റെ എല്ലാവിധ പിന്തുണയോടും കൂടി നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ചേരാൻ വീട്ടുകാരറിയാതെ പുറപ്പെട്ടു. 1933 നവംബർ 21 ന് ബ്ര. വർഗീസ് നൊവിഷ്യേറ്റിൽ പ്രവേശിച്ചു. അതിനുശേഷം മാർ ഈവാനിയോസ് തിരുമേനിയുടെ താല്പര്യപ്രകാരം മാതാപിതാക്കളുടെ സമ്മതപത്രം വാങ്ങി വന്ന് 1935 ആഗസ്റ്റ് 15 ന് 'അനുഗൃഹീതൻ' എന്നർത്ഥമുള്ള ബനഡിക്ട് എന്ന പേരിൽ താല്ക്കാലിക വ്രതവാഗ്ദാനം നടത്തി. തുടർന്ന് സെന്റ് അലോഷ്യസ് മൈനർ സെമ്മിനാരി പഠനത്തിനുശേഷം ഉപരിപഠനം നടത്തിയത് കാൻഡിപേപ്പൽ സെമിനാരിയിൽ ആയിരുന്നു. 1941 ജൂൺ 9 ന് ബനഡിക്ട് നിത്യവ്രത വാഗ്ദാനം നടത്തി. 1944 ആഗസ്റ്റ് 24 ന് കാൻഡി രൂപതയുടെ മെത്രാൻ റേഞ്ഞോ തിരുമേനിയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. കാൻഡി സെമിനാരിചാപ്പലിൽ പ്രഥമ ബലിയർപ്പണം നടന്നു. ഡിസംബറിൽ നാട്ടിൽ തിരിച്ചെത്തിയ ഫാ. ബനഡിക്ടിനെ മാർ ഈവാനിയോസ് തിരുമേനി മൈനർ സെമിനാരിയിൽ സുറിയാനി പ്രൊഫസറായി നിയമിച്ചു.

1946-ൽ തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളജിൽ ബി.എ. ഓണേഴ്സിന് ധനതത്ത്വശാസ്ത്രം ഐച്ഛിക വിഷയമായെടുത്ത് പഠിച്ചു. 1949-ൽ മദ്രാസ് യൂണിവേഴ്സിറ്റിയുടെ ധനതത്ത്വശാസ്ത്രം ഓണേഴ്സ് പരീക്ഷയിൽ ഒന്നാം ക്ലാസ്സിൽ ഒന്നാം റാങ്കിൽ പാസ്സായി. 1949-ൽ ബനഡിക്ട് അച്ചൻ മാർ ഈവാനിയോസ് തിരുമേനിയുടെ ആഗ്രഹപ്രകാരം മാർ ഈവാനിയോസ് കോളേജിൽ പ്രഥമ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു.

1952-ൽ ഫാ. ബനഡിക്ട് ഒ.ഐ.സി.യെ തിരുവനന്തപുരം

www.malankaralibrary.com



അതിരൂപതയുടെ നിയുക്ത മെത്രാനായി നിയമിച്ചുകൊണ്ട് പരി: സിംഹാസനത്തിൽ നിന്നുള്ള അറിയിപ്പു വന്നു. 1952 ഡിസംബർ 27-ാം തീയതി അരമന ചാപ്പലിൽ വച്ച് മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകി. 1953 ജനുവരി 29 ന് മാർ ഗ്രീഗോറിയോസ് എന്ന നാമധേയത്തിൽ തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനായി മാർ ഈവാനിയോസ് പിതാവിനാൽ അഭിഷിക്തനായി. 1955 ജനുവരിയിൽ ആർച്ചുബിഷപ്പായി തിരുമേനി അവരോധിക്കപ്പെട്ടു. 1959 മെയ് 14 ന് പാളയം സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് പാലീയം സ്വീകരിച്ചു. സംഭവബഹുലമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്ന അദ്ദേഹം തന്റെ സഭയുടെ മാത്രമല്ല കേരളീയ ജനസാമാന്യങ്ങളുടെ ആത്മീയ ഭൗതീക നേട്ടങ്ങൾക്കുവേണ്ടി അഹോരാത്രം യത്നിച്ചു.

1994 ഒക്ടോബർ 10-ാം തീയതി ആ വന്ദ്യതാതൻ കാലം ചെയ്തു. നാല്പ്പത്തിയൊന്നു വർഷം മെത്രാപ്പോലീത്തയായി മലങ്കര സഭയെ അദ്ദേഹം നയിച്ചു. ആ പുണ്യതാതന്റെ പുണ്യശരീരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ സ്റ്റേറ്റു ബഹുമതികളോടെ സംസ്ക്കരിച്ചു.

### ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ

തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനും മാർത്താണ്ഡം രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായുമായിരുന്ന അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി ജനിച്ചത് നെയ്യാറ്റിൻകര താലൂക്കിൽ അമരവിളയ്ക്കടുത്ത് നെല്ലിക്കാക്കുഴിയിലുള്ള വെള്ളലുമ്പ് എന്ന ഗ്രാമത്തിലാണ്. പുരാതനമായ കാക്കത്തോട്ടം കുടുംബത്തിലെ ജസ്റ്റസിന്റേയും വിക്ടോറിയായുടേയും പ്രഥമ സന്താനമായി 1928 മെയ് 15-ാം തീയതി ലോറൻസ് എന്ന കുട്ടി ജനിച്ചു. കാക്കത്തോട്ടം കുടുംബത്തിലെ അംഗങ്ങളിൽ നല്ലൊരു ഭാഗവും സി.എസ്.ഐ. സഭയിൽപ്പെട്ടവരാണ്. എന്നാൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭകാലത്തു തന്നെ അഭിവന്ദ്യ തിരുമേനിയുടെ മാതാപിതാക്കൾ മലങ്കര കത്തോലിക്കാ സഭയുടെ അംഗങ്ങളായി മാറിയിരുന്നു.

പത്തു വയസ്സുവരെ ലോറൻസ് കാഞ്ഞിരംകുളം ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിച്ചു. അക്കാലത്ത് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ സെക്രട്ടറിയും സെന്റ് അലോഷ്യസ് സെമിനാരി റെക്ടറുമായിരുന്ന ബ. പോത്തനാംമുഴി അച്ചൻ (പിന്നീട് പോത്തനാംമുഴി തിരുമേനി) ആയിരുന്നു വി.കുർബാന അർപ്പിക്കുവാൻ ആ പ്രദേശങ്ങളിൽ വന്നിരുന്നത്. ബാലനായ ലോറൻസിൽ തിളങ്ങിയിരുന്ന ആദ്ധ്യാത്മിക ശുഷ്കാന്തിയും വാസനയും ദർശിച്ച പോത്തനാംമുഴി അച്ചൻ ലോറൻസിൽ താല്പര്യം ജനിക്കുകയും കുട്ടികളുടെ മാതാപിതാക്കളുടെ അനുവാദത്തോടുകൂടി ആർച്ചുബിഷപ്സ് ഹൗസിലേക്ക് കൂട്ടികൊണ്ടുവരികയും ചെയ്തു. മാർ ഈവാനിയോസ് പിതാവ് ലോറൻസിന്റെ പിന്നീടുള്ള വിദ്യാഭ്യാസത്തിന് ക്രമീകരണങ്ങൾ നടത്തിക്കൊടുക്കുകയും ചെയ്തു.

സെമിനാരിയിൽ താമസിച്ചുകൊണ്ട് സി.എം.ഇംഗ്ലീഷു മീഡിയം സ്കൂളിലും പട്ടം സെന്റ് മേരീസ് ഹൈസ്കൂളിലുമായി പഠനം തുടർന്നു. 1944 -ൽ എസ്.എസ്.എൽ.സി. പ്രശസ്തമാംവിധം പാസ്സായി. തുടർന്ന് സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ അദ്ദേഹം വൈദിക പഠനം ആരംഭിച്ചു. 1946-ൽ മാംഗ്ലൂർ സെന്റ് ജോസഫ്സ് മേജർ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. 1953 മെയ് 14-ാം തീയതി പട്ടം ചെറുപുഷ്പ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹു. ലോറൻസ് തോട്ടം വൈദിക പട്ടം സ്വീകരിച്ചു.

പൗരോഹിത്യ സ്വീകരണത്തിനുശേഷം അദ്ദേഹം ഒന്നര വർഷക്കാലം ആർച്ചുബിഷപ്പിന്റെ സെക്രട്ടറിയായും സെന്റ് അലോഷ്യസ് സെമിനാരിയിലെ അദ്ധ്യാപകനായും ജോലി നോക്കി. തുടർന്ന് സെമിനാരിയുടെ റെക്ടറായി നിയമിതനായ അദ്ദേഹം 1954 ഡിസംബർ മുതൽ 1962 ഒക്ടോബർ വരെ ''പ്രഗത്ഭനായ റെക്ടർ'' എന്ന പേരിന് അർഹനാകും വിധം സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചു. ഇക്കാലങ്ങളിൽ അദ്ദേഹം മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കുകയും ചെയ്തിരുന്നു. മുപ്പതോളം മിഷൻ കേന്ദ്രങ്ങൾ അതിരൂപതയുടെ നാനാഭാഗങ്ങളിലായി ആരംഭിച്ചിട്ടുണ്ട്.

പിന്നീട് ഉപരിപഠനാർത്ഥം റോമിനു പോകുകയും ഗ്രീഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും മിസിയോളജിയിൽ ഡിപ്ലോമയും സോഷ്യോളജിയിൽ പ്രത്യേക

www.malankaralibrary.com



ബിരുദവും സമ്പാദിച്ചു. റോമിൽ നിന്ന് മടങ്ങിയെത്തിയ ലോറൻസച്ചൻ പാളയത്തെ സെന്റ് മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാസ്റ്ററൽ സ്റ്റഡീസിന്റെ ഡയറക്ടറായി നിയമിതനായി.

1964 മുതൽ കുഷ്ഠ രോഗികൾക്കുവേണ്ടിയുള്ള അതിരൂപതയിലെ സേവന പ്രവർത്തനങ്ങളുടെ ചുമതല ഏറ്റെടുത്തു. 1977 വരെ പിരപ്പൻകോട് സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെ ഡയറക്ടറായി സേവനം ചെയ്തു. ഇൻഡ്യയിലെ കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷന്റെ വൈസ് പ്രസിഡന്റായി മൂന്നു വർഷവും പ്രസിഡന്റായി ആറുവർഷവും ലോറൻസച്ചൻ നിസ്തുല സേവനം ചെയ്തു. ഇൻഡ്യയിലെ വോളണ്ടറി ഹെൽത്ത് അസോസ്സിയേഷന്റെ വൈസ് പ്രസിഡന്റായി രണ്ടു വർഷവും പ്രസിഡന്റായി ഒരു വർഷവും സേവനമനുഷ്ഠിക്കുകയുണ്ടായി. തിരുവനന്തപുരം അതിരൂപതയിൽ "ദശലക്ഷം പേർക്ക് ആരോഗ്യം" എന്ന H.O.M. പദ്ധതിയുടെ സൂത്രധാരകനും ലോറൻസച്ചൻ ആയിരുന്നു. മിനി ഹെൽത്ത് സെന്ററുകൾ പല സ്ഥലങ്ങളിലും സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ഇരുപത്തിയെട്ട് വർഷത്തെ പൗരോഹിത്യ ജീവിതത്തിൽ അധിക ഭാഗവും രോഗികൾക്കു വേണ്ടി ചെലവഴിച്ചുവെന്ന് പറയാം. കന്യാകുമാരി കേന്ദ്രമാക്കി മിഷൻ കേന്ദ്രങ്ങൾ തുടങ്ങുകയും ജില്ലയുടെ പല ഭാഗങ്ങളിലായി അനേകം വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കിരാത്തൂരിൽ ഒരു ഹൈസ്കൂളും സമീപ പ്രദേശങ്ങളിൽ അഞ്ചു പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളും അദ്ദേഹം സ്ഥാപിച്ചു.

ഇങ്ങനെ വിശ്രമരഹിതമായ ഒരു വൈദിക ജീവിതം നയിച്ചുകൊണ്ടിരിക്കവേയാണ് ഫാ. ലോറൻസിന്റെ അമ്പത്തി രണ്ടാമത്തെ വയസ്സിൽ അതിരൂപതയുടെ സഹായ മെത്രാനായി നിയമിച്ചുകൊണ്ടുള്ള ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ അറിയിപ്പ് ഉണ്ടായത്. 1980 ഡിസംബർ 9-ാം തീയതി ചൊവ്വാഴ്ച ആ പ്രഖ്യാപനം ആർച്ച് ബിഷപ്പ് മാർ ഗ്രീഗോറിയോസ് തിരുമേനി വിശ്വാസികളെ അറിയിച്ചു. ഡിസംബർ 27-ാം തീയതി ശനിയാഴ്ച മലങ്കര പുനരൈക്യ സുവർണ്ണ ജൂബിലി യാഘോഷങ്ങളോടനുബന്ധിച്ച് കോട്ടയത്ത് നെഹ്റു സ്റ്റേഡിയത്തിൽ സജ്ജീകരിച്ചിരുന്ന മാർ ഈവാനിയോസ് നഗറിൽ വച്ച് ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ മോൺ. ലോറൻസ് തോട്ടത്തിന്റെ മെത്രാഭിഷേകം നടന്നു. തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനും, അന്ത്യോക്യായിൽ ബർക്കസോയിലെ സ്ഥാനിക ബിഷപ്പുമായി നിയമിതനായ വന്ദ്യതിരുമേനി "ലോറൻസ് മാർ അപ്രേം" എന്ന നാമമാണ് സ്വീകരിച്ചത്. 1994 ഒക്ടോബർ 10-ാം തീയതി മാർ ഗ്രീഗോറിയോസ് പിതാവ് കാലം ചെയ്തപ്പോൾ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി. 1994 ഒക്ടോബർ 10 മുതൽ 1995 ഡിസംബർ 13 വരെ സേവനമനുഷ്ഠിച്ചു.

മലങ്കര കത്തോലിക്കാ സഭയിൽ 1996 ഡിസംബർ മാസം 16 ന് മാർത്താണ്ഡം എന്ന പുതിയ രൂപത രൂപം കൊണ്ടു. അതിന്റെ പ്രഥമ ഇടയനായി ഒരു നിയോഗഭാഗ്യമെന്ന പോലെ മാർ അപ്രേം മെത്രാപ്പോലീത്താ നിയമിതനായി. 1997 ജനുവരി മാസം 23-ാം തീയതി അദ്ദേഹത്തിന്റെ സ്ഥാനാരോഹണച്ചടങ്ങുകൾ വളരെ ആഘോഷപൂർവ്വം മാർത്താണ്ഡം ക്രിസ്തുരാജാ കത്തീഡ്രലിൽ നടത്തുകയുണ്ടായി. 1997 ഏപ്രിൽ മാസം 8-ാം തീയതി അതിരാവിലെ ഒരു മണിക്ക് ആ പാവനാത്മാവ് തന്റെ ശാശ്വത ഭവനത്തിലേക്ക് യാത്രയായി. അദ്ദേഹത്തിന്റെ ഭൗതിക ശരീരം മാർത്താണ്ഡം ക്രിസ്തുരാജപുരം കത്തീഡ്രലിൽ 9-ാം തീയതി സംസ്കരിച്ചു.

### പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

മലബാർ (തൊഴിയൂർ) സ്വതന്ത്രസുറിയാനിസഭയുടെ പതിമൂന്നാമത്തെ മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനി 1977 ഓഗസ്റ്റ് 28നു കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ഒരു ദശവർഷക്കാലം മെത്രാപ്പോലീത്താ എന്ന നിലയിൽ തൊഴിയൂർ സഭയുടെ പരമാദ്ധ്യക്ഷനായി ശുശ്രൂഷ നിർവ്വഹിച്ചതിനുശേഷം സത്യാന്വേഷിയായ അദ്ദേഹം ദീർഘനാളത്തെ പ്രാർത്ഥനയുടെയും സഭാചരിത്രപഠനത്തിന്റേയും വെളിച്ചത്തിലാണ് തിരുസഭയുമായി പൂർണ്ണസംസർഗ്ഗത്തിലെത്തിച്ചേർന്നത്.

1928 ഏപ്രിൽ 28ന് അയ്യം

www.malankaralibrary.com



കുളങ്ങര തോമസിന്റെയും താണ്ടക്കുട്ടിയുടെയും പ്രഥമസന്താനമായി പോൾ തോമസ് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം തൊഴിയൂർ സി.എം.യു.പി. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം കുന്നംകുളം ഗവ. ഹൈസ്കൂളിലുമായിരുന്നു. ഒരു ഡോക്ടർ ആകണമെന്ന ആഗ്രഹത്താൽ മഹാരാഷ്ട്രയിലെ സാംഗ്ളി വെല്ലിംഗ്ടൺ കോളജിൽ നിന്ന് ഇന്റർ മീഡിയറ്റ് പരീക്ഷ പാസ്സായി. ഇവിടെത്തന്നെ ഉന്നതവിദ്യാഭ്യാ സത്തിന് ഒരുങ്ങുമ്പോഴേക്കും, ചില കാരണങ്ങളാൽ ഈ കോളജിന്റെ പ്രവർത്തനം നിലയ്ക്കുകയും നാട്ടിലേക്കു മടങ്ങിപ്പോരേണ്ടതായും വന്നു. തൊഴിയൂർ സഭയുടെ അദ്ധ്യക്ഷനായിരുന്ന ഗീവറുഗീസ് മാർ കൂറിലോസിൽ നിന്നും 1952-ൽ ശെമ്മാശുപ്പട്ടവും 1961-ൽ കശ്ശീശാപട്ടവും സ്വീകരിച്ചു. 1967 ഡിസംബർ 9-ാം തീയതി മാർത്തോമ്മാസഭയിലെ മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി ഫാ. പോൾതോമസ്സിന് റമ്പാൻ സ്ഥാനവും ഡിസംബർ 16-ാം തീയതി യൂഹാനോൻ മാർതോമ്മാ മെത്രാപ്പോലീത്താ, അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, തോമസ് മാർ അത്താനാസിയോസ് എന്നിവരിൽ നിന്ന് പൗലോസ് മാർ പീലക്സിനോസ് മൂന്നാമൻ എന്ന പേരിൽ മെത്രാൻ പദവി യും ലഭിച്ചു.

അഭിവന്ദ്യ മാർ പീലക്സിനോസ് തിരുമേനി, താൻ നേതൃത്വം നൽകിയിരുന്ന തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ, സഭയെന്ന നിലയിലുള്ള അതിന്റെ പരിമിതികളേയും കുറവുകളേയും ഭരണതലത്തിലുള്ള അസ്വാതന്ത്ര്യങ്ങളേയും പറ്റി പരിപൂർണ്ണ ബോധവാനായിരുന്നു. ചരിത്രയാഥാർത്ഥ്യങ്ങളുടെയും യുക്തിയുടേയും വെളിച്ചത്തിൽ അപഗ്രഥിച്ചു സത്യം മനസ്സിലാക്കിയ അഭിവന്ദ്യ തിരുമേനി അതിനുള്ള പ്രതിവിധിയായി കണ്ടത് സത്യസഭയായ കത്തോലിക്കാ സഭയുമായുള്ള ഐക്യമാണ് . തന്റെ പുനരൈക്യത്തോടൊപ്പം താൻ പ്രതിനിധാനം ചെയ്യുന്ന തൊഴിയൂർ സഭ ഒന്നടങ്കം ഈ ആത്മീയ സന്തോഷത്തിൽ പങ്കെടുക്കുവാൻ 1977-ൽ പുനരൈക്യപ്പെടുന്നതിനു മുമ്പായി തന്റെ അജഗണത്തിനയച്ച ഇടയലേഖനത്തിലൂടെ ക്ഷണിച്ചിരുന്നു. എന്നാൽ ആ ആഗ്രഹം ഇതുവരെയും പൂർണ്ണമായി സഫലമായിട്ടില്ല.

തൃശൂർ മെത്രാസനമന്ദിരത്തിൽ വച്ച് നടന്ന പുനരൈക്യ വേളയിൽ തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്, തിരുവല്ലാ രൂപതാദ്ധ്യക്ഷൻ സഖറിയാസ് മാർ അത്താനാസിയോസ്, തൃശൂർ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം, ബിഷപ്പ് റഫായേൽ ചീനാത്ത് എന്നീ പിതാക്കന്മാർ സന്നിഹിതരായിരുന്നു. 1977 ഒക്ടോബർ 11ന് ചായൽ രൂപതയുടെ സ്ഥാനിക മെത്രാനായി അഭിവന്ദ്യ തിരുമേനിയെ നിയമിച്ചുകൊണ്ട് പരി. പോൾ ആറാമൻ മാർപാപ്പാ ഉത്തരവായി. തുടർന്ന് തിരുവനന്തപുരം അതിരൂപതയുടെ എപ്പിസ്ക്കോപ്പൽ വികാരിയായി നിയമിതനായി.


1979-ൽ അഭിവന്ദ്യ തിരുമേനിക്ക് മാർപാപ്പായെ സന്ദർശിക്കുന്നതിനും ലൂർദ്ദ്, ലിസ്യു തുടങ്ങിയ വിശുദ്ധ സ്ഥലങ്ങൾ കാണുന്നതിനും സാധിച്ചു.

കുന്നംകുളത്തിനടുത്തുള്ള അഞ്ഞൂര് നിർമ്മിച്ചിട്ടുള്ള അരമനയിൽ താമസിച്ചുകൊണ്ട്, ചെറുതും വലുതുമായ ആദ്ധ്യാത്മിക ശുശ്രൂഷവഴി മലങ്കരസഭയുടെ ആദ്ധ്യാത്മിക ശക്തിയായി അഭിവന്ദ്യ പീലക്സിനോസ് പിതാവ് പ്രവർത്തിച്ചിരുന്നു. തിരുവല്ലാ രൂപതയുടെ നിർണ്ണായകമായ പല സന്ദർഭങ്ങളിലും അഭിവന്ദ്യ പിതാവ് നല്കിയിട്ടുള്ള നേതൃത്വത്തിന് രൂപത വളരെ കടപ്പെട്ടിരിക്കുന്ന. ദൈവാലയ കൂദാശ, വൈദിക പട്ടാഭിഷേകം, സന്ന്യാസിനിമാരുടെ വ്രതവാഗ്ദാനം, എന്നിവയ്ക്ക് അഭിവന്ദ്യ പിതാവ് പലപ്പോഴും മുഖ്യകാർമ്മികനായിരുന്നു. വൈദികരുടെ ശവസംസ്കാരത്തിൽ അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യം വലിയ ആശ്വാസവും പ്രചോദനവുമായി ത്തീർന്നിട്ടുണ്ട്. രോഗത്തേയും ക്ഷീണത്തേയും വിസ്മരിച്ച് സഭാശുശ്രൂഷയിൽ അദ്ദേഹം പൂർണ്ണമായി മുഴുകിയിരുന്നു. അനാരോഗ്യംമൂലം വേദനയുടെയും സഹനത്തിന്റെയും ഒരു ജീവിതമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. 1998 നവംബർ 3-ാം തീയതി രാത്രി 10.30 ന് ആവന്ദ്യതാതൻ ഇഹലോകത്തോട് യാത്രപറഞ്ഞു. നവംബർ 5-ാം തീയതി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കബറടക്കം നടന്നു.

ലേഖനത്തിന് സഹായിച്ചത്
**ശ്രീ. കെ. ജെ. പീറ്റർ**

www.malankaralibrary.com





# THE MALANKARA CATHOLIC CHURCH IN THE LIGHT OF CODEX CANONUM ECCLESIARUM ORIENTALIUM

BISHOP THOMAS MAR KOORILOSE

On October 18, 1990, Pope John Paul II provided the Eastern Catholic Churches with the means to govern themselves, namely the Codex Canonum Ecclesiarum Orientalium (CCEO). The presence of law in a community formed on the Gospel of love of Jesus may look antithetical. But like Christ, the Church is both divine and human, namely, it is on the one hand, a mystery of salvation - a communion of believers, and on the other, an earthly institution with the imperfections characteristic of human societies. Ecclesiastical law concerns itself with this human factor of the Church's organization. For the Eastern Catholic Churches the canons of CCEO should serve as the basic guideline to organize their ecclesiastical life in the light of the recommendations of these canons. It is also the opinion among experts in Oriental Canon Law that this Code can be expected to serve "until such time as the Catholic Church and the separated Eastern Churches unite together in the fullnes of communion". (Cf:- John D. Faris, Eastern Catholic Churches: Constitution and Governance, Saint Maron Publications, New York 1992, p. xx).

Unlike in the hierarchical structure of the Western Church, CCEO offers a different hierarchical organization, namely, a three tiered hierarchical model, i.e., an intermediate authority or a supra-episcopal authority below the Supreme Authority in the Church. The Partriarchs, Major-Archbishops and Metropolitans of sui iuris Churches belong to this intermediate level of hierarchical structure. Due to some prejudices, in the past the authorities of the Patriarchs or Major Archbishops were often considered a threat to the supreme authority or an encroachment on the authority of the diocesan bishops; hence these institutions were treated as appendages in the two-tiered model of ecclesiastical organization. A thorough study has revitalized an ancient model of Church organization, taking seriously the intermediate structures. Thus in CCEO there is

- at the upper level, the supreme authority (either the Pope individually or with him the Ecumenical council) for the Universal Church;
- at the intermediate level, the head of a sui iuris Church (autonomous Church);
- at the lower level, a bishop governing eparchy / diocese.

Catholic Church is not a totality of the various communities (eg., Eparchies), created for administrative efficiency. In the spirit of the Second Vatican Council one can say that the Catholic Church is a communion of autonomous Catholic Churches. One experiences the reality of the Universal church in the context of the various autonomous Churches. What is meant by autonomy in Catholic communion?. The Roman Pontiff is the "perpetual and visible source and foundation of unity both of the bishops and of the whole company of the faithful"(LG 23). This means that the primatial function of the Pope is to unite episcopate into one body. This function and the authority related to it are received from the Lord himself, and the Pope has the right and duty to ensure the unity, catholicity, apostolicity and holiness of the Church.

Therefore the Catholic understanding of the autonomy of an individual Church or any entity in the Universal Church is relative as it is not absolute, but dependent on the Supreme Authority. (When something is absolutely independent it is autocephalous). Thus autonomous character of the hierarchy of Church refers to that level of self governance enjoyed by

www.malankaralibrary.com



it under the pastoral solicitude of the Supreme Authority. This means that certain matters are reserved by law to the Supreme Authority. On the basis of this juridical dependence in reference to the Supreme Authority the Churches are designated as autonomous or sui iuris (=of its own right, government by its own laws).

The autonomy is not ony relative but also classified according to the status of the hierarchical head. This means, first of all, that a Church cannot accord itself juridic autonomy, but it must be tacitly or expressly recognized by the Supreme Authority in the Church. Though the criteria for granting juridic autonomy are not specified in the Code, the apostolic origin and patrimony, its size in terms of the community, ecumenical considerations, other practical exigencies, etc., could be considered possible reasons for or aginst granting it a higher juridic autonomy. The problem of the Orthodox Church is that any bishop or Metropolitan can declare his church an autocephalous church and therefore we see many national churches today.

The Oriental Catholic Churches are identified on the basis of the level of its hierarchical Head. Thus a Church which has a Patriarch as its head and father is known as a Patriarchal Church sui iuris (CCEO cc. 55-150), and that which has a Major Archbishop is a Major Archiepiscopal Church sui iuris (cc. 151-154). These Churches are fully self-governed except in those matters reserved by law to the Roman Pontiff; the Church that has a Metropolitan is a Metropolitan Church sui iuris (cc.155-173); and the rest of the Churches are classified under other sui iuris Churches, and are placed directly under the Holy See. The case of those Churches which has only one hierarch fall under this category: (cc.174-176).

There are twenty-one Oriental Churches that are characterized as sui iuris. The Latin Church is also a sui iuris Church with some special features. The Oriental Catholic Churches are the following (in alphabetical order).

**Patriarchal Churches**

1. Armenian Church
2. Chaldean Church
3. Coptic Church
4. Maronite Church
5. Melkite Church
6. Syrian Church

**Major Archiepiscopal Churches**

7. Syro-Malabar Church
8. Ukrainian Church

**Metropolitan Churches**

9. Ethiopian Church
10. Ruthenian Church
11. Syro-Malankara Church

**Other Churches**

12. Albanian Church
13. Belorussian Church
14. Bulgarian Church
15. Greek Church
16. Hungarian Church
17. Italo-Albanian Church
18. Romanian Church
19. Russian Church
20. Slovak Church
21. Yugoslav Church

**A Metropolitan Church sui iuris**

As the name indicates a single Metropolitan presides over this autonomous Church. According to CCEO an autonomous Metropolitan Church is presided over by a single Metropolitan and he is assisted by a Council of Hierarchs (c. 155, §1). The Metropolitan dignity is attached to a determined see (c.158, §1) and appointment to that see constitutes also appointment as the chief hierarch of this Church. However, the Supreme Authority alone can erect, modify, suppress and define the territorial boundaries of this Church(c. 155, §2). The territorial boundaries of the Church circumscribe the extent of jurisdiction of the hierarchy. As per c. 157, §2 the Metropolitan and the Council of Hierarchs can exercise administrative, legislative and judicial authority only inside the territorial boundaries. The faithful outside the territorial boundaries, though belong to their proper Church, are immediately governed by the provisions of CCEO.

**Appointment of the Metropolitan:**

Unlike the Patriarchs or the Major Archbishops who are freely elected by the respective synod of bishops, the Metropolitan is directly appointed by the Roman Pontiff. The election of Patriarch is free, but he has to receive ecclesiastical communion from the Roman Pontiff before he can convoke the Synod of Bishops or ordain bishops. The election of the Major Archbishop needs confirmation from the Roman Pontiff. To appoint a Metropolitan the Council of Hierarchs has to send a list of at least three names to the Roman Pontiff. In this, the Council of Hierarchs can seek the opinion of certain presbyters, religious and laity outstanding in wisdom (C. 168) and virtue.

**Authority and Competence of the Metropolitan**

As a sign of the Metropolitan's supraepiscopal power and full communion of this autonomous Church with the Roman Pontiff, the Metropolitan is obliged to petition the pallium within three months after his episcopal ordination or if already a bishop, after his enthronement. Prior to the imposition of the pallium, the metropolitan cannot convoke the Council of Hierarchs or ordain bishops (c.156). The Metropolitan autonomous Church as a juridic person is represented by the Metropolitan, and he acts in the name of the Church (c. 157, $3).During the vacancy of the Metropolitan See, the eparchial

www.malankaralibrary.com



bishop senior by ordination automatically becomes the administrator (c. 173, §1,1⁰) of the Church. The College of Cosultors elects the administrator for the eparchy.

As the juridical head of the Church, the power of the Metropolitan over the whole Church is ordinary, proper and personal (c. 157, §1) Ordinary means that the power is by virtue of his office as Metropolitan of the Church. (Here it may be clarified that in the Eastern Catholic and non-Catholic Churches a true Metropolitan System with suffragan eparchial bishops disappeared. Moreover among some of the Orthodox Churches the title of Metropolitan is conferred on eparchial bishops. Such a practice has been in use among some of the Catholic Easterners too.) It is proper because the power is exercised in his own right and not vicariously either as a representative of the Pope or of the bishops of the Metropolitan Church. It is personal because it is attached to the person of the Metropolitan; hence there cannot be a delegate of the Metropolitan to exercise the entire Metropolitan power. The protosyncellus appointed to the eparchy of the Metropolitan cannot be delegated to exercise the entire Metropolitan power. This is because the Metropolitan power involves supra-episcopal powers and this cannot be done by someone not designated as such by the Roman Pontiff.

Again, the power of the Metropolitan is not immediate, i.e., the Metropolitan governs his Church through the mediation of the eparchial bishops. The Metropolitan exercises jurisdiction directly over the faithful subject to him as it is delineated in the Common law. The administrative authority of the Metropolitan is also restricted by common law to the extent that some administrative acts which by common law are committed to the superior administrative authority of an autonomous Church are to be done with the consent of the Council of Hierarchs (c. 167 §4: eg., the erection or approbation of catholic universities: cc. 642, §1;649).

**The following are the competencies of the Metropolitan:**

1. To ordain and enthrone all bishops of his Church.
2. To convoke the Council of Hierarchs and to preside over it. He has the right to determine the agenda. It is the exclusive competence of the Metropolitan to transfer, postpone, suspend or dissolve any session of the Council Hierarchs. The consent of the members of the Council of Hierarchs is not required to take any of the above actions.
3. The tribunal of Metropolitan normally serves as the appellate tribunal for the sentences of the eparchial tribunals (c. 1064, §1).
4. The Metropolitan exercises vigilance of faith and discipline in the Church. This does not mean that the Metropolitan can intervene directly in all cases. He can only report it to the competent authority. But in some cases his direct interventions are mentioned: a) if the eparchial bishop is negligent to conduct canonical visitation of the entire eparchy at least every five years (c. 205, §1), the metropolitan has the right and obligation to do so; b) in the case of vacancy of an eparchy if the college of consultors fail to elect a new Administrator within eight days after receiving the notification of the vacancy, the appointment devolves upon the Metropolitan (c. 221, §4⁰); c) if the eparchial bishop fails to appoint a financial officer to the eparchy, the Metropolitan has the right to appoint him after having warned the eparchial bishop (c. 159, §7⁰).
5. To communicate the acts of the Roman Pontiff to the eparchial bishops, and others to whom they pertain.
6. If an eparchial bishop desires to dissolve the presbyteral council (Senate of Priests) in his eparchy, he must first consult with the Metropolitan (c. 270, §3).

The eparchial bishops are to consult the Metropolitan with regard to extraordinary matters, and similarly the Metropolitan will hear the bishops.

The Metropolitan has to be commemorated after the Roman Pontiff by all the bishops and clerics in the divine liturgy and divine praises. Liturgical commemoration in the Eastern Churches is not simply a prayer for the head but a public declaration of ecclesiasticl communion (Cf. John D. Faris, Eastern Catholic Churches: Constitution and Governance, p. 385). The intentional omission of the commemoration of the Metropolitan in the Liturgy or divine praises can result in the imposition of penal sanctions including major excommunication (c.1438). The Metropolitan has to make the ad limina apostolorum (=to the threshold of the Apostles), i.e., a visit to Roman Pontiff every five years with the eparchial bishops (in as much as it is possible c. 163).

**Council of Hierarchs**

The Council of Hierarchs consists of all and only ordained

www.malankaralibrary.com



bishops, i.e., the coadjutor, (auxiliary or resigned bishops) of the Metropolitan Church, whether they are constituted outside or inside the territory of the Church (c. 164, 1). Unless the particular law expressly grants the auxiliary and resigned bishops have no active vote.

**Appointment of Bishops**

The synod of Bishops of a Patriarchal Church almost freely elects the bishops of their Church, but in the Metropolitan sui iuris Church they are directly appointed by the Roman Pontiff. The Council of Hierarchs composes a list of at least three of the more suitable candidates and send it to the Roman Pontiff. The Council of Hierarchs has no electoral power with regard to the appointment of bishops.

The Council of Hierarchs is the highest legislative organ in this Church. There is a signficant difference between the Synod of Bishops and the Council of Hierarchs in the manner of the promulgation of laws. Laws made by the Synod of Bishops are promulgated by the Patriarch without the intervention of a superior authority (c. 111), whereas in the Metropolitan Church the laws enacted by the Council of Hierarchs can be promulgated by the Metropolitan only with the written notification from the Roman Pontiff of the reception of the acts (c. 167, §2). Though no confirmation or revision by the Holy See is mentioned, it can abstain from giving the notification of the laws or can demand corrections. The Metropolitan is also obliged to notify the Holy See of all other actions of the Council of Hierarchs (167, § 2).

The Metropolitan Church has also no supreme Tribunal. The tribunal of third instance is the tribunal of the Roman Pontiff. Thus the Guidline of the Commission for the Codification of CCEO that "every Oriental Church should be empowered to organize its own tribunal so that it will be in a position to deal with cases, not reserved to the Apostolic See, in all three instances up to the final sentence" (Nuntia, 3 (1976) 23), is not realized in a Metropolitan Church.

**The Malankara Catholic Church: Challenges and Future**

The Malankara Catholic Church is an Oriental Catholic Church and hence it is governed by CCEO. Accordingly, it is a Metropolitan sui iuris Church. The present autonomous grade is too limited to organize its life. This will be evident only if we compare the authority of a Metropolitan Church with that of a Major Archiepiscopal or Patriarchal Church. For example to organize in its own way the pastoral care of the faithful outside the territory (c. 148, §1&2); request the resignation of eparchial bishop (c. 210, §3); transfer the Metropolitan of a province (c. 57, §3); establish, unify, suppress an eparchy (c. 85, §1); Nominate a coadjutor or an auxiliary bishop (c: 85; §2,1°) transfer bishops (c. 85, §2); remove an exarch (c. 314, §2), etc., the Metropolitan or the Council of Hierarchs has no authority guaranteed in CCEO which the Synod of Bishops or the Patriarch/ Major Archbishop has.

Taking into consideration its growth and maturity (liturgical, theological, spiritual and disciplinary) the Malankara Catholic Church deserves to be elected to a higher autonomous status. This is important from an ecumenical point of view. The self-rule of the Malankara Catholic Church will be the best example to drive away the fear of the Orthodox that Catholic communion implies impeding the autonomy of the Churches. In the Catholic Communion the Malankara Catholic Church represents the entire non- Catholic Thomas Christians. Therefore any recognition granted to the Malankara Catholic Church with reference to its autonomy is a recognition and appreciation of the ecclesial life of this separated Thomas Christians. It is the obligation of the Malankara Catholic Church to do everything in her capacity to ensure a fitting place and autonomous character for this faction of the Thomas Christians in the Catholic Communion. The Malankara Catholic Church is like other Eastern Catholic churches, and it has the right to be fully autonomous to govern itself and organize its ecclesial life. The Council Fathers have emphatically declared that "where there is need, new patriarchates are to be set up" (OE 16).

That the Malankara Catholic Church may grow into this autonomous state, a new attitude of the mind (novus habitus mentis) is essential from the part of the Bishops, priests, religious and laity. Sectarian and divisive thinking should be put aside and the members must be aware and should feel that they are A CHURCH.This must be the starting point. Leaving aside the narrow consideration of "my parish or my diocese", the members should develop an ecclesial attitude to consider themselves as belonging to One Church. In this context the Assembly of the Metropolitan Church is particularly important. This is a representative body of all the Christian faithful of the Malankara Catholic Church, namely, the bishops, clerics, religious and laity from the eparchies, and outside Missions. In this forum the Church representatives participate in a legitimate and worthy manner to discuss common matters pertaining to the Church as a whole. This is an obligatory Assembly to be held at least once every five years (c. 172). That we have already some movements in common, like the

www.malankaralibrary.com



Malankara Catholic Association, Malankara Catholic Youth Movement, seminary etc., which foster this spirit of oneness is praise worthy. Our yearly celebration of the Reunion Movement gives witness to this oneness, and strengthen our bond as Malankara Catholics. That our future priests are trained in our common seminary is also a significant step towards realizing this oneness.

A second attitude would be to develop a deep love and respect for the liturgical, theological, spiritual and disciplinary patrimony of the Malankara Church and a serious desire to protect and promote them. In the governance of the Church or the eparchy, maximum collaboration of the priests, religious and the laity must be sought. Another attitude is to promote the right place of the laity and make them realize that the mission of the Church is equally theirs too. There can be no attitude of dominance and authoritarianism possible from the part of anyone in the Church.

The members should be aware of the rights and obligations of the Church engraved in CCEO, springing from its present status as a Metropolitan sui iuris Church. In this regard the particular laws of this Church deserves a special mention. The common Oriental Law left many legal provisions open for the Churches themselves to decide on the basis of their customs and traditions. The Malankara Catholic Church has to fomulate its own particular laws on the basis of its tradition and the exigencies of the present times immediately. The recommendations of the Code to incorporate various members of the Church into the administration of the Church must be thoroughly studied and unless for every serious inconveniences, these recommendations should be implemented. The formulation of common catechetical texts for the Malankara Catholic Church is to be of immediate concern. To generate theological contributions and to make them available to a wider audience should also remain very important in the Church's agenda.

**Conclusion**

The principles of self government and autonomy propounded by the Second Vatican Council are not fully realized in the set up of a Metropolitan Church. The powers of this Church are limited. As a result, the synodal form of goverment, which is characteristic of the Eastern Churches is only vaguely realized in this Church. The bishops and the Metropolitan are directly appointed by the Supreme Pontiff. Though the Council of Hierarchs can enact certain laws, the laws cannot be promulgated without the notification of the Holy See. Its legislative and judicial powers are restricted.

The Council of Hierarchs with its head, though constitutes and intermediary structure, yet it does not function as in the case of a Patriarchal Church. The bishops of the Metropolitan Church are directly appointed by the Roman Pontiff. Hence it has no electoral power also. In case of resignation of an eparchial bishop, the letter is submitted to the Roman Pontiff 210, §2), which indicated that the bishops are directly responsible to the Pope and not to the Council of Hierarchs with its head. That the Council of Hierarchs has no proper authority under the present set up to render pastoral service to the faithful residing outside the territory of the Malankara Catholic Church is a very serious concern.


The autonomy enjoyed by the Malankara Catholic Church presently is so little. To organize its ecclesial life and respond to the various pastoral and disciplinary needs, it needs a greater hierarchical autonomy, namely, at least that of a Major Archbishop. In keeping its tradition, its missionary endeavour, its leadership for the cause of Church Union and Ecumenism, etc., Malankara Catholic Church has shown its maturity. These must be considered significant to assign it at least the dignity and role of a Major Archiepiscopal Church.

www.malankaralibrary.com



# വിശ്വാസ പരിശീലനം മലങ്കരസഭയിൽ

റവ. ഡോ. ചാക്കോ നരിമറ്റത്തിൽ
(ഡയറക്ടർ, പി.ഒ.സി)



മതബോധനം, സൺഡേസ്കൂൾ, സൺഡേക്ലാസ്സ്, വേദപാഠം, വേദോപദേശം, സഭോപദേശം എന്നിവ ക്രൈസ്തവസഭാ കൂട്ടായ്മയുടെ വിശ്വാസം പഠിപ്പിക്കലിനെയും പരിശീലനത്തെയും വിവക്ഷിക്കുന്ന പദങ്ങളാണ്. കേരളത്തിൽ 17-ാം നൂറ്റാണ്ടുവരെ ഈ പ്രക്രിയയ്ക്ക് 'ഓത്ത്' എന്നാണ് ഉപയോഗിച്ചിരുന്നത്. ഊതി, ഓതി, ജപിച്ച് കൊടുക്കുക. ക്രൈസ്തവസഭയിൽ സഭയിലേക്ക്, യേശു ജീവിതത്തിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവരിലേക്ക് ക്രിസ്തു - സഭാ-രഹസ്യങ്ങൾ ഓതിക്കൊടുക്കുകയും ചൊല്ലിക്കൊടുക്കുകയും ചെയ്തിരുന്നു. ഈ ഓതിക്കൊടുക്കലും ചൊല്ലിക്കൊടുക്കലും ജപത്തിന്റെ (പ്രാർത്ഥനയുടെ) അന്തരീക്ഷത്തിലാണ് നടത്തിയിരുന്നത്. വിശ്വാസപരിശീലനം ആരാധനാധിഷ്ഠിതമായിരുന്നതുകൊണ്ട് കുർബാനയോടനുബന്ധിച്ചാണ് നടത്തിയിരുന്നതും. ദീർഘമായ മൂന്നു വർഷത്തെ വിശ്വാസപരവും (Catechetical) ആരാധനാപരവും (Liturgical), താപസപരവും (Ascetical) ആയ പരിശീലനം, വിശ്വാസത്തിലേക്ക് തിരിയുന്നവരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും വളർത്തുന്നതിനും അങ്ങനെ സഭാംഗമായി സഭയോടൊത്ത് വളർത്തിക്കൊണ്ട് യേശുവിനെ കർത്താവും രക്ഷകനുമായി സ്വീകരിക്കുന്നതിന് സഹായിച്ചിരുന്നു.

**കാറ്റക്കെസിസ്**

വേദോപദേശത്തിൽ വിശ്വാസം പഠിപ്പിക്കൽ എന്നതിനേക്കാൾ വിശ്വാസപരിശീലനത്തിനും പകർച്ചയ്ക്കുമാണ് പ്രാധാന്യം കൊടുത്തുവന്നത്. പകർന്നും പറഞ്ഞും കൊടുത്തുകൊണ്ട് സഭാംഗമായി വിശ്വാസിയെ വളർത്തുകയും രൂപീകരിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് 'കാറ്റക്കെസിസ്' എന്ന പദംകൊണ്ട് വിവക്ഷിച്ചിരുന്നതും വിവക്ഷിക്കേണ്ടതും.

**മതബോധനം (Religious Education)**

പ്രൊട്ടസ്റ്റന്റു സഭാവിഭാഗങ്ങൾ ഈ വാക്കാണ് ഉപയോഗിച്ചുവരുന്നത്. ബോധനംവഴി നല്ല മനുഷ്യരെ വാർത്തെടുക്കുക എന്നതാണിതിന്റെ ഉദ്ദേശ്യം. സഭാത്മകവീക്ഷണത്തിൽ 'കാറ്റക്കെസിസ്' എന്ന പദമാണ് സ്വീകാര്യവും അർത്ഥഗർഭവും. ഇതുതന്നെയാണ് പൗരസ്ത്യസഭാവീക്ഷണവും. ബോധനത്തിലൂടെ വിശ്വാസി ക്രിസ്തുവിനെ അറിയുന്നു. വിശ്വാസപരിശീലനത്തിലൂടെ അവൻ ക്രിസ്തുവായിത്തീരുന്നു. ക്രിസ്ത്വാനുഭവിയായിത്തീരുന്നു.

**വിശ്വാസ പരിശീലനം കുടുംബത്തിൽ**

ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നതും, ജീവിതത്തിൽ അതു മുളയെടുക്കുന്നതും വളരുന്നതും പക്വതയിലെത്തുന്നതുമൊക്കെ നമ്മുടെ കുടുംബങ്ങളിലാണല്ലോ. കുടുംബം 'ഗാർഹികസഭ' യെന്നു പറയാനുള്ള കാരണവും അതുതന്നെ. ദൈവത്തെ പിൻചെന്ന് ദൈവകൂട്ടായ്മയിലുള്ള ഒരു ജീവിതം 'അപ്പൻ മക്കളോട് നിന്റെ വിശ്വസ്തത അറിയുന്ന ഒരു വേദി' (ഏശ. 38:19), കുടുംബത്തിലെ ഏറ്റവും ഇളയവൻ പെസഹാചരണത്തിന്റെ അർത്ഥം ചോദിക്കുമ്പോൾ വേദപുസ്തകഭാഗത്തുനിന്ന് വായിച്ചു വിശദീകരിച്ചുകൊടുക്കുന്ന ഒരു

www.malankaralibrary.com



വേദി (പുറ 12:26), വിശ്വാസം പരിശീലനം നടക്കുന്ന, നടത്തുന്ന ഒരു വേദി, കുടുംബപ്രാർത്ഥനയിലൂടെ / ആരാധനയിലൂടെ എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് ഏറ്റുപറയുന്ന, സമർപ്പണം നടത്തുന്ന വേദി. കുടുംബപ്രാർത്ഥനയിലൂടെയാണ് ഇത് പ്രധാനമായും നടക്കുക.

പൗരസ്ത്യ മലങ്കര സഭാ മക്കളുടെ യാമപ്രാർത്ഥനകൾ തന്നെ ഒന്നു വിശകലനം ചെയ്താൽ ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്. യാമപ്രാർത്ഥനകൾ ഓരോന്നും ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ (രക്ഷാകരപ്രവർത്തനത്തിന്റെ) സ്മരണ നമ്മിൽ ഉണർത്തുന്നു. തങ്ങളുടെ ജീവിതാനുഭവങ്ങളെ ക്രിസ്തുമനോഭാവത്തോടെ കാണാനും, കൈക്കൊള്ളുവാനുമുള്ള ശക്തി പ്രാപിക്കുന്നതും കുടുംബാരാധനയിലാണ്. കുടുംബത്തിൽ ഈ രക്ഷാകര സംഭവം ജീവിക്കുന്നതിനും ഉൾക്കൊള്ളുന്നതിനും അതിലൂടെ കുടുംബജീവിതത്തിലുള്ള 'നേട്ട-കോട്ട-കഷ്ട-നഷ്ട'ങ്ങളുടെ ദൈവികമാനം കണ്ടെത്തുന്നതിനും കുടുംബ ബന്ധങ്ങളിൽ ഉലച്ചിൽ തട്ടിയിട്ടുള്ള തലങ്ങളെ ദൈവേഷ്ടപ്രകാരം അരക്കിട്ടുറപ്പിച്ച് പുനഃസൃഷ്ടി നടത്തുന്നതിനും കുടുംബ പ്രാർത്ഥന / ആരാധന നമ്മെ പ്രാപ്തരാക്കുന്നു.

ഒന്നിച്ച് ഒരുമയിലുള്ള നമ്മുടെ ഒന്നിച്ചുവരവും, ഒന്നിച്ചിരിപ്പും കുടുംബാംഗങ്ങൾ എല്ലാവരെയും ഒന്നിപ്പിച്ച് ഒരുമയിലേക്ക് -രമ്യതയിലേക്ക്- മാനസാന്തരത്തിലേക്ക്-നയിക്കുന്ന വേദപുസ്തകവായനയും, വായിച്ചുകേട്ട വചനത്തിന്മേലുള്ള പ്രാർത്ഥനാപൂർണ്ണമായ സാരോപദേശവും, വചനത്തിലൂടെ നമ്മെവിശുദ്ധീകരിച്ച നുഗ്രഹിച്ച ദൈവത്തോടുള്ള നന്ദിയുടെയും സ്നേഹത്തിന്റെയും സ്തോത്രഗീതങ്ങളും, പ്രാർത്ഥനയോടൊത്തുള്ള അത്താഴം (അപ്പംമുറിക്കൽ) കഴിപ്പും തുടർന്നുള്ള വർത്തമാനം പറച്ചിലും (ജീവിത സുഖാസുഖങ്ങളുടെ പങ്കിടലും) പ്രാർത്ഥനാധിഷ്ഠിത / ആരാധനാധിഷ്ഠിത വിശ്വാസ പരിശീലനമാണ്. കുടുംബവേദോപ ദേശമാണത്. ഇവയൊക്കെയും കുടുംബത്തിൽ ദൈവഹിതാനുസരണമുള്ള ഒരു ജീവിതത്തിന് നമ്മെ സജ്ജമാക്കിക്കൊണ്ടിരിക്കുന്ന ആധ്യാത്മിക സംവിധാനമാണ്. ഈ സംവിധാനത്തെ വേണ്ടപോലെ പ്രയോജനപ്പെടുത്തി നമ്മുടെ വിശ്വാസം ജീവിക്കുന്നതിനും വളർത്തുന്നതിനും പ്രഘോഷിക്കുന്നതിനും അടുത്ത തലമുറയ്ക്കു പകർന്നു കൊടുക്കുന്നതിനും നാം തയ്യാറാവണം. കർത്താവ് നമ്മെ കൈപിടിച്ചുനടത്തുന്നു എന്ന വിശ്വാസം കുടുംബനാഥന്റെ ജീവിതത്തിലെ ആദർശമോ അഭിലാഷമോ മാത്രമായി നിൽക്കാതെ പ്രയോഗത്തിലാക്കി അനുഭവിക്കുന്ന ഒരു ജീവിതാവസ്ഥയാവണം. അങ്ങനെ കുടുംബത്തിലുള്ള പരിശീലനത്തിലൂടെ തന്റെ മക്കൾക്ക് ചൊല്ലും ചോറും കൊടുത്ത്, തങ്ങളുടെ ക്രിസ്ത്വാനുഭവ വ്യക്തിത്വത്തിന്റെ സ്വാധീനം വളർന്നുകൊണ്ടിരിക്കുന്ന കുട്ടികളുടെ മേൽ ചെലുത്തിയാൽ 'കുടുംബ വിശ്വാസജീവിത പരിശീലനം മറ്റെല്ലാ രൂപങ്ങളിലുമുള്ള വിശ്വാസപരിശീലനത്തിന്റെയും മുൻപെ പോകുകയും അതിന്റെകൂടെ ചരിക്കുകയും അതിനെ സമ്പന്നമാക്കുകയും ചെയ്യും' (മതബോധനം ഇന്ന് 68) അങ്ങനെ വിശ്വാസജീവിതം പറഞ്ഞും പകർന്നും കൊടുക്കേണ്ടതാണ്. പകർച്ചയില്ലായ്മയാണ് ഇതിന്റെ വല്ലായ്മയും തകർച്ചയും.

നോമ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ആത്മശക്തി പ്രാപിച്ച മാതാപിതാക്കളുടെ സാന്നിധ്യവും ജീവിതസാക്ഷ്യവും കുടുംബത്തെ സ്നേഹത്തിലും യോജിപ്പിലും അരക്കിട്ടുറപ്പിക്കുക തന്നെ ചെയ്യും. പരസ്പരം ക്ഷമിക്കുന്നതിനും സഹിക്കുന്നതിനും ഭാരങ്ങൾ വഹിക്കുന്നതിനും ഒക്കെയുള്ള ശക്തി നമ്മുടെ പൂർവ്വികർ പ്രാപിച്ചെടുത്തത് നോമ്പിലൂടെയും പ്രാർത്ഥനയിലൂടെയുമാണ്. തന്നിഷ്ടംപോലെ ജീവിച്ചുപോന്ന മകൻ ഒരുനാൾ അമ്മയോട് ചോദിച്ചു: 'അമ്മേ, അമ്മ എത്രനാൾ എന്നോടു ക്ഷമിക്കും'? അമ്മ പറഞ്ഞു: 'എന്റെ മരണംവരെ നിന്നോട് ഞാൻ ക്ഷമിക്കും. അതിനുശേഷവും ഞാൻ നിന്നോട് ക്ഷമിച്ചുകൊണ്ടേയിരിക്കും'. ഈ മറുപടി മകന്റെ മാനസാന്തരത്തിനു നിദാനമായി. നോമ്പും പ്രാർത്ഥനയുമൊക്കെയാണ് മാതാവിന്റെ ഈ മാനസിക അവസ്ഥയ്ക്ക് കാരണം. മഹാനായ വി. ആഗസ്തിനോസിന്റെ മാനസാന്തരത്തിന് കാരണം തന്റെ അമ്മയുടെ കണ്ണീരും കയ്യുമായുള്ള പ്രാർ ത്ഥനാ ജീവിതമായിരുന്നല്ലോ.

### വിശ്വാസപരിശീലനം- ഇടവകയിൽ/സഭയിൽ

കുടുംബത്തിലെ വിശ്വാസ-

www.malankaralibrary.com



ജീവിത-പരിശീലനത്തെ സ്ഥിരീകരിക്കുകയും സഫലീകരിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നത് ഇടവകസമൂഹത്തിലെ പ്രസ്തുത പരിശീലനം വഴിയാണ്. നമ്മുടെ സഭാത്മകവും സഭാപരവുമായ ജീവിതം ആദിമ ക്രൈസ്തവസഭയിലേതുപോലെ കൂട്ടായ്മയുടേയും, ആരാധനയുടേയും, പങ്കിടലിന്റേയും ആണ്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായിലുമുള്ള ദൈവജനം ഒരുമിച്ച് ഒരുമയിലായിക്കൊണ്ട് വചനം കേട്ടും അപ്പം മുറിച്ചും ദൈവാരാധനയിലൂടെയും പങ്കുവയ്ക്കലിലൂടെയും സഭാജീവിതത്തിന്റെ സമ്പന്നത നേടിയെടുക്കേണ്ടതാണ്.

'പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന, ആരാധന' എന്നിവയിൽ താൽപര്യപൂർവ്വം പങ്കുചേരുന്നതിന്റെ ഫലമെന്നോണം (അപ്പ: 2:37-42) അവർ ഒരു സമൂഹമായിത്തീരുകയും തങ്ങൾക്കുണ്ടായിരുന്നവയെല്ലാം പൊതുവായി കരുതുകയും ചെയ്തു (അപ്പ2:44). ആരാധനയിലൂടെ അവർ മനോഭാവത്തിൽ യേശുവേപ്പോലെ ആയിത്തീർന്നു. മറ്റുള്ളവരെ കരുതുവാനുള്ള കരുത്ത് കൈവന്നതോടെ വസ്തുവകകൾ പങ്കിട്ടു (അപ്പ 4:32). തത്ഫലമായി, മാനസാന്തരഫലമായി- എല്ലാ മനുഷ്യരുടെയും സംപ്രീതിക്ക് പാത്രമാവുകയും ചെയ്തു (അപ്പ 2:47). ഇങ്ങനെയുള്ള ഒരു ജീവിതരൂപീകരണത്തിനും ജീവിതശൈലിക്കും നമ്മെ പ്രാപ്തരാക്കുന്നത് സഭാ ജീവിതമാണ്.

സഭാജീവിതത്തിന്റെ 'ജീവൻ' ആരാധനയാണ്. ആരാധന സഭയുടെ അടിസ്ഥാന യാഥാർത്ഥ്യവും മുഖ്യമായ പ്രവർത്തനവും ഉന്നതമായ ആവിഷ്ക്കരണവുമാണ്. സഭതന്നെ ഒരു ആരാധനസമൂഹമാണ്. സഭയിലാണ് ആരാധന. ആരാധനയില്ലെങ്കിൽ സഭയുമില്ല. ദൈവസ്തുതികളും ദൈവമഹത്വപ്രകീർത്തനങ്ങളും ആലപിച്ചുകൊണ്ട്, സുഖദുഃഖങ്ങൾ, ജീവിതഭാരങ്ങൾ, ദൈവസമക്ഷം സമർപ്പിക്കുന്നതോടൊപ്പം നാളിതുവരെ കഷ്ടതയിലും, നഷ്ടത്തിലും, ലാഭത്തിലും, രോഗത്തിലും, ആകുലതകളിലും എല്ലാം കൈപിടിച്ചു നടത്തിയ ദൈവത്തോടു നന്ദിപറഞ്ഞ്, മുന്നോട്ടുള്ള ജീവിതത്തിലും കൃപാവരങ്ങളും, ദാനങ്ങളും നൽകണമേയെന്ന് പ്രാർത്ഥിക്കുകയാണല്ലോ ആരാധനയിൽ നാം ചെയ്യുന്നത്. ദൈവം നമ്മെയും നമുക്കുള്ളതിനെയും സ്വീകരിച്ച്, വാഴ്ത്തിയനുഗ്രഹിച്ച് പ്രകാശവും പ്രതീക്ഷയും തന്നുകൊണ്ട് നമ്മെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നു. ആരാധനയിലൂടെ നാം ദൈവത്തിലായിത്തീരുകയാണ്. ദൈവികരഹസ്യങ്ങൾ നമുക്ക് അനുഭവവേദ്യമാകുകയാണ്. ആ അനുഭവവും പേറിയുള്ള നമ്മുടെ ജീവിതമാണ് 'കുർബാന' ജീവിതം. വി. കുർബാനയാണല്ലോ ഏറ്റവും വലിയ ആരാധന. കൂദാശകളിൽ പ്രത്യേകിച്ച് വി. കുർബാനയിലാണ് മനുഷ്യവ്യക്തികളുടെ പരിവർത്തനത്തിനുവേണ്ടിയുള്ള യേശുക്രിസ്തുവിന്റെ പ്രവർത്തനം അതിന്റെ പൂർണതയിൽ നടക്കുന്നത് (മതബോധനം ഇന്ന് 23). വി. കുർബാനാനുഭവം നമ്മെ പരിവർത്തനോന്മുഖരാക്കുന്നുണ്ടോ? ഓരോ ദിവസവും പരിശുദ്ധ ത്രോണോസിന്മേൽ അർപ്പിക്കുന്ന അനുരഞ്ജനത്തിന്റെയും രമ്യതയുടെയും കൂദാശയായ പരി. കുർബാന വിശ്വാസികളെ പരസ്പരം രമ്യതയിലാക്കുകയും ഒന്നിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം, സഭാമക്കളെ പിതാവിന്റെ ഐക്യത്തിലാക്കുകയും ചെയ്യുന്നു. നമ്മുടെ സഭാത്മക ജീവിതത്തിന്റെ സ്രോതസ്സായ പരി. കുർബാനയിലുള്ള നമ്മുടെ സജീവ പങ്കാളിത്തവും വി. കുർബാനാനുഭവവും വഴി നാം നാൾക്കുനാൾ പിതാവിന്റെ പക്കലേക്ക് മാനസാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണോ? നമ്മുടെ ഇടവകയും ഇടവകയുടെ ആധ്യാത്മിക സംവിധാനങ്ങളും കൂദാശപരമായ ജീവിതവും പെസഹായുടെ അനുഭവത്തിൽ നമ്മെ വഴിനടത്തി. ഒരു കർത്താവും ഒരു വിശ്വാസവും, ഒരു മാമ്മോദീസായുമുള്ള ജനതതിയായി നമ്മെ വാർത്തെടുക്കുന്നുവോ?.

### വിശ്വാസ പരിശീലനവും ആരാധനയും.

വിശ്വാസ ജീവിത പരിശീലനം (വേദോപദേശം) ആരാധനയിലേക്കും ആരാധന സജീവ വിശ്വാസജീവിതത്തിലേക്കും ഒരു വിശ്വാസിയെ ആനയിക്കുന്നു. 'മനുഷ്യപുത്രനിൽ' നീ വിശ്വസിക്കുന്നുവോ? യേശു ചോദിച്ചു. 'കർത്താവേ അവനിൽ വിശ്വസിക്കേണ്ടതിനു അവൻ ആരാണ്?' യേശു മറുപടിയായി പറഞ്ഞു: 'നീ അവനെ കണ്ടുകഴിഞ്ഞു. നിന്നോടു സംസാരിക്കുന്നവൻ തന്നെയാണ് അവൻ.' കർത്താവേ ഞാൻ വിശ്വസിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് അവൻ യേശുവിനെ പ്രണമിച്ചു' (യോഹ

www.malankaralibrary.com



9:35-38). യേശുവിനെക്കുറിച്ചുള്ള അറിവ് യേശു- ആരാധനയിലേക്ക് അവനെ നയിക്കുകയാണ്. യേശുവും സമരിയാക്കാരിയും തമ്മിലുള്ള കൂടിക്കാഴ്ച (യോഹ 4:)യിലും ബോധനത്തിലൂടെ ലഭിച്ച അറിവ് ആരാധനയിലൂടെ ഒരു അനുഭവമായിത്തീരുകയാണ്. യേശുവിനെ അതുവഴി രക്ഷകനായി അവൾ സ്വീകരിച്ചു. തത്ഫലമായി അനുഭവിച്ചറിഞ്ഞ രക്ഷയുടെ പ്രവാചകയായി ത്തീരുകയാണവൾ. 'ഞാനാണ് പുനരുത്ഥാനവും ജീവനും, ഇതു നീ വിശ്വസിക്കുന്നുവോ?' (യോഹ:11:25). ഇവിടെയും, അതുപോലെതന്നെ, എത്യോപ്യ ക്കാരൻ ഷണ്ഡന്റെ മാനസാന്തര ത്തിലും (അപ്പ: 8:36) ഇതുതന്നെ യാണല്ലോ സംഭവിക്കുന്നത്. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ (ലൂക്ക 24:25) കണ്ണുകൾ തുറക്കപ്പെടുന്നതും, യേശുവിനെ തിരിച്ചറിയുന്നതും അവർക്ക് അപ്പം മുറിച്ചുകൊടുത്ത പ്പോഴായിരുന്നു. ഉൾക്കണ്ണുകൾ തുറക്കപ്പെടുന്നതും ദർശനം ലഭിക്കുന്നതും വിശ്വാസാനുഭവം ഉണ്ടാകുന്നതും ആരാധനയി ലാണ്. ആ ക്രിസ്ത്വാനുഭവം ഉണ്ടാകുന്നതും ആരാധനയി ലാണ്. ആ ക്രിസ്ത്വാനുഭവം, യേശുസാന്നിദ്ധ്യ-സാമീപ്യ-സഹ വാസ-സംസർഗം ക്രിയാത്മ കവും സജീവവുമായ വിശ്വാസ ത്തിലേക്ക് നയിക്കുന്നു. 'വഴിയിൽ വച്ച്' അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ? (ലൂക്ക 24:32) Liturgy with its formative power is a first catechesis while systematic reflection on that experience, done under the guidence of a catechist is a second catechesis. വിശ്വാസജീവിതരൂപീകരണം നടക്കുന്നത് ആരാധനയി ലായതുകൊണ്ട്, ആരാധനയാണ് പ്രാഥമിക വേദോപദേശം. ആ ജീവിത രൂപീകരണ പരിവർത്ത നാനുഭവത്തിന് ഒരു വിശ്വാസി നൽകുന്ന വ്യവസ്ഥാപിതമായ വ്യാഖ്യാനവും പരിചിന്തനവു മാണ് ദ്വിതീയ വേദോപദേശം. വിശ്വാസജീവിതത്തിലൂടെ സുവി ശേഷമായിക്കൊണ്ട്, സുവിശേഷ മേകുവാൻ പ്രാപ്തരായവർക്കു മാത്രമേ വിശ്വാസജീവിത പരിശീ ലകരാകുവാൻ അതിനാൽതന്നെ അർഹതയുള്ളുതാനും.

ആരാധനാധിഷ്ഠിതവും ആരാധനാകേന്ദ്രീകൃതവുമായ ഒരു വേദോപദേശ ശൈലിയാണ് മലങ്കര സഭയ്ക്കുള്ളത്. പ്രാർത്ഥന യുടെ നിയമം തന്നെയാണ് വിശ്വാസത്തിന്റെ നിയമവും. ആരാധനയിലൂടെ പഠിപ്പിക്കുക എന്നതിലുപരി അതിൽ പങ്കെടുക്കുന്നവരെ കർത്താവിന്റെ രക്ഷാകരകർമ്മത്തിൽ ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ തിന്റെ ഉദ്ദേശ്യം. വിശ്വാസ സത്യങ്ങൾ പറഞ്ഞുകൊടുക്കുന്ന തിലുപരി ജീവിക്കുന്ന വിശ്വാസം പകർന്നുകൊടുത്തുകൊണ്ട് സഭയുടെ വിശ്വാസത്തിൽ സഭാദർശനങ്ങൾക്കനുസൃതം സഭാമക്കളെ വളർത്തിയെടു ക്കുന്നത് ആരാധനയിലൂടെയാണ്. ആരാധന വിശ്വാസിയെ പഠിപ്പി ക്കുകയും, രൂപീകരിക്കുകയും രൂപാന്തരീകരിക്കുകയും ചെയ്യുന്നു. അങ്ങനെ മലങ്കര സഭയുടെ വേദോപദേശം ഒരു ജീവിതരീതിയും ജീവിതശൈലി യുമാണ്.

### വിശ്വാസപരിശീലനവും ബോധനവും

ആരാധനയിലാണ്, പ്രത്യേകിച്ച് വി. കുർബാനയി ലാണ് മനുഷ്യജീവിതം പരിവർത്തനോന്മുഖമാകുന്നത്. ആരാധനയിലുള്ള സജീവഭാഗ ഭാഗിത്വമാണ് അതിനു നമ്മെ ഒരുക്കുന്നതും സജ്ജമാക്കുന്നതും. ആരാധനയെക്കുറിച്ചുള്ള ശരിയായ ബോധനത്തിലൂടെ മാത്രമേ അതു സാധ്യമാകു. നമ്മുടെ വി. കുർബാനയിലുള്ള പ്രതീകങ്ങളുടെയും, അടയാളങ്ങ ളുടെയും അനുഷ്ഠാനങ്ങളുടെയും അർത്ഥവ്യാപ്തി അതിന്റെ ആഴത്തിലും മാനത്തിലും മനസ്സിലാക്കാതെ സജീവമായി പങ്കെടുക്കുവാൻ സാധ്യമല്ല താനും. ആരാധനയിലെ സംഗീതം, പ്രാർത്ഥനകൾ, ചലനങ്ങൾ, കലാരൂപങ്ങൾ, വർണങ്ങൾ, കുർബാനയ്ക്ക് ഉപയോഗിക്കുന്ന സാധനങ്ങൾ ഇവയെല്ലാംതന്നെ ചില ദൈവിക രഹസ്യങ്ങളെ വെളിപ്പെടുത്തു ന്നതും ആവിഷ്കരിക്കു ന്നതുമാണ്. ഇവയുടെയൊക്കെ അർത്ഥം എത്രമാത്രം നമുക്കറിയാം? അതുപോലെ തന്നെ ആരാധനവത്സരം, കാലങ്ങൾ, നോമ്പാനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ചുള്ള ശരിയായ ബോധനവും സഭാജീവിതത്തി നാവശ്യമായ കാര്യങ്ങളാണ്. അതുകൊണ്ട് ആരാധനയെ ക്കുറിച്ചുള്ള ബോധനം അത്യന്താ പേക്ഷിതമാണെന്ന് സഭ നിഷ്കർഷിക്കുന്നു (ജനറൽ കാറ്റക്കെറ്റിക്കൽ ഡിറക്ടറി 25). ബ. പി.റ്റി. തോമസച്ചൻ എഴുതിയി ട്ടുള്ള 'അടയാളങ്ങളും പ്രതീക ങ്ങളും മലങ്കര ആരാധനാ

www.malankaralibrary.com



ക്രമത്തിൽ' എന്ന പുസ്തകം ഒരു പരിധിവരെ ഇക്കാര്യത്തിൽ സഹായകമാണ്. സഭാജീവിതത്തെക്കുറിച്ചും, വി. കൂദാശകളെക്കുറിച്ചും ആഴത്തിലുള്ള പഠനവും ചർച്ചകളും സഭാതനയരെ വാർത്തെടുക്കുവാൻ ഉപകരിക്കും. വിശ്വാസജീവിതം ചില അനുഷ്ഠാനങ്ങളിൽ മാത്രം ഒതുക്കി നിർത്തിയാൽ വിശ്വാസ ജീവിതം ശുഷ്ക്കിക്കുക മാത്രമല്ല, അതിനോടുള്ള ആഭിമുഖ്യവും അഭിവാഞ്ചയും ഇല്ലാതാവുകയും ചെയ്യും. ഇങ്ങനെയുള്ള ഒരു പരിതാവസ്ഥയിലാണോ നമ്മുടെ ഇടവക സമൂഹങ്ങൾ?. വി. കുർബാന എന്ന ആരാധനയിലൂടെ ജീവിത വ്യതിയാനവും, ജീവിതസംതൃപ്തിയും നേടിയെടുക്കാനും മറ്റുള്ളവരിലേക്ക് അതു പകരാനുമുള്ള പ്രേഷിത പ്രചോദനം നമ്മിൽ ഉളവാകുന്നുണ്ടോ? പരിശോധനയ്ക്കും പുനഃപരിശോധനയ്ക്കും നമുക്കു തയ്യാറാകാം.

**ബോധനത്തിന്റെ സഭൈക്യമാനം**

പുനരൈക്യപ്രസ്ഥാനത്തിലൂടെ സഭാ ഐക്യത്തിന്റെ പാത വെട്ടിത്തുറന്ന നമ്മൾ ക്രിസ്തു ആഗ്രഹിച്ച വിധത്തിലുള്ള പൂർണ്ണമായ ഐക്യത്തിന്റെ പുനഃരുദ്ധാരണത്തിനുവേണ്ടി എന്തുചെയ്യുന്നു? മലങ്കര കത്തോലിക്കാസഭയുടെ വിശ്വാസജീവിതപരിശീലനത്തിന് ഈ സഭൈക്യമാനത്തിൽനിന്നു മാറിനിൽക്കാൻ സാധിക്കുകയില്ല. കർത്താവിന്റെ സഭ വിജയിച്ചു നിന്നിടത്തോളംകാലം സഭയിലുള്ളവരും, സഭാംഗമായി ജനിക്കുന്നവരും അതിനാൽതന്നെ ഈ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുവാനും പ്രാർത്ഥിക്കുവാനും കടപ്പെട്ടവരാണ്. മലങ്കര കത്തോലിക്കാസഭയ്ക്ക് മറ്റു സഭാവിഭാഗത്തിൽപ്പെട്ടവരോട് ഏതെല്ലാം വിധത്തിൽ ഏതെല്ലാം വേദികളിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സാധിക്കുന്നുവോ ആ വേദികളെല്ലാംതന്നെ ഐക്യത്തിലേക്ക് നമ്മെ നയിക്കുന്ന വേദികളാക്കി മാറ്റേണ്ടതാണ്. ഒരു 'എക്യുമെനിക്കൽ' മനോഭാവത്തോടെ മറ്റു സഭാംഗങ്ങളുമായി നിരന്തര സമ്പർക്കത്തിലും സഹകരണത്തിലും ജീവിക്കുന്നതിന് നമ്മുടെ സഭാംഗങ്ങളെ പ്രത്യേകമാംവിധം പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ജീവിതരീതിയിലും, ജീവിത ശൈലിയിലും ആരാധനയിലും വളരെയധികം താദാത്മ്യപ്പെട്ടു കഴിയുന്ന മലങ്കരസഭാവിഭാഗങ്ങളുടെയിടയിലുള്ള നമ്മുടെ ജീവിതസാക്ഷ്യം സഭകളുടെ ഐക്യത്തിനു വഴിതെളിക്കതന്നെ ചെയ്യും. കേരളത്തിലെ ക്രൈസ്തവസഭാ വിഭാഗങ്ങളെക്കുറിച്ചും അവയുടെ അടിസ്ഥാന വിശ്വാസസത്യങ്ങളെക്കുറിച്ചുമുള്ള ശരിയായ പഠനവും പരിചിന്തനവും സഭൈക്യത്തിനുള്ള നമ്മുടെ പ്രയാണത്തെ ത്വരിതപ്പെടുത്തും. 'അതുകൊണ്ട് എല്ലാ വിശ്വാസികളും അവരുടെ കഴിവും സഭയിൽ അവർക്കുള്ള സ്ഥാനവുമനുസരിച്ച് ഐക്യത്തിലേക്കുള്ള ഈ പ്രയാണത്തിൽ പങ്കുചേരാൻ വിളിക്കപ്പെട്ടവരാണ്' (മതബോധനം ഇന്ന് 32).

*With best compliments of:*

**GEORGEKUTTY & MARYKUTTY**

**KOODATHINAMANNIL,**
**THELLIYOOR**

*With best compliments of:*

**TATA Automobiles**


**MAR THOMA BUILDINGS,**
**TIRUVALLA**

www.malankaralibrary.com



# THE CHURCH AS THE EUCHARISTIC COMMUNITY

Rev. Dr. Gevarghese Panicker



### 1. Eucharist makes the Church

An individual church like the Malankara Church is a Eucharistic community. The Church is Eucharistic in its nature. It is precisely the function of the Eucharist to manifest the whole church. The church understands herself in depth precisely starting from her nature as a celebrating assembly. In this sense, it should not be forgotten that, if the church makes the Eucharist, the Eucharist makes the church to the point of becoming the criterion of conformity for that same right doctrine as Irenaeus of Lyons reminds us: "Our thought is in full accord with the Eucharist and Eucharist in its turn, confirms our thought." The book of the "Acts of the Apostles describes the life of the first Christians":

*<<They were faithful to the teachings of the Apostles, the common life of sharing, the breaking of bread and the prayers, Now all the believers lived together in the Temple area; they broke bread' in their homes; they shared their food with great joy and simplicity of heart>>* (Acts 2/42, 44, 46)

In these passages can be recognized the characteristic traits of liturgical worship, reading out to listen to the Word of God announced by the apostles and to sing divine praises in the midst of assembly (cf. Heb. 2/12), especially forming the Body of Christ, " the one Bread" out of many through the communal participation in the breaking of the bread and in the cup of Blessing: the supreme sacramental sign until the consummation of time. (<<The cup of blessing that we bless, is it not a communion with the blood of Christ? And the bread that we break, is it not a communion with Body of Christ? The bread is one, and so we though many form one body, sharing the one bread>> ) (1 Cor. 10/ 16-17). Eucharistic celebration is not one of the "aspects" of the Church; it expresses its very essence, its breath, its heart beat, its constant self-revelation. Through the sacrament of the Holy Eucharist, the Church becomes that which it is, i.e., communion with the Word of God, learn to know his will, remember the death and resurrection of Christ and receive the gifts of the Holy Spirit, indispensable for our Christian life and action in the world. It can truly be said that through its liturgy the Church becomes a "union of faith and love" as St. Ignatius of Antioch defined it. Through the Eucharist a human society (the "Parish") realizes itself as a church, i.e., as a new unity, as knowledge of and communion with God. The Eucharist is the very heart of the Church's life; it is an act of the Church, through which the church fulfills her true nature. It is the all embracing sacrament of salvation, a sacrament of unity, love, sanctification, sacrifice, and deification. All this makes us live as Christians (not to say priests), and therefore all our activity must be based upon the Holy Eucharist and must find its fulfilment in it. Where there is the Eucharist there is the Church, and conversely, only where the whole Church is (i.e., the people of God united with the Bishop, the head the shepherd) there is the Eucharist.

The life of the church is a communion in the Trinitarian life, integrated into the kingdom of the Father and of the Son and of the Holy Spirit. The sacerdotal prayer of Jesus reveals to us the intimate mysterious relationship of unity between the Trinitary persons and the disciples of Christ: "that they may all be one; even as the Father, art in me and I in Thee, that they also may be one in us" (John 17/ 21). It is in the Eucharist, the Sacrament of the New Alliance between the Holy Trinity and mankind, that the Church, the supreme sacrament of the Kingdom of God, of the "last age" realizes itself and manifests itself, that presents the Christ incarnate, risen and elevated at the right of the Father, and who will return to judge the living and the dead, and that the Spirit of the Pentecost descends to remain for ever amongst us (the Eucharist being the permanent Pentecost).

The Eucharistic mystery constitutes the culminating point of

www.malankaralibrary.com



the whole life of the church. She is constantly in a state of *beraka* that is to say at once of the benediction of God, and of the *anamnesis* or the memorial and of the act of thanksgiving for the *magnalia* of Christ towards his people and finally of *Epiclesis*, of supplication and of waiting for the descent of the Holy Spirit in view of the consecration and of the sanctification of the ecclesial community and of its transformation in view of bearing witness to the Gospel of Christ in the World. The Spirit is the Spirit of the presence of Christ, of the communion with him and of the filial access to the Father: he is the Spirit of our identification with Christ, the Spirit of the presence of Christ at every Eucharist, in each local church, in a word, the Spirit of the sacred Tradition continued in the history. This foundation at the same time Trinitarian and Eucharistic of the Ecclesiology, assures of the equilibrium, the reciprocity of Christ-Holy Spirit in the Church as Institution and Event.

The Church, like the Eucharist, is a mystery of unity. We must be careful not to make the smallest break between the Mystical Body and the Eucharist. The two mysteries must be understood by one another and their point of unity grasped in depth. As de Lubac has pointed out, "It would be wrong to do more than talk of a 'physical' body of Christ present in the Eucharist and then of another body which is 'mystical' merely linking the two more or less closely". That is certainly not how St. Paul saw it. For him there is only one body of Christ - Christ's resurrected humanity. But the Church, which exists only by participating in this humanity of Chirst, the "life-giving spirit', who is offered to her in the Eucharist is herself simply the 'fullness of Him', who fulfills himself wholly in all things *(Pleroma Christi)*. According to St. Paul there is a "mystical identification" between Christ and His Church, and the reality of the Eucharistic presence is a guarantee for us of the "mystical" reality of the Church. Theodore of Mopsuestia in his second homily on Eucharist says: "When we are all fed on the same body of Our Lord, we become the one and only body of Christ". The head and members make one single body; the bridegroom and the bride are "one flesh". There are not two Christs one personal and the other "mystical". And there is certainly no confusion of Head with members, Christians are not "Physical". (or eucharistic) body of Christ, and the bride is not the bridegroom. All distinctions are there, but they do not add up to discontinuity; Church is not just a body, but the body of Christ; man must not separate what God has united therefore let him not separate the Church from the Lord. The mystery of Christ is accomplished when all His members are united to offer themselves, to Him and with Him. For it is in the Eucharist that the mysterious essence of the Church receives a perfect expression, and likewise it is in the Church's Catholic unity that the hidden significance of the Eucharist produces the fruit of effective results: "For the virtue which is there understood is unity, that, into his body, made members of Him, we may be what we receive" (St. Augustine). If the Church is thus the fullness of Christ, in His Eucharist is truly the heart of the Church.

The faith that is God's gift fully and absolutely justifies us to believe that Christ left a memorial Sacrifice of his Body and Blood, renewed at every Holy Eucharist. He also made it possible for us to become one with Him and with one another by participating in this Sacrifice. This union with God and union with one another express in a nutshell the totality of the Christian life. Eating Christ's Body and drinking his Blood unites man with Christ and through Christ with all men. Because no higher goal can be imagined than man's reaching out to God (Principle of his being and final end of his existence) and his earning for peace, love and unity with his eucharistic sacrament is the ultimate among all sacraments, which are conceived preparatory to the Eucharistic celebration. The priesthood itself, in the widest sense of its sacramentality, tends to the Eucharist and identifies its whole mission and ministry, its powers and its leadership, its teaching and sanctifying office, with the very purpose for which Christ instituted the Eucharist that is, to express, from, or realize the Church to be the source of that grace which always makes the church, the people of God, the Body of Christ, "a chosen race and a royal priesthood" (Pet. 2/9). The purpose for which Christ instituted the Eucharist is to bring humanity to God in faith and love, bu uniting that humanity with Christ's Body and Blood at the Eucharistic celebration and offering, thereby making it the one Body of Christ which is the Church. It is the very essence of the Eucharist that it is both Christ's offering of Himself and of his people to the Father and also the people's offering of Christ and of themselves to the Father. A unity thereby is realized, so tremendous as to defy human conception, between God and man, and man with man.

The Eucharist is the centre of the Church because it means the presence of the Paschal mystery in the church, and the inclusion of the entire people of God into this mystery: "The most blessed Eucharist contains the Church's entire spiritual wealth, that is Christ himself, our Passover and living bread" and the faithful " are invited

www.malankaralibrary.com



and led to offer themselves, their labour, and all created things together with him" (PO. 5). Thus the preaching of the Word of God leads up to the Eucharist: " The Eucharist shows itself to be the source and the apex of the whole work of preaching the gospel" (Ibid.). This becomes visible mainly in the Liturgy of the Word which is meant to lead the people to the inner participation in Christ's sacrifice: The proclamation of the death and the resurrection of the Lord is inseparably joined to the response of the people who hear and to the very offering whereby Christ ratified the New Testament in his blood. The faithful share in the offering through their prayers and the reception of the sacrament (PO. 4). Thus the Eucharist leads to the building of the Church: "No Christian community can be built unless it has its basis and centre in the celebration of the most holy Eucharist. Here, therefore, all education in the spirit of community must originate" (PO.6).

**2. Laity and the Church**

The prerogative of royal priesthood or what is called common priesthood-belongs to the church as a whole. It is the priesthood of the whole church, in which all, laymen and ministers share; the ministerial priesthood finds its location within the common priesthood. The clergy alone is not the Church, with lay spectators and the laity alone is not the church, which hires ordained leaders. The ministerial priesthood and the common priesthood together make up the Church in mutual dependence. The celebrant of the Eucharist and the people act in concert, collaboratively. In fact they are concelebrants. The Word concelebration does not apply to clergy alone, as if they together do something that laity do not; the word equally describes the relationship between the laity and the priest in the celebration of the Holy Eucharist. All the faithful at the Eucharistic liturgy whether priests by ordination or laos by baptism-are the church. The church does not exist apart from the first liturgical act of assembly. The term *leiturgia* originally meant " an action by which a group of people become something corporately which they had not been as a mere collection of individuals - a whole greater than the sum of its parts. It meant also a function of 'ministry' of a man or of a group on behalf of and in the interest of the whole community. If the liturgy is the work of a corporate few for the many, then who does liturgy for whom?. Not the priest for the church, but the church for the world. It is not the case that the priest does a liturgy for the church; rather the church does its liturgy for the world. The church is a renewed and sanctified people. The church itself is a renewed and sanctified people. The church itself is a *leiturgia*, a ministry, a calling to act in this world, after the fashion of Christ to bear testimony to Him and His Kingdom, Eucharist is the very epiphany of the ecclesia's eschatological identity.

The royal or common priesthood in the church does not consist in her being a society of priests [ministerial] - for there are both priests and "laymen" in her-but in the fact that she as a whole, as the body of Christ, has priestly ministry in relation to the world, she fulfils the priesthood and intercession of the Lord himself. Again the very distinction between clergy and "laity" inside the church is necessary in order that the church may be in her fullness a sacred organism-for, if the priests are the ministers of the sacraments, then through the sacraments the entire church is sanctified and consecrated for the ministry of Christ, and herself becomes the mystery of the theandric reality of Christ. The "priesthood" of the laity does not consist in their being some sort of priests of a second order in the Church-for the ministers are distinct and must never be confused but in that being the *faithful* i.e., the members of the church, they are ordained into the ministry of Christ to the world and they realize this above all through participation in the offering of Christ's sacrifice on behalf of the world. We should remember that the meaning of the liturgy is not that in it the priest serves for the laity, or that the laity participates in the service each "for himself", but that the entire assembly in the mutual submission of all ministries one to another constitutes a single body for the realization of the priesthood of Christ. We must remember finally, that we do not go to church for ourselves and for our own needs but for the service of Christ's work in the world. For there is other way of our salvation than to give our lives to Christ- " who loves us and has freed us from our sins by his blood and has made us a kingdom, priests to his God and Father (Rev. 1:5-6). We are gathered in the Eucharist' for the fulfilment of this service.

One must not isolate an understanding of Eucharist from the entire liturgical act; the theology of the Eucharist does not begin with historical reviews, theories of real presence, philosophical symbol theory, etc. it begins by discussing the sacrament of the assembly; assembly is the first liturgical act-the gathering is eucharist and the Eucharist is constitutive of the assembly as a church. The Eucharist is not one of seven sacraments, one means of grace among others. It is the premiere sacrament because it is where and how the church exists. Who gathers at this assembly? The church,

www.malankaralibrary.com



which consists of clergy and laity. As we have said earlier the clergy alone is not the church, and the laity alone is not the church which hires ordained leaders. The apostolic priesthood and the universal priesthood together make up the church in mutual dependence the celebrant and the people work in true synergy. They act in concert, collaboratively. The word "concelebration" does not apply to clergy alone, as if they together do something that laity do not, the word equally describes the relationship between the laity and the priest in the Divine Liturgy.

The Eucharist is a closed assembly of the church. In this assembly all are ordained and all serve in the one liturgical action of the church, The Church, which does this liturgical action, is constituted and made manifest in all fullness by everyone together. One can understand what it means to be a royal priesthood only when one contrasts church and world (the whole church, laity too, are to serve a priestly vocation in the world); a false dilemma of clericalism and pseudo democracy results if one contrasts clergy and laity. " A false dilemma arises: either the laity are a passive 'element' and all activity in the church belongs to the clergy, or else some share of the clergy's functions can and therefore must be transferred to the laity. All the faithful at the Eucharistic liturgy-whether priests by ordination or laos by baptism- are church. Because everything was done by Christ, which means no one submits to another, but all together submit to each other in the unity of the divine human life. In the Church the authority of the hierarchy is indeed 'absolute' but not because this authority is granted to them by Christ. Rather, it is because it is the authority of Christ himself, just as the obedience of the laity is itself the obedience of Christ. For Christ is not outside the Church, he is not above the church, but he is in her and she is in Him, as his body". The entire assembly constitutes a single body, realizing the priesthood of Christ. The Church's first service to the world is to proclaim the death of Christ, to confess His resurrection, and to await His coming. Every one who was joined with Christ in baptism is ordained to this ministry. "We are ordained so that, together constituting the Church, we may offer His sacrifice for the sins of the world, and in offering it, witness to salvation".

The priesthood of the bishop and his attendant clergy, is not, properly speaking, a higher dignity in the order of the Christian's participation in the grace of Christ. "It is not a sort of super-Baptism (says de Lubac) which brings into being a class of super Christians, though its recipient receives graces because of it and is by that very fact called, on new grounds to the perfection of the Christian vocation". The priest is not, in virtue of his priestly ordination, more of a Christian than the ordinary believer, the Order he has received is for the sake of the Eucharist, but the Eucharist is for the sake of everyone. All are called, as from this present world, to the same divine life: and that is what makes all one in the same essential dignity, the "Christian dignity". But those who are invested with the priestly character, participates in the Churches mission to engender and maintain the divine life in the people of God, and this by a delegation from God himself. The priest acts as the minister and sacramental representative of Christ; he celebrates, in *persona Christi* (the Head of the Church).

### 3. The Fraternal and Social Dimension of the Eucharist

According to St. John Chrysostom, fraternal love and mercy are only the prolongation of the mystery of Christ lived in the Eucharist. The word 'prolongation' is even too weak and evokes an exterior relation, of cause and effect. It is necessary to say that for Chrysostom, the care and the charge of the poor are inscribed in the heart itself of the mystery of the Eucharist. This is the great originality of the so-called moralist of Antioch, who urges us to a profound modeling of our Eucharistic theology in order no more to isolate the how and the what of the consecration of this fraternal and communitarian dimension of the Eucharist.

"The offering at the altar", says Fr. Hammam, "the eucharistic oblation takes its full significance only if the charity sacramentalised and fetched up in the sacrifice of Christ, comes really to the help of the poor, who also, are the altar of God and the body of Christ. This fraternal dimension is very much moving inChrysostom." Fraternal love is not exterior to the Eucharist, nor secondary in relation to a consecration 'in se' of the Eucharistic species and not less in relation to an 'individual communion' of the faithful:

The Church is not a national art gallery of gold and silver it is a solemn Assembly of angels-She has no table in silver, nor in gold is the cup, in which Christ gives his blood to his disciples to drink. But everything there was precious, everything incited to piety, because everything was full of the Spirit. Don't you wish to honour the body of Christ? Do not scorn it, when you see it naked. What is the good of honoring it by covering it with veils of silk in the churches if you leave it outside to suffer cold and nakedness? The one who has said " This is my body (Mt 26/26) And who has conformed his words with

www.malankaralibrary.com



action, has said also: You have Seen me hungry, and you did not give me to eat, and still more: the One who has not done to one of these least, you have not done to Me" (Mt 25/42-45). For this mysterious body, there is no need of veils, But of pure heart: the members of Christ, i.e., to say the poor have uniquely the need of your solicitude". (Hom. 50,3 the Math).

This beautiful text from Chrysostom is striking through its link and continuity which Chrysostom disengages between the word's of the consecration and the last judgement, whose last criterion is mercy. These are the same creative words of Jesus the high priest and the judge who establishes a double sacramental identity, that of bread to the body of Christ and that of glorified Christ to the smallest of his brothers. Without love, without the unanimous prayer, " the spirit cannot descend." This presupposition of love and of the unity with the coming of Holy Spirit finds its best illustration in the unanimity of the apostles in the cenacle before the coming of the Holy Spirit. Chrysostom has a sharp conscience of the real presence of Christ in the neighbour.

Christ has not limited himself to the death and to the cross, but he has deigned to be poor, vagrant, without home, naked, locked up in prison, sick to attract you to him at least by that. If you do not give yourself up for what I have suffered for you, He says, have at least pity on my misery. If you do not work to have pity on me for my misery and suffering have pity on the poor, the naked, the sick, the imprisoned with all of whom I have identified myself.

Love for the poor and indigent has its source in love for the Eucharist. We can find Christ's real presence in the poor, only when we have found him really present in the Eucharist. Christ invites the poor to be his special guests at his banquet. We cannot enjoy the company of the King, nor receive the gift of life and salvation and not bring others to partake of the bounty of his table. All are honored guests even the suffering and the cast-off of society.

The Eucharist exacts and demands love of neighbour. The Eucharistic celebration has no significance if it remains self-centred enjoyment. It is a gift to be shared, not kept in petty isolation. It is of its nature expansive, outgoing and all inclusive. Unless it drives us to loving the poor Eucharistic devotion will be all in vain. It will frustrate the Sacrament. It will make a mockery of Christ's work of salvation.

As Christ gives himself to us in the Eucharist to be our victim our bread of life, our companion in exile, so ought we to be victims, that is servants of the poor, by the dedication of our life, even to death. We must feed them with the bread of life,, give them their daily sustenance; we must give them a sense of their dignity as sons of the Father and brothers of Christ, by our all out effort to raise them to a level of human decency, which will ultimately raise them to the dignity of members of God's household.

**4. The liturgy after the liturgy; ie. continuing of liturgy in life**

The liturgy is not an escape from life, but a continuous transformation of the life according to the prototype Jesus Christ the power of the Holy Spirit. In the liturgy we not only have a message but we participate in the great event of liberation from sin and in the event of communion (Koinonia) with Christ through the real presence of the Holy Spirit: this event of our personal incorporation into the Body of Christ. This transfiguration of our little being into a member of Christ, must be evident and proclaimed in our actual life.

The liturgy has to be continued in personal everyday situations. Each of the faithful is called upon to continue a personal liturgy on the secret altar of his own heart, to realize a living proclamation of the good news for the sake of the whole world. Without this continuation the liturgy remains incomplete. Since in the eucharistic event we are incorporated in Him who came to serve the world and to be sacrificed for it, we have to express in concrete *diakonia* in community life- our new being in Christ the servant of all. The sacrifice of the Eucharist may be extended in personal sacrifices for the people in need, the brothers for whom Christ died. Since the liturgy is the participation in the great event of liberation from demonic powers, the continuation of liturgy in life means a continuous liberation from the powers of the evil that are working inside us, a continual re-orientation and openness to insights and efforts aimed at liberating human person from all demonic structures of injustice exploitation, agony, lonelines and at creating real communion of persons in love.

This personal everyday attitude become"liturgical" in the sense that (a) it draws power from the participation in the sacrament of the Holy Eucharist through which we receive the grace of the liberating and unifying Spirit, (b) it constitutes the best preparation for a new more conscious and existential participation in the Eucharist and (c) it is a living expression - in terms clear to everybody- of the real transformation of men and women in Christ.

The liturgy after the liturgy is the life of the people who have participated in the liturgy to sanctify and redeem the world in all levels of life (the liturgy or prayer of the heart about which the early Syriac Fathers like St. Ephrem speaks). ◆◆


www.malankaralibrary.com





# മലങ്കരസഭയിലെ സന്യാസ സമൂഹങ്ങൾ

Rev. Dr. ജോർജ്ജ് തോമസ് കല്ലുങ്കൽ
(സുപ്പീരിയർ ജനറൽ, ബഥനി)



### സന്യാസം സാർവ്വത്രിക സഭയിൽ

സഭയുടെ ആരംഭകാലം മുതലേ സന്യാസജീവിതം നിലവിലുണ്ടായിരുന്നു. എല്ലാ കാലഘട്ടത്തിലും ഏതു സാഹചര്യങ്ങളിലും യേശുക്രിസ്തുവിനെ ഏറ്റം അടുത്തനുകരിച്ചുകൊണ്ട് സുവിശേഷോപദേശങ്ങളുടെ പ്രോജ്വല പ്രകാശനങ്ങളായി ജീവിച്ച് ദൈവരാജ്യത്തിന് അചഞ്ചലമായ സാക്ഷ്യം നൽകുവാൻ സഭയിൽ രൂപം പ്രാപിച്ച സ്ഥിരമായ ഒരു ജീവിതാവസ്ഥയാണ് സന്യാസജീവിതം. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു നല്കിയ ദാനമാണിത്. വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ തങ്ങളെതന്നെ ക്രിസ്തുവിന് സമർപ്പിച്ചുകൊണ്ട് തന്നോടുകൂടെ ആയിരുന്നു നിർമ്മലനും ദരിദ്രനും അനുസരണയുള്ളവനുമായിരുന്ന അവിടുത്തെ സവിശേഷതകൾ ലോകത്തിൽ എന്നും ദൃശ്യമാക്കുവാൻ വിളിച്ചു വേർതിരിക്കപ്പെട്ടവരാണ് സന്യസ്തർ. ക്രിസ്തുവിനെപ്പോലെതന്നെ ദൈവത്തേയും തങ്ങളുടെ സഹോദരീസഹോദരന്മാരെയും സേവിക്കുന്നതിനു സമർപ്പിതമായ ജീവിതമാണവരുടേത്.

സന്യാസജീവിതം സഭയിൽ ഒറ്റപ്പെട്ട ഒരു ജീവിതരീതിയല്ല. സഭയെ മുഴുവൻ ബാധിക്കുന്ന സഭയ്ക്കുള്ളിലുള്ള ഒരു യാഥാർത്ഥ്യമാണത്. സഭാദൗത്യത്തിന്റെ നിർണായകഘടകമായി, സഭയുടെ ഹൃദയമായി അത് സ്ഥിതിചെയ്യുന്നു. സഭാജീവിതത്തിന്റെ വിശുദ്ധിയുടെയും ദൗത്യത്തിന്റെയും ദൃഢബദ്ധമായ ഒരു ഭാഗമാണത്. സഭയുടെ ഇതുവരെയുള്ള ചരിത്രത്തിലുടനീളം ഉണർത്തിയിട്ടുള്ളതും ഇന്ന് നിലനില്ക്കുന്നതുമായ അനേകായിരം സന്യാസസമൂഹങ്ങൾ സമർപ്പിതജീവിതത്തിന്റെ വിവിധ രൂപഭാവങ്ങളായി നിലകൊള്ളുന്നു.

### സന്യാസം മലങ്കരയിൽ

പൗരസ്ത്യ സഭാപാരമ്പര്യത്തിൽ പൗരസ്ത്യ ആദ്ധ്യാത്മികതയുടെ കേന്ദ്രഭാഗമായിട്ടാണ് സന്യാസത്തെ കരുതുന്നതും അവതരിപ്പിക്കുന്നതും. സഭാത്മക ജീവിതത്തിനും രൂപഭാവങ്ങൾ നൽകുകയും ഇവയെല്ലാം അതിന്റെ തനിമയിലും പരിശുദ്ധിയിലും പരിരക്ഷിക്കുകയും ചെയ്തിട്ടുള്ളത് സന്യാസികളാണ്. ഒരു സന്യാസ-താപസിക-ആദ്ധ്യാത്മികതയാണ് സുറിയാനിസഭകൾക്കുള്ളത്. സഭാപാരമ്പര്യങ്ങൾ ഇത് വ്യക്തമാക്കുന്നു. അന്ത്യോക്യൻ സുറിയാനി പാരമ്പര്യങ്ങളിൽ സഭാമേലദ്ധ്യക്ഷൻമാർ സന്യാസം സ്വീകരിച്ചവരാണ്. പള്ളിയും ദയറായും തമ്മിലുള്ള അഭേദ്യമായ ബന്ധം സുറിയാനി സഭയുടെ ദൈവശാസ്ത്രത്തിലും സഭാവിജ്ഞാനീയത്തിലും ആഴമായി വേരൂന്നിയിട്ടുള്ളതാണ്.

അന്ത്യോക്യൻ സുറിയാനി പാരമ്പര്യങ്ങളിൽ വേരുറപ്പിച്ച് വളർന്നു പന്തലിക്കുന്ന മലങ്കര കത്തോലിക്കാ സഭയുടെ ഉത്ഭവം ഒരു സന്യാസപ്രസ്ഥാനത്തിന്റെ അകത്തളങ്ങളിൽ നിന്നായിരുന്നുവെന്നതും അവിടെ നിന്നാണത് ആദ്യചൈതന്യം സ്വീകരിച്ചത് എന്നതും ചരിത്രപരമായ വസ്തുതകളാണ്. ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനശൈ

www.malankaralibrary.com



വരണം. ഇതിനുള്ള മാർഗ്ഗം ത്യാഗമാണ്. പരിത്യാഗം. പരിത്യാഗത്തിന്റെ പൂർണരൂപ മാണ് സന്യാസം. പരിത്യാഗത്തെ അക്ഷരപ്രകാരം ബാഹ്യമായും ആഭ്യന്തരമായും നിവർത്തിക്കുവാൻ കഴിയുന്നവനാണ് സന്യാസി. അപ്പോൾ സന്യാസ പഥമാണ് ഇതിനുള്ള സുരക്ഷിതമായ വഴി എന്നദ്ദേഹത്തിന് ബോധ്യപ്പെടുകയും സന്യാസികളടങ്ങുന്ന ഒരു സമൂഹം സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

പ്രാചീനകാലം മുതലേ സന്യാസം വളരെ ആഴത്തിൽ വേരൂന്നിയിട്ടുള്ള ഭാരതത്തിൽ സ്ഥാപിതമാകുന്ന സന്യാസപ്രസ്ഥാനത്തിന് ആർഷഭാരത സംസ്കാരത്തിൽ നിന്നും സന്യാസ മൂല്യങ്ങളിൽനിന്നും ഉൾക്കൊള്ളാവുന്നവയെല്ലാം ഉൾക്കൊണ്ടുകൊണ്ടുള്ള ജീവിതാവിഷ്കാരവും ജീവിത ശൈലിയും നല്കണമെന്നദ്ദേഹം നിഷ്കർഷിച്ചു. അങ്ങനെ ക്രൈസ്തവ സന്യാസത്തെ തികച്ചും ദേശീയമായ, ഭാരതീയമായ ഒരു ജീവിതശൈലിയിലൂടെ അവതരിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പുതിയ സമൂഹത്തിനു രൂപം നല്കിയത്.

സന്യാസത്തിന്റെ ശക്തി മലങ്കരസഭയ്ക്ക് ആദ്ധ്യാത്മികമായ നവചൈതന്യം പകർന്നും ഗിരിമുകളിൽ തെളിയിച്ച ദീപംപോലെ സഭയിലാകമാനം ആശ്രമം പുണ്യപ്രഭ വിടർത്തിനിന്നും സന്യാസികൾ അവരുടെ ജീവിതവിശുദ്ധികൊണ്ടും പ്രേഷിത പ്രവർത്തനത്തിലൂടെയും സഭയുടെ ശ്രദ്ധാകേന്ദ്രങ്ങളായി. ഏറെത്താമസിയാതെ ചെലവഴിച്ചതിന്റെ അവസാനത്തിലാണ് ഒരു സന്യാസസമൂഹം മലങ്കരയിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം ബോധവാനായത്. അന്നദ്ദേഹം കൽക്കത്തയിൽ സെറാമ്പൂർ കോളജ് പ്രൊഫസർ ആയിരുന്നു. തന്നിലങ്കുരിച്ച ഈ ബോധ്യം തന്നെയാണ് ദൈവത്തിന്റെ ഹിതവും എന്ന് മനസ്സിലാക്കാൻ പലവിധ പരീക്ഷണങ്ങളിലൂടെ അദ്ദേഹം കടന്നുപോയി. അനേകനാളുകൾ ക്ഷമാപൂർവ്വം കാത്തിരിക്കേണ്ടിവന്നു. പരിശുദ്ധാത്മനിറവിൽ എല്ലാം വ്യക്തമായപ്പോൾ സന്യാസമെന്ന വിലപ്പെട്ട ആ നിധി സ്വന്തമാക്കാൻ തന്റെ ജീവിതം അദ്ദേഹം പൂർണമായി സമർപ്പിച്ചു.

യേശുവിന്റെ ശിഷ്യൻമാരെപ്പോലെ സർവ്വസംഗപരിത്യാഗികളായി ഗോഗുൽത്തായിൽ പ്രകടമായ അവിടുത്തെ ത്യാഗത്തിന്റെയും 'സഹനത്തിന്റേയും ജീവിതം ഏറ്റുവാങ്ങി തന്നെ പിൻചെല്ലുവാൻ സ്വയം സമർപ്പിക്കുന്ന സ്ത്രീപുരുഷൻമാർ മലങ്കരസഭയിൽ ഉണ്ടാകണമെന്നും അവരിലൂടെ ക്രിസ്തുസുവിശേഷം സഭയ്ക്കുള്ളിലും പുറത്തും പ്രചരിക്കപ്പെടണമെന്നും ആയിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഇപ്രകാരമുള്ളവരുടെ സമ്പാദ്യം ദൈവം മാത്രമാണ്. ദൈവസേവനത്തേക്കാൾ ദൈവസമ്പാദനമാണ് അത്യുത്തമം. ദൈവസമ്പാദനത്തിനവർ പ്രാമുഖ്യം നൽകണം. സമ്പാദിച്ച ദൈവത്തെ, ദൈവാനുഭവത്തെയാണവർ സേവനത്തിലൂടെ നൽകേണ്ടത്. ദൈവാനുഭവത്തിൽ നിറവുള്ളവരായി സേവനപാതയിലേക്കു ലിയും ജീവിതനിയമങ്ങളും വ്യാഖ്യനിച്ചു മനസ്സിലാക്കിക്കൊടുക്കുകയും സ്വന്തം ജീവിതത്തിലൂടെ ദൃഷ്ടാന്തീകരിക്കുകയും ചെയ്ത ആദിമസഭയിലെ സന്യാസികളെപ്പോലെ മലങ്കര കത്തോലിക്കാസഭയുടെ പ്രാരംഭഘട്ടങ്ങളിൽ മലങ്കര സഭയിലെ ആദ്യസന്യാസികളാണ് സഭാജീവിതത്തിന്റെ വ്യാഖ്യാതാക്കളും മാനദണ്ഡങ്ങളും വിശ്വസ്തരായ പരിപാലകരുമായി നിലകൊണ്ടത്. മലങ്കര സഭാദ്ധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ വാക്കുകളിൽ 'മലങ്കര കത്തോലിക്കാസഭയിലെ ആദ്യത്തെ വിശ്വാസികൾ സന്യസിമാർ ആയിരുന്നു. സന്യസത്തോളമുയർന്ന ജീവിതനിലവാരമുള്ള ഒരു സഭയാണ് മലങ്കരസഭ. മലങ്കരസഭയിലെ ദൈവജനം മുണ്ടൻമലയിലെ ബഥനിയുടെ പിൻതുടർച്ചക്കാരാണ്. അങ്ങനെ സത്താപരമായും ചരിത്രപരമായും മലങ്കര കത്തോലിക്കാസഭ സന്യാസജീവിതവുമായി ഇഴുകിച്ചേർന്നിരിക്കുന്ന ഒരു സഭാസമൂഹമാണ്.

### മാർ ഈവാനിയോസിന്റെ സന്യാസ ദർശനം

ചെറുപ്പംമുതലെ സന്യാസത്തോട് ആഭിമുഖ്യം പുലർത്തിയിരുന്ന ഒരു വ്യക്തിയായിരുന്നു മലങ്കരസഭാശില്പിയായ മാർ ഈവാനിയോസ് പിതാവ്. താൻ പ്രാണനുതുല്യം സ്നേഹിച്ച മലങ്കര സുറിയാനി സമുദായത്തിന്റെ ആദ്ധ്യാത്മിക അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി മനമുരുകി പ്രാർത്ഥനാപൂർവ്വം ചിന്തിച്ചു കൊണ്ടു ദിനരാത്രങ്ങൾ

www.malankaralibrary.com



സ്ത്രീകൾക്കുള്ള സമൂഹവും സ്ഥാപിച്ചു. ഈ സന്യാസ ചൈതന്യമാണ് മലങ്കര കത്തോലിക്കാ സഭയിലേക്കൊഴുകിയത്.

### മലങ്കരസഭയിൽ പ്രവർത്തിക്കുന്ന സന്ന്യാസസമൂഹങ്ങൾ

ഇന്ന് മലങ്കര കത്തോലിക്കാ സഭയിൽ നിരവധി സന്യാസസമൂഹങ്ങളിൽപ്പെട്ട സന്യസ്തർ പ്രേഷിതപ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവിടെ സ്ഥാപിതമായ സമൂഹങ്ങളിൽപ്പെട്ടവരും മറ്റു സ്ഥലങ്ങളിൽ സ്ഥാപിതമായ സമൂഹങ്ങളിൽ നിന്ന് ഇവിടെ വന്ന് പ്രവർത്തിക്കുന്നവരുമാണവർ. ഈ സമൂഹങ്ങളെക്കുറിച്ചുള്ള ഒരു ലഘുവിവരണം ചുവടെ ചേർക്കുന്നു.

### ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹം

### (Order of the Imitation of Christ (OIC))

പുണ്യശ്ലോകനായ മാർ ഇവാനിയോസ് പിതാവിനാൽ സ്ഥാപിതമായ മലങ്കര സഭയിലെ ആദ്യത്തെ സന്യസസമൂഹമാണിത്. കൽക്കത്തയിലെ സെറാമ്പൂർ കോളജ് പ്രൊഫസർ ആയിരുന്ന കാലത്ത് മലങ്കര സഭാസമുദായത്തിന്റെ ആത്മീയ ഉത്കർഷത്തെപ്പറ്റി ആഴമായി ചിന്തിച്ച് പ്രതിവിധികൾ അന്വേഷിച്ചതിന്റെ ഫലമായിട്ടാണ് ഇപ്രകാരമൊരാശയം അദ്ദേഹത്തിലുദിച്ചതും പ്രാരംഭ നടപടികൾ സ്വീകരിച്ചതും. പിന്നീട് തന്റെ പ്രൊഫസർ പദവിയെല്ലാം ഉപേക്ഷിച്ച് സർവസംഗപരിത്യാഗിയായി 1919 ആഗസ്റ്റ് 15-ാം തീയതി പെരുനാട്ടിലെ മുണ്ടൻമലയിൽ ബഥനി ആശ്രമം ഔദ്യോഗികമായി സ്ഥാപിച്ചുകൊണ്ട് ശിഷ്യരോടൊപ്പം സന്യാസ ജീവിതം ആരംഭിച്ചു.

പൗരസ്ത്യ-ഭാരതീയ സന്യാസത്തിൽ സാക്ഷാത്കരിക്കപ്പെട്ട ഒരു ജീവിതശൈലിയിലൂടെ നമ്മുടെ കർത്താവേശുമിശിഹായെ തന്റെ പ്രാർത്ഥനാപരവും കർമ്മപരവുമായ ജീവിതത്തിൽ അനുകരിക്കുക എന്നതാണ് സമൂഹത്തിന്റെ പ്രത്യേക സ്വഭാവം. സമ്പന്നമായ ഭാരതീയ സംസ്കാരവും ദൈവോന്മുഖമായ ഭാരതീയ സന്യാസവും ജീവിതശൈലിയും ഇതുവഴി പരിരക്ഷിക്കുകയും ക്രിസ്തുവിൽ പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നു. മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണവും ഭാരതത്തിന്റെ സുവിശേഷവത്ക്കരണവുമാണ് പ്രത്യേക ലക്ഷ്യം. ലളിതമായ ജീവിതം, കാഷായവേഷം, ആരാധനാ കേന്ദ്രീകൃതമായ പ്രാർത്ഥനാ ജീവിതം, സസ്യാഹാരം, കഠിനാധ്വാനം, പഠനം, ജീവകാരുണ്യപ്രവർത്തനങ്ങൾ ഇവയിലൂടെയെല്ലാം ഈ ദർശനം യാഥാർത്ഥീകരിക്കപ്പെടുന്നു. അങ്ങനെ മാർ ഈവാനിയോസ് മലങ്കരയിലെ ആദ്യത്തെ ഭാരതീയ ക്രൈസ്തവ സന്യാസപ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. വിപ്ലവകരമായിരുന്നു ഈ പ്രസ്ഥാനം. കത്തോലിക്കാ സഭയുടെ മടിത്തട്ടിൽ ബഥനി സന്യാസസമൂഹം വളർച്ചയാരംഭിക്കുകയായിരുന്നു. അന്നത്തെ ചരിത്രപരമായ പ്രത്യേക സാഹചര്യത്തിൽ അപ്പസ്തോല പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന ജീവിതശൈലി ക്രമേണ സ്വീകരിച്ചു. 1966 ഏപ്രിൽ 12 ന് സമൂഹം പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെട്ടു.

കഴിഞ്ഞ 81 വർഷമായി ബഥനി സമൂഹാംഗങ്ങൾ മലങ്കരസഭയിലെ എല്ലാ രൂപതകളിലും ബാഹ്യകേരളമിഷനിലും, യൂറോപ്പിലും അമേരിക്കയിലുമായി സേവനമനുഷ്ഠിക്കുന്നു. ഈ മഹാജൂബിലിവർഷം ബഥനിയിൽ രണ്ടു പ്രൊവിൻസുകൾക്ക് രൂപം നല്കി. 2000 മെയ് 25-ാം തീയതിയായിരുന്നു ഔദ്യോഗിക പ്രഖ്യാപനം. 98 വൈദികരും 10 സന്യാസ സഹോദരന്മാരും 109 വൈദിക വിദ്യാർത്ഥികളും ഇപ്പോഴുണ്ട്. ഇടവക ജോലികൾ, സുവിശേഷ പ്രഘോഷണം, ധ്യാനയോഗങ്ങൾ, സാമൂഹികപ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, സമ്പർക്ക മാദ്ധ്യമങ്ങൾ വഴിയുള്ള പ്രേഷിത പ്രവർത്തനം, സഭൈക്യ പ്രവർത്തനങ്ങൾ, മുദ്രണാലയം എന്നീ മേഖലകളിലെല്ലാം ആശ്രമാംഗങ്ങൾ കർമ്മനിരതരാണ്. കേന്ദ്രഭവനം കോട്ടയത്താണ്.

### ഫ്രാൻസിസ്കൻ മിഷനറി സമൂഹം (Missionary Brothers of St. Francis of Assisi (CMSF))

1901 -ൽ പൗലോസ് മോറിറ്റ്സ് എന്ന ജർമ്മൻ പൗരനാൽ ഇന്ത്യയിൽ സന്യാസ സഹോദരന്മാർക്ക് വേണ്ടി മാത്രം സ്ഥാപിതമായ സമൂഹമാണിത്. ഫ്രാൻസിസ്കൻ ലാളിത്യവും മിഷനറി ചൈതന്യവും സമന്വയിപ്പിച്ച് ക്രിസ്തുസന്ദേശം പ്രചരിപ്പിക്കുക എന്ന പ്രത്യേക ലക്ഷ്യമാണുള്ളത്. ഇടവക പ്രവർത്തനങ്ങൾ അനാഥാലയങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ പ്രത്യേകം ശ്രദ്ധ കൊടുക്കുന്നു. ഇന്ത്യയിൽ നാലു പ്രൊവിൻസു

www.malankaralibrary.com

## അന്നും
## 7ാം വാർഷികം


സെന്റ് ജോൺസ് കത്തീഡ്രൽ
തിരുവല്ലാ
13-9-1937

മാന്യരെ,

നിതാന്തവന്ദ്യദിവ്യശ്രീമാന്മാരായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും, മാർ തീയോഫീലോസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടും ആരംഭിച്ച കത്തോലിക്കാസഭയുമായുള്ള പുനരൈക്യപ്രസ്ഥാനത്തിന്റെ ഏഴാമതു വാർഷികദിനാഘോഷം 13 സെപ്റ്റംബർ 1937 ഞായറാഴ്ച തിരുവല്ലാ കത്തീഡ്രൽ പള്ളിയിൽവച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നതിനാൽ തദവസരത്തിൽ സകല മഹതീമഹാന്മാരുടേയും സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്

സ്വീകരണക്കമ്മറ്റി പ്രസിഡന്റ്,
റവ: ഫാദർ തീത്തൂസ് റ്റി.ഒ.സി.ഡി.



ആദ്യകാല പുനരൈക്യ വാർഷികങ്ങളിലൊന്ന്

## ഇന്നു
## 70ാം വാർഷികം

Tiruvalla
5-12-2000

The Malankara Catholic Hierarchy requests the honour of your presence at the concluding ceremonies of **Christu Jayanthi and the Sapthathi** of the Reunion Movement.

**His Beatitude Moran Mor Ignace Moussa Daoud**, the Patriarch of Antioch and the Prefect-designate of the Congregation for the Oriental Churches, Rome, will be the Chief Guest on the occasion.

Looking forward to welcome you to the programme,

Yours sincerely,

Rt. Rev. Thomas Mar Koorilos
General Convener

| | | |
|---|---|---|
| **Venue** | : | **Mar Ivanios Nagar (Municipal Ground, Tiruvalla)** |
| **Date** | : | **26, 27, 28 December 2000** |


www.malankaralibrary.com



മദർ ഫിലോമിന S.I.C.
മദർ ജനറാൾ, ബഥനി



സി. മേരിശോശാമ്മ O.S.S.
അന്തർദേശീയ അദ്ധ്യക്ഷ
(ഹോളി സ്പിരിററ്)



ആബട്ട് ഫ്രാൻസിസ് ആചാര്യ
കുരിശുമല ആശ്രമം



വെരി റവ. ഡോ. ജോർജ്ജ്
തോമസ് കല്ലുങ്കൽ
സുപ്പീരിയർ ജനറാൾ, ബഥനി



മദർ ഫെലിക്സ് ഡി.എം.
(മദർ ജനറാൾ, മേരി മക്കൾ)

www.malankaralibrary.com


*Best Compliments from*



Kileelathu Chacko



Kileelathu Varghese Chacko



തരകൻ ജേക്കബ്, മോളി, ജില്ലു, ജിഷ & ജീവൻ
ന്യൂ ജേഴ്സി



www.malankaralibrary.com



കളാണുള്ളത്. എൺപതിലധികം സന്യാസ ഭവനങ്ങൾ ഉണ്ട്. കേന്ദ്രഭവനം മുംബെയിലാണ്.

1934- ൽ മാർ ഈവാനിയോസ് പിതാവും, സമൂഹസ്ഥാപകനും തമ്മിലുണ്ടായ ഒരു കൂടിക്കാഴ്ചയുടെ ഫലമായിട്ടാണ് ബ്രദേഴ്സിന്റെ പ്രവർത്തനങ്ങൾ മലങ്കര കത്തോലിക്കാ സഭയിലാരംഭിച്ചത്. 1936-ൽ ആദ്യഭവനം പന്തളത്താരംഭിച്ചു. അവിടെനിന്നും തെക്കൻ തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചു.

ഇപ്പോൾ സെന്റ് തോമസ് പ്രൊവിൻസിന്റെ കീഴിലുള്ള 28 ഓളം ബ്രദേഴ്സ് നാലാഞ്ചിറ, ആല, അമ്പൂരി, പനവൂർ, കാരേറ്റ് എന്നീ പ്രദേശങ്ങൾ കേന്ദ്രമാക്കി മലങ്കരസഭയിൽ അജപാലന, വിദ്യാഭ്യാസ, സാമൂഹിക പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നു. മലങ്കര ബാഹ്യ കേരളമിഷനിലെ ബോംബേ ബോറിവില്ല മിഷനിൽ ബ്രദേഴ്സിന്റെ സേവനം വളരെ ശക്തമാണ്.

### കുരിശുമല ആശ്രമം ക്രിസ്തീയ സന്യാസ സമാജ് (K.S.S)

ബൽജിയംകാരനായ സിസ്റ്റേഴ്സിയൻ സഭാംഗം ഫ്രാൻസിസ് ആചാര്യയും, ഇംഗ്ലണ്ടുകാരനായ ബനഡിക്റ്റൈൻ സന്യാസ സഭാംഗം ബീഡ്ഗ്രിഫ്തും ഒത്തുചേർന്ന് 1957 നവംബർ 3-ാം തീയതി വാഗമണ്ണിൽ കുരിശുമലയിൽ തിരുവല്ലാ രൂപതാദ്ധ്യക്ഷൻ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ അനുവാദത്തോടും അനുഗ്രഹാശിസുകളോടുംകൂടി സ്ഥാപിച്ച ഒരു സ്വതന്ത്ര എപ്പാർക്കിയൽ മൊണസ്റ്ററിയാണിത്. ഭാരതീയ ക്രിസ്ത്യൻ ആശ്രമം എന്ന ദർശനത്തിന്റെ ഒരു പ്രായോഗിക ആവിഷ്കാരമാണ് കുരിശുമല ആശ്രമം. ക്രിസ്തീയ സന്യാസത്തിലെ വിശിഷ്ട ഘടകങ്ങളും അന്ത്യോക്യൻ സുറിയാനി ആരാധനക്രമങ്ങളും, പാരമ്പര്യങ്ങളും ഭാരതീയ സന്യാസ ജീവിതശൈലിയുമെല്ലാം സമന്വയിപ്പിച്ചുകൊണ്ടുള്ള ധ്യാനാത്മകമായ (Contemplative) ജീവിതരീതിയാണവർ സ്വീകരിച്ചിട്ടുള്ളത്.

ലളിതമായ ജീവിതം, നിരന്തരമായ പ്രാർത്ഥന, അന്ത്യോക്യൻ ആരാധനക്രമത്തിന്റെ പൂർണ്ണ മായ അനുഷ്ഠാനം, മൗനം, ഏകാന്തത, കായികാധ്വാനം, പഠനം ഇവയിലെല്ലാം ഊന്നൽ നൽകിയിട്ടുള്ള ജീവിതക്രമം ആണ് സ്വീകരിച്ചിട്ടുള്ളത്. അദ്ധ്വാനത്തിലൂടെ സമ്പാദിച്ചിട്ടുള്ളവ സാധുജനസംരക്ഷണത്തിനായി വിനിയോഗിക്കുന്നു. എക്യുമെനിക്കൽ പ്രവർത്തനങ്ങൾ, മതങ്ങൾ തമ്മിലുള്ള ഡയലോഗ്, പ്രസിദ്ധീകരണങ്ങൾ ഇവയ്ക്കും നേതൃത്വം നൽകുന്നു.

1998 ജൂലൈ 9 ന് കുരിശുമല ആശ്രമം സിസ്റ്റേഴ്സ്യൻ (OCSO) സന്യാസസമൂഹത്തോട് ഔദ്യോഗികമായി സംയോജിപ്പിക്കുകയും (Incorporate) 1999 ഒക്ടോബർ14 ന് ഫ്രാൻസിസ് ആചാര്യയെ റീശ് ദയറോയോ (ആബട്ട്) ആയി ഉയർത്തുകയും ചെയ്തു.

### കപ്പൂച്ചിൻ സന്യാസസമൂഹം Order of the Friars Minor capuchin (O.F.M. Cap)

1525-ൽ ഫാ. മത്തേയോ ദെബാസിയാൽ ഇറ്റലിയിൽ സ്ഥാപിച്ച സന്യാസ സമൂഹമാണിത്. വി. ഫ്രാൻസിസ് അസ്സീസിയാൽ സ്ഥാപിതമായ സന്യാസ കുടുംബത്തിലെ ശാഖയാണിത്. വി. ഫ്രാൻസിസിന്റെ ലാളിത്യവും താപസികതയും അതിന്റെ തനിമയിൽ ജീവിച്ചുകൊണ്ട് പ്രേഷിത പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുന്നു.

1963 മുതൽ കേരളത്തിലെ സെന്റ് ജോസഫ് പ്രോവിൻസിൽപ്പെട്ട ഏതാനും അംഗങ്ങളാണ് മലങ്കര കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്നത്. തിരുവനന്തപുരം അതിരൂപതയിൽ മുഖത്തല കേന്ദ്രമാക്കിയാണ് അവരുടെ പ്രവർത്തനം. ബ. കത്ബർട്ട് അച്ചന്റെ നേതൃത്വത്തിലാണ് പ്രേഷിതപ്രവർത്തനങ്ങൾ മലങ്കരയിൽ തുടങ്ങിയത്. പല മിഷനുകളിലും അജപാലന പ്രവർത്തനങ്ങൾ, വിദ്യാഭ്യാസരംഗങ്ങൾ ഇവ അവർ ആരംഭിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### ക്രിസ്തു സന്യാസ സമാജ് ചായൽപ്പടി ആശ്രമം.

കുരിശുമല ആശ്രമാംഗമായിരുന്ന ബ. ഫിലിപ്പോസ് നാടമലയച്ചൻ 1972 മെയ് 22-ാം തീയതി പത്തനംതിട്ട ജില്ലയിലെ അങ്ങമുഴി ആസ്ഥാനമാക്കി ആരംഭിച്ചതാണ് ഈ ആശ്രമം. കുരിശുമല ആശ്രമജീവിതത്തിലെ ചില അടിസ്ഥാന ആശ്രമ ജീവിതശൈലി സ്വീകരിച്ചുകൊണ്ട് കൂടുതൽ അജപാലന പ്രവർത്തന രംഗങ്ങളിലേക്കും വിദ്യാഭ്യാസ സാമൂഹിക ക്ഷേമപ്രവർത്തനങ്ങളിലേക്കും കടന്നുവരുന്ന ഒരു ജീവിത രീതിയാണ് അനുവർത്തിക്കുന്നത്.

### ധ്യാനാശ്രമം

ബത്തേരി രൂപതയിൽ നമ്പ്യാർകുന്ന് ആസ്ഥാനമാക്കി

www.malankaralibrary.com


*Best Compliments from*
*The Vicar and Members of*



**ST. MARY'S MALANKARA**
**CATHOLIC CHURCH**
**DALLAS**

116 EAST AVENUE-D
GARLAND - TEXAS 75040
U.S.A.

TEL: 972 494 5356
972 272 4641

www.malankaralibrary.com



1979 മെയ് 15-ാം തീയതി കുരിശുമല ആശ്രമാംഗമായിരുന്ന ബ. സിൽവസ്റ്റർ കോഴിമണ്ണിലച്ചൻ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ അനുവാദത്തോടും, ആശീർവാദത്തോടും കൂടെ സ്ഥാപിച്ചതാണ് ധ്യാനാശ്രമം. ഇന്ത്യൻ ക്രിസ്ത്യൻ ആശ്രമം എന്ന ആശയത്തിന്റെ മറ്റൊരു പ്രായോഗിക ആവിഷ്കരണമാണിത്.

മലങ്കര സുറിയാനി ആരാധനക്രമം അടിസ്ഥാനമാക്കിയുള്ള പ്രാർത്ഥനാ ജീവിതം, ഏകാന്തത, മൗനം, ധ്യാനം, കായികാദ്ധ്വാനം ഇവയ്ക്കെല്ലാം പ്രാധാന്യം നൽകുന്ന ജീവിതരീതിയാണിവിടെ അനുവർത്തിക്കുന്നത്. ഇക്കഴിഞ്ഞ സെപ്റ്റംബർ 20 ന് ബത്തേരി രൂപതാദ്ധ്യക്ഷൻ ധ്യാനാശ്രമത്തിന്റെ Typicon ഔദ്യോഗികമായി അംഗീകരിച്ച് പ്രഖ്യാപിക്കുകയും ഒരു എപ്പാർക്കിയൽ ആശ്രമം ആയി അതിനെ ഉയർത്തുകയും ചെയ്തു.

### ക്രിസ്തു സന്യാസ സമാജം
### ശാന്തി ആശ്രമം

1987 ൽ കുരിശുമല ആശ്രമാംഗമായിരുന്ന സ്വാമിജി ക്രിസ്പിൻ ആചാര്യ കന്യാകുമാരി ജില്ലയിലെ മുക്കൽ എന്ന സ്ഥലത്ത് ആരംഭിച്ചതാണ് ശാന്തി ആശ്രമം. കുരിശുമലയിലെ "ഭാരതീയ സംസ്കാരികാനുരൂപണം" എന്ന ആശയം ആവിഷ്ക്കരിച്ചുകൊണ്ട് ധ്യാനാത്മകമായ ഒരു ശൈലിയാണ് അവർ സ്വീകരിച്ചത്.

അവിടെ കടന്നുവരുന്നവർക്ക് ആദ്ധ്യാത്മിക ഉപദേശം, യോഗാ പരിശീലനം, ഹോമിയോ ഹെർബൽ ചികിത്സ, ആതുര ശുശ്രൂഷ, വൃദ്ധജന പരിചരണം, കൃഷി പരിശീലനം എന്നീ പ്രവർത്തനങ്ങൾ ആചാര്യയും ശിഷ്യന്മാരും ഏറ്റെടുത്ത് നടത്തുന്നുണ്ട്.

### സലേഷ്യൻ സമൂഹം
### Salesians of Don Bosco (S.D.B.)

വി. ഡോൺബോസ്കോ 1859-ൽ ഇറ്റലിയിൽ സ്ഥാപിച്ചതാണ് ഈ സമൂഹം. യുവജനങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രേഷിതപ്രവർത്തനങ്ങൾക്കും അവരുടെ വിശ്വാസ രൂപീകരണത്തിനും പ്രത്യേക ശ്രദ്ധ നൽകുന്ന സന്യാസസമൂഹമാണിത്. കേന്ദ്രഭവനം റോമിലാണ്.

ഇന്ത്യയിലെ ബാംഗ്ലൂർ പ്രോവിൻസിന്റെ കീഴിലുള്ള ഒരു ഭവനം തിരുവല്ലാ രൂപതയിൽ പുതുപ്പള്ളി ആസ്ഥാനമാക്കി 1991-ൽ ആരംഭിച്ചു. ഇടവക ജോലികൾക്ക് പുറമേ വിദ്യാഭ്യാസ രംഗത്തും യുവജനക്ഷേമ പ്രവർത്തനങ്ങളിലും ബ. അച്ചൻമാർ വ്യാപൃതരാണ്. തിരുവനന്തപുരം അതിരൂപതയിലെ മൺവിളയിലും എസ്.ഡി.ബി. അച്ചന്മാർ പ്രേഷിത പ്രവർത്തനത്തിലേർപ്പെട്ടിട്ടുണ്ട്.

### ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം
### Congregation of the Sisters of the Imitation of Christ (SIC)

പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവ് മലങ്കരയിലെ സ്ത്രീകൾക്കുവേണ്ടി സ്ഥാപിച്ച ആദ്യത്തെ സന്യാസിനി സമൂഹമാണിത്. കൽക്കത്തയിൽ സെറാമ്പൂർ കോളജ് പ്രൊഫസർ ആയിരിക്കുമ്പോഴാണ് ഈ ആശയവും അദ്ദേഹത്തിലുണ്ടായത്. പുരുഷന്മാർക്കുള്ള സന്യാസ സമൂഹം സ്ഥാപിക്കാൻ പ്രേരിപ്പിച്ച അതേ കാരണങ്ങളാണ് സന്യാസിനീ സമൂഹം സ്ഥാപിക്കുന്നതിനും അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ക്രിസ്തുനാഥനെ തന്റെ പ്രാർത്ഥനാപരവും, കർമപരവുമായ ജീവിതത്തിലനുകരിച്ചുകൊണ്ട് സർവസംഗ പരിത്യാഗികളായ സന്യാസിനികൾ സ്ത്രീജനോദ്ധാരണപരമായ കർമപരിപാടികൾക്ക് പ്രത്യേകം നേതൃത്വം നൽകി, സഭയേയും സമുദായത്തേയും ഉന്നതിയിലേക്ക് നയിക്കുകയെന്ന പ്രത്യേക ലക്ഷ്യമാണവർക്കുള്ളത്.

സമൂഹ സ്ഥാപനത്തിനുള്ള പ്രാരംഭ നടപടിയായി ബംഗാളിലെ ബാരിസോൾ എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്ന ആംഗ്ലിക്കൻ സഭയിലെ എപ്പിഫനി സിസ്റ്റേഴ്സിന്റെ കൂടെ നാട്ടുകാരായ 8 പെൺകുട്ടികളെ താമസിപ്പിച്ച് വിദ്യാഭ്യാസവും, സന്യാസ പരിശീലനവും നൽകി. പിന്നീട് ആശ്രമസ്ഥാപനത്തിനുശേഷം 1925 സെപ്റ്റംബർ 8-ാം തീയതി തിരുമൂലപുരത്ത് ആദ്യ അംഗങ്ങളിൽ മൂന്ന് പേരായ മദർ ശൈനാ, മദർ ഹൂബാ, മദർ ദനഹാ എന്നിവർ മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ വ്രതവാഗ്ദാനം നടത്തി, സന്യാസവും സ്വീകരിച്ചുകൊണ്ട് സന്യാസ ജീവിതം ആരംഭിച്ചു. അങ്ങനെ മലങ്കരയിലെ ആദ്യത്തെ സന്യാസിനീ സമൂഹം ഔദ്യോഗികമായി സ്ഥാപിതമായി.



പ്രഥമാംഗങ്ങൾ
സ്ഥാപകപിതാവിനോടൊപ്പം

www.malankaralibrary.com



1930 സെപ്റ്റംബർ 22 ന് സമൂഹാംഗങ്ങൾ പത്തുപേരും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. 1930 മുതൽ 1956 വരെ രണ്ടു ഡയോസിസൻ സമൂഹങ്ങളായിരുന്നു. സമൂഹം വളർന്നതോടെ 1956 ൽ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെടുകയും തിരുവനന്തപുരം, തിരുവല്ലാ പ്രോവിൻസുകൾ രൂപീകരിക്കുകയും ചെയ്തു. 1956 മുതൽ തിരുവല്ലായിലായിരുന്ന ജനറലേറ്റ് മന്ദിരം 1975 ൽ കോട്ടയത്തേക്ക് മാറ്റി.

രണ്ടായിരാമാണ്ടിൽ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന സമൂഹം അപ്പസ്തോലിക പ്രവർത്തനം, വിദ്യാഭ്യാസം, ആതുരസേവനം, എക്യുമെനിക്കൽ പ്രവർത്തനങ്ങൾ, മിഷൻ പ്രവർത്തനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിലൂടെ മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണത്തിനും ഭാരതത്തിന്റെ സുവിശേഷവത്കരണത്തിനുമായി പ്രവർത്തിക്കുന്നു. തിരുവനന്തപുരം, തിരുവല്ലാ, ബത്തേരി, പത്തനംതിട്ട എന്നീ 4 പ്രോവിൻസുകളിലായി 753 സിസ്റ്റേഴ്സും, 100 അർഥിനികളും, കേരളത്തിലും, ബാഹ്യകേരളത്തിലും, ജർമ്മനി, അമേരിക്ക എന്നീ വിദേശ രാജ്യങ്ങളിലുമായി സേവനം അനുഷ്ഠിക്കുന്നു.

### മേരി മക്കൾ സന്യാസിനി സമൂഹം (Congregation of the Daughters of Mary (D.M.))

മലങ്കര ഹൈരാർക്കി സ്ഥാപനത്തിന് ശേഷം ശക്തമായി തീർന്ന തെക്കൻ തിരുവിതാംകൂർ മിഷനിലെ ആദ്യകാല മിഷനറിമാരിലൊരാളായിരുന്നു ഭരണങ്ങാനം സ്വദേശിയും, ചങ്ങനാശ്ശേരി അതിരൂപതാംഗവുമായിരുന്ന പെ. ബ. മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ. തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി സേവനം അർപ്പിച്ച അദ്ദേഹം മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് ഒരു സന്യാസിനി സമൂഹത്തിന്റെ ആവശ്യകത മനസ്സിലാക്കി, അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ അനുവാദത്തോടും അനുഗ്രഹാശിസ്സുകളോടും കൂടി 1938 മെയ് 8 ന് മലങ്കര മാർത്താണ്ഡത്ത് ആരംഭിച്ച സന്യാസിനി സമൂഹമാണിത്. ആദ്യ അംഗങ്ങളിൽ ഒരാളായ മദർ മേരി കല്ലറയ്ക്കൽ സഹസ്ഥാപകയാണ്.

കുടുംബങ്ങളുടെ നവീകരണത്തിലൂടെ ദരിദ്രരോടും സമൂഹത്തിൽ അവഗണിക്കപ്പെട്ടവരോടും സുവിശേഷമറിയിക്കുക എന്ന പ്രത്യേക ദൗത്യം സമൂഹത്തിനുണ്ട്. മിഷൻ പ്രവർത്തനം, മതബോധനം, ആതുര ശുശ്രൂഷ, വിദ്യാഭ്യാസം, സാമൂഹ്യപ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. രണ്ട് പ്രോവിൻസുകളും 4 റീജനുകളുമുള്ള ഈ സമൂഹത്തിൽ ആകെ 742 അംഗങ്ങൾ ഉണ്ട്. മലങ്കരയിലെ നാലു രൂപതകൾ കൂടാതെ ഭാരതത്തിലെ മറ്റ് ഒൻപത് രൂപതകളിലും യൂറോപ്പ്, അമേരിക്കൻ നാടുകളിലും സിസ്റ്റേഴ്സ് കർമനിരതരാണ്.

### ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്

### Sisters of the Opus Spiritus Santi (OSS)

ജർമനിയിലെ ലിൻബുർഗ്ഗ് രൂപതയിൽ 1950 മെയ് 8-ാം തീയതി ഫാ. ബർണാഡ് ബെൻഡൽ സ്ഥാപിച്ച അഞ്ച് വിവിധ സമൂഹങ്ങളുടെ കൂട്ടായ്മയാണ് Opus Spiritus Sancti (Work of the Holy Spirit). ഇതിൽ അപ്പസ്തോലിക ജീവിത ശൈലിയോടുകൂടിയ സമൂഹമാണ് ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സിന്റേത്. സാധാരണക്കാരുടെ ജീവിതവുമായി താദാത്മ്യപ്പെട്ടുള്ള ജീവിതരീതിയുടെ ഭാഗമായി ഭാരതീയമായ 'സാരി' സഭാവസ്ത്രമായി സ്വീകരിച്ചുകൊണ്ടവർ കർമരംഗങ്ങളിൽ കടന്നുവരുന്നു. പരിശുദ്ധാത്മാവിന് സ്വയം സമർപ്പണം ചെയ്ത സിസ്റ്റേഴ്സ് പരിശുദ്ധ ദൈവമാതാവിനെപ്പോലെ മറ്റൊരു മേരിയായി തീരുവാനുള്ള തങ്ങളുടെ വിളിയുടെ അടയാളമായി മംഗളവാർത്ത ചിഹ്നമുള്ള മെഡൽ കഴുത്തിൽ ധരിക്കുന്നു.

1969 ൽ തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന സഖറിയാസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ ശുപാർശപ്രകാരമാണ് സമൂഹത്തിന്റെ ഇന്ത്യയിലെ ആദ്യഭവനം തിരുവല്ലായിൽ ആരംഭിച്ചത്. ആദ്യ ബാച്ചുകൾക്ക് വിദേശത്തുള്ള ഭവനത്തിൽ പരിശീലനം നൽകിയശേഷം 1975 ൽ പുതിയ ബാച്ച് പരിശീലനം ആരംഭിച്ചു. പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ചുള്ള സിസ്റ്റേഴ്സ് വിദ്യാഭ്യാസം, ആതുരശുശ്രൂഷ, വൃദ്ധജനപരിപാലനം, വിശ്വാസ പരിശീലനം, ഇടവക നവീകരണ പരിപാടികൾ എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നു. ഇവർ തിരുവല്ല, ബത്തേരി രൂപതകളിലും, ഹൈദരാബാദിലും മലങ്കരമക്കളെ സേവിക്കുന്നു. ഈ സമൂഹത്തിന്റെ ഇന്ത്യൻ ശാഖയിൽ 147 സിസ്റ്റേഴ്സ് ഉണ്ട്. ഇന്ത്യയിലെ കേന്ദ്രഭവനം തിരുവല്ലായിലാണ്.

www.malankaralibrary.com



**ഈശോയുടെ ചെറിയ സഹോദരിമാർ**
**Little Sisters of Jesus**

ബ്രദർ ചാൾസ് ഡി ഫുക്കോൾസിന്റെ ചൈതന്യവും തീക്ഷ്ണതയും ഉൾക്കൊണ്ടു കൊണ്ട് ഫ്രഞ്ചുകാരിയായ ലിറ്റിൽ സിസ്റ്റർ മഗ്ദലീനാ ഓഫ് ജീസസ് ആണ് 1939 സെപ്തംബർ 8 ന് ആഫ്രിക്കയിൽ തുഗൂർട്ട് എന്ന സ്ഥലത്ത് ഈ സമൂഹം സ്ഥാപിച്ചത്. "ലോകമദ്ധ്യത്തിൽ ധ്യാനാത്മക ജീവിതം" (Contemplation in the midst of the world) എന്ന ആദർശം ഉൾക്കൊണ്ടുകൊണ്ട് ദരിദ്രരോടും സമൂഹത്തിൽ നിന്ന് പുറംതള്ളപ്പെട്ടവരോടും താദാത്മ്യപ്പെട്ട് ജീവിച്ചുകൊണ്ട് ദൈവത്തിന്റെ സ്നേഹവും, കരുണയും, സമാധാനവും മറ്റുള്ളവർക്ക് നൽകുക എന്നതാണ് പ്രത്യേക ലക്ഷ്യം. 70 ഓളം രാജ്യങ്ങളിലായി 50 റീജിയനുകൾ സമൂഹത്തിനുണ്ട്. ഇന്ത്യയിൽ ആറ് ഭവനങ്ങളാണുള്ളത്.

1964 മുതൽ മലങ്കര സഭയിൽ തിരുവനന്തപുരം അതിരൂപതയിലെ വെഞ്ഞാറംമൂട് കേന്ദ്രമാക്കി ഏതാനും സിസ്റ്റേഴ്സ് പ്രവർത്തിക്കുന്നു. ഇപ്പോൾ മൂന്ന് പേരാണുള്ളത്. കുഷ്ഠരോഗികളെ ശുശ്രൂഷിച്ചും, സമീപ ഇടവകകളിൽ സഹായിച്ചും അവരുടെ സേവനം പങ്കുവയ്ക്കുന്നു.

**തിരുഹൃദയ സന്യാസിനീ സഭ**
**Sacred Heart Congregation (S.H.)**

1911 ജനുവരി ഒന്നിന് ദൈവദാസൻ കദളിക്കാട്ടിൽ മത്തായി അച്ചൻ പാലായിൽ സ്ഥാപിച്ച സന്യാസിനി സമൂഹമാണിത്. ഈശോയുടെ തിരുഹൃദയത്തോടുള്ള നിസ്സീമമായ ഭക്തിയിൽ നിന്നുള്ള പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് തിരുഹൃദയസമൂഹം സ്ഥാപിച്ചത്. തിരുഹൃദയത്തെ മഹത്വപ്പെടുത്തുവാനുള്ള തീക്ഷ്ണതയും അവിടുത്തെ അനുകമ്പാർദ്രസ്നേഹം അനുഭവിക്കാനും, പകർന്ന് നൽകുവാനുമുള്ള തീവ്രമായ ആഗ്രഹവും, പരിശ്രമവുമാണ് സമൂഹത്തിന്റെ സവിശേഷത. 1976 മാർച്ച് 11-ാം തീയതി പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെട്ട സമൂഹത്തിന് 9 പ്രൊവിൻസുകളും ഒരു റീജണുമുണ്ട്. കേന്ദ്രഭവനം കോട്ടയത്ത് മാങ്ങാനത്താണ്.

മലങ്കര കത്തോലിക്കാ സഭയിൽ, കോതമംഗലം, പാല പ്രോവിൻസുകളിൽ നിന്നുള്ള സിസ്റ്റേഴ്സ് പ്രേഷിതവേല ചെയ്യുന്നു. 1975 ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ക്ഷണപ്രകാരം നാലാഞ്ചിറയിൽ കോതമംഗലം പ്രൊവിൻസിലെ സിസ്റ്റേഴ്സ് പ്രവർത്തനമാരംഭിച്ചു. പിന്നീട് ഓടനാവട്ടം, പാപ്പനംകോട്, ചെങ്ങന്നൂരിൽ അങ്ങാടിക്കലുള്ള "കാനഡാ- ഇന്ത്യൻ വില്ലേജ്" സാമുഹികക്ഷേമകേന്ദ്രം, കുമാരപുരം, പാളയം എന്നിവിടങ്ങളിലും തങ്ങളുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും വ്യാപിപ്പിച്ചു. വിദ്യാഭ്യാസം, ആതുരസേവനം, ഇടവക ജോലി എന്നീ രംഗങ്ങളിലായി 45 ഓളം സിസ്റ്റേഴ്സ് പ്രവർത്തനനിരതരാണ്. 1980 മുതൽ പാലാ പ്രോവിൻസിലെ സിസ്റ്റേഴ്സും മലങ്കര സഭയിൽ സേവനം അനുഷ്ഠിക്കുന്നു.

**ഉപവിയുടെ വിൻസന്റ് ഡി പോൾ സന്യാസിനി സമൂഹം**
**The Sisters of the Charity of St. Vincent de Paul (VSC)**

ഫ്രഞ്ചുകാരനായ കർദിനാൾ അറമാൻ ഡി റോഹൻ ജർമനിയിൽ സ്ട്രാസ്ബർഗ്ഗ് എന്ന സ്ഥലത്ത് 1734-ൽ സ്ഥാപിച്ചതാണ് ഈ സമൂഹം. പാരീസിൽ ആരംഭിച്ചു. വിൻസന്റ് ഡി പോൾ സൊസൈറ്റിയിൽ നിന്നും ചൈതന്യമുൾക്കൊണ്ടുകൊണ്ടാണ് ഈ സന്യാസിനീ സമൂഹം രൂപംകൊണ്ടത്. വിൻസന്റ് ഡി പോളിന്റെ ഉപവി പ്രവർത്തനങ്ങളാണ് സമൂഹത്തിന്റെ അടിസ്ഥാന ചൈതന്യവും ലക്ഷ്യവും. 1975 ൽ സമൂഹത്തിന്റെ ഇന്ത്യയിലെ ആദ്യശാഖ കേരളത്തിൽ മാനന്തവാടിയിൽ ആരംഭിച്ചു. ഇന്ത്യയിലെ കേന്ദ്രഭവനവും അവിടെയാണ്.

1977 ൽ തിരുവനന്തപുരം അതിരൂപതയിൽ തുവയൂർ എന്ന സ്ഥലത്ത് ഒരു ഭവനം സ്ഥാപിച്ച് മലങ്കര കത്തോലിക്കാ സഭയിൽ പ്രേഷിത പ്രവർത്തനം ആരംഭിച്ചു. 1981ൽ പത്തനംതിട്ടയിലും മഠം സ്ഥാപിച്ചു. രോഗീപരിചരണം, ആതുരശുശ്രൂഷ, വൃദ്ധജന പരിചരണം, ഇടവക ജോലികൾ എന്നീ രംഗങ്ങളിലായി 23 സിസ്റ്റേഴ്സ് മലങ്കര സഭയിൽ സേവനം അനുഷ്ഠിക്കുന്നു.

**മൗണ്ട് താബോർ സന്യാസിനീ സമൂഹം**
**Sisters of Mount Tabor (S.M.T.)**

1979 മാർച്ച് 19-ാം തീയതി ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടും, ആശീർവാദത്തോടും കൂടെ സിസ്റ്റേഴ്സ് മേരി വെറോനിക്കയും, മേരി റോസിലിനും കൂടി ആരംഭിച്ചതാണീ സമൂഹം. നെടുമങ്ങാട് പരുത്തിക്കുഴിയിലാണ് ആരംഭിച്ചത്. പിന്നീട് അത് കൊട്ടാരക്കര ചിരട്ടക്കോണം

www.malankaralibrary.com



എന്ന സ്ഥലത്തേക്കു മാറ്റി. പ്രാർത്ഥനാ ജീവിതത്തിലൂടെ ലോകത്തിന് സേവനമനുഷ്ഠിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

ഏഴു സിസ്റ്റേഴ്സാണിവിടെയുള്ളത്. വി.കുർബാനയുടെ പരസ്യാരാധന വഴി ദൈവജനത്തിനു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു. താബോറിലെ യേശുവിനെപ്പോലെ രൂപാന്തരപ്പെടുന്നു. മലങ്കരയിലെ സ്ത്രീകൾക്കായുള്ള ഒരു ധ്യാനാത്മക സമൂഹമായി അംഗീകാരം ലഭിച്ചിട്ടുണ്ട്. അനതിവിദൂരഭാവിയിൽ ഈ ഭവനം കിളിമാനൂരിലേക്ക് മാറ്റുവാനുള്ള പദ്ധതികൾ പുരോഗമിക്കുന്നു.

### സ്നേഹഗിരി സിസ്റ്റേഴ്സ്
### Snehagiri Missionary Sisters (S.M.S.)

1969-ൽ ഫാ. എബ്രഹാം കൈപ്പൻപ്ലാക്കൽ പാലായ്ക്കടുത്തുള്ള കരൂരിൽ ഈ സമൂഹം സ്ഥാപിച്ചു. ദരിദ്രനായ യേശുവിനെ പിൻചെന്ന് സമൂഹത്തിൽ നിരാലംബരും അശരണരുമായവർക്ക് ശുശ്രൂഷ നൽകുക എന്ന പ്രത്യേക ലക്ഷ്യത്തോടെയാണ് സമൂഹം സ്ഥാപിച്ചിട്ടുള്ളത്. നിരാലംബരായ ബാലികാ ബാലന്മാരുടെ പരിചരണം, തൊഴിൽ പരിശീലനം, അംഗവിഹീനർ, മന്ദബുദ്ധികൾ ഇവർക്കായുള്ള കേന്ദ്രങ്ങൾ നടത്തുക, ഭവനസന്ദർശനം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു.

1979-ൽ തിരുവനന്തപുരം അതിരൂപതയിൽ, തോട്ടപ്പള്ളി, കണ്ണൻകോട് എന്നീ പ്രദേശങ്ങൾ കേന്ദ്രമാക്കി പ്രേഷിത പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 16 സിസ്റ്റേഴ്സ് മലങ്കര സഭയിൽ കർമ്മനിരതരാണ്.

### ദീനസേവന സഭ (D.S.S.)

ഊർസുലൈൻ സഭാംഗമായിരുന്ന ജർമ്മൻകാരി മദർ പേത്ര 1969 ജൂൺ ഒന്നിന് കോഴിക്കോട് രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ അൽദോമരിയ പത്രോണി തിരുമേനിയുടെ അനുവാദത്തോടും, ആശീർവാദത്തോടും കണ്ണൂർ ജില്ലയിലെ പട്ടുവം എന്ന സ്ഥലത്താണ് ഈ സമൂഹം സ്ഥാപിച്ചത്. ദരിദ്ര ശുശ്രൂഷയിലൂടെ ക്രിസ്തുപാദപൂജനം എന്ന ആദർശം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. "ശുശ്രൂഷ സ്നേഹത്തിലും, ദാരിദ്ര്യത്തിലും'' എന്ന ആദർശവാക്യമാണവരെ നയിക്കുന്നത്. 479 അംഗങ്ങളുള്ള ഈ സമൂഹത്തിന് മൂന്നു റീജനുകളുണ്ട്. കേന്ദ്രഭവനം പട്ടുവത്താണ്. ബത്തേരി രൂപതയിൽ 4 സ്ഥലങ്ങളിലും, തിരുവല്ലാ രൂപതയിലും, തിരുവനന്തപുരം രൂപതയിലും ഓരോ സ്ഥലത്തും 30 ഓളം ദീനസേവികകളായ പ്രേഷിതാംഗങ്ങൾ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്.

ഇടവക പ്രവർത്തനങ്ങളിൽ സഹായിക്കുക, കുടുംബപ്രേഷിതത്വം, ആതുരശുശ്രൂഷ, വൃദ്ധജനപരിപാലനം, ബുദ്ധിമാന്ദ്യം സംഭവിച്ചവരെയും അംഗഹീനരെയും പരിചരിക്കുക, എന്നീ സേവന രംഗങ്ങളിൽ വ്യാപൃതരാണവർ.

### ഗദ്സമേൻ സമർപ്പിത സത്സംഗം (Society of Apostolic Life)

മാംഗ്ലൂർ അപ്പസ്തോലിക് കാർമലൈറ്റ്സിലെ അംഗമായിരുന്ന സിസ്റ്റർ കാതറൈൻ ലീന ദൈവത്തിന്റെ ഒരു പ്രത്യേക ആഹ്വാനം ശ്രവിച്ച് 25-3-1984 ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ അനുവാദാശീർവാദങ്ങളോടെ സ്ഥാപിച്ചതാണ് ഈ സഭ. പ്രാർത്ഥന, പരിത്യാഗം, ലാളിത്യം, സേവനം എന്നിവ വഴി ജീവനുള്ള ദൈവത്തെ ദർശിച്ച് സമർപ്പിത ജീവിതം നയിക്കുന്നു. തിരുസഭയ്ക്ക് പ്രത്യേകിച്ച് മലങ്കര കത്തോലിക്കാ സഭയ്ക്ക് സേവനം ചെയ്യാൻ മാർ ഈവാനിയോസ് പിതാവിന്റെ സിദ്ധിയിൽ പങ്കുചേരുന്നു.

യേശുക്രിസ്തു നിറഞ്ഞു നിൽക്കുന്ന ഒരു ലോകം കെട്ടിപ്പടുക്കുകയാണ് ജീവിത ലക്ഷ്യം. മലങ്കര സഭയോടു ചേർന്നുള്ള ഭാരതീയ സമർപ്പിത ജീവിതമാണിത്. സ്വന്തം ഇടവകയിലെ ജനങ്ങൾക്കിടയിൽ ദൈവമഹത്വത്തിനായി രോഗികൾക്കും മരണാസന്നർക്കും ശുശ്രൂഷ ചെയ്ത് രോഗശാന്തിയും നിത്യരക്ഷയും നൽകുന്ന വിവിധ ചികിത്സകളിൽ വ്യാപരിക്കുന്നു. ഇപ്പോൾ 7 അംഗങ്ങളുണ്ട്. പത്തനംതിട്ടയിൽ തെക്കേമലയിലാണ് മഠം. 135 കുട്ടികളുള്ള ഒരു നേഴ്സറി സ്കൂൾ വഴി ദൈവജനവുമായി സമ്പർക്കം പുലർത്തി പ്രേഷിത പ്രവർത്തനങ്ങൾ നടത്തുന്നു.

അഭിവന്ദ്യ മാർ ബസേലിയോസ് പിതാവിന്റെ പ്രത്യേക പരിഗണനയാൽ ഒരു Society of Apostolic Life ആയി രൂപീകൃതമാകുന്നു.

### ദൈവ പരിപാലനയുടെ ചെറിയ ദാസികൾ
### Little Servants of Divine Providence (L.S.D.P.)

1978 ജനുവരി 17-ന് ചങ്ങനാശേരി അതിരൂപതയിൽ മല്ലപ്പള്ളിക്കടുത്ത് കുന്നന്താനം

www.malankaralibrary.com



എന്ന സ്ഥലത്ത് സ്ഥാപിതമായി. കോതമംഗലത്തെ മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് സമൂഹാംഗമായിരുന്ന ഡോ. സി. ലിറ്റിയാണ് സ്ഥാപക. ഇറ്റലിയിലെ പ്രശസ്തമായ കൊത്തലംഗോ എന്ന ദൈവപരിപാലന പ്രസ്ഥാന ത്തിൽ നിന്ന് ചൈതന്യമാർജ്ജിച്ച് അപ്രകാരമുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാൻ സ്ഥാപിതമായ സമൂഹമാണിത്. ദൈവപരിപാലനയിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് സമൂഹത്തി ലെ അശരണരും, അംഗവിഹീനരും, മാനസിക വൈകല്യം സംഭവിച്ചവരുമായവരുടെ ഇടയിൽ പ്രത്യേക സേവനം നടത്തുന്നു. കൂടാതെ ഭവന സന്ദർശനം, ധ്യാന പരിപാടികൾ, കൗൺസിലിംഗ് മുതലായ പ്രവർത്തനങ്ങളിലും ഇവർ വ്യാപൃതരാണ്. ദിവസം മുഴുവൻ ദിവ്യകാരുണ്യ ആരാധന നടത്തുക പതിവാണ്.

1992 മുതൽ തിരുവല്ലാ രൂപതയിൽ ഈ സമൂഹത്തിലെ സിസ്റ്റേഴ്സ് പ്രവർത്തിക്കുന്നുണ്ട്. എറണാകുളത്ത് കാക്കനാട്ട് ആരംഭിച്ചിട്ടുള്ള പ്രൊവിഡൻസ് ഹോം കേന്ദ്രമാക്കി 16 സിസ്റ്റേഴ്സ് ശുശ്രൂഷ നടത്തുന്നു.

### ബസിലിയൻ സിസ്റ്റേഴ്സ്
### Daughters of St. Macrina

പൗരസ്ത്യ സന്യാസ പിതാവായ വി. ബസേലിയോസിന്റേയും സഹോദരി വി. മക്രീനയുടേയും സന്യാസ പാരമ്പര്യങ്ങൾ അടിസ്ഥാനമാക്കി 1921-ൽ ഇറ്റലിയിൽ പലേർമോ എന്ന സ്ഥലത്ത് സ്ഥാപിതമായ സന്യാസ സമൂഹമാണിത്. ഫാ. നിലോബോർജിയയും, മദർ മക്രീന റെജറിയുമാണ് സ്ഥാപകർ. ഈശോയുടെ പ്രേഷിതകളായി സ്നേഹവും സേവനവും വഴി ദൈവരാജ്യം പ്രചരിപ്പിക്കുക എന്നതാണ് പ്രത്യേക ദൗത്യം. വിദ്യാഭ്യാസം, അജപാലനം, സഭൈക്യ പ്രവർത്തനങ്ങൾ, മതബോധനം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നു. പലേർമോയിൽ മെസ്സോയൂസോയിലാണ് കേന്ദ്ര ഭവനം.

1992-ൽ തിരുവല്ല രൂപതയിൽ തിരുവല്ലയിൽ ഒരു ഭവനം സ്ഥാപിച്ചു. മതബോധനം, ഭവനസന്ദർശനം എന്നീ പ്രവർത്ത നങ്ങളിലൂടെ മലങ്കരയിൽ സേവനം അനുഷ്ഠിക്കുന്നു.

### സലേഷ്യൻ സിസ്റ്റേഴ്സ് (S.M.A.)

വി.ഡോൺബോസ്കോയും, വി. മേരി മസറേല്ലോയും കൂടി 1872 ആഗസ്റ്റ് 5 ന് റോമിൽ സ്ഥാപിച്ച താണ് ഈ സമൂഹം. വി. ഡോൺ ബോസ്കോയുടെ ആദ്ധ്യാത്മിക ജീവിത പൈതൃകം അടിസ്ഥാനമായുള്ള സ്ത്രീകൾക്കായുള്ള സമൂഹമാണിത്. യുവജനങ്ങളുടെ ഇടയിലെ പ്രേഷിത പ്രവർത്തന ങ്ങൾക്ക് പ്രത്യേകം ശ്രദ്ധ നൽകുന്നു. റോമിലാണ് കേന്ദ്ര ഭവനം. ഇന്ത്യയിൽ ആറ് പ്രൊവിൻസുകൾ ഉണ്ട്.

1992-ലാണ് തിരുവല്ലാ രൂപതയിലെ പുതുപ്പള്ളിയിൽ മലങ്കരയിലെ ആദ്യഭവനം ആരംഭിച്ചത്. ബാംഗ്ലൂർ പ്രൊവിൻസിന്റെ ഒരു ശാഖാ മന്ദിരമാണിത്. 1996-ൽ കട്ടപ്പനയിലും ഒരു ഭവനം ആരംഭിച്ചിട്ടുണ്ട്. ഇടവക ജോലികൾ, വിദ്യാഭ്യാസം, ഭവന സന്ദർശനം എന്നീ രംഗങ്ങളിൽ 10 സിസ്റ്റേഴ്സ് കർമ്മനിരതരാണ്.

### വി. സ്നാപക യോഹന്നാന്റെ സന്യാസിനി സമൂഹം
### Sisters of John the Baptist (SJB)

1878 സെപ്തംബർ 26ന് ഇറ്റലിയിലെ ആൻഗ്രി എന്ന സ്ഥലത്ത് ഫാ. അൽഫോൺസോ മരിയോ ഫുസ്കോയാൽ സ്ഥാപി ക്കപ്പെട്ടതാണ് ഈ സമൂഹം. യുദ്ധക്കെടുതിയിൽ ദുരിതമനു ഭവിക്കുന്നവരെ പ്രത്യേകിച്ചും അനാഥരായ കുഞ്ഞുങ്ങളെ സംരക്ഷിക്കുക എന്ന പ്രവർത്തന ങ്ങളിലേർപ്പെട്ടിരുന്നു ആദ്യകാല ങ്ങളിൽ. സമൂഹത്തിലെ താഴേയ്ക്കിടയിലുള്ളവരിലേക്ക് കടന്നുചെന്ന് അവരുമായി താദാത്മ്യപ്പെട്ട് അവരുടെ ജീവിത നിലവാരം ഉയർത്തുവാനുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടു ത്തു നടത്തുന്നു. വിദ്യാഭ്യാസം, അനാഥാലയങ്ങൾ, വൃദ്ധമന്ദിര ങ്ങൾ, യുവജനക്ഷേമ പ്രവർത്തന ങ്ങൾ എന്നീ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. 16 രാജ്യങ്ങളിലായി പടർന്നു കിടക്കുന്ന സമൂഹത്തിന്റെ കേന്ദ്ര ഭവനം ഇറ്റലിയിലാണ്.

ഇന്ത്യയിലെ ആദ്യശാഖ മധുരയിൽ 1977-ൽ സ്ഥാപിത മായി. ബാംഗ്ലൂർ ആസ്ഥാനമായുള്ള വൈസ് പ്രൊവിൻസിന്റെ കീഴിൽ ഇന്ത്യയിൽ 13 ഭവനങ്ങളുണ്ട്. 1995-ൽ ബത്തേരി രൂപതയിൽ ആണ് മലങ്കരയിലെ ആദ്യഭവനം തുടങ്ങിയത്. അവിടെയുള്ള 5 സിസ്റ്റേഴ്സ് ഇടവക ജോലികൾ, വിദ്യാഭ്യാസം, ആദിവാസി കുട്ടികൾക്കായുള്ള ഹോസ്റ്റൽ എന്നീ പ്രവർത്തനങ്ങ ളിലൂടെ സേവനമനുഷ്ഠിക്കുന്നു.

www.malankaralibrary.com



### സിസ്റ്റേഴ്സ് അഡോറേഴ്സ്
### Sisters Adorers of Bl. Sacrament and Charity (A.A.S.C.)

വി. മരിയ മിഖായേൽ 1856-ൽ മാഡ്രിഡിൽ സ്ഥാപിച്ചു. വി.കുർബാനയുടെ ആരാധനയും മനുഷ്യവിമോചനവും (adoration and liberation) എന്ന ലക്ഷ്യം മുൻനിർത്തി ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ മനുഷ്യവിമോചനത്തിനായി പ്രവർത്തിക്കുന്നു. സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള സാമൂഹിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. കേന്ദ്രഭവനം റോമിലാണ്. ഇന്ത്യയിൽ കൽക്കത്ത, ബോംബെ ആസ്ഥാനമാക്കി രണ്ട് പ്രൊവിൻസുകളുണ്ട്.

ബോംബെ പ്രൊവിൻസിന്റെ ഒരു ശാഖാമന്ദിരം കോട്ടയം കുമരകത്ത് സ്ഥാപിതമായിട്ടുണ്ട്. അവിടുത്തെ അംഗങ്ങൾ തിരുവല്ലാ രൂപതയിലെ കുമരകം പള്ളിയിലും, കാഞ്ഞിരത്തുള്ള സ്കൂളിലും സേവനം അനുഷ്ഠിച്ചുകൊണ്ട് മലങ്കരയിൽ പ്രവർത്തിക്കുന്നു. സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു തൊഴിൽ പരിശീലന കേന്ദ്രവും അവർ നടത്തുന്നു.

### മലങ്കരസഭയിൽ സന്യസ്തരുടെ പ്രത്യേക ദൗത്യം

മഹാജൂബിലി വർഷത്തിൽ പുനരൈക്യത്തിന്റെ സപ്തതി ആഘോഷിക്കുന്ന മലങ്കര കത്തോലിക്കാ സഭയ്ക്ക് വിവിധ സമൂഹങ്ങളിൽപ്പെട്ട ഇത്രയധികം സന്യസ്തരുടെ സാന്നിദ്ധ്യവും ശുശ്രൂഷയും വലിയൊരു ശക്തിയും സമ്പത്തുമാണെന്നതിൽ സംശയമില്ല. ക്രൈസ്തവ ജീവിതത്തിനും സുവിശേഷ മൂല്യങ്ങൾക്കും എക്കാലവും മിഴിവുറ്റ പ്രകാശനം നൽകുവാൻ വിളിക്കപ്പെട്ടവരും വേർതിരിക്കപ്പെട്ടവരും സമർപ്പിതരുമായ അവരിലേക്കാണ് മലങ്കരസഭയിലെ ദൈവജനം എപ്പോഴും തങ്ങളുടെ മാർഗ്ഗദർശകരായി ഉറ്റുനോക്കുന്നത്. സന്യാസത്തിൽ കുറഞ്ഞ മറ്റൊന്നിനും അവരെ തൃപ്തരാക്കുവാൻ സാധിക്കുകയില്ല. അവരെ നിരാശരാക്കാതെ അവരുടെ പ്രതീക്ഷയ്ക്കൊത്തു വിശ്വസ്തരായി നിലകൊള്ളുവാൻ ഈ സന്യസ്തർക്കു കഴിയണം.

മലങ്കര കത്തോലിക്കാ സഭയിൽ ആയിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സന്യസ്തർ ഈ സഭാസമൂഹത്തിന്റെ തനിമയും പ്രത്യേക സ്വഭാവവും സവിശേഷതകളും ഉൾക്കൊള്ളുവാനും കാത്തുസൂക്ഷിക്കുവാനും പ്രത്യേകം കടപ്പെട്ടവരാണ്. ഓരോ വ്യക്തിഗതസഭയ്ക്കും തനതായ പാരമ്പര്യങ്ങളും, ദൈവശാസ്ത്രവും, ആദ്ധ്യാത്മികതയും ആരാധനക്രമവും ഉണ്ട്. ഈ സഭാപൈതൃകം അവികലമായി കാത്തുസൂക്ഷിക്കുവാനും കാലാനുസൃതം വളർത്തിയെടുക്കുവാനും ജനങ്ങളെ അതിൽ നവീകരിക്കാനുമുള്ള പ്രത്യേക ചുമതല അവിടുത്തെ സന്യസ്തരിൽ നിക്ഷിപ്തമാണ്. ഏറ്റം വലിയ പ്രേഷിത ദൗത്യവും ഇതുതന്നെയാണ്.

ഈ വിഷയത്തിൽ ഏറ്റം പ്രകടമായ ഒരു മേഖലയാണ് ആരാധനാ ജീവിതം (liturgical life) ആരാധനാ കേന്ദ്രീകൃതമായ ഒരു ആദ്ധ്യാത്മികതയാണ് മലങ്കര സഭയ്ക്കുള്ളത്. വളരെ മനോഹരവും സമ്പന്നവുമാണ് നമുക്ക് ലഭിച്ചിരിക്കുന്ന ആരാധനാ പൈതൃകം. മലങ്കര സഭയിലെ ആരാധനക്രമവും അനുഷ്ഠാനങ്ങളും അതിന്റെ തനിമയിൽ പഠിക്കുവാനും അനുഷ്ഠിക്കുവാനും അനുഭവവേദ്യമാക്കുവാനും ജനങ്ങളെ അതിൽ പരിശീലിപ്പിക്കുവാനുമുള്ള പ്രത്യേക ദൗത്യം പാരമ്പര്യാധിഷ്ഠിതമായി ഇവിടെ പ്രവർത്തിക്കുന്ന സന്യസ്തരിൽ നിക്ഷിപ്തമാണ്.

അപ്പസ്തോലിക പ്രവർത്തനങ്ങളിലേർപ്പെടുന്ന മലങ്കര സഭയിലെ സന്യസ്തർ വെറും സാമൂഹിക പ്രവർത്തകരായി മാറുന്നത് സഭയുടെ സന്യാസ ദർശനത്തിനനുയോജ്യമല്ല. ധ്യാനാത്മകത പൗരസ്ത്യ സന്യസ്ത ദർശനത്തിന്റെ പരിവേഷമാണ്. സമസൃഷ്ടികൾക്കു വേണ്ടിയുള്ള സന്യസ്തരുടെ ജീവകാരുണ്യ പ്രവർത്തികൾ അവരുടെ പ്രാർത്ഥനാനുഭവത്തിൽ നിന്നും ധ്യാനാത്മക ജീവിതത്തിൽ നിന്നും ശക്തിയും പ്രചോദനവുമുൾക്കൊള്ളുന്നവരായിരിക്കണം. അവരുടെ ദൈവാനുഭവത്തിൽ ഈ പ്രവർത്തനങ്ങൾ നങ്കൂരമുറപ്പിക്കണം. അതിന്റെ പങ്കുവയ്ക്കലായി ഉപഭോക്താക്കൾക്ക് അനുഭവവേദ്യമാകണം. മാർ ഈവാനിയോസ് പിതാവിന്റെ വീക്ഷണത്തിൽ ദൈവസമ്പാദകരാണ് ദൈവസേവനത്തിലൂടെ മറ്റുള്ളവരിലേക്കും അവരുടെ യാതനകളിലേക്കും കടന്നു ചെല്ലേണ്ടത്.

ഇന്നത്തെ ഭാരതീയ അന്തരീക്ഷത്തിൽ വർഗ്ഗീയത കൊടികുത്തി വാഴുകയാണ്. വർഗ്ഗീ

www.malankaralibrary.com



യകലാപങ്ങളാൽ കലുഷിതമാണ് ഭാരതം. ഇവിടെ ക്രിസ്തീയ വിശ്വാസത്തെ ദേശീയമായി അവതരിപ്പിക്കുവാനും തങ്ങളുടെ ജീവിത ശൈലിയിലൂടെ കാണിച്ചുകൊടുക്കുവാനുമുള്ള കടമ എല്ലാ സന്യസ്തർക്കുമുള്ളതാണ്. സാർവ്വത്രികസഭയെ പ്രാദേശികമായി അവതരിപ്പിക്കുന്ന ഒരു വ്യക്തിഗത സഭയാണ് മലങ്കര സഭ. മാർ ഈവാനിയോസ് പിതാവിന്റെ സഭാ ദർശനത്തിലും സന്യാസദർശനത്തിലും ദേശീയതയ്ക്കും സാംസ്കാരികാനുരൂപണത്തിനും (Inculturation) അദ്ദേഹം നൽകിയ സ്ഥാനം മഹത്തായതും ശ്രേഷ്ഠവുമായിരുന്നു. മലങ്കരയിൽ പ്രവർത്തിക്കുന്ന സന്യസ്തരും ഈ വിഷയത്തിൽ മുൻപന്തിയിൽ നിൽക്കുക എന്നത് നമ്മുടെ സഭയുടെ സവിശേഷതയും കാലഘട്ടത്തിന്റെ ആവശ്യവുമാണ്.

മലങ്കര കത്തോലിക്കാസഭയിലെ സന്യസ്തർ സഭകളുടെ ഐക്യത്തിന്റെ പ്രഘോഷകരും പുനരൈക്യത്തിന്റെ വക്താക്കളുമായി എവിടെയും നിലകൊള്ളണം. പുനരൈക്യതീക്ഷ്ണത അവരുടെ വാക്കുകളിലും പ്രവർത്തികളിലും നിറഞ്ഞുനിൽക്കണം. ഐക്യത്തിനുവേണ്ടിയുള്ള അഭിനിവേശം അവരുടെ പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും നിരന്തരമായി പ്രതിഫലിക്കണം.

### പ്രോത്സാഹിപ്പിക്കുക, പരിപോഷിപ്പിക്കുക

മലങ്കര സഭയിലെ ഈ സന്യാസ സമൂഹങ്ങളുടെയും സന്യസ്തരുടെയും വളർച്ച സഭയുടെ വളർച്ചയാണ് എന്നു കാണുവാനുള്ള വിശാലമനസ്കത സഭാതനയർക്കുണ്ടാകണം. അതിനെ സ്വാർത്ഥതയായി വ്യാഖ്യാനിക്കുന്നത് സന്യാസത്തെക്കുറിച്ചുള്ള തെറ്റായ വീക്ഷണം കാരണമാണ്. ഓരോ സമൂഹത്തിനും പരിശുദ്ധാത്മാവിലൂടെ ദൈവദത്തമായ സിദ്ധിയും അതിനനുസരണമായ ജീവിത പദ്ധതികളും പ്രവർത്തനമേഖലകളുമുണ്ട്. ഈ സിദ്ധിയെ അംഗീകരിച്ച് അതിനനുസൃതമായി വളരുവാനും പ്രവർത്തിക്കുവാനുമുള്ള സാഹചര്യങ്ങളും പ്രോത്സാഹനവും സഭയ്ക്കുള്ളിൽ ലഭിക്കണം. എങ്കിൽ മാത്രമേ സുവിശേഷ ദർശനങ്ങളുടെ വിവിധ മുഖങ്ങൾ മലങ്കര സഭയിലൂടെ മിഴിവുറ്റതാക്കി അവർക്ക് അവതരിപ്പിക്കാനാവൂ. ഏതാനും സന്യസ്തരുടെ ജീവിതത്തിലെ ചില കുറവുകളും പരാജയങ്ങളും പരാധീനതകളും വിസ്മരിച്ച് സന്യാസാവസ്ഥയിലൂടെ മലങ്കര കത്തോലിക്കാ സഭയ്ക്കു ലഭിച്ചിരിക്കുന്ന വിശേഷപ്പെട്ട ദൈവിക ദാനത്തെ പ്രോത്സാഹിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനുമുള്ള കടമ സഭയിൽ എല്ലാവർക്കുമുള്ളതാണ്.

മലങ്കര കത്തോലിക്കാ സഭാ ചരിത്രത്തിലെ നിർണ്ണായകമായ ഒരു ചരിത്ര നിമിഷമാണ് പുനരൈക്യസപ്തതി. ഈ അവസരത്തിൽ പുനരൈക്യസപ്തതി ആഘോഷിക്കുന്ന ബഥനി സന്യാസിനീ സമൂഹത്തിന്റെ ഉത്ഭവവും പുനരൈക്യവും അതു പിന്നിട്ട വഴികളും അവതരിപ്പിക്കുന്നത് എത്രയും ഉചിതമായി തോന്നുന്നു.

ബഥനി സന്യാസിനീ സമൂഹാംഗങ്ങളായ 10 മദേഴ്സ് പുനരൈക്യശില്പിയായ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യത്തെത്തുടർന്ന് 1930 സെപ്തംബർ 22-ാം തീയതി തിരുമൂലപുരം ബഥനി മഠത്തിൽ വച്ച് മാർ ഈവാനിയോസ് പിതാവിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭയെ ആശ്ലേഷിക്കുകയുണ്ടായി. 1925 ൽ മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ഥാപിതമായ ബഥനി സന്യാസിനി സമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലി ഈ വർഷം സാഘോഷം കൊണ്ടാടുകയുണ്ടായി. ഈ മഹാജൂബിലി വർഷമായ 2000-മാണ്ടിൽ തന്നെ ബഥനി സന്യാസിനി സമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലിയും പുനരൈക്യസപ്തതിയും ആഘോഷിക്കുവാൻ സാധിച്ചു എന്നുള്ളത് ഒരു ചരിത്ര നിയോഗമാണ്. ദൈവത്തിന്റെ പ്രത്യേകമായ പ്ലാനിൽ ഈ സംഭവങ്ങൾ ഒന്നുചേർന്ന് വന്നിരിക്കുന്നു എന്നുള്ളത് അത്ഭുതാവഹമായി തോന്നുന്നു.

ഒരു സന്യാസിനീസമൂഹം 1925-ൽ മലങ്കര യാക്കോബായ സഭയിൽ ഉദയം ചെയ്യുകയും, 1930ൽ അതിന്റെ സ്ഥാപക പിതാവിനോടൊപ്പം, സ്വകുടുംബാംഗങ്ങളുടെ എതിർപ്പുകൾ വകവയ്ക്കാതെ അന്നുണ്ടായിരുന്ന 10 മദേഴ്സിൽ ആരും തന്നെ പിന്തിരിയാതെ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുകയും ചെയ്തു എന്നുള്ളത് മലങ്കര സഭയ്ക്ക് അഭിമാനം നൽകുന്ന വസ്തുതയാണ്. മലങ്കര സഭയുടെ ഹൃദയമായി ആരംഭം മുതൽ (1930) ഇന്നോളം ബഥനി സന്യാസിനീ സമൂഹാംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. സന്യാസിനീ സമൂഹം അതിന്റെ ദൗത്യം പരിപൂർണ്ണമായി നിറവേറ്റിക്കൊണ്ട് മുന്നേറുവാൻ ദൈവം ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ജൂബിലി സുവനീർ പ്രവർത്തനങ്ങൾക്ക് എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.

www.malankaralibrary.com





മിസ്സിസ് മേരി മാത്യു

# കുടുംബം കേരള ക്രൈസ്തവ കത്തോലിക്കാ കാഴ്ചപ്പാടിൽ

വിവാഹം, കുടുംബം എന്നീ രണ്ടു പദങ്ങൾ ഇന്ന് വളരെയധികം ചർച്ച ചെയ്യപ്പെടുന്ന സുപരിചിതങ്ങളായ രണ്ടു പദങ്ങളാണ്. നമുക്കു ചുറ്റും പലതരം കുടുംബങ്ങളുണ്ട്. എന്നാൽ ഒരു കുടുംബത്തിന്റെ ആവശ്യകതയെന്തെന്ന് ചിന്തിച്ചിട്ടുണ്ടോ? കുടുംബം എന്നാലെന്ത്? ആരൊക്കെ ചേർന്നതാണ് ഒരു കുടുംബം? മാതാപിതാക്കളും മക്കളും ചേർന്ന ഒരു കൂട്ടായ്മ മാത്രമാണോ അത്? കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധമെന്ത്? കുടുംബമെന്നത് മനുഷ്യന്റെ ഒരു കണ്ടുപിടുത്തമാണോ? അതോ പരിണാമ സിദ്ധാന്ത പ്രകാരം പ്രകൃതിയിൽ നിന്നും പരിണമിച്ച് വന്നതാണോ? മൃഗങ്ങൾക്കും കുടുംബങ്ങളുണ്ടോ? വിവിധ കാലങ്ങളിലും, സമൂഹങ്ങളിലും, സംസ്കാരങ്ങളിലുമുണ്ടായിരുന്ന കുടുംബങ്ങൾ വ്യത്യസ്തങ്ങളായിരുന്നോ? കുടുംബത്തെപ്പറ്റി, ക്രിസ്തീയമായ എന്തെങ്കിലും പ്രത്യേക കാഴ്ചപ്പാടുകൾ ഉണ്ടോ?

മേൽപറഞ്ഞ ചോദ്യങ്ങൾക്ക്, സാമൂഹ്യ ശാസ്ത്രജ്ഞന്മാരും, നരവംശ ശാസ്ത്രജ്ഞന്മാരും ഒക്കെ തരുന്ന ഉത്തരങ്ങൾ വളരെ ചുരുക്കമായി ഒന്നു പരിശോധിച്ചു നോക്കാം. എന്താണ് കുടുംബത്തിന്റെ ആവശ്യം? ഈ ലോകത്തിലേക്ക് പിറന്നു വീഴുന്ന തിൽ, ഏറ്റവും നിസ്സഹായകനായി ജനിച്ചു വീഴുന്നത് മനുഷ്യശിശുവാണ്. മൃഗങ്ങളുടെ കുഞ്ഞുങ്ങൾക്ക്, ജനിച്ച് കുറച്ചു സമയത്തിനകം സ്വന്തം കാര്യം നോക്കുവാൻ കഴിവുണ്ട്. പക്ഷേ മനുഷ്യനെ സംബന്ധിച്ചിടത്തോളം, ദീർഘമായ ഗർഭാവസ്ഥയും, അതുപോലെ ദീർഘവും, നിസ്സഹായവും ആയ ശൈശവവും മൂലം മാതാപിതാക്കളും, മക്കളും പ്രത്യേകിച്ച് മക്കളും അമ്മയുമായിട്ടുള്ള ബന്ധത്തിന്റെ ദൈർഘ്യം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാകുന്നു. ഇതിന്റെ ഫലമായി കുടുംബം ഒരു അവശ്യഘടകമായിത്തീരുന്നു. കുടുംബമില്ലാതെ മനുഷ്യന്റെ നിലനിൽപ്പ് തന്നെ അസാദ്ധ്യമാണെന്നു സാരം.

ചില പക്ഷികളിലും മൃഗങ്ങളിലും, കുടുംബത്തിന്റെ ചില പ്രാകൃത (Crude) രൂപങ്ങൾ കാണാം. ചിമ്പാൻസി കുടുംബം, മനുഷ്യകുടുംബത്തോടു വളരെ അടുത്ത് സാമ്യമുള്ളതാണെന്നു പറയാം. മൃഗങ്ങളുടെ കുടുംബങ്ങൾ ജന്മവാസനയെ (Instinct) മാത്രം ആശ്രയിച്ച് നിലനിൽക്കുന്നവയാണ്. എന്നാൽ മനുഷ്യ കുടുംബങ്ങൾ രൂപപ്പെടുന്നത് സംസ്കാരങ്ങളെ അടിസ്ഥാനമാക്കിയാണ്. ലോകം മുഴുവനുമുള്ള പക്ഷിമൃഗാദികൾ (ഒരേ വർഗ്ഗത്തിൽപ്പെട്ടവ) ഒരേ പോലെ പെരുമാറുമ്പോൾ മനുഷ്യ കുടുംബങ്ങൾ ഓരോ സംസ്കാരത്തിലും വ്യത്യസ്തമായ രീതിയിൽ രൂപപ്പെടുകയും, വളരുകയും ചെയ്യുന്നു.

സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ, ഭൂപ്രകൃതി, സാമ്പത്തിക ചുറ്റുപാടുകൾ, ചരിത്രപരമായ ഘടകങ്ങൾ, സംസ്കാരം തുടങ്ങിയവയാണ് കുടുംബങ്ങളുടെ വളർച്ചയെ ബാധിച്ച പ്രധാന ഘടകങ്ങൾ. മനുഷ്യനെ സംബന്ധിച്ച്, കുടുംബം, ജന്തുശാസ്ത്രപരമായ ഒരു കൂട്ടായ്മ (biological group) അല്ല, പ്രസ്തുത അത് ഒരു സാമൂഹ്യ സ്ഥാപനമാണ് (Social Institution).

ഓരോ സംസ്കാരത്തിനും അനുസരണമായി കുടുംബത്തിന്റെ ഘടനയും, ദൗത്യവും (function) മാറുന്നു എന്നു നാം കണ്ടല്ലോ. പക്ഷേ ഈ വ്യത്യസ്തതകൾക്കിടയിലും,

www.malankaralibrary.com



കുടുംബം എന്ന സങ്കല്പത്തിൽ, അല്ലെങ്കിൽ നിർവചനത്തിൽ വരുന്ന പൊതുവായ ചില വസ്തുതകളുണ്ട്. വിവാഹബന്ധത്തിൽ ഒന്നിച്ചുചേർന്ന ഒരു പുരുഷനും സ്ത്രീയും അവരുടെ മക്കളും ചേർന്നതാണ് കുടുംബം. അവരെല്ലാവരും ഒരു കൂരയ്ക്കു കീഴെ താമസിക്കുന്നു. ചിലപ്പോൾ അത് മൂന്നു നാല് തലമുറകൾ ചേർന്ന ഒരു കൂട്ടു കുടുംബമാകാം. ഇല്ലെങ്കിൽ മാതാപിതാക്കളും മക്കളും മാത്രം അടങ്ങുന്ന ഒരു അണുകുടുംബമാകാം. കുടുംബാംഗങ്ങൾ തമ്മിൽ പരസ്പരം ബന്ധപ്പെടുകയും, ആശയവിനിമയം ചെയ്യുകയും ചെയ്യുന്നു. അവിടെ പൊയ്മുഖങ്ങളുടെ ആവശ്യമില്ല. ഓരോരുത്തരുടെയും ധർമ്മം (role) നിശ്ചയിക്കുന്നത്, അവർ ജീവിക്കുന്ന സമൂഹം തന്നെയായിരിക്കും. പരസ്പരം കരുതുന്ന, പങ്കുവയ്ക്കുന്ന, ബഹുമാനിക്കുന്ന, സുതാര്യതയുള്ള ബന്ധങ്ങളാണ് കുടുംബത്തിൽ ഉണ്ടായിരിക്കേണ്ടത്. പരസ്പരം തുറവിയോടുകൂടി (Openness) ബന്ധപ്പെടുവാനുള്ള ഒരു വേദിയാണ് കുടുംബം.

ഇത്രയും പറഞ്ഞത് എല്ലാ കുടുംബങ്ങളെയും ബാധിക്കുന്ന ചില കാഴ്ചപ്പാടുകൾ മാത്രം. ഇനി എന്താണ് കുടുംബത്തെപ്പറ്റിയുള്ള ക്രൈസ്തവമായ കാഴ്ചപ്പാടുകൾ എന്നു നോക്കാം. ഉൽപ്പത്തി പുസ്തകത്തിൽ തുടങ്ങുന്നു ക്രിസ്ത്യാനിയുടെ കുടുംബപുരാണം. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു പറഞ്ഞുകൊണ്ട് ആദത്തിന് ഒരു ഇണയെ നൽകി, ദൈവം കുടുംബത്തെ സൃഷ്ടിച്ചു. ലോകത്തിലെ ആദ്യത്തെ പ്രണയഗീതം പാടിയത് ആദമായിരുന്നു. തന്റെ മാംസത്തിന്റെ മാംസവും അസ്ഥിയുടെ അസ്ഥിയുമായ ഇണയെ ആദം ആഹ്ലാദപൂർവ്വം സ്വീകരിക്കുന്നു. പക്ഷേ അധികം താമസിയാതെ നീ എനിക്കു കൂട്ടായിത്തന്ന ഈ സ്ത്രീ മൂലം ഞാൻ പാപം ചെയ്തു എന്നു പറയുന്ന ആദത്തെ നാം കാണുന്നു. സ്ത്രീപീഡനത്തിന്റെയോ, കുടുംബ വഴക്കിന്റെയോ ആദ്യത്തെ എപ്പിസോഡ്!

വേദപുസ്തകത്തിലുടനീളം വിവിധ തരം കുടുംബബന്ധങ്ങൾ നാം കാണുന്നു. പഴയ നിയമത്തിലേക്ക് കടക്കുമ്പോൾ കാണുന്ന ചില ഉദാഹരണങ്ങൾ. ഭർത്താവ് മരിച്ചിട്ടും അമ്മായിയമ്മയെ ഉപേക്ഷിക്കുവാൻ തയ്യാറാകാത്ത റൂത്ത്, ദൈവത്തിനു നന്ദി പറഞ്ഞതിനു ശേഷം മാത്രം ആദ്യരാത്രിയിൽ ബന്ധപ്പെടുന്ന തോബിയാസ്, ഏഴുമക്കളേയും നഷ്ടപ്പെട്ടിട്ടും, സ്വന്തം വിശ്വാസം തള്ളിപ്പറയാത്ത അമ്മ, തുടങ്ങിയവ അവയിൽ ചിലതു മാത്രം.

പുതിയ നിയമത്തിലേക്കു വരുമ്പോൾ കുറച്ചുകൂടി ദൃഢമായ കുടുംബ ബന്ധങ്ങളും, ഭാര്യ ഭർത്തൃബന്ധങ്ങളുടെ ആഴവും, പരപ്പുമെല്ലാം വിശദമായി കാണാം. വിവാഹത്തിനു മുൻപ് ഗർഭിണിയായ, ഭാര്യയെ സ്വീകരിക്കുന്ന ഭർത്താവ്, കുഞ്ഞിനേയും കൊണ്ട് ഒളിച്ചോടി രക്ഷപ്പെടുന്ന അപ്പനും അമ്മയും, മതാചാരങ്ങൾ എല്ലാം കൃത്യമായി അനുസരിച്ച് മകനെ വളർത്തുന്ന യൗസേപ്പും മറിയവും, അവരെ അനുസരിച്ചും സഹായിച്ചും വളരുന്ന യേശു, കാണാതായ കുഞ്ഞിനുവേണ്ടി വേദനയോടെ തിരയുന്ന മാതാപിതാക്കൾ, കുഞ്ഞിനെ കാണുമ്പോൾ നീ എന്തുകൊണ്ട് ഇങ്ങനെ ചെയ്തു എന്നു ചോദിച്ചുകൊണ്ട് തെറ്റു ചൂണ്ടിക്കാണിക്കുന്ന അമ്മ, കാനായിലെ കല്യാണ വിരുന്നിൽ മറിയം കാണിക്കുന്ന സാമൂഹ്യ അവബോധം, കുരിശിന്റെ താഴെ വേദനകൾ ഏറ്റു വാങ്ങിക്കൊണ്ട് നിൽക്കുന്ന മറിയം, ഇങ്ങനെ തിരുക്കുടുംബത്തിലെ എത്ര എത്ര സംഭവങ്ങൾ. ക്രിസ്തീയ കുടുംബങ്ങൾക്ക് എല്ലാ തലത്തിലും ശരിയായ കാഴ്ചപ്പാടുകൾ നൽകുവാൻ സഹായിക്കുന്ന സംഭവങ്ങൾ.

ഇനിയും വേദപുസ്തകത്തിലെ സാധാരണ മനുഷ്യരുടെ കുടുംബബന്ധങ്ങൾ പരിശോധിച്ചാൽ കാണുന്നതെന്താണെന്നു നോക്കാം. ധൂർത്ത പുത്രനുവേണ്ടി കാത്തിരിക്കുന്ന പിതാവ്, സക്കേവൂസിന്റെയും, പാപിനിയുടെയും മാനസാന്തരം, നീ എന്റെ ഭവനത്തിൽ വരുവാൻ ഞാൻ യോഗ്യനല്ല എന്നു പറയുന്ന ശതാധിപൻ, കാണാതെപോയ നാണയം തിരയുന്ന സ്ത്രീ, യേശുവിനെ പരിചരിക്കുന്ന മാർത്തയും, മറിയവും, തന്റെ സമ്പാദ്യം മുഴുവൻ ഭണ്ഡാരത്തിൽ സമർപ്പിക്കുന്ന സ്ത്രീ. ഇവയെല്ലാം കുടുംബബന്ധങ്ങളുടെ വ്യക്തമായ ഉദാഹരണങ്ങളിൽ ചിലതു മാത്രം.

കേരളത്തിലെ കത്തോലിക്ക കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ ഘടനയും ദൗത്യവുമെല്ലാം സുവിശേഷാധിഷ്ഠിതമായിരുന്നു (ഈ അടുത്തകാലം വരെ). ദൈവത്തിൽ അധിഷ്ഠിതമായ കുടുംബബന്ധങ്ങൾ, യേശുവിനെ കുടുംബത്തിന്റെ നായകനായി അംഗീകരിച്ചിരിക്കുന്ന മാതാപിതാക്കളും,

www.malankaralibrary.com



മക്കളും, ആദ്യം ദൈവത്തിന്റെ രാജ്യവും അവന്റെ മഹത്വവും അന്വേഷിച്ചിരുന്ന വിശ്വാസികളുടെ ഒരു കൂട്ടം, ഇതെല്ലാമായിരുന്നു നമ്മുടെ പഴയ കുടുംബങ്ങൾ.

എന്നാൽ ആധുനിക കുടുംബങ്ങളുടെ സ്ഥിതി ആകെ മാറിയിരിക്കുകയാണ്. ദൈവത്തിൽ അധിഷ്ഠിതമായിരുന്ന കുടുംബങ്ങൾക്ക് പകരം ഇന്നത്തെ കുടുംബങ്ങൾ സ്വന്തം കഴിവിലും സമ്പത്തിലുമെല്ലാം അധിഷ്ഠിതങ്ങളാണ്. ക്രിസ്തീയ മൂല്യങ്ങൾക്കു പകരം പൈശാചിക മൂല്യങ്ങളാണ് കുടുംബങ്ങളെ ഭരിക്കുന്നത്. സ്വന്തം സഹോദരങ്ങളെപ്പോലും അന്യരായി കാണുന്ന ബന്ധങ്ങൾ, സ്വാർത്ഥത, അമിതമായ സ്വാതന്ത്ര്യ വാഞ്ഛ, മറ്റുള്ളവരെ അനുസരിക്കു ന്നതിനുള്ള വിനയമില്ലായ്മ, സുഖഭോഗങ്ങ ൾക്കുവേണ്ടിയുള്ള അതിരു കടന്ന ആഗ്രഹം, ഭാവിയെ പ്പറ്റിയുള്ള ഭീതിജനകമായ ആശങ്ക, പരസ്പരം വിശ്വാസമി ല്ലായ്മ, ദൈവവിശ്വാസവും ശരണവും നഷ്ടപ്പെട്ടതിൽ നിന്നുണ്ടാകുന്ന നിരാശാബോധം, ഇതെല്ലാം ആധുനിക കുടുംബ ങ്ങളെ, സംഘർഷങ്ങളുടെ കേന്ദ്രങ്ങളാക്കി മാറ്റുന്നു. Home Sweet home എന്നതൊക്കെ ഒരു പഴയ ഓർമ്മ മാത്രം.

എന്താണ് ഈ അസ്വസ്ഥതകളുടെ അടിസ്ഥാന കാരണം? നല്ല വൃക്ഷങ്ങൾ ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുകയില്ലെന്ന് വി. ലൂക്കാ പറയുന്നു. പിന്നെ എന്തേ നമ്മുടെ കുടുംബങ്ങളിൽ ചീത്തഫലങ്ങൾ ഉണ്ടാകുന്നു? തകർന്ന കുടുംബങ്ങളും ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിച്ച ഭൗതികതയുമാണ് ഈ പ്രശ്നങ്ങൾക്കു കാരണം എന്നാണ് പൊതുവേ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നത്. അമേരിക്ക, ഇംഗ്ലണ്ട്, ജപ്പാൻ തുടങ്ങിയ സമ്പന്ന രാജ്യങ്ങളിലെ കുട്ടികളിൽ കൊലപാതകം വരെ എത്തുന്ന അക്രമവാസനകളും, ലൈംഗീകമായ അരാജകത്വവും, മറ്റു സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും നിയന്ത്രണാതീതമായി വരുന്നതായി കാണുന്നു. ഇതേപ്പറ്റി പഠനം നടത്തിയ ധാർമ്മിക പ്രസ്ഥാനങ്ങൾ പറയുന്നത്, ശക്തമായ കുടുംബബന്ധങ്ങളിൽ കൂടിയുള്ള മൂല്യബോധത്തിനു (Value education) മാത്രമേ ഈ പ്രതിസന്ധിക്ക്, പ്രതിവിധി കണ്ടെത്തുവാൻ കഴിയൂ എന്നാണ്. വിദ്യാഭ്യാസത്തിനും ഈ രംഗത്ത് കാര്യമായ സംഭാവന നല്കാനുണ്ട്.

21-ാം നൂറ്റാണ്ടിലെ ക്രൈസ്തവ കുടുംബങ്ങൾ എങ്ങനെയായിരിക്കണം എന്ന ഒരു ലക്ഷ്യബോധം സഭയ്ക്കും, സമൂഹത്തിനും ഉണ്ടായിരിക്കണം. അതിനുവേണ്ട പരിശീലനം കുടുംബത്തിൽ നിന്നു തന്നെ തുടങ്ങണം. നമ്മുടെ മതബോധനവും ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു വേണം ആസൂത്രണം ചെയ്യേണ്ടത്. ഒരു മനുഷ്യന്റെ ജീവിതത്തിലെ സുവർണ്ണ കാലഘട്ടമാണ് ആദ്യത്തെ പത്തു വർഷങ്ങൾ. ഈ കാലഘട്ടത്തെ Receiving Stage of Life എന്നു പറയാറുണ്ട്. വ്യക്തിത്വ രൂപവത്ക്കരണത്തിന്റെ അടിസ്ഥാന ഘടകങ്ങളായ സ്നേഹം, സുരക്ഷിതത്വം, അംഗീകാരം, ഈശ്വരവിശ്വാസം മുതലായവ ഈ ഘട്ടത്തിൽ നിശ്ചയമായും ലഭിച്ചിരിക്കണം. കുടുംബത്തിലെ അനുഭവങ്ങളിൽ (ബന്ധങ്ങളിൽ) കൂടിയാണ് ഇത് മനുഷ്യൻ സംലഭ്യമാക്കുന്നത്. Fatherless America എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിന്റെ കർത്താവായ David Blanken Horn പറയുന്നത്, ബോധപൂർവ്വമായ ഒരു പിതൃത്വ സംസ്കാരം രൂപപ്പെടുത്തിയെങ്കിൽ മാത്രമേ അമേരിക്കൻ ജനതയ്ക്ക് ഇന്നത്തെ പ്രതിസന്ധിയിൽ നിന്ന് കരകയറുവാൻ കഴിയൂ എന്നാണ്.

പലപ്പോഴും നമ്മളൊക്കെ ചിന്തിക്കുന്നത് ഇതൊക്കെ അങ്ങ് അമേരിക്കയിലാണ്, ഇവിടെ കുഴപ്പമൊന്നുമില്ല, നമ്മുടെ കുട്ടികൾ എല്ലാം സുരക്ഷിതരാണ്, അവർക്ക് മൂല്യബോധമുണ്ട് എന്നൊക്കെയാണ്. പക്ഷേ മാധ്യമങ്ങളിൽകൂടി വരുന്ന പല വാർത്തകളും നമ്മെ ഞെട്ടിപ്പിക്കാറുണ്ട്. നമ്മുടെ ടെലിവിഷൻ, ഇന്റർനെറ്റ് മുതലായവയിൽ കൂടി, പാശ്ചാത്യ സംസ്കാരം നമ്മുടെ ഇരിപ്പുമുറിയിലേക്ക് കടന്നു വരികയാണ്. വളരെ ലാഘവത്തോടുകൂടി നമ്മളതിനെ കൈകാര്യം ചെയ്യുന്നു. എനിക്കുതന്നെ ഉണ്ടായ ഒരു അനുഭവം പങ്കുവയ്ക്കാം. കഴിഞ്ഞ ദിവസം ഒരു സാമൂഹ്യ പരിപാടിയിൽ പങ്കെടുക്കുവാൻ പോയപ്പോൾ എന്റെ കൊച്ചുമകൻ ചോദിക്കുകയാണ്: "അമ്മച്ചി ഇതിനൊക്കെ മിനക്കെടുന്നതെന്തിനാണ്? സ്വന്തം കാര്യം നോക്കി സുഖമായി വീട്ടിൽ ഇരുന്നുകൂടെ?". ആരാണ് നിനക്ക് ഈ ആശയം തന്നത് എന്ന് ചോദിച്ചപ്പോൾ അവന്റെ ഉത്തരം "ഞങ്ങളുടെ സ്കൂളിലെ കുട്ടികൾ" എന്നായിരുന്നു. നഗരത്തിലെ

www.malankaralibrary.com



അതിപ്രശക്തമായ ഒരു കത്തോലിക്ക വിദ്യാലയത്തിൽ പഠിക്കുന്ന, വേദപാഠത്തിൽ രൂപതാതലത്തിൽ ഒന്നാം സമ്മാനംവരെ വാങ്ങിക്കുന്ന, വളരെ നന്നായി വളർത്തപ്പെടുന്നു എന്ന് ഞാൻ അഭിമാനിച്ചിരുന്ന എന്റെ കൊച്ചുമകന്റെ (10-ാം ക്ലാസ്സ്) പ്രതികരണം എന്നിലുണ്ടാക്കിയ ആഘാതം വളരെ വലുതായിരുന്നു. അവന്റെ തെറ്റായ ചിന്താഗതി അവനെ മനസ്സിലാക്കുവാൻ ഞാൻ വളരെയധികം ശ്രമിച്ചെങ്കിലും, കൗമാരത്തിലെ peer group-ന്റെ സ്വാധീനം എത്ര വലുതാണെന്ന് നല്ലതുപോലെ അറിയാവുന്നതുകൊണ്ട്, അവന്റെ മൂല്യരൂപീകരണത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കി.

ഇന്ന് കുടുംബങ്ങളിൽ ആർക്കും ആരേയും സ്നേഹിക്കുവാൻ (സ്നേഹം പ്രകടിപ്പിക്കുവാൻ) സമയമില്ല. എന്തൊക്കെയോ, വെട്ടിപ്പിടിക്കുവാനുള്ള ഭ്രാന്തമായ ഓട്ടത്തിൽ കുടുംബത്തിന്റെ ഊഷ്മളതയും, സൗഹൃദവും തുറവിയും (openness) സ്വാതന്ത്ര്യവും എല്ലാം നഷ്ടപ്പെടുകയാണ്. പണമാണ് ഇന്ന് ദൈവം. അത് സമ്പാദിക്കുവാനുള്ള വ്യഗ്രതയിലാണ് ഇന്ന് എല്ലാവരും. വിദ്യാഭ്യാസത്തിന് ഇന്ന് അമിത പ്രാധാന്യമാണ് നല്കുന്നത്. കാരണം ഉയർന്ന വിദ്യാഭ്യാസത്തിൽ കൂടി കൈവരാവുന്ന ഉയർന്ന ഉദ്യോഗങ്ങളും, അതോടു ചേർന്ന അധികാരവും, പണവും തന്നെ. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കേണ്ട എന്നല്ല ഇതിനർത്ഥം. പക്ഷേ ദൈവത്തോടും മനുഷ്യനോടുമുള്ള കടമകൾ മറന്നുള്ള ഒരു വിദ്യാഭ്യാസം ആരെയും രക്ഷപ്പെടുത്തുന്നില്ല എന്ന സത്യം, സുദീർഘമായ എന്റെ ഈ രംഗത്തെ അനുഭവത്തിൽനിന്ന് തറപ്പിച്ചു പറയാം. കഴിഞ്ഞ ദിവസം ഒരു മതബോധന സെമിനാറിലെ ചർച്ചയിൽ പങ്കെടുത്ത കുട്ടികൾ പറഞ്ഞ ഒരു കാര്യം ഓർമ്മ വരുന്നു. ഞായറാഴ്ചപോലും പള്ളിയിൽ പോകാതെ സൺഡേസ്കൂളിൽ പോകാതെ, ട്യൂഷനുപോകാൻ മാതാപിതാക്കൾ നിർബന്ധിക്കുന്നു. അതുപോലെ പള്ളിയിലെ മറ്റു പരിപാടികൾ, വിശേഷ ദിവസങ്ങൾ, ഇവയിലൊന്നും കുട്ടികളെ പങ്കെടുപ്പിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കുന്നില്ല. തികച്ചും സ്വാർത്ഥമതികളായി, സാമൂഹ്യഅവബോധമില്ലാതെ കുട്ടികൾ വളരുന്നു. എനിക്ക് പ്രയോജനം കിട്ടുന്ന കാര്യം ചെയ്താൽ മതി എന്ന സ്വാർത്ഥബോധം കുട്ടികളിലുണ്ടാകുവാനുള്ള പ്രധാന കാരണം മാതാപിതാക്കൾ തന്നെ!

വളരുന്ന തലമുറയ്ക്ക് ഒരു നേതൃത്വം കൊടുക്കുവാൻ നമ്മുടെ മത, സാമൂഹ്യ, രാഷ്ട്രീയ, മണ്ഡലങ്ങളിലെ നേതാക്കന്മാർക്ക് കഴിയുന്നില്ല. എല്ലാ ദിവസവും പത്രങ്ങളിൽ വരുന്ന അഴിമതിയുടെയും, അനീതിയുടെയും, അധികാര വടംവലിയുടെയും വാർത്തകൾ വായിച്ചല്ലേ നമ്മുടെ കുട്ടികൾ വളരുന്നത്. മുതിർന്ന തലമുറയോടുള്ള ബഹുമാനവും, വിശ്വാസവുമെല്ലാം അവർക്ക് നഷ്ടപ്പെട്ടു കഴിഞ്ഞു. സത്യത്തിന്റേയും, നീതിയുടെയും, ധർമ്മത്തിന്റേയും, ത്യാഗത്തിന്റേയും മാതൃക കാണിച്ചു കൊടുക്കുവാൻ മുതിർന്ന തലമുറയിൽ ഇന്ന് ആരുണ്ട്. ഈ ഉപഭോഗ സംസ്കാരത്തിൽ എല്ലായിടത്തും അവർ കാണുന്നത് അക്ഷന്തവ്യമായ ധൂർത്തിന്റെ ദൃശ്യങ്ങളാണ്. ഒരു ഗാന്ധിജിയെയോ, മദർ തെരേസായെയോ, ത്യാഗത്തിന്റെ പ്രതീകമായി നമുക്കു ചൂണ്ടിക്കാണിക്കാനുണ്ട്. ഗാന്ധിജിയുടെ സത്യ-ആഗ്രഹത്തിന്റെ സ്ഥാനത്ത് ഇന്നു നാം കാണുന്നത് അത്യാഗ്രഹികളായ നേതാക്കളെയാണ്. അധികാരം ജനങ്ങളിലേക്ക് ഇറങ്ങി ചെന്നിട്ടും, ജനകീയ ആസൂത്രണങ്ങളിലൊന്നും ഗാന്ധിജിയുടെ മനുഷ്യരെ നാം കണ്ടില്ല. പൊതുമുതൽ ധൂർത്തടിക്കുന്നതിലും കൊള്ളയടിക്കുന്നതിലും പാർട്ടികളുടെ വ്യത്യാസങ്ങളും പ്രത്യയശാസ്ത്രങ്ങളും ഒരു തടസ്സമായില്ല. അവിടെയെങ്ങും ശുദ്ധമായ ഒരു നേതൃത്വം കൊടുക്കുവാൻ ക്രൈസ്തവനും കഴിഞ്ഞില്ല. ക്രൈസ്തവ മൂല്യങ്ങൾ കുഞ്ഞുങ്ങൾക്ക് നല്കുന്നതിൽ നമ്മുടെ കുടുംബങ്ങൾ പരാജയപ്പെടുന്നു എന്നതിന്റെ വ്യക്തമായ തെളിവുകളല്ലേ ഇതെല്ലാം.

ക്രിസ്തീയ കുടുംബങ്ങളെ സംബന്ധിച്ച, വിദേശപണത്തിന്റെ ആധിപത്യം, നമ്മുടെ കുടുംബബന്ധങ്ങളേയും, മൂല്യങ്ങളേയും കാഴ്ചപ്പാടുകളേയും സാരമായി ബാധിച്ചു എന്നു പറയാം. വിദേശരീതിയിലുള്ള ഭവനങ്ങൾ നിർമ്മിച്ച്, അവരുടെ വസ്ത്രധാരണരീതി സ്വീകരിച്ച് അവരുടെ ആഹാരം കഴിച്ച്, അവരുടെ ഭാഷ സംസാരിച്ച്, അവരുടെ സംഗീതവും കലയും ആസ്വദിച്ച്, വിദേശ സംസ്കാരത്തിന്റെ അടിമയായ ഒരു പുത്തൻ

www.malankaralibrary.com



തലമുറ നമ്മുടെ കുടുംബങ്ങളിൽ രൂപം കൊള്ളുകയാണ്. വിദേശാധിപത്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടി എന്ന് അഭിമാനിച്ച ഒരു ജനത, ബൗദ്ധികമായ, സാംസ്കാരികമായ, വൈകാരികമായ ഒരു പുതിയ അടിമത്തത്തിന്റെ ചങ്ങലകൾ സ്വയം എടുത്ത് അണിയുകയാണോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു, പ്രത്യേകിച്ചും നമ്മുടെ യുവതലമുറ.

മനുഷ്യന്റെ സ്വാർത്ഥത, അധികാര ദുർമ്മോഹം, ധനമോഹം ഇവയെല്ലാം ഇത്ര വളരെ ശക്തമായ ഒരു കാലം ഇന്നുവരെ ഉണ്ടായിട്ടില്ലെന്നു പറയാം. ക്രൈസ്തവ സമൂഹവും ഇതിനൊരു അപവാദമല്ല. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണമെന്ന മാനവികതയുടെ മഹാമന്ത്രം ഉപദേശിച്ച ക്രിസ്തുവിന്റെ അനുയായികൾ ഇന്ന് അയൽക്കാരനെ കാണുന്നുണ്ടോ എന്നു തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. പുറത്തേയ്ക്ക് ഇറങ്ങുമ്പോൾ പോലും കറുത്ത കണ്ണാടികൾ ഇട്ട എ.സി. കാറുകളിൽ യാത്ര ചെയ്യുന്നവർ അയൽക്കാരെ എങ്ങനെ കാണും. ആഗോളവല്ക്കരണത്തെപ്പറ്റി വാതോരാതെ പ്രസംഗിക്കുന്നവർക്ക് അയൽക്കാരനോടു പോലും സംസാരിക്കുവാൻ സമയമില്ല.

ഇതെല്ലാം കണ്ട് പകച്ചു നിൽക്കാതെ, പരസ്പരം പഴിചാരാതെ നാം ഉണർന്നെഴുന്നേറ്റേ മതിയാകൂ! ഈ കുത്തൊഴുക്കിനെതിരെ, നിസ്സഹായരായി നോക്കി നിന്നിട്ടു കാര്യമില്ല. നിസ്സംഗതയും, നിരുത്തരവാദിത്വവും ഭാവിച്ച് ഭീരുക്കളായി മാറിനിൽക്കുവാനുള്ള സമയമല്ലിത്. എല്ലാ രംഗങ്ങളിലും ഒരു പുതിയ നേതൃത്വം നമ്മുടെ നാടിനു നല്കിയേ പറ്റൂ. ക്രൈസ്തവരായ നാം അതിനു മുൻകൈ എടുക്കണം. സുവിശേഷാധിഷ്ഠിതമായ കുടുംബ ബന്ധങ്ങളിലേക്ക് നമുക്ക് തിരിച്ചു പോകാം. തലമുറകളായി നാം കാത്തുസൂക്ഷിച്ചിരുന്ന വിശ്വാസങ്ങളും, മൂല്യങ്ങളും, പുതിയ തലമുറയ്ക്ക് കൈമാറാം. നമ്മുടെ നല്ല പെരുമാറ്റ ചട്ടങ്ങൾ, ശീലങ്ങൾ അനുഷ്ഠാനങ്ങൾ എല്ലാം തിരിച്ചുകൊണ്ടു വരാം. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമെന്ന പ്രത്യയശാസ്ത്രത്തോടു നമുക്ക് ഒരു തരത്തിലും യോജിക്കുവാൻ സാധ്യമല്ല. ലക്ഷ്യവും മാർഗ്ഗവും സംശുദ്ധമായിരുന്ന നമ്മുടെ ക്രൈസ്തവ ജീവിത ശൈലിയിലേക്ക് നമുക്ക് മടങ്ങിപോകാം. അതിനു നേതൃത്വം നൽകേണ്ടത് ഇന്നത്തെ മുതിർന്ന തലമുറയാണ്. അവരുടെ ചിന്തകളും, പ്രവർത്തികളും നൂറു ശതമാനം കുറ്റമറ്റതായിരിക്കണം. നമ്മുടെ സഭാ നേതൃത്വവും, മാതാപിതാക്കളും, അദ്ധ്യാപകരും ഗുരുസ്ഥാനീയരായ എല്ലാവരും സ്വയം ആത്മശോധന ചെയ്യുക. നിങ്ങൾ എന്നെ അനുകരിക്കുക എന്ന് വി. പൗലോസിനോടൊപ്പം പറയുവാനുള്ള ധാർമ്മിക ധൈര്യം മുതിർന്ന തലമുറയ്ക്കുണ്ടാകട്ടെ.

*With best compliments of:*


**Mrs. Mary Antony Pawath (W/o Late Mr. Antony Pawath)**
**& Children & Grand-children**
**VASHI, NEW BOMBAY**

*With best compliments of:*

**VICAR & PARISHIONERS**
**ST. JAMES MALANKARA CATHOLIC CHURCH**
**POOTHRIKKA**

www.malankaralibrary.com





# മലങ്കര മേജർ സെമിനാരി

റവ. ഡോ. സ്റ്റീഫൻ കോട്ടത്തിൽ
റെക്ടർ, മലങ്കര മേജർ സെമിനാരി

യേശുക്രിസ്തു തന്റെ രക്ഷാകരമായ ദൗത്യം ശിഷ്യന്മാരെ ഭരമേല്പിച്ചു. ആകമാന സഭയിലൂടെ ഈ ദൗത്യം തുടരുന്നു. വൈദിക ശുശ്രൂഷാപരമായ നേതൃത്വം വഴിയാണ് രക്ഷാകര ദൗത്യം സഭയിൽ തുടരുന്നത്.

യേശുവിന്റെ രക്ഷാകര ദൗത്യനിർവ്വഹണത്തിൽ, മലങ്കര കത്തോലിക്കാ സഭയുടെ വിളിയും ദൗത്യവും, സ്വഭാവവും, സവിശേഷതകളും, പാരമ്പര്യങ്ങളും, പൈതൃകങ്ങളും സമന്വയിപ്പിച്ച് വൈദികരെ പരിശീലിപ്പിക്കുക എന്ന ഉന്നതമായ ലക്ഷ്യത്തിൽ സ്ഥാപിതമായിരിക്കുന്ന പരിശീലന കേന്ദ്രമാണ് മലങ്കര സെമിനാരി.

മലങ്കര കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ മേൽനോട്ടത്തിൽ സെമിനാരി നടത്തപ്പെടുന്നു. മലങ്കര രൂപതയ്ക്കു പുറമേ മറ്റു രൂപതകളിൽ നിന്നും, സന്യാസ സമൂഹങ്ങളിൽ നിന്നുമായി 183 വിദ്യാർത്ഥികൾ ഇവിടെ പരിശീലനം നടത്തുന്നു. പതിനാല് വൈദികർ സെമിനാരിയിൽ താമസിച്ചുകൊണ്ട് പരിശീലനം നൽകുന്നു. കൂടാതെ നാല്പതിലധികം വൈദികരും മറ്റ് അധ്യാപകരും പരിശീലനത്തിൽ സഹായിക്കുന്നു. ഇരുപതോളം സഹോദരങ്ങൾ സെമിനാരിയുടെ ദൈനംദിന കാര്യങ്ങളിൽ സഹായിച്ചുകൊണ്ട് ഇവിടെ ജോലി ചെയ്യുന്നു. എട്ട് വർഷം ദീർഘിക്കുന്നതാണ് പരിശീലന കാലഘട്ടം. പാഠ്യവിഷയങ്ങളിലും, പരിശീലന പദ്ധതികളിലും അന്തർദേശീയ നിലവാരം നിലനിർത്തുന്ന ഒരു വൈദിക പരിശീലന കളരിയാണ് മലങ്കര മേജർ സെമിനാരി.

### സ്ഥാപനം

മലങ്കര സഭയുടെ ചിരകാലാഭിലാഷമായിരുന്നു മലങ്കര മേജർ സെമിനാരിയുടെ സ്ഥാപനം. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലം മുതൽ തന്നെ തനതായ സെമിനാരിയെപ്പറ്റി ചിന്തിച്ചിരുന്നു. എന്നാൽ പുനരൈക്യ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ സഭയുടെ ആവശ്യം പല വേദികളിലും ശക്തമായി പ്രകടിപ്പിച്ചു. നിവേദനങ്ങൾ നടത്തി. പൗരസ്ത്യ തിരുസംഘത്തിൽ നിന്ന് സെമിനാരി സ്ഥാപിക്കുവാനുള്ള ഔപചാരിക അനുവാദം ലഭ്യമായതിനെതുടർന്ന് 1983-ൽ മലങ്കര മേജർ സെമിനാരി തിരുവനന്തപുരത്ത് സ്ഥാപിതമായി.

പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയോടനുബന്ധിച്ചുള്ള പരിമിതമായ സാഹചര്യങ്ങളിലാണ് മേജർ സെമിനാരിയുടെ ആരംഭം കുറിച്ചത്. തത്വശാസ്ത്ര പഠന വിഭാഗം മാത്രമായിരുന്നു ആരംഭത്തിൽ ഉണ്ടായിരുന്നത്. ഒൻപത് വർഷങ്ങൾക്കു ശേഷം 1992-ലാണ് ദൈവശാസ്ത്ര വിഭാഗം ആരംഭിച്ചത്.

### പട്ടത്തു നിന്ന് നാലാഞ്ചിറയിലേക്ക്

പട്ടത്തെ പരിമിതമായ സാഹചര്യത്തിൽനിന്ന് നാലാഞ്ചിറ ബഥനിക്കുന്നിലേക്ക് മേജർ സെമിനാരി മാറ്റി സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ തിരുവനന്തപുരം സന്ദർശന സമയത്ത്, 1986-ൽ മലങ്കര സെമിനാരി സ്ഥാപിക്കുവാനുള്ള അടിസ്ഥാന ശില ആശീർവദിച്ചു. സന്ദർശനാവസരത്തിൽ മേജർ സെമിനാരിയെപ്പറ്റി പരിശുദ്ധ പിതാവ് ഇപ്രകാരം പറഞ്ഞു: "സഭാ മാതാവായ മറിയത്തിന് സമർപ്പിച്ച മേജർ സെമിനാരിയുടെ സ്ഥാപനം നിങ്ങളുടെ വളർച്ചയുടെ അടയാളമാണ്.

www.malankaralibrary.com



ഭാവിയിലെ വളർച്ചയ്ക്കും വികസനത്തിനുമുള്ള പ്രതീക്ഷ അതു പ്രദാനം ചെയ്യുന്നു".

പട്ടത്തെ സെമിനാരി ജീവിതത്തിലെ പരിമിതികൾ, അവിടെയുണ്ടായിരുന്ന സന്തോഷം, നാലാഞ്ചിറയിൽ ആരംഭിക്കുന്നതിനുള്ള പരിശ്രമങ്ങൾ, സഹനകഥകൾ, അവയുടെ സംതൃപ്തി ഇവ ഈ ലേഖന പരിധിയിൽ വർണ്ണിക്കുവാൻ അസാധ്യമാണ്.

1989-ൽ തത്വശാസ്ത്ര വിഭാഗത്തിന്റെ കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടു. പുതിയ അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ നാലാഞ്ചിറയിൽ ആരംഭിച്ചു കൊണ്ട് ഇതോടെ സെമിനാരിയുടെ ചരിത്രത്തിൽ പുതിയ അദ്ധ്യായത്തിന് ആരംഭംകുറിച്ചു.

### ദൈവശാസ്ത്ര പഠനത്തിനാരംഭം

മലങ്കര മെത്രാൻ സംഘത്തിന്റെ തീരുമാനപ്രകാരം 1992 ജൂണിൽ ദൈവശാസ്ത്ര വിഭാഗത്തിനാരംഭം കുറിച്ചു. എന്നാൽ ദൈവശാസ്ത്ര ബ്ലോക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് 1993 ജൂണിൽ ആണ്. മലങ്കര മേജർ സെമിനാരിയുടെ ദൈവശാസ്ത്ര പരമായ "അന്വേഷണം" ആരംഭിച്ചത് ഈ സന്ദർഭത്തിലാണ്. ഇപ്പോൾ സെമിനാരി ദൈവശാസ്ത്ര പരിശീലനത്തിനാവശ്യമായ വൈവിധ്യമാർന്ന ശേഷികൾ ഉപയോഗപ്പെടുത്തി വളർച്ചയുടെ പുതിയ സാധ്യതകൾ തേടുകയാണ്.

### ചാപ്പൽ – സെമിനാരിയുടെ ഹൃദയം

വൈദിക പരിശീലനത്തിന്റെ ഏറ്റം പ്രധാനപ്പെട്ട ഭാഗമാണ് ആദ്ധ്യാത്മികത. ദൈവിക സാന്നിധ്യത്തിന്റെ, ശക്തിയുടെ, പ്രവർത്തനത്തിന്റെ പ്രതീകമായ ചാപ്പൽ ആദ്ധ്യാത്മിക ചൈതന്യത്തിന്റെ ഉറവിടമാണ്. ദൈവകൃപയാൽ മലങ്കര സെമിനാരിയുടെ മധ്യഭാഗത്ത് ഹൃദയമായി സെമിനാരി ചാപ്പൽ സ്ഥിതി ചെയ്യുന്നു. മനോഹരമായ ചാപ്പലിന്റെ നിർമ്മാണം 1996-ൽ പൂർത്തിയായി. ഭാരത കത്തോലിക്കാ മെത്രാന്മാരുടെ സംഘത്തിന്റെ വാർഷിക സമ്മേളനം ഈ ചാപ്പലിൽ വച്ചാണ് നടത്തപ്പെട്ടത്. അങ്ങനെ ചരിത്ര സംഭവത്തിന് സാക്ഷിയായി ഈ ദേവാലയം സെമിനാരിയുടെ എല്ലാ ആത്മീയ സ്രോതസ്സുകളുടെയും ഉറവിടത്തിന്റെ പ്രതീകമാണ്.

### സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുന്നു

മലങ്കര മേജർ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര ദൈവശാസ്ത്ര കോഴ്സുകൾ പൂർത്തിയാക്കി 1996-ൽ പത്തൊൻപത് നവവൈദികർ അഭിഷിക്തരായപ്പോൾ സെമിനാരിയുടെയും മലങ്കര സഭയുടെയും ദീർഘകാല സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. തുടർന്നുള്ള വർഷങ്ങളിലായി തൊണ്ണൂറ്റിയാറ് നവ വൈദികരെ കർത്താവിന്റെ മുന്തിരിത്തോട്ടത്തിലേക്ക് അയയ്ക്കുവാൻ സെമിനാരിക്ക് കഴിഞ്ഞു.

### അവിസ്മരണീയർ

സെമിനാരിയുടെ ആരംഭം മുതൽ വിവിധ മേഖലകളിലായി പ്രവർത്തിച്ചിട്ടുള്ള ബഹു. വൈദികർ, അധ്യാപകർ, സിസ്റ്റേഴ്സ്, മറ്റു സ്റ്റാഫുകൾ, സെമിനാരിയുടെ സാരഥികളായിരുന്ന റെക്ടേഴ്സ്, മെത്രാൻ സംഘത്തിലെ അംഗങ്ങൾ, സെമിനാരി കമ്മീഷന്റെ അദ്ധ്യക്ഷൻ, മെത്രാൻ സംഘത്തിന്റെ അദ്ധ്യക്ഷൻ തുടങ്ങിയ ശ്രേഷ്ഠരായ അനേകം വ്യക്തികളെ നന്ദിയോടെ സ്മരിക്കുന്നു. അവരുടെ പേരുകൾ എടുത്തു കാട്ടി സേവനങ്ങളെ പ്രകീർത്തിക്കേണ്ടതുമാണ്. ആ സാഹസത്തിന് ഈ പേജുകൾ മതിയാവില്ല. ഇന്നോളം മലങ്കര സെമിനാരിയിൽ പ്രവർത്തിച്ച എല്ലാവരേയും നന്ദിപൂർവ്വം ദൈവ സന്നിധിയിൽ സ്മരിക്കുന്നു.

### അഭ്യുദയകാംക്ഷികൾ

സെമിനാരി കെട്ടിട നിർമ്മാണത്തിന് കോടിക്കണക്കിന് രൂപാ മുതൽമുടക്കുണ്ട്. മനോഹരങ്ങളായ സംവിധാനങ്ങളാൽ അനുഗ്രഹീതമാണിവിടം. മുപ്പതിനായിരത്തിലധികം പുസ്തകങ്ങളടങ്ങുന്ന വിശാലമായ ഗ്രന്ഥശാല സെമിനാരിയുടെ മാറ്റ് കൂട്ടുന്നു. ഗ്രന്ഥശാലയെ കംപ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സെമിനാരിയുടെ ദൈനംദിന ചെലവുകൾ നടത്താൻ വലിയ തുക ആവശ്യമാണ്. സെമിനാരി എന്തായിരിക്കുന്നുവോ അതെല്ലാം നല്ലവരായ ആളുകളുടെ സന്മനസ്സിന്റെ അനന്തരഫലമാണ്. സ്വദേശത്തും, വിദേശത്തുമുള്ള അഭ്യുദയകാംക്ഷികളായ എല്ലാ വ്യക്തികളെയും, സംഘടനകളെയും ദൈവസന്നിധിയിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

### മലങ്കര സെമിനാരിയുടെ ലക്ഷ്യം

മലങ്കര സഭയിലെ ഭാവി വൈദികരെ രൂപപ്പെടുത്തുകയാണ് സെമിനാരിയുടെ ലക്ഷ്യം. സീറോ-മലബാർ സഭയിലെ ചില രൂപതകളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടെ

www.malankaralibrary.com



പരിശീലനം നേടുന്നുണ്ട്. ഇടവക വൈദികരുടെ പരിശീലനത്തിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. യേശുക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയിൽ പങ്കുചേർന്നുകൊണ്ട് യേശുവിന്റെ ദൗത്യം തുടരുവാനുള്ള പ്രത്യേക വിളിയിൽ വളരുവാനും സെമിനാരിയിൽ പരിശീലിപ്പിക്കുന്നു. ആകമാന സഭയോടും മെത്രാൻ സംഘത്തോടും വൈദിക കൂട്ടായ്മയോടും, വിശ്വാസികളുടെ സമൂഹത്തോടും പ്രതിബദ്ധത വളർത്തുവാനും ഇവിടെ ശ്രമിക്കുന്നു. മലങ്കര സഭയുടെ പ്രത്യേകമായ വിളിയും ദൗത്യവും ഉൾക്കൊള്ളുവാനും സഭയുടെ എല്ലാവിധമായ പാരമ്പര്യങ്ങളും ദർശനങ്ങളും സമഗ്രതയിൽ ഉൾക്കൊണ്ടുകൊണ്ട് വളരുവാനും വൈദിക വിദ്യാർത്ഥികളെ ഇവിടെ സജ്ജരാക്കുന്നു. ഈ ലോകവും പ്രപഞ്ചവും മനുഷ്യസമൂഹം മുഴുവനും രക്ഷാകരപദ്ധതിയിൽ സമന്വയിക്കപ്പെടുന്ന സാർവ്വത്രികമായ വീക്ഷണങ്ങളും വൈദിക പരിശീലനത്തിന്റെ മാനങ്ങളാണ്.

**പരിശീലന മാനങ്ങൾ**

പ്രധാനമായും നാലു തലങ്ങളിലാണ് വൈദിക പരിശീലനത്തിന് ഊന്നൽ കൊടുക്കുന്നത്.

(1) മാനുഷികം: വൈദികൻ തികഞ്ഞ മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തിയായിരിക്കണം. സത്യത്തോടുള്ള സ്നേഹം, മറ്റുള്ളവരോടുള്ള ആദരവ്, നീതിബോധം, വിശ്വസ്തത, അനുകമ്പ, കാരുണ്യം, ക്ഷമ, സ്നേഹം തുടങ്ങിയ മാനുഷിക ഗുണങ്ങൾ അടിസ്ഥാന യോഗ്യതയാണ്. "സത്യവും വന്ദ്യവും നീതിയുക്തവും ഉത്തമവും പരിശുദ്ധവും സ്തുത്യർഹവും സ്നേഹാർഹവും പ്രശംസാ യോഗ്യവുമായ എല്ലാക്കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുവിൻ" (ഫിലി. 4:8) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ഇവിടെ അർത്ഥവത്താണ്. മാനസികവും വൈകാരികവുമായ പക്വതയും ഒരു വൈദിക വിദ്യാർത്ഥി പ്രാപിക്കേണ്ടിയിരിക്കുന്നു. നല്ല മന:സാക്ഷിയുടെ രൂപീകരണവും മാനുഷിക വളർച്ചയുടെ ഭാഗമാണ്.

(2) ആദ്ധ്യാത്മികം: ദൈവവുമായുള്ള ആഴമായ ബന്ധത്തിൽ വൈദികൻ ജീവിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിലും പരിശുദ്ധാത്മാവിലുമുള്ള ജീവിതമാണിത്. ദൈവവചനത്തിലും കൂദാശകളിലും അധിഷ്ഠിതമായ ജീവിത ശൈലിയാണിത്. പ്രാർത്ഥനയിലും പുണ്യപരിശീലനത്തിലുമുള്ള പ്രതിബദ്ധത ആദ്ധ്യാത്മിക ജീവിതത്തിന്റെ ഭാഗമാണ്. ചിന്തയിലും വാക്കുകളിലും പ്രവർത്തനങ്ങളിലും ദൈവിക ചൈതന്യം നിറഞ്ഞുനിൽക്കണം. എല്ലാ കാര്യങ്ങളിലും എല്ലാറ്റിനും ഉപരിയായി ദൈവേഷ്ടവും ദൈവ മഹത്വവും അന്വേഷിക്കുവാൻ പരിശീലിക്കണം. ദൈവരാജ്യത്തിനുവേണ്ടി ബ്രഹ്മചര്യവ്രതവും അനുഷ്ഠിക്കാൻ സാധിക്കുന്നത് ഈ ആദ്ധ്യാത്മിക പരിശീലനത്തിലൂടെയാണ്.

(3) ബൗദ്ധികം: ദൈവജനത്തെ 'പഠിപ്പിക്കുകയും നയിക്കുകയും' ചെയ്യുക എന്ന പുരോഹിത ദൗത്യം ബൗദ്ധിക പരിശീലനത്തിന്റെ പ്രാധാന്യം ഉറക്കെ പ്രഖ്യാപിക്കുന്നു. വി. വചനങ്ങളും വിശ്വാസ സത്യങ്ങളും പാരമ്പര്യങ്ങളും ധാർമ്മിക ഉപദേശങ്ങളും ജനങ്ങളെ പഠിപ്പിക്കുകയും ലോകത്തോട് പ്രസംഗിക്കുകയും ചെയ്യുന്ന ദൗത്യം തികച്ചും ഗൗരവമുള്ളതാണ്. ജീവിതത്തെപ്പറ്റിയും ദൈവികരഹസ്യങ്ങളെപ്പറ്റിയുമുള്ള സമഗ്രമായ അറിവും ദർശനങ്ങളും ഉൾക്കൊള്ളുവാൻ ബൗദ്ധിക പരിശീലനം വളരെ നിർണ്ണായകമാണ്. മലങ്കര സെമിനാരിയിലെ ഏഴുവർഷത്തെ ബൗദ്ധിക പരിശീലനങ്ങൾ പൗരോഹിത്യ ജീവിതത്തിലെ സമഗ്രമായ ലക്ഷ്യം തേടിയുള്ള ഉപാസനയുടെ ഭാഗമാണ്.

(4) അജപാലനപരം: ഇടയനടുത്ത ദൗത്യനിർവ്വഹണത്തിൽ വൈദികനെ ഒരുക്കുന്ന പ്രക്രിയയാണ് അജപാലനപരമായ പരിശീലനം. യേശുവിന്റെ അരൂപിയിൽ ഗുരുവായും പുരോഹിതനായും ഇടയനായും വൈദികൻ രൂപം പ്രാപിക്കേണ്ടിയിരിക്കുന്നു. ദൈവവചനം പ്രഘോഷിക്കുന്നതിനോടൊപ്പം അതിന് ജീവിത സാക്ഷ്യം വഹിക്കണം. ആരാധനയിലും കൂദാശാപരമായ വിശുദ്ധീകരണത്തിലും ഉൾപ്പെടുന്ന പരിശീലന പരിപാടികൾക്ക് രൂപം കൊടുക്കുന്നു. ഞായറാഴ്ചകളിൽ വൈദിക വിദ്യാർത്ഥികൾ നടത്തുന്ന മിഷൻ പ്രവർത്തനങ്ങൾ ഇതിനു സഹായകരമാണ്. മനുഷ്യരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കി പ്രതികരിക്കുവാൻ അജപാലകന് സാധിക്കണം. സഭയിലും സമൂഹത്തിലും കാലോചിതമായി ക്രൈസ്തവ ദൗത്യം നിർവ്വഹിക്കാനുതകുന്ന ജീവിത ശൈലിയും കർമ്മ പദ്ധതികളും ആവിഷ്കരിക്കുവാൻ

www.malankaralibrary.com



അജപാലനപരമായ പരിശീലനം സഹായിക്കുന്നു.

**വൈദിക പരിശീലനം : സഭയുടെ കൂട്ടായ പ്രവർത്തനം**

വൈദിക പരിശീലനം സെമിനാരിയുടെ മാത്രം കടമയല്ല; സഭയുടെ കൂട്ടുത്തരവാദിത്വമാണിത്. കുടുംബങ്ങളുടെ, വിശ്വാസകൂട്ടായ്മകളുടെ, ഇടവകകളുടെ, വൈദിക സമൂഹത്തിന്റെ, മെത്രാൻ സംഘത്തിന്റെ എല്ലാം ജാഗ്രതയാർന്ന സഹകരണവും കൂട്ടുത്തരവാദിത്വവും ഈ വലിയ യജ്ഞത്തിൽ അനിവാര്യമാണ്. പ്രാർത്ഥന, പ്രോത്സാഹനം, മൂല്യനിർണ്ണയം, അച്ചടക്കം, വീക്ഷണ രൂപീകരണം, വിശ്വാസ പരിശീലനം, സ്വഭാവ രൂപീകരണം, ആരാധനാ ജീവിതം തുടങ്ങിയ കാര്യങ്ങളിലെല്ലാം കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

**വെല്ലുവിളികൾ**

വൈദിക പരിശീലനത്തിൽ മലങ്കര സെമിനാരി ഉന്നത നിലവാരം പുലർത്തുന്നുണ്ട്. എന്നാൽ സഭ അനുഭവിക്കുന്ന നൂതന വെല്ലുവിളികൾക്കനുസരിച്ച് കാലോചിതമായ പുതിയ പരിശീലന പദ്ധതികൾ ക്രമീകരിക്കേണ്ടിയിരിക്കുന്നു. സഭയുടെ അജപാലനപരമായ ആവശ്യങ്ങൾക്കനുസരിച്ച് പുതിയ കോഴ്സുകൾ ആസൂത്രണം ചെയ്യുന്നത് വളരെ ശ്രമകരമായ കാര്യമാണ്.

മലങ്കര സെമിനാരി ഗവേഷണ രംഗത്ത് പ്രവേശിക്കേണ്ടത് ഇന്നിന്റെ ആവശ്യമാകുന്നു. ഇതിലൂടെ പൗരസ്ത്യ ആരാധന - ആത്മീയ രംഗങ്ങളിലും സുറിയാനി പഠനമേഖലകളിലും മലങ്കര സഭയ്ക്ക് തനിമയാർന്ന സംഭാവനകൾ ചെയ്യുവാൻ സാധിക്കും.

ഭാരതസഭയുടെ പ്രശ്നങ്ങൾ മലങ്കര സഭയുടെ കാഴ്ചപ്പാടിൽ അപഗ്രഥിക്കാനും സംവാദം നടത്തുവാനും സാധിക്കണമെങ്കിൽ ഈ തലങ്ങളിലും ഗവേഷണ പഠനം ആവശ്യമാണ്. കറയറ്റ ആദ്ധ്യാത്മിക - ധാർമ്മിക മൂല്യങ്ങളിലധിഷ്ഠിതമായ ഒരു സമൂഹ നിർമ്മാണത്തിൽ സഭയും രാഷ്ട്രവും തമ്മിൽ സഹകരിക്കണം. ഇതിനാവശ്യമായ ദൈവശാസ്ത്ര - ദർശനങ്ങളെ രൂപപ്പെടുത്തിയെടുക്കുന്നതും തികഞ്ഞ വെല്ലുവിളിയാണ്.

ഭാരതത്തിന്റെ രാഷ്ട്രീയ - സാംസ്കാരിക, സാമൂഹിക യാഥാർത്ഥ്യങ്ങളെ ഗവേഷണ കൗതുകത്തോടെ പഠിക്കുന്ന കേന്ദ്രമായി അനന്തപുരിയിൽ സ്ഥാപിതമായിരിക്കുന്ന മലങ്കര സെമിനാരി മാറണം.

**ഉപസംഹാരം**

മലങ്കര കത്തോലിക്കാ സഭയുടെ രൂപീകരണത്തിന്റെ സപ്തതിയും ദിവ്യരക്ഷകന്റെ മനുഷ്യാവതാരസംഭവത്തിന്റെ മഹാജൂബിലിയും ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ, മലങ്കര സെമിനാരി അതിന്റെ പാവനമായ വിളിയിലും ദൗത്യത്തിലും തികഞ്ഞ പ്രതിബദ്ധതയിൽ വളരുവാൻ ഇടയാകണമെ എന്ന് പ്രാർത്ഥിക്കുന്നു.

*With best compliments of:*

A.V. JOSEPH & SANTHAMMA
ANGADIYIL, TELLIYOOR

*With best compliments of:*

THOMAS MATHEW & FAMILY
VILAYIL VADAKETHIL DONEY VILLA,
CHANGANACHERRY

www.malankaralibrary.com



# എ. ഫീലിപ്പോസ് മാരേട്ട് ബാരിസ്റ്റർ ജോർജ് ജോസഫ്, എം.എം. വർക്കി വിവിധ മണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭാശാലികൾ

ജോൺ കച്ചിറമറ്റം
(കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ്)



സീറോ-മലങ്കരസഭയിലെ പുനരൈക്യപ്രസ്ഥാനം എഴുപതുവർഷം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. ഈ എഴുപതുവർഷങ്ങൾക്കിടയിൽ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിച്ച് ഭാരതത്തിന് മഹത്തായ സംഭാവനകൾ നൽകിയ മലങ്കര സഭാംഗങ്ങൾ നിരവധിയാണ്. ആദ്ധ്യാത്മീക രംഗത്തും നീതിന്യായ നിർവ്വഹണരംഗത്തും പുനരൈക്യ രംഗത്തും വിലപ്പെട്ട നേതൃത്വം നൽകിയ ഏ. ഫീലിപ്പോസ് മാരേട്ട്, മഹാത്മജിയോടും മോട്ടിലാൽ നെഹ്റുവിനോടും ആനിബസന്റിനോടും ഒപ്പം നിന്ന് പ്രവർത്തിച്ച് ഇന്ത്യൻ ദേശീയ നവോദ്ധാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ച ബാരിസ്റ്റർ ജോർജ് ജോസഫ്, തിരുവിതാംകൂറിൽ നടന്ന നിവർത്തന പ്രക്ഷോഭണത്തിന്റെയും ഉത്തരവാദഭരണപ്രക്ഷോഭണത്തിന്റെയും പിന്നണിപ്പോരാളിയായിരുന്ന ദാസൻ വർക്കി എന്നറിയപ്പെടുന്ന എം.എം. വർക്കി എന്നിവർ മലങ്കര സഭ ഈ കാലയളവിൽ രാഷ്ട്രത്തിന് സമർപ്പിച്ച പ്രഗത്ഭരായ നേതാക്കളാണ്. സപ്തതിയാഘോഷാവസരത്തിൽ ഈ മഹാത്മാക്കളെ അനുസ്മരിക്കുന്നത് സമുചിതമായിരിക്കുമെന്ന് കരുതുന്നു.

### എ. ഫീലിപ്പോസ് മാരേട്ട് (ഫീലിപ്പോസ് ജഡ്ജി)

കല്ലൂപ്പാറയിലെ പുരാതനവും പ്രസിദ്ധവുമായ മാരേട്ടുകുംടുബത്തിൽ യാക്കോബായ സഭയിലെ ഒരു അംഗമായി 1879 ഒക്. 15ന് ഫീലിപ്പോസ് ഭൂജാതനായി. യാക്കോബായ സഭയിലെ പ്രസിദ്ധനായ ഏബ്രഹാം മെത്രാപ്പോലീത്ത അദ്ദേഹത്തിന്റെ സഹോദര പുത്രനും, മലങ്കര ഓർത്തഡോക്സ് സഭയിലെ വിഖ്യാതനായ വട്ടശ്ശേരി മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത പിതാവിന്റെ മാതുലന്റെ പുത്രനുമായിരുന്നു. യാക്കോബായ സഭയുടെ അഭിമാന ഭാജനമായി വളർന്നുവന്ന ഫീലിപ്പോസ്, തിരുവല്ല സർക്കാർ ഇംഗ്ലീഷ് മിഡിൽ സ്കൂളിലും കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിലും, സി.എം. എസ്. കോളേജിലും മദ്രാസ് ക്രിസ്ത്യൻ കോളേജിലും പഠിച്ച് ബി.എ. ബിരുദം കരസ്ഥമാക്കി. സ്കോളർഷിപ്പോടെ മദ്രാസ് കോളേജിൽ പഠനം ആരംഭിച്ചു. 'The Apostolic Origin and early History of the Syrian Christianity of Malabar' എന്നതായിരുന്നു, അദ്ദേഹത്തിന്റെ പഠനവിഷയം. 1904-ൽ എം. എ. പാസ്സായി. തുടർന്ന് തിരുവനന്തപുരം ലോകോളേജിൽ ചേർന്ന് എഫ്. എൽ. കോഴ്സ് പൂർത്തിയാക്കി. തുടർന്ന് ഏതാനും വർഷം തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ അസി. ഹെഡ്മാസ്റ്ററായും മദ്രാസ് ക്രിസ്ത്യൻ കോളജിൽ അസി. പ്രഫസ്സറായും ജോലി നോക്കി. പിന്നീട് മദ്രാസ് ലോകോളേജിൽ നിന്നും നിയമബിരുദം നേടി.

അഭിഭാഷകനായി ആലപ്പുഴ ജില്ലാകോടതിൽ പ്രാക്ടീസ് ആരംഭിച്ചു. ഫീലിപ്പോസ്, 1910-ൽ കോട്ടയത്ത് പ്രാക്ടീസ് ആരംഭിച്ചു. ഏറെ താമസിയാതെ

www.malankaralibrary.com



അഡീഷണൽ സർക്കാർ വക്കീലായി നിയമിതനായി. അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജിയായി ആലപ്പുഴയിലും കൊല്ലത്തും പ്രവർത്തിച്ചു. 1933-ൽ സീനിയർ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജിയായി തിരുവനന്തപുരത്തും പിറ്റേവർഷം നാഗർകോവിലിലും സേവനം അനുഷ്ഠിച്ചു. 1934-ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു. ശ്രീ. എം.ഒ.ജോസഫ് നെടുംകുന്നത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'നിഷ്പക്ഷനും സത്യസന്ധനുമായ വിധിയാളൻ' എന്ന പേരുസമ്പാദിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. ദിവസവും പ്രാർത്ഥനയോടു കൂടിയാണ് അദ്ദേഹം കേസ്സ് കേൾക്കുവാൻ ആരംഭിച്ചിരുന്നത്. വിധിന്യായം എഴുതുന്നതിന് മുൻപ് 'ദൈവമേ എന്നെ സഹായിക്കണമെ' എന്നു പ്രാർത്ഥിച്ചിരുന്നു.

ചെറുപ്പം മുതലേ സമുദായ കാര്യങ്ങളിൽ താല്പര്യം കാണിച്ചിരുന്ന ഫീലിപ്പോസ് മദ്രാസ് സിറിയൻ ക്രിസ്ത്യൻ അസോസിയേഷന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു. മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തായുടെ നിയമോപദേഷ്ടാവായിരുന്ന ഫീലിപ്പോസ്, വട്ടിപ്പണക്കേസ്സിൽ മെത്രാൻ കക്ഷി ഭാഗത്തെ സമർത്ഥനായ അഭിഭാഷകനായിരുന്നു. ബഥനി സന്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിൽ മാർ ഈവാനിയോസിന്റെ പ്രവർത്തന ങ്ങൾക്ക് അദ്ദേഹം ശക്തി പകർന്നു.

ഗ്രന്ഥപാരായണത്തിൽ അതീവ തൽപരനായിരുന്ന അദ്ദേഹം സ്വന്തം പഠനത്തിന്റെയും ചിന്തയുടെയും ഫലമായി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാതെ രക്ഷയില്ലെന്ന് മനസ്സിലാക്കി. ദിവ്യകാരുണ്യ ഭക്തനായിരുന്ന അദ്ദേഹം കുർബാന ധ്യാനം എന്നൊരു പുസ്തകം രചിച്ചു. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടേണ്ടതിന്റെ ആവശ്യകതയെ പറ്റി അദ്ദേഹം മലയാളമനോരമയിൽ എഴുതിയ ലേഖനങ്ങളാണ് 'കത്തോലിക്ക പുനരൈക്യ ചിന്തകൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചത്.

1931 ഏപ്രിൽ 19 ന് ഫീലിപ്പോസും കുടുംബവും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. വീട്ടുകാരുടെയും നാട്ടുകാരുടെയും കടുത്ത എതിർപ്പുകൾ നേരിടേണ്ടിവന്നു. സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തതിനുശേഷം പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു വേണ്ടി പ്രവർത്തിച്ചു. തിരുവല്ലാ രൂപതയിൽ അദ്ദേഹം സ്ഥാപിച്ച കാത്തലിക് എവിഡൻസ് ഗിൽഡിന്റെ ഡയറക്ടർ ആയി പ്രവർത്തിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ പുനരൈക്യ പ്രചാരണത്തിനായി നിരവധി പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. കത്തോലിക്കാ സാഹിത്യങ്ങൾ സൗജന്യമായി വിതരണം ചെയ്തു. അനേകരെ സഭയിലേക്ക് ആനയിക്കുന്നതിന് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സഹായിച്ചു.

1934-ൽ ചങ്ങനാശ്ശേരിയിൽ താമസമാക്കി, ചങ്ങനാശ്ശേരി സെന്റ് വിൻസെന്റ് ഡി പോൾ സഖ്യം സ്ഥാപിക്കുകയും നാലുവർഷക്കാലം അതിന്റെ പ്രസിഡന്റായി പ്രവർത്തിക്കുകയും ചെയ്തു. നിരവധി ശാഖകൾ സ്ഥാപിക്കുകയും ചെയ്തു. തന്റെ പുനരൈക്യാനുഭവങ്ങൾ വിശദീകരിച്ചുകൊണ്ട് അദ്ദേഹം തന്റെ ആത്മകഥ എഴുതി പ്രസിദ്ധീകരിച്ചു. പുനരൈക്യപ്രസ്ഥാനത്തിലെ മുന്നണിപോരാളിയായിരുന്ന അദ്ദേഹം 1961 ഡിസംബർ 21 ന് ഇഹലോകവാസം വെടിഞ്ഞു.

## ബാരിസ്റ്റർ ജോർജ് ജോസഫ്

ഭാരതീയ പൊതുജീവിതത്തിൽ അവഗണിക്കാനാവാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ശ്രീ ജോർജ്ജ് ജോസഫ്. ചെങ്ങരൂരിലെ ഊരേൽ എന്ന പ്രസിദ്ധമായ മാർത്തോമാ കുടുംബത്തിൽ 1888 ജൂൺ 5 ന് ഭൂജാതനായി. കോട്ടയം സി.എം.എസ്സ്. കോളേജിലും മദ്രാസ് ക്രിസ്ത്യൻ കോളേജിലും പഠിച്ച് ബി. എ. ഡിഗ്രി കരസ്ഥമാക്കിയ ജോർജ്ജ് ജോസഫ് ഉരിപഠനത്തിനായി ഇംഗ്ലണ്ടിലേക്കു പുറപ്പെടുകയും എഡിൻബറോ സർവ്വകലാശാലയിൽ നിന്ന് എം.എ. ബിരുദവും ലണ്ടനിൽനിന്ന് ബാരിസ്റ്റർ ബിരുദവും കരസ്ഥമാക്കി. ഈ കാലയളവിൽ ബ്രിട്ടനിലെ പ്രമുഖ രാജ്യതന്ത്രജ്ഞരുമായി പരിചയപ്പെടുകയും യൂറോപ്യൻ പത്രപംക്തികളിലൂടെ നിരവധി ലേഖനങ്ങൾ എഴുതി ഭാരതദേശാഭിമാനിയായി യശസ്സ് സമ്പാദിക്കുകയും ചെയ്തു. നാട്ടിൽ തിരിച്ചെത്തി മദ്രാസിൽ അഭിഭാഷകവൃത്തി ആരംഭിച്ച അദ്ദേഹം ചുരുങ്ങിയ കാലംകൊണ്ട് അഭിഭാഷകഗണത്തിൽ സമുന്നതമായ സ്ഥാനം നേടി.

രാഷ്ട്രീയകാര്യങ്ങളിൽ ശ്രദ്ധചെലുത്തിയ അദ്ദേഹം ആനിബസന്റ് രൂപീകരിച്ച ഹോംറൂൾ പ്രസ്ഥാനത്തിൽ ചേർന്ന് പ്രവർത്തിക്കുകയും അതിന്റെ സമുന്നതനേതാവായിത്തീരുകയും ചെയ്തു. ബ്രിട്ടീഷ്

www.malankaralibrary.com



ജനതയ്ക്ക് ഇന്ത്യൻ കാര്യങ്ങളെക്കുറിച്ച് ഉത്ബോധനം നൽകുന്നതിന് ചുമതലപ്പെടുത്തിയത് ജോർജ്ജ് ജോസഫിനെയായിരുന്നു. ബ്രിട്ടനിലേക്കു കടക്കുന്നതിന് സർക്കാർ അനുമതി നിഷേധിച്ചതിനാൽ അതിനാൽ ദൗത്യനിർവ്വഹണം നടത്താൻ സാധിച്ചില്ല.

റൗളക്ട് ആക്ടിനെതിരായി രാജ്യമാസകലം നടന്ന പ്രക്ഷോഭണത്തിൽ ജോർജ്ജ് ജോസഫ് മുഖ്യനേതൃത്വം നൽകി. മഹാത്മജി നയിച്ച സത്യാഗ്രഹ പ്രസ്ഥാനത്തിൽ അദ്ദേഹം ഒരു വീരഭടനായി ചേർന്നു. അത്യന്തം ആദായകരമായിരുന്ന വക്കീൽ പണി ഉപേക്ഷിച്ച് സത്യാഗ്രഹത്തിൽ പങ്കുചേർന്ന് അറസ്റ്റ് വരിച്ചു. ഗാന്ധിജി ജയിലിലായിരുന്ന സമയത്ത് കോൺഗ്രസ്സിന്റെ ഔദ്യോഗിക ജിഹ്വയായിരുന്ന 'യംഗ് ഇന്ത്യ' എന്ന പത്രം എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചത് അദ്ദേഹമാ യിരുന്നു. മോട്ടിലാൽ നെഹ്റുവിന്റെ നിർദ്ദേശാനുസരണം അലഹബാദിലെ ഇൻഡിപെൻഡന്റ് എന്ന ദേശീയ പത്രത്തിന്റെ ആധിപത്യവും ജോർജജ് ജോസഫ് ഏറ്റെടുത്തു.

അവർണ്ണഹിന്ദുക്കളുടെ അഭിമാനസംരക്ഷണാർത്ഥം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആരംഭിച്ച വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കുകയും ജയിൽവാസമ നുഷ്ഠിക്കുകയും ചെയ്ത അദ്ദേഹം ഒട്ടുവളരെ ദേശീ യനേതാക്കളെ ഈ സമരത്തിന്റെ മുൻനിരയിൽ അണിനിരത്തി. പക്ഷേ, ഗാന്ധിജിയുടെ നിർദ്ദേശാനുസരണം ആ സമരത്തിൽനിന്നും അദ്ദേഹം പിൻമാറി. പ്രമുഖചരിത്രകാരനായ ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം ഇപ്രകാരം എഴുതിയിരിക്കുന്നു:'കോൺഗ്രസി നുള്ളിൽ വളർന്നുകൊണ്ടിരിക്കുന്ന ജാതിമതമനോഭാവം കണ്ടുമടുത്ത് അദ്ദേഹം കോൺഗ്രസിൽനിന്ന് രാജിവയ്ക്കുകയും മധുരയിൽ വക്കീലായി പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു. താൻ സർവ്വാധിപതിയായാൽ വിദേശ മിഷനറിമാരെ ഇന്ത്യയിൽ നിന്നും തുരത്തും എന്ന് അർത്ഥം വരത്തക്കവിധം ഗാന്ധിജി പ്രഖ്യാപിച്ചത് ഇക്കാലത്താണ്. ഉടനെ ജോർജ്ജ് ജോസഫ് രംഗത്തിറങ്ങി തന്റെ രാഷ്ട്രീയഗുരുവായ ഗാന്ധിജിയുടെ അഭിപ്രായത്തെ അപഗ്രഥനം ചെയ്ത് അതിന്റെ കഥയില്ലായ്മ വ്യക്തമാക്കി. ഇതു സംബന്ധിച്ച് ഗാന്ധിജിയും അദ്ദേഹവും തമ്മിൽ രൂക്ഷമായ തൂലികാ സമരം നടന്നു. തൂലികാശരങ്ങളുടെ രൂക്ഷത ഗാന്ധിജിയെ വല്ലാതെ അസ്വസ്ഥനാക്കി.

തിരുവിതാംകൂറിൽ നടന്നിട്ടുള്ള എല്ലാ ജനകീയ പ്രക്ഷോഭണങ്ങളെയും അനുകൂലി ച്ചിരുന്ന അദ്ദേഹം നിവർത്തന പ്രക്ഷോഭണത്തിന് നല്കിയ നേതൃത്വവും വിദഗ്ദ്ധോപദേശവും വിസ്മരിക്കാവുന്നതല്ല. കേരളകൗമുദി പത്രം ഇപ്രകാരം എഴുതിയിരിക്കുന്നു. 'അസമത്വ പരിഹാരത്തിനായി ശ്രമിച്ച തിരുവിതാംകൂറിലെ മഹാസമുദായങ്ങൾക്ക് ശ്രീ. ജോസഫിൽനിന്നും ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എത്ര വിലയേറിയവയാണെന്ന് എല്ലാവർക്കും അറിവുള്ള താണല്ലോ. ഇത് സംബന്ധിച്ച് അദ്ദേഹവുമായി സഹകരണം ചെയ്തിട്ടുള്ളവർക്കെല്ലാം അദ്ദേഹത്തിന്റെ പരമമായ ത്യാഗസന്നദ്ധത അനുഭവ വേദ്യമായിത്തീർന്നിട്ടുണ്ട്. ഇത്ര വിശാലമായ ഹൃദയം, സ്വാതന്ത്ര്യകാംക്ഷ, ലക്ഷ്യശുദ്ധി വളരെ ചുരുക്കം ആളുകളിൽ മാത്രമേ ദർശിക്കുന്നതിന് നിവർത്തിയുള്ളൂ'.

തിരുവിതാംകൂർ ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ ക്രിസ്ത്യൻ വിരുദ്ധ മനോഭാവത്തെ ലോകശ്രദ്ധയിൽ കൊണ്ടുവരുവാൻ അദ്ദേഹം സ്വീകരിച്ച നടപടി ബ്രിട്ടീഷ് പാർലമെന്റ് സാമാജികരുടെ ഇടയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനം വിളിച്ച റിയിക്കുന്നതാണ്. തങ്കശ്ശേരി പ്രശ്നത്തിലൂടെയാണ് അദ്ദേഹം അതു സാധിച്ചത്. തിരുവിതാംകൂർ പ്രക്ഷോഭണം ആഞ്ഞടിക്കുമ്പോൾ സി.പി.യുടെ അറസ്റ്റിൽ നിന്നും രക്ഷപെടാൻ തിരുവിതാംകൂറിലെ വിപ്ലവകാരികൾ തങ്കശ്ശേരിയിൽ അഭയം പ്രാപിച്ചിരുന്നു. തിരുവിതാംകൂറിന്റെ പടിഞ്ഞാറു ഭാഗത്ത് കൊല്ലം പട്ടണത്തോട് ചേർന്നുകിടക്കുന്ന തങ്കശ്ശേരി ഗ്രാമം അന്ന് ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. തന്മൂലം തങ്കശ്ശേരിയിൽ അഭയം പ്രാപിക്കുന്നവരെ ശിക്ഷിക്കുവാൻ തിരുവിതാംകൂർ സർക്കാരിന് സാധ്യമായിരുന്നില്ല. തങ്കശ്ശേരിയെ തിരുവിതാംകൂറിൽ ലയിപ്പിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സി.പി. ശ്രമിച്ചു. സർ. സി.പി.യുടെ ആ നീക്കത്തെ പരാജയപ്പെടുത്തിയത് ബാരിസ്റ്റർ ജോർജ്ജ് ജോസഫാണ്. ഈ ലക്ഷ്യത്തിനുവേണ്ടി വൈസ്രോയിയെ ഡൽഹിയിലെത്തി സന്ദർശിച്ച സംഭവം ശ്രീ. എം.എം. വർക്കിയുടെ ആത്മകഥയിൽ വായിക്കുമ്പോൾ ജോർജ്ജ്

www.malankaralibrary.com



ജോസഫിന്റെ അസാമാന്യമായ വ്യക്തിത്വം നമുക്ക് മനസ്സിലാകും.

ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനം മലബാർ മേഖലയിൽ ആദ്യം ആരംഭിച്ചത് ജോർജ്ജ് ജോസഫാണ്. ഹോംറൂൾ പ്രസ്ഥാനവും മലബാറിൽ സംഘടിപ്പിച്ചത് അദ്ദേഹമായിരുന്നു. ഏറ്റവും പ്രസിദ്ധമായ സി. കേശവൻ രാജ്യദ്രോഹകേസിന് ഹൈക്കോടതിയിൽ ശ്രീ. കേശവനുവേണ്ടി വാദിച്ചത് അദ്ദേഹം തന്നെ. തിരുവിതാംകൂറിൽ നിവർത്തന പ്രക്ഷോഭണം വിജയിച്ചതിനുശേഷം ഉത്തരവാദ ഭരണപ്രക്ഷോഭണം ആരംഭിക്കണമെന്ന് ആദ്യം അഭിപ്രായപ്പെട്ടതും ജോർജ്ജ് ജോസഫാണ്.

1935-ലെ ഭരണപരിഷ്കാരത്തെത്തുടർന്ന് പാർലമെന്ററി പ്രവർത്തനം പുനരാരംഭിച്ചപ്പോൾ ജോർജ്ജ് ജോസഫ് നാഷണൽ കോൺഗ്രസിൽ ചേർന്ന് പ്രവർത്തിച്ചു തുടങ്ങി. തുടർന്ന് തഞ്ചാവൂർ, തൃശ്നാപ്പള്ളി, മധുര നിയോജകമണ്ഡലങ്ങളിൽ സ്ഥാനാർത്ഥിയായി മത്സരിച്ചു. ജസ്റ്റീസ് പാർട്ടി നേതാവായ എ.റ്റി. പനീർസെൽവം ആയിരുന്നു എതിർസ്ഥാനാർത്ഥി. ഈ തെരഞ്ഞെടുപ്പിൽ പരാജിതനായ ജോർജ്ജ് ജോസഫ് രാമനാട്ട്-മധുര മണ്ഡലത്തിൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

മാർത്തോമ്മാസഭയിലെ ഒരു പ്രശസ്ത കുടുംബത്തിലെ അംഗമായി വളർന്നുവന്ന അദ്ദേഹം തന്റെ വായനയുടെയും പഠനത്തിന്റെയും ഫലമായി 1930 നവംബർ 7-ാം തീയതി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. പിന്നീട് മരണംവരെ കത്തോലിക്കാസഭയുടെ ഒരു വീരസന്താനമായിട്ടാണ് പ്രവർത്തിച്ചത്. 1932 ലെ അഖിലകേരള കത്തോലിക്കാ കോൺഗ്രസ് വാർഷികസമ്മേളനത്തിൽ അദ്ദേഹം നടത്തിയ അദ്ധ്യക്ഷപ്രസംഗം ഒരു ചരിത്രരേഖയാകുന്നു. അതിന്റെ പല പതിപ്പുകൾ തന്നെയുണ്ടായി.

സാമ്രാജ്യനിയമസഭാ സമ്മേളനത്തിൽ സംബന്ധിക്കുവാൻ പുറപ്പെടുന്നതിന് അദ്ദേഹം ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ രക്തസമ്മർദ്ദം മൂലം ശയ്യാവലംബനായി. 1938 മാർച്ച് 5ന് അദ്ദേഹം ദിവംഗതനായി. മധുര സെന്റ് മേരീസ് ദേവാലയത്തിൽ മാർ ഈവാനിയോസിന്റെ മുഖ്യകാർമികത്വത്തിൽ ശവസംസ്കാരം നടന്നു. മഹാനായ ജോർജ്ജ് ജോസഫിന്റെ ജീവിതം ആദ്യന്തം ജനകീയാവശ്യങ്ങൾക്കുവേണ്ടി ജനപക്ഷത്തുനിന്നുകൊണ്ടുള്ള അനുസ്യൂത പോരാട്ടമായിരുന്നു. ഭാരതീയ പൊതുജീവിതത്തിൽ ഏറ്റവും ശ്രദ്ധേയനായ വ്യക്തിയായിരുന്നു ബാരിസ്റ്റർ ജോർജ്ജ് ജോസഫ്.

### എം.എം. വർക്കി (ദാസൻ വർക്കിസാർ)

തിരുവിതാംകൂറിൽ നടന്ന നിവർത്തനപ്രക്ഷോഭണവും ഉത്തരവാദഭരണപ്രക്ഷോഭണവും വിജയത്തിലെത്തിച്ചതാര്? ഈ ചോദ്യത്തിന് ഒരേയൊരു ഉത്തരമേയുള്ളൂ. ശ്രീ. എം.എം. വർക്കി. ഈ സത്യം ഇന്നത്തെ തലമുറയിൽ എത്രപേർക്കറിയാം. ഈ സത്യം മറ്റുള്ളവരെ അറിയിക്കുവാൻ നാം എന്തെങ്കിലും ചെയ്തോ? ഒന്നു ചിന്തിച്ചു നോക്കുക.

തിരുവിതാംകൂറിന്റെ ചരിത്രഗതിയെ തിരിച്ചുവിടുന്നതിൽ മുഖ്യപങ്കുവഹിച്ച ശ്രീ. എം.എം. വർക്കി 1898-മാണ്ട് തൃപ്പൂണിത്തുറയിലെ മുക്കഞ്ചേരി കുടുംബത്തിൽ ഭൂജാതനായി. യാക്കോബായ സഭയ്ക്ക് പ്രഗത്ഭരായ പല വൈദികമേലദ്ധ്യക്ഷൻമാരെയും സമുദായ നേതാക്കളെയും സംഭാവന ചെയ്ത മുക്കഞ്ചേരി കുടുംബത്തിൽ ഒരു സ്വതന്ത്ര ചിന്തകനായിട്ടാണ് അദ്ദേഹം വളർന്നുവന്നത്. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് വാർത്തകൾ റിപ്പോർട്ട് ചെയ്ത് പത്രാധിപരുടെ പ്രശംസ പിടിച്ചുപറ്റിയ വർക്കി, തൃശൂർ ലഹള സമർത്ഥമായി റിപ്പോർട്ടുചെയ്ത് കൊച്ചി സർക്കാരിനെ വിറപ്പിച്ചു.

പത്രപ്രവർത്തനത്തിലും ഫോട്ടോസ്റ്റുഡിയോ പ്രവർത്തനത്തിലും പരിശീലനം നേടുവാൻ ബാംഗ്ളൂരിലേക്ക് വർക്കി പോയി. ഒരു യാഥാസ്ഥിതിക യാക്കോബായക്കാരനായിത്തന്നെയാണ് അദ്ദേഹം അവിടെ കഴിഞ്ഞുകൂടിയത്. ബാംഗ്ലൂർ നഗരത്തിൽ ആയിടയ്ക്ക് പ്ലേഗ് ബാധ പടർന്നുപിടിച്ചു. അതോടെ സകല പ്രമാണിമാരും നേതാക്കന്മാരും പുരോഹിതന്മാരും മിഷനറിമാരും ബാംഗ്ലൂരിൽ നിന്നും സ്ഥലം വിട്ടു. എന്നാൽ ഒരു മനുഷ്യൻ പ്ലേഗ് ബാധിതപ്രദേശങ്ങളിൽ ദിവസവും ചുറ്റിസഞ്ചരിച്ച് പാവങ്ങളെ സന്ദർശിക്കുകയും ദരിദ്രരായവർക്ക് ആഹാരവും ഭക്ഷണവും നൽകുന്നതും ശ്രീ. വർക്കി കണ്ടു. ദൈവത്തിന്റെ ചെറിയവരെ അന്വേഷിച്ചുനടന്ന,.......കാരുണികൻ വർക്കിയെ ഹഠാദാകർഷിച്ചു.

www.malankaralibrary.com



അവർ തമ്മിൽ പരിചയപ്പെട്ടു. ബാംഗ്ലൂർ സെന്റ് പാട്രിക്സ് ഫൊറോനാ പള്ളി വികാരിയായിരുന്ന ഫാ. ടബാർഡായിരുന്നു ആ പുതിയ സുഹൃത്ത്. ഗിസൻസ് കർദിനാളെഴുതിയ നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം എന്ന ഗ്രന്ഥം വായിക്കുവാൻ ഫാ. ടബാർഡ് വർക്കിക്കു നൽകി. സത്യാന്വേഷിയായിരുന്ന വർക്കി-യാഥാസ്ഥിതിക യാക്കോബായക്കാരനായ വർക്കി സത്യം ഗ്രഹിച്ച് കത്തോലി ക്കാസഭയുടെ പടിവാതിൽക്കൽ വന്നുമുട്ടി.

ബാംഗ്ലൂരിൽനിന്നും മാന്നാനത്തെത്തി ദീപികയുടെ പത്രാധിപരായി ചുമതലയേറ്റു. മാന്നാനം വാസത്തിനിടയിൽ കട്ടക്കയത്തിൽ കൊച്ചു ചാണ്ടിയച്ചൻ വർക്കിയെ കത്തോലിക്കാസഭാംഗമായി സ്വീകരിച്ചു. അന്നുമുതൽ കത്തോലിക്കാ സമുദായത്തിന്റെ അവകാശസംരക്ഷണത്തിനായി അദ്ദേഹം പടപൊരുതി. കത്തോലിക്കരെപ്പോലെ അവഗണിക്കപ്പെടുന്നവർക്കും കൂടിയായിരുന്നു ആ പോരാട്ടം.

ദീപികയുടെ തിരുവനന്തപുരം റിപ്പോർട്ടറായി അധികം താമസിയാതെ വർക്കി നിയമിതനായി. തിരുവിതാംകൂറിൽ കത്തോലിക്കർക്ക് നിർണ്ണായകമായ സംഖ്യാബലം ഉണ്ടായിരുന്നുവെങ്കിലും തിരുവനന്തപുരത്ത് കത്തോലിക്കർ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളു. അവർ രാജ്യമൊട്ടാകെ അവഗണിക്കപ്പെട്ടിരുന്നു. ഉദ്യോഗങ്ങളിൽ മാത്രമല്ല പ്രതിനിധി സ്ഥാപനങ്ങളിലും അന്ന് കത്തോലിക്കരുടെ നില അതിദയനീയമായിരുന്നു. കത്തോലിക്കർക്ക് നേരിട്ടിരിക്കുന്ന ഈ അവഗണനയ്ക്ക് പരിഹാരം കണ്ടുപിടിക്കുവാൻ തിരുവനന്തപുരത്തെ താമസം വിനിയോഗിക്കണമെന്ന് വർക്കി നിശ്ചയിച്ചു. അതിനായി ഒരു പത്രം തുടങ്ങുവാൻ തന്നെ തീരുമാനിച്ചു.

കേരളദാസൻ, ദാസൻ, യുവഭാരതി തുടങ്ങിയ പത്രങ്ങൾ സ്ഥാപിച്ചുകൊണ്ട് വർക്കി തന്റെ സേവനം തുടർന്നു. പത്രത്തിലൂടെ വർക്കിയും നിയമസഭയിലൂടെ കുഞ്ഞിത്തൊമ്മൻ പ്രഭൃതികളും നടത്തിയ നിരന്തരമായ സമരത്തിന്റെ ഫലമായി തിരുവിതാംകൂറിൽ കത്തോലിക്കർ എന്നൊരു വർഗ്ഗമുണ്ടെന്ന് അംഗീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായി. 1922 നവംബർ 30 ന് മദ്ധ്യത്തിൽ പ്രധാനമായി അഞ്ചു മെമ്മോറിയലുകൾ കത്തോലിക്കർ മഹാരാജാവിന് സമർപ്പിച്ചു. ആ മെമ്മോറിയൽ തയ്യാറാക്കിയത് മുഴുവൻ ശ്രീ. വർക്കിയായിരുന്നുവെന്നത് ഇന്നെത്രപേർക്കറിയാം. ശ്രീ. വർക്കിയുടെ സേവനങ്ങളെപ്പറ്റി ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം ഇപ്രകാരം എഴുതിയിരിക്കുന്നു: 'വർക്കിയുടെ പത്രാധിപത്യത്തിൽ തിരുവനന്ത പുരത്തുനിന്നും പുറപ്പെട്ടിരുന്ന, കേരളദാസൻ, ദാസൻ, യുവഭാരതി പത്രങ്ങൾവഴിയും മറ്റു വിധത്തിലും വർക്കി ചെയ്തിട്ടുള്ളിടത്തോളം പ്രയോജനകരമായ സമുദാ യസേവനം മറ്റേതെങ്കിലും വ്യക്തിയോ, സ്ഥാപനങ്ങളോ ചെയ്തിട്ടുണ്ടെന്ന് തോന്നുന്നില്ല. അദ്ദേഹത്തിന്റെ പ്രോജ്ജ്വലങ്ങളായ മുഖപ്രസംഗങ്ങളും ലേഖനങ്ങളും സമർത്ഥമായ നേതൃത്വവും കത്തോലിക്കരിൽ അദൃഷ്ടപൂർവ്വമായ രാഷ്ട്രീയോത്തേജനം സംജാതമാക്കി. അദ്ദേഹം ദാസൻ, യുവഭാരതി, പത്രങ്ങളിൽ തുടരെ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന സ്ഥിതിവിവരക്കണക്കുകൾ കത്തോലിക്കരുടെ എന്നപോലെ അധികാരികളുടെ കണ്ണു തുറപ്പിച്ചു. കത്തോലിക്കാ സമുദായത്തിന് അചിരേണ ലഭിച്ച രാഷ്ട്രീയാംഗീകാരത്തിനും ഉന്നത നിലക്കും കത്തോലിക്കാ സമുദായം വർക്കിയോട് കുറച്ചൊന്നുമല്ല കടപ്പെട്ടിരി ക്കുന്നത്. സ്വന്തമായ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കാൻ കൂട്ടാക്കാ തിരുന്ന വർക്കിയുടെ സേവനങ്ങളെ വിസ്മരിക്കുവാൻ നമുക്ക് സാധ്യമല്ല".

തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ച രണ്ടു മെമ്മോറിയലുകളും അവയെ സാധൂകരിക്കുന്ന അനുബന്ധങ്ങളും ചേർത്ത് 1925 നവംബർ 10-ാം തീയതി ദാസൻ പത്രാധിപർ എം.എം. വർക്കി 'തിരുവിതാംകൂർ പബ്ലിക്ക് സർവ്വീസും കത്തോലിക്കരുടെ അവകാശങ്ങളും' എന്ന പേരിൽ ഒരു പുസ്തകം പ്രകാശനം ചെയ്തു (Travancore Public service and Catholic Claims). ഈ പുസ്തകപ്രകാശനത്തോടെയാണ് തിരുവിതാംകൂറിൽ കത്തോലിക്കർ അനുഭവിക്കുന്ന അപകടങ്ങളുടെ ചരിത്രം ലോകം അറിയുന്നത്.

രാജ്യത്തിന്റെ സമുന്നത നീതിന്യായാസനമായ ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ നിയമിച്ചു കിട്ടുവാൻ ശ്രീ. വർക്കിയുടെ നേതൃത്വത്തിൽ നടന്ന ശ്രമവും വിജയിച്ചു. സർക്കാർ സർവ്വീസിലെ വിവിധവകു പ്പുകളിൽ വിവിധ സമുദായങ്ങ ൾക്കു ലഭിച്ചിട്ടുള്ള പ്രാതിനിധ്യ സ്വഭാവം കാണിക്കുന്ന വളരെ യേറെ പട്ടികകൾ സഹിതം നിരവധി അനുബന്ധങ്ങളോ ടുകൂടി 1927

www.malankaralibrary.com



മാർച്ചിൽ മഹാരാജാവിന് സമർപ്പിച്ച മെമ്മോറിയൽ തയ്യാറാക്കിയതും വർക്കിതന്നെയായിരുന്നു. 1931-ൽ ശ്രീ. വർക്കിയുടെ സഹായത്തോടെ കത്തോലിക്കാ കോൺഗ്രസ് ഒരു മെമ്മോറാണ്ടം സമർപ്പിച്ചു. ആ മെമ്മോറാണ്ടത്തിലെ പ്രസക്തഭാഗങ്ങളും അതു തെളിയിക്കുവാൻ സഹായകരമായ നിരവധി അനുബന്ധങ്ങളും ചേർത്ത് 'കത്തോലിക്കർ നശിക്കുന്ന ഉപദ്രവങ്ങൾ' എന്ന പേരിൽ മലയാളത്തിലും Catholic grievences എന്ന പേരിൽ ഇംഗ്ലീഷിലും പ്രസിദ്ധം ചെയ്തു. കത്തോലിക്കാസമുദായത്തിന്റെ മാഗ്നാക്കാർട്ടായായ ഈ ഗ്രന്ഥമാണ് പിന്നീട് കത്തോലിക്കർ നടത്തിയ രാഷ്ട്രീയ സമരങ്ങൾക്കെല്ലാം പ്രചോദനമായത്.

കേരളത്തിനകത്തും പുറത്തുമായി ഇതിന്റെ അനേകായിരം കോപ്പികൾ പ്രചരിക്കപ്പെട്ടു. മനോഹരമായി ബയന്റ് ചെയ്ത ഈ പുസ്തകത്തിന്റെ കോപ്പികൾ നാട്ടിലും പുറത്തുമുള്ള പത്രങ്ങൾക്കും റീജന്റ് ദിവാൻജി, ഡിപ്പാർട്ട്മെന്റ് മേലദ്ധ്യക്ഷൻമാർ, നിയമസഭയിലെയും പ്രജാസഭയിലെയും അംഗങ്ങൾ, മതാദ്ധ്യക്ഷൻമാർ, വൈസ്രോയി, പൊളിറ്റിക്കൽ സെക്രട്ടറി, എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങൾ എന്നിവർക്കെല്ലാം അയച്ചു കൊടുത്തു. ഇംഗ്ലണ്ടിലും ഇതിന്റെ നൂറുകണക്കിനു കോപ്പികൾ അയച്ചുകൊടുത്തു. അക്കാലത്ത് ദിവാനായിരുന്ന വാട്സ് തന്റെ ഉറ്റ സുഹൃത്തായിരുന്ന വിദ്യാഭ്യാസ ഡയറക്ടർ സി.വി. ചന്ദ്രശേഖരനോട് ഇപ്രകാരം പറയുകയുണ്ടായി: "Wherever I go, I see only. The book 'Catholic claims'. Whom ever I meet they talk about the catholic claims who is the wonderful author of this 'Catholic Claims'.

1938-ൽ സ്റ്റേറ്റ് കോൺഗ്രസ്സ് ആരംഭിച്ചതു മുതൽ വർക്കിയായിരുന്നു ആ സംഘടനയുടെ ചുക്കാൻ പിടിച്ചിരുന്നത്. സ്റ്റേറ്റ് കോൺഗ്രസ് ഓഫീസ് കൊച്ചിയിലേക്ക് മാറ്റിയപ്പോൾ അതിന്റെ എല്ലാ ഭാരവും അദ്ദേഹം ഏറ്റെടുക്കേണ്ടിവന്നു. ഉത്തരവാദഭരണ പ്രക്ഷോഭണത്തെ വിജയത്തിലെത്തിച്ചത് വർക്കി തന്നെയാണെന്നു തറപ്പിച്ചു പറയാം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഭരണത്തിന്റെ സുഖം പങ്കിടുവാൻ വർക്കി തയ്യാറായില്ല.


ശ്രീ. വർക്കിയുടെ സേവനത്തെപ്പറ്റി വിശദീകരിക്കുവാൻ സ്ഥലപരിമിതിമൂലം ശ്രമിക്കുന്നില്ല. എങ്കിലും പുതുപ്പള്ളി രാഘവന്റെ അഭിപ്രായം രേഖപ്പെടുത്തട്ടെ: 'നിവർത്തന പ്രസ്ഥാനത്തിന്റെയും സംയുക്ത രാഷ്ട്രീയ സഭയുടെയും സ്റ്റേറ്റ് കോൺഗ്രസ്സ് സമരങ്ങളുടെയും കൂടെ നിന്നു പ്രവർത്തിച്ചു. ജയിലിൽ കയറാതെ തിരുവിതാംകൂറിലെയും കൊച്ചിയിലെയും തുറന്ന ജയിലുകളിൽ ജീവിച്ച അസാധാരണ മനുഷ്യനാണ് ശ്രീ. എം.എം. വർക്കി. പൂമാലകൾക്കും പൂച്ചെണ്ടുകൾക്കും വേണ്ടി കഴുത്തും കൈയ്യും നീട്ടിയിട്ടില്ലാത്ത, തനിക്കായൊരു പാഴ്മണൽത്തരിപോലും ആഗ്രഹിച്ചിട്ടില്ലാത്ത അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യം രാജ്യത്തിന്റെയും ജനങ്ങളുടെയും പൊതുവായ പുരോഗതിയായിരുന്നു'.

മംഗലപ്പുഴ സെമിനാരി ഇരിക്കുന്ന സ്ഥലം സർ സി.പി. മറ്റൊരു കൂട്ടർക്ക് പിരിച്ചുകൊടുക്കാൻ നടത്തിയ ശ്രമം പരാജയപ്പെട്ടതും ശ്രീ. വർക്കിയുടെ ഇടപെടലിനെ തുടർന്നാണ്. ശ്രീ. വർക്കി നിരവധി ഗ്രന്ഥങ്ങൾ ആത്മകഥ ഉൾപ്പെടെ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും 'മലങ്കര സഭയുടെ എക്സറേ' എന്നതാണ് പ്രധാന ഗ്രന്ഥം. മാർ ജയിംസ് പഴേപറമ്പിൽ ജീവചരിത്രം ഉൾപ്പെടെ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം പ്രകാശനം ചെയ്തിട്ടുണ്ട്. ശ്രീ. ജോൺ പെല്ലിശ്ശേരി എഴുതിയിരിക്കുന്നതുപോലെ 'വർക്കി ഈ നൂറ്റാണ്ടിനെ സംബന്ധിച്ചിടത്തോളം ഒരു യുഗ സൃഷ്ടാവായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്താതിരിക്കുകയില്ല. കത്തോലിക്ക സമുദായത്തിന്റെ ഈ നൂറ്റാണ്ടിലെ ചരിത്രമെഴുതുവാൻ തുടങ്ങുന്ന ഒരാൾക്ക് പ്രധാനാവലംബം വർക്കി പ്രസാധനം ചെയ്ത പ്രസിദ്ധീകരണങ്ങളും വർക്കി എഡിറ്റു ചെയ്ത പത്രങ്ങളുമായിരിക്കുമെന്നതിന് തർക്കമില്ല. ആ ചരിത്രത്തിന്റെ പ്രധാന ഭാഗങ്ങളാകട്ടെ വർക്കി സൂത്രധാരത്വം വഹിച്ച പ്രസ്ഥാനങ്ങളുടെ കഥയായിരിക്കും'.

മലബാർ മെയിലിനും സത്യദീപത്തിനും വർക്കിയുടെ സേവനം ലഭിച്ചിട്ടുണ്ട്. ശ്രീ. വർക്കിയുടെ സേവനങ്ങളെ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് ആദരിച്ച് അവാർഡ് നൽകുകയുണ്ടായി. 1986 നവംബർ 30 ന് യുഗപ്രഭാവവാനായ ശ്രീ. എം. എം. വർക്കി ദിവംഗതനായി.

www.malankaralibrary.com





# സഭയുടെ വളർച്ച നൂറ്റാണ്ടുകളിലൂടെ

ജി. ചേടിയത്ത്

ദൈവപുത്രനും നമ്മുടെ കർത്താവും രക്ഷകനും ആയ യേശുക്രിസ്തു ദൈവരാജ്യമായ സഭയെ സ്ഥാപിച്ചു. അവിടുന്ന് അനന്യനും മനുഷ്യകുലത്തിനു മുഴുവനും വേണ്ടിയുള്ള ഏക മദ്ധ്യസ്ഥനും പ്രവചനങ്ങളുടെ പൂർത്തീകരണവും ലോകത്തിന്റെ കേന്ദ്രബിന്ദുവുമാണ്. ഹാബേൽ മുതലുള്ള നീതിമാൻമാരുടെ സമൂഹമാണ് സഭ. യുഗാന്ത്യത്തെ ലക്ഷ്യംവച്ച് ആ കപ്പൽ യാത്ര ചെയ്യുന്നു. സന്മനസ്സുള്ള സകലരും ഈ അതുല്യ മദ്ധ്യസ്ഥനിലൂടെയും തന്റെ ശരീരമായ സഭയിലൂടെയുമാണ് രക്ഷ പ്രാപിക്കുന്നത്. മറ്റു മതാനുഷ്ഠാനങ്ങളും മതനേതാക്കന്മാരുമെല്ലാം ഈ അതുല്യമദ്ധ്യസ്ഥനിലേക്കു നയിക്കുന്നവരാണ്. ഈ ഏക മദ്ധ്യസ്ഥന്റെ കൃപയിൽ നിന്നുള്ള ഭാഗഭാഗിത്വം വഴിയാണ് ഇവയ്ക്കൊക്കെ കുറെയൊക്കെ മൂല്യമുള്ളത്. അദ്വിതീയനും അനന്യനും അതുല്യനുമായ ദൈവമനുഷ്യൻ പൊടുന്നനെ മുഴുവൻ തന്നിൽ സംവഹിക്കുന്നു.

### ദൈവത്തിന്റെ ഏക പദ്ധതി

മനുഷ്യ രക്ഷയ്ക്കായി ദൈവം മനുഷ്യാവതാരം ചെയ്തു. യഹോവയുമായി ഉണ്ടാക്കിയ പഴയ ഉടമ്പടിയെ നീക്കിയിട്ട് തന്റെ രക്തംകൊണ്ടുള്ള പുതിയ ഉടമ്പടി അവിടുന്ന് ഒരിക്കലായി എല്ലാ തലമുറകൾക്കും വേണ്ടി സ്ഥാപിച്ചു. മാറ്റമില്ലാത്ത ഈ ഉടമ്പടിവഴിയാണ് പുതിയ ജനമായ ക്രിസ്തുവിൽ സകല മനുഷ്യരും നവീകരിക്കപ്പെടുന്നതും ഒന്നിച്ചുചേർക്കപ്പെടുന്നതും. തന്റെ ശിഷ്യഗണത്തിൽ നിന്നു പന്ത്രണ്ടുപേരേയും അവരുടെയിടയിൽ നിന്ന് അധ്യക്ഷനായി പത്രോസിനെയും നിയമിച്ചത് മാറ്റമില്ലാത്ത ഈ ഉടമ്പടി ലോകാവസാനംവരെ തുടരുവാനാണ്. നാം മറ്റൊരു മദ്ധ്യസ്ഥനെയോ, മറ്റൊരുടമ്പടിയെയോ, മറ്റൊരു രക്ഷാകരപദ്ധതിയെയോ പ്രതീക്ഷിക്കുന്നില്ല. ദൈവം വെളിപ്പെടുത്തിയ മറ്റൊരു പദ്ധതിയെപ്പറ്റിയും നമുക്കറിവില്ല.

### സഭാസ്ഥാപനം

'നീ കേപ്പായാകുന്നു. ഈ കേപ്പാമേൽ ഞാൻ എന്റെ സഭയെ പണിയും' എന്നും (മത്താ.16:16-18) 'എന്റെ കുഞ്ഞാടുകളെ മേയിക്കുക' എന്നും (യോഹ 21:15-19) കർത്താവ് പത്രോസിനോടത്രേ പറഞ്ഞത്. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിലും സ്നേഹ പ്രഖ്യാപനത്തിലുമാണ് സഭ പണിയിക്കപ്പെട്ടിരിക്കുന്നത്. പത്രോസ് എന്തായിരുന്നുവോ, അത് മറ്റു ശിഷ്യന്മാരും ആയിരുന്നു. എന്നാൽ പത്രോസിനായിരുന്നു പ്രാധാന്യം. നിബിയന്മാരും ശ്ലീഹന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ട സഭയുടെ മൂലക്കല്ല് ക്രിസ്തുവാണ്. കർത്താവിന്റെ ഏകസഭ, പരസ്പര കൂട്ടായ്മയുള്ള സഭകളുടെ സമൂഹമാണ്. അപ്രകാരം നിരവധി പ്രാദേശികസഭകൾ ഉടലെടുത്തു.

### വിഭജനങ്ങൾ

എന്നാൽ ആരംഭം മുതൽ തന്നെ ദൈവത്തിന്റെ ഈ കൃഷിഭൂമിയിൽ സാത്താൻ കളകൾ വിതച്ചിട്ട് കടന്നുകളഞ്ഞതായി ചരിത്രത്തിൽ നാം കാണുന്നു. ഡൊസെറ്റിസം, ഗ്നോസ്റ്റിസിസം, മോണ്ടലിസം ഡെണാറ്റിസം, ആരിയനിസം, എവുത്തീത്തിയനിസം, പ്രിഷില്ലിയനിസം, മൊണാർക്കിയനിസം തുടങ്ങി നിരവധി അബദ്ധോപദേശങ്ങൾ ഉടലെടുക്കുകയും അനവധിയാളുകളെ വഴിതെറ്റിക്കുകയും സഭയിൽ നിന്ന് അടർത്തിമാറ്റുകയും ചെയ്തു. സഭാഗാത്രത്തിൽ ഇപ്രകാരം മുറിവുണ്ടാക്കി സഭയിൽനിന്ന് വിശ്വാസികളെ മാറ്റി വിഭജിത സമൂഹങ്ങൾ ഉണ്ടാക്കാൻ ചില നേതാക്കൻമാർ കാലാകാലങ്ങളിൽ മുന്നോട്ടുവന്നു. അവയിൽ

www.malankaralibrary.com



മിക്കതും നശിച്ച് ഇല്ലാതായി, അവരുടെ കൂടെക്കൂടിയവർ ചിതറിക്കപ്പെട്ടു. അവരുടെ അസ്ഥികൾ മരുഭൂമിയിൽ. സഭാനേതൃത്വത്തെ ധിക്കരിച്ച് സമാന്തര ഹയരാർക്കി സ്ഥാപിക്കാനും സമാന്തരസഭാസമൂഹങ്ങൾ സ്ഥാപിക്കാനും പരിശ്രമിച്ച നിരവധി ശീശ്മക്കാരും ഉണ്ടായിട്ടുണ്ട്. നൊവേഷ്യൻ, മെലീഷ്യസ്, തുടങ്ങിയവർ ഇത്തരത്തിൽപെടുന്നു. ഇത്തരം ശീശ്മകളും പാഷണ്ഡതകളും, സഭാഗാത്രത്തെ തളർത്തുകയും സഭയുടെ മുഖം വികൃതമാക്കുകയും യേശുകിസ്തുവിന്റെ ശോഭയേറിയ മുഖത്തിന് മങ്ങലേല്പിക്കുകയും ചെയ്തു. ഈ ലോകത്തിൽ സഭയ്ക്കുള്ള മഹനീയ ദൗത്യനിർവ്വഹണത്തിനും വലിയ തടസ്സമായിരിക്കുന്നു ഇന്നത്തെ പിളർപ്പുകൾ.

### എഫേസോസ് (431)– കാൽസിഡൻ (45) വിഭജനങ്ങൾ

പരസ്പരം മനസ്സിലാക്കാൻ കഴിയാത്തതുനിമിത്തവും സഭാചരിത്രത്തിൽ പിളർപ്പുകളും ഉതപ്പുകളും ശാപങ്ങളും ഉണ്ടായിട്ടുണ്ട്. എഫേസോസ് (431) കാൽസിഡൻ (451) സിനഡുകളിൽ സംഭവിച്ചത് ഇത്തരത്തിൽ പെട്ടതാണ്. എല്ലാ വിഭാഗക്കാരും സത്യത്തിനുവേണ്ടി നിലകൊണ്ടു; സത്യം തങ്ങൾ പറയുന്ന പദപ്രയോഗത്തിലേ ഉള്ളൂ; എല്ലാവരും അതംഗീകരിക്കണമെന്ന് വ്യത്യസ്ത ചിന്താഗതിക്കാരായ സഭാനേതാക്കന്മാർ ചിന്തിച്ചുവശായി. അതംഗീകരിക്കാത്തവരെ മുടക്കാനും ശപിക്കാനും സഭയിൽ നിന്നും നീക്കാനും പരിശ്രമിച്ചു. ഇത്തരം പ്രവർത്തനങ്ങളിൽ ഇരുഭാഗക്കാരും കുറ്റക്കാരായി തീർന്നിട്ടുണ്ട്. 'നെസ്തോറിയൻ', 'ഏകസ്വഭവവാദികൾ' തുടങ്ങിയ സഭാവിഭാഗങ്ങൾ ഈ ഗണത്തിൽ പെടുന്നു. വളരെയധികം തെറ്റിധാരണകൾ ആ കാലയളവിൽ ഉണ്ടായി. ബലഹീനരെ അടിച്ചമർത്തുന്ന നയവും അപൂർവമല്ലായിരുന്നു. സത്യത്തിന്റെ വൈവിധ്യമാർന്ന മുഖം ദർശിക്കാൻ അവർക്കു കഴിഞ്ഞില്ല. ഇപ്പോഴും കരിയാത്ത മുറിവുകൾ ഈ തെറ്റിദ്ധാരണമൂലം സഭാഗാത്രത്തിൽ നിലനിൽക്കുന്നു. ഇതിനെല്ലാം പരിഹാരം ഉണ്ടായത് ഈയടുത്ത കാലത്തുമാത്രമാണ്. 'നെസ്തോറിയൻ' എന്നു വിളിക്കപ്പെടുന്നവർ പറയുന്ന 'രണ്ടു ക്നോമാകൾ' രണ്ടുവ്യക്തികളെ (ആളുകളെ) കുറിക്കുന്നില്ല, പിന്നെയോ, യേശുക്രിസ്തുവിലെ ദൈവത്വം മനുഷ്യത്വം എന്നീ രണ്ടു യാഥാർഥ്യങ്ങളെ മാത്രമേ സൂചിപ്പിക്കുന്നുള്ളു എന്ന് ഐക്യചർച്ചകളുടെ ഫലമായി വ്യക്തമാക്കപ്പെട്ടു. അതുപോലെ 'യാക്കോബായക്കാർ' എന്നും വിളി ക്കപ്പെടുന്നവർ പറയുന്ന 'ഏക സ്വഭാവം' (മിയാ ഫ്യൂസിസ്) ഏകയാളെയാണ് സൂചിപ്പിക്കുന്നത്, ഏകസ്വഭാവത്തെയല്ല എന്ന് വ്യക്തമായതോടുകൂടി അവരുമായുള്ള ക്രിസ്തുശാസ്ത്രധാരണയും എളുപ്പമായി. എന്നാൽ ഈ ധാരണയ്ക്കായി സഭ നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ടിവന്നു. ധാരണ ഉണ്ടായിട്ടും സമ്പൂർണ്ണമായ കൂട്ടായ്മയിലേക്ക് സഭകൾ ഇപ്പോഴും നടന്നുനീങ്ങുന്നതേയുള്ളൂ.

### സഭാകേന്ദ്രങ്ങൾ

പ്രമുഖ നഗരങ്ങളെ കേന്ദ്രീകരിച്ചാണ് റോയൽ സാമ്രാജ്യത്തിലെ സഭകൾ വളർന്നത്. അങ്ങനെ റോം, അലക്സാന്ദ്രിയ (ഈജിപ്ത്), അന്ത്യോക്യ (സിറിയ), കോൺസ്റ്റാന്റിനോപ്പിൾ തുടങ്ങിയ പട്ടണങ്ങളിലെ സഭകൾ പ്രാമാണ്യത്തിലേക്കുയർന്നു. പത്രോസും പൗലോസും റോമിൽ സുവിശേഷം പ്രസംഗിക്കുകയും അവിടെ വച്ച് രക്തസാക്ഷിമകുടം ചൂടുകയും ചെയ്തതിനാൽ, ശ്ലീഹന്മാരുടെ തലവന്റെ പിൻഗാമി എന്ന നിലയ്ക്ക് റോമാസഭയ്ക്ക് ആദിമസഭയിൽ ഒരുതരം ഒന്നാം സ്ഥാനം ഉണ്ടായിരുന്നു.

### പാത്രിയർക്കീസന്മാർ

കാലാന്തരത്തിൽ ഈ കേന്ദ്രങ്ങളിലെ അദ്ധ്യക്ഷന്മാർ 'പാത്രിയർക്കീസുകൾ' എന്നറിയപ്പെട്ടു. റോമാമെത്രാൻ "റോമിന്റെയും പടിഞ്ഞാറിന്റെയും പാത്രിയർക്കീസ്" എന്നും അന്ത്യോക്യൻ മെത്രാൻ "അന്ത്യോക്യയുടെയും കിഴക്ക് ഒക്കെയുടെയും പാത്രിയർക്കീസ്" എന്നും, അലക്സാന്ദ്രിയയുടെയും ഈജിപ്തിന്റെയും പാത്രിയർക്കീസ് എന്നും അറിയപ്പെട്ടു. കോൺസ്റ്റാൻറിനോപ്പിൾ, ജറുസെലേം എന്നിവിടങ്ങളിലെ മെത്രാന്മാർക്ക് ഇത്തരത്തിലുള്ള അധികാരം എക്യൂമെനിക്കൽ, കൗൺസിലുകളിലൂടെയാണ് ലഭിച്ചത്. റോമാ, അലക്സാന്ദ്രിയ, കാർത്തേജ് എന്നിവിടങ്ങളിലെ മെത്രാന്മാരെ 'പിതാക്കൻമാരുടെ പിതാവ്' എന്നർഥത്തിൽ പാപ്പാ എന്നും വിളിച്ചിരുന്നു ഓരോ പാത്രിയർക്കീസിനും തന്റെ ചുമതലയിലുണ്ടായിരുന്നവരുടെ കാര്യത്തിൽ വ്യാപൃതനായിരുന്നു. എന്നാൽ സഭകൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ വരുമ്പോൾ പരസ്പരസമ്മതത്തോടുകൂടി റോമാമെത്രാന്റെ പക്കലേക്കു തിരിയുന്നതും ചരിത്രത്തിൽ ദർശിക്കാവുന്നതാണ്. ഒരു മെത്രാനും മറ്റ്

www.malankaralibrary.com



മെത്രാന്മാരുടെ ഭരണാധികാരത്തിൽ കൈകടത്തിയിരുന്നില്ല. സഭമുഴുവനെയും ബാധിക്കുന്ന പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ സിനഡുകൾ വിളിച്ചുകൂട്ടി ഒന്നിച്ചു ചർച്ചചെയ്ത് തീരുമാനമെടുക്കുക എന്ന രീതിയായിരുന്നു സഭാനടപടിക്രമം. റോമൻ സാമ്രാജ്യത്തിൽ നടന്ന ഇത്തരം സിനഡുകൾ 'എക്യുമെനിക്കൻ സിനഡുകൾ' എന്നറിയപ്പെടുന്നു. മിക്കവാറും എല്ലാ സിനഡുകളും (7) റോമൻ ചക്രവർത്തിമാരാണ് വിളിച്ചുകൂട്ടിയിരുന്നത്.

### റോമൻസാമ്രാജ്യത്തിനു വെളിയിൽ

റോമൻ സാമ്രാജ്യത്തിനുവെളിയിലും സഭകൾ ഉടലെടുത്തു. പേർഷ്യ, അർമേനിയ, ജോർജിയ, എത്യോപ്യ, ഭാരതം എന്നിവിടങ്ങളിലും ക്രിസ്തുവിന്റെ ഏകസഭ രൂപപ്പെട്ടു. മേല്പറഞ്ഞ സഭകളും റോമൻ സാമ്രാജ്യത്തിലെ സഭകളുമായി ബന്ധപ്പെട്ടിരുന്നു. ഒരു ബന്ധവുമില്ലാതെ, ഒറ്റപ്പെട്ട നാഷനൽ സഭകളായിട്ടല്ല ക്രിസ്തുവിന്റെ സഭ വളർന്നത്. അതുകൊണ്ടാണ്, 'റോമാസിംഹാസനത്തിൽ വാണരുളുന്നവൻ, വിദൂരസ്ഥമായ ഇൻഡ്യയിലുള്ളവൻ തന്റെ അവയവമാണെന്ന് മനസ്സിലാക്കുന്നു' എന്ന് അന്ത്യോക്യൻ സഭയിൽപെട്ട വി. ജോൺ ക്രിസൊസ്തോം (+407) പറയാൻ ഇടയായത് (യോഹന്നാന്റെ സുവിശേഷത്തെപ്പറ്റിയുള്ള പ്രസംഗം, (65:1 :PG. 59: 361).ഓരോപ്രദേശത്തെയും സഭ, തൊട്ടടുത്തുകിടന്ന പ്രദേശത്തെ സഭയുമായി ബന്ധം പുലർത്തി. കലഹങ്ങളും പിളർപ്പുകളും ഉടലെടുക്കുന്നതിനു മുൻപ് സഭകളെല്ലാം ഏകവും വിശുദ്ധവും കാതോലികവുമായ സഭയായി സ്വയം കരുതി. മറ്റുള്ളവരും അപ്രകാരം കരുതി.

### ഇൻഡ്യയിൽ

ഇൻഡ്യയിൽ മാർതോമാ ശ്ലീഹാ സ്ഥാപിച്ച സഭ ഉദയംപേരൂർ സുനഹദോസുവരെ (1599) ക്രിസ്തുവിന്റെ ഏകവും വിശുദ്ധവും കതോലികവും ശ്ലൈഹികവുമായ സഭയായിരുന്നു. റോമൻ സാമ്രാജ്യത്തിലെ സഭാപിളർപ്പുകളൊന്നും ഇവിടുത്തെ സഭയെ ബാധിച്ചില്ല. 1599 മുതൽ 1653 (കൂനൻകുരിശ്) വരെ ഇവിടുത്തെ സഭ മൊത്തത്തിൽ റോമൻ മാർപ്പാപ്പയുടെ നേരിട്ടുള്ള ഭരണാധികാരത്തിൻ കീഴിൽ ആയിരുന്നു. അതായത് 1653 വരെ ഇവിടെയുണ്ടായിരുന്ന മാർതോമാ നസ്രാണികളെല്ലാം കത്തോലിക്കരായിരുന്നു എന്നു സാരം. ഒരു സഭയും ഒരു സമുദായവുമായി ഇവിടുത്തെ കത്തോലിക്കാ സഭ കഴിഞ്ഞു.

### പിളർപ്പും ഏകപക്ഷീയവളർച്ചയും

സഭാപിതാക്കൻമാരുടെ കാലത്തു തുടങ്ങിയ പിളർപ്പുകൾ മദ്ധ്യകാലഘട്ടത്തിലും ആധുനികകാലത്തും തുടർന്നു. 'നെസ്തോറിയൻ', 'ഏകസ്വഭാവ' തർക്കങ്ങളിൽപെട്ട് പരസ്പരം കൂട്ടായ്മയില്ലാതെ ഓരോ സഭയും വളർന്നു. 11-12 നൂറ്റാണ്ടുകളിൽ ഗ്രീക്കുസഭയും ലത്തീൻ സഭയും തമ്മിലായിരുന്നു. പുരാതന പാത്രിയർക്കേറ്റുകളെല്ലാം തന്നെ ഒറ്റപ്പെട്ട വളർച്ചയുടെ പാതയിലായിരുന്നു. റോമാസഭ വളരെ കേന്ദ്രീകൃതമായ സഭാഭരണശൈലി തെരഞ്ഞെടുത്തു. കോപ്റ്റിക്, സിറിയൻ ആദിയായ യാക്കോബായ സഭകളെ (ഓറിയന്റൽ ഓർത്തഡോക്സ് സഭകളെ) ഇസ്ലാം വിഴുങ്ങിക്കളഞ്ഞു (7th c.). അവർ വളരെ ന്യൂനപക്ഷമായി ഇസ്ലാമിന്റെ ഉരുക്കുമുഷ്ടിയിൻ കീഴിലമർന്നു.പൗരസ്ത്യക്രിസ്തുമതത്തെ മൊത്തത്തിൽ അറബികളും തുർക്കികളും മംഗോളിയരും കൂടി തകർത്തുതരിപ്പണമാക്കി. അന്ത്യോക്യയിലേയും ഈജിപ്തിലേയും യാക്കോബായക്കാർ മാർജിനൽ അസ്തിത്വത്തിലേക്കു ചുരുങ്ങി. അറബികളുടെ കീഴിൽ ദിമ്മികളായി രണ്ടാംതരം പൗരന്മാരായിത്തീർന്നു. ഓരോ വിഭാഗക്കാരുടേയും ഇടയിൽ തന്നെ കലഹങ്ങളും തർക്കങ്ങളും ഉണ്ടായി. അതിലേറെ പാത്രിയർക്കീസന്മാർ യാക്കോബായ സഭയിൽ ഉണ്ടായി. സംസർഗവും പൊതുവായ സഭാജീവിതവും കൂടാതെ വളർന്നതിനാൽ പിതാക്കൻമാരുടെ കാലത്തെ സഭയിൽ നിലനിന്ന ചില ദൈവികപാരമ്പര്യങ്ങളെയും സഭാജീവിതത്തെയും അവർ തള്ളിപ്പറയാൻ തുടങ്ങി. തങ്ങളുടെ ഒറ്റപ്പെട്ട ജീവിതത്തെ ന്യായീകരിക്കുന്ന സഭാശാസ്ത്രം രൂപപ്പെടുത്താനുള്ള പരിശ്രമങ്ങൾ ചിലയിടങ്ങളിലുണ്ടായി. സഭകളുടെ ഇടയിൽ റോമാസഭയ്ക്കുള്ള സ്ഥാനം, പത്രോസിന്റെ പിൻഗാമിയായ റോമാമെത്രാന്റെ സമുന്നത നില, കൂട്ടായ്മയിൽ വർത്തിക്കേണ്ടതിന്റെ ആവശ്യകത എന്നിവ നിഷേധിച്ചു പറയാനുള്ള പ്രവണത ഉരിത്തിരിഞ്ഞു. പാശ്ചാത്യസഭയുടെ സുവിശേഷപ്രവർത്തനം റോമാസഭയും അതിന്റെ അദ്ധ്യക്ഷനും മധ്യകാലഘട്ടത്തിൽ പാശ്ചാത്യലോകത്തേക്ക് ഇരച്ചുകയറിയ അപരിഷ്കൃത കുടിയേറ്റക്കാരെയെല്ലാം മനസാന്തരപ്പെടുത്തി, സംസ്കാരസമ്പന്നരാക്കി; ക്രിസ്ത്യാനികളാക്കി, പുരാതന ഗ്രീക്കോ-റോമൻ സംസ്കാരത്തിന്റെ അവകാശികളാക്കിത്തീർത്തു. ഇന്ന് യൂറോപ്പിലുള്ള പരിഷ്കൃത രാജ്യങ്ങളിൽ

www.malankaralibrary.com



വസിക്കുന്ന മിക്ക ജനവിഭാഗങ്ങളും ഇപ്രകാരം റോമൻ കത്തോലിക്കാ സഭ മാനസാന്തരപ്പെടുത്തിയ അപരിഷ്കൃതരിൽ നിന്നുള്ളവരാണ്. പിതാക്കന്മാരുടെ കാലത്ത് മധ്യധരണ്യാഴിക്കു ചുറ്റുമുള്ള പ്രദേശമായിരുന്നു സഭാകേന്ദ്രം. മധ്യകാലഘട്ടത്തിൽ ഇന്നത്തെ പശ്ചിമയൂറോപ്പായി സഭാകേന്ദ്രം. ഈ അപരിഷ്കൃതരുടെ മാനസാന്തരത്തിൽ ചാർളിമെയിൻ ചക്രവർത്തി നിർണ്ണായക പങ്കുവഹിച്ചു.

എന്നാൽ പൗരസ്ത്യ ക്രൈസ്തവർ പദവികളെ ചൊല്ലി കലഹിച്ചുകൊണ്ടിരുന്നതിനാലും കത്തോലിക്കാസഭയിൽ നിന്ന് പിളർന്നുമാറിയതിനാലും അറബികളുടെ ഉരുക്കുമുഷ്ടിയിൻ കീഴിൽ അമർന്നതിനാലും സുവിശേഷപ്രഘോഷണദൗത്യം ഗൗരവമായി ഏറ്റെടുക്കാൻ അശക്തരായിരുന്നു. മതത്തിന്റെ സാരാംശത്തിൽ നിന്നകന്നു മാറി വെറും അനുഷ്ഠാനാസ്തിത്വത്തിലേക്കവർ തരം താണു. അഞ്ചാം നൂറ്റാണ്ടുമുതൽ തുടങ്ങിയ മതപരമായ തർക്കങ്ങളിൽ നിന്ന് വിമുക്തമാകാൻ യാക്കോബായസഭകൾക്കു കഴിഞ്ഞില്ല. ബിസന്റയിൻ ഭരണത്തോട് എതിർപ്പു പുലർത്തിയ യാക്കോബായക്കാർ ആദ്യമാദ്യം അറബികളെ സ്വാഗതം ചെയ്തു. അറബിമേധാവിത്വത്തെ ബിസന്റയിൻ ഭരണത്തിൽ നിന്നുള്ള വിമോചനമായി കണ്ട പൗരസ്ത്യരും ഉണ്ടായിരുന്നു. അറബികളെ മാനസാന്തരപ്പെടുത്തുവാനുള്ള ദൗത്യമാണെന്നും കലഹപ്രിയരായ സുറിയാനിക്കാരും അവരുടെ സന്യാസികളും ഏറ്റെടുത്തില്ല. ആറാം നൂറ്റാണ്ടിലും അറബി ഭാഷയിൽ ബൈബിൾ ഇല്ലായിരുന്നു. അറബികൾക്കു സുപരിചിതമായിരുന്നത് ഒരുതരം എബിയൊണൈറ്റ്-എൽക്കസയ്റ്റ് ക്രിസ്തുമതമായിരുന്നു (ക്രിസ്തുവിനെ പ്രവാചകനായി മാത്രം കാണുന്ന ചിന്ത) അതുപോലെ കലഹിച്ചു കഴിഞ്ഞ ക്രിസ്തുമതമാണ് അറബികൾ കണ്ടത്. ആറാം നൂറ്റാണ്ടിലും അറബികളിൽ നല്ലൊരു വിഭാഗം വിഗ്രഹാരാധകരായിരുന്നു. 'മെൽക്കീത്തർ', 'യാക്കോബായക്കാർ', 'നെസ്തോറിയർ' എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന വിഭാഗങ്ങളിൽ ഉൾപ്പെട്ടവരും വ്യത്യാസങ്ങൾ ഊന്നിപ്പറയുന്നതിൽ വ്യഗ്രതപൂണ്ടവരും കലഹപ്രിയരുമായിരുന്നു ക്രിസ്ത്യാനികൾ ഒക്കെ. ക്രിസ്തുമതത്തിന്റെ സാരസത്തയിൽ നിന്നകന്ന ക്രിസ്തുമതമാണ് അവർ കാഴ്ചവച്ചത്. ക്രിസ്തീയ പ്രബോധനം വേണ്ടുവോളം അവതരിപ്പിക്കാൻ കഴിവില്ലാത്തവരുമായിരുന്നു അവർ.

**പൗരസ്ത്യർ പരാജയപ്പെടുന്നു**

അറബികളെ ക്രിസ്ത്യാനികളാക്കാൻ പൗരസ്ത്യ ക്രിസ്ത്യാനികൾക്കു കഴിഞ്ഞില്ല. പിന്നെ പശ്ചിമേഷ്യയിലേക്കു കടന്നുവന്ന വിവിധതരം തുർക്കികളെയും മംഗോളിയരേയും ഒന്നും സ്വാധീനിക്കാൻ അവർക്കു സാധിച്ചില്ല. മറിച്ച്, അവരെയെല്ലാം ഇസ്ലാമിന്റെ വാളിന്റെ കീഴിൽ നിർത്താൻ അറബികൾക്കു സാധിച്ചു. 'നെസ്തോറിയൻ' ക്രിസ്തുമതം മദ്ധ്യേഷ്യയിലൂടെ ചൈനവരെ പോയെങ്കിലും അവർ അവതരിപ്പിച്ച ക്രിസ്തുമതം വേണ്ടത്ര സാംസ്കാരികാനുരൂപണം വന്നതായിരുന്നില്ല. ഒരുതരത്തിൽ പറഞ്ഞാൽ ഏഷ്യൻ വൻകരയിൽ ക്രിസ്തുമതം അന്യമായി നിലനിന്നു. അവസാനം ടൈമൂർ എന്ന ടർക്കിഷ് നേതാവ് പശ്ചിമേഷ്യൻ ക്രിസ്തുമതത്തിന്റെ ശവക്കുഴി തോണ്ടി. 1453 ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചതോടുകൂടി പൗരസ്ത്യക്രിസ്തുമതം പശ്ചിമേഷ്യയിൽ അസ്തമിച്ചു എന്നു പറയാം. പിന്നീട് പൗരസ്ത്യരുടെ സാന്നിധ്യം മലമുകളിലും മറ്റുമായി ചുരുങ്ങി. തായ്ത്തടിയിൽനിന്നും വേർപെട്ട ശിഖരം കുറെ നാൾ പച്ചച്ചിരിക്കുമെങ്കിലും കാലക്രമത്തിൽ ഉണങ്ങിപ്പോകും എന്ന സംഗതി സഭാകാര്യങ്ങളിലും തികച്ചും വാസ്തവമാണ്. ദൈവിക പദ്ധതിക്കനുസൃതമായി പ്രവർത്തിച്ചെങ്കിലേ ദൈവികമായ ഫലങ്ങൾ പുറപ്പെടുവിക്കാനാവൂ എന്ന് സഭാചരിത്രം പഠിപ്പിക്കുന്നു.

പൗരസ്ത്യരെ യോജിപ്പിക്കാനും ഉദ്ധരിക്കാനും ക്രൈസ്തവരുടെ ഐക്യം ത്വരിതപ്പെടുത്താനും സഹായിക്കേണ്ടിയിരുന്ന കുരിശുയുദ്ധങ്ങളും ഗതിമാറി ഒഴുകിയ നദിപോലെയായി. പാശ്ചാത്യ പൗരസ്ത്യ സമാഗമവേദിയായിരുന്ന പശ്ചിമേഷ്യ എന്ന ഉരുക്കുമൂശയിൽ പാശ്ചാത്യർ തങ്ങളുടെ ദൗത്യം വേണ്ടവണ്ണം നിർവഹിച്ചില്ല.

പാശ്ചാത്യസഭയെപ്പോലെ ബിസന്റയിൻ സഭയും സ്ലാവിക് ജനതകളുടെ ഇടയിൽ സുവിശേഷവേല ചെയ്തു. അങ്ങനെ റഷ്യ, പൂർവയൂറോപ്യൻ രാജ്യങ്ങൾ എന്നിവ ക്രൈസ്തവമായി. ഈ ദൗത്യത്തിൽ പാടെ പരാജയപ്പെട്ടുപോയത് അന്ത്യോക്യൻ, കോപ്റ്റിക്, യാക്കോബായ സഭകളാണ്. കൂനൻകുരിശു സത്യത്തിനുശേഷം (1653) മലങ്കര നസ്രാണികളിലെ പുത്തൻകൂറ്റു

www.malankaralibrary.com



കാർ ബന്ധപ്പെട്ടത് ഈ അന്ത്യോക്യൻ യാക്കോബായ സഭയോടാണ്. എല്ലാത്തരത്തിലും അധഃപ്പതിച്ചുകിടക്കുന്നതും, മിഷനറി ചൈതന്യരഹിതവുമായ ശീശ്മ സഭാവിഭാഗത്തോടുള്ള സംസർഗം ഗുണത്തേക്കാളേറെ ദോഷം പുത്തൻകൂറ്റുകാർക്കു ചെയ്തു എന്ന് സഭാചരിത്രം തെളിയിക്കുന്നു. ഇന്നും അവസാനിക്കാത്ത കലഹങ്ങളിലേക്കും കോടതിക്കേസുകളിലേക്കും പുത്തൻകൂർ യാക്കോബായക്കാരെ വലിച്ചിഴച്ചതിൽ അന്ത്യോക്യൻ യാക്കോബായ നേതൃത്വത്തിനുള്ള പങ്ക് എല്ലാവരും അംഗീകരിക്കുന്നതാണ്.

**ഏഷ്യൻ ക്രിസ്തുമതം**


യൂറോപ്യൻ ക്രിസ്തുമതം ലോകം മുഴുവൻ വ്യാപിച്ചപ്പോൾ എന്തുകൊണ്ട് ഏഷ്യൻ ക്രിസ്തുമതം മാർജിനൽ അസ്തിത്വത്തിൽ ഒതുങ്ങി! പലകാരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ക്രിസ്ത്യനികളുടെ ഇടയിലെ അന്തഃഛിദ്രങ്ങളാണ് പൗരസ്ത്യക്രിസ്തുമതത്തിന്റെ തകർച്ചയ്ക്കും സുവിശേഷപ്രവർത്തനത്തിലുള്ള തളർച്ചയ്ക്കും കാരണം. സഭയെ കടിച്ചുകീറാൻ കാത്തിരിക്കുന്ന ശത്രുക്കൾക്ക്, അധികാരപ്രമത്തരും സ്വാർത്ഥമതികളും ക്രൈസ്തവസ്നേഹരഹിതരുമായ സഭാനേതാക്കന്മാർ വാതിൽ തുറന്നുകൊടുത്തു. പശ്ചിമേഷ്യൻ അറബികൾ കയറിപ്പറ്റിയത് ബിസന്റയിൻ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികളുടെ കലഹങ്ങൾ നിമിത്തമാണ്. തുടർന്നങ്ങോട്ട് കലഹത്തിന്റെയും മത്സരത്തിന്റെയും ചരിത്രമാണ് ഏഷ്യൻ ക്രിസ്ത്യാനികൾക്കു പറയാനുള്ളത്. ഇന്നും അത് തുടർന്നുകൊണ്ടേയിരിക്കുന്നു. അറബി-തുർക്കി ആധിപത്യത്തിൻ കീഴിൽ ഞെരിഞ്ഞമർന്നുകൊണ്ടിരുന്നപ്പോഴും ക്രിസ്ത്യാനികളെ ശപിക്കാനും കുറ്റപ്പെടുത്താനും തെറ്റുകണ്ടുപിടിക്കാനുമാണ് ഏഷ്യയിലെ ക്രിസ്തീയ വിഭാഗങ്ങൾ തത്രപ്പെട്ടത്. ഇസ്ലാമിന്റെ കീഴിൽ അനുദിനം എണ്ണത്തിൽ കുറഞ്ഞുകൊണ്ടിരുന്ന കാലത്തും ഒന്നിക്കുന്നതിനെപ്പറ്റി ഒരു ക്രൈസ്തവനേതാവും ഗൗരവമായി ചിന്തിച്ചില്ല. പിളർപ്പ് ഗൗരവമായ പാപമാണ് എന്ന ചിന്തയും അവർക്കുണ്ടായിരുന്നില്ല. മറ്റുള്ളവരെ സ്നേഹം കാട്ടി അടുപ്പിക്കാൻ കഴിഞ്ഞില്ല; സ്നേഹരാഹിത്യത്താൽ അകറ്റാൻ കഴിഞ്ഞു. ഇന്നും ഇതിൽ നിന്ന് ഏഷ്യൻ ക്രിസ്ത്യാനികൾ പാഠം പഠിക്കുന്നില്ല എന്നതാണ് ഏറ്റവും പരിതാപകരമായ പാപാവസ്ഥ (ജി. ചേടിയത്ത്, മധ്യകാലസഭാചരിത്രം, കോട്ടയം, 2000)

**മധ്യകാല ചരിത്രം, ആധുനികകാലം**

പതിനാറാം നൂറ്റാണ്ടിൽ പശ്ചാത്യലോകത്തുണ്ടായിരുന്ന ഏകസഭ പിളർന്നു. നിരവധി പ്രൊട്ടസ്റ്റന്റ് സമൂഹങ്ങൾ ഉടലെടുത്തു. മനുഷ്യകുലത്തിന്റെ ഐക്യത്തിന്റെ അടയാളമായിരുന്ന സഭ പിളർപ്പിന്റെ വക്കത്തായി. തുടർന്നുണ്ടായ കൊളോണിയലിസത്തോടുകൂടി ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിൽ എത്തിയ പാശ്ചാത്യക്രൈസ്തവമിഷനറിമാരെല്ലാം വിഭജിതക്രിസ്തുമതത്തിന്റെ വക്താക്കളായിരുന്നു. മിഷ്യൻരംഗത്ത് ഇത് വലിയ ഇടർച്ചയാണെന്ന് ഈ നൂറ്റാണ്ടിൽ മനസ്സിലാക്കിയ മിഷനറിമാർ ഒന്നിക്കുന്നതിനെപ്പറ്റി ചിന്തിച്ചു. അതിന്റെ ഫലമായിട്ടാണ് സഭകളുടെ അഖിലലോക കൗൺസിൽ (World Council of Churches) ഉണ്ടായത്. രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി, ഒന്നിക്കുന്നതിനുള്ള തീവ്രാഭിലാഷം സന്മനസ്സുള്ള സഭകൾക്കും സഭാനേതാക്കൻമാർക്കും ഉണ്ടായിട്ടുണ്ട്. ഈ ലോകത്തിൽ ക്രൈസ്തവസഭയ്ക്കുള്ള ദൈവദത്തമായ ദൗത്യത്തെ സംബന്ധിച്ച് തികഞ്ഞ അവബോധം ഉണ്ടായ സഭാദ്ധ്യക്ഷന്മാർ പിളർപ്പ് ഗൗരവമേറിയ പാപമായി പരിഗണിക്കുന്നു. ഈയടുത്ത കാലത്ത് നിരവധി സഭൈക്യചർച്ചകൾ പ്രാദേശിക തലത്തിലും അന്താരാഷ്ട്ര തലത്തിലും നടക്കുന്നുണ്ട്. നമ്മുടെ രക്ഷകന്റെ മഹാജൂബിലി വർഷത്തിൽ നവീകരണത്തിന്റെയും ഐക്യത്തിന്റെയും അലയടികൾ ഈ ലോകത്തിലുടനീളം ആഞ്ഞടിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ മാർത്തോമാനസ്രാണികളെ ഒന്നിപ്പിക്കുന്നതിനും; ഭാരതത്തിലുള്ള ക്രിസ്ത്യാനികളെ ഒന്നിപ്പിക്കുന്നതിനും അതുവഴി യോജിച്ചുള്ള ക്രൈസ്തവസാക്ഷ്യം ഭാരതത്തിന് നൽകുന്നതിനും കഴിയട്ടെ. ഈ ഐക്യപ്രക്രിയയിൽ, ഐക്യസഭയായ മലങ്കരകത്തോലിക്കാസഭയ്ക്ക് ദൈവദത്തമായ ഒരു കടമയുണ്ട് എന്ന കാര്യം മലങ്കരമക്കൾക്ക് വിസ്മരിക്കാൻ സാധ്യമല്ല. കത്തോലിക്കാസഭയുമായി കാനോനിക കൂട്ടായ്മയിൽ എത്തിച്ചേർന്ന നാം വിശ്വവ്യാപകമായ സഭയിലെ അംഗങ്ങളാണ്. നാം വിഭജിതവിഭാഗത്തിലോ പ്രാദേശികസഭയിലോ ഉൾപ്പെട്ടവരല്ല. അതുകൊണ്ട് സാർവത്രികസഭയോടുചേർന്ന് വളരെ വിശാലമായ എക്യുമെനിക്കൽ, മിഷൻ വീക്ഷണങ്ങൾ നാം പുലർത്തണം. സുവിശേഷാനുസൃതം ഉന്നതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും വേണം.

www.malankaralibrary.com





# മലങ്കരസഭയുടെ സാമൂഹ്യ വീക്ഷണം ആരംഭം, ദർശനം, വളർച്ച

ഫാ. വർഗീസ് വള്ളിക്കാട്ട്

യേശുക്രിസ്തുവിന്റെ ദൈവരാജ്യപ്രഘോഷണ ദൗത്യത്തിൽ അടിയുറച്ചതും യേശുവിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ദൈവരാജ്യസ്ഥാപനത്തിന്റെ തുടർച്ച ഉറപ്പുവരുത്തുന്നതുമാണ് സഭയുടെ സാമൂഹ്യ ദർശനം. ക്രമരഹിതവും രൂപരഹിതവും കലുഷവുമായ സാഹചര്യങ്ങളെ ദൈവികമായ ഇടപെടലുകളിലൂടെ ക്രമീകൃതവും വ്യക്തവും നിയതവുമായ ദൈവിക പദ്ധതികളാക്കിമാറ്റുക എന്ന ദൗത്യമാണ് സഭ ഇതുവഴി ക്രിസ്തുവിൽ നിന്നും ഏറ്റുവാങ്ങിയിട്ടുള്ളത്.

വൈരുദ്ധ്യങ്ങളുടെയും സംഘർഷങ്ങളുടെയും സംഘട്ടനങ്ങളുടെയും സാഹചര്യങ്ങളിലും ദൈവികസമാധാനം കൈവരിക്കുന്നതിനുള്ള മനുഷ്യന്റെ ശ്രമങ്ങളിലൂടെയും, നഷ്ടപ്പെട്ട ദൈവികഛായ വീണ്ടെടുക്കുന്നതിനുള്ള മനുഷ്യവർഗ്ഗത്തിന്റെ പരിശ്രമങ്ങളിലൂടെയുമാണ് കാലാകാലങ്ങളിൽ ഈ ദൗത്യം നിർവ്വഹിക്കപ്പെടേണ്ടത്. ദൈവം മനുഷ്യരിലൂടെ നിർവ്വഹിക്കുന്ന വിശുദ്ധീകരണത്തിന്റെയും വിമോചനത്തിന്റെയുമായ ഈ പ്രക്രിയയാണ് സഭയിൽ സവിശേഷമാംവിധം നിക്ഷിപ്തമായിരിക്കുന്നതും സഭയിലൂടെ നിർവ്വഹിക്കപ്പെടുന്നതുമായ ദൈവരാജ്യപ്രഘോഷണ ദൗത്യം. സഭാംഗങ്ങളെ ആന്തരിക വിശുദ്ധിയിലും ദൈവാനുഭവത്തിലും വളർത്തുന്നതോടൊപ്പം, സമൂഹത്തിന്റെ ആവശ്യങ്ങളോടും പരിമിതികളോടും കാലാനുസൃതമായും ക്രിയാത്മകമായും പ്രതികരിച്ചുകൊണ്ടാണ് സഭ ഈ ദൗത്യം നിർവ്വഹിക്കുന്നത്.

'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്' (മത്താ. 25/40)എന്ന യേശുവിന്റെ തിരുവചനങ്ങൾ, സമൂഹത്തിലെ എളിയവരെയും ചെറിയവരെയും പ്രത്യേകം കരുതാനും അവർക്കുവേണ്ടി പ്രവർത്തിക്കുവാനുമുള്ള സഭയുടെ പ്രതിബദ്ധതയിലേക്കു വിരൽ ചൂണ്ടുന്നു. കവർച്ചക്കാരുടെ കയ്യിൽപ്പെട്ട് അർദ്ധപ്രാണനായി വഴിയോരത്തുകിടന്ന മനുഷ്യനെ താങ്ങിയെഴുന്നേൽപ്പിച്ചു ശുശ്രൂഷിക്കുന്ന നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ യേശു നല്കുന്ന ആഹ്വാനം 'നീയും അതുപോലെ ചെയ്യുക' (ലൂക്കോ 10-37) എന്നതാണല്ലോ.

ആവശ്യത്തിലായിരിക്കുന്നവന് സ്നേഹവും പരിചരണവും നല്കുകയാണ് പരമമായ ധർമ്മം. ആവശ്യത്തിലായിരിക്കുന്ന ഏതൊരുവനും നിനക്കുസഹോദരനും അയൽക്കാരനുമാണെന്നും, ദൈവത്തെ സ്നേഹിക്കുകയെന്നാൽ മനുഷ്യനെ ശുശ്രൂഷിക്കുകയാണെന്നും യേശു ഈ ഉപമയിലൂടെ വ്യക്തമാക്കുന്നു. 'നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം' (നിയ. 6/14-15)1; 'നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' (ലേവ്യർ 19/18) എന്ന ഇസ്രയേലിന്റെ സുപ്രധാന കൽപനകളിൽ രണ്ടാമത്തേത് ഒന്നാമത്തേതിനു തുല്യവും, ഒന്നാമത്തേതിന്റെ വിശദീകരണവുമാകുന്ന വിധത്തിലാണ് യേശു കാണുന്നതും പഠിപ്പിക്കുന്നതും (മത്താ. 22/37-38;മർക്കോ.13/28-39;ലൂക്കോ. 10/2528). യേശു നല്കുന്ന പുതിയ കല്പനയാകട്ടെ, 'നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' (യോഹ 13/34) എന്നാണ്. ദൈവം ആദ്യം

www.malankaralibrary.com



നമ്മെ സ്നേഹിച്ചതുകൊണ്ട് നാം ദൈവത്തെ തിരികെ സ്നേഹിക്കണമെന്നല്ല, പ്രത്യുത നാം പരസ്പരം സ്നേഹിക്കുന്നതിലൂടെ ദൈവത്തെ മഹത്വപ്പെടുത്തണമെന്നതാണ് യേശുവിന്റെ പുതിയ കല്പന. പുതിയ നിയമത്തിൽ സഹോദര സ്നേഹത്തിനുള്ള പരമമായ സ്ഥാനമാണ് യേശു വ്യക്തമാക്കുന്നത്. ഈ സ്നേഹമാകട്ടെ, സഹോദരനെയും, അയൽക്കാരനെയും, ആവശ്യത്തിലായിരിക്കുന്ന ഏതൊരുവനെയും (പുതിയനിയമത്തിൽ ഇവ മൂന്നും ഒന്നുതന്നെ) ശുശ്രൂഷിക്കുന്നതിലൂടെ മാത്രം ഫലമണിയുന്നതുമാണ്. യേശുതന്റെ ദൗത്യം ആരംഭിക്കുന്നതുതന്നെ ശുശ്രൂഷയുടെയും വിമോചനത്തിന്റെയുമായ ഈ ദൗത്യവും പദ്ധതിയും വിളംബരം ചെയ്തുകൊണ്ടാണ്. (ലൂക്കാ. 4/18-19)

പുതിയ നിയമത്തിലെ സ്നേഹപ്രമാണത്തിന്റെ അടിസ്ഥാനം യേശുവിന്റെ 'ആത്മാ നുഭവമാണ്. പിതാവിന്റെ വാത്സല്യത്തോടും കരുതലോടും കൂടി എല്ലാ മനുഷ്യരെയും, വിശിഷ്യ ദരിദ്രരെയും അടിച്ചമർത്തപ്പെട്ടവരെയും ചൂഷിതരെയും അന്യവൽക്കരിക്കപ്പെട്ടവരെയും കരുതുകയും അവരോടൊപ്പം നിൽക്കുകയും ചെയ്യുന്ന ദൈവത്തെപ്പറ്റിയുള്ള യേശുവിന്റെ ആഴമായ അവബോധവും അനുഭവവുമാണ് 'പുതിയ കല്പന' യുടെ പശ്ചാത്തലം.

സഭയുടെ സാമൂഹ്യവീക്ഷണത്തെ രൂപപ്പെടുത്തുന്നതും, കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചു വിവേചിക്കാനും സമൂഹത്തിന്റെ ആവശ്യങ്ങളോടു കരുതലോടെ പ്രതികരിക്കാനും സഭയെ പ്രാപ്തരാക്കുന്നതും ക്രിസ്തുവിൽനിന്നും സഭയേറ്റുവാങ്ങിയ ഈ ദൗത്യബോധം തന്നെയാണ്.

മലങ്കര കത്തോലിക്കാസഭ, ഒരു സഭാസമൂഹമെന്ന നിലയിൽ സമൂഹത്തോടുള്ള ദൈവികമായ ഈ ദൗത്യ നിർവ്വഹണത്തിൽ പ്രശംസനീയമാം വിധം വിശ്വസ്തത പുലർത്തിയിട്ടുണ്ട്. സമൂഹത്തിന്റെ പരിമിതികളോടും ആവശ്യങ്ങളോടും ക്രിയാത്മകമായും ശാസ്ത്രീയമായും പ്രതികരിക്കുന്നതിലൂടെയാണ് സാമൂഹ്യസേവന രംഗത്ത് വിവിധങ്ങളായ പ്രവർത്തനങ്ങളും പദ്ധതികളും രൂപംകൊള്ളുന്നത്. സഭയുടെ ശൈശവാവസ്ഥയിൽത്തന്നെ, ക്രാന്തദർശിയായ മലങ്കരസഭയുടെ മെത്രാപ്പോലീത്ത മാർ ഇവാനിയോസ് തിരുമേനിയും പുണ്യചരിതരായ മറ്റുപിതാക്കന്മാരും ഈ ദൗത്യബോധം ഉൾക്കൊണ്ടു പ്രവർത്തിച്ചു എന്നത് ദൈവപരിപാലനയുടെ തെളിവായിക്കാണാം. വന്ദ്യപിതാക്കന്മാരുടെ ഋഷിതുല്യമായ തപഃശ്ചര്യകളിലൂടെ നേടിയ ദൈവാനുഭവവും, ഭാരതത്തിന്റെ സാമൂഹ്യ യാഥാർത്ഥ്യത്തെപ്പറ്റിയുള്ള അവബോധവും, കേരളസഭയെയും സമൂഹത്തെയും പറ്റിയുള്ള വ്യക്തമായ കാഴ്ചപ്പാടും ഉൽകൃഷ്ടമായ ഒരു സാമൂഹ്യ വീക്ഷണം സഭയിൽ വളർന്നുവരുവാൻ സഹായകമായി.

ക്രൈസ്തവവും ഭാരതീയവുമായ സഭയുടെ ആദ്ധ്യാത്മിക അടിത്തറ ഉറപ്പുള്ളതായിരുന്നെങ്കിലും ഭൗതിക സാഹചര്യങ്ങൾ തികച്ചും പ്രതികൂലമായിരുന്നു. സഭയ്ക്കുള്ളിലും സമൂഹത്തിലും ദാരിദ്ര്യം ഏറ്റവും വലിയ യാഥാർത്ഥ്യമായി നിലകൊണ്ടു. കടുത്ത സാമ്പത്തിക ക്ലേശങ്ങളുടെ മദ്ധ്യത്തിലായിരുന്നെങ്കിലും സഭയ്ക്ക് ഇതുകണ്ടില്ലെന്നു നടിക്കാൻ കഴിയുമായിരുന്നില്ല. സഭാമക്കൾ സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ പുരോഗതി നേടണമെങ്കിൽ, അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങളും അതുവഴി വിവിധ തൊഴിലവസരങ്ങളുമുണ്ടാകേണ്ടത് ആവശ്യമായിരുന്നു. സാമൂഹ്യ പുരോഗതിക്കായുള്ള ശ്രമങ്ങളും പ്രേഷിത പ്രവർത്തനങ്ങളുടെ ഭാഗമായിത്തീരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി.

1933-ൽ തിരുവല്ല രൂപത സ്ഥാപിതമായതോടെ ഈ ദൗത്യനിർവ്വഹണത്തിന്റെ ഭാരം പങ്കുവയ്ക്കപ്പെട്ടു. വിദ്യാഭ്യാസവും, ആതുരസേവനവും പ്രഥമ കർമ്മരംഗങ്ങളായി. ഒപ്പം, ദുരിതാശ്വാസ-പുനഃരധിവാസ പ്രവർത്തനങ്ങളും മറ്റ് ഉപവി പ്രവർത്തനങ്ങളും സഭാ പ്രവർത്തനങ്ങളുടെ ഭാഗമായിത്തീർന്നു. രൂപതാ കേന്ദ്രങ്ങളിൽ സാമൂഹ്യ പ്രവർത്തനത്തിന് പ്രത്യേക വിഭാഗവും ചുമതലക്കാരും, ആസൂത്രിതമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സംവിധാനങ്ങളും ചെറിയ തോതിലെങ്കിലും വളർന്നുവന്നു. മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സഭയുടെ സാമൂഹ്യ പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്ന ഔദ്യോഗിക സംഘടനകളായി നിലവിൽ വന്നു. ഉൾനാടൻ ഗ്രാമങ്ങളിലെ പാവപ്പെട്ടവർക്ക് പാർപ്പിടവും ഭക്ഷണസാധനങ്ങളും മരുന്നും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിൽ ബദ്ധശ്രദ്ധമായിരുന്നു ഈ കാലഘട്ടത്തിലെ പ്രവർത്തനങ്ങളിലധികവും. ഒപ്പം

www.malankaralibrary.com



വിദ്യാഭ്യാസ സഹായം, വിവാഹ സഹായം എന്നീ പദ്ധതികളും നിരവധി ദുരിതാശ്വാസ-പുനരധിവാസ സഹായങ്ങളും നടപ്പാക്കിയിട്ടുണ്ട്. ഉൾനാടൻ ഗ്രാമങ്ങളിൽ സ്ഥാപിതമായ ഇടവകകൾ ആദ്ധ്യാത്മിക കേന്ദ്രങ്ങൾ എന്നതുപോലെതന്നെ ഗ്രാമഹൃദയത്തിന്റെ തുടിപ്പുകൾ ഏറ്റുവാങ്ങി, വിദ്യാഭ്യാസത്തിന്റെയും ആതുരസേവനത്തിന്റെയും വെട്ടം പരത്തുന്ന കേന്ദ്രങ്ങളുമായി, ഇടവകകൾ ഗ്രാമപുരോഗതിയുടെ ചാലകശക്തിയായി വളർന്നുവന്നു.

1978-ൽ തിരുവല്ല രൂപത വിഭജിച്ച് ബത്തേരി രൂപത സ്ഥാപിതമായതോടെ, മലങ്കര കത്തോലിക്കാസഭ സാമൂഹ്യ പ്രേഷിതരംഗത്ത് ഒരു കുതിച്ചുചാട്ടംതന്നെ നടത്തുകയുണ്ടായി. വ്യക്തവും ആസൂത്രിതവുമായ സാമൂഹ്യ ഇടപെടലുകളിലൂടെ കേരളത്തിന്റെ വടക്കൻ ജില്ലകളിലും, രൂപത വളർന്നു പടർന്ന തമിഴ്നാടിന്റെയും കർണ്ണാടകത്തിന്റെയും വിവിധ പ്രദേശങ്ങളിലും സഭയുടെ പ്രേഷിത ചൈതന്യത്തിനു സാക്ഷ്യം വഹിക്കുവാൻ രൂപതയിലെ സാമൂഹ്യപ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്ന 'ശ്രേയസ്സ്'എന്ന ജനകീയ പ്രസ്ഥാനത്തിനു കഴിഞ്ഞു.


ജനങ്ങളുടെ ഭാഷാപരവും സാമൂഹ്യവും സാംസ്കാരികവുമായ പൈതൃകങ്ങൾ പ്രത്യേകമായി പരിഗണിച്ചും, തിരുവനന്തപുരം അതിരൂപതയുടെ വിസ്തൃതിയും സുവിശേഷപ്രഘോഷണത്തിനുള്ള കൂടുതൽ സാധ്യതകളും കണക്കിലെടുത്തും 1996-ൽ തിരുവനന്തപുരം അതിരൂപത വിഭജിച്ച് മലങ്കര കത്തോലിക്കാ സഭയിലെ നാലാമത്തെ രൂപതയായി മാർത്താണ്ഡം രൂപത സ്ഥാപിതമായപ്പോൾ മലങ്കര കത്തോലിക്കാ സഭയുടെ സാമൂഹ്യപ്രേഷിതരംഗം ഒരു പുതിയ മാനം കൈക്കൊണ്ടു. തമിഴ്നാടിന്റെ കന്യാകുമാരി ജില്ലയിൽ സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥയനുഭവിക്കുന്ന ദരിദ്ര ജനവിഭാഗങ്ങൾക്കിടയിൽ വളരെക്കാലമായി ആതുരസേ വന-ബോധവൽക്കരണ ശ്രമങ്ങൾ നടത്തിക്കൊ ണ്ടിരുന്ന സഭയ്ക്ക്, സംഘടിതവും ശാസ്ത്രീയ വുമായ ഒരു സാമൂഹ്യപ്രവർത്തനവിഭാഗം മാർത്താണ്ഡം ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് സൊസൈറ്റി രൂപപ്പെട്ടു. ഈ സംഘടനയിലൂടെയാണ് വിവിധ വികസനപ്രവർത്തനങ്ങൾ ക്രോഡീകരിക്കപ്പെടുന്നത്.

ഭാരതത്തിലും വിദേശത്തുമുള്ള വിവിധ മിഷൻ സെന്ററുകളുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളും മറ്റു വികസന പ്രവർത്തനങ്ങളും ഇത്തരുണത്തിൽ അനുസ്മരിക്കപ്പെടേണ്ടതാണ്.

മലങ്കര കത്തോലിക്കാസഭ, അവളുടെ സാമൂഹ്യപ്രേഷിത ദൗത്യനിർവ്വഹണത്തിൽ സഫലമായ ഏഴു പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. സഭയുടെ ആദ്യകാല പരാധീനതകളിൽ ചെറുതായി തുടങ്ങിയ പ്രവർത്തനങ്ങളാണ് കാലക്രമത്തിൽ സംഘടിതവും ശാസ്ത്രീയവുമായ രീതിശാസ്ത്രങ്ങൾ ഉൾക്കൊണ്ട് സാമൂഹ്യപ്രേഷിത വിഭാഗങ്ങളും സംഘടനകളുമായി ഓരോ രൂപതയിലും വളർന്നുവന്നത്. ഇന്ന്, വ്യക്തമായ ദർശനത്തോടെയും കൃത്യമായ ലക്ഷ്യങ്ങളോടെയും ശാസ്ത്രീയവും സമഗ്രവുമായ സമീപനങ്ങളിലൂടെയും സമൂഹത്തിന്റെ പ്രശ്നങ്ങളോടും പരിമിതികളോടും പ്രതികരിക്കുവാനും കൃത്യവും വിശദവുമായ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും രൂപം കൊടുക്കുവാനും, വിപുലമായ ജനസംഘാടക-ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വികസന പ്രക്രിയയിലൂടനീളം ഉയർന്ന ജനപങ്കാളിത്തം ഉറപ്പാക്കാനും രൂപതകളിലെ സാമൂഹ്യക്ഷേമ വിഭാഗങ്ങൾക്കു കഴിയുന്നുണ്ട്. മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയും തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, ശ്രേയസ്സും, മിഡ്സും, മലങ്കര കത്തോലിക്കാസഭയുടെ സാമൂഹ്യ പ്രേഷിത ദൗത്യം ഏറ്റെടുത്ത് സമൂഹത്തിൽ വികസനത്തിന്റെ ചാലകശക്തികളായി പ്രവർത്തിച്ചുവരുന്നു. ഒപ്പം, വിദ്യാഭ്യാസ ആതുരസേവന രംഗങ്ങളിലും മലങ്കരസഭ തനതായ വ്യക്തിമുദ്രപതിച്ചു മുന്നേറിക്കൊണ്ടിരിക്കുന്നു.

www.malankaralibrary.com





# ദളിത് മിഷൻ മലങ്കര കത്തോലിക്കാ സഭയിൽ

**ഫാ. ജോൺ അരീക്കൽ**
(ഡയറക്ടർ, DCMS, തിരുവനന്തപുരം അതിരൂപത)

നൂറ്റാണ്ടുകളായി സമൂഹത്തിന്റെ പൊതുധാരയിൽനിന്ന് പുറം തള്ളപ്പെട്ട ഭാരതത്തിലെ അടിസ്ഥാനസമൂഹമായ ദ്രാവിഡരാണ് ഇന്നത്തെ ദളിതർ. ക്രിസ്തുവിന്റെ വിളികേട്ട് തുല്യനീതിയും സമത്വവും പ്രതീക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ച ദളിതരത്രെ ദളിത് ക്രൈസ്തവർ.

എല്ലാ പൗരന്മാർക്കും തുല്യനീതിയും തുല്യസമത്വവും വാഗ്ദാനം ചെയ്യുന്ന സെക്കുലർ ജനാധിപത്യരാജ്യമാണ് ഇൻഡ്യ. എന്നാൽ ഒരേ ജാതിയിൽപ്പെട്ട വ്യക്തികൾ മനസാക്ഷിയനുസരിച്ച് വിവിധ മതവിശ്വാസങ്ങൾ സ്വീകരിച്ചതിനാൽ ഇവിടെ തുല്യനീതി നിഷേധിക്കപ്പെടുന്നു. കേന്ദ്രസർക്കാർ നിശ്ചയിച്ച പട്ടികജാതി പട്ടികയിൽപ്പെട്ടവർ ഹിന്ദുമതത്തിലോ ബുദ്ധമതത്തിലോ, സിക്കുമതത്തിലോ വിശ്വസിച്ചാൽ അവർക്ക് ഭരണഘടനാനുസൃതമായ സംവരണങ്ങൾക്കവകാശമുണ്ട്; അർഹതയുണ്ട്. പട്ടികജാതിയിൽപ്പെട്ട നകുലൻ ജോസഫായാൽ അയാൾക്ക് ഇതുവരെ ലഭിച്ചിരുന്ന എല്ലാ ആനുകൂല്യങ്ങളും നഷ്ടമാകുന്നു, നിഷേധിക്കപ്പെടുന്നു. വീണ്ടും അയാൾ ഹിന്ദുമതവിശ്വാസിയായാൽ അയാൾക്ക് മുൻപ് ലഭിച്ചിരുന്ന എല്ലാ ആനുകൂല്യങ്ങളും തിരിച്ചുകിട്ടുന്നു. ഇതാണ് വളരെ മഹനീയമെന്ന് നാം പറയുന്ന ഇൻഡ്യയിലെ സെക്കുലർ ഭരണഘടനയിലെ വൈകൃതം. ഭാരതത്തിൽ നൂറ്റാണ്ടുകളായി ജാതിയുടെ പേരിൽ അടിമത്തവും അയിത്തവും കല്പിക്കപ്പെട്ട് സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് തള്ളപ്പെട്ട ജാതികളുടെ ഒരു പട്ടികയുണ്ടാക്കി അവരെ സ്വതന്ത്രഭാരതത്തിന്റെ മുഖ്യധാരയിലേക്ക് ആനയിക്കുവാനും ഭരണപങ്കാളിത്തം ഉറപ്പുവരുത്തുവാനുമാണ് പട്ടികജാതിലിസ്റ്റ് ഉണ്ടാക്കിയത്. 1950 ജനുവരി 26 ന് നിലവിൽ വന്ന ഇൻഡ്യൻ ഭരണഘടനയിൽ പ്രത്യേക മതത്തിൽപ്പെട്ടവർക്ക് മാത്രമേ ഈ രാജ്യത്തിന്റെ അവകാശസംരക്ഷണങ്ങൾ നല്കാവൂ എന്ന് പറഞ്ഞിട്ടില്ല. എന്നാൽ 1950 ആഗസ്റ്റ് 10 ന് ഇൻഡ്യൻ പ്രസിഡന്റിൽ നിക്ഷിപ്തമായിരുന്ന അവകാശാധികാരമുപയോഗിച്ച് ഹിന്ദുദളിതരെ ഉൾപ്പെടുത്തി പട്ടികജാതിവർഗ്ഗഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവിൽ "ഹിന്ദുമതത്തിൽ നിന്നും വ്യത്യസ്തമായി ഒരുമതം സ്വീകരിച്ചിട്ടുള്ള ഹരിജനങ്ങളെ പട്ടികജാതിക്കാരായി അംഗീകരിക്കുന്നതല്ല"യെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. ഇത് ഭരണഘടനയ്ക്ക് വിരുദ്ധമാണ്, മനസാക്ഷിസ്വാതന്ത്ര്യത്തിനെതിരാണ്, മതനിരപേക്ഷതയ്ക്കെതിരാണ്. 1956-ൽ സിക്കുമതത്തിലും 1990-ൽ ബുദ്ധമതത്തിലുംപെട്ട ദളിതർക്ക് ഭരണഘടനാഭേദഗതിയിലൂടെ സംവരണ ആനുകൂല്യങ്ങൾ നല്കി. എന്നാൽ കഴിഞ്ഞ 50 വർഷങ്ങളായി സമരം ചെയ്യുന്ന ദളിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.

യേശു പാവങ്ങളോടാണ് സുവിശേഷം പ്രസംഗിക്കാൻ വന്നത്. അഷ്ടഭാഗ്യങ്ങളിൽ ആദ്യത്തേത് ദരിദ്രരെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു.'ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം നിങ്ങളുടേതാകുന്നു'. (മത്താ. 5:7) ഇൻഡ്യയിൽ ആകെ 200 ലക്ഷം ക്രൈസ്തവരാണുള്ളത്. ഇവരിൽ 125 ലക്ഷത്തോളം ദളിത് ക്രൈസ്തവരാണ്. കേരളത്തിലെ 75 ലക്ഷം വരുന്ന ക്രൈസ്തവരിൽ 20 ലക്ഷം ദളിതരത്രേ. ദളിത് വിഭാഗത്തിലുള്ളവർ മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായിത്തീരുന്നതിനോട് പല സുറിയാനി ക്രിസ്ത്യാനിവിഭാഗങ്ങളും യോജിച്ചിരുന്നില്ല. കേരളത്തിലെ

www.malankaralibrary.com



ഭൂരിപക്ഷംവരുന്ന സുറിയാനി ക്രൈസ്തവസഹോദരങ്ങൾ വളരെ പിന്നോക്കം നില്ക്കുന്ന ദളിതരെ തങ്ങളോടൊപ്പം മാന്യതയും പദവിയും ഉള്ളവരായി പരിഗണിക്കാനും, ഉൾക്കൊള്ളാൻ കഴിയാതെ പോയതും നിർഭാഗ്യകരമാണ്. വർഷങ്ങൾ പലതുകഴിഞ്ഞിട്ടും ദളിത് ക്രൈസ്തവർ സുറിയാനി ക്രിസ്ത്യാനികളോട് തുലനം ചെയ്യുമ്പോൾ വളരെ അധഃസ്ഥിതരായി ഇന്നും നിലകൊള്ളുന്നു. നായന്മാരിൽനിന്നും ഈഴവരിൽനിന്നും മതപരിവർത്തനം ചെയ്തവരെ ഉൾക്കൊള്ളാൻ തയ്യാറായതുപോലെ ദളിത് വിഭാഗങ്ങളിൽനിന്ന് മതപരിവർത്തനം ചെയ്തവരെ സ്വീകരിക്കാൻ സുറിയാനി ക്രിസ്ത്യാനികൾ തയ്യാറാകുന്നില്ല. മിഷനറിമാരുടെ പ്രവർത്തനഫലമായി ദളിത് വിഭാഗത്തിൽപ്പെട്ട ധാരാളമാളുകൾ മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായി. സാമ്പവർ, ചേരമർ, സിദ്ധനർ തുടങ്ങിയ ദളിത് വിഭാഗങ്ങളിൽ നിന്നും പട്ടികവർഗ്ഗക്കാരായ ഗിരിവർഗ്ഗക്കാർ, കാണിക്കാർ, വേടർ എന്നീവിഭാഗങ്ങളിൽ നിന്നുമുള്ള ക്രിസ്ത്യാനികൾ വലിയ ഒരു സംഖ്യയായി. ദളിത് ക്രൈസ്തവരുടെ ഈ വർദ്ധനവ് പാരമ്പര്യ ക്രിസ്ത്യാനികളെ മാനസികമായി അസ്വസ്ഥരാക്കി മാറ്റിനിർത്തി. നാനാഭാഗങ്ങളിൽ നിന്നുള്ള എതിർപ്പുകൾക്കിടയിലും തിരുവിതാംകൂറിലെ ദളിത് ക്രിസ്ത്യാനികൾ നിർണ്ണായകശക്തിയായി വളർന്നു.

1930 സെപ്റ്റംബർ 20 അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവും അനുയായികളും കത്തോലിക്കാ സഭാംഗങ്ങളായി. വിജാതിയരുടെയിടയിൽ സുവിശേഷമെത്തിക്കുവാനും അവരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുവാനും അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെടുന്നതിനു മുൻപുതന്നെ ദീർഘവീക്ഷ ണത്തോടെ പ്രവർത്തിക്കുകയും അതിന്റെ ചുമതല ബഥനി ആശ്രമത്തിലെ ഫാ. അലക്സിയോസിനെ ഏല്പിക്കുകയും ചെയ്തു.

70 വർഷം മുൻപ് മദ്ധ്യകേരളത്തിന്റെ പലഭാഗങ്ങളിലും അടിമവ്യാപാരം നിലനിന്നിരുന്നുവെന്നത് ചരിത്രം സാക്ഷിക്കുന്ന സത്യമാണ്. അവശസമുദായത്തെ പള്ളിയുടെ മതിൽക്കെട്ടിനകത്ത് പ്രവേശിപ്പിക്കാൻ അന്നത്തെ ക്രിസ്ത്യാനികൾ അനുവദിച്ചിരു ന്നില്ല. എന്നാൽ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് ആരംഭിച്ച പെരുനാട്ടിലെ ബഥനിയിൽ എല്ലാ വിഭാഗത്തിലുമുള്ളവരെ തുല്യരായി സ്വീകരിച്ചുപോന്നു. അധഃകൃതവർഗ്ഗത്തിൽനിന്ന് ആദ്യമായി ബഥനിപ്രസ്ഥാനത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കാൻ മഹാഭാഗ്യം ലഭിച്ച ജേക്കബ് ഉപദേശി ഇപ്രകാരം സാക്ഷിക്കുന്നു: 'എന്നെ മാമോദിസ മുക്കാൻ പല പള്ളികളിലേയും അച്ചന്മാരെ സമീപിച്ചെങ്കിലും താണ ജാതിക്കാരനെ പള്ളിയിൽ ചേരാൻ ആരും സമ്മതിച്ചില്ല. എങ്കിലും പെരുനാട്ടിലെ ബഥനിയിൽ ജാതിചിന്തയും ഉച്ചനീചത്വവുമില്ലെന്നും അങ്ങനെ ഉദ്ദേശ്യം സാധിക്കുമെന്നും വിശ്വസിച്ചാണ് അഭിവന്ദ്യപിതാവിനെ അഭയം പ്രാപിക്കാനിടയായത്'. ജേക്കബ് ഉപദേശിയുടെ വളർത്തുപിതാവ് കളരിക്കൽ മത്തായിച്ചൻ ഇങ്ങനെ പറഞ്ഞു: 'പെരുന്നാട്ടിൽ ബഥനിയിൽ പോയാൽ നമ്മുടെ ആഗ്രഹം സാധിക്കും. അവിടെ സവർണ്ണരെന്നോ അവർണ്ണരെന്നോ വ്യത്യാസമൊന്നുമില്ലെന്നാണറിയുന്നത്'. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് നിരണം മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ റമ്പാൻ പട്ടം സ്വീകരിച്ചതിന്റെ മൂന്നാംനാൾ കൊല്ലവർഷം 1100-ാമാണ്ട് മകരം 18 ന് ജേക്കബ് എന്ന ദളിതനെ സഭാംഗമാക്കിയതോടെ അവർണ്ണർക്ക് പള്ളിയിൽപ്പോലുമുണ്ടായിരുന്ന ഭ്രഷ്ട് മാറ്റാനുള്ള സാഹസിക യജ്ഞം ആരംഭിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭം മുതൽ ധാരാളം ദളിത് വിഭാഗസഹോദരങ്ങളെ സഭയിൽ സ്വീകരിച്ചിട്ടുണ്ട്. അവരിൽ പ്രധാനിയായിരുന്നു 1930-ൽ തന്നെ പുനരൈക്യപ്പെട്ട ഗീവർഗീസ് ഉപദേശിയും കുടുംബവും. ദളിത് സഹോദരങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമായ പുല്ലാടാണ് അഭിവന്ദ്യപിതാവ് ആദ്യമായി ദളിത് മേഖലയിൽ പ്രവർത്തനം ആരംഭിച്ചത്. പുലയസമുദായത്തിൽപ്പെട്ട കുറെ ആളുകളെ മാമോദീസാ നല്കി സ്വീകരിച്ചു. ഓതറയിൽ ഒരു ചാപ്പൽ ഉണ്ടാക്കി 250 ദളിതരെ സഭയിൽ ചേർത്തു. ഈ രണ്ടു സ്ഥലങ്ങളിലും ഇങ്ങനെ ക്രിസ്തുമതം സ്വീകരിച്ച് മലങ്കര കത്തോലിക്കാസഭയിലംഗങ്ങളായ ദളിതരെ യാക്കോബായക്കാർ വെറുതെവിട്ടില്ല. പലതരത്തിലുള്ള ഉപദ്രവങ്ങൾ ഇവർ സഹിക്കേണ്ടിവന്നു. മാർ ഈവാനിയോസ് പിതാവ് ശെമ്മാശനായിരിക്കുമ്പോൾ ഗീവർഗീസ് എന്ന ഉപദേശിയെ തന്റെ സ്ഥിരം ഉപദേശിയായി വിട്ടുകിട്ടണമെന്ന് പരുമല ഗ്രീഗോറിയോസ് തിരുമേനിയോട് ആവശ്യപ്പെടു

www.malankaralibrary.com



കയും പരുമല, ചെന്നിത്തല, ശൂരനാട്, വന്മഴി, മാന്നാർ, വെമ്പാലാ, വാണാച്ചിറ, വെണ്ണിക്കുളം എന്നീ സ്ഥലങ്ങളിൽ അദ്ദേഹം ഉപദേശിയായി ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. ഇപ്രകാരം താൻ ശെമ്മാശൻ, വൈദികൻ, റമ്പാൻ, മെത്രാപ്പോലീത്താ എന്നീ വൈദികപദവികളിൽ ദൈവശുശ്രൂഷ നിറവേറ്റിയപ്പോഴെല്ലാം പിന്നോക്കം നില്ക്കുന്ന സമുദായക്കാരുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി സർവ്വകഴിവുകളും വിനിയോഗിച്ചിട്ടുണ്ട്. മലങ്കര കത്തോലിക്കാ സഭയുടെ ആസ്ഥാനം തിരുവനന്തപുരമായി നിശ്ചയിച്ചശേഷം അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിച്ചു. തിരുവനന്തപുരം അതിരൂപതയുടെ പ്രവർത്തനമേഖല വടക്ക് പമ്പയാറുമുതൽ തെക്ക് കന്യാകുമാരിവരെയും തിരുവല്ലാ രൂപതയുടേത് തെക്ക് പമ്പാനദിമുതൽ വടക്ക് പൊന്നാനിവരെയുമായിരുന്നു. 1958 ൽ കേരളത്തിലെ മലബാർ പ്രദേശത്തെയും തമിഴ്നാട്ടിലേയും കർണ്ണാടകയിലേയും കുറെസ്ഥലങ്ങളും ചേർത്തുകൊണ്ട് തിരുവല്ലാ രൂപതാതിർത്തി വിപുലപ്പെടുത്തി. മലങ്കരകത്തോലിക്കാസഭയ്ക്ക് 4 രൂപതകളാണുള്ളത്. ഓരോ രൂപതയിലും ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനും സമഗ്രപുരോഗതിക്കും വേണ്ടി പ്രവർത്തിക്കാൻ പ്രത്യേക കാര്യാലയങ്ങളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം അതിഭദ്രാസനത്തിൽ ആയൂർ മുതൽ തെക്കോട്ട് കന്യാകുമാരിവരെയുണ്ടായിരുന്ന പ്രദേശങ്ങളിൽ മിഷൻ പ്രവർത്തനം നടത്തിയിരുന്ന വളരെ പിന്നോക്കം നില്ക്കുന്ന സമൂഹങ്ങളുടെയിടയിലാണ്. ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവ് ദളിത് വിഭാഗങ്ങളിൽ നിന്ന് പ്രഗൽഭരായ 12 പേരെ തിരഞ്ഞെടുത്തു. അവർ വിദ്യാഭ്യാസമുള്ളവരും ചിലർ സർക്കാർ ഉദ്യോഗങ്ങളിലുള്ളവരുമായിരുന്നു. ജോലി രാജിവച്ച് ദൈവശുശ്രൂഷയ്ക്ക് കടന്നുവന്ന ഈ ത്യാഗമതികളെ അഭിവന്ദ്യപിതാവ് ഉപദേശിമാരായി നിയമിച്ചു. അങ്ങനെ തിരുവനന്തപുരം പട്ടണത്തിലും സമീപപ്രദേശങ്ങളിലും ധാരാളം സ്ഥലങ്ങൾ ഉപദേശിമാർ ത്യാഗങ്ങളനുഭവിച്ചും കഷ്ടപ്പെട്ടും സഞ്ചരിച്ച് മിഷനുകൾ സ്ഥാപിക്കാൻ നേതൃത്വം നൽകി. ആദ്യം അവരുടെ ബന്ധുക്കളെയും ചാർച്ചക്കാരെയും തുടർന്ന് അവരുടെ പ്രദേശങ്ങളെയും ക്രിസ്തുചൈതന്യത്താൽ നിറച്ച് മലങ്കര കത്തോലിക്കാ സഭാംഗങ്ങളാക്കി. ദളിത് മേഖലകളിൽ അക്ഷീണം പ്രവർത്തിച്ച പ്രമുഖരായിരുന്നു ഫാ. മാത്യു പോത്തനാമൂഴി (പിന്നീട് കോതമംഗലം രൂപതയുടെ മെത്രാൻ അഭിവന്ദ്യ പോത്തനാംമൂഴി പിതാവ്), ഫാ. ലോറൻസ് തോട്ടം (പിന്നീട് മാർത്താണ്ഡം രൂപതയുടെ പ്രഥമ മെത്രാൻ ലോറൻസ് മാർ അപ്രേം, ഫാ. മത്തായി മലഞ്ചെരുവിൽ, ഫാ. ജോൺ എന്നിവർ. ഇവരുടെ നിസ്തന്ദ്രമായ ശ്രദ്ധയും പ്രവർത്തനവും എക്കാലത്തും ദളിത് മേഖല സ്മരിക്കും. ഇന്ന് പട്ടം കത്തീഡ്രൽ, പാളയം സെന്റ് മേരീസ്, നാലാഞ്ചിറ സെന്റ് തോമസ് തുടങ്ങിയ പള്ളികളൊഴിച്ചാൽ തിരുവനന്തപുരം, നെടുമങ്ങാട്, കഴക്കൂട്ടം, കിളിമാനൂർ വൈദികജില്ലകളിലെ ഭൂരിഭാഗം മിഷനുകളും പാറശ്ശാല, നെയ്യാറ്റിൻകര വൈദികജില്ലയിലെ ഒട്ടനവധി മിഷനുകളും ദളിത് വിഭാഗത്തിൽപെട്ട വിശ്വാസികളുടെ സമൂഹമാണ്.

കേരള കത്തോലിക്കാ രൂപതകളിൽ തിരുവനന്തപുരം അതിഭദ്രാസനം ദളിത് ക്രൈസ്തവരുടെ അംഗസംഖ്യയിൽ മുന്നിൽ നിൽക്കുന്നു. ദളിത് കത്തോലിക്കരുടെ ആത്മീയവും ഭൗതികവും സാംസ്കാരികവും വിദ്യാഭ്യാസപരവും രാഷ്ട്രീയവും സാമൂഹ്യവുമായ ഉന്നതി ലക്ഷ്യമാക്കി 1956-ൽ ആരംഭിച്ച സംഘടനയാണ് ദളിത് കത്തോലിക്കാ മഹാജനസഭ (DEMS). 1966 മുതൽ അതിഭദ്രാസനത്തിൽ സജീവമായി പ്രവർത്തിക്കുന്ന സംഘടന സംസ്ഥാനതലത്തിലുള്ള വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഈ സംഘടനയുടെ ഇപ്പോഴത്തെ സംസ്ഥാന ജനറൽ സെക്രട്ടറി നമ്മുടെ അതിഭദ്രാസനാംഗമായ ശ്രീ. കരകുളം സ്റ്റീഫനാണ്. മലങ്കരകത്തോലിക്കാ സഭയ്ക്ക് ഒരംഗീകാരംകൂടിയാണിത്. സംഘടന നേതൃത്വത്തിൽ വിവിധ മേഖലയൂണിറ്റുകൾ സന്ദർശിക്കുകയും അഭിപ്രായങ്ങൾ ആരായുകയും തെരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്തുവരുന്നു. ദളിത് ക്രൈസ്തവപ്രശ്നം പരിഹരിക്കുന്നതിന് DEMS സമരപരിപാടികളോട് തലസ്ഥാനനഗരത്തിലുള്ളവർ എന്ന നിലയിലും അതിഭദ്രാസനമെന്ന നിലയിലും സമ്പൂർണ്ണസഹ

www.malankaralibrary.com



കരണം നല്കിവരുന്നു. മറ്റു ദളിത സംഘടന കളോട് ബന്ധപ്പെട്ട് അവരുടെ അഭിപ്രായങ്ങൾ അറിയു ന്നതിനും പ്രശ്നപരിഹാരത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും അതിഭദ്രാസനം മുന്നിൽതന്നെയുണ്ട്. KEYM ദളിത് ക്രൈസ്തവ പ്രശ്നം ഉന്നയിച്ച് സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും സംഘടിപ്പിച്ചപ്പോൾ അതിഭദ്രാസനം ഒന്നടങ്കം സജീവമായി പിൻതുണ വാഗ്ദാനം ചെയ്തു. കേരളത്തിലും കേരളത്തിനു പുറത്തും മലങ്കര കത്തോലിക്കാറീത്തിൽ ദളിത് വിഭാഗം ഉണ്ട് എന്ന യാഥാർത്ഥ്യം അംഗീകരിക്കപ്പെട്ടു. നാഷണൽ, റീജിനൽ, സംസ്ഥാന യോഗങ്ങളിൽ മലങ്കര കത്തോലിക്കാ സഭയിലെ ദളിത് വിഭാഗം ചർച്ചാവിഷയമായി.

1999-ലെ സ്ഥിതിവിവര കണക്കിൻപ്രകാരം ഈ ഭദ്രാസനത്തിലെ 513 ഇടവകമിഷനുകളിൽ 168 മിഷനുകളിൽ മുഴുവനയോ ഭാഗികമായോ ദളിതുസഹോദരങ്ങളുണ്ട്. 4826 കുടുംബങ്ങളും 23,804 ദളിത് കത്തോലിക്കരുമാണ് അതിഭദ്രാസന ത്തിലുള്ളത്.

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ശ്രമഫലമായി ഉദാരമതികളായ ആളുകളിൽ നിന്ന് അതിരൂപതാ ദളിത് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നതിക്കായി 10 ലക്ഷം രൂപാ ശേഖരിക്കുകയും അത് സ്ഥിരനിക്ഷേപമാക്കി, ലഭിക്കുന്ന പലിശ അദ്ധ്യയനവർഷാരംഭത്തിൽ യൂണിറ്റ് ഡയറക്ടറച്ചൻമാർവഴി വിതരണം നടത്തുകയും ചെയ്യുന്നു. കൂടാതെ ജസ്റ്റീസ് സൺഡേവഴി ശേഖരിക്കുന്ന തുക നിർദ്ധനരായ ദളിത് പെൺകുട്ടികളുടെ വിവാഹസഹായം, വൈദ്യസഹായം, ഭവനനിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്ക് നല്കിവരുന്നു. ദളിത് കുട്ടികളെ സ്കൂൾ, കോളേജ് വിദ്യാഭ്യാസത്തിന് പ്രേരിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, അഡ്മിഷൻ ശുപാർശ ചെയ്യുക, തൊഴിൽ രഹിതരായ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും പ്രായപരിധി കഴിയാറായവർക്കും ജോലിയിൽ മുൻഗണനയ്ക്ക് ശുപാർശ ചെയ്യുക, ദളിത് പീഡനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നീതി ഉറപ്പുവരുത്തുക, മദ്യത്തിനെതിരെ ദളിത് മേഖലകളിൽ ബോധവൽക്കരണം നടത്തുക, തൊഴില വസരങ്ങൾ സർക്കാരിൽ നിന്നുള്ള സംവരണം വാങ്ങാൻ സഹായിക്കുക, അവശ ക്രൈസ്തവ പരിവർത്തിത വികസന കോർപ്പറേ ഷൻ വായ്പാ പദ്ധതികളിൽ പങ്കാളികളാകുക തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ദളിത് ക്രൈസ്തവ കാര്യാലയം വഴി ചെയ്യുന്നുണ്ട്.

ദളിത് ആൺകുട്ടികൾക്കായി കഴക്കൂട്ടത്തിന ടുത്ത് കാരമ്മൂട്ടിൽ മലങ്കര ബോയിസ് ഹോം പ്രവർത്തിക്കുന്നു. ഇവിടെ 42 കുട്ടികൾ താമസിച്ച് സ്തുത്യർഹമാംവിധം പഠനം നടത്തിവരുന്നു. ദളിത് പെൺകുട്ടികൾക്കായി മാവേലിക്കരക്കടുത്ത് ഈരേഴയിൽ ഒരു ഗേൾസ് ഹോം ബഥനി സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ നടക്കുന്നു. കൂടാതെ നാലാഞ്ചിറ ജയമാതാ ബോയിസ് ഹോം, കുണ്ടറ ലിറ്റിൽ ഫ്ളവർ, കൊട്ടാരക്കര സ്നേഹ ഭവൻ, കണ്ണറവിള അൽഫോൻസാ ബാലികാഭവൻ, ചെമ്പനരുവി ട്രൈബൽ ഹോസ്റ്റൽ എന്നിവിട ങ്ങളിൽ നമ്മുടെ കുട്ടികൾക്ക് താമസിച്ച് പഠിക്കുന്ന തിനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ദളിത് വിഭാഗത്തിൽനിന്ന് ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പ്രാധാന്യം നല്കിവരുന്നു. ഇപ്പോൾ 3 വൈദികരും 12 സെമിനാരിക്കാരും 8 സിസ്റ്റേഴ്സും 98 ഉപദേശിമാരും ദളിത് വിഭാഗത്തിൽനിന്ന് ദൈവശുശ്രൂഷ നടത്തുന്നു.

തിരുവല്ലാ ഭദ്രാസനത്തെ സംബന്ധിച്ചിട ത്തോളം വളർന്ന് പന്തലിച്ച് വടവൃക്ഷസമാനമായി ത്തീർന്നിരിക്കുന്ന ദളിത് ക്രൈസ്തവസമൂഹം രൂപതയുടെ അവിഭാജ്യഘടകമായി മാറിയിരി ക്കുന്നു. തിരുവല്ലാ കത്തീഡ്രൽ ദേവാലയത്തിലും ചാത്തങ്കരി, പുല്ലാട്, കട്ടിളപ്പൂവം പ്രദേശങ്ങളിലും ദളിത് മക്കൾ ധാരാളമായി പാർക്കുന്നു. സാമൂഹ്യ ക്ഷേമകാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ കാണിച്ചു കൊണ്ട് ഭവനം നിർമ്മിച്ചുകൊടുക്കുക, ചികിത്സാ സഹായമെത്തിക്കുക തുടങ്ങി ഒട്ടനേകം കാര്യങ്ങൾ ചെയ്തുവരുന്നു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ദളിത് ക്രൈസ്തവരെ കൊണ്ടുവരാൻ അനിവാര്യമായ ഘടകം വിദ്യാഭ്യാസമാണെന്നതിനാൽ ആൺകുട്ടികൾ ക്കായി തിരുമൂലയിലും പെൺകുട്ടികൾക്കായി മാന്നാറിലും ബോർഡിംഗ് സൗകര്യങ്ങളോടുകൂടിയ പഠനസംവിധാനം ക്രമീകരിച്ചു. ദളിത് ക്രൈസ്തവ പ്രശ്നം പരിഹരിക്കുന്നതിൽ കേന്ദ്രഗവൺമെന്റ് അലംഭാവം കാണിക്കുന്നതിനെതിരെ പാർലമെന്റ്

www.malankaralibrary.com



മാർച്ച് നടത്തി അറസ്റ്റു വരിച്ച് തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ഗീവർഗ്ഗീസ് മാർ തീമോത്തിയോസ് സകലരുടേയും ശ്രദ്ധാകേന്ദ്രമാകുകയും മലങ്കരസഭയ്ക്കും കേരളത്തിനാകമാനവും ഒരു മാതൃകയാകുകയും ചെയ്തു. ദളിത് ക്രൈസ്തവ സമൂഹത്തെ ഒന്നിപ്പിക്കുവാനും സമഗ്രവികസനത്തിനുമായി ഹരിജൻ ക്രിസ്ത്യൻ മഹാസഭ (HCMS) എന്ന പേരിൽ ഒരു കാര്യാലയവും അതിന്റെ ഡയറക്ടറായി ഫാ. ഏബ്രഹാം കുളങ്ങരയും പ്രവർത്തിക്കുന്നു.

ബത്തേരി ഭദ്രാസനത്തിൽ വിവിധ മിഷനുകളിലായി ധാരാളം ദളിത് ക്രൈസ്തവർ താമസിക്കുന്നു. രൂപതാദ്ധ്യക്ഷന്റെ നിസീമമായ സ്നേഹവും സഹായവും ലഭിക്കുന്ന ദളിത് സമൂഹത്തിന് സാമൂഹ്യക്ഷേമവകുപ്പ് കാര്യാലയമായ ശ്രേയസ് ഡയറക്ടർ ഫാ. വർഗ്ഗീസ് മറ്റമന നേതൃത്വം നല്കുന്നു.

മാർത്താണ്ഡം രൂപത നിലവിൽ വന്നപ്പോൾമുതൽ ദളിത് ക്രൈസ്തവർക്കുവേണ്ടി ദളിത് ക്രിസ്ത്യൻ മൂവ്മെന്റ് എന്ന സംഘടന ആരംഭിക്കുകയും അതിന്റെ ഡയറക്ടറായി ഫാ. ഫിലിപ്പ് ദയാനന്ദിനെ ചുമതലയേല്പിക്കുകയും ചെയ്തു. മങ്കാട്, കുളപ്പുറം മുതലായ മിഷനുകളിൽ പൂർണ്ണമായും പിങ്കുളം, അമ്പിളികോണം, അടയ്ക്കാക്കുഴി, മേക്കോട് തുടങ്ങിയ മിഷനുകളിൽ ഭാഗികമായും ദളിത് വിഭാഗങ്ങളിൽപ്പെട്ട സഹോദരങ്ങളാണ്. നിരവധി ക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ച് നടപ്പിലാക്കിവരുന്ന മാർത്താണ്ഡം രൂപത പിന്നോക്കം നില്ക്കുന്ന ദളിത് ജനവിഭാഗങ്ങൾക്ക് സമഗ്രവികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. ദളിത് കാര്യാലയ ഡയറക്ടർ വഴി സ്ഥിതിവിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

ജാതിപരമായ എല്ലാ വേർതിരിവുകളെയും നിർമ്മാർജനം ചെയ്യുന്ന ദൈവികപിതൃത്വത്തിൽ അധിഷ്ഠിതമായ മാനവകുടുംബം കെട്ടിപ്പടുക്കുകയെന്ന അടിസ്ഥാനപരമായ ഉദ്യമത്തിലാണ് പ്രേഷിതർ ഏർപ്പെട്ടിരിക്കുന്നത്. ആയതിലേക്ക് നമ്മുടെ പരമ്പരാഗത ക്രിസ്ത്യാനികളിലും ദളിതർക്ക് മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരിൽ നിന്ന് പുതുതായി സഭയിൽ ചേർന്നവരിലും വിപ്ലവകരമായ സമീപനമാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവമക്കളെന്ന നിലയിൽ തങ്ങളുടെ പദവിയും അഭിമാനവും സംബന്ധിച്ച് ദളിതരിൽ ഒരു പുതിയ ഉണർവുണ്ടാക്കുവാൻ കഴിയണം. ആത്മവിശ്വാസത്തോടും ദൃഢനിശ്ചയത്തോടുംകൂടി തങ്ങളുടെ സമഗ്രപുരോഗതിക്കുവേണ്ടി പ്രായത്നിക്കുവാൻ അത് അവരെ പ്രാപ്തരാക്കണം. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രഥമികോപാധി വിദ്യാഭ്യാസമാണ്. അടിസ്ഥാനപരവും തൊഴിൽപര വുമായ വിദ്യാഭ്യാസം സർക്കാരിൽനിന്ന് നമ്മുടെ ദളിത് സഹോദരങ്ങൾക്ക് നീതി നേടിക്കൊടുക്കുവാൻ വേണ്ടി ബന്ധപ്പെട്ട എല്ലാവരോടും ചേർന്നുനിന്നുകൊണ്ട് സഭ പ്രവർത്തിക്കണം. അതേസമയം നമ്മുടെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്തം ഏറ്റെടുക്കണം. സാമ്പത്തികമായി മെച്ചപ്പെട്ട നിലവാരമുള്ള നമ്മുടെ ഇടവകകളും വ്യക്തികളും തങ്ങളുടെ സമ്പത്ത് ദാരിദ്ര്യമനുഭവിക്കുന്ന ദളിത് കുടുംബങ്ങൾക്കായി പങ്കുവയ്ക്കണം. തൊഴിൽ മേഖലയിലും നമ്മുടെ സവിശേഷമായ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. നമ്മുടെ ഭദ്രാസനസ്ഥാപനങ്ങളിൽ ഉദ്യോഗം, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അഡ്മിഷൻ തുടങ്ങിയ ഒട്ടേറെ രംഗങ്ങളിൽ ദളിത് സഹോദരങ്ങൾക്ക് മുൻഗണനയും പ്രോത്സാഹനവും നല്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ അടിസ്ഥാനപരമായ ഒരു പുരോഗതി ലക്ഷ്യം വയ്ക്കുവാൻ നമ്മുടെ നാലു് രൂപതകളും കൂട്ടായി യത്നിക്കുകയും, മലങ്കര കത്തോലിക്കാസഭയ്ക്ക് ഒരു ദളിത് കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ഏകീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സമൂഹത്തിൽ അവശതയും ദുരിതവും അനുഭവിക്കുന്ന ദളിതരെ മറന്നുള്ള മഹാജൂബിലിയും പുനരൈക്യ സപ്തതിയും മലങ്കര കത്തോലിക്കർക്ക് ഉണ്ടാകാൻ പാടില്ല. വി. ക്രിസോസ്റ്റം പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്

*'അടിച്ചമർത്തപ്പെടുന്നവരും വ്രണിതരുമായ പാവങ്ങൾ വിശുദ്ധ കുർബാനയിലെ യേശുവിന്റെ തനിപകർപ്പാണ്. നമ്മുടെയിടയിൽ മുട്ടുപാടുള്ളവരോ, വേർതിരിക്കപ്പെട്ടവരോ, വർഗ്ഗീകരിക്കപ്പെട്ടവരോ, വേദനിക്കുന്നവരോ ഇല്ലെന്ന് വി. കുർബാന സ്വീകരിക്കുന്ന ഓരോ വ്യക്തിയും പറയണം'*

ഓരോ മലങ്കരകത്തോലിക്കനും വിശുദ്ധ കുർബാനയ്ക്കണയുമ്പോൾ ഈ വാക്കുകൾ ഓർക്കട്ടെ.

www.malankaralibrary.com



# മലങ്കരയിലെ ആദ്യകാല വൈദിക പ്രേഷിതർ



തോമസ് ജോൺ തേവരേത്ത്
ജോയിന്റ് സെക്രട്ടറി
കേരള കാതലിക്ക് ബൈബിൾ സൊസൈറ്റി

**പു**നഃരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് പ്രേഷിതപ്രവർത്തനം നടത്തിയിരുന്നത് എതിർപ്പുകളുടെ മദ്ധ്യത്തിലാണ്. വളരെ കൂടുതൽ വൈദികശ്രേഷ്ഠരും അല്മായ നേതാക്കന്മാരും ധീരതയോടെ മുമ്പോട്ടുവന്നു. സീറോമലബാർ സഭയിൽനിന്നും പല വൈദികരും, തിരുവനന്തപുരം അതിരൂപതയിലും, തിരുവല്ലാ രൂപതയിലും പ്രവർത്തിക്കുവാൻ സന്നദ്ധരായി. യാക്കോബായ സഭയിൽ നിന്നും പുനഃരൈക്യപ്പെട്ട് ഇവിടുത്തെ സാഹചര്യങ്ങളും പരിമിതികളും മനസ്സിലാക്കി, വെല്ലുവിളികളെ നേരിട്ട് സഭയ്ക്കുവേണ്ടി പ്രേഷിതപ്രവർത്തനം നടത്തിയവരും, സന്ന്യാസജീവിതം നയിക്കുന്നതിനിടയിൽ പ്രേഷിതപ്രവർത്തനം നടത്തിയവരും ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു. പ്രേഷിതപ്രവർത്തനത്തോടൊപ്പം ജനകീയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയ വൈദിക ശ്രേഷ്ഠരും ഉണ്ടായിരുന്നു. യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലഘട്ടത്തിൽ ഒരു ബാഗും, കുടയും എടുത്ത് നടന്ന് യാത്രചെയ്യുന്ന രീതിയായിരുന്നു പലപ്പോഴും. സഹായത്തിന് ഒരു അല്മേനിയും കൂടെ കാണും. വളരെ കുടുതൽ ജനവിഭാഗത്തിന്റെ ഹൃദയത്തുടിപ്പ് അറിയുന്നതിനും, ആശ്വാസം പകരുന്നതിനും അവർക്ക് കഴിഞ്ഞിരുന്നു. സ്നേഹവാത്സല്യത്തോടെ കുടുംബത്തിലെ ഓരോരുത്തരെയും അറിയുന്നതിനും ഒന്നിച്ച് പാട്ടുപാടി പ്രാർത്ഥിക്കുന്നതിനും, ഉള്ളത് ഭക്ഷിക്കുന്നതിനും സമയം കണ്ടെത്തിയിരുന്നു. ആദ്യകാലപ്രേഷിതവൈദികരിൽ ഏതാനും ചിലരെപ്പറ്റിമാത്രമേ ഈ ലേഘനത്തിൽ പ്രതിപാദിക്കുവാൻ സാധിക്കുന്നുള്ളു.

www.malankaralibrary.com



# ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ




മലങ്കരകത്തോലിക്കാസഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ജീവിതം കാഴ്ചവെച്ച ഒരു വൈദികശ്രേഷ്ഠനായിരുന്നു ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ.

ആലപ്പുഴ ജില്ലയിലെ ചേപ്പാട്ടു ഗ്രാമത്തിൽ അതിപുരാതനമായ വഞ്ചിയിൽ കുടുംബത്തിൽ 1887 മേയ് 12-ന് റമ്പാച്ചൻ ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസം ചേപ്പാട്ടുതന്നെ നടത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം ഹരിപ്പാട്ടു ഷൺമുഖവിലാസം ഹൈസ്കൂളിൽ നടത്തി. അദ്ദേഹത്തിന്റെ കുടുംബത്തിൽ പള്ളിപ്പാട്ട് കൈമുട്ട് ഫാ. യോഹന്നാൻ രോഗിയായതിനാൽ ആ കുടുംബത്തിൽ നിന്ന് വേറെ ഒരാളിനെക്കൂടി വൈദികനായി വാഴിക്കണം എന്ന ആലോചന ഉണ്ടാകുകയും അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും ചെയ്തു. കോട്ടയം എം.ഡി. സെമിനാരിയിൽ പഠിച്ച് ശെമ്മാശനായി. ഏലിയാചാപ്പലിൽ വെച്ച് മാർ ഗ്രീഗോറിയോസ് തിരുമേനി പീലിപ്പോസ് ശെമ്മാശന് 1916 സെപ്തംബർ 14-ന് വൈദികപട്ടം നല്കി. ചേപ്പാട്ട് ഒരു ഇംഗ്ലീഷ് സ്കൂൾ തുറക്കുന്നതിന് വേണ്ടി പരിശ്രമിച്ചു. അതിനുശേഷം മദ്രാസിൽ പഠിക്കുന്ന കുട്ടികളുടെയും, അവരുടെ മാതാപിതാക്കളുടെയും വികാരിയായി നിയമിതനായി. മദ്രാസിൽ താമസിക്കുമ്പോൾ കത്തോലിക്കാ സഭയെപ്പറ്റി പഠിക്കുവാൻ ഇടയായി. ബഥനി ആശ്രമത്തിലെ സന്യാസപരിശിലനത്തിനിടയിൽ കത്തോലിക്കാ പുനഃരൈക്യത്തെപ്പറ്റി ചിന്തിച്ചു. ബഥനി ആശ്രമത്തിൽ നിന്നും പരുമലയ്ക്കു പോകുകയും 1929 നവംബർ 3-ന് പ. കാതോലിക്കാ ബാവാ തിരുമേനി അദ്ദേഹത്തിന് റമ്പാൻ സ്ഥാനം നല്കി. റമ്പാനായശേഷം പഴയ സെമിനാരിയിലേക്കുപോയി. വട്ടിപ്പണക്കേസിന്റെ ആവശ്യത്തിലേക്ക് പണം പിരിക്കുവാൻ അദ്ദേഹം പല സ്ഥലങ്ങളിലും പോയി. പുനഃരൈക്യശേഷം മാർ ഈവാനിയോസ് തിരുമേനിയും കൂട്ടരും കൊല്ലത്തുനിന്നും വെണ്ണിക്കുളത്തു തിരച്ചെത്തി. അവിടെ വച്ച് പുലിക്കോട്ടുറമ്പാച്ചനും, ചേപ്പാട്ടു റമ്പാച്ചനും, 1930 സെപ്റ്റംബർ21-ന് മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത്, കത്തോലിക്കാസഭയിൽ ചേർന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ മാനേജ്മെന്റിൽ കുറെ പ്രൈമറി സ്കൂളുകൾ ഉണ്ടായിരുന്നു. ആ സ്കൂളുകളുടെ കറസ്പോണ്ടന്റ് ജോലി അദ്ദേഹത്തെ ഏല്പിച്ചു. 1933-ൽ റമ്പാച്ചൻ തിരുമൂലപുരത്തു താമസിക്കുമ്പോൾ കാരയ്ക്കൽ പി.പി. ജോൺ എന്ന സുഹൃത്തും കൂടി കാഹളം എന്നൊരു വാരികയ്ക്ക് ലൈസൻസെടുത്തു. 1934-ൽ സത്യസഭാ കാഹളം എന്ന പേരിൽ റമ്പാച്ചൻ തന്നെ ലൈസൻസെടുത്തു. 1941- ഡിസംബർ മാസത്തിൽ പ്രവർത്തനം ആരംഭിച്ചു. 1960-വരെ ആ പേരിൽ അതു നടത്തി. അഭിവന്ദ്യബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അഭിപ്രായ പ്രകാരം പേരു മാറ്റി ക്രൈസ്തവകാഹളം എന്ന ഇപ്പോഴത്തെപേരിൽ 1960-മേയ് മാസം മുതൽ പ്രസിദ്ധീകരിക്കുന്നു. പഴയനിയമചരിത്രകഥകൾ, പുതിയനിയമചരിത്രകഥകൾ, നമസ്കാരം, മതബോധനം എന്നിങ്ങനെ നാലുഭാഗങ്ങൾ ചേർത്ത് മേരിഗിരിവേദോപദേശപാഠാവലി തയ്യാറാക്കി വിതരണം നടത്തി. അങ്ങനെ മതബോധനരംഗം ശക്തിപ്പെടുത്തി. പുലിക്കോട്ടു യൗസേഫ് റമ്പാനും, ചേപ്പാട്ടു പീലിപ്പോസ് റമ്പാനും ചേർന്ന് 1930-ൽ പ്രസിദ്ധീകരിച്ച മലങ്കരസഭയുടെ കുഴൽക്കണ്ണാടി സുപ്രസിദ്ധമാണ്. 1941-ൽ ചേപ്പാട്ടു ഹൈസ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചു. 1947 മേയ് 20-ന് റമ്പാച്ചനെ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി കല്പനനല്കിയിട്ടാണ് മാർ ഈവാനിയോസ് തിരുമേനി റോമിലേക്കു യാത്രയായത്. പീലിപ്പോസ് റമ്പാൻ 1979 ജൂൺ 24-ന് അന്തരിച്ചു. ■

www.malankaralibrary.com



# മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ




പുനഃരൈക്യപ്രസ്ഥാനത്തിനും, മേരിമക്കൾ സന്യാസിനി സമൂഹത്തിനും അരനൂറ്റാണ്ട് നേതൃത്വം നല്കി മായാത്ത വ്യക്തിമുദ്രപതിപ്പിച്ച വൈദികശ്രേഷ്ഠനായിരുന്നു. ബ. മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ. മീനച്ചിൽ താലൂക്കിലെ പ്രവിത്താനം ഗ്രാമത്തിലെ അതിപുരാതനമായ കുഴിഞ്ഞാലിൽ കുടുംബത്തിൽ കുരുവിള-മറിയാമ്മ ദമ്പതികളുടെ പുത്രനായി 1903 മേയ് 24-ാം തീയതി ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസം എൻ. ജി.വി. ഗവൺമെന്റ് സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യസം പാലാ സെന്റ് തോമസ് ഹൈസ്കൂളിലും പൂർത്തിയാക്കി. ചങ്ങനാശേരി രൂപതയ്ക്കുവേണ്ടി ഒരു വൈദികൻ ആകുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഡിസംബർ 17-ന് അഭിവന്ദ്യതിരുമേനി ജയിംസ് കുര്യാളശേരി അദ്ദേഹത്തിന് വൈദികപട്ടം നൽകി. 1930 സെപ്റ്റംബർ 20-ന് മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനഃരൈക്യപ്പെട്ടതിനുശേഷം മലങ്കരസഭയിൽ, മലബാർസഭയിൽ നിന്നും യുവവൈദികരെ പ്രേഷിതപ്രവർത്തനങ്ങൾക്കായി സ്വീകരിച്ചിരുന്നു. ഫാ. ജോസഫ് കുഴിഞ്ഞാലിൽ മാർ ജയിംസ് കാളാശേരി തിരുമേനിയിൽ നിന്നും അനുവാദം വാങ്ങി തിരുവനന്തപുരത്ത് മാർ ഈവാനിയോസ് തിരുമേനിയുടെ വസതിയിലെത്തി പ്രേഷിത പ്രവർത്തനം നടത്തുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹത്തെ സെക്രട്ടറി സ്ഥാനത്തേക്കു ക്ഷണിച്ചു. വിധേയത്വത്തോടെ ആ സ്ഥാനം നിരസിച്ചു. വളരെ കൂടുതൽ പ്രേഷിതപ്രവർത്തനം ആവശ്യമുള്ള മാർത്താണ്ഡത്തേക്കു അദ്ദേഹത്തെ നിയോഗിച്ചു. ആത്മീയമായും, സാമ്പത്തികമായും പരാധീനത അനുഭവപ്പെടുന്ന ഒരു ജനവിഭാഗമായിരുന്നു ആ പ്രദേശത്തുണ്ടായിരുന്നത്. പ്രേഷിതപ്രവർത്തനങ്ങൾക്ക് എതിർപ്പുകൾ ഉണ്ടായപ്പോൾ അതിജീവിക്കുവാൻ അദ്ദേഹത്തിന് ദൈവാശ്രയം ശക്തിപകർന്നു. തന്റെ മിഷ്യൻപ്രവർത്തനരംഗത്ത് കൂടുതൽ പ്രചോദനം നൽകുവാൻ, കുടുംബം ഗാർഹീകസഭയാണെന്ന് മനസ്സിലാക്കി, കുടുംബങ്ങളിലുള്ള വനിതകളുമായി വ്യക്തിബന്ധം പുലർത്തുന്നതിനും, പരിശീലിപ്പിക്കുന്നതിനും, സിസ്റ്റർമാരുടെ ആവശ്യകത കണക്കിലെടുത്ത് 1938 മേയ് 8-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയുടെ അനുഗ്രഹാശിസുകളോടെ മേരിമക്കൾ സന്യാസിനിസമൂഹം (Daughters of Mary) സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ദൈവാശ്രയവും, ത്യാഗസമർപ്പണവും ദൈവാനുഗ്രഹവും മൂലം മേരിമക്കൾ സന്യസിനി സമൂഹത്തിന്റെ പ്രവർത്തനമണ്ഡലം ലോകമാസകലം വ്യാപിച്ചു. ബാലാരിഷ്ടതകൾ സഹിച്ച് വളർത്തിയ മാർത്താണ്ഡം ഇന്ന് മലങ്കരകത്തോലിക്കാ സഭയുടെ നാലാമത്തെ രൂപതയായി ഉയർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനാരംഭത്തിൽ സ്ഥാപിതമായ ക്രിസ്തുരാജ ദേവാലയം രൂപതയുടെ കത്തീഡ്രൽ ദേവാലയമായി. പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിച്ച പ്രതിഭാശാലിയായ മിഷനറി 1983 ആഗസ്റ്റ് 23-ന് ദിവംഗതനായി.

■

www.malankaralibrary.com



# പുലിക്കോട്ട് ജോസഫ് റമ്പാൻ



പുലിക്കോട്ട് ജോസഫ് റമ്പാന്റെ ഭാഗിനേയനായിരുന്നു മലങ്കര യാക്കോബായസഭയിലെ മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടു മാർ ദിവന്നാസിയോസ് തിരുമേനി. കത്തോലിക്കാ പുനരൈക്യത്തെപ്പറ്റി ബഥനിയിലെ മാർ ഈവാനിയോസ് തിരുമേനി ചിന്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ വന്ദ്യ റമ്പാച്ചൻ സ്വദേശമായ കുന്നംകുളത്തുനിന്ന് പെരുനാട് ബഥനി ആശ്രമത്തിൽ വന്നു താമസിച്ചു. മാർ ഈവാനിയോസ് തിരുമേനിക്കുവേണ്ടി എല്ലാ സഹായങ്ങളും റമ്പാച്ചൻ നൽകിയിരുന്നു. ആദ്യകാല പ്രതിസന്ധികളെ അതിജീവിക്കുവാനും തുടർന്നുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാനും സാധിച്ചു. 1930 സെപ്റ്റംബർ 21-ന് ചേപ്പാട്ടുറമ്പാച്ചനോടൊപ്പം പുനഃരൈക്യപ്പെട്ടു. അതിരൂപതയ്ക്കു ആസ്ഥാനം തിരുവനന്തപുരം ആയിരിക്കണമെന്നും തിരുവല്ലായ്ക്ക് പ്രത്യേക ക്രമീകരണം ഉണ്ടായിരിക്കണമെന്നും റമ്പാച്ചൻ ആഗ്രഹിച്ചു. പുലിക്കോട്ടു ജോസഫ് റമ്പാനും ചേപ്പാട്ട് പീലിപ്പോസ് റമ്പാനും ചേർന്ന് 1930-ൽ മലങ്കരസഭയുടെ 'കുഴൽകണ്ണാടി' പ്രസിദ്ധീകരിച്ചു. കുന്നംകുളത്ത് പ്രവർത്തനങ്ങൾ നടത്തിയിരുന്ന അവസരത്തിൽ 1941 ജൂലൈ 6-ന് അദ്ദേഹം അന്തരിച്ചു.


# മോൺസിഞ്ഞോർ തോമസ് വടശ്ശേരി

അറിയപ്പെടുന്ന സുവിശേഷ പ്രസംഗികനും, വേദശാസ്ത്ര പണ്ഡിതനും, ഗ്രന്ഥകാരനും, ആയിരുന്നു മോൺ. തോമസ് വടശ്ശേരി. പൊൻകുന്നത്തുകാരനായ അദ്ദേഹം സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ മാർ തെയോഫിലോസ് തിരുമേനിയുമായി പരിചയപ്പെട്ടു. 1936-ൽ അദ്ദേഹം റോമിൽ വച്ച് വൈദീകപട്ടം സ്വീകരിച്ച്, തിരുവല്ലാ രൂപതയ്ക്കുവേണ്ടി പ്രവർത്തിച്ചു. മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി എന്നീ വിവിധനിലകളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മണിക്കൂറുകൾ ഒരേ നിൽപ്പിൽ സരസമായി പ്രസംഗിക്കുവാൻ കഴിവുണ്ടായിരുന്നു. എതിരാളികൾക്ക് ചുട്ട മറുപടി കൊടുക്കുവാൻ ധൈര്യം കാണിച്ച വൈദികശ്രേഷ്ഠനായിരുന്നു. അദ്ദേഹം നിരവധി ഗ്രന്ഥങ്ങളും ലഘുലേഖകളും എഴുതി പ്രസിദ്ധീകരിച്ചു. എല്ലാസഭകളും ശരിയോ? വി. കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യം, എന്റെ തെങ്ങലി പ്രസംഗം, മലങ്കരയാക്കോബായക്കാർ ഏകസ്വഭാവവാദികളോ, മലങ്കരനസ്രാണികളും ക്രൈസ്തവ പുനഃരൈക്യവും, മാർപ്പാപ്പായുടെ പരമാധികാരം ദൈവദത്തമോ, മനുഷ്യദത്തമോ എന്നിങ്ങനെ നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ സ്തുത്യർഹമായ സേവനങ്ങളെ അംഗീകരിച്ച് മാർപ്പാപ്പാ അദ്ദേഹത്തിന് മോൺസിഞ്ഞോർ സ്ഥാനം നൽകി. ഏകദേശം 30 വർഷക്കാലം പുനഃരൈക്യപ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച് അനേകരെ കത്തോലിക്കാസഭയിലേക്ക് ആനയിച്ചു. അദ്ദേഹം 1966 ജൂലൈ 20-ന് അന്തരിച്ചു.

www.malankaralibrary.com



# റവ.ഫാ. ഫിലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ)




**വ**ത്തനംതിട്ട ജില്ലയിൽ കുമ്പഴ എന്ന ഗ്രാമത്തിൽ മേലേതിൽ തോമസ് വൈദ്യൻ-മറിയാമ്മ ദമ്പതികളുടെ പുത്രനായി 1907 ഏപ്രിൽ 23-ന് അദ്ദേഹം ഭൂജാതനായി. പൗരോഹിത്യം സ്വീകരിക്കുന്നതിന് മുമ്പ്, അയിരൂർ ചെമ്പോത്രകുടുംബത്തിലെ അന്നമ്മയെ വിവാഹം കഴിച്ചു. ഒരു പുത്രനും, ഏഴുപുത്രിമാരും ഉണ്ടായിരുന്നു. പുത്രിമാരിൽ രണ്ടുപേർ കന്യാസ്ത്രീകളായി. അതിൽ ഒരാളായ മദർ ഫിലോമിനാ, ബഥനി സന്യസിനീ സമൂഹത്തിന്റെ മദർ ജനറാളായി സേവനം അനുഷ്ടിക്കുന്നു. 1929 ആഗസ്റ്റ് 31-ന് നിരണം പള്ളിയിൽ വച്ച് അദ്ദേഹത്തിന് വൈദികപട്ടം ലഭിച്ചു. സഭാചരിത്രങ്ങൾ പഠിക്കുകയും, തിരുവല്ലാ തോട്ടഭാഗം, കലേക്കാട്ടിൽ റവ. ഫാ. തോമസ്, കല്ലൂപ്പാറ മാരേട്ട് ഫിലിപ്പോസ് ജഡ്ജി എന്നിവരുമായി സംവാദത്തിലേർപ്പെടുകയും ചെയ്തിരുന്നു. യാക്കോബായ സഭയിൽ സ്ഥായിയായ സമാധാനം ഉണ്ടാവുകയില്ലെന്നും, കത്തോലിക്കാ സഭയാണ് ശ്ലൈഹികവും, ഏകവും, വിശുദ്ധവും എന്ന് ബോദ്ധ്യപ്പെടുകയും ചെയ്തതിനെതുടർന്ന് പുനഃരൈക്യപ്പെടുവാൻ തീരുമാനിച്ചു. 1930 ഒക്ടോബർ 29-ന് മാവേലിക്കരയിൽ വച്ച് മാർ ഈവാനിയോസ് തിരുമേനി കുമ്പഴഅച്ചനെ സഭയിലേക്ക് സ്വീകരിച്ചു. പുതിയ ഇടവകകൾക്കുവേണ്ടി പള്ളികളും, സെമിത്തേരികൾക്കും ആവശ്യമായ സ്ഥലങ്ങൾ കണ്ടുപിടിച്ച് സമ്പാദിക്കുന്നതിന് മാർ ഈവാനിയോസ് തിരുമേനി അച്ചനെ ചുമതലപ്പെടുത്തി. മൂന്നു വീട്ടുകാരോടുകൂടി ആരംഭിച്ച കുമ്പഴ കത്തോലിക്കാപ്പള്ളി ഇരുന്നൂറിൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവകയായി. അച്ചന്റെ മകളുടെ ജാമാതാവാണ് പ്രശസ്ത സാഹിത്യകാരൻ ഡോ. ജോർജ്ജ് ഓണക്കൂർ.

കടമ്മനിട്ട അച്ചൻ, മൈലപ്രാഅച്ചൻ, കിഴക്കേവീട്ടിലച്ചൻ, ശങ്കരത്തിൽ മുത്തച്ചൻ എന്നീ വൈദികശ്രേഷ്ഠരെ നമുക്ക് ലഭിച്ചതും അദ്ദേഹത്തിന്റെ ശക്തമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്, സഹകരണ മേഖലയിൽ പത്തനംതിട്ട സഹകരണസംഘത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ആതുരശുശ്രൂഷാരംഗത്തും അദ്ദേഹം ചെയ്ത സേവനങ്ങൾ എല്ലാവരും സ്മരിക്കുന്നു. 1974 ജൂൺ 2-ന് കർമ്മധീരനായിരുന്ന കുമ്പഴഅച്ചൻ അന്തരിച്ചു. ■

# റവ. ഫാ. ഏ.ജി. ഏബ്രാഹാം

## മൈലപ്രാ



**മൈ**ലപ്രാഅച്ചൻ എന്ന പേരിൽ അറിയപ്പെടുന്ന റവ. ഫാ. ഏബ്രഹാം പുനഃരൈക്യ പ്രസ്ഥാനത്തിന്റെ നെടുംതൂണും, മൈലപ്രാനിവാസികളുടെ കണ്ണിലുണ്ണിയും, പഞ്ചായത്ത് പ്രസിഡന്റും ആയിരുന്നു. തെങ്ങുംതറയിൽ മേടയിൽ റവ. ഫാ. ഏ. ജി. ഏബ്രാഹാം 1901 നവംബർ 16-ാം തീയതി ഭൂജാതനായി. ഓർത്തഡോക്സ് സഭയിലെ വൈദികപരിശീലനം പൂർത്തിയാക്കുന്നതിന് മുമ്പ് വിവാഹിതനായി. പരിശീലനത്തിനുശേഷം 1926- ആഗസ്റ്റ് 31-ന് കുണ്ടറ സെമിനാരിപ്പള്ളിയിൽ വച്ച് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. അദ്ദേഹത്തിന് 4 പുത്രൻമാരും 6 പുത്രിമാരും ഉണ്ടായിരുന്നു. കേരളസർവ്വകലാശാലയിൽ വകുപ്പുമേധാവിയായിരുന്ന ഡോ. ഏ. ഏബ്രാഹാം, ബഥനി സന്യാസിനി സമൂഹത്തിന്റെ മദർ പ്രൊവിൻഷ്യലായിരുന്ന മദർ അൽഫോൻസാ S.I.C, എന്നിവർ

www.malankaralibrary.com



അദ്ദേഹത്തിന്റെ മക്കളാണ്. നമ്മുടെ കർത്താവു സ്ഥാപിച്ച സഭ, പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ മാർപ്പാപ്പാ നേതൃത്വം കൊടുക്കുന്ന സഭയാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടു. തന്മൂലം തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയോടുകൂടി പുനഃരൈക്യപ്പെടുന്നതാണെന്ന് പ്രഖ്യാപിച്ചു. പത്തനംതിട്ട, മൈലപ്രാ മുതലായ പള്ളികളുടെ വികാരിയും, ഏതാനും സ്കൂളുകളുടെ മാനേജരും, കർമ്മനിരതനും, ഊർജ്ജസ്വലനും, മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് സഭയുടെ ഒരു സജീവ പ്രവർത്തകനുമായിരുന്ന മൈലപ്രാഅച്ചൻ 1936 ജനുവരി 19-ാം തീയതി മാർ ഈവാനിയോസ് തിരുമേനി മൈലപ്രായിൽ എത്തിയപ്പോൾ അവിടെവച്ച് വിശ്വാസപ്രതിജ്ഞചെയ്ത് കത്തോലിക്കാസഭയോട് പുനഃരൈക്യപ്പെട്ടു. അദ്ദേഹത്തിന്റെ പ്രവർത്തനം മുലം, അന്നും, പിന്നീട് തുടർന്നുള്ള ഞായറാഴ്ചകൾ വരെ നൂറിൽപരം കുടുംബങ്ങൾ കത്തോലിക്കാസഭയിൽ ചേർന്നു. അദ്ദേഹത്തിന്റെ പരിശ്രമഫലമായി ഒരു ട്രെയിനിംഗ് സ്കൂൾ മൈലപ്രായിൽ ആരംഭിച്ചു. സഭാകാര്യങ്ങൾ കൂടാതെ പൊതുജനോപകാരങ്ങളായ വൈദ്യശാല, പോസ്റ്റാഫീസ്, വില്ലേജ് യൂണിയൻ എന്നിവ സ്ഥാപിക്കുവാൻ നേതൃത്വം നൽകി. തന്റെ പ്രാഗത്ഭ്യം മനസ്സിലാക്കിയ മൈലപ്രാനിവാസികൾ അദ്ദേഹത്തെ പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുത്തു. 1979 സെപ്റ്റംബർ 14-വെള്ളിയാഴ്ച നിര്യാതനായി.

※※

## റവ. ഫാ. ഗീവർഗീസ് പുത്തൻപുരയ്ക്കൽ (കടമ്മനിട്ടഅച്ചൻ)



**പു**നഃരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് മലയോര പ്രദേശങ്ങളിൽ ധീരമായ നേതൃത്വം കൊടുക്കാനും ഭയമില്ലാതെ മുമ്പോട്ട് പോകുവാനും കടമ്മനിട്ടഅച്ചൻ എന്നറിയപ്പെട്ടിരുന്ന പുത്തൻപുരയ്ക്കൽ റവ. ഫ. ഗീവർഗീസിന് സാധിച്ചു. പ്രേഷിതരംഗത്ത് വളരെ കൂടുതൽ പ്രവർത്തിക്കാനും നല്ലഫലം കൊയ്തെടുക്കാനും അച്ചനു സാധിച്ചു. മാർ ഈവാനിയോസ് തിരുമേനിയുടെ അനുഗ്രഹാശിസ്സുകൾ അച്ചനു ലഭിച്ചിരുന്നു.

പത്തനംതിട്ടജില്ലയിലെ കടമ്മനിട്ട ഗ്രാമത്തിൽ അതിപുരാതനമായ പുത്തൻപുരയ്ക്കൽ കുടുംബത്തിൽ1893 ഏപ്രിൽ മാസം 24-ന് കടമ്മനിച്ചഅച്ചൻ ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യസം കടമ്മനിട്ടയിൽ തന്നെ നടത്തി. 1916 ജനുവരി 15-ന് യാക്കോബായ സഭയിലെ വൈദികനായി. കടമ്മനിട്ട യാക്കോബായപള്ളിയിൽ സേവനം അനുഷ്ഠിച്ചു. പുനഃരൈക്യത്തിന്റെ കാറ്റ് സമീപപ്രദേശങ്ങളിൽ അടിക്കുവാൻ തുടങ്ങിയപ്പോൾ കുമ്പഴഅച്ചന്റെയും, മാർ ഈവാനിയോസ് തിരുമേനിയുടെയും സാന്നിദ്ധ്യം അവിടെയെല്ലാം ഉണ്ടായിരുന്നു. കത്തോലിക്കാവിശ്വാസം പഠിക്കുകയും 1933 ജൂൺ 16-ന് മാർ ഈവാനിയോസ് തിരുമേനി അച്ചനെ പുനഃരൈക്യപ്പെടുത്തുകയും ചെയ്തു. യാക്കോബായ സഭയിലായിരുന്നപ്പോൾ അദ്ദേഹം വിവാഹിതനായിരുന്നു. നാലു പുത്രന്മാരും, അഞ്ചുപുത്രിമാരും ഉണ്ട്. രണ്ടാമത്തെ ജാമാതാവിന്റെ ജേഷ്ഠസഹോദരന്റെ പുത്രനാണ് റവ. ഫാ. സാമുവേൽ കാട്ടുകല്ലിൽ അച്ചന്റെ നാലാമത്തെ പുത്രൻ പി.വി. മാത്യു, സെക്രട്ടറിയേറ്റിൽ അഡീഷണൽ സെക്രട്ടറിയായിരുന്ന, കടമ്മനിട്ടഅച്ചന്റെ കൊച്ചുമകൾ ആൻസിയെ, കുമ്പഴഅച്ചന്റെ മകൻ ജയിംസ് വിവാഹം ചെയ്തു. വെണ്ണിക്കുളത്തുമേടയിൽ പാപ്പിയും, അയിരൂർ പന്തോളിൽ ഫിലിപ്പച്ചനും പിതൃസഹോദരിമാരുടെ പുത്രൻമാരാണ്.


കടമ്മനിട്ട വല്ല്യയന്തി, തോന്ന്യമല, നാരങ്ങാനം, വയലത്തല, മേക്കൊഴൂർ, എന്നീ സ്ഥലങ്ങളിൽ ദേവാലയങ്ങൾ സ്ഥാപിക്കുവാൻ അദ്ദേഹം നേതൃത്വം നൽകി.

പുത്തൻപുരയ്ക്കലച്ചനും, കാവിങ്കോട്ടുഗോവിന്ദക്കുറുപ്പും ആത്മാർത്ഥ സുഹൃത്തുക്കളായിരുന്നു. രണ്ടുപേരുടെ നേതൃത്വം പ്രത്യേകം സ്മരിക്കുന്ന ഒരു വസ്തുതയാണ്. കടമ്മനിട്ടയുടെ സർവ്വതോത്മകമായ പുരോഗതിക്ക് രണ്ടുപേരും ചേർന്നാണ് പ്രവർത്തിച്ചത്. 1955 ആഗസ്റ്റ് 16-ന് അച്ചൻ അന്തരിച്ചു.

www.malankaralibrary.com



# അലക്സാണ്ടർ കോർ എപ്പിസ്കോപ്പാ
## (വലിയവീട്ടിലച്ചൻ)




സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ ഒരു വൈദികശ്രേഷ്ഠനായിരുന്നു വലിയവീട്ടിലച്ചൻ എന്ന അലക്സാണ്ടർ കോർ എപ്പിസ്കോപ്പാ. കൊട്ടാരക്കര അച്ചനെന്നും അദ്ദേഹം അറിയപ്പെട്ടിരുന്നു.

വൈദികപാരമ്പര്യമുള്ള കൊട്ടാരക്കര വലിയവീട്ടിൽ കുടുംബത്തിൽ 1900 ജൂൺ 24-ന് അദ്ദേഹം ഭൂജാതനായി. വൈദീകപരിശീലനം പൂർത്തിയാക്കിയശേഷം വിവാഹിതനായി. അദ്ദേഹത്തിന് നാലുപുത്രൻമാരും, നാലുപുത്രിമാരും ഉണ്ടായിരുന്നു 1928 ഫെബ്രുവരിയിൽ യാക്കോബായസഭയിൽ നിന്ന് വൈദീകപട്ടം സ്വീകരിച്ചു. കുണ്ടറമെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് (പിന്നീട് കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ്) തിരുമേനിയാണ് കശ്ശീശാപട്ടം നൽകിയത്. പല ഉന്നതപദവികളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനിയുമായി പരിചയപ്പെടുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനിയും കൂട്ടരും കത്തോലിക്കാസഭയോടെ പുനഃരൈക്യപ്പെട്ടപ്പോൾ അദ്ദേഹം എതിർപ്പുപ്രകടിപ്പിച്ചു. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വായിച്ച് പഠിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. അച്ചൻ മറ്റാരോടും ആലോചിക്കാതെ തിരുവനന്തപുരത്തുപോയി, മാർ ഈവാനിയോസ് തിരുമേനിയെ സമീപിച്ച് താൻ പുനഃരൈക്യപ്പെടുവാൻ പോകുന്നു എന്ന സദ്വാർത്ത അറിയിച്ചു. തിരുമേനി സന്തുഷ്ടനായി 1935 ഒക്ടോബർ 2-ാം തീയതി വി. കുർബാനയ്ക്കു ശേഷം അച്ചനെ കത്തോലിക്കാസഭയിൽ ചേർത്തു. സാവൂലിനെപ്പോലെ പ്രവർത്തിച്ചിരുന്ന അച്ചൻ ദൈവവകൃപയാൽ പൗലോസായി മാറി. തിരുമേനിയും, അച്ചനും കൊട്ടാരക്കരയിൽ എത്തി, എഴുപതിൽപരം കുടുംബക്കാരെ കത്തോലിക്കാസഭയിൽ ചേർത്തു. വലിയവീട്ടിലച്ചന്റെ പരിശ്രമഫലമായി ഏകദേശം 50 പള്ളികൾ വിവിധ പ്രദേശങ്ങളിലായി സ്ഥാപിക്കപ്പെട്ടു. കൊട്ടാരക്കര, ആയുർ, പുനലൂർ എന്നീ വൈദീകജില്ലകളിലെ ദേവാലയങ്ങൾ അദ്ദേഹത്തിന്റെ നിത്യസ്മാരകങ്ങളായി നിലകൊള്ളുന്നു. അച്ചന്റെ നിസ്വാർത്ഥവും, ആത്മാർത്ഥവുമായ സേവനങ്ങളെ പരിഗണിച്ച് 1980 ഡിസംബർ 19-ന് കോർ എപ്പിസ്കോപ്പാപട്ടം നൽകി ആദരിച്ചു. 1986 നവംബർ 15-ന് അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ ജാമാതാവ് കെ.ഓ. മാത്യുവിന്റെ സഹോദരപുത്രനാണ് തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യജോഷാ മാർ ഇഗ്നാത്തിയോസ് തിരുമേനി.

www.malankaralibrary.com



# റവ. ഫാ. എൻ. ജി. കുറിയാക്കോസ്
## (ബി.ഡി. അച്ചൻ)



പുനഃരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് നിരണം മേഖലയിൽ പ്രേഷിതപ്രവർത്തനം നടത്തി പല പ്രഗത്ഭന്മാരെയും കത്തോലിക്കാ സഭയിലേക്ക് കൊണ്ടുവരുന്നതിന് നേതൃത്വം നൽകിയ ഒരു വൈദികശ്രേഷ്ഠനായിരുന്നു. ബി.ഡി. അച്ചൻ എന്ന് അറിയപ്പെടുന്ന നടുവിലേമുറിയിൽ കുറിയാക്കോസ് അച്ചൻ. തിരുവല്ലായിലെ ദ്വിതീയ മെത്രാപ്പോലീത്തായായിരുന്ന മാർ സേവറിയോസ് തിരുമേനിയുടെ പുനഃരൈക്യത്തിന് പ്രധാനപങ്കു വഹിച്ചത് കുറിയാക്കോസ് അച്ചനായിരുന്നു. അച്ചനോടൊപ്പം മേളാംപറമ്പിൽ ഉമ്മച്ചനും, വാളക്കുഴി വർഗീസും, കയ്യാലാത്ത് കെ.വി. ഏബ്രഹാമും ഉണ്ടായിരുന്നു. അച്ചന്റെ നേതൃത്വത്തിൽ ഇവർ പരുമല സെമിനാരിയിൽ എത്തി, നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിരുന്ന മാർ സേവറിയോസ് തിരുമേനിയെ 1937 നവംബർ 29-ന് തിരുവനന്തപുരത്ത് മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പിൽ എത്തിച്ച് പുനഃരൈക്യപ്പെടുത്തി.

യേശുക്രിസ്തുവിന്റെ ശിഷ്യനായ തോമസ് അപ്പസ്തോലന്റെ പാദസ്പർശമേറ്റ് പരിപാവനമായ നിരണത്ത്, നടുവിലേമുറിയിൽ കുറിയാക്കോസ് അച്ചൻ 1881 ജനുവരി 25-ന് ഭൂജാതനായി. പ്രാഥമിക വിദ്യഭ്യാസം നിരണം സെന്റ് മേരീസ് യു.പി. സ്കൂളിലും, കോട്ടയം എം.ഡി. സെമിനാരിയിലും, ഹൈസ്കൂൾ വിദ്യാഭ്യസം തിരുവല്ലാ ഗവൺമെന്റ് ഹൈസ്കൂളിലും, എം.ജി.എം ഹൈസ്കൂളിലും നടത്തി. ബിരുദവും, ബിരുദാനന്തരബിരുദവും കോട്ടയം സി.എം. എസ്. കോളജിൽ നിന്നും കരസ്ഥമാക്കി. ബി. ഡി. കൽക്കട്ടായിലെ സെറാമ്പൂർ ബിഷപ്പ് കോളേജിൽ നിന്നും, എൽ.റ്റി. തിരുവന്തപുരം ഗവൺമെന്റ് കോളേജിൽ നിന്നും കരസ്ഥമാക്കി. വൈദികപട്ടം സ്വീകരിക്കുന്നതിന് മുമ്പ് വിവാഹിതനായി. 6 പുത്രന്മാരും, 3 പുത്രിമാരും ഉണ്ടായിരുന്നു. കോട്ടയം പഴയ സെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ വലിയ മാർ ദിവന്യാസിയോസ് തിരുമേനിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ച് നിരണം യാക്കോബായപള്ളിയുടെ സഹവികാരിയും, വികാരിയും ആയിസേവനം അനുഷ്ഠിച്ചു. ചങ്ങനാശേരി സെന്റ് ബർക്കുമെൻസ്, നിരണം സെന്റ് മേരീസ് എന്നീ സ്കൂളുകളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. യാക്കോബായ സഭയിൽ ഉണ്ടായിരുന്ന വട്ടിപ്പണക്കേസും, സമാധാനമില്ലാത്ത അന്തരീക്ഷവും അച്ചനെ കൂടുതൽ ചിന്തിപ്പിച്ചു. കത്തോലിക്കാ സഭയേയും, പുനഃരൈക്യപ്രസ്ഥാനത്തെയും കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ വായിക്കുകയും, തിരുമേനിയെയും, പ്ലാസിഡച്ചനെയുംകണ്ട് ചർച്ച നടത്തുകയും ചെയ്യുന്നത് ഒരു പതിവായിരുന്നു. മാർ ഈവാനിയോസ് ഗഹനമായ ചർച്ചകൾ നടത്തുകയും ചെയ്തു. ബി.ഡി. അച്ചനും, പ്രഥമപുത്രൻ അക്കൗണ്ടന്റ് ജനറാൾ ആയിരുന്ന കുറിയാക്കോസും ചെത്തിപ്പുഴ ആശ്രമത്തിൽ വച്ച് 1932 ഏപ്രിൽ 10-ന് പുനഃരൈക്യപ്പെട്ടു. മാർ തെയോഫിലോസ് തിരുമേനി 1932 ഏപ്രിൽ 20-ന് ആലംതുരുത്തി കത്തോലിക്കാപ്പള്ളി സ്ഥാപിച്ച് പ്രഥമവികാരിയായി ബി.ഡി. അച്ചനെ നിയമിച്ചു. പനങ്ങോട്ടയത്ത് കൊച്ചുമ്മനും പുനഃരൈക്യപ്പെടുകയും സെമിത്തേരിക്കുള്ള സ്ഥലം ദാനമായി നൽകുകയും ചെയ്തു. പുളിക്കീഴ്, മാന്നാർ, നിരണം വെസ്റ്റ് എന്നീ ഇടവകകൾ സ്ഥാപിക്കുവാൻ അച്ചൻ നേതൃത്വം നൽകി. 1953 ഫെബ്രുവരി 1-ന് ബി.-ഡി അച്ചൻ അന്തരിച്ചു.

www.malankaralibrary.com



# റവ.ഫാ.ഏബ്രഹാം മാരേട്ട്



പത്തനംതിട്ട ജില്ലയിൽ കല്ലൂപ്പാറ എന്ന ഗ്രാമത്തിൽ അതിപുരാതനമായ മാരേട്ടുകുടുംബത്തിൽ വല്ല്യച്ചന്റെ പുത്രനായി റവ. ഫാ. ഏബ്രഹാം മാരേട്ട് 1896 ജനുവരി 26-ന് ഭൂജാതനായി. വൈദികപരിശീലനം പൂർത്തിയാക്കിയശേഷം കൈതയിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. അവർക്ക് മൂന്നുപുത്രിമാരും മൂന്നു പുത്രന്മാരും ഉണ്ടായിരുന്നു. അമേരിക്കയിൽ ന്യൂജർസി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രാജൻ ഏ-മാരേട്ട് 'അമേരിക്കൻ മലയാളി' എന്ന വാരികയുടെ മുഖ്യപത്രാധിപരായി സേവനം അനുഷ്ഠിക്കുന്നു. 1922 ഫെബ്രുവരി 2-ാം തീയി വൈദികപട്ടം സ്വീകരിച്ച മാരേട്ടച്ചൻ യാക്കോബായ സഭയിൽ വൈദികനായി സേവനം അനുഷ്ഠിച്ചു. യാക്കോബായ സഭയിലെ നിരന്തരമായ കേസുകളും, വഴക്കുകളും മാരേട്ടച്ചനെ അസ്വസ്ഥനാക്കി. കത്തോലിക്കാസഭയെപ്പറ്റി പഠിക്കുകയും, ചങ്ങനാശേരി രൂപതയിൽ ചേർന്ന് കത്തോലിക്കാ വൈദികനായി. വിവാഹം കഴിച്ച അച്ചൻ സീറോ-മലബാർ പള്ളികളിൽ വി. കുർബാന അർപ്പിക്കുവാൻ പ്രത്യേക അനുവാദം വാങ്ങി കല്ലൂപ്പാറയിൽ ലൂർദ്ദ്പള്ളി സ്ഥാപിക്കുന്നതിന് അച്ചൻ നേതൃത്വം നൽകി. മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ തിരുമേനിമാരുടെ പുനഃരൈക്യശേഷം മലയോരപ്രദേശങ്ങളിൽ പ്രേഷിതപ്രവർത്തനം നടത്തുവാൻ അച്ചനെ ക്ഷണിച്ചു. ആരംഭത്തിൽ തിരുവല്ലാ ബിഷപ്പിന്റെ കൗൺസിലാറായി. കല്ലൂപ്പാറ, മല്ലപ്പള്ളി, ചുങ്കപ്പാറ, വായ്പ്പൂര്, വെണ്ണിക്കുളം എന്നീ പ്രദേശങ്ങളിലുള്ള പ്രേഷിതപ്രവർത്തനങ്ങൾക്ക് മാരേട്ടച്ചൻ നേതൃത്വം നല്കി. അനേകരെ കത്തോലിക്കാ സഭയിലേക്ക് ചേർത്തു. സുവിശേഷയോഗങ്ങളിൽ പ്രസംഗിക്കുവാൻ പോകുന്ന പതിവുണ്ടായിരുന്നു. അച്ചന്റെ വസതിയിലും, ഇടവകകളിലും, ഡിസ്പൻസറികൾ നടത്തി രോഗികൾക്ക് ആശ്വാസം കണ്ടെത്തിയിരുന്നു. മാരേട്ടച്ചൻ 1954 ജൂൺ 30-ന് അന്തരിച്ചു. ■

# റവ. ഫാ. തോമസ് കലേക്കാട്ടിൽ



പുനരൈക്യപ്രസ്ഥാനത്തിന് താങ്ങും തണലും ആയിരുന്ന കലേക്കാട്ടിൽ അച്ചൻ കവിയൂർ-തോട്ടഭാഗം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ പ്രഥമ വികാരിയെന്ന നിലയിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. കത്തോലിക്കാ വൈദികനാകുന്നതിന് മുമ്പ് കവിയൂർ യാക്കോബായപ്പള്ളിയുടെ വികാരിയായി ദീർഘമായ 36 വർഷക്കാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആ പരിചയസമ്പത്ത് തന്റെ പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകി. മാർ ഈവാനിയോസ് തിരുമേനിയുടെ പുനഃരൈക്യം അച്ചനെ ചിന്തിപ്പിക്കുന്നതിനും, കത്തോലിക്കാസഭയെപ്പറ്റി പഠിക്കുന്നതിനും വഴിയൊരുക്കി. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വായിച്ചുപഠിക്കുന്നതിനും, പ്രസംഗങ്ങൾ കേൾക്കുന്നതിനും, സമയം കണ്ടെത്തി. വിശ്വാസപ്രമാണത്തിൽ, കാതോലികവും, ശ്ലൈഹികവും, ഏകവും, വിശുദ്ധവുമായ സഭയുമായി പുനഃരൈക്യപ്പെടുന്നതിനുള്ള പാത മാർ ഈവാനിയോസ് തിരുമേനി തുറന്നുകൊടുത്തു. പത്രോസ് നയിക്കുന്ന വഞ്ചിയാണ് തിരുസഭയെന്നും, കർത്താവ് അമരത്തുള്ളതുകൊണ്ട് കാറ്റിനെയും, കോളിനെയും അതു ഭയപ്പെടുന്നില്ല എന്നുള്ള വസ്തുതകൾ മനസ്സിസാക്കി. 1931 ഫെബ്രുവരി 8-ന് ഇപ്പോൾ കെ. റ്റി. സി. എം ആശുപത്രി സ്ഥിതിചെയ്യുന്ന പറമ്പിൽ നിർമ്മിച്ച താല്കാലിക ഷെഡിൽ വച്ച് മാർ തിയോഫിലോസ് തിരുമേനി കലേക്കാട്ടിലച്ചനെ സഭയിലേക്ക് പുനഃരൈക്യപ്പെടുത്തി. അനേകകുടുംബങ്ങളേയും, വ്യക്തികളെയും പുനഃരൈക്യപ്പെടുത്തുവാൻ അച്ചൻ നേതൃത്വം നൽകി. 1947 നവംബർ 4-ന് കലേക്കാട്ടിൽ അച്ചൻ അന്തരിച്ചു. അദ്ദേഹത്തിന്റെ സ്മരണക്കായി നിലകൊള്ളുന്ന കലേക്കാട്ടിൽ തോമസ് കത്തനാർ മെമ്മോറിയൽ ആശുപത്രി ആതുരസേവനരംഗത്ത് മുൻപന്തിയിൽ നിൽക്കുന്നു. അച്ചന്റെ പൗത്രൻ ഡോക്ടർ തോമസ് വർഗീസ് ആശുപത്രിയുടെ സാരഥിയായി സേവനം അനുഷ്ഠിക്കുന്നു. ■

www.malankaralibrary.com



# ഫാ. തോമസ് ഇഞ്ചയ്ക്കലോടി

മാരാമണ്ണിൽ മാർത്തോമ്മസഭക്കാരുടെ ഇടയിൽ ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചന്റെ പ്രവർത്തനഫലമായി ഒരു മിഷ്യൻ കേന്ദ്രം ആരംഭിച്ചു. മവേലിൽ എം.എം.മത്തായി, ചാക്കോളമണ്ണിൽ-സി.വി. വർഗീസ്, തോമസ് ഇഞ്ചയ്ക്കലോടി, എന്നിവരുടെ നേതൃത്വത്തിൽ പ്രത്യക്ഷപത്രം പ്രസിദ്ധപ്പെടുത്തി. ധാരാളം മാർത്തോമ്മാക്കാരെ പുനഃരൈക്യ പ്രസ്ഥാനത്തിലേക്ക് ആകർഷിച്ചു. തിരുവല്ലാ രൂപതയുടെ സ്ഥാപനത്തോടെ തോമസ് ഇഞ്ചയ്ക്കലോടി മൈനർ സെമിനാരിയിലും, മംഗലപ്പുഴ മേജർ സെമിനാരിയിലും പഠനം നടത്തി. 1940-ൽ വൈദികപട്ടം സ്വീകരിച്ചു. ശ്രീ. കെ. എൻ.ദാനിയേൽ, ഫാ. കെ.ടി സഖറിയാസ് എന്നിവരുടെ പ്രസംഗങ്ങൾക്ക്, മറുപടി പ്രസംഗം നടത്തുവാൻ ധീരതകാട്ടിയ ഇഞ്ചയ്ക്കലോടി അച്ചൻ സുപ്രസിദ്ധഗ്രന്ഥകാരൻ കൂടിയായിരുന്നു. ക്രിസ്തു ഒരു സഭമാത്രമേ സ്ഥാപിച്ചിട്ടുള്ളുവെന്നും, അതു കത്തോലിക്കാസഭമാത്രമാണെന്നും, സാർവ്വത്രികസഭയുടെ കൂട്ടായ്മയിലേക്ക് എല്ലാരും തിരിച്ചുവരുവാൻ മാർ ഈവനിയോസ് തിരുമേനി നേതൃത്വം നൽകി രൂപം കൊടുത്ത ഒന്നാണ് പുനഃരൈക്യപ്രസ്ഥാനം എന്നും, അച്ചൻ എല്ലാവരെയും ഓർമ്മിപ്പിച്ചു. അച്ചന്റെ ഉജ്വലമായ പ്രസംഗങ്ങളും ഗ്രന്ഥങ്ങളും അനേകായിരങ്ങൾക്ക് കത്തോലിക്കാസഭയിലേക്ക് പുനഃരൈക്യപ്പെടുവാൻ സഹായിച്ചു. മാർ ഈവാനിയോസ് തിരുമേനിയുടെ ജീവചരിത്രം ഒന്നും, രണ്ടും വാല്യങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. നമ്മുടെ പിതാക്കൻമാരുടെ വിശ്വാസം, ലക്ഷണങ്ങളുടെ വിശ്വാസം, ക്രിസ്തുമതപ്രകാശിക, എന്നീഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തിട്ടുണ്ട്. അദ്ദേഹം പുത്തൻകാവ്, കുറിച്ചിമുട്ടം എന്നീ പള്ളികളുടെ വികാരിയായിരിക്കുമ്പോൾ അനേകരെ പുനഃരൈക്യപ്പെടുത്തി. സെമിത്തേരികളിൽ ഉണ്ടായ പ്രശ്നങ്ങൾ ധീരമായി നേരിട്ട് പരിഹരിച്ച് കുറിച്ചിമുട്ടത്ത് അച്ചൻ വേണ്ട സഹായസഹകരണങ്ങൾ നൽകിയ പ്രേഷിത പ്രവർത്തകനായിരുന്നത് തേവരേത്ത് ജോൺസാർ ആയിരുന്നു. കുടശ്ശനാട്ടുപള്ളി അച്ചന്റെ പരിശ്രമത്താൽ പണിത് പൂർത്തിയാക്കി. കുരമ്പാലാ, പന്തളം എന്നീ സ്ഥലങ്ങളിൽ മിഷ്യൻ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ പള്ളികൾക്ക് സ്ഥലമോ, കെട്ടിടങ്ങളോ, ഇല്ലായിരുന്നു. രണ്ടുസ്ഥലത്തും വീടുകളിൽ വച്ചായിരുന്നു വി. കുർബാന അർപ്പിച്ചിരുന്നത്. പന്തളത്ത് 1954-ൽ ഇന്റർമീഡിയറ്റിന് പഠിക്കുമ്പോൾ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചതിൽ ഇപ്പോഴും ഈ ലേഖകന് സന്തോഷമുണ്ട് അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ സഭാസേവനം മലങ്കരമക്കൾ എക്കാലവും സ്മരിക്കും. ഇഞ്ചയ്ക്കലോടി അച്ചൻ 68-ാം വയസ്സിൽ 1974 ഏപ്രിൽ 16-ന് അന്തരിച്ചു. ചെങ്ങന്നൂർ മലങ്കരകത്തോലിക്കാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.


# ഫാ. ഗീവർഗീസ് പീടികയിൽ

യാക്കോബായസഭയിൽ പ്രശ്നങ്ങളുടെ അന്തരീക്ഷം നിലനിന്നിരുന്നു. ഈ കാലഘട്ടത്തിൽ സമാധാനം പുനഃസ്ഥാപിക്കുവാൻ പരിശ്രമിച്ച ഒരു വൈദികശ്രേഷ്ഠനായിരുന്നു. പീടികയിൽ വലിയച്ചൻ. മാക്കാംകുന്ന് കൺവെൻഷൻ അദ്ദേഹമാണ് ആരംഭിച്ചത്. അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ സേവനം കൊണ്ട് മാത്രം സമാധാനം കൈവരിക്കുവാൻ കഴിയുകയില്ല എന്ന് മനസ്സിലാക്കി 1926-ൽ അദ്ദേഹവും ഇടവകക്കാരിൽ കുറെപേരും കൊല്ലം രൂപതയിൽ ചേർന്നു. കത്തോലിക്കാസഭയെപ്പറ്റി നന്നായിപഠിച്ച് മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കി. മാർ ഈവാനിയോസ് തിരുമേനിയെ ബഥനിയിൽപോയി സന്ദർശിച്ച് പുനഃരൈക്യം നീട്ടികൊണ്ടുപോകരുത് എന്ന വസ്തുത അറിയിച്ചു. മാർ ഈവാനിയോസ് തിരുമേനിയുടെ പുനഃരൈക്യത്തോടെ പീടികയിലച്ചനും പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം നൽകി. തുമ്പമൺ, പത്തനംതിട്ട, പുത്തൻപീടിക, പ്രാക്കാനം പ്രദേശങ്ങളിൽ അദ്ദേഹത്തിന്റെ പ്രവർത്തനത്താൽ അനേകർ കത്തോലിക്കരായി. ഫ് ജോഷ്വാ പീടികയിൽ അദ്ദേഹത്തിന്റെ പുത്രനാണ്. 1960 ഏപ്രൽ 25-ന് ഫാ. ഗീവർഗീസ് പീടികയിൽ അന്തരിച്ചു. ■

www.malankaralibrary.com




# റവ. ഫാ. ജോൺ O.I.C.



മാർ ഈവാനിയോസ് തിരുമേനിയൊന്നിച്ച് 1930 സെപ്റ്റംബർ 20-ന് കൊല്ലത്ത് വെച്ച് കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ട വൈദികശ്രേഷ്ഠനായിരുന്നു. റവ. ഫാ. ജോൺ O.IC. പത്തനംതിട്ട ജില്ലയിൽ ഓമല്ലൂർ ഗ്രാമത്തിൽ കുഴിമേപ്പുറത്ത് ഈപ്പന്റെയും കൊച്ചീത്തയുടെയും പുത്രനായി കൊല്ല വർഷം 1078 മിഥുനം 28-ന് അദ്ദേഹം ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസം ഓമല്ലൂരും, മിഡിൽ വിദ്യാഭ്യാസം പത്തനംതിട്ടയിലും നടത്തി. 1919-ൽ മാർ ബസ്സേലിയോസ് കാതോലിക്കാബാവായിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചശേഷം കോട്ടയം എം.ഡി. സെമിനാരിയിൽ മൂന്നുവർഷം പഠനം നടത്തി. കോട്ടയം സി.എം. എസ്. കോളജിൽ ചേർന്ന് ഇന്റർമീഡിയറ്റ് പാസായി. 1927-ൽ യാക്കോബായ സഭയിലെ ബഥനി സന്ന്യാസാശ്രമത്തിൽ ചേർന്നു. 1929-ൽ മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. പുനഃരൈക്യത്തിനുശേഷം ഒരുവർഷക്കാലം തിരുവനന്തപുരം കർമ്മലീത്താസന്ന്യാസാശ്രമത്തിൽ താമസിച്ച് പരിശീലനം നടത്തി. ബഥനി ആശ്രമത്തിൽ സുപ്പീരിയർ ജനറൽ എന്നനിലയിലും പ്രവർത്തിച്ചിട്ടുണ്ട്. തിരുവല്ലാ രൂപതയിൽപ്പെട്ട പല മിഷ്യൻ കേന്ദ്രങ്ങളിലും പ്രവർത്തനം നടത്തി അനേകരെ പുനഃരൈക്യപ്പെടുത്തി. തിരുവനന്തപുരം ആശ്രമത്തിൽ ജനറൽ കൗൺസിലിലെ അംഗമായി പ്രവർത്തിക്കുമ്പോൾ 1995 ജനുവരി 28-ന് അദ്ദേഹം അന്തരിച്ചു.

# റവ. ഫാ. സെറാഫിയോൻ O.I.C




മാർ ഈവാനിയോസ് തിരുമേനിയോടൊന്നിച്ച് 1930 സെപ്റ്റംബർ 20-ന് കൊല്ലത്തുവച്ച് കത്തോലിക്കാസഭയോട് പുനഃരൈക്യപ്പെട്ട അലക്സാണ്ടർ ശെമ്മാശൻ പിൻകാലത്ത് റവ. ഫാ. സെറാഫിയോൻ ആയി. ആലപ്പുഴ ജില്ലയിലെ വെൺമണിഗ്രാമത്തിൽ ആറ്റുപുറത്ത് വടക്കേതിൽ (ചെറിയാലുംമൂട്ടിൽ) ഈശോയുടെയും സാറാമ്മയുടെയും പുത്രനായി കൊല്ലവർഷം 1078 മകരം 5-ന് ഇദ്ദേഹം ഭൂജാതനായി. പ്രാഥമികവിദ്യാഭ്യാസം വെൺമണിയിലും, കോട്ടുക്കുളഞ്ഞിയിലും, ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരിയിലും, മാവേലിക്കര ഗവ. ഹൈസ്കൂളിലും നടത്തി. 1927-ൽ വെൺമണി യാക്കോബായ പള്ളിയിൽവെച്ച് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. 1927-ൽ ബഥനി ആശ്രമത്തിൽ ചേർന്നു. 1930-ൽ പുനഃരൈക്യശേഷം രണ്ടുവർഷം സന്ന്യാസപരിശീലനം നടത്തി, സെറാഫിയോൻ എന്ന നാമം സ്വീകരിച്ചു. രണ്ടുവർഷം ചെത്തിപ്പുഴ സന്ന്യാസാശ്രമത്തിൽ താമസിച്ച് വേദശാസ്ത്രവും, സന്മാർഗ്ഗശാസ്ത്രവും പഠിച്ചു. 1933 ഡിസംബർ 23-ന് തിരുവനന്തപുരം നാലാഞ്ചിറ ബഥനി ആശ്രമചാപ്പലിൽവച്ച് മാർ ഈവാനിയോസ് തിരുമേനി വൈദികപട്ടം നൽകി. എം.എസ്സ്.സി. സ്കൂൾ കറസ്പോണ്ടന്റ്, ബഥനിയുടെ സുപ്പീരിയർ ജനറാളായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മാർത്താണ്ഡം മേഖലയിലും മറ്റു പല സ്ഥലങ്ങളിലും പ്രേഷിത പ്രവർത്തനം നടത്തി അനേകരെ കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചു. അതിരൂപതയിൽ ദേവാലയങ്ങൾ, സ്കൂളുകൾ എന്നിവയുടെ നിർമ്മാണത്തിന് നേതൃത്വവും, മേൽനോട്ടവും, നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട് 1975 മാർച്ച് 22-ന് അദ്ദേഹം അന്തരിച്ചു.

www.malankaralibrary.com



# റവ.ഫാ. പി.റ്റി. ഗീവർഗീസ് പണിക്കർ (കാരിച്ചാൽ പണിക്കരച്ചൻ)



കാരിച്ചാൽ പണിക്കരച്ചൻ പ്രേഷിതപ്രവർത്തനരംഗത്ത് തന്റെ വ്യക്തിമുദ്രപതിപ്പിച്ച ഒരു വൈദികശ്രേഷ്ഠനായിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പണിക്കരച്ചന്റെ സേവനം ലഭ്യമായിരുന്നു. സ്വദേശമായ കാരിച്ചാൽ കൂടാതെ തോട്ടപ്പള്ളി, ഹരിപ്പാട്, കാർത്തികപ്പള്ളി, ചേപ്പാട്, രാമപുരം, വഴുതാനം, പള്ളിപ്പാട്, ചെറുതന എന്നീ പ്രദേശങ്ങളിലും പണിക്കരച്ചന്റെ പ്രേഷിതപ്രവർത്തനം ഉണ്ടായിരുന്നു. അനേകകുടുംബങ്ങളെപുനഃരൈക്യപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചു.

കാരിച്ചാൽ പണിക്കരച്ചനെന്ന റവ. ഫാ. ഗീവർഗീസ് പണിക്കർ, ആലപ്പുഴജില്ലയിലെ വീയപുരം എന്ന ഗ്രാമത്തിൽ കാരിച്ചാൽ എന്ന സ്ഥലത്ത് പുത്തൻപുരയ്ക്കൽ തോമസ് പണിക്കരുടെയും, മറിയാമ്മയുടെയും ഇളയപുത്രനായി 1912 ഫെബ്രുവരി 19-ാം തീയതി ജനിച്ചു. കരുവാറ്റ എൻ. എസ്. എസ്. ഹൈസ്കൂളിലും, തിരുവല്ല എം.ജി.എം. ഹൈസ്കൂളിലും വിദ്യാഭ്യാസം നടത്തി. യാക്കോബായ സഭയിൽ ആയിരുന്നപ്പോൾ വൈദിക പരിശീലനത്തിന് സെമിനാരിയിൽ പ്രവേശിച്ചു. പരിശീലനത്തിനു ശേഷം ശെമ്മാശനായി. ശെമ്മാശനായിരിക്കുമ്പോൾ ചെട്ടിക്കുളങ്ങര കല്ലേലിൽ പെണ്ണമ്മയെ വിവാഹം ചെയ്തു. നാലുപത്രന്മാരും, രണ്ടുപുത്രിമാരും അവർക്ക് ഉണ്ട്. പ്രഥമപുത്രൻ റവ. ഫാ. തോമസ് പണിക്കരും പ്രഥമപുത്രി ബഥനി സന്യാസിനി സമൂഹത്തിലെ സിസ്റ്റർ തേജസ് S.I.C യും ആണ്. 1931 ഏപ്രൽ 6-ന് അദ്ദേഹവും കുടുംബവും കത്തോലിക്കാസഭയിലേക്ക് പുനഃരൈക്യപ്പെട്ടു മാർ ഈവാനിയോസ് തിരുമേനി പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ പ്രത്യേക അനുവാദം വാങ്ങിയാണ് വിവാഹിതനായ ശെമ്മാശന് 1936-ൽ പട്ടം നൽകിയത്. കാരിച്ചാൽ അച്ചന്റെ പിതാവും, മാർ ഈവാനിയോസ് തിരുമേനിയും ജേഷ്ഠാനുജമക്കളായിരുന്നു. പുനഃരൈക്യപ്പെട്ടശേഷം 5 വർഷക്കാലം റവ. ഫാ. പ്ലാസിഡിന്റെ മേൽനോട്ടത്തിൽ ചെത്തിപ്പുഴ സെമിനാരിയിൽ വൈദികപരിശീലനം നടത്തി.

കത്തോലിക്കാസഭയുടെ ദൈവശാസ്ത്രത്തിലും ധർമ്മശാസ്ത്രത്തിലും പണിക്കരച്ചന് നല്ല അറിവുണ്ടായിരുന്നു. മലങ്കര ആരാധനാക്രമത്തെയും, പൗരസ്ത്യപാരമ്പര്യങ്ങളെയും അച്ചൻ വളരെയധികം സ്നേഹിച്ചിരുന്നു. വി. കുർബാനയെക്കുറിച്ചു പല ലേഖനങ്ങളും മലയാളത്തിലും, ഇംഗ്ലീഷിലും എഴുതിയിട്ടുണ്ട്. 'മലങ്കരകുർബാന തീർത്ഥാടക സഭയിൽ' എന്ന അച്ചന്റെ പുസ്തകം വളരെ പ്രസിദ്ധമാണ്. ജ്യോതിശാസ്ത്രത്തിലും അച്ചന് പാണ്ഡിത്യം ഉണ്ടായിരുന്നു. മലങ്കരസഭാപഞ്ചാംഗം തയ്യാറാക്കിയിരുന്നത് അദ്ദേഹമായിരുന്നു. ഞായറാഴ്ചകളിൽ ഉപവാസം അനുഷ്ഠിച്ചുകൊണ്ട് മൂന്നുകുർബാനകൾ നടത്തിയിരുന്നു. ചേപ്പാട്ടു സ്കൂളിൽ അദ്ധ്യാപകനായും കാരിച്ചാൽ സെന്റ് മേരീസ് യു.പി. സ്കൂളിൽ പ്രഥമ അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1986 മേയ് മാസത്തിൽ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷിച്ച പണിക്കരച്ചൻ ഒക്ടോബർ 23-ന് അന്തരിച്ചു. ■

# ഫാ. മാത്യൂസ് പുലിക്കോട്ടിൽ


തൃശൂർ ജില്ലയിലെ കുന്നംകുളത്തിനടുത്ത് പഴഞ്ഞിയിൽ 1916 ജൂലൈ 16-ന് ബ. പുലിക്കോട്ടിലച്ചൻ ജനിച്ചു. 16-ാം വയസ്സിൽ കോട്ടയം പഴയസെമിനാരിയിൽ ചേർന്ന അദ്ദേഹം 1938-ൽ ശെമ്മാശനായി. കശ്ശീശ്ശാപട്ടം സ്വീകരിച്ച് ഏതാനും വർഷം പുത്തൻകാവ് മാർ പീലക്സിനോസ് തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു.

ഏഴുവർഷം മാത്രമാണ് യാക്കോബായ സഭയിൽ ശുശ്രൂഷ ചെയ്തത്. സത്യവിശ്വാസത്തെ സ്വീകരിച്ച് സാർവ്വത്രീക സഭയുടെ ചിറകിൻ കീഴിലണയും മുമ്പ്, തന്നെ പൗരോഹിത്യത്തിലേക്ക് ഉയർത്തിയ ബാവായോട് പുനരൈക്യത്തെ കുറിച്ച് പറയാൻ കേവലം 29 വയസ്സുള്ള കൊച്ചച്ചൻ മടിച്ചില്ല. 1945-ൽ കൊശ്ശനാട് പള്ളിയിൽ വച്ച് മലങ്കര പുനരൈക്യത്തിന്റെ ഉപജ്ഞാതാവ് മാർ ഈവാനിയോസ് പിതാവിന്റെ മുമ്പിൽ സത്യവിശ്വാസം ഏറ്റുപറഞ്ഞ് കത്തോലിക്കാ സഭാംഗമായി. തുടർന്നുള്ള നാല് ദശകക്കാലം ത്യാഗനിർഭരമായ ജീവിതത്തിൽ വിശ്രമിക്കാൻ സമയം പരിമിതമായിരുന്നു.

തിരുവല്ലാരൂപതയുടെ വടക്കൻ മിഷനറി എന്നറിയപ്പെടുന്ന പുലിക്കോട്ടിലച്ചൻ 1988 ഫെബ്രുവരി 28-ന് നിര്യാതനായി. തിരുവല്ലാ രൂപതയിൽ കുന്നംകുളം വൈദീക ജില്ലയിൽ മിക്ക ദേവാലയങ്ങളും അദ്ദേഹം ആരംഭിച്ചതാണ്. ■

www.malankaralibrary.com





# തിരുവനന്തപുരം അതിഭദ്രാസനം ഇന്നലകളിലും ഇന്നും

**മണ്ണിക്കരോട്ട് ഗീവർഗീസ്**
കോർ എപ്പിസ്കോപ്പാ
(വികാരി ജനറാൾ തിരുവനന്തപുരം അതിരൂപത)

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര ജൂബിലിയും, പുനരൈക്യ പ്രസ്ഥാനത്തിന്റെ സപ്തതിയും സമജ്ജസമായി സമ്മേളിച്ചിരിക്കുന്ന ഒരസുലഭ സന്ദർഭമാണിത്. ദൈവത്തിന്റെ അനന്തമായ കൃപകൾക്ക് കൃതജ്ഞതയർപ്പിച്ചു കൊണ്ട്, സഭാസമൂഹമെന്ന നിലയിൽ, നമ്മെതന്നെ ദൈവത്തിന് പ്രതിഷ്ഠിക്കുന്നതിനുള്ള സുവർണ്ണാവസരം. അതുപോലെതന്നെ, കാലാന്തരങ്ങളിൽ കടന്നുവന്നിട്ടുള്ള അപജയങ്ങളെ ആത്മശോധന ചെയ്യുന്നതിനും, നവീകരണചിന്താധാരകളിലൂടെ കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഈ സന്ദർഭം വിനിയോഗിക്കപ്പെടണം.

### 1. സഭാത്മകതമുറ്റിനിന്ന പുനരൈക്യം (1930)

മലങ്കരയിൽ സുസ്ഥിരമായ സമാധാനവും ഐക്യവും കടന്നുവരണമെങ്കിൽ 'മലങ്കരസഭ' സാർവ്വത്രിക കൂട്ടായ്മയിലേക്ക് വരേണ്ടത് അനിവാര്യമാണെന്ന് ഭാഗ്യസ്മരണാർഹനും, ക്രാന്തദർശിയുമായ മാർ ഈവാനിയോസ് തിരുമേനി മനസ്സിലാക്കി. 'ഒരു തൊഴുത്തും ഒരിടയനും' എന്നുള്ള ദൈവീകാഹ്വാനമായിരുന്നു ഈ ദർശനത്തിന്റെ ആണിക്കല്ല്. ഈ നൂറ്റാണ്ടിലെതന്നെ സഭാചരിത്രം മാറ്റിക്കുറിച്ച പുനരൈക്യമായിരുന്നു പരിണിതഫലം. 1930 സെപ്തംബർ 20-ാം തീയതി ഭാഗ്യസ്മരണാർഹനായ മാർ തെയോഫിലോസ് പിതാവിനോടും, മറ്റ് മൂന്നു സഭാ പ്രതിനിധികളോടും കൂടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത സാർവ്വത്രിക സഭയുമായി പുനരൈക്യപ്പെട്ടു. ഈ പുനർജനി സഭാത്മകമായിരുന്നുവെന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ സവിശേഷത. ഇംഗ്ലണ്ടിൽ കാർഡിനൽ ന്യൂമാന്റെയോ, വിശ്വസാഹിത്യകാരനായ ചെസ്റ്റേർട്ടന്റെതോ പോലുള്ള വ്യക്തിഗതമായ ഒരു സഭാ പ്രവേശനമായിരുന്നില്ല ഇവിടെ അരങ്ങേറിയത്. മാർ ഈവാനിയോസ് തിരുമേനിയുടെ കൂടെ പുനരൈക്യപ്പെട്ട മറ്റ നാലു പേരും വിവിധതലങ്ങളിൽ സഭയുടെ പ്രതിനിധികളായിരുന്നു. വൈദികശ്രേഷ്ഠർ, വൈദികർ, ശെമ്മാശ്ശന്മാർ, വിശ്വാസികൾ ഇവരുടെയെല്ലാം സഭാത്മകമായ ഒരു പ്രാധിനിധ്യം ഇവിടെ ദർശിക്കാൻ കഴിയും. ചുരുക്കത്തിൽ, സഭയുടെതന്നെ ഒരു ചെറിയ പതിപ്പായിരുന്നു ഈ പുനരൈക്യം.

മലങ്കര കത്തോലിക്കാ സഭയിൽ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ചരിത്രത്തിന് പ്രസ്തുത സഭയോളം തന്നെ പഴക്കമുണ്ട്. അതിന്റെ വളർച്ചയും തളർച്ചയും അതുൾപ്പെടുന്ന സഭയുടെ തന്നെ വളർച്ചയും തളർച്ചയുമാണെന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. അതിഭദ്രാസനത്തിന്റെ ഗതിവിഗതികൾ അതാതുകാലഘട്ടത്തിൽ അതിന്റെ സാരഥ്യം വഹിച്ചിരുന്ന അഭിവന്ദ്യപിതാക്കന്മാരുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഈ അടിസ്ഥാനങ്ങളിൽ ചുവടുറപ്പിച്ചുകൊണ്ട്, അതിഭദ്രാസനത്തിന്റെ ഇന്നലകളെയും ഇന്നിനെയും ലഘുവായി പ്രതിപാദിക്കുക തീർത്തും സംഗതമാണ്.

### 2. ചുവടുറപ്പിക്കൽ ( 1930 – 1932)

1929 ഫെബ്രുവരി 15-ന് ബഥനിയുടെ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ട മാർ ഈവാനിയോസ് തിരുമേനിയുടെ യുഗപ്രഭാവം 'മലങ്കരസഭയിലും'

www.malankaralibrary.com


*With Best Compliments from:*

## MALANKARA CATHOLIC COLLEGE (MCC)

**Mariagiri, Kaliakaviali - 629 153, Kanyakumari-District**
(Affiliated to Manonmaniam Sundranar University)

*Courses offered*

- *B.Sc.-Micro Biology*
- *B.Sc.-Computer Science*
- *B.Sc.-Bio-Chemistry*
- *B.Sc.-Physics*

Ph: 04651-60156 (Off)
04651 - 40104 (R)
Email: mccdiomr@techpark.net

**Fr. PremKumar.M.S.W.**
Correspondent/Secretary

**Rev. Dr. V.C. George S.J.**
Principal

*With Best Compliments from:*

## KANYAKUMARI COMMUNITY COLLEGE (KCC)

**Mariagiri P.O., Kaliakavilai - 629 153, Kanyakumari-District**
(Affiliated to Manonmaniam Sundranar University)

*Courses offered*

- *Diploma in Computerized Financial Accounting*
- *Diploma in Female Nursing Assistant*

**Ph:04651 - 63395**

**Fr. PremKumar.M.S.W**
Director

*Best wishes from Director & Staff of:*

## MARTHANDAM INTEGRATED DEVELOPMENT SOCIETY (MIDS)

**Christurajapuram, Marthandam - 629 165**
(Social Apostolate of Diocese of Marthandam)

*Activities at a Glance:-*

- *Formation of People's Organisation (SHG)*
- *Economic Development Programmes*
- *Educational Development Programmes*
- *Women Development Programme*
- *Rural Entrepreneurship Development Programme*
- *Promotion of organic manure, Kitchen garden and Sustainable agricultural practices.*


Ph: 04651-70280
Email - frpremin@techpark.net

**Fr. Premkumar.M.S.W**
Correspondent/Secretary

www.malankaralibrary.com



മലങ്കരകത്തോലിക്കാസഭയിലും ഒന്നുപോലെ വ്യാപിച്ചുകിടക്കുന്നു. തിരുമേനിയുടെ പുനരൈക്യത്തോടുകൂടി കേരളസഭയൊന്നാകെ ചലനാത്മകമായി. നിരവധിയായ പുനരൈക്യങ്ങൾ, യാക്കോബായ സമൂഹങ്ങളിൽ നിന്നുള്ള നിലയ്ക്കാത്ത പുനരൈക്യപ്രവാഹം ഒരു വശത്ത്-കറുത്ത കൊടികളും മരണവിളികളുമായി എതിർപ്പിന്റെ ശക്തികൾ മറുവശത്ത്. എന്നാൽ തന്റെ സമുജ്ജ്വലമായ നേതൃത്വം വഴി, വന്ദ്യ പിതാവ്



തിരുവനന്തപുരം അതിഭദ്രാസന ദേവാലയം

ആഗോളസഭയിൽ നിന്നുള്ള പ്രോത്സാഹനങ്ങൾ, ഇതരകത്തോലിക്കാസഭകളുടെ സഹായസഹകരണങ്ങൾ ഇവയൊക്കെ മലങ്കരകത്തോലിക്കാ സഭാചരിത്രത്തെ ധന്യമാക്കി.

അടിയുറച്ച അടിത്തറയാണല്ലോ ഏതൊരു സൗധത്തിന്റെയും നിലനില്പിന്റെ അടിസ്ഥാനം. ജന്മസഹജമായ തന്റെ ബുദ്ധികൂർമ്മതയും, കർമ്മനിരതമായ മനസ്ഥൈര്യവും ആഴമായ വിശ്വാസത്തിൽ ലയിപ്പിച്ച്, ഒരു ദാർശനികന്റെ ചാരുതയോടെ, ഒരു അജപാലകന്റെ ആത്മാർത്ഥതയോടെ മാർ ഈവാനിയോസ് തിരുമേനി മലങ്കരകത്തോലിക്കാ സഭയുടെ അടിത്തറസമാരംഭിച്ചു. ഒന്നിനൊന്നായി കടന്നുവന്ന പ്രതിബന്ധങ്ങളെ ദൈവാശ്രയത്താൽ തരണം ചെയ്ത് ആ ജൈത്രയാത്രയുടെ വിജയ വെന്നിക്കൊടി പാറി. മലങ്കരകത്തോലിക്കാ സഭയുടെവളർച്ചയൊന്നുമാത്രമായിരുന്നു ഈ യാത്രയുടെ ഏകലക്ഷ്യം. അതിനുതുടക്കമെന്നവണ്ണം ക്രൈസ്തവസാന്നിധ്യം തുലോം വിരളമായ അനന്തപുരി തന്റെ ആസ്ഥാനമായി തിരഞ്ഞെടുത്തു.

വന്ദ്യപിതാവിന്റെയും പ്രതിനിധികളുടെയും കാൽവയ്പുകളെ പിൻതുടർന്ന് ഓർത്തഡോക്സ്, രാഷ്ട്രീയ സാംസ്കാരിക ഈറ്റില്ലമെന്ന് അറിയപ്പെട്ടിരുന്ന കേരള തലസ്ഥാനനഗരിയിൽ തന്റെ മേൽവിലാസം ഉറപ്പിച്ചു. അതിഭദ്രാസനത്തിനു തറക്കല്ലിട്ടു.

### 3. ഹയരാർക്കിസ്ഥാപനം (1932)

പുനരൈക്യസംഭവം നടന്നിട്ട് ഏതാണ്ട് രണ്ട് വർഷങ്ങൾ പിന്നിട്ടു. 1932ജൂൺ 11-ന് ഭാഗ്യസ്മരണാർഹനായ 11-ാം പിയൂസ് മാർപ്പാപ്പ 'Christo Pastorum Principi' എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷനിലൂടെ സീറോ മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചു. തിരുവനന്തപുരം അതിഭദ്രാസനവും തിരുവല്ലാ രൂപതയും ഉൾപ്പെട്ടതായിരുന്നു ഈ ഹയരാർക്കി. പ്രസ്തുതവർഷംതന്നെ, ഈവാനിയോസ് തിരുമേനി റോമിൽ പരിശുദ്ധ പിതാവിനെ സന്ദർശിച്ചയവസരത്തിൽ സാർവ്വത്രിക സഭാകൂട്ടായ്മയുടെയും അധികാരത്തിന്റെയും അടയാളമായ 'പാലീയം' പരിശുദ്ധപിതാവ് മലങ്കരയുടെ മെത്രാപോലീത്തയ്ക്ക് നല്കുകയും ചെയ്തു.

### 4. ഔദ്യോഗികതയും പ്രഥമഘട്ടവും (1933 – 1953)

1933 മെയ് 11-ന് തിരുവനന്തപുരം

www.malankaralibrary.com



അതിഭദ്രാസനം ഔദ്യോഗികമായി സംസ്ഥാപിതമാകുകയും മാർ ഈവാനിയോസ് തിരുമേനി അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി അവരോധിക്കപ്പെടുകയും ചെയ്തു. അതേ തുടർന്ന്, നവംബർ 6-ന് തിരുവല്ല ഭദ്രാസനം നിലവിൽ വരുകയും, ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി അതിന്റെ ആദ്യമെത്രാനായി നിയമിതനാവുകയും ചെയ്തു. ഈ കാലഘട്ടത്തിൽ, വടക്ക് ചെങ്ങൂർ മുതൽ തെക്ക് കന്യാകുമാരി വരെ അതിഭദ്രാസനത്തിന്റെ അതിർത്തി വ്യാപിച്ചിരുന്നു. ഔദ്യോഗികമായി താൻ അതിഭദ്രാസനത്തിന്റെ സാരഥിയാകുന്നതിന് ഏകദേശം രണ്ട് മാസം മുമ്പ് തന്നെ (1933 മാർച്ച് 11) അഭിവന്ദ്യപിതാവ് തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗമായ പാളയത്ത്, മാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരുന്ന ദേവാലയത്തെ താത്കാലിക ഭദ്രാസനദേവാലയമാക്കി പ്രതിഷ്ഠിച്ചു.

തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഔദ്യോഗികചരിത്രം ഇവിടെ ആരംഭംകുറിച്ചുവെന്നത് സുവിദിതമാണല്ലോ. ഓർത്തഡോക്സ്, യാക്കോബായ സഭകളിൽനിന്ന് പ്രോജ്ജ്വലരായ റമ്പാൻമാരെയും തീഷ്ണമതികളായ വൈദികരെയും അഭിവന്ദ്യ തിരുമേനി സഭാകൂട്ടായ്മയിലേക്ക് സ്വീകരിച്ചു. അനേകം അകത്തോലിക്ക സമൂഹങ്ങളെ പുനരൈക്യപ്പെടുത്തി അനിതര സാധാരണമായ തീഷ്ണതയും അശ്രാന്ത പരിശ്രമവുംകൊണ്ട് വന്ദ്യപിതാവ് നിരവധി ഇടവകകളും മിഷൻ കേന്ദ്രങ്ങളും ആതുരാലയങ്ങളും മറ്റും പണിതുയർത്തി തന്റെ നിരുപമമായ ഭരണ ചാതുര്യവും നൈപുണ്യവുംകൊണ്ട് നാലാഞ്ചിറക്കുന്നിൽ നൂറേക്കർ സ്ഥലം സമ്പാദിച്ചു. വിദ്യാക്ഷേത്രത്തിലെ തിലകക്കുറിയെന്നവണ്ണം നഗരത്തിൽ ഒരു കെടാവിളക്കായി പ്രസ്തുതകുന്നിൽ മാർ ഈവാനിയോസ് കോളേജ് സ്ഥാപിച്ചു. വിദ്യാഭ്യാസമേഖലയിൽ അതിഭദ്രാസനത്തിന്റെ അടിയുച്ചൊരു കാൽവെയ്പായി ഇതിനെ വീക്ഷിക്കാം. ഉന്നതവിദ്യാഭ്യാസരംഗങ്ങളോടൊപ്പം, സഭയുടെ സർവ്വതോന്മുഖമായ വളർച്ചയെ മുൻനിർത്തി, അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ സ്ഥാപിതമായി. വിദ്യാഭ്യാസ മേഖലയിലുള്ള അതിഭദ്രാസനചരിത്രം ഇങ്ങനെ നീണ്ടുപോകുന്നു.

ബഥനി മിശിഹാനുകരണ സന്യാസി സന്യാസിനി സമൂഹം, പാലാരുപതയിൽ നിന്ന് മിഷൻ വേലക്കായി കടന്നുവന്ന കർമ്മധീരനും പ്രതിഭാശാലിയുമായ കുഴിഞ്ഞാലിലച്ചന്റെ നേതൃത്വത്തിൽ മാർത്താണ്ഡം കേന്ദ്രമാക്കി സ്ഥാപിതമായ മേരിമക്കളുടെ സമൂഹം, ഇവയൊക്കെ നിസ്തുലങ്ങളായ സേവനങ്ങളാണ്. അതിഭദ്രാസനത്തിൽ നിർവ്വഹിച്ചിട്ടുളളത്, നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഹരിജനങ്ങളുടെയും അക്രൈസ്തവരുടെയും മദ്ധ്യത്തിലേക്ക് ക്രിസ്തുനാഥന്റെ സ്നേഹസന്ദേശമറിയിക്കാൻ തിരുമേനി കർമ്മലീത്താ വൈദികരുടെയും ഇതരസഭാ സമൂഹങ്ങളുടെയും സഹായം സ്വീകരിച്ചു. സന്യാസമേഖലയിലൂടെ അതിഭദ്രാസനത്തിന്റെ പ്രേഷിതമുഖം അങ്ങനെ ചൈതന്യവത്താക്കി.

രൂപതാവൈദികരുടെ പരിശീലനം സാധ്യമാക്കാൻ തന്റെ തന്നെ താത്കാലിക വസതി, ഇപ്പോഴത്തെ സെന്റ് അലോഷ്യസ് സെമിനാരി, വന്ദ്യപിതാവ് ഉപയോഗിച്ചു. ഒരേ സമയം ഒരു പിതാവായും ഗുരുവായും പ്രത്യേകിച്ച് സുറിയാനിഭാഷാ അദ്ധ്യാപകനായും ആ കാലഘട്ടത്തിൽ വൈദികരായവരുടെ മനസ്സിൽ പിതാവ് ഇന്നും ജീവിക്കുന്നു. മതബോധനരംഗം, സാമൂഹ്യരംഗം, ഇവയൊക്കെ കർമ്മനിരതമാകുകയും പ്രവർത്തനമേഖലകൾ വിശാലമാകാനും തുടങ്ങി. തന്റെ വിദേശയാത്രകളിലൂടെ അതിഭദ്രാസനത്തിന്റെ, അല്ല മലങ്കരസഭയുടെ തന്നെ സാമ്പത്തിക ഭദ്രതയും യശസ്സും വന്ദ്യപിതാവ് വർദ്ധമാനമാക്കി.

ചുരുക്കത്തിൽ, വന്ദ്യപിതാവിന്റെ നിസ്തുലവും നിസ്വാർത്ഥവുമായ പ്രവർത്തനങ്ങളുടെ ഫലമായി 62000 വിശ്വാസികളും 200-ലധികം ഇടവകകളും, മിഷനുകളും ഒരു കോളജും രണ്ട് ട്രെയിനിങ്ങ് സ്കൂളുകളും എട്ട് ഹൈസ്കൂളുകളും പന്ത്രണ്ട് മിഡിൽസ്കൂളുകളും നിരവധി വസ്തുവകകളും അതിഭദ്രാസനത്തിന് കൈമുതലായി. അതുപോല തന്നെ ഏതാണ്ട് എൺപത് വൈദികരും അറുപത്തിയഞ്ച് വൈദികവിദ്യാർത്ഥികളും അതിഭദ്രാസനത്തിന്റെ പൗരോഹിത്യമേഖലയെ സമ്പുഷ്ടമാക്കി.

ആഗോളകത്തോലിക്കാസഭയിൽ ഈ നൂറ്റാണ്ടിൽ തന്നെ ഐക്യത്തിന്റെ പ്രവാചകനെന്ന് വിളിക്കപ്പെടാവുന്ന ആ പുണ്യപുരുഷൻ 1953 ജൂലൈ 15-ന് കാലം ചെയ്തു എന്നാൽ, തന്റെ മരണത്തിന് ഏതാനും മാസങ്ങൾക്കുമുമ്പ് (1953 ജനുവരി -29) അനുയോജ്യനായ ഒരുപിൻഗാമിയെ സഹായ മെത്രാനായി അദ്ദേഹം അഭിഷേകം ചെയ്തു. 1955-വരെ അതിഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്ററായി സേവനമനുഷ്ഠിച്ച ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ്

www.malankaralibrary.com



തിരുമേനിയിലൂടെ അതിഭദ്രാസനത്തിന്റെ ചരിത്രഗതി അങ്ങനെ തുടർഅദ്ധ്യായമായി.

## 5. ദശാബ്ദങ്ങൾ പിന്നിട്ട രണ്ടാം ഘട്ടം (1955–1994)

അതിഭദ്രാസനത്തിന്റെ ചരിത്രമുഹൂർത്തത്തിലെ രണ്ടാംഘട്ടമാണ്. ഏതാണ്ട് നാല് ദശാബ്ദത്തോളം നീണ്ടുനിന്ന അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയുടെ ഔദ്യോഗിക കാലഘട്ടം. 1955-ജനുവരി 27-മുതൽ മലങ്കര കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ, അതിഭദ്രാസന മെത്രാപ്പൊലീത്താ എന്നീ നിലകളിൽ ആ തപോവര്യൻ തന്റെ പ്രവർത്തനമേഖലതുറന്നു. വിശ്വവിഖ്യാതനും പ്രാർത്ഥനോന്മുഖനുമായിരുന്ന പിതാവിന്റെ ഭരണപാടവത്തിലൂടെ അതിഭദ്രാസനം പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിച്ചുയർന്നു.

സഭയിൽ ആകമാനം നവീകരണത്തിന്റെ രജതരേഖപായിച്ചു രണ്ടാം-വത്തിക്കാൻ സുനഹദോസിൽ ആദ്യാവസാനം മലങ്കരയുടെ ശബ്ദമായി അഭിവന്ദ്യതിരുമേനി സന്നിഹിതനായിരുന്നു.. സഭയുടെ തനിമയും, വ്യക്തിത്വവും അങ്ങനെ സാർവ്വലൗകികമായി അറിയപ്പെട്ടു. മാസ്മരിഭാവം നിറഞ്ഞ തിരുമേനിയുടെ വ്യക്തിത്വം ഭാരതത്തിലെ മതസാമൂഹ്യസാമ്പത്തിക, വിദ്യാഭ്യാസമേഖലകളിൽ നിരന്തരം പ്രതിധ്വനിച്ചു. ഭാരതകത്തോലിക്കാമെത്രാൻമാരുടെയും, കേരളകത്തോലിക്കാമെത്രാൻമാരുടെയും നേതൃസ്ഥാനം പിതാവിനെ തേടിവന്നു എക്യുമിനിസത്തിന്റെയും, മതസൗഹർദ്ദത്തിന്റെയും ഒരു പ്രോജ്ജ്വല വ്യക്താവായി നാടെങ്ങും അറിയപ്പെട്ടു. അതിഭദ്രാസനത്തിന്റെ ചരിത്രനിമിഷങ്ങളിൽ ഇവയൊക്കെ വലുതായ സ്വാധീനം ചെലുത്തിയെന്നുള്ളതിന് യാതൊരു സംശയവുമില്ല.

തിരുവനന്തപുരത്ത് പട്ടത്തെക്കുന്നിൽമുകളിൽ തന്റെ മുൻഗാമി സമാരംഭിച്ച ഭദ്രാസനദേവാലയത്തിന്റെ പൂർത്തീകരണം അതിരൂപതയുടെ തന്നെ സ്വപ്നസാക്ഷാത്കാരമായി. പുതിയ ഇടവകകൾ, മിഷനുകൾ കൂട്ടം കൂട്ടമായ പുനരൈക്യങ്ങൾ ഇവയാൽ വിശ്വാസികളുടെ സംഖ്യബലം വർദ്ധിച്ചു. മാർ തെയോ ഫിലോസ് കോളേജ്, അഞ്ചൽ സെന്റ് ജോൺസ് കോളേജ്, ചെന്നെയിലെ മാർ ഗ്രിഗോറിയോസ് കോളേജ് ഒട്ടനവധി സ്കൂളുകൾ ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ അതിഭദ്രാസനത്തിന്റെ വിദ്യാഭ്യാസ മേഖലയെ സമ്പന്നമാക്കി. അനേകായിരം കുടുംബങ്ങൾക്ക് ഇവ ജോലി സാദ്ധ്യതയായി. ഇതു കൂടാതെ തയ്യൽ സ്ഥാപനം, കാടപക്ഷിവളർത്തൽ എന്നിവ സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതികളായി മാറി. ഒരു യഥാർത്ഥ കർഷകന്റെ ശാസ്ത്രസാങ്കേതിക പ്രായോഗിക പരിജ്ഞാനത്തിലൂടെ ബനഡിക്റ്റ് തിരുമേനി തന്റെ കാർഷികമേഖലാ പ്രേഷിത പ്രയാണം ആരംഭിച്ചു. അതിഭദ്രാസനത്തിലെ തരിശുഭൂമികളിൽ തലയുയർത്തി നിൽക്കുന്ന അനേകം കുറ്റൻ വൃക്ഷങ്ങൾ വിളഭൂമിയിലെ അനേകം വിഭവങ്ങൾ എന്നിവ ഇന്നും ആ മഹരഥന്റെ ജീവിക്കുന്ന ഓർമ്മകളാണ്.

മലങ്കരസഭയുടെ തനിമയും പൈതൃകവും അഭംഗുരം കാത്തുസൂക്ഷിക്കാൻ വന്ദ്യപിതാവ് അതീവ ജാഗ്രത കാട്ടി. അതിഭദ്രാസനത്തിന്റെ തിലകക്കുറിയെന്ന് ഏവരും അംഗീകരിക്കുന്ന നാലാഞ്ചിറ കുന്നിൽ മലങ്കരയുടെ വൈദികരെ വാർത്തെടുക്കുന്നതിനായി മലങ്കര സഭയിലെ മറ്റു മെത്രാപ്പോലീത്താമാരുടെ സഹായ സഹകരണങ്ങളോടെ ഒരു മേജർ സെമിനാരി സ്ഥാപിച്ചു. ആതുരാലയങ്ങൾ, അനാഥമന്ദിരങ്ങൾ ഇവയൊക്കെ ആരോഗ്യമേഖലയുടെ കെട്ടുറപ്പായി. സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിന് ഭദ്രാസനത്തിനുവേണ്ടി മുക്കം പാലയിലെ ബഥനി എസ്റ്റേറ്റും, ചെങ്കോട്ടയിലും, അംബാസമുദ്രത്തിലുമായി മറ്റ് എസ്റ്റേറ്റുകളും വാങ്ങിയ്ക്കുകയുണ്ടായി.

അതിഭദ്രാസനത്തിലെ നല്ല ഒരു ശതമാനവും മിഷൻമേഖലയാണെന്നുള്ളത് ഒരുപക്ഷേ എല്ലാവർക്കും അറിവുള്ള ഒരു വസ്തുതയല്ല. ഹരിജനപുനരുദ്ധാരണം, വിദ്യാഭ്യാസം, സാമ്പത്തികഭദ്രത ഇവയൊക്കെ വന്ദ്യപിതാവിന്റെ ചിരസ്ഥായിയായ പ്രവർത്തനവേദികളായിരുന്നു. കുഷ്ഠരോഗികൾക്കായി ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി പിരപ്പൻകോട്ട് ഒരു ചികിത്സാലയവും സ്ഥാപിച്ചു.

പ്രാദേശികതലത്തിലും ആഗോളതലങ്ങളിലും ചിന്നിചിതറപ്പെട്ട മലങ്കരമക്കളെ സഭാകൂട്ടായ്മയിൽ ചേർത്തുനിർത്താൻ വന്ദ്യപതാവിന്റെ ബാഹ്യകേരളാമിഷൻ പ്രവർത്തനങ്ങളും ബാഹ്യഭാരത മിഷൻ പ്രവർത്തനങ്ങളും വളരെയേറെ സഹായകരമായി. അമേരിക്ക, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലെ മലങ്കര കൂട്ടായ്മകൾക്ക് ഈ ശ്രേഷ്ഠ അജപാലകനെ വിസ്മരിക്കാൻ സാധിക്കുകയില്ല.

ഇതിലെല്ലാം ഉപരിയായി സഭയുടെ ആന്തരീക വളർച്ചയിലും ആ ആദ്ധ്യാത്മിക ഗുരുവിന്റെ ശ്രദ്ധ പതിഞ്ഞിരുന്നു. വിശ്വാസികളുടെ ജീവിതം ആഴപ്പെടുത്തുന്നതിനും സജീവമാക്കുന്നതിനും

www.malankaralibrary.com



ആനുകാലിക ആരാധനപരിഷ്കാരത്തിന് ആദ്ദേഹം മുൻകൈയെടുത്തു. അതിഭദ്രാസനത്തിലെ നിരവധി ഇടവകകളിൽതന്റെ നേതൃത്വത്തിൽ ഇതിലേക്ക് പരിശീലനകളരികൾ തുറക്കുകയും ചെയ്തു.

വിശ്വാസകൂട്ടായ്മകളെ ശക്തിപ്പെടുത്തുന്നതിന് ഭദ്രാസനത്തിൽ തന്നെ ഭക്ത സംഘടനകൾക്ക് വാതിൽ തുറന്നു. വിൻസന്റ് ഡീ പോൾ സൊസൈറ്റി, ലിറ്റിൽ വേ, തിരുബാലസഖ്യം, കെ.സി.എസ്.എൽ, ഇടവകതലത്തിലുള്ള പ്രാർത്ഥനായോഗങ്ങൾ തുടങ്ങിയ ഇവയ്ക്ക് എതാനും നിദാനങ്ങൾ മാത്രം. ഇവയൊക്കെ മതബോധനരംഗത്തെ പൂർവ്വാധികം പ്രബുദ്ധമാക്കി. ഭാവിസഭയുടെ വളർച്ചയും ദൈവവിളിയുടെ പരിപോഷണത്തിനുമായി യുവജനസംഘടന (M.C.Y.M)പ്രോത്സാഹിക്കപ്പെട്ടു.

1980 നവംബർ 26-ന് അതിഭദ്രാസനത്തിൽ ലോറൻസ് മാർ അപ്രേം തിരുമേനി സഹായ മെത്രാനായി അഭിഷിക്തനായി. പ്രേഷിത മേഖലയ്ക്ക്, വിശിഷ്യ കന്യാകുമാരി പ്രദേശങ്ങൾക്ക് ഈ അഭിഷേകം അനുഗ്രഹത്തിന്റെ നീർച്ചാലായി. ആരോഗ്യമേഖലയിൽ അഭിവന്ദ്യ ലോറൻസ് തിരുമേനി ഒരു നിലയ്ക്കാത്ത ശബ്ദമായി.

1986 ഫെബ്രുവരി 8-ന് അതിഭദ്രാസന ദേവാലയത്തിൽ, അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തോടെ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായ്ക്ക് ഊഷ്മളമായ വരവേല്പ് നല്കിയത് ഒരു ചരിത്രസത്യമായി.

1994-ലെ അതിഭദ്രാസന സ്ഥിതിവിവരകണക്ക് പരിശോധിച്ചാൽ ഈ കാലഘട്ടത്തിലെ വളർച്ചയുടെ ആക്കവും തൂക്കവും വ്യക്തമാകും. 2,30,000 വിശ്വാസികൾ 190 ഇടവകവൈദികർ, വിവിധ സന്യാസ സമൂഹങ്ങളിലെ 68 സന്യാസികൾ 779 സന്യാസിനികൾ, മൈനർ മേജർ സെമിനാരികളിലായി 139 വൈദിക വിദ്യാർത്ഥികൾ, 132 നേഴ്സറി സ്കൂളുകൾ, 23 ഹൈസ്കൂളുകൾ ഇങ്ങനെ നീളുന്നു നാല്പത്തിയൊന്ന് വർഷത്തെ സങ്കീർണമായ രണ്ടാം ഘട്ടം.

1994-ഒക്ടോബർ 10-ന് അതിഭദ്രാസനത്തിന്റെ, അല്ല, മലങ്കരസഭയുടെ ആ ആത്മീയ ശ്രോതസ്സ്, അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി ഈ ലോകത്തോട് വിട പറഞ്ഞു.

മാർ ഗ്രിഗോറിയോസ് തിരുമേനി കാലം ചെയ്തതോടെ സഹായ മെത്രാൻ ലോറൻസ് മാർ അപ്രേം തിരുമേനി അതിഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ടു. 1995 നവംബർ 29-ാം തീയതി മലങ്കര സഭാ മേലദ്ധ്യക്ഷനായും അതിരൂപതാ സാരഥിയായും അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനി അവരോധിക്കപ്പെട്ടു. അതേവർഷം ഡിസംബർ 14-ാം തീയതി അതിഭദ്രാസന ദേവാലയം വന്ദ്യപിതാവിന്റെ സ്ഥാനാരോഹണത്തിന് സാക്ഷ്യം വഹിച്ചു. 1996 ജനുവരി 9-ന് പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയിൽ നിന്ന് വത്തിക്കാനിൽ വച്ച് 'പാലീയ' വും സ്വീകരിച്ചു. അതേ!മലഞ്ചരുവിൽ കുടുംബത്തിന്റെ മഹത്തായ പാരമ്പര്യനിറവും മലബാറിന്റെ മലയോരങ്ങളിൽ പയറ്റിത്തെളിഞ്ഞ അനുഭവ സമ്പത്തും, ഉന്നതവിദ്യാഭ്യാസത്തിൽ നിന്ന് കരഗതമായ വിജ്ഞാനസമ്പത്തുമൊക്കെ കൈമുതലുള്ള മെത്രാപോലീത്താവഴി അതിഭദ്രാസനത്തിന്റെ ചരിത്രത്തിലെ മൂന്നാംഘട്ടവും വന്നണഞ്ഞു.

### 6. പ്രതീക്ഷകൾ പൂവണിയുന്ന പുതുയുഗം (1995)

ക്രീയാത്മകതയുടെയും ശാസ്ത്രീയതയുടെയും ദൈവീകതയുടെയുമൊക്കെ സംമൃക്കായ സമ്മേളനമാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകമായ സവിശേഷത. അത്മായ പങ്കാളിത്തത്തോടെ സുസംഘടിതവും സുശക്തവുമായ ഒരു സഭാസമൂഹത്തെ വാർത്തെടുക്കുകയെന്നതാണ്. പുണ്യശ്ലോകനായ വലിയ മെത്രാപ്പോലീത്തായുടെ ലക്ഷ്യം. സഭയിലെ ആബാലവൃന്ദത്തെ സംഘടിതമായി സഭയുടെ അന്തർധാരയിലേക്കാനയിക്കുക, സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരെ സാമ്പത്തികമായും, സാംസ്കാരികമായും ഉയർത്തുക, സഭാത്മകജീവിതം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ഉന്നതലക്ഷ്യപ്രാപ്തിക്കായി വന്ദ്യപിതാവ് സർവ്വാത്മനാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദളിത് വിഭാഗത്തിൽപെട്ടവരെ അകമഴിഞ്ഞ് സ്നേഹിക്കുകയും അവരുടെ പുരോഗമനം സഭയുടെ പുരോഗമനമായി അദ്ദേഹം വീക്ഷിക്കുകയും ചെയ്യുന്നു.

അർത്ഥപൂർണ്ണമായ വിഭജനം കാര്യക്ഷമതവർദ്ധിപ്പിക്കും. വ്യക്തിഗതമായ മലങ്കര സഭയുടെ ശോഭനമായ ഭാവി മുന്നിൽ കണ്ടുകൊണ്ട് 1996 ഡിസംബർ 16-ന് അതിഭദ്രാസനത്തിന്റെ തെക്കേയറ്റം വിഭജിച്ച് മാർത്താണ്ഡം

www.malankaralibrary.com



രൂപതയെന്നപേരിൽ സ്ഥാപിതമായി. അഭിവന്ദ്യ ലോറൻസ് തിരുമേനി അതിന്റെ ആദ്യത്തെ മെത്രാനുമായി. അഭിവന്ദ്യ ബസേലിയോസ് തിരുമേനിയുടെ വിശാലമായ കാഴ്ചപ്പാടും അവസരോചിതമായ ഇടപെടലുമാണ് വിഭജനത്തിന് നിദാനമായത്.

വിശിഷ്ഠമായ സഭാസേവനം കാഴ്ചവെച്ച മൂന്ന് അതിഭദ്രാസനവൈദിക പ്രമുഖരെ (ഫാദർ ഗീവർഗീസ് മണ്ണിക്കരോട്, ഫാദർ ജോൺ കല്ലൂർ, ഫാദർ കോശി വർഗീസ്) കോർ എപ്പിസ്കോപ്പാ സ്ഥാനം നല്കി ആദരിക്കുകയുണ്ടായി. 1998 ജൂൺ 29-ന് ഫാദർ ജോൺ കല്ലൂരിനെ യൂഹനോൻ മാർ ക്രിസോസ്റ്റം എന്ന പേരിൽ മാർത്താണ്ഡം രൂപതയുടെ മെത്രാപ്പോലീത്തയായും, ഫാദർ കോശി വർഗീസിനെ ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്ന പേരിൽ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ സഹായമെത്രാനുമായി വാഴിക്കുകയും ചെയ്തു. അഭിവന്ദ്യ ബസേലിയോസ് തിരുമേനിയുടെ ചരിത്രനേട്ടങ്ങളായി ഇവ കുറിക്കപ്പെടുമെന്നുള്ളതിന് രണ്ട് പക്ഷമില്ല. 1997 ആഗസ്റ്റ് 28-ാം തീയതി തൊഴിയൂർ സഭയിൽ നിന്ന് പുനരൈക്യപ്പെട്ട അതിഭദ്രാസനത്തിന്റെ എപ്പിസ്കോപ്പൽ വികാരിയായിരുന്ന ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ പീലക്സിനോസ് പിതാവ് 1998 നവംബർ 3-ാം തീയതി കാലം ചെയ്തു. മലങ്കരസഭ, വിശിഷ്യ അതിഭദ്രാസനം ഈ വന്ദ്യപിതാവിനെ നന്ദിയോടെ സ്മരിക്കുന്നു.

ഏതാണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ അതിഭദ്രാസനത്തിനും, മലങ്കരസഭാദ്ധ്യക്ഷനെന്ന നിലയിൽ മലങ്കരസഭയ്ക്കും അഭിവന്ദ്യ ബസേലിയോസ് പിതാവ് അതുല്യമായ സംഭാവനകളാണ് നല്കികൊണ്ടിരിക്കുന്നത്. ഈ ചുമതലകൾക്കിടയിലും, ഭാരതസഭയുടെ ഉത്തരവാദിത്വം അദ്ദേഹത്തിന്റെ ശക്തമായ കരങ്ങളിലാണെന്നുള്ളത് നമുക്ക് സന്തോഷവും അഭിമാനവും പകരുന്നു. മതപരവും സഭാപരവുമായ വൈതരണികളെ കുശാഗ്രബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന പിതാവിന്റെ ഭരണസാമർത്ഥ്യം ഒന്നുവേറെതന്നെ. പുതിയ ആരാധനാ സ്ഥാപനങ്ങളുടെ നിർമ്മാണം, നിരവധി വൈദീകമന്ദിരങ്ങൾ, സ്കൂളുകൾ എന്നിവയൊക്കെ അതിഭദ്രാസനത്തിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. തൊഴിൽ സാധ്യതമുൻനിർത്തികൊണ്ട് രണ്ട് ഐ. റ്റി. സി- കൾ (സീതത്തോടിലും, ചന്ദനപ്പള്ളിയിലും) സ്ഥാപിച്ചതും അതിഭദ്രാസനത്തിന് മറക്കാനാവുകയില്ല. പുതുക്കി പണിത അതിഭദ്രാസനമന്ദിരവും മൈനർ സെമിനാരിയും പുരോഗമനപാതയിലെ മറ്റ് ചില നാഴികകല്ലുകളാണ്.

വിജ്ഞാനവും വിവേകവുമുള്ള അജപാലകർ ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മനസ്സിലാക്കി നിരവധി വൈദികരെ വന്ദ്യപിതാവ് ഉപരിപഠനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് അയച്ചുകൊണ്ടിരിക്കുന്നു.

അതിഭദ്രാസനത്തിന്റെ അടിസ്ഥാനം അരക്കിട്ടുറപ്പിക്കുക, ഭാവിശോഭനമാക്കുക തുടങ്ങിയവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.


വന്ദ്യതിരുമേനിയുടെ വിശാലമായ കാഴ്ചപ്പാട് അതിഭദ്രാസനത്തിന്റെയും സഭയുടെ മുഴുവന്റെയും കെട്ടുറപ്പിനും വളർച്ചയ്ക്കും സഹായകരമായി. അമേരിക്ക, ജർമ്മനി, ഗൾഫ് രാജ്യങ്ങളിലെ സഭാകൂട്ടായ്മകളെ പിതാവ് നിരവധി പ്രാവശ്യം സന്ദർശിക്കുകയും, അവകളെ ശക്തമാക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും, സഭാകൂട്ടായ്മകൾ ബന്ധപ്പെട്ടുനിൽക്കുന്ന സ്ഥലങ്ങളിലെ സഭാമേലദ്ധ്യക്ഷൻമാരുമായി സുദൃഢമായ ഒരു ബന്ധം സംസ്ഥാപിക്കുകയും ചെയ്തുവെന്നുള്ളത് ഇവിടെ പ്രത്യേകം സ്മരണീയമാണ്.

സഭാത്മകമായ ഒരു കാഴ്ചപ്പാടിന്റെ വാക്താവാണ് സിറിൾ മാർ ബസേലിയോസ് തിരുമേനി. ഒറ്റപ്പെട്ട ചിന്താധാരകളുടെ അനിശ്ചിതത്വം സഭയെ തളർത്തുമെന്ന് ആ പിതാവ് നന്നായി മനസ്സിലാക്കുന്നു. അതിഭദ്രാസന സാരഥിയെങ്കിലും മറ്റ് മൂന്ന് ഭദ്രാസനങ്ങളെയും ഈ സഭാത്മക ഭാവത്തിൽ ഒന്നിപ്പിക്കുവാനും പ്രവർത്തന നിരതമാക്കുവാനും തിരുമേനി അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുകയാണ്.

വന്ദ്യപിതാവിന്റെ കാലത്തുള്ള അതിഭദ്രാസനത്തിന്റെ ചരിത്രം തുടക്കംകുറിച്ചിട്ടേയുള്ളൂ. അതുകൊണ്ട് ഒരു സ്ഥിതിവിവരക്കണക്കിന് മുതിരുക തീർത്തും സംഗതമല്ല. വന്ദ്യപിതാവിന്റെ നേതൃത്വം അതിഭദ്രാസനത്തെ, മലങ്കരസഭയെ അതിന്റെ ലക്ഷ്യസ്ഥാനത്തെത്തിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

www.malankaralibrary.com





# സപ്തതി നിറവിൽ തിരുവല്ലാ രൂപത

റവ. ഫാ. വർഗ്ഗീസ് മണ്ണഞ്ചേരി

**1933** നവംബർ ആറിന് രൂപത കാനോനികമായി നിലവിൽ വന്നു. പമ്പയാറിനും ഭാരതപുഴയ്ക്കും ഇടയ്ക്കുള്ള ഭൂപ്രദേശങ്ങളാണ് അജപാലന ശുശ്രൂഷയ്ക്കായി നൽകപ്പെട്ടിട്ടുള്ളത്. വിശ്വാസികൾ അരലക്ഷത്തോളം വരും. ഇടവക വൈദീകർ 133; ക്രിസ്ത്വനുകരണ സന്യാസസഭ, (ബഥനി) കുരിശുകവല ആശ്രമം, ഡോൺ ബോസ്കോ, സലേഷ്യൻ എന്നീ സന്യാസസമൂഹങ്ങളിലെ വൈദീകരുടെ സേവനവും രൂപതയ്ക്ക് ലഭിക്കുന്നുണ്ട്. ബഥനി സന്യാസിനി സമൂഹം, ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ്, മേരിമക്കൾ സമൂഹം, സലേഷ്യൻ സിസ്റ്റേഴ്സ്, ബസേലിയൻ സിസ്റ്റേഴ്സ്, ദൈവ പരിപാലന സിസ്റ്റേഴ്സ്, ദീന സേവന സഭ സിസ്റ്റേഴ്സ് എന്നിവരുടെ സേവനവും രൂപതയ്ക്ക് ലഭ്യമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന ജനാധിപത്യ ഭരണക്രമം ഉറപ്പുനൽകുന്ന പാസ്റ്ററൽ കൗൺസിലിൽ നൂറോളം അംഗങ്ങളുണ്ട്. പ്രേഷിത പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകൾ ക്രമീകരിച്ചിരിക്കുന്നു. ഇതോടൊപ്പം രൂപതയുടെ ആത്മീക അദ്ധ്യക്ഷനായ ബിഷപ്പിനെ സഹായിക്കുന്നതിനായി കൂരിയ, ആലോചനസമിതി, ഫൈനാനൻസ് കൗൺസിൽ, വിവാഹ ട്രൈബ്യൂണൽ തുടങ്ങിയവ പ്രവർത്തിക്കുന്നു. ഒൻപത് വൈദീക ജില്ലകളാണ് രൂപതയ്ക്ക് ഉള്ളത്. നിരണം, തിരുവല്ല, വെണ്ണിക്കുളം, മല്ലപ്പള്ളി, റാന്നി, കുമളി, കോട്ടയം, മൂവാറ്റുപുഴ, കുന്നംകുളം എന്നിവയാണവ. ബാഹ്യകേരള മിഷൻ കേന്ദ്രങ്ങളായ ഡൽഹി, ഫരീദാബാദ്, ഗാസിയാബാദ് തുടങ്ങിയ സ്ഥലങ്ങളും അമേരിക്കയിലെ ഏതാനും മിഷൻ കേന്ദ്രങ്ങളും കാനഡ, ജർമനി തുടങ്ങിയ സ്ഥലങ്ങളിലും മിഷൻ പ്രവർത്തനങ്ങൾക്ക് രൂപത നേതൃത്വം നൽകുന്നു.

കേരളത്തിൽ യുവജന സംഘടനകൾ ഉണ്ടായ ആദ്യ കാലങ്ങളിൽ തന്നെ (1967) യുവജനപ്രസ്ഥാനം ആരംഭിക്കുകയും കേരള കത്തോലിക്കാ യുവജന സംഘടനയ്ക്ക് (KCYM) ധാരാളം നേതാക്കളെ രൂപത സംഭാവന ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ശക്തമായ ഒരു അത്മായ അസോസിയേഷനും (MCA) പ്രവർത്തിക്കുന്നു. കുട്ടികൾക്കായുള്ള ബാലദീപം സംഘടനയും വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ലിജൻ ഓഫ് മേരി, വിൻസെന്റ്-ഡി-പോൾ, ലിറ്റിൽ വേ തുടങ്ങി ഭക്തസംഘടനകളും അജപാലന ശുശ്രൂഷയ്ക്ക് ശക്തി പകരുന്നു. ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ വിവാഹ ഒരുക്ക സെമിനാർ, പിതൃസംഗമം, മാതൃസംഗമം കുടുംബകൂട്ടായ്മ എന്നിവ നടത്തപ്പെടുന്നു. രൂപതയുടെ മതബോധന കേന്ദ്രമായ ശാന്തിനിലയം, പീച്ചി ദർശനാ, കട്ടപ്പന ജ്യോതിസ് തുടങ്ങിയ പാസ്റ്ററൽ സെന്ററുകൾ വഴിയാണ് മതബോധന പ്രേഷിതത്വം ഭംഗിയായി ക്രമീകരിക്കുന്നത്. ആഴമായ സഭാപഠനത്തിനായി ആത്മബോധനം എന്ന പേരിൽ ഒരു ഡിപ്ലോമ കോഴ്സ് മതബോധന ഡിപ്പാർട്ടുമെന്റ് ക്രമീകരിച്ചിട്ടുണ്ട്.

കോട്ടയത്തെ സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയുടെ സുറിയാനി ഗവേഷണ കേന്ദ്രം കൂടിയാണ്. ആതുരസേവന രംഗത്ത് രൂപതയുടെ സേവനം നിസ്തുലമാണ്. മദ്ധ്യതിരുവിതാംകൂറിന്റെ തന്നെ തിലകക്കുറിയായിരിക്കുന്ന പുഷ്പഗിരി ഹോസ്പിറ്റൽ കേരളത്തിലെതന്നെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ മികവുറ്റതാണ്. വൃദ്ധജനസംരക്ഷണാർത്ഥം ആരംഭിച്ചിരിക്കുന്ന പള്ളിമല സ്നേഹസദനം, ശാലോം ഭവനം തുടങ്ങിയവ സുവിശേഷമായ പ്രശംസ അർഹിക്കുന്നവയാണ്.

തിരുവല്ലാ സോഷ്യൽ സർവീസ് സൊസൈറ്റി


www.malankaralibrary.com



യുടെ നേതൃത്വത്തിൽ പുരോഗമനപരമായ പല മുന്നേറ്റങ്ങൾക്കും വേദിയൊരുക്കുവാൻ രൂപതയ്ക്ക് സാധിച്ചിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഭവനനിർമ്മാണ പദ്ധതികൾ, വിദ്യാഭ്യാസ സഹായങ്ങൾ, സാധു കുടുംബങ്ങളുടെ സംരക്ഷണം, തൊഴിൽ പദ്ധതികൾ ദളിത് സമൂഹങ്ങളുടെ ഉന്നമനം തുടങ്ങിയ അനേകം പദ്ധതികൾ സൊസൈറ്റി ക്രമീകരിക്കുന്നു. സെമിനാറുകളും പഠനക്ലാസ്സുകളും സൊസൈറ്റിയുടെ ട്രയിനിംഗ് സെന്ററായ ബോധനയിൽ ക്രമീകരിക്കുന്നു. ജനകീയാസൂത്രണ പരിപാടികളിൽ ജനപങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്താൻ അയൽക്കൂട്ടങ്ങളും മഹിളാസമാജങ്ങളും പൗരസമിതികളും രൂപീകരിച്ച് സൊസൈറ്റി ശക്തമായി പ്രവർത്തിക്കുന്നു.

മാധ്യമരംഗത്ത് കഴിഞ്ഞ 25 വർഷമായി പ്രവർത്തിക്കുന്ന ഐക്യദീപം മാസിക മലങ്കരസഭയുടെ തന്നെ മുഖപത്രമായി തീർന്നിട്ടുണ്ട്. സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ധമനി കമ്മ്യൂണിക്കേഷൻസും ശക്തമായി പ്രവർത്തിക്കുന്നു. ഒരു പാരലൽ കോളജ്, നാല് ഐ.റ്റി.സി.കൾ, രണ്ട് പ്രൊഡക്ഷൻ സെന്ററുകൾ ഒരു കരിയർ ഇൻഫോർമേഷൻ സെന്റർ, ഒരു പാസ്റ്റോറൽ സെന്റർ രണ്ട് പാസ്റ്ററൽ റീജണൽ സെന്ററുകൾ പത്ത് ഹൈസ്ക്കൂൾ, മുപ്പതോളം പ്രൈമറി സ്കൂളുകൾ, ഒരു നേഴ്സിംഗ് സ്കൂൾ, രണ്ട് ഓർഫനേജുകൾ എന്നിവ രൂപതയ്ക്ക് ഉണ്ട്. വൈദിക പരിശീലനത്തിനായി ഒരു മൈനർ സെമിനാരിയും രൂപതയ്ക്കുണ്ട്.

ഓരോ വർഷവും രണ്ട് മൂന്ന് മിഷൻ സ്റ്റേഷനുകൾ തുടങ്ങുന്നതിന് രൂപതയ്ക്ക് സാധിക്കുന്നുണ്ട്. 180 ഇടവകകളാണ് ഇപ്പോൾ ഉള്ളത്. 85 വൈദീകവിദ്യാർത്ഥികൾ വിവിധ സെമിനാരികളിലായി പഠനം നടത്തുന്നു. പ്രഥമ മെത്രാൻ അഭി. യാക്കോബ് മാർ തെയോഫിലോസ് തിരുമേനി വളരെ ബലവത്തായ ഒരടിത്തറ രൂപതയ്ക്കിട്ടു. 1935-ൽ അദ്ദേഹം രോഗബാധിതനായതിനേതുടർന്ന് അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി 1937-ൽ രൂപതയുടെ ഭരണ സാരഥ്യം ഏറ്റെടുത്തു. ഓർത്തഡോക്സ് സഭയുടെ നിരണം ഭദ്രാസനാധിപനായിരുന്ന തിരുമേനിയുടെ പുനരൈക്യം രൂപതയുടെ വളർച്ചയുടെ ആരംഭമായിരുന്നു. ധാരാളം പള്ളികളും ഹൈസ്കൂളുകളും ഇന്നത്തെ മെത്രാസനമന്ദിരവും അദ്ദേഹത്തിന്റെ ധന്യമായ ശുശ്രൂഷയുടെ പ്രതിഫലനമാണ്. 1954 ഏപ്രിൽ 22-ന് അഭി. സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയെ സഹായമെത്രാനായി അഭിഷേചിച്ചു. തോമസ് മാർ ദിയോസ് കോറോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം ആ കാലഘട്ടത്തിലാണ് സംഭവിച്ചത്.



ഭദ്രാസന ദേവാലയം - തിരുവല്ല രൂപത

പമ്പയാറിനും ഭാരതപ്പുഴയ്ക്കും ഇടയിലായി അതിർത്തി നിർണ്ണയിക്കപ്പെട്ടിരുന്നു. തിരുവല്ലാ രൂപതയുടെ പ്രവർത്തനമേഖല മലബാർ പ്രദേശത്തേയ്ക്കും തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിച്ചത് അഭിവന്ദ്യ അത്തനാസ്യോസ് തിരുമേനിയുടെ കാലത്താണ്. സാമൂഹ്യസേവന പ്രവർത്തനങ്ങളിലും ആധുനിക സേവനരംഗത്തും സാധു-വൃദ്ധ- ജനസംരക്ഷണത്തിലും, അനാഥരെ സംരക്ഷിക്കുന്നതിലും തിരുമേനിയുടെ ശ്രദ്ധ അതുല്യമായിരുന്നു.

www.malankaralibrary.com



അന്ത്യോക്യൻ പാരമ്പര്യത്തിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് ശക്തമായ അടിത്തറ പാകുന്നതിൽ തിരുമേനിയുടെ ശ്രദ്ധ വലുതായിരുന്നു. തിരുമേനിയുടെ ശുശ്രൂഷാകാലയളവിൽ നവീനമായൊരു ഭദ്രാസന ദേവാലയം പണിയുന്നതിന് സാധിച്ചു. ഇന്നത്തെ ബത്തേരി രൂപതയും അഭി. അത്തനാസിയോസ് തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ മകുടോദാഹരണമാണ്. ദൈവജനത്തിന്റെ രൂപീകരണത്തിനും വളർച്ചയ്ക്കും ഉതകുന്ന നിരവധി പ്രസ്താനങ്ങളും സംഘടനകളും ഈ കാലഘട്ടത്തിൽ നിലവിൽ വന്നു. 1977 സെപ്റ്റംബർ 28-ാം തീയതി വന്ദ്യ തിരുമേനി കാലം ചെയ്തതിനേ തുടർന്ന് '78 ഡിസംബർ 28 മുതൽ '87 ഏപ്രിൽ 28 വരെ രൂപതയുടെ അജപാലന ശുശ്രൂഷ അഭി. ഐസക് മാർ യൂഹാനോൻ തിരുമേനിയിൽ നിക്ഷിപ്തമായി. തൊഴിലധിഷ്ഠിത കോഴ്സുകൾക്കായുള്ള ട്രേയിനിംഗ് സെന്ററുകൾ ആദ്യമായി രൂപതയിൽ ആരംഭിച്ചതും ഉന്നതവിദ്യാഭ്യാസപഠനത്തിനായുള്ള സെന്റ് ജോൺസ് കോളജും, സുറിയാനി ഗവേഷണ കേന്ദ്രവും തിരുമേനിയുടെ നേതൃത്വത്തിലാണ് സ്ഥാപിക്കപ്പെട്ടത്. മാർ യൂഹാനോൻ തിരുമേനിയുടെ ആകസ്മീക നിര്യാണത്തെ തുടർന്ന് രൂപതയ്ക്ക് നേതൃത്വം കൊടുക്കുവാൻ നിയുക്തനായത് അഭി. ഗീവറുഗീസ് മാർ തീമോത്തിയോസ് തിരുമേനിയാണ്. 1988 ആഗസ്റ്റ് 6-ാം തീയതി അഭിഷിക്തനായ അഭി. തിരുമേനി രൂപതയ്ക്കും ഇതര മതസമൂഹങ്ങൾക്കും സഭകൾക്കും ഏറ്റം പ്രിയങ്കരനായി ശോഭിക്കുന്നു. തിരുമേനിയുടെ ശുശ്രൂഷാകാലം രൂപതയുടെ സുവർണ്ണകാലഘട്ടമെന്ന് വിശേഷിപ്പിക്കാം. മഹാജൂബിലിക്കായി രൂപതാമക്കളെ വളർത്തുവാനും സുശക്തമായ ഒരു സഭാസമൂഹത്തെ ഒരുക്കുവാനുമുള്ള ദൈവീക നിയോഗമാണ് അഭി. തിരുമേനിക്ക് ലഭിച്ചിട്ടുള്ളത്. രൂപതയ്ക്ക് പുറത്ത് അഭയഭവൻ, കാരുണ്യഭവൻ തുടങ്ങി ആതുര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും സഹായിക്കുവാനും അഭി. തിരുമേനി മുൻകൈയ്യെടുക്കുന്നു. രൂപതയ്ക്കകത്ത് ആത്മീകതലങ്ങളിലും, സാമൂഹികമണ്ഡലങ്ങളിലും നിർമാണപ്രവർത്തനങ്ങളിലും നടന്നിട്ടുള്ള പുരോഗതി അനിർവചനീയമാണ്. ദളിത് ക്രൈസ്തവ സമൂഹങ്ങളുടെ സമുദ്ധാരണത്തിനായി ആ വിഭാഗത്തിലുള്ള കുട്ടികൾക്കായുള്ള ഹോസ്റ്റലുകൾ, മന്ദബുദ്ധികൾക്കായുള്ള പുനരധിവാസ കേന്ദ്രങ്ങൾ സാധുജന വിദ്യാഭ്യാസ പ്രോത്സാഹന പരിപാടികൾ കുട്ടികളെ കേന്ദ്രീകരിച്ചുള്ള ക്യാമ്പുകൾ, യുവജനപ്രവർത്തനങ്ങൾ, പാർപ്പിട നിർമ്മാണ പ്രവർത്തനങ്ങൾ, വൃദ്ധജന സംരക്ഷണാർത്ഥം നിർമ്മിക്കപ്പെട്ട ശാലോം ഭവൻ മൂന്ന് പാസ്റ്ററൽ സെന്ററുകൾ, അത്യാധുനിക സംവിധാനങ്ങളോടുകൂടി പുഷ്പഗിരിയിൽ പുതിയ ഡിപ്പാർട്ടുമെന്റുകൾ നിരവധി ദേവാലയങ്ങൾ എന്നിവ അഭി. തിരുമേനിയുടെ പ്രവർത്തനഫലങ്ങളാണ്. രൂപതയ്ക്കായി പുതിയൊരു ഭദ്രാസന ദേവാലയത്തിന് ഇപ്പോൾ തുടക്കം കുറിച്ചിരിക്കുകയാണ്.

രൂപതയുടെ ആത്മീക പുരോഗതിയ്ക്ക് ശക്തി പകരുവാൻ ആഭി. തോമസ് മാർ കൂറിലോസ് തിരുമേനിയെ സഹായമെത്രാനായി 1997 ജൂലൈ 17-ന് അഭിഷിക്തനായി.

പെരിയ ബഹു. സഖറിയാസ് വാച്ചാപറമ്പിൽ, അഭിവന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാൻ, പെരിയ ബഹു. മോൺസിഞ്ഞോർ തോമസ് വടശ്ശേരി, മോൺ. ജോൺ കച്ചിറമറ്റം, മോൺ. മാത്യു നെടുങ്ങാട്ട്, മോൺ. ജോർജ് വർഗ്ഗീസ് പാലത്തിങ്കൽ, മോൺ. ജോർജ് ചുണ്ടേവാലേൽ, ജോൺ വർഗ്ഗീസ് ഈശ്വരൻകുടിയിൽ, തോമസ് കൊടിനാട്ടുംകുന്നേൽ എന്നിവർ വികാരി ജനറാളന്മാരായി സേവനമനുഷ്ഠിച്ചിരുന്നു. ഇപ്പോൾ മോൺ. അലക്സാണ്ടർ പയ്യമ്പള്ളിയാണ് വികാരി ജനറാൾ.

അജപാലനരംഗത്ത് സജീവരായി പ്രവർത്തിക്കുന്ന വൈദീകരും സന്യസ്തരും അത്മായരും രൂപതയെ ഉത്തരോത്തരം വളർത്തുന്നു. അജപാലനകാര്യങ്ങളെ വിലയിരുത്തുവാനും പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും അജപാലന സമതി വിവിധ കമ്മറ്റികളായി പ്രവർത്തിക്കുന്നു. വൈദികരുടെ തുടർ രൂപീകരണം സാദ്ധ്യമാക്കുന്നതിന് വൈദീക സെനറ്റ് രണ്ടു മാസത്തിൽ ഒരിക്കൽ സമ്മേളിക്കുന്നു. ഉപരിപഠനത്തിനായി വൈദികരെ പ്രോത്സാഹിപ്പിക്കുന്നു. എക്യുമെനിക്കൽ ക്ലർജി ഫെലോഷിപ്പിലൂടെ മറ്റു സഭാവിഭാഗങ്ങളിലെ വൈദികരുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ ശ്രമിക്കുന്നു.

ഒരു പ്രദേശത്തെ ക്രിസ്തുവിന്റെ മൗതീക ശരീരത്തിന്റെ ആവിഷ്കാരമാകേണ്ടതാണ് രൂപത. ഇടയനാകുന്ന മൂലകല്ലിനോട് ചേർന്നു നില്ക്കുന്ന സംവിധാനമാണ് അത്. മൂലകല്ലിനോട് എത്രകണ്ട് ഓരോ കല്ലും ചേർന്നിരിക്കുന്നുവോ അത്ര കണ്ടാണ് ആ സംവിധാനം ക്രിസ്തുവിന്റെ ആത്മാവാൽ പൂരിതമാകുന്നത്. രൂപതയുടെ ഇതുവരെയുള്ള ചരിത്രം ഈ ബന്ധത്തിന്റെ നിദർശനമാണ്. രൂപതാദ്ധ്യക്ഷനും വൈദികരും സന്യസ്തരും അത്മായരും ഒത്തൊരുമിച്ച് തങ്ങൾക്ക് ഏല്പിച്ചിരിക്കുന്ന ദൗത്യം നിറവേറുന്ന ഒരു രീതി. പരസ്പരം ബഹുമാനിക്കുകയും വളർത്തുകയും താങ്ങുകയും ചെയ്യുന്ന ശൈലി. നമ്മുടെ രൂപതയുടെ ഈ പൈതൃകം കെടാതെ സൂക്ഷിക്കാം.

■

www.malankaralibrary.com





(Prot. 534/43) വഴിയായി മലബാർ പ്രദേശത്തേക്ക് കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ ഏതാനും ജില്ലകളിലേക്കും തിരുവല്ലാ രൂപതയുടെ പ്രവർത്തനമേഖല വ്യാപിപ്പിച്ചു.

വിസ്തൃതമായ പുതിയ അജപാലനപ്രദേശത്തേക്ക് തിരുവല്ലാരൂപതയുടെ അന്നത്തെ മെത്രാപ്പോലീത്തായായിരുന്ന ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി എതാനും വൈദികരെ അയയ്ക്കുകയുണ്ടായി. അവർ ബത്തേരി, മാനന്തവാടി, നിലമ്പൂർ, എടക്കര, കരിവാരക്കുണ്ട്, മൈക്കാവ് ആദിയായ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ചു. 1967-ൽ കേരളത്തിൽ

# ബത്തേരി രൂപത ഇന്നലെ, ഇന്ന്.......

**വി.പി. തോമസ് വെട്ടിക്കാട്ടിൽ**

**പു**നരൈക്യപ്രസ്ഥാനം 70 വർഷം പിന്നിട്ടപ്പോൾ മലങ്കര കത്തോലിക്കാസഭയുടെ മൂന്നാമത്തെ രൂപതയായി 1978 ഒക്ടോബർ 28 ന് ജന്മമെടുത്ത ബത്തേരി രൂപതയുടെ ശുശ്രൂഷയുടെ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം നടത്തുകയാണീ ലേഖനത്തിലൂടെ.

1932 ജൂൺ 11-ന് പരി. പിതാവ് 11-ാം പീയൂസ് മാർപ്പാപ്പയുടെ അപ്പസ്തോലിക തിരുവെഴുത്തുപ്രകാരം സ്ഥാപിതമായ സീറോ മലങ്കര ഹയരാർക്കി മലങ്കരസഭൈക്യപ്രസസ്ഥാനത്തിന്റെ വളർച്ചയുടെ ചുവടുവെയ്പായിരുന്നു പമ്പാനദിക്ക് തെക്കുള്ള ഭാഗം തിരുവനന്തപുരം അതിരൂപ തയുടെയും പമ്പാനദിക്ക് വടക്ക് പൊന്നാനി വരെയുള്ള പ്രദേശം തിരുവല്ലാ രൂപതയുടെയും അധികാര പരിധിയിൽപ്പെട്ടവയായി ത്തീർന്നു. എന്നാൽ 1958 ഫെബ്രുവരി 14 നുള്ള ഡിക്രി

നിന്ന് കർണ്ണാടകയിലെ സൗത്ത് കാനറായിലേക്ക് കുടിയേറിപ്പാർത്ത മലങ്കരസഭാമക്കളുടെ ആത്മീയ ശുശ്രൂഷയ്ക്കായി മിഷൻ കേന്ദ്രങ്ങൾ തുറന്നു. താമസിയാതെ ബത്തേരി, നിലമ്പൂർ എന്നീ വൈദീക ജില്ലകളുടെ കീഴിൽ ഇടവകകളും മിഷൻ കേന്ദ്രങ്ങളും ഏകോപിക്കപ്പെട്ടു.

പുതുതായി രൂപീകരിക്കപ്പെട്ട മിഷ്യൻ പ്രദേശങ്ങളിൽ മലങ്കരസഭയുടെ വ്യക്തിത്വം ഉറപ്പാക്കുന്നതിനും ആ പ്രദേശങ്ങളിൽ സഭൈക്യ പ്രസ്ഥാനത്തിന് കൂടുതൽ മിഴിവു നല്കുന്നതിനുവേണ്ടി ഒരു പുതിയ രൂപത ആവശ്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് പുതിയ രൂപതയ്ക്കായി തിരുസിംഹാസനത്തിലേക്ക് അപേക്ഷസമർപ്പിച്ചു. മലങ്കരസഭയുടെ ഈ ആഗ്രഹത്തിന് മറുപടിയായിട്ടാണ് 1978 ഒക്ടോബർ 28ന് തിരുവല്ലാ രൂപത വിഭജിച്ച് സുൽത്താൻ ബത്തേരി ആസ്ഥാനമാക്കി ബത്തേരി രൂപത നിലവിൽ വന്നത്. അഭിവന്ദ്യ മാർ അത്താനാസിയോസ് തിരുമേനിയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ഇത്തരുണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

**ബത്തേരി രൂപത**


പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ അപ്പസ്തോലിക കോൺസ്റ്റി ട്യൂഷനിലൂടെ 1978 ഒക്ടോബർ 28 ന് ബത്തേരി രൂപത സ്ഥാപിതമായി. കേരളത്തിലെ വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളും തമിഴ്നാട്ടിലെ നീലഗിരി ജില്ലയും കർണ്ണാടകത്തിന്റെ മൈസൂർ, മാണ്ഡ്യ ഹസ്സൻ, ചിക്മാംഗ്ലൂർ, കൂർഗ്, ഷിമോഗ ദക്ഷിണകന്നഡ ജില്ലകളേയും ചേർത്ത് സുൽത്താൻബത്തേരി ആസ്ഥാനമാക്കി പുതിയ രൂപത സ്ഥാപിച്ചു. ഇത് സഭാചരിത്രത്തിലെ ഒരു പുതിയ അദ്ധ്യയമായിരുന്നു. ബത്തേരി

www.malankaralibrary.com



ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ നിയമിതനായി. 1978 -ഡിസംബർ 28-ന് പുനരൈക്യപ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായ തിരുമൂലപുരത്തുള്ള മാർ തെയോഫിലോസ് നഗറിൽ വെച്ച് ഭാഗ്യസ്മരണാർഹനായ ഐസക് മാർ യൂഹന്നാൻ തിരുമേനിയൊടൊന്നിച്ച് മലങ്കര സഭാ

75000 ച. കിലോമീറ്റർ വിസ്തൃതിയുള്ള സ്ഥലത്തെ നിവാസികളായ മലയാളം, തമിഴ്, കന്നട, തുളു എന്നീ വിവിധ ഭാഷ സംസാരിക്കുന്ന ജനസമൂഹത്തെയാണ് പുതിയ രൂപതയ്ക്കു ലഭിച്ചത്. രൂപതയുടെ പ്രാരംഭത്തിൽ 43 ഇടവകകളിലായി 8500 മലങ്കരകത്തോലിക്കരും 18 വൈദികരും 30 സന്യാസിനികളുമാണുണ്ടായിരുന്നത്.



ബത്തേരി ഭദ്രാസന ദേവാലയം

മേലദ്ധ്യക്ഷനായ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ കൈവെപ്പിനാൽ സിറിൽ റമ്പാച്ചൻ മേൽപ്പട്ട സ്ഥാനാഭിഷിക്തനായി.

1979 ഫെബ്രവരി 2 ന് പുതിയ ഭദ്രാസനത്തിന്റെ ആസ്ഥാനമായ ബത്തേരിയിൽ വെച്ച് ഭദ്രാസനാധിപനായ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ സെന്റ് തോമസ് കത്തീഡ്രലിൽ വെച്ച് ഔദ്യോഗികമായി സ്ഥാനം ഏറ്റെടുത്തു. പ്രസ്തുത ചടങ്ങിൽ മുഖ്യകാർമ്മികൻ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ആയിരുന്നു തിരുവല്ലാ രൂപതാദ്ധ്യക്ഷൻ ഐസക്ക് മാർ യൂഹന്നോൻ ചായൽ സ്ഥാനിക മെത്രാൻ അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് എന്നീ പിതാക്കൻമാർ സഹ കാർമ്മികരായിരുന്നു.

തിരുവിതാംകൂറിൽ നിന്നും കുടിയേറിപ്പാർത്തവരായിരുന്നു അധികമാളുകളും. ഇവർ ആത്മീയമായും വിദ്യാഭ്യാസപരമായും സമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. അതിനാൽ ആത്മീകമായും ലൗകീകമായും ഈ ജനതയെ ഉയർത്തുക എന്നതായിരുന്നു രൂപതയുടെ പ്രവർത്തന ലക്ഷ്യം. പുതിയ രൂപതാദ്ധ്യക്ഷന്റെ ക്രാന്തദർശിത്വവും സഭാശുശ്രൂഷയും കർമ്മോത്സുകരായ ഒരു പറ്റം വൈദികരുടെ അക്ഷീണപരിശ്രമവും രൂപതയെ ഉന്നതിയി ലേക്കുയർത്തി. പുനരൈക്യപ്രസ്ഥാനത്തിന്റെ തീഷ്ണത പലയിടങ്ങളിലും താരതമ്യേന കുറഞ്ഞിരുന്ന കാലഘട്ടത്തിൽ ബത്തേരി രൂപതയിൽ പുനരൈക്യപ്രസ്ഥാനത്തിന്റെ കുതിപ്പ് 43 ഇടവകകളിൽ നിന്ന് 110 ഇടവകകളായി

www.malankaralibrary.com



ഉയർത്തുവാൻ കഴിഞ്ഞു. അഭിവന്ദ്യപിതാവിന്റെയും വൈദികരുടെയും സന്യസ്തരുടെയും അത്മായ സഹോദരങ്ങളുടെയും തീഷ്ണമായ പ്രവർത്തന ഫലമാണ് ഈ വളർച്ച എന്ന് നമുക്ക് മനസ്സിലാക്കാം. ഈ കാലഘട്ടത്തിൽ പുനരൈക്യത്തിന് ഊടും പാവും നൽകി വളർത്തുവാൻ രൂപത കൂടുതൽ ശ്രദ്ധവച്ചിരുന്നു എന്നത് സന്തോഷകരമായ ഒരു വസ്തുതയാണ്.

വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥ യിലുള്ള ഈ പ്രദേശത്തെ ഉദ്ധരിക്കുന്നതിനായി ട്ടാണ് ബത്തേരിയിൽ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് സ്കൂളിന് തുടക്കമിട്ടത്. പ്രാരംഭത്തിൽ തന്നെ ഭദ്രാസനത്തിന് സ്വന്തമായി ഒരു മൈനർ സെമിനാരി ആരംഭിച്ച് വൈദിക പരിശീലനം തുടങ്ങി. അതിനായി 'ഗുരുകുലം' സെമിനാരി പണികഴിപ്പിച്ചു. അടിസ്ഥാനപരമായ വളർച്ചയ്ക്ക് തുടക്കമിടു കയായിരുന്നു ഇത് ഈ അവസരങ്ങളിലെല്ലാം മെത്രാസനമന്ദിരമായി ഉപയോഗിച്ചിരുന്നത് 1958-ൽ വൈദികർക്കുവേണ്ടി പണി കഴിപ്പിക്കപ്പെട്ട സാൻ ജോസ് വില്ല എന്ന കെട്ടിടമായിരുന്നു. ഈ കെട്ടിടത്തിൽ താമസിച്ചുകൊണ്ടാണ് അഭിവന്ദ്യ പിതാവ് രൂപതയുടെ മറ്റ് വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. രൂപതയുടെ ബാലാരി ഷ്ടതകൾക്ക് പരിഹാരം വന്നതിനുശേഷമാണ് ഈ കെട്ടിടം പൊളിച്ചുമാറ്റി തൽസ്ഥാനത്ത് ഇപ്പോഴത്തെ മെത്രാസന മന്ദിരം 1987-ൽ പണികഴിപ്പിച്ചത്.

**സഭാശുശ്രൂഷയും സാമൂഹ്യപ്രതിബദ്ധതയും**

ചിതറിക്കിടന്നിരുന്ന സഭാവിശ്വസികളെ സഭാ ജീവിതത്തിൽ ഒരു കൂട്ടായ്മയായി രൂപപ്പെടുത്തു കയായിരുന്നു പ്രഥമപരിപാടി. അതിനായി പുതിയ ഇടവകകളും മിഷ്യൻ കേന്ദ്രങ്ങളും തുറന്നു. ആയിരക്കണക്കിന് മലങ്കര മക്കൾ കത്തോലി ക്കാവിശ്വാസത്തിലേക്ക് കടന്നുവന്നത് ഈ കാലഘട്ടത്തിലാണ്. മതബോധനമണ്ഡലം, യുവജനപ്രേഷിതവിഭാഗം കുടുംബ പ്രേഷി തവിഭാഗം, ബൈബിൾ പ്രേഷിതവിഭാഗം സാമൂഹിക പ്രവർത്തനമണ്ഡലം (ശ്രേയസ്സ്) എന്നീ തലങ്ങളിലൂടെ സഭാ ജീവിതത്തിൽ വിശ്വാസികളെ ഉറപ്പിച്ചു. അടിസ്ഥാനപരമായ വിശ്വസപരി ശീലനത്തിലൂടെ മാത്രമേ നല്ലൊരു തലമുറയെ വാർത്തെടുക്കാൻ സാധിക്കൂ എന്ന ലക്ഷ്യപ്രാപ്തി ക്കായി 'ദൈവരാജ്യം അന്വേഷി ക്കുവിൻ' എന്ന പ്രമേയവുമായി വേദോപദേശപ്ര വർത്തനം 1979-ൽ തന്നെ ആരംഭിച്ചു. ബത്തേരി പ്രതീക്ഷയിലുള്ള 'ശ്രോതസ്സാണ്' ഈ പ്രസ്ഥാനത്തിന്റെ കേന്ദ്ര ഓഫീസ്. ഇന്ന് ഈ രംഗത്ത് ഡയറക്ടർ മേഖലാ ഡയറക്ടർമാർ, മതാദ്ധ്യാപകർ, ഇൻസ്പെക്ടർമാർ എന്നിവർ ശുശ്രൂഷ നടത്തിവരുന്നു.

സഭയോടൊത്തു ചിന്തിക്കുകയും സഭയെ കർമ്മോത്സുകമാക്കുകയും ചെയ്യുന്ന ഊർജ്ജസ്വല മായതും സാമൂഹ്യപ്രതി ബദ്ധതയുള്ളതുമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടു കൂടി പ്രവർത്തിക്കുന്ന പ്രേഷിതവിഭാഗമാണ് മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനം, ഈ പ്രസ്ഥാനത്തിലൂടെ അത്മായസഭാ സ്നേഹികളെ യുവജനനേതൃ ത്വനിരയിലേക്ക് വളർത്തിയെടുക്കാൻ സാധിച്ചു എന്നത് രൂപതയുടെ ഒരു വലിയ നേട്ടം തന്നെയാണ്. യുവജനപ്രസ്ഥാനത്തിനുവേണ്ടി കേരളത്തിൽ ഇദംപ്രഥമമായി സ്ഥാപിച്ച യൂത്ത് സെന്റർ 'പ്രതീക്ഷ' എന്ന പേരിൽ നിർമ്മിച്ചത് ഈ പ്രസ്ഥാനത്തിനു സഭ നല്കുന്ന പ്രാധാന്യം എത്ര വലുതാണെന്ന് എടുത്തു കാട്ടുന്നതാണ്. M.C.Y.M ന്റെ യൂണീറ്റുകൾ രൂപതയിലെ 110 ഇടവകകളിലും സജീവമായി പ്രവർത്തിച്ചുവരുന്നു.

ഗാർഹീകസഭയുടെ പ്രധാന്യം മനസ്സിലാക്കി രൂപതയുടെ ആരംഭത്തിൽ തന്നെ 'കുടംബ പ്രേഷിതവിഭാഗം' പ്രവർത്തിച്ചുവരുന്നു. ഇതിന്റെ കീഴിൽ എല്ലാ ഇടവകകളിലും മാതൃസംഘവും പിതൃ സംഘവും രൂപീകരിച്ചു പ്രവർത്തിക്കുന്നു. ഇടവകകളിലെ പ്രാർത്ഥനാ യോഗങ്ങൾക്ക് നേതൃത്വം നൽകുന്നത് ഈ പ്രേഷിതവിഭാഗമാണ്. ക്രിസ്തീയ കുടുംബ ജീവിതത്തിനു വേണ്ട എല്ലാ മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്ന ഒരു ശുശ്രൂഷാവേദിയായി ഈ വിഭാഗം പ്രവർത്തിക്കുന്നു കൂടാതെ വിവാഹ ഒരുക്ക സെമിനാറും നടത്തിവരുന്നു. ആനുകാലികവും സഭാപരവുമായ വിജ്ഞാനം പകർന്നു നൽകുന്ന ത്രൈമാസിക 'ജ്യോതിസ്' ഈ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചുവരുന്നു. പ്രായഭേദമെന്യേ എല്ലാവർക്കും വായിക്കാവുന്ന നല്ലൊരു മാസികയാണിത്. മാതൃസംഘവും പിതൃസംഘവും, ഇടവക, മേഖലാ രൂപതാതലത്തിൽ രൂപാന്തരപ്പെട്ട് എല്ലാ തലങ്ങളിലുമുള്ള ഭാരവാഹികളെ തെരഞ്ഞെടുത്ത് ഏകോപിച്ച് പ്രവർത്തിച്ചു വരുന്നതും മറ്റ് പ്രേഷിതരംഗങ്ങൾക്ക് ഒരു മാതൃകയാണ്. ഈ വിഭാഗത്തിന്റെ കേന്ദ്രഓഫീസ് 'പ്രതീക്ഷ'-യൂത്ത് സെന്ററിൽ തന്നെയാണ്.

www.malankaralibrary.com



കുട്ടികളുടെ ആത്മീകവും ഭൗതീകവുമായ വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന 'ബാലദീപം' രൂപതയിലെ സജീവമായ ഒരു പ്രേഷിതരംഗമാണ്. ബാലദീപത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്രിസ്റ്റീൻ ധ്യാനങ്ങൾ കുട്ടികൾക്ക് എന്നും മാർഗ്ഗനിർദ്ദേശം നൽകുന്നു.

വേദപുസ്തകാധിഷ്ഠിതമായ ജീവിതം നയിക്കാനുള്ള ഒരു ശുശ്രൂഷാരംഗമാണ് ബൈബിൾ പ്രേഷിതരംഗം ഭവനങ്ങളിൽ വേദപുസ്തകം എത്തിച്ച് നൽകുക, ബൈബിൾ കൺവൻഷനുകൾ നടത്തുക എന്നിവ ഈ പ്രേഷിതരംഗത്തെ പ്രവർത്തനങ്ങളാണ്.

മലങ്കരമക്കളുടെ മാത്രം ഉന്നമനം ലക്ഷ്യം വച്ചുകൊണ്ടുള്ള സാമൂഹ്യപ്രവർത്തനമല്ല ബത്തേരിരൂപതയുടേത്. രൂപതയിലെ ഇടവകകളെ കേന്ദ്രീകരിച്ചുള്ള മുഴുവൻ ജനങ്ങളുടെ വളർച്ചയെ ലക്ഷ്യമാക്കിയാണ് സമൂഹ്യസേവനപ്രവർത്തനരംഗത്തിന് 'ശ്രേയസ്സ്' രൂപം നൽകിയത്. എളിയ രീതിയിൽ പ്രവർത്തനം ആരംഭിച്ച ഈ രംഗം സമൂഹത്തിന്റെ സമഗ്രമായ വികസനത്തിന് നേതൃത്വം നൽകുന്നനിലയിൽ സമർപ്പണത്തിന്റെ ഇരുപതിലേറെ വർഷങ്ങൾ പൂർത്തീകരിച്ചിരിക്കുകയാണ്. 25000 കുടുംബങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ, സ്വയംതൊഴിൽ, ഭവനനിർമ്മാണം, SAFP മാഹിളാസമാജങ്ങൾ 120 ഓളം ആദിവാസികോളനികൾ, 1600-അയൽക്കൂട്ടങ്ങൾ ക്രെഡിറ്റുയൂണിയനുകൾ മുതലായവ ഈ പ്രവർത്തനങ്ങളിൽ ചിലതുമാത്രമാണ്. മനുഷ്യ-വിഭവശേഷി വികസനങ്ങൾക്ക് ഊന്നൽകൊടുത്തുകൊണ്ടുള്ള ശ്രേയസ്സിന്റെ പ്രവർത്തനങ്ങളും പരിശീലനങ്ങൾക്ക് ദേശീയ അംഗീകാരവും പ്രശംസ്സയും നേടിത്തന്നിട്ടുണ്ട്. സാക്ഷരതാ രംഗത്ത് പ്രവർത്തനത്തിന് കേരള സർക്കാറിൽ നിന്ന് 1993-ൽ അവാർഡ് ലഭിച്ചിട്ടുണ്ട് എന്നകാര്യം എടുത്തുപറയേണ്ടതാണ്.

വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിലായിരുന്ന ഒരു സമൂഹത്തിലാണ് ബത്തേരി രൂപത ആവിർഭവിച്ചത്. വിദ്യാഭ്യാസത്തിന്റെ അനിവാര്യത മനസ്സിലാക്കി ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആരംഭം കുറിക്കാൻ രൂപത ശ്രദ്ധിച്ചു. ആരംഭത്തിൽ 2 യു.പി. സ്കൂളുകളും 2 എൽ. പി. സ്കൂളുകളും, ഒരു നഴ്സറി സ്കൂൾ എന്നിവ മാത്രമുണ്ടായിരുന്ന ഇവിടെ ഇന്ന് ഒരു കോളേജ്, 2 ഹയർസെക്കണ്ടറി സ്കൂൾ, 6 ഹൈസ്കൂൾ, 14 യു.പി. സ്കൂൾ, 11 എൽ. പി. സ്കൂൾ 27 നേഴ്സറി സ്കൂൾ, 2 ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ഉണ്ട്. രൂപതയിലെ എല്ലാ പ്രവർത്തനരംഗങ്ങളിലും നേതൃത്വം നൽകുന്നതിന് പ്രാപ്തരായ അദ്ധ്യപകസമൂഹത്തെ വാർത്തെടുക്കുവാൻ രൂപതയ്ക്ക് സാധിച്ചിട്ടുണ്ട്. കുടുംബങ്ങളുടെ കെട്ടുറപ്പിനും വ്യക്തികളുടെ ആത്മീകവും ഭൗതീകവുമായ വളർച്ചയ്ക്കും വിദ്യാഭ്യാസമേഖലയിലുള്ള ഈ വികസനം സഹായകമായി ത്തീർന്നിട്ടുണ്ട്. നിരക്ഷരരായവരെ അക്ഷരലോകത്തിലേക്ക് വെളിച്ചം വീശാനും സാധിച്ചിട്ടുണ്ട്. S.S.L.C പരീക്ഷയിൽ 100 % വിജയം കരസ്ഥമാക്കുവാൻ നമ്മുടെ ഹൈസ്കൂളുകൾക്ക് സാധിച്ചുട്ടുണ്ട് എന്ന കാര്യം എടുത്തുപറയാ വുന്നതാണ്.

'വികാസ് കമ്മ്യുണിക്കേഷൻസ്' എന്ന പേരിൽ രൂപതയിലെ മാധ്യമവിഭാഗം മറ്റു പ്രേഷിത വിഭാഗങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നു. ക്രിസ്തീയ ഭക്തിഗാനങ്ങൾ അടങ്ങിയ ഏതാനും കാസറ്റുകൾ ഇതിനോടകം പ്രസിദ്ധീകരിച്ചുട്ടുണ്ട്.

സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലേക്ക് കടന്നു പ്രവർത്തിക്കുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള നേതാക്കന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യവുമായി പ്രവർത്തനമാരംഭിച്ച മലങ്കര കാത്തലിക്ക് അസോസ്സിയേഷനും രൂപതയുടെ സജീവ പ്രേഷിത വിഭാഗമാണ്- രൂപതയിലെ എല്ലാ ഇടവകകളിലും എം.സി.എ. യുടെ യൂണീറ്റ് പ്രവർത്തിച്ചുവരുന്നു.

### വളർച്ചയ്ക്കു പിന്നിൽ

പത്തൊൻപതു വർഷക്കാലം പിന്നിടും വരെ ഈ രൂപതയ്ക്ക് നേതൃത്വം നൽകിയത് അഭിവന്ദ്യ മാർ ബസ്സേലിയോസ്സ് മെത്രാപ്പോലീത്തായാണ്. വന്ദ്യപിതാവിന്റെ ദീർഘവീക്ഷണവും, ദർശനവും സമർപ്പണവും നേതൃത്വവുമാണ് ബത്തേരി രൂപതയുടെ എല്ലാനേട്ടങ്ങളുടെയും പിന്നിൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള അഭിവന്ദ്യപിതാവിന്റെ പ്രവർത്തനമാണ് രൂപതയുടെ ഉയർച്ചയ്ക്ക് നിദാനമായത്. അഭിവന്ദ്യപിതാവിനോടുള്ള കടപ്പാട് വാക്കുകളാൽ വിവരിക്കുവാൻ സാദ്ധ്യമല്ല എന്നും വന്ദ്യപിതാവിനോടുള്ള സ്നേഹവും കൃതജ്ഞതയും സസന്തോഷം അനുസ്മരിക്കുന്നു. രൂപതയുടെ പ്രഥമവികാരിജനറാൾ, മൈനർ സെമിനാരി റെക്ടർ തുടങ്ങിയ പ്രേഷിതമേഖലയിൽ ശ്രേഷ്ടസേവനമർപ്പിച്ച ദിവംഗതനായ മോൺ. മാത്യു നെടുങ്ങാട്ട

www.malankaralibrary.com



ച്ചനെയും ബ. വൈദികരെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

**പുതിയ നേതൃത്വം**

1995 നവംബർ 29-ാം തീയതി ബത്തേരി രൂപതയുടെ ഇടയനായ മാർ ബസ്സേലിയോസ് തിരുമേനിയെ മലങ്കരകത്തോലിക്കാ സഭാദ്ധ്യക്ഷനായും, തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്തായായും നിയമിച്ചുകൊണ്ടുള്ള പരിശുദ്ധപിതാവിന്റെ പ്രഖ്യാപനപ്രകാരം 1995 ഡിസംബർ 12-ാം തീയതി അഭിവന്ദ്യപിതാവ് തിരുവനന്തപുരത്തേക്ക് യാത്രയായി. 1995 ഡിസംബർ 14 മുതൽ 1997 ഫെബ്രുവരി 5 വരെ അഡ്മിനിസ്ട്രേറ്ററായി ബ. മോൺസിഞ്ഞോർ തോമസ്സ് താന്നിക്കാക്കുഴി സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. 1996 ഡിസംബർ 18-ാം തീയതി പരിശുദ്ധപിതാവ് റവ. ഡോ. വർഗ്ഗീസ് ഒറ്റത്തെങ്ങിലച്ചനെ ബത്തേരി രൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്തയായി നിയമിച്ചു. 1997 ഫെബ്രുവരി 5-ന് രൂപതയുടെ ഭരണച്ചുമതല ഏറ്റെടുത്തു. വൈദീകപരിശീലനരംഗത്ത് ദീർഘകാലം സേവനം അനുഷ്ഠിച്ച അനുഭവം മുതലാക്കികൊണ്ട് അഭിവന്ദ്യ ഗീവറുഗ്ഗീസ്സ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത തന്റെ ദൗത്യം ഏറ്റെടുത്തത്. അഭിവന്ദ്യ മാർ ബസ്സേലിയോസ് തിരുമേനി തുടങ്ങിവച്ച പദ്ധതികൾ അനുസ്യൂതം തുടർന്നു നടത്തുവാൻ കരുതൽ കാണിക്കുന്ന അഭിവന്ദ്യ മാർ ദിവാന്നാസിയോസ്സ് തിരുമേനി വിശ്വാസികളെ സഭാപരമായും ആത്മീയപരമായും ആഴത്തിൽ ഉറപ്പിക്കുവാൻ ബദ്ധശ്രദ്ധനാണ്. അചഞ്ചലമായ വിശ്വാസവും ജീവിതലാളിത്യവും നിശബ്ദസേവനമനോഭാവവും രൂപതയെ കൂടുതൽ ഉന്നതിയിലേക്ക് നയിക്കുന്നു. പുനരൈക്യരംഗത്ത് 8 ഇടവകകൾകൂടി പുതിയതായി ആരംഭിച്ചു. 20-ലധികം പള്ളികൾ നിർമ്മിക്കുകയും എരുമമുണ്ടിയിൽ പ്ലസ്സ് ടു ആരംഭിക്കുകയും ഭദ്രാവതിയിലും ഇങ്ങാപ്പുഴയിലും പുതിയ ഹൈസ്കൂളുകൾ ആരംഭിച്ചതും നേട്ടങ്ങളിൽ ചിലതുമാത്രം.

സഭയുടെ നട്ടെല്ല് വൈദികർ ആണ്. ബത്തേരി രൂപതയിലെ വൈദികരുടെ ത്യാഗപൂർണ്ണമായ ജീവിതസാക്ഷ്യം കൂടിയാണ് രൂപതയുടെ വളർച്ച. അഭിവന്ദ്യ പിതാവിനോട് ചേർന്നു നിന്നുകൊണ്ട് രൂപതയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി അധ്വാനിക്കുന്ന വൈദികരുടെ ശുശ്രൂഷ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ടവയാണ്. രൂപതാ വികാരി ജനറാൾ മോൺസിഞ്ഞോർ ഐസക്ക് തോട്ടുങ്കലിനോട് ചേർന്ന് 74 രൂപതാ വൈദികരും 10 സന്യസ്തവൈദികരും സഭാ ശുശ്രൂഷയിൽ ഉൾപ്പെട്ടു പ്രവർത്തിക്കുന്നു. ബത്തേരിയിലുള്ള ഗുരുകുലം സെമിനാരിയിലും, തിരുവനന്തപുരം മേജർ സെമിനാരിയിലുമായി 70-ഓളം സെമിനാരി വിദ്യാർത്ഥികൾ വൈദികശുശ്രൂഷക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു.


രൂപതയിലെ വിവിധ ശുശ്രൂഷാരംഗങ്ങളിൽ പ്രവർത്തിക്കുന്ന സന്യസ്ഥരുടെ സേവനം സ്തുത്യർഹമാണ്. ബഥനി ആശ്രമാംഗങ്ങൾ രൂപതയിലെ വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിക്കുന്നു. അജപാലനശുശ്രൂഷയ്ക്കായി ഏല്പിച്ചിരിക്കുന്ന സൗത്ത് കാനറാ ജില്ലയിലെ ബഥനി സമൂഹാംഗങ്ങളുടെ സേവനം ശ്ലാഘനീയമാണ്. നമ്പ്യാർകുന്ന് ധ്യാനാശ്രമം ക്രിസ്തീയ സന്യാസത്തെ ഭാരതീയരൂപത്തിലാക്കുവാനുള്ള ശ്രമത്തിന്റെ പ്രതിഫലനമാണ്. ബഥനി സന്യാസിനീസമൂഹം, മേരിമക്കൾ സമൂഹം, ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ്, ജോൺ ദി ബാപ്റ്റിസ്റ്റ് സിസ്റ്റേഴ്സ് എഫ്. എം. എം. സിസ്റ്റഴ്സ്, ഡി. എസ്സ്. എസ്സ്. സിസ്റ്റഴ്സ് തുടങ്ങിയ സന്യാസ സമൂഹങ്ങളിലായി 230 സന്യാസിനികൾ രൂപതയിൽ ശ്രേഷ്ഠമായ സേവനങ്ങൾ അനുഷ്ഠിച്ചുവരുന്നു. 116 ഇടവക, മിഷൻ കേന്ദ്രങ്ങളിലായി 25,000 മലങ്കര കത്തോലിക്കർ ഇന്ന് രൂപതയിലുണ്ട്.

**ഇനിയും മുന്നോട്ട്**

രൂപത നിലവിൽ വന്നിട്ട് 21 വർഷങ്ങൾ പൂർത്തിയായിരിക്കുന്നു. യൗവനപ്രായത്തിലേക്ക് പ്രവേശിച്ച സഭ പ്രസരിപ്പോടും ഊർജ്ജസ്വലതയോടും തീഷ്ണതയോടും കൂടി പ്രവർത്തിക്കേണ്ട കാലഘട്ടമാണ്. രൂപതയുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ വളർച്ചയ്ക്ക് നേതൃത്വം കൊടുക്കുന്ന അഭിവന്ദ്യ പിതാവിന്റെ കരങ്ങൾക്ക് ശക്തി പകരാൻ നമുക്ക് പരിശ്രമിക്കാം. ഈ രൂപതയുടെ വളർച്ചയ്ക്കായി അക്ഷീണം പരിശ്രമിച്ചവരെ നന്ദിയോടെ അനുസ്മരിച്ചുകൊണ്ട് ഇനിയും മുന്നോട്ട് യാത്ര തുടരാം........

www.malankaralibrary.com





# മാർത്താണ്ഡം രൂപത

**മോൺ ജോസഫ് പ്ലാങ്കാല**
(വികാരി ജനറാൾ മാർത്താണ്ഡം രൂപത)

### ഭൂമിശാസ്ത്രപരമായി

ഭാരതത്തിന്റെ തെക്കേമുനമ്പായ കന്യാകുമാരി ജില്ലയിലെ ഒരു പട്ടണമാണ് മാർത്താണ്ഡം. 1956-വരെ കന്യാകുമാരി ജില്ല കേരളത്തിന്റെ ഭാഗമായും അതിനുശേഷം തമിഴ്നാടിന്റെ ഭാഗമായും മാറി. കാരണം ഇവിടത്തെ ജനം തമിഴാണ് മാതൃഭാഷയായി ഉപയോഗിക്കുന്നത്. നല്ലൊരു ശതമാനം ആളുകൾ മലായളവും മാതൃഭാഷയായി ഉപയോഗിക്കുന്നുണ്ട്. മിക്ക ആളുകളും തമിഴും മലയാളവും ഒന്നുപോലെ സംസാരിക്കും. ഭൂപ്രകൃതി അനുസരിച്ച് ഈ ജില്ല കേരളത്തിന്റേതു പോലെയാണ്. കാലാവസ്ഥയിലും ഒട്ടും മാറ്റമില്ല. കൃഷി തെങ്ങും, നെല്ലും റബ്ബറുമാണ്. നെല്ലും, വാഴയും, വൃക്ഷങ്ങളും എല്ലാം തന്നെ കേരളത്തിന്റേതുപോലെ. പണ്ടത്തെ കേരളത്തിന്റെ നെല്ലറയായ നാഞ്ചിനാടും ഈ ജില്ലയിലാണ്. എല്ലാംകൊണ്ടും സമൃദ്ധമായ ജില്ല. വിദ്യാഭ്യാസപരമായും വളരെയേറെ മുൻപന്തിയിലാണ്. മെഡിക്കൽ കോളേജ് ഒഴിച്ചാൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ധാരാളം ഇവിടെയുണ്ട്. ജനസാന്ദ്രതയും കൂടുതലാണ്. റോഡും തോടും കുന്നുംകുഴിയും ആറും അണക്കെട്ടുകളും കൊണ്ട് അലംകൃതമാണ് കന്യാകുമാരി ജില്ല.

### ചരിത്രത്തിലേക്കു ഒരു നോട്ടം

നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ രക്ഷാകരദൗത്യവുമായി 12 അപ്പസ്തോലന്മാരിലൊരാളായ വി. തോമശ്ലീഹാ A.D 52ൽ തന്നെ ഭാരതത്തിൽ വന്നു. പിടിവാശിയുള്ള ഇൻഡ്യക്കാരെ ക്രിസ്ത്യാനികളാക്കാൻ പിടിവാശിക്കാരനായ വി. തോമാശ്ലീഹായെയാണ് യേശുതമ്പുരാൻ പറഞ്ഞയച്ചത്. അന്ന് അദ്ദേഹം തന്റെ പ്രേഷിതവേല തെക്കേഇൻഡ്യയിൽ കേന്ദ്രീകരിച്ചു തുടങ്ങി. തിരുകൊച്ചിയിൽ ഏഴര പള്ളികളും സ്ഥാപിച്ചു. അന്നത്തെ തിരുവിതാംകൂർ കൊച്ചിയുടെ ഭാഗമായിരുന്ന കന്യാകുമാരി ജില്ലയിലാണ് അരപള്ളി സ്ഥാപിക്കപ്പെട്ടത്. തിരുവിതാംകോട് എന്ന സ്ഥലത്ത് ഇന്നും അത് നിലനില്ക്കുന്നു. 16-ാം നൂറ്റണ്ടിൽ പോർട്ടുഗീസുകാർ വരുന്നതുവരെ വളർച്ച അത്രകണ്ടു പ്രോത്സാഹജനരീതിയിലല്ലായിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടി ക്രിസ്തീയ സമൂഹം ഇൻഡ്യയിൽ വളർന്നു. തുടർന്നു വന്ന British Colonilism വളരെയേറെ ശ്രദ്ധേയമായരീതിയിൽ സ്വാധീനം ചെലുത്തി സുവിശേഷവേലചെയ്തു. 1542 May 6-ാം തീയതി Goa-യിൽ വന്ന വി. ഫ്രാൻസിസ് സേവ്യറിന്റെ പ്രവർത്തന മണ്ഡലം കന്യാകുമാരി ജില്ലയായിരുന്നു. അങ്ങനെ രണ്ടു വിശുദ്ധന്മാരുടെ പാദസ്പർശമേറ്റ സ്ഥലമായ കന്യാകുമാരി ജില്ല ക്രിസ്തീയത്വത്തിൽ ഭാരതത്തിലെ മറ്റേത് ജില്ലകളെക്കാളും മുന്നിലാണ്. 65-നും 70-നും ഇടയ്ക്ക് ശതമാനം ക്രസ്ത്യനികളായി ഇവിടുത്തെ ആളുകൾ മാറി. 1930-ലെ പുനരൈക്യവും ഈ പ്രേഷിതവേലക്കു ത്വരിതം കൂട്ടി. 1933-മുതൽ പ്രഗൽഭരായ പുനരൈക്യപ്രസ്ഥാനത്തിലെ വൈദികരും ഫ്രാൻസിസ്ക്കൻ സന്യാസികളും പ്രവർത്തിച്ചതിന്റെ ഫലമായി 62, 837 പേർ കൂടുതലും പേർ ഹിന്ദുമതത്തിൽ നിന്നും മാമോദീസാ സ്വീകരിച്ചു ക്രിസ്ത്യനികളായി, ഇന്നു അതൊരു രൂപതയായി മാറിയിരിക്കയാണ്. അതാണ് മാർത്താണ്ഡം രൂപത. കൂടാതെ സീറോ മലബാർ കത്തോലിക്കരും ഇവിടെ പ്രവർത്തിച്ചതിന്റെ ഫലമായി അവർക്കൊരു രൂപതയുമുണ്ടായി (തക്കല). അങ്ങനെ ആകെ മൂന്ന് കത്തോലിക്കാ രൂപതകളും ഒരു C.S.I രൂപതയും


www.malankaralibrary.com



കന്യാകുമാരി ജില്ലയിലുണ്ട്.

**പുനരൈക്യപ്രസ്ഥാനം കന്യാകുമാരിജില്ലയിൽ**

മാർ ഈവാനിയോസ് തുടങ്ങിയ പുനരൈക്യപ്രസ്ഥാനം കന്യാകുമാരിജില്ലയിലും സുവിശേഷവത്കരണത്തിനു കളമൊരുക്കി. 1956-വരെ കേരളത്തിന്റെ ഭാഗമായിരുന്ന കന്യാകുമാരി ജില്ലയിലും പ്രേഷിത പ്രവർത്തനം ആരംഭിച്ചു. പ്രഗത്ഭന്മാരായ ഇടവകവൈദികരും സന്യാസവൈദികരും ഫ്രാൻസിസ്കൻ ബ്രദേഴ്സും ഇതൊരു കൊയ്ത്തുകളമായി കണ്ടു. കൊയ്ത്തു ആസ്വദിച്ച വ്യക്തികൾ ധാരാളമാണ്. ഒരേ സ്ഥലത്ത് മാർത്താണ്ഡത്ത് 49 കൊല്ലം പ്രവർത്തിച്ച ഫാദർ ജോസഫ് കുഴിഞ്ഞാലിയും ബഹു. ആറാംഞ്ചേരിയച്ചനും ബഹു. റെയ്മണ്ട് O.C.D അച്ചനും മറ്റും പ്രത്യേകം എടുത്തുപറയപ്പെടേണ്ട വ്യക്തികളാണ്. ഇവരൊക്കെ മാർത്താണ്ഡം, ചെല്ലങ്കോണം, കീരാത്തൂർ, മരിയഗിരി, അമ്പിലികോണം എന്നീപ്രദേശങ്ങൾ കേന്ദ്രീകരിച്ചു സമീപപ്രദേശങ്ങളിലെല്ലാം പ്രേഷിത വേല ചെയ്തു. ഈ ലക്ഷ്യപ്രാപ്തിക്കു വേണ്ടി Msgr. ജോസഫ് കുഴിഞ്ഞാലിൽ ഒരു സന്യാസിനി സമൂഹം 1938-ൽ Daughters of Mary എന്ന പേരിൽ തുടങ്ങി. മിഷ്യൻ പ്രവർത്തനത്തിനുവേണ്ടി തുടങ്ങപ്പെട്ട ഈ സമൂഹം ഇന്ന് Pontifical Status വരെ എത്തുകയും 742 സന്യാസിനിമാരുടെ ഒരു പ്രസ്ഥാനമായി മാറി. ഇവരുടെ അർപ്പണ മനോഭാവത്തോടുകൂടിയ ലളിതജീവിതവും പ്രാർത്ഥനയും പ്രവർത്തനവും ഇവിടത്തെ ആളുകളിൽ ചലനം ഉളവാക്കി. അങ്ങനെ എല്ലാവരുടെയും പ്രവർത്തനഫലമായി ധാരാളം പള്ളികളും പള്ളിക്കൂടങ്ങളും മഠങ്ങളും മറ്റു സ്ഥാപനങ്ങളും ഉണ്ടായി. കന്യാകുമാരി ജില്ലയിലെ മലങ്കരമക്കളെക്കൊണ്ടു ഒരു രൂപതതന്നെ ഉണ്ടായി. ഇവിടത്തെ സംഭാവനയായി 18 ഇടവകവൈദികരും 2 സന്യാസവൈദികരും ഒരു S.V.D ബ്രദറും 15 D.M. Sisters ഉം മറ്റു മറ്റുസമൂഹങ്ങളിലായി 8 Sisters ഉം ഉണ്ട്. കൂടാതെ 50 വൈദികവിദ്യാർത്ഥികളും 6 സന്യാസവൈദികവിദ്യാർത്ഥികളും സെമിനാരികളിൽ കളിൽ പഠനം നടത്തുന്നുണ്ട്. കൂടാതെ 8 സന്യാസിനികളും ഉണ്ട്. മിക്കവാറും ഉള്ള ദേവാലയങ്ങൾ ആരാധനാ സമയത്ത് വിശ്വാസികളെ ക്കൊണ്ടു നിറഞ്ഞുകവിഞ്ഞു നില്ക്കുന്ന ദൃശ്യം ആരാധനക്കു കൊഴുപ്പുകൂട്ടും. ഇവിടത്തെ Legion of Mary, Vincent De' Paul, Kolping, M.C.A, M.C.Y.M. സംഘടനകളും വിശ്വാസവളർച്ചയെ എടുത്തുകാട്ടുന്നുണ്ട്.



മാർത്താണ്ഡം ഭദ്രാസന ദേവാലയം

**മാർത്താണ്ഡം രൂപത**

1995 ഡിസംബർ 14-ാം തീയതി അഭിവന്ദ്യപിതാവ് സിറിൾ മാർ ബസേലിയസ് തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ ചുമതല ഏറ്റെടുത്തതുമുതൽ മാർത്താണ്ഡം രൂപതയ്ക്കുവേണ്ടി പരിശ്രമിച്ചു. അതിന്റെ ഫലമായി തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയ്ക്ക് ഒരു രൂപത, മാർത്താണ്ഡം രൂപത 1996 ഡിസംബർ 16-ാം തീയതി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ തിരുവനന്തപുരം അതിരൂപതയെ വിഭജിച്ച് പ്രഖ്യാപിച്ചു; പ്രഥമ മെത്രാപ്പോലീത്തയായി അഭിവന്ദ്യ ലോറൻസ് മാർ എഫ്രേം തിരുമേനിയെ നിയമിക്കുകയും ചെയ്തു.. അദ്ദേഹം 1997 ജനുവരി 1-ാം തീയതി സ്ഥാനമേറ്റു. എന്നാൽ അധികനാൾ കഴിയും മുമ്പ് 1997 ഏപ്രൽ 8-ാം തീയതി കാലം ചെയ്തു. പിൻഗാമിയായി അഭിവന്ദ്യ യോഹന്നാൻ മാർ ക്രിസോസ്റ്റോം തിരുമേനി 1998 ജൂലൈ 1-ാം തീയതി സ്ഥാനമേറ്റു. 27 ഇടവകവൈദികരുടെയും

www.malankaralibrary.com



7-സന്യാസി വൈദികരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനവും Daughters of Mary സന്യാസിനി സമൂഹത്തിന്റെയും S.I.C സന്യാസിനിസമൂഹത്തിന്റെയും സേവനവും അത്മായസംഘടനകളുടെ പ്രവർത്തനവും ഒത്തുചേർന്ന് മാർത്താണ്ഡം രൂപത ലെബനോനിലെ കാരിരുകിൽ പോലെ പടർന്നു വളരുകയാണ്. അതിനുനേതൃത്വം നൽകുന്ന മാർത്താണ്ഡം രൂപതയുടെ മെത്രാപ്പോലീത്താ യൂഹന്നാൻ മാർ ക്രിസോസ്റ്റം വലിയ പങ്കു വഹിക്കുന്നുണ്ട്. എടുത്തുപറയത്തക്കവിധം ഈ രൂപത വളരുന്നു. അങ്ങനെ; രൂപതയ്ക്ക് മാർത്താണ്ഡത്തിന്റെ ഹൃദയഭാഗത്തുതന്നെ സ്വന്തമായൊരു അരമനയും വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനുവേണ്ടി 13 ഏക്കർ പുരയിടവും അവിടെ കെട്ടിടത്തിന്റെ പണിയും ധൃതഗതിയിൽ നടക്കുന്നു. 5 ദേവാലയങ്ങളും പുതുതാക്കി പണിതു. പലപഴയദേവാലയങ്ങളും പുതുക്കിപ്പണിതു. വിദ്യാഭ്യാസസ്ഥാപനങ്ങളും ആരംഭിച്ചു. രണ്ട് ഹൈയർ സെക്കണ്ടറി സ്കൂളും, ഒരു ഹൈസ്കൂളും ഒരു മിഡിൽ സ്കൂളും പുതുതായി തുടങ്ങി. കൂടാതെ ഒരു സ്വാശ്രയ കോളേജിന്റെ വളർച്ചയ്ക്ക് പൂർണ്ണരൂപം കൊടുത്തു. 3 ഇടത്തുവൈദികമന്ദിരങ്ങൾ പുതുതായി പണിതു; പലതും പുതുക്കി. സ്ഥലസൗകര്യങ്ങളില്ലാതിരുന്ന ഇടവകകൾക്കു ഭൂമി വാങ്ങി സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. അങ്ങനെ എല്ലാ വിധത്തിലും വളർച്ചയുടെ പാതയിലാണ്, ഇന്ന് മാർത്താണ്ഡം രൂപത.

**സ്ഥാപനങ്ങൾ ഒറ്റ നോട്ടത്തിൽ**

| | |
|---|---|
| ജനസംഖ്യ | 62,837 |
| വൈദികർ | 30 |
| വൈദികവിദ്യാർത്ഥികൾ | 50 |
| കലാലയം | 2 |

**സ്കൂൾ**

| | |
|---|---|
| Higher Secondary | 2 |
| High School | 3 |
| Middle School | 3 |
| Primary | 6 |
| Matriculation | 3 |
| Orphanage | 3 |
| Home for aged | 2 |
| Hospital | 2 |
| Press | 1 |
| Hostel | 2 |

**നന്ദിയുടെ ഒരുവാക്ക്**

മാർത്താണ്ഡം രൂപതയുടെ ഉത്ഭവത്തിനു വേണ്ടി മുൻകൈയെടുത്തു പ്രവർത്തിച്ച അഭിവന്ദ്യപിതാവ് സിറിൾ മാർ ബസ്സേലിയോസ് തിരുമേനിക്കും അപേക്ഷ അംഗീകരിച്ചു രൂപതയ്ക്കു അംഗീകാരം തന്ന പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായ്ക്കും, പ്രഥമമെത്രാപ്പോലീത്തയായിരുന്ന കാലം ചെയ്ത ലോറൻസ് മാർ എപ്രേം തിരുമേനിക്കും, ഇന്നു രൂപതയുടെ വളർച്ചക്കുവേണ്ടി അദ്ധ്വാനം ചെയ്യുന്ന അഭിവന്ദ്യ യൂഹന്നാൻ മാർ ക്രിസോസ്റ്റംഫർ തിരുമേനിക്കും ഇതിനൊക്കെ വിത്തും വളവും വെള്ളവും ഒഴിച്ചു വളർത്തിയ കാലം ചെയ്ത അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിനും ഇവിടെ പ്രവർത്തിച്ച് മരിച്ചുപോയ എല്ലാവൈദികർക്കും സന്യാസിനി സന്യാസികൾക്കും എല്ലാറ്റിനുമുപരി സർവ്വശക്തനായ ദൈവത്തിനും നന്ദിപറഞ്ഞുകൊള്ളുന്നു.


*With best compliments of:*

MAVILA AGENCIES

**MALLAPPALLY**

www.malankaralibrary.com





# ജർമ്മനിയിലെ മലങ്കര കത്തോലിക്കാ സമൂഹം

ഫാ. ജോൺ വർഗീസ് ഈശ്വരൻകുടിയിൽ
(കോ. ഓർഡിനേറ്റർ)

**1960**-കളുടെ ആരംഭത്തിലാണ് മലങ്കര കത്തോലിക്കാസഭയും ജർമ്മൻ സഭയും തമ്മിലുള്ള ബന്ധത്തിന്റെ തുടക്കം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമ്മേളനകാലത്ത് റോമിൽവെച്ച് ഇരുസഭകളിലെയും മെത്രാന്മാർക്ക് പരസ്പരം മനസിലാക്കുന്നതിനും സ്നേഹബന്ധം സ്ഥാപിക്കുന്നതിനും ധാരാളം അവസരങ്ങൾ ലഭിച്ചു. 1960-ൽ മ്യൂനിക്കിൽ നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സിൽ കാലം ചെയ്ത അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി സംബന്ധിച്ചിരുന്നു. 1964-ൽ ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സും ഭാരതസഭയും ജർമ്മൻ സഭയും തമ്മിലുള്ള ബന്ധം സുദൃഢമാക്കാൻ സഹായകരമായി. ഈ കാലയളവിൽ സീറോമലബാർ സഭയിൽ നിന്ന് ധാരാളം പെൺകുട്ടികൾ ജർമ്മനിയിലെ കന്യാമഠങ്ങളിൽ പരിശീലനത്തിനായി ചേർന്നു തുടങ്ങിയിരുന്നു. ചില രൂപതകൾ മെഡിസിൻ പഠനരംഗത്തേക്ക് ധാരാളം പേരെ ജർമ്മനിയിലേക്ക് അയച്ചു. 1963-ലാണ് തിരുവല്ലാ രൂപതയിൽ നിന്നും വിവിധ ഇടവകകളിലെ പെൺകുട്ടികളെ നേഴ്സിംഗ് പരിശീലത്തിന് ജർമ്മനിയിലേക്ക് അയച്ചു തുടങ്ങിയത്. 1963-ൽ ബഹു. ജോൺ ഇലവുങ്കൽ, ഐസക് പുലിപ്പാറ എന്നിവരെ അത്തനാസിയോസ് തിരുമേനി വൈദിക പരിശീലനത്തിനായി ജർമ്മനിയിലേക്ക് അയച്ചു. തിരുവനന്തപുരം അതിരൂപതയിൽ നിന്ന് ജോസഫ് തടത്തിൽ, തോമസ് പടിയംകുളം എന്നിവരും ഇക്കാലയളവിൽ വൈദികപരിശീലനത്തിനായി ജർമ്മനിയിൽ എത്തി. 1967-ൽ റോയി കരോട്ട്, ജോൺ വർഗീസ് ഈശപരൻകുടിയിൽ എന്നിവരും വൈദികവദ്യാഭ്യാസത്തിനായി അയയ്ക്കപ്പെട്ടു. 1965-ൽ മാർ അത്താനാസിയോസ് തിരുമേനി കെണിക്സ്റ്റൈനിൽ വെച്ച് ബഹു. തോമസ് ഇലവുങ്കലിന് വൈദിക പട്ടം നൽകി. റോമിൽ ഉപരി പഠനം നടത്തിയിരുന്ന വൈദികർ അവധിക്കാലത്ത് ജർമ്മനിയിൽ ആത്മീയശുശ്രൂഷയ്ക്ക് എത്തിയിരുന്നു. ഇങ്ങനെ ജർമ്മൻ സഭയും ഭാരതസഭയും പ്രത്യേകിച്ച് മലങ്കരകത്തോലിക്കാ സഭയും സുദൃഢമായ ബന്ധം വളർത്തിയെടുത്തു.

മലങ്കരകത്തോലിക്കരെല്ലാം ജർമ്മൻ നിയമമനുസരിച്ച് കത്തോലിക്കർ എന്ന സംജ്ഞയിൽ ഉൾപ്പെടുന്നതിനാൽ കൃത്യമായ കണക്ക് പറയുക പ്രയാസമാണ്. നേഴ്സിംഗ് പരിശീലനത്തിന് വന്ന യുവതികളും വൈദികരുടെ സഹായത്തോടെ ജോലിയന്വേഷിച്ച് വന്ന യുവാക്കന്മാരുമാണ് ജർമ്മനിയിലെ ആദ്യ മലങ്കരകത്തോലിക്കരെങ്കിൽ, പിന്നീട് നേഴ്സുമാരുടെ വിവാഹാനന്തരം അവരുടെ ഭർത്താക്കന്മാരും ജർമ്മനിയിൽ എത്തിച്ചേർന്നു. ജർമ്മൻ ഗവൺമെന്റിന്റെ ഫാമിലിയൻ സുസാമ്മൻ സിറ്റ്സുങ്ങ് (കുടുംബങ്ങളുടെ ഒന്നുചേരൽ) നയം മൂലം വിവാഹം കഴിഞ്ഞാലുടനെ ഭർത്താക്കന്മാർക്കും ജർമ്മനിക്ക് വരുവാൻ എളുപ്പമായിരുന്നു.

വിശ്വാസികളുടെ ആത്മീയ ഉന്നമനത്തിന് ഏതൊക്കെ സംവിധാനങ്ങളും സ്വാതന്ത്ര്യവും ആവശ്യമാണോ അതിലെല്ലാം നമ്മെ

www.malankaralibrary.com



പ്രോത്സാഹിപ്പിക്കുവാൻ ജർമ്മൻ സഭ ഒരുക്കമാണ്. കഴിഞ്ഞ ആറ് വർഷങ്ങളായി വിറ്റ്ലിഷ് എന്ന സ്ഥലത്ത് മലങ്കര കത്തോലിക്കരുടെ സെമിനാർ നടന്നുവരുന്നു. ഈ സെമിനാറിന്റെ ചെലവിന്റെ സിംഹഭാഗവും സെമിനാറിൽ സംബന്ധിക്കുന്നവരുടെ രൂപതകളാണ് വഹിക്കുന്നത്. നമ്മൾ ഒരുമിച്ച് കൂടുന്നതും സഭയായി വളരുവാൻ പരിശ്രമം നടത്തുന്നതും എല്ലാം ജർമ്മൻ സഭ സന്തോഷത്തോടെ പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ ആരാധന നടത്തുന്നതിന് ദൈവാലയങ്ങൾ വിട്ടുതരുന്നതിനും ഒരു തടസ്സവുമുണ്ടാകുകയില്ല. ഞാൻ വികാരിയായിരുന്ന പള്ളിയിൽ തന്നെ എല്ലാ ഞായറാഴ്ചയും 12.30-ന് പോളണ്ടുകാരുടെ കുർബാനയുണ്ട്. കോപ്റ്റിക് ഓർത്തഡോക്സുകാർ കൊറിയാക്കാർ ഇവരെക്കെ പള്ളി ആരാധനയ്ക്കായി ഉപയോഗിക്കുന്നുണ്ട്. ഇതിനൊന്നും വാടകപോലും ഈടാക്കുന്നില്ല. പക്ഷേ ജർമ്മനിയിലെ ഓരോ ഇടവകയും ഒരു വർഷത്തെ പ്രോഗ്രാം മുൻകൂട്ടി തയ്യാറാക്കുന്നു. അപ്പോൾ ഈ പ്രോഗ്രാമിനെ ബാധിക്കാത്തരീതിയിൽ മലങ്കരകത്തോലിക്കരുടെ ഒരു വർഷത്തെ പരിപാടികൾ മുൻകൂട്ടി ക്രമീകരിക്കുവാൻ സാധിക്കണം.

മലങ്കരസഭാംഗങ്ങൾ എല്ലാവരും തന്നെ മാന്യമായ തൊഴിലുള്ളവരും അദ്ധ്വാനശീലരും നല്ല ബന്ധങ്ങൾ പുലർത്തുന്നവരുമാണ്. ആ നിലയ്ക്ക് ജർമ്മൻ സമൂഹത്തിന്റെ അംഗീകാരവും ആദരവും അവർക്കുണ്ട്. സാമൂഹ്യവും സാംസ്കാരികവുമായ വൈഷമ്യങ്ങൾ ജർമ്മൻ മലയാളികൾക്കുണ്ട്. ജർമ്മൻ പൗരത്വം സ്വീകരിച്ച് ജർമ്മനിയിൽ താമസിക്കണോ, വേണ്ടയോ എന്ന് തീരുമാനമെടുക്കാനാവാതെ പലരും വിഷമിക്കുന്നുണ്ട്. കുട്ടികളാണ് മുതിർന്നവരുടെ വലിയ ഭീതിഹേതു. ജർമ്മനിയിൽ ജനിച്ചുവളർന്ന കുഞ്ഞുങ്ങൾ ജർമ്മൻ സംസ്കാരത്തിനനുരൂപമായിട്ടാണ് ജീവിക്കുന്നത്. അതേ സമയം ഭാരതത്തിലെപോലെ കർശനമായ നിയന്ത്രണത്തിലും അച്ചടക്കത്തിലും കുട്ടികൾ വളരണമെന്ന് മാതാപിതാക്കൾ ശാഠ്യം പിടിക്കുന്നുണ്ട്. ഇത് പലപ്പോഴും കുടുംബങ്ങളിൽ അസ്വസ്ഥതയ്ക്ക് കാരണമായിത്തീരുന്നു. ഇൻഡ്യൻ വംശജരെന്നുള്ള വിവേചനം കുട്ടികൾ ഭാവിയിൽ നേരിടേണ്ടിവരുമെന്നുള്ള ആശങ്ക മാതാപിതാക്കൾക്കുണ്ട്. നമ്മുടെ ആരാധനാക്രമം ബോറിങ്ങ് ആണെന്ന് കുട്ടികൾക്ക് അഭിപ്രായമുണ്ട്. ഭാഷ വശമില്ലാത്തതുകൊണ്ട് ആരാധനാക്രമത്തിന്റെ മാധുര്യം അവർക്ക് രുചിക്കുന്നില്ല. ഇങ്ങനെയുള്ള നിരവധി ആശയക്കുഴപ്പങ്ങളിലുഴലുന്ന നമ്മുടെ ആളുകൾക്ക് ക്രീയാത്മകമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ സഭ ശ്രദ്ധിക്കണം. ഇത്തരം ജീവിതപ്രശ്നങ്ങൾ ചർച്ചചെയ്യാനുള്ള വേദികൾ സൃഷ്ടിക്കണം. ജർമ്മനിയിൽ ഒട്ടുംതന്നെയില്ലാത്ത കുടുംബപ്രാർത്ഥന നമ്മുടെ കുടുംബങ്ങൾ ഇന്നും കാത്തുസൂക്ഷിക്കുന്നു.

ജർമ്മനിയിലെ മലങ്കരസഭാമക്കളുടെ ആഗ്രഹം മാനിച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാനും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുമായി മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ 1996 ഒക്ടോബർ മാസത്തിൽ ഈ ലേഖകനെ കോഓർഡിനേറ്ററായി നിയമിക്കുകയുണ്ടായി.

ജർമ്മനിയിലെ വിവിധസ്ഥലങ്ങളിലായി ചിതറിപ്പാർക്കുന്ന സഭാംഗങ്ങളെ കണ്ടെത്തി രജിസ്റ്റർ ചെയ്യുന്ന ആദ്യനടപടിയാണ് തുടർന്ന് നടന്നത്. ഇതിനകം 450 വ്യക്തികൾ കോഓർഡിനേറ്ററുടെ പക്കൽ പേരുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇനിയും ഏതാണ്ട് ഇരുനൂറോളം വ്യക്തികൾ രജിസ്റ്റർ ചെയ്യാനുണ്ടെന്ന് കണക്കാക്കപ്പെടുന്നു. അതായത് അറുനൂറിനും എഴുനൂറിനും ഇടയ്ക്ക് മലങ്കരസഭാംഗങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുക.

1997-ൽ ജർമ്മനിയിലെ സഭാംഗങ്ങൾക്കായി ഫ്രാങ്ക്ഫുർട്ട്, ബോൺ, ഹൈഡൽബർഗ്, മൈൻസ്, ക്രേഫെൽഡ്, ഡോർട്ട്മുണ്ട് എന്നീ മേഖലകൾ രൂപീകരിക്കുകയും ഓരോ മേഖലയിൽ നിന്നും നാലംഗങ്ങൾ വീതമുള്ള റീജിയണൽ കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്തു. കൂടാതെ കോഓർഡിനേറ്ററുടെ ഉപദേശകസമിതി രൂപീകരിച്ച് 15 വ്യക്തികളെ ഉൾപ്പെടുത്തുകയും ചെയ്തു.

ജർമ്മൻ മലങ്കരകത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾക്ക് കോഓർഡിനേറ്ററും ഉപദേശകസമിതിയംഗങ്ങളും മേഖലകമ്മറ്റിയംഗങ്ങളും നേതൃത്വം നൽകുന്നു. ക്രിസ്തുമസ്, ഹാശാ-ക്യംതാ, പെന്തക്കുസ്താ എന്നീതിരുനാൾ സമയങ്ങളിലും വർഷത്തിൽ പലപ്രാവശ്യങ്ങളിലായി നടത്തുന്ന ശുശ്രൂഷകളും ക്രമമായി നടത്തപ്പെടുന്നു. കോഓർഡിനേറ്റർ ഒരു ജർമ്മൻ ഇടവകയുടെ വികാരിയായിരിക്കുന്നതുകൊണ്ട് എല്ലാ ശുശ്രൂഷകളിലും സംബന്ധിക്കുവാൻ ബുദ്ധിമുട്ടുണ്ട്. ബൽജിയത്തെ ലുവൈൻ സർവ്വകലാശാലയിൽ പഠിക്കുന്ന ബഹു. വൈദികർ കോഓർഡിനേറ്ററെ ഇത്തരുണത്തിൽ സഹായി

www.malankaralibrary.com



ക്കുന്നു. കൂടാതെ ചില മേഖലകളിൽ പ്രാർത്ഥനാ യോഗങ്ങൾ, ധ്യാനയോഗങ്ങൾ, സെമിനാറുകൾ എന്നിവ ആവശ്യാനുസരണം നടത്തപ്പെടുന്നുണ്ട്.

**ഉപസംഹാരം**

നാളിതുവരെ നടന്ന പ്രവർത്തനങ്ങളിൽനിന്നും ഇപ്പോഴുള്ള 6 മേഖലകളെ നാലായി ചുരുക്കുന്നത് കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്ന് തോന്നിതുടങ്ങിയിട്ടുണ്ട്. നാലുമേഖലകളായി ചുരുക്കുന്നതിനെ സംബന്ധിച്ചുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുന്നു. സഭാപ്രവർത്തനങ്ങൾ ചുരുക്കം ചിലരെങ്കിലും തനിമറുനാടൻ മലയാളതനിമയിൽ വെറും സമാജപ്രവർത്തനങ്ങളായി കാണുന്നു എന്നത് ഖേദകരമായ ഒരു പ്രതിഭാസമാണ്.

അവരവരുടെ ജർമ്മൻ ഇടവകകളിൽ സജീവമായി ജീവിക്കുന്ന മലങ്കരസഭാംഗങ്ങൾ മറ്റു ബാഹ്യകേരള സമൂഹങ്ങളിൽ നിന്നും വ്യത്യസ്ഥമായ ഒരു കാഴ്ചപ്പാടുള്ളവരാണ്. വർഷംതോറും ക്രമീകൃതമായ കാലങ്ങളിലും സമയങ്ങളിലും മലങ്കര പൈതൃകത്തിലും പാരമ്പര്യത്തിലുമുള്ള വി. ശുശ്രൂഷകൾ ഉണ്ടായിരിക്കുക, വർഷത്തിലൊരിക്കൽ കൂടിവരവിനുള്ള സൗകര്യമുണ്ടായിരിക്കുക എന്നിവയാണ് ഈ സമൂഹത്തിന്റെ മിനിമം ആവശ്യങ്ങൾ. എല്ലാ ഞായറാഴ്ചയും മലങ്കര റീത്തിലുള്ള വി. കുർബാന വേണമെന്ന് ശഠിക്കുന്നവർ വിരലിൽ എണ്ണാൻപോലും കാണുകയില്ല

ഇപ്പോഴത്തെ കോർഡിനേറ്ററുടെ കാഴ്ചപ്പാടിൽ രണ്ട് പ്രധാന വിഷയങ്ങളാണ് ഇവിടെ കൈകാര്യം ചെയ്യപ്പെടേണ്ടത്.

(1) മലങ്കര തനിമയിലും പാരമ്പര്യത്തിലുമുള്ള വി. ശുശ്രൂഷകൾ ആവശ്യാനുസരണം മേഖലകളിൽ നടത്തുക

(2) ഒന്നാം തലമുറയിലും രണ്ടാം തലമുറയിലുമുള്ള വ്യക്തികൾ തമ്മിലുള്ള ആശയക്കുഴപ്പങ്ങൾ ദൂരീകരിക്കുക

(3) യുവജനങ്ങൾക്ക് അവരുടെ 'വേരുകൾ' (roots) എന്താണെന്ന് മനസ്സിലാക്കിക്കൊടുത്ത്, ആ വേരുകളെ സ്നേഹിക്കുവാനും ആദരിക്കുവാനും അവരെ ബോധവാന്മാരാക്കുകയും ചെയ്യുക എന്നതാണ്.

*In loing memory of*

**M.C. MATHAIKUTTY**

**MATTACKAL MOOKACHERIL**
**VALANJAVATTOM, THIRUVALLA**

**Inserted by:**


**ROSAMMA & CHILDREN**

www.malankaralibrary.com



# അമേരിക്കൻ മലങ്കര കത്തോലിക്കാ മിഷ്യൻ

റവ.ഡോ. പീറ്റർ കോച്ചേരി
(കോ ഓർഡിനേറ്റർ)



സപ്തതി ആഘോഷിക്കുന്ന മലങ്കര കത്തോലിക്ക സഭയുടെ ഐതിഹാസികമായ പുരോഗതിയുടെ മേഘലകളിലൊന്നാണ് വടക്കേ അമേരിക്കയിലെ മിഷ്യൻ പ്രവർത്തനങ്ങൾ. സാങ്കേതികഭാഷയിൽ കാനോനികമായ അധികാരം (Jurisdiction) ഇല്ലാഞ്ഞിട്ടും വെറും ഒന്നര ദശകം കൊണ്ട് മലങ്കര മിഷ്യന് കൈവന്നിരിക്കുന്ന വളർച്ച വലുതാണ്.

അമേരിക്കയിലെ ഇന്ത്യൻ കുടിയേറ്റം തുടങ്ങിയ 1960 കൾ മുതൽ മലങ്കര കത്തോലിക്കർ എത്തിതുടങ്ങി. എഴുപതുകളിലും, എൺപതുകളിലുമാണ് ഈ കുടിയേറ്റ ഒഴുക്ക് ശക്തമായത്. ആരംഭത്തിൽ സ്ഥലത്തെ ലത്തീൻ പള്ളികളിലും, മറ്റു മലയാളം പള്ളികളിലും മലങ്കരമക്കൾ കൂടിനടന്നു.

ഭാഗ്യസ്മരണാർഹരായ അഭിവന്ദ്യ ഗ്രിഗോറിയോസ് വലിയ മെത്രാപ്പോലീത്തായുടെയും സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെയും അമേരിക്കൻ സന്ദർശനങ്ങൾ ഇവിടെ അങ്ങിങ്ങായി കഴിഞ്ഞിരുന്ന മലങ്കരക്കാരെ ബന്ധിപ്പിക്കുന്നതിനു സഹായിച്ചു. മലങ്കരയുടെ മഹാചാര്യനായിരുന്ന മാർ ഗ്രിഗോറിയോസ് പിതാവിന്റെ ക്രാന്ത ദർശിത്വമാണ് ഇന്നുള്ള അമേരിക്കൻ മലങ്കര കത്തോലിക്കാമിഷ്യന്റെ അടിത്തറ. ഏഴാംകടലിനക്കരെ കഴിയുന്ന മലങ്കര മക്കളുടെ ജീവിത പ്രശ്നങ്ങളെ പ്പറ്റിയും, അവരുടെ സഭാത്മകഭാവിയെപ്പറ്റിയുള്ള ആ നല്ല ഇടയന്റെ ശ്രദ്ധയാണ് ഇവിടെ ഒരു മിഷ്യൻ സ്ഥാപിക്കുന്നതിന് കാരണമായത്. 1984-ൽ എളിയ തോതിൽ അഭിവന്ദ്യപിതാവ് ന്യൂയോർക്കിൽ ഉൽഘാടനം ചെയ്ത ഒരു മിഷ്യനാണ് ഇന്ന് വടക്കേ അമേരിക്കയിൽ (കാനഡ ഉൾപ്പെടുന്നു) 12 സ്ഥലങ്ങളിൽ വ്യാപിച്ച് ശക്തിയാർജ്ജിച്ചുവരുന്നത്.


മലങ്കര മെത്രാപ്പോലീത്ത അഭിവന്ദ്യ ബസേലിയോസ് വലിയ മെത്രാപ്പോലീത്തയുടെ പരിലാളനയിൽ അമേരിക്കൻ മിഷ്യൻ വളർച്ചയുടെ ജൈത്രയാത്ര തുടരുകയാണ്. അഭിവന്ദ്യരായ ഗീവർഗ്ഗീസ് മാർ തീമോത്തിയോസ്, ഗീവർഗ്ഗീസ് മാർ ദീവന്നാസിയോസ് എന്നീ പിതാക്കന്മാരുടെ പ്രോത്സാഹനങ്ങളും, സഹായങ്ങളും ഇവിടത്തെ മിഷ്യന് വലിയ അനുഗ്രഹത്തിന്റെ നിമിത്തങ്ങളാണ്. അതുപോലെ മാർത്താണ്ഡം പിതാവ് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം (മുൻ അമേരിക്കൻ കോ ഓർഡിനേറ്റർ) തിരുമേനിയുടെ ത്യാഗോജ്ജ്വലമായ സേവനങ്ങൾ അമേരിക്കൻ മിഷ്യന് ഒരിക്കലും മറക്കാനാവില്ല. മലങ്കരയിലെ കൊച്ചുതിരുമേനിമാരുടെ സ്നേഹവാത്സല്യങ്ങളും ഇവിടത്തെ മലങ്കര സമൂഹങ്ങൾക്ക് പ്രോത്സാഹനം പകരുന്നു. ദീർഘകാലം അമേരിക്കൻ മിഷ്യന് നേതൃത്വം നൽകിയ വന്ദ്യ മണ്ണിക്കരോട്ടു കോറെപ്പിസ്കോപ്പയുടെയും വന്ദ്യ മേളാംപറമ്പിൽ റമ്പാച്ചന്റെയും സേവനങ്ങൾ ഇവിടത്തെ മലങ്കരമക്കൾ നന്ദിയോടെ സ്മരിക്കുന്നു. അതുപോലെ സഭയെ സ്നേഹിക്കുന്ന അനേകം അത്മായരോടു സഹകരിച്ച് മലങ്കരമിഷ്യനെ കൈപിടിച്ചു നടത്തിയ ബഥനിയിലെ ഫാദർ ഇഗ്നേഷ്യസ്, ഫാദർ ജറോം, ഫാദർ അഗസ്റ്റിൻ, ഫാദർ വില്ല്യം, ഫാദർ തന്തിയാട്ട്, പനങ്കുന്നേലച്ചൻ, ഇടത്തിലച്ചൻ, ഫാദർ സേവ്യർ, ഫാദർ പയസ് അതുപോലെ ഫാദർ എബ്രഹാം കാടമല, ഫാദർ

www.malankaralibrary.com



ആന്റണി എന്നിവരോടുമുള്ള കടപ്പാടുകൾ എടുത്തുപറയേണ്ടതുണ്ട്.

ഇപ്പോൾ ന്യൂയോർക്ക്(4), വാഷിങ്ങ്ടൻ, ഫിലാഡൽഫിയ, ന്യൂജേഴ്സി, ചിക്കാഗോ, ഡിട്രോയിറ്റ്, ഡാതൂസ്, ഹ്യൂസ്റ്റർ, റൊറോന്റോ എന്നിവിടങ്ങളിലായി 12 സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു വടക്കേ അമേരിക്കയിലെ മലങ്കര മിഷ്യൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മലങ്കര മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിന്റെ പ്രതിനിധി (കോ ഓർഡിനേറ്റർ) ഇപ്പോൾ താമസിക്കുന്നത് ന്യൂ ജേഴ്സിയിൽ ഹോവൽ (Howell) എന്ന സ്ഥലത്താണ്. അവിടെ ഒരു നല്ല കെട്ടിടവും (മലങ്കര സെന്റർ) 10 ഏക്കർ സ്ഥലവും, മലങ്കര കത്തോലിക്കാ മിഷ്യന് സ്വന്തമായുണ്ട്. അമേരിക്കയിൽ സ്വന്തമെന്നു പറയുമ്പോൾ മിക്കപ്പോഴും അനേകവർഷത്തെ കടബാധ്യതയോടുകൂടിയായിരിക്കുമെന്ന മാത്രം. ചിക്കാഗോയിലും, ഡാളസ്സിലും മാത്രമേ നമുക്കിപ്പോൾ കടബാദ്ധ്യതയില്ലാതെ പള്ളിയും പറമ്പും ഉള്ളത്. മറ്റിടങ്ങളിലൊക്കെ ലത്തീൻ പള്ളികളോടു ബന്ധപ്പെട്ട സ്ഥലങ്ങളിലാണ് ആരാധന നടത്തുക. എല്ലായിടത്തും നമ്മുടെ അച്ചൻമാർ ലത്തിൻ പള്ളികളിൽ കൂടി സേവനം ചെയ്യുന്നുണ്ട്. ഈയിടെയായി ഹോളി സ്പിരിറ്റ്, ബഥനി സിസ്റ്റേഴ്സും, മേരിമക്കൾ സമൂഹവും അമേരിക്കയിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നതും മലങ്കര മിഷ്യനെ സംബന്ധിച്ചിടത്തോളം സന്തോഷകരമായ കാര്യമാണ്.



മിക്കയിടങ്ങളിലും ആരാധന ഭാഷ മലയാളമാണ്. ഇത് മലയാളം വശമില്ലാത്ത പുത്തൻ തലമുറയെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമായി നിലകൊള്ളുന്നു. തങ്ങൾ നാട്ടിൽ ശീലിച്ച ആരാധനാനുഷ്ടാനങ്ങൾ എല്ലാം അതേപടി ഇവിടെയും അനുഭവിക്കാനായില്ലെങ്കിൽ പിന്നെ മലങ്കര പള്ളികൊണ്ടുള്ള പ്രയോജനം എന്നതാണ്?. പൊതുവേ മുതിർന്ന തലമുറയുടെ നിലപാട്. ഇത് സ്വാഭാവികമാണ് താനും. എന്നാൽ അതിശ്രേഷ്ടമായ നമ്മുടെ മലങ്കര പൈതൃകം ഇവിടത്തെ സംസ്കാരവുമായി അനുരൂപപ്പെടുത്തിയില്ലെങ്കിൽ (Inculturate) ഭാവി ഇരുളടഞ്ഞതായിരിക്കുമെന്ന് മറ്റു പല പൗരസ്ത്യ സഭകളുടെയും ചരിത്രം പഠിപ്പിക്കുന്നു. ഏതായാലും നാം ആവഴിയെ നീങ്ങണമെന്ന ബൗദ്ധിക ബോധ്യം തലമുറയിൽ കണ്ടുതുടങ്ങിയിട്ടുണ്ട്. തനിസുറിയാനിയിൽ മുളച്ചുവളർന്ന അന്ത്യോക്കൻ ആരാധനക്രമം 'മലങ്കരീ'കരിക്കാമെങ്കിൽ എന്തുകൊണ്ട് അമേരിക്കൻ ഭാഷയിൽ അവതരിപ്പിച്ചുകൂടാ? ബഹു. സാമുവൽ തൈക്കൂട്ടത്തിലച്ചൻ ഈ ഉദ്യമത്തിൽ ആരംഭമിട്ടു തന്നത് കൃതജ്ഞതയോടെ എടുത്തുപറയേണ്ടിയിരിക്കുന്നു. നമ്മുടെ ഈണങ്ങളും, രാഗങ്ങളും നഷ്ടപ്പെടുത്താതെ കുർബാന, നമസ്കാരം, വിവാഹം തുടങ്ങിയ ക്രമങ്ങളിലെ പദ്യങ്ങൾ അദ്ദേഹം പരിഭാഷചെയ്തു തന്നത് പരീക്ഷണാർത്ഥം ഈ കഴിഞ്ഞ ഫിലാഡൽഫിയ മലങ്കര കൺവൻഷനിൽ അവതരിപ്പിച്ചത് പൊതുവേ നല്ല പ്രതികരണമുളവാക്കി.

ഈയിടെയായി നമ്മുടെ യുവജനങ്ങൾക്കിടയിൽ ഒരു നവോന്മേഷത്തിന്റെ ലക്ഷണങ്ങൾ കാണുന്നത് ആശക്കുവഴിതരുന്നു. കഴിഞ്ഞ മലങ്കരകൺവൻഷനിൽ വച്ച് MCYM ന്റെ കേന്ദ്രക്കമ്മറ്റി ഔപചാരികമായി നിലവിൽ വന്നു. ഹ്യൂസ്റ്റണിലെ Sevil George Marrikkarott ന്റെ നേതൃത്വത്തിൽ നാഷണൽ MCYM സജീവമായി പ്രവർത്തിച്ചു വരുന്നു. സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുള്ള

www.malankaralibrary.com



പരിശ്രമവും നടക്കുന്നുണ്ട്. ഇവിടത്തെ പ്രത്യേകസാഹചര്യങ്ങൾ കണക്കിലെടുത്ത് നമ്മുടെ പൈതൃകത്തിന്റെ പശ്ചാത്തലത്തിൽ ഒരു പൊതുവായ ഇടവകഭരണനിയമത്തിന്റെ ആവശ്യകതയേപ്പറ്റി ഇതിനകം പലരും അഭിപ്രായപ്പെടുകയുണ്ടായി. അതിനായുള്ള ഒരു ശ്രമം നടന്നുവരുന്നു. ഇത്തരത്തിലുള്ള നിയമാവലി നടപ്പാക്കാൻ അധികാരമുള്ള മലങ്കര സഭദ്ധ്യക്ഷൻ അങ്ങേയറ്റം അനുഭാവം പ്രകടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യവും കാലതാമസമില്ലാതെ നടക്കും.

വളർച്ചയുടെ വഴിയിൽ ചില പ്രതിസന്ധികളും ഇല്ലാതില്ല. ഒന്നാമത്തെ വെല്ലുവിളി, നമ്മുടെ അഭിരുചികളും ആരാധനാരീതികളും എങ്ങനെ വരും തലമുറയ്ക്ക് ഫലപ്രദമായി കൈമാറ്റം ചെയ്യും എന്നുള്ളതാണ്. ഒരു പക്ഷെ വരും തലമുറയെ വെല്ലുവിളിക്കുന്ന ചില ചോദ്യങ്ങളാണ്.

രണ്ടാമത്തെ പ്രശ്നം നമ്മേ സംബന്ധിച്ച് സ്ഥാപനപരമാണ്. ഏതു സമൂഹവും നിലനിൽക്കുന്നതിനും, വളരുന്നതിനും സ്ഥിരം സംവിധാനങ്ങളും, വ്യക്തികളും, സ്ഥാപനങ്ങളും കൂടിയേ തീരു. ഇവിടത്തെ ലത്തീൻ സഭ പൊതുവേ നമ്മോടു അനുകമ്പയോടെയാണ് പെരുമാറുക. അതൊരു സ്ഥിരം തണലായിക്കരുതി മുമ്പോട്ടുപോയാൽ നാമൊരിക്കലും ഇവിടൊരു സഭയാവില്ല. ഇവിടന്നുതന്നെ ദൈവവിളിയുണ്ടാകണം. മലങ്കരസഭയെ ഇവിടത്തെ സഭയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. ഇവിടെ മലങ്കരസ്ഥാപനങ്ങൾ ഉണ്ടാവണം. സ്ഥാപനങ്ങൾ എന്നു പറയുമ്പോൾ, യൂണിവേഴ്സിറ്റി, ആശുപത്രി, നേഴ്സിങ്ങ് ഹോം എന്നിവയേപ്പറ്റിയല്ല ആദ്യം ചിന്തിക്കേണ്ടത്. ആരാധിക്കാൻ, സ്വന്തമെന്നു പറയാൻ, അഭിമാനിക്കാൻ ഒരു സ്ഥലം. ഇക്കാര്യങ്ങൾ നടപ്പാക്കാൻ ഒന്നാമത് ആവശ്യബോധം, രണ്ടാമത് നടപ്പാക്കാനുള്ള ഒറ്റക്കെട്ടായ തീവ്രമായ ശ്രമം.

മറ്റു കത്തോലിക്കാ പള്ളികളിൽ കൂടി നടന്നാൽപോരെ എന്ന ചോദ്യം ഇവിടെയും, നാട്ടിലും ചോദിച്ചുകേട്ടിട്ടുണ്ട്. ഈ മനോഭാവത്തിന്റെ പിന്നിൽ അപ്പസ്തോലിക പൈതൃകങ്ങളേപ്പറ്റിയുള്ള സഭയുടെ അടിസ്ഥാന വീക്ഷണങ്ങളേപ്പറ്റിയുള്ള അറിവില്ലായ്മയോ, അവഗണനയോ ആവാം. രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായി പറഞ്ഞതനുസരിച്ച് സഭയിലെ എല്ലാ അപ്പസ്തോലിക പൈതൃകങ്ങളും നിലനിർത്തി പരിപോഷിപ്പിക്കേണ്ടതും, കൈമാറേണ്ടതും സഭയുടെ ദൈവദത്തമായ കടമയാകുന്നു എന്നാണ് പൗരസ്ത്യസഭ. അങ്ങിനെയെങ്കിൽ മലങ്കര കത്തോലിക്കാപൈതൃകം ഇവിടെ പരിപോഷിപ്പിക്കുക കടമയും അവകാശവുമാകുന്നു.

മലങ്കരമിഷ്യൻ ഇവിടെ കൗമാരപ്രായം കഴിയാറായി, ശൈശവത്തിലെ അമിതമായ പരാശ്രയബോധം പിരിയാൻ കാലമായി. ഇവിടത്തെ മിഷ്യന് മലങ്കരസഭയുടെ മാത്രമല്ല ആഗോളസഭയുടെയും അങ്ങനെ ഇവിടത്തെ ഹയറാർക്കിയുടെയും അംഗീകാരം ലഭിക്കാനുള്ള നീക്കങ്ങൾ ഈ ഘട്ടത്തിൽ ആസൂത്രണങ്ങളിൽ ഉൾപ്പെടണം. അതുപോലെ മാതൃസഭയോട് ക്രീയാത്മകമായി സഹകരിക്കാനുള്ള കാഴ്ചപ്പാടു വളരേണ്ടിയിരിക്കുന്നു. യൗസേപ്പിനെ ദൈവം ഇസ്രേലിൽ വിട്ടതു ക്ഷാമകാലത്ത് അവൻ തന്റെ പിതൃഭവനത്തിന് തുണയാകാനും കൂടിയായിരുന്നല്ലോ?. അതുപോലെ ഇസ്രായേലിന്റെ വളർച്ചയുടെ ചരിത്രത്തിൽ പ്രവാസികളുടെ പങ്ക് പലപ്പോഴും വ്യക്തമായിക്കാണും.


സഭയേ സ്നേഹിക്കുന്ന ഒത്തിരി നല്ല മനുഷ്യർ, സേവനത്തിന് തയ്യാറുള്ള വൈദികർ, സമർപ്പിതർ, പ്രാഗത്ഭ്യവും പ്രജാസ്നേഹവും സമന്വയിച്ചിട്ടുള്ള സഭാനേതൃത്വം അതിവിശിഷ്ഠമായ അപ്പസ്തോലിക പൈതൃകം, ഇങ്ങനെ എല്ലാംകൊണ്ടും അനുഗ്രഹിക്കപ്പെട്ട അമേരിക്കയിലെ മലങ്കരകത്തോലിക്കാമിഷ്യൻ പുരോഗതിയുടെ നിയോഗയാത്രയിൽ നിലക്കാതെ നീങ്ങട്ടെ എന്നു പ്രാർത്ഥിക്കാം.

വടക്കേ അമേരിക്കൻ മലങ്കരമിഷനുകൾ

| | | |
|---|---|---|
| 1. | Very Rev. Dr. Peter Kochery | - New Rochelle |
| 2. | Rev. Saji M. Geroge | - Long Island |
| 3. | Rev. Joy Mankulam | - Staten Island |
| 4. | Rev. Fr. Joy Mankulam | - New Jersey |
| 5. | Rev. Fr. Chacko Thadathil | - Philaddphia |
| 6. | Rev. Fr. Thomas Poovannal | - Washington DC |
| 7. | Rev. Fr. Thomas Vattaparampil | - Chicago |
| 8. | Rev. Fr. Chacko Abraham | - Dallas |
| 9. | Rev. Fr. Thomas Ponmelil | - Houston-Tex |
| 10. | Rev. Fr. Gigi Philip | - Toronto |
| 11. | Rev. Fr. Augustine Manyalath | - Queens |
| 12. | Rev. Fr. Mathew C. Geroge | - Detroit |

www.malankaralibrary.com





Fr. JOHN BERCHMANS OIC
*Co-ordinator*

# AN OUTGROWING MALANKARA CATHOLIC CHURCH - PERSPECTIVES

We are in a period of grace. The churches are on their way to conclude their Maha Jubilee Christu Jayanthi Celebrations.

The Malankara Catholic Church celebrates the Maha Jubilee through a series of Sangamams of the Priests, Youth, Religious and laity spread out in our Dioceses. There has been a Malankara and Syrian Catholic Maha Jubilee celebrated in Rome in the presence of the Holy Father, Pope John Paul II. Two groups of the Malankara Catholic Pilgrims, one from Kerala and the other from North India too participated in it. From 26th to 29th October, a cross section of our faithful, MCYM Catechism children, MCA & MCYM delegates, Priests and Sisters from Delhi, Bhopal, Ahmedabad, Surat, Mumbai, Nasik, Aurangabad, Pune Bhilai, Calcutta, Hyderabad, Bangalore and Chennai assembled in Borivli - Bombay for their annual convention, as the conclusion of the Maha Jubilee Celebrations. As the grand finale of all three ecclesial events, the Sapthathi of the Reunion Movement is celebrated at Thiruvalla from December 26-28th 2000.

In all the three events, we have a convergence of God meeting his people and the people responding to His Grace, by taking up their God-given Mission. In and through all these events, a new way of being a Malankarite is brought home to every Malankarite.

In and through these events, we see the dreams of Mar Ivanios being realized. He dreamt of a Malankara Church moving out from Kerala and taking up its mission in North India. Due to his prayers, the members of his church, the Malankara Catholic Church is strongly being established in the North Indian cities and elsewhere.

A sizeable number (40%) of educated, skilled, young people of the Malankara Catholic Church today live outside the confines of their respective Dioceses. The vast majority of them live today in the North Indian Industrial Cities, a few in Germany, a good many in U.S.A., and in Gulf Countries. This has to be treated sociologically as migration. We need to develop for them a sociology inspired by a theology of migration. These are people cut away from home and in need of friendship. This can be provided only by a joint action of the socio-cultural-religious ambience of their place of origin as well as that of the "accepting" place. The migrating people world over, cling fiercely to the religion and church that is congenial to them. Untill now, these migrants were known for convenience sake "Bahyakerala Malankara Catholic Church". Other Sister churches too have used the objective 'Bahya' to designate similar situations. But for the Malankara Catholic Church, the whole of the diocese of Marthandom and sizeable areas of the diocese of Bathery are located in "Bahyakerala". We are certainly grouping for a better ecclesial designation for the section of the Malankara Catholic Church that is found outside Kerala. Some have dared the adjective 'Visal" meaning "broad based", which again would serve only a base for further reflection on the subject.

How do the local catholic church authorities in North India react to the ecclesial needs and aspirations of the Malankara Catholics in their respective dioceses. Mixed reactions were certainly to be expected and in that sense, understandable. Some Bishops have graciously established Malankara Catholic personal parishes in their respective dioceses (Mumbai, Pune, Nasik, Hyderabad, Chennai & Bangalore). There are diocesan authorities who still hold that " there is only one church, that is the church of Jesus Christ. There is no need of Oriental Churches coming to North India. This would divide the Church. Wer are taking care of the Oriental faithful in our dioceses". This may sound

www.malankaralibrary.com



a strong appeal to the unity of the Church, but this presupposes that the Latin Church alone is concerned about the unity of the Church. The Malankarites very consciously express, celebrate and communicate their faith in the unity of the Church " I believe in the One Church". At the same time, they are very conscious of the Catholicity of the Church too". I believe in the Catholic Church. In the Thubdaen, we remember *Nalubhagangalilumulla Daivathinte Sabhakale*. The oneness of the church is not Universalism. An all - absorbing Universalism and Triumphalism are no more acceptable theological categories in todays ecclesiology. The catholic church should become capable of accepting and fostering every legitimate spirituality, race, culture, rite and spiritual aspirations of all the people.

1. At times, it is said that the Bishop is willing to allow more freedom for the Malankarities, but the priests are objecting.
2. It is also said, if more freedom is granted to the Malankarites, the syro-Malabar faithful too would ask for it.
3. Again, it is occassionally argued that if the Orientals go away from some of the parishes, which they attend at present the strength of the parish will be reduced to half or even less.

All these reasoning are totally non- or anti ecclesial, and hence totally unacceptable to us. We are only pained at such flagrant violation of the spirit of Vatican II.

The supreme authority of the catholic church starting from *Orientalium Dignitas* (1898) Orientalium Eccelesiarum of Vat. II, the Oriental Canon Law and the Encyclical Orientale Lumen of Pope John Paul II, has consistently demanded the Oriental Catholics to foster and deepen their own traditions and spiritualities and the Latin Church Authorities to support this effort. Holy Father, John Paul II demands in Ecclesia in Asia (Para 27) that all his instructions (to the Bishops in India) related to the legitimate duties, obligation and rights to the Oriental Churches are to be accepted and put into practice. Any hesitation in this matter, if any, has to be overcome without any further delay. We need not wait for a stronger support to our cause than this one from the supreme authority and law giver in the church.

There are members of our church who strongly feel that for the growth and well being of the Malankara Catholic Church, outside the confines of its 4 dioceses, the most important need is the extension of the hierarchial set up of the church into these regions. There is no disputing or denying the urgency involved in this question. Incidently the members of the Malankara Catholic Convention held in Borivli - Bombay from 26-29th October, very accurately observed the importance of this question and sent it in the form of a Resolution to the Cardinal Prefect of the Oriental Congregation for his kind consideration and urgent action.

Many of the problems that the church is facing today would disapper or can easily be solved only in an eparcheal set up. They may never be solved in the absence of such a set up.

However, even when a hierarchial set up comes into effect, there are other areas that deserve our utmost attention. Our children are our greatest investment. Today's youth is the next generation. Malankarites Catechetical Foundation of our children and Faith Formation of our youth would be our primary concern. With this and with this only, the future of the Malankara Church in their regions could be ensured.

In conclusion; the task before us is great and demanding. The Malankara Catholic faithful wherever they are, are strongly attached to their church, tradition and spirituality, with the right and sensitive leadership. The members of the Malankara Catholic Church can take up their God-given Mission wherever thay are. The Supreme authority in the church will support our cause, in its own "Roman Style" Some Latin Church authority in India may support us. None of these who support us will do things for us. We and we alone can do the necessary things for ourselves. ■

*With best compliments from:*

**Rector Staff & Students of**

**St. EPHRAEM'S MINOR SEMINARY**

**DIOCESE OF MARTHANDOM**

www.malankaralibrary.com



# അറേബ്യൻ മരുഭൂമികളിൽ അലയുന്ന മലങ്കര കത്തോലിക്കാ മക്കൾ

ജോൺ പുഞ്ചക്കാല

**ആമുഖം**

മലങ്കര കത്തോലിക്കാ സഭയുടെ അരുമമക്കൾ അറേബ്യൻ മണലാരണ്യത്തിൽ 'ഇടയനില്ലാത്ത ആടുകളെപ്പോലെ' അലയുവാൻ തുടങ്ങിയിട്ട് ദശകങ്ങൾ ഏറെയായി. ബാഹ്യകേരളത്തിലേക്കും മറ്റ് ഏഷ്യനാഫ്രിക്കൻ - യൂറോപ്പ് - അമേരിക്കൻ നാടുകളിലേക്കും, മലങ്കര കത്തോലിക്കർ ചേക്കേറാൻ തുടങ്ങിയ കാലം മുതൽ തന്നെ, ഗൾഫ് രാജ്യങ്ങളിലേക്കും ഉപജീവനാർത്ഥം അവർ കുടിയേറി. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആത്മീയവീര്യം ഉൾക്കൊണ്ടുതന്നെ അസംഖ്യം സഭാതനയർ ഈ ഊഷരഭൂവിൽ മലങ്കര സഭാപൈതൃകവും ആത്മീയ ചിന്തകളും വിശ്വാസവും സൂക്ഷിച്ചുപോന്നു. മാർ ഈവാനിയോസ് തിരുമേനിയും ആദ്യമിഷനറിമാരും ആർഷഭാരത ഭൂവിൽ, മലങ്കരയിൽ കൊളുത്തിയ പുനരൈക്യദീപം അണയാതെയും അണയ്ക്കാതെയും സൂക്ഷിക്കുവാൻ മലങ്കര സഭാമക്കൾ ഇന്ത്യയ്ക്കകത്തും പുറത്തും എന്നുമെന്നും പരിശ്രമിച്ചിട്ടുണ്ട് എന്നുള്ളതിൽ രണ്ടു പക്ഷമില്ല!! അറബിക്കടലും ഏഴാംകടലും കടന്ന് അത്തറിന്റെ മണവും പേറി '1001 രാവുകൾ' ഉറങ്ങുന്ന ഈ അറബിലോകത്തിന്റെ വിശുദ്ധമണ്ണിലേക്ക് പറന്നുവന്നിറങ്ങിയ മലങ്കര കത്തോലിക്കാ മക്കളുടെ ആത്മീയ ദാഹത്തെ ശമിപ്പിക്കുവാൻ ഒരു വൈദികനെപ്പോലും ഈ കാലയളവുവരെയും ലഭിച്ചിട്ടില്ല എന്നുള്ളത് ഒരു ദുഃഖസത്യം തന്നെയാണ്. കേരളത്തിൽ പൊട്ടിമുളച്ച മറ്റെല്ലാ സഭകളും വർഷങ്ങൾക്കുമുമ്പുതന്നെ ഗൾഫ് രാജ്യങ്ങളിൽ അടിസ്ഥാനമുറപ്പിച്ചപ്പോഴും, നമ്മുടെ മുൻകാല സഭാനേതൃത്വം ഒരു പരിധിവരെ ഇക്കാര്യത്തിൽ ഉറങ്ങുകയായിരുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു? അമേരിക്ക-കാനഡാ-ജർമ്മനി മുതലായ രാജ്യങ്ങളിൽ കുടിയേറുകയും താമസിക്കുകയും ചെയ്യുന്ന മലങ്കര കത്തോലിക്കർക്ക്, ദശകങ്ങൾക്ക് മുമ്പുതന്നെ കൊടുത്ത ശ്രദ്ധയും ആത്മീയ ശുശ്രൂഷയും മറ്റും അതേ അളവിൽ ഗൾഫ് മലങ്കര കത്തോരിക്കാ സഭാതനയർക്ക് നൽകിയിരുന്നെങ്കിൽ സഭാനേതൃത്വത്തിനും അജഗണത്തിനും അന്യോന്യം അത് വലിയ പ്രയോജനം ഉണ്ടാക്കുമായിരുന്നു. ഗൾഫ് പോക്കറ്റുകളിൽ ചലനം സൃഷ്ടിക്കുവാനും അതുവഴി കഴിയുമായിരുന്നു. സാമ്പത്തികമായും ആത്മീയമായും, നമ്മുടെ സഭയ്ക്ക് അത് ഒരു മുതൽക്കൂട്ടുമായിരുന്നേനേ!

ഇന്ന് ബാഹ്യകേരള - ബാഹ്യഭാരത മലങ്കരസഭാ കൂട്ടായ്മകൾ വളർന്നുവരുന്നതിൽ സന്തോഷിക്കുന്നു. പൂനാ, ബോംബെ, മദ്രാസ്, ഡൽഹി, കൽക്കത്ത, ഭോപ്പാൽ, ഭിലായ്, അഹമ്മദാബാദ്, ഫരീദാബാദ് മുതലായ ബാഹ്യകേരള മലങ്കര മിഷനുകളിൽ ആത്മീയ നിറവിന്റെ പച്ചപ്പ് തുടിച്ചു നിൽക്കുന്നു. ഇതിനുവേണ്ടി അഹോരാത്രം ത്യാഗമനുഷ്ഠിച്ച, അനുഭവിക്കുന്ന എല്ലാ സഭാചാര്യന്മാരേയും മിഷനറിമാരേയും സന്യാസി-സന്യാസിനികളേയും ഞങ്ങൾ ഗൾഫ് പ്രവാസികളായ മലങ്കര മക്കൾ സർവ്വാത്മനാ അഭിനന്ദിക്കുകയും, പ്രാർത്ഥനകൊണ്ട് ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരുണത്തിൽ മലങ്കര കത്തോലിക്കാ സഭാനേതൃത്വത്തിന്റെ കണ്ണ് ഒമാൻ, യു.എ.ഇ., ഖത്തർ, ബഹറിൻ, കുവൈറ്റ് എന്നീ ഗൾഫ് മേഖലകളിലേക്ക് താമസംവിനാ വ്യാപിപ്പിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇപ്പോൾ തന്നെ നമ്മൾ ഗൾഫിൽ മലങ്കര കത്തോലിക്കാ മിഷൻ തുറക്കേണ്ടുന്നത് വളരെ താമസിച്ചു പോയി എന്നുള്ളതാണ് സത്യം. ആദ്ധ്യാത്മികമായും സാമ്പത്തികമായും സഭാപരവുമായുള്ള താല്പര്യങ്ങൾക്കായി, അമേരിക്കൻ-ജർമ്മൻ മേഖലകളിലുള്ള മലങ്കര കത്തോലിക്കർക്ക് സഭ നൽകിയ ആത്മീയ സേവനത്തിന്റെയും നേതൃത്വത്തിന്റെയും പകുതി ശതമാനമെങ്കിലും ഗൾഫിലെ മലങ്കര കത്തോലിക്കാ വിശ്വാസികൾക്ക് ലഭിച്ചിരുന്നെങ്കിൽ, നമ്മൾ ചിന്നിച്ചിതറി പെന്തക്കോസ്ത് വലകളിലും മറ്റ് സഭാകൂട്ടായ്മകളിലും അകപ്പെടുകയില്ലായിരുന്നു എന്നുള്ളതാണ് സത്യം. സഭാധികാരികൾ മുന്നിൽനിന്നു നയിച്ചാലേ, വിശ്വാസി സമൂഹം

www.malankaralibrary.com



ഉണർന്ന് നേതാവിനെ അനുധാവനം ചെയ്യുകയുള്ളു. ഇടയൻ നയിച്ചെങ്കിലേ ആടുകൾ അവരുടെ സ്വരം ശ്രവിച്ച് ലക്ഷം ലക്ഷം പിന്നാലെയായി നീങ്ങുകയുള്ളൂ. ആയതിനാൽ, മസ്ക്കറ്റ് (OR) അബുദാബി (OR) ദുബായ് കേന്ദ്രമാക്കി കുറഞ്ഞപക്ഷം രണ്ടുമൂന്ന് പ്രഗത്ഭരും സഭാജീവിതതല്പരരും മിഷനറി സേവനത്വരയുമുള്ള വൈദികരെയെങ്കിലും നിയമിച്ച്, ഗൾഫ് മലങ്കര കത്തോലിക്കാ സഭാമക്കളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ എത്രയുംവേഗം നിറവേറ്റിത്തരുവാൻ, സഭാ ഹയരാർക്കിയോട് ഞങ്ങൾ വിനീതമായി അപേക്ഷിക്കുന്നു.

ഇതിനോടകം നിരവധി മലങ്കര കത്തോലിക്കാസഭാ വൈദിക ശ്രേഷ്ഠർ ഔദ്യോഗികമായും അനൗദ്യോഗികമായും ഗൾഫ് രാജ്യങ്ങളിൽ 'മിന്നൽ സന്ദർശനം' നടത്തി തിരികെപ്പോയിട്ടുണ്ട്. വന്ദ്യ ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പാ, ഡോ. ജോൺ ബർക്കുമാനസ് ഒ.ഐ.സി., ഡോ. ഡാനിയേൽ കുഴിത്തടത്തിൽ എന്നിവർ ഗൾഫിന്റെ മർമ്മവും ഗൾഫ് മലങ്കര മക്കളുടെ ഉൾത്തുടിപ്പുകളും ഗൾഫ് സാഹചര്യങ്ങളും നേരിട്ടുകണ്ട് മനസ്സിലാക്കിയവരാണ്. ഇവരുടെ സന്ദർശനലക്ഷ്യം, ഒരളവുവരെ ഞങ്ങളുടെ ആത്മീയദാരിദ്ര്യാവസ്ഥ മാറ്റിത്തരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അറേബ്യൻ മരുഭൂമിയിൽ ചിന്നിച്ചിതറി 'നാഥനില്ലാകളരി' കൾപോലെ കിടക്കുന്ന മലങ്കര കത്തോലിക്കാ സഭാ കൂട്ടായ്മകളെ ഒരേ ചരടിൽ കോർത്തിണക്കി മഹത്തായ മലങ്കര കത്തോലിക്കാസഭയിൽതന്നെ പിടിച്ചു നിർത്തുകയാവണം, സഭാനേതൃത്വത്തിന്റെ പ്രഥമവും പ്രധാനവുമായ ചിന്ത!

**അറേബ്യൻ ഗൾഫ് രാജ്യങ്ങളിലുള്ള മലങ്കര കത്തോലിക്കർ**

U.A.E., Oman, Bahrain, Qatar, Kuwait, Saudi-Arabia മുതലായ ഗൾഫ് രാജ്യങ്ങളിൽ മേൽവിലാസം ഉള്ളവരും ഇല്ലാത്തവരുമായ മലങ്കരകത്തോലിക്കരുടെ എണ്ണം കൃത്യമായി ആരുംതന്നെ എണ്ണിത്തിട്ടപ്പെടുത്തിയിട്ടില്ല. അതിനുള്ള ശ്രമം പല മലങ്കര കത്തോലിക്കാ കൂട്ടായ്മകൾ തുടങ്ങി വച്ചിട്ടുണ്ട് എന്നുള്ളത്, സന്തോഷകരമായ വാർത്തയാണ്. ദുബായ്, ഷാർജ, അബുദാബിയിലുള്ള മലങ്കരകത്തോലിക്കർ ഈ യജ്ഞത്തിൽ ബഹുദൂരം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ദുബായിലും ഷാർജയിലും അബുദാബിയിലും മാസത്തിലൊരിക്കൽ ഒരു വെള്ളിയാഴ്ച സൗകര്യപ്രദമാക്കി പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിച്ചുവരുന്നു. വർഷങ്ങൾക്കുമുമ്പേ ഗൾഫിലേക്ക് അന്നവും അർത്ഥവും തേടിവന്ന മലങ്കര കത്തോലിക്കർ, ഈയടുത്തകാലംവരെയും സൗകര്യമുള്ള ഏതെങ്കിലും ഒരു ക്രിസ്തീയ സഭയുടെ ഗൾഫിലുള്ള പ്രാർത്ഥനാകേന്ദ്രങ്ങളിൽപോയി ആരാധനയിൽ സംബന്ധിക്കുകയായിരുന്നു. മഹാഭൂരിപക്ഷം മലങ്കരകത്തോലിക്കർ ഇപ്പോഴും Syro-Malabar, of-Latin, Malankara Orthodox-Jacobite- Mar Thoma-CSI-Pentecost പള്ളികളിലോ പ്രാർത്ഥനാ ഗ്രൂപ്പുകളിലോ പോയി ആത്മീയ സംതൃപ്തി നേടിക്കൊണ്ടിരിക്കുന്നു. "സഭയേതായാലും ക്രൈസ്തവർ നന്നായാൽ മതി" എന്ന ഒരു മലങ്കരധ്വനി എവിടെയോ അലയടിക്കുന്ന പ്രതീതി!! നമുക്ക് നമ്മുടേതായ ആരാധനാകേന്ദ്രങ്ങളും വൈദികരും ഈ ഗൾഫ് മേഖലകളിൽ ഉണ്ടെങ്കിൽ മാത്രമേ, നമ്മുടെ പരമ്പരാഗത ആചാരങ്ങളും അനുഷ്ഠാനങ്ങളും ശ്രേഷ്ഠവും ഉദാത്തവും മനോഹരമായ ആരാധനശൈലിയുള്ള മലങ്കരഭാവവും നിർലീനമായിട്ടുള്ള ആരാധനാക്രമവും നമ്മുടെ വ്യക്തിഗത സഭയുടെ വ്യക്തിത്വവും അഭംഗുരം കാത്തുസൂക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും സാധിക്കുകയുള്ളൂ!! ഇതിന് മുന്നോടിയായി ഓരോ രാജ്യങ്ങളിലുമുള്ള ഇപ്പോഴത്തെ മലങ്കര കത്തോലിക്കാ സഭാ കൂട്ടായ്മകളേയും അവരുടെ പ്രവർത്തന മേഖലകളെയും പറ്റി അറിയുവാൻ ശ്രമിക്കാം.

**1. യു. എ. ഇ. യിലുള്ള മലങ്കര കത്തോലിക്കർ**

പ്രധാനമായും അബുദാബി, ദുബായ്, ഷാർജ, ഫുജീറ, അജ്മാൻ, ഉമ്മൽഖയിൻ, അലൈൻ, റാസൽഖൈമ എന്നീ പ്രധാന പ്രവിശ്യകളിലായിട്ടാണ് മലങ്കരകത്തോലിക്കാ സഭാവിശ്വാസികൾ ഉള്ളത്. ഇതിൽ ഏറ്റവും ശക്തവും അംഗസംഖ്യാബാഹുല്യഭരിതവും പ്രവർത്തനക്ഷമതയുമുള്ള കേന്ദ്രങ്ങൾ അബുദാബി, ദുബായ്, ഷാർജ എന്നീ മലങ്കര മിഷനുകളാണ്. ഈ മൂന്നു പ്രധാന കേന്ദ്രങ്ങളിലും സജീവമായ പ്രാർത്ഥനായോഗങ്ങൾ (മലങ്കര കത്തോലിക്കാ സഭാ ശിക്ഷണക്രമത്തിൽ തന്നെ) മാസത്തിലൊരിക്കൽ സൗകര്യപ്രദമായ ഒരു വെള്ളിയാഴ്ച ദിവസം നടത്തുന്നു. അബുദാബിയിലെ പ്രാർത്ഥനായോഗം ഏതെങ്കിലും ഒരു വീട്ടിൽ വെച്ച് നടത്തുന്നു. ദുബായ്, ഷാർജ കൂട്ടായ്മകളുടെ

www.malankaralibrary.com



പ്രാർത്ഥനായോഗം അറേബ്യൻ ആർച്ചുബിഷപ്പിന്റെ അധികാരപരിധിയിൽപ്പെട്ട ദുബായ് സെന്റ് മേരീസ് പള്ളിയിൽവെച്ചും, ഷാർജ പള്ളിയിൽ വെച്ചും നടക്കുന്നു. അറേബ്യൻ കത്തോലിക്കാ ബിഷപ്പിന്റെയും വൈദികരുടെയും സഹകരണം നല്ല രീതിയിൽ ഇപ്പോൾ ഇക്കാര്യങ്ങളിൽ നമുക്ക് ലഭിക്കുന്നുണ്ട്. നിയമപരമായി യു.എ.ഇ. യിലെ മലങ്കരകത്തോലിക്കർക്കും മറ്റു സഹോദരസഭാമക്കൾക്കും വീടുകളിൽ സമ്മേളിച്ച് പ്രാർത്ഥനായോഗങ്ങൾ നടത്തുവാൻ വിലക്കുക ളുണ്ട്. യു.എ.ഇ. ഗവൺമെന്റ് അനുവദിച്ചുതന്നിട്ടുള്ള പള്ളികളിൽ വച്ചുമാത്രമേ പ്രാർത്ഥനാ യോഗങ്ങൾ നടത്തുവാൻ പാടുള്ളൂ. അതിനാൽ ഭാവിയിലായാലും സൗകര്യപ്രദമായ പള്ളികളിൽ മാത്രം പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുവാൻ, മലങ്കര കത്തോലിക്കർ നിർബന്ധിക്കപ്പെടുകയാണ്.

നാളിതുവരെയും, അതായത് മലങ്കര കത്തോലിക്കർ പ്രത്യേകമായി ഒത്തുകൂടുന്നതിനുമുമ്പുവരെയും, നമ്മൾ Pure-Bombay, K.C.A. സ്റ്റൈലിൽ (Kerala Catholic Association) ഇവിടെ Syro-Malabar, Latin Catholics മായി ഒന്നുചേർന്ന്, പൊതുവായുള്ള കരിസ്മാറ്റിക് പ്രാർത്ഥനായോഗങ്ങളിലും ദിവ്യബലിയിലും ധ്യാനപരമ്പരകളിലും Jesus Youth Movement പോലുള്ള യുവജനസംഗമവേദികളിലും മറ്റും സംബന്ധിച്ച്, ആത്മീയ നിർവൃതി കൈവരിച്ച് പോരുകയായിരുന്നു. ഒരു നല്ല ശതമാനം മലങ്കര കത്തോലിക്കാ സഭാംഗങ്ങളും ഇപ്പോഴും ഇതേ രീതി പിൻതുടരുന്നു. നമ്മുടേതായി മാത്രമുള്ള ഒരു കൂട്ടായ്മയേക്കാളുപരി, സീറോമലബാർ-ലത്തീൻ കത്തോലിക്കരുമായി ചേർന്ന് നിന്നുകൊണ്ടുള്ള 'പൊതുകൂട്ടായ്മ' തന്നെമതി എന്ന് ചിന്തിക്കുന്ന അനേകം പേർ നമ്മുടെ ഇടയിലുണ്ട് എന്നുള്ള സത്യം മറച്ചുവയ്ക്കാനാവില്ല. ഇതേപ്പറ്റി ശരിയായ ബോധവൽക്കരണം ഗൾഫ് മലങ്കരകത്തോലിക്കർക്ക് നൽകുവാൻ സഭാനേതൃത്വം മുൻകൈ എടുക്കുമെന്ന് പ്രത്യാശിക്കുന്നു. ഒരു പച്ചയായ സത്യംകൂടി തുറന്നുപറയട്ടെ. ഗൾഫ് മലങ്കരകത്തോലിക്കരിൽ ഒരു ചെറിയ ന്യൂനപക്ഷം വിഭാഗീയ-പ്രാദേശികചിന്താഗതികൾ മനസ്സിൽ വച്ചുപുലർത്തുന്നുണ്ട്. കേരളക്കരയിൽനിന്നും ഔദ്യോഗികമായും കടന്നുവരുന്ന നമ്മുടെ വൈദികർ അണിഞ്ഞിരിക്കുന്ന വിശുദ്ധളോഹയുടെ നിറം കാവിയാണോ (ബഥനി) വെള്ളയാണോ (രൂപത) എന്ന് തിരിച്ചറിഞ്ഞ് അതിനനുസരിച്ച് മാത്രം അനുഭാവം കാട്ടുകയും സഹകരിക്കുകയും എതിർപ്പ് കാണിക്കുകയും ചെയ്യുന്ന ഒരു ചെറിയ ശതമാനം മലങ്കരകത്തോലിക്കർ പ്രവാസികളായുണ്ട് എന്നുള്ളത് സത്യം തന്നെ!!! എന്തിനേറെ പറയുന്നു. രൂപതാടിസ്ഥാനത്തിലും പ്രാദേശികാടിസ്ഥാനത്തിലും മാത്രം അഭിമുഖീകരിക്കുകയും പുറംതിരിഞ്ഞുനിൽക്കുകയും സഹകരിക്കുകയും പ്രതികരിക്കുകയും ഒരു ചൂണ്ടുവിരൽ പോലും അനക്കാതിരിക്കുകയും ചെയ്യുന്ന പ്രവണതയും, ഗൾഫ് മലങ്കരകത്തോലിക്കർക്കിടയിൽ പ്രത്യക്ഷമായും കാണുന്നത് ഖേദകരമാണ്. ഇതിനുപകരം, തിരുവനന്തപുരം അതിരൂപതക്കാരെന്നോ തിരുവല്ല-ബത്തേരി- മാർത്താണ്ഡം രൂപതക്കാരെന്നോ ഉള്ള വ്യത്യാസമെന്യേ, എല്ലാ മലങ്കരകത്തോലിക്കാ വിശ്വാസികളും ഗൾഫ് മേഖലയിൽ 'ഒരേ കുടക്കീഴിൽ' വന്ന്, അണിനിരക്കേണ്ടിയിരിക്കുന്നു! കാല-ദേശ-ഭാഷ-സംസ്കാരങ്ങൾക്കതീതമായി പുനരൈക്യശില്പിയും മലങ്കര സഭാഭാസുരനും ഭാഗ്യസ്മരണാർഹനുമായ അഭിവന്ദ്യ മാർ ഈവാനിയോസും ആദ്യമിഷനറി ആചാര്യസംഘവും ചോരയും നീരും നൽകി പടുത്തുയർത്തിയ 'പുനരൈക്യ പ്രസ്ഥാന' ത്തിന്റെ മലങ്കര കത്തോലിക്കാ സഭ എന്ന വ്യക്തിഗത സഭയുടെ മക്കളാണ് നാമെന്നുള്ള കാര്യം ഒരിക്കലും വിസ്മരിച്ചുകൂടാ! പ്രാദേശിക താല്പര്യവും സ്വജനപക്ഷപാതവും സങ്കുചിത മനസ്ഥിതിയും ഒക്കെ പാടേ വലിച്ചെറിഞ്ഞ് നമ്മുടെ പൂർവ്വികരും പുണ്യപുരുഷന്മാരും സഭാചാര്യശ്രേഷ്ഠരും പാലൂട്ടിവളർത്തിയ നമ്മുടെ സഭയെ, മനസാ-വാചാ-കർമ്മണാ തളർത്താതിരിക്കുവാൻ, ഓരോ സഭാംഗവും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്തവതരിപ്പിച്ച 'സഭയിലൂടെയുള്ള അല്പമായ പ്രേഷിതത്വ'ത്തിന് അർത്ഥസംപുഷ്ടി കൈവരുകയുള്ളൂ!

1998 മാർച്ച് 6 ന് അഭിവന്ദ്യ ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പായുടെ സന്ദർശനത്തോടെയാണ് അബുദാബി-ദുബായ്-ഷാർജ മലങ്കര കത്തോലിക്കാ പ്രാർത്ഥനാ കൂട്ടായ്മക്കിടയിൽ ഒരു ഉണർവ്വ് കൈവന്നത്. അബുദാബിയിലെ മലങ്കര മക്കളെ ഒന്നിച്ചുകൂട്ടി പ്രാർത്ഥനായോഗം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തതും, അഭിവന്ദ്യ മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പായാണെന്നുള്ളത് നന്ദിപൂർവ്വം ഇവിടെ

www.malankaralibrary.com



സ്മരിക്കുന്നു. എല്ലാ മാസത്തിന്റെയും അവസാന വെള്ളിയാഴ്ചകളിൽ, അബുദാബി മലങ്കര സഭാ മക്കൾ ഒരു വീട്ടിൽ കൂടി പ്രാർത്ഥനായോഗം നടത്തുന്നു. അന്നേ ദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച അരമനയിലേക്ക് അയച്ചുകൊടുത്ത് സാധുജനസേവനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. അബുദാബി സെന്റ് ജോസഫ് ചർച്ച് പ്രിമൈസസ്‌ലേക്ക് ഈ പ്രാർത്ഥനായോഗം സ്ഥിരമായി നടത്തുവാൻ വേണ്ടി, ബന്ധപ്പെട്ട സഭാധികാരികളെ സന്ദർശിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്, അബുദാബി മലങ്കരകത്തോലിക്കാ സമൂഹം!! ഇതിലേക്ക് എല്ലാവരുടെയും പ്രാർത്ഥനാ സഹായങ്ങൾ അഭ്യർത്ഥിക്കുന്നു.

ദുബായിൽ സെന്റ് ജോർജ് പ്രയർ ഗ്രൂപ്പ് എന്ന പേരിൽ ഒരു പ്രാർത്ഥനായോഗം ആരംഭിച്ച്, ഇതിനോടകം വളരെ പ്രശംസനീയവും സ്തുത്യർഹവുമായ രീതിയിൽ 30ലധികം പ്രാർത്ഥനായോഗങ്ങൾ നടത്തിക്കഴിഞ്ഞു. പ്രാർത്ഥനായോഗത്തിനു പുറമെ ഭവനസന്ദർശനവും വളരെ ശക്തമായ നിലയിൽ ദുബായിൽ നടക്കുന്നു. ഊർജ്ജസ്വലരും മലങ്കര സഭാസ്നേഹികളും പ്രവർത്തന തല്പരരുമായ ഭാരവാഹികൾ നയിക്കുന്ന ദുബായ്-അബുദാബി-ഷാർജ പ്രാർത്ഥനായോഗങ്ങൾ, യു.എ.ഇ. യിലുള്ള മലങ്കര കത്തോലിക്കാ വിശ്വാസികൾക്ക് ആത്മീയ ഭോജനം നൽകി, അവരെ സംതൃപ്തരാക്കുന്നു. വ്യക്തികൾ തമ്മിലുള്ള ബന്ധവും അവരുടെ കൂട്ടായ്മയു മാണല്ലോ സഭാടിസ്ഥാനത്തിന്റെ ആണിക്കല്ല്!!

അബുദാബി സെന്റ് ജോസഫ്സ്, ദുബായ് സെന്റ് മേരീസ് എന്നീ ലത്തീൻ ഇടവകകളിൽ മഹാഭൂരിപക്ഷം വരുന്ന ഇന്ത്യൻ ക്രിസ്ത്യാനികൾ ഉൾപ്പെടെ ഏകദേശം 50,000 ആളുകൾ ഉണ്ട്. 24 മണിക്കൂറും ആരാധനയും ദിവ്യബലിയും മറ്റ് ഭക്ത്യാഭ്യാസങ്ങളും കരിസ്മാറ്റിക് യോഗങ്ങളും യുവജന സെമിനാറും മാറി മാറി ഈ ദേവാലയാന്തരീക്ഷത്തിൽ നടക്കുന്നുണ്ട്. 90ലധികം രാജ്യങ്ങളിൽ നിന്നും കത്തോലിക്കരും, അകത്തോലിക്കരും ഈ ദേവാലയങ്ങൾ കയറിയിറങ്ങുന്നുണ്ടെന്നാണ് സഭാധികാരികൾ പറയുന്നത്. 70 ശതമാനം വിശ്വാസികളും ഇന്ത്യാക്കാർ തന്നെ!! അറേബ്യ രൂപതയുടെ അഭിവന്ദ്യ ബർണാഡ് ഗ്രിമോളി തിരുമേനിയുടെയും യു.എ.ഇ. ഭരണാധികാരികളുടെയും സ്നേഹവും കാരുണ്യവും ആരോഗ്യപരമായ സമീപനവും, ആഗോളക്രൈസ്തവസമൂഹ വിശ്വാസികളായ ഇവിടെ കഴിയുന്നവർക്കും, പ്രത്യേകിച്ചും പ്രവാസികളായ നമുക്കും ലഭിക്കുന്നത്, എത്രയോ ആശ്വാസകരമാണ്!! മഹാമനസ്കരായ യു.എ.ഇ. ഭരണാധികാരികൾക്കും, അഭിവന്ദ്യ അറേബ്യാ ബിഷപ്പിനും അദ്ദേഹത്തിന്റെ സഹമിഷനറിമാർക്കും സ്നേഹവന്ദനവും പ്രാർത്ഥനാശംസകളും അർപ്പിക്കട്ടെ!!

മേല്പറഞ്ഞ ഇടവകകളിൽ, ഇന്ത്യയിൽ നിന്നും ഇവിടേയ്ക്ക് കടന്നുവന്നിട്ടുള്ള കത്തോലിക്കാ സഭകളിൽ, മലങ്കരകത്തോലിക്കർക്കു മാത്രമേ സഭ ഒന്നാണെങ്കിലും അത് കാതോലികമാണെന്നും, കാതോലികമെന്നുള്ളത് എല്ലാ വംശങ്ങളും ഭാഷകളും സംസ്കാരങ്ങളും റീത്തുകളും ആരാധനാക്രമങ്ങളും ആദ്ധ്യാത്മികതകളും ഒന്നുപോലെ ഉൾക്കൊള്ളുന്ന വിശാല കാഴ്ചപ്പാടാണെന്ന ചിന്തയും ഉള്ളൂ എന്ന്, പലപ്പോഴും ചിന്തിച്ചുപോകുകയാണ്. ഈ ഒരു സാർവ്വലൗകികസാഹോദര്യബോധം മലങ്കര കത്തോലിക്കർക്ക് കൂടുതലായുണ്ടെന്ന സത്യം ആർക്കും നിഷേധിക്കുവാനുമാവില്ല. അതിനാണല്ലോ, സീറോ മലബാർ-ലത്തീൻ സഹോദരങ്ങളോടൊരുമിച്ചുതന്നെ ഗൾഫിലും മറ്റും മലങ്കര കത്തോലിക്കർ അവർ നേതൃത്വം വഹിക്കുന്ന സഭാ പ്രസ്ഥാനങ്ങളിൽ സ്തുത്യർഹമായ സഭാസേവനം നടത്തുന്നതും!! ഒരേ കുടുംബത്തിലെ അംഗങ്ങളായ ഓരോ പ്രാദേശിക കത്തോലിക്കാ സഭയും ഓരോ വ്യക്തിഗതസഭയായതിനാൽതന്നെ, ഓരോരുത്തരും കൂട്ടായ സ്നേഹബന്ധം മുറിക്കാതെതന്നെ, അവരവരുടെ ആരാധനാ പാരമ്പര്യങ്ങളും ആചാരാനുഷ്ഠാനങ്ങളും വ്യക്തിത്വങ്ങളും കാത്തുസൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഈ സത്ചിന്ത ഒരു സുപ്രഭാതത്തിൽ മലങ്കര കത്തോലിക്കരായ നമ്മൾ കണ്ടുപിടിച്ചതല്ല, പിന്നെയോ, അത് 2-ാം വത്തിക്കാൻ സുന്നഹദോസിന്റെ നിർദ്ദേശവും കല്പനയുമാണ്.

**2. ഒമാൻ, ബഹറിൻ, ഖത്തർ, കുവൈറ്റ്, സൗദി അറേബ്യ എന്നിവിടങ്ങളിലുള്ള മലങ്കര കത്തോലിക്കർ**

മതസ്വാതന്ത്ര്യവും സാമൂഹ്യസ്വാതന്ത്ര്യവും വിദേശികൾക്ക് അമിതമായി അനുവദിച്ചു കൊടുക്കാത്ത സൗദി അറേബ്യയിലെ മലങ്കര

www.malankaralibrary.com



കത്തോലിക്കാമക്കൾക്കാണ്, ഗൾഫ് മേഖലയിൽ ഏറ്റവും വലിയ ആത്മീയ ദാരിദ്ര്യം!! അനേകം മലങ്കരമക്കൾ സൗദിയിലുണ്ടെങ്കിലും, പരസ്യമായി ആരാധനാലയങ്ങളിലോ, വീടുകളിലോ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുന്നതിന് സൗദി നിയമം വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ കൂട്ടം കൂടി പ്രാർത്ഥിക്കുന്നതും മതം പ്രചരിപ്പിക്കുന്നതും മതപരമായ സമ്മേളനങ്ങളോ പ്രാർത്ഥനായോഗങ്ങളോ മറ്റോ സംഘടിപ്പിക്കുന്നതും അവിടെ വലിയ കുറ്റമാണ്. നിയമം ലംഘിക്കുന്ന വിദേശീയർക്ക് ജയിലറയായിരിക്കും പിന്നെ വാസസ്ഥലം. "പ്രാർത്ഥിക്കുമ്പോൾ നീ മുറിയിൽ കയറി കതകടച്ച് രഹസ്യത്തിൽ പ്രാർത്ഥിക്കുക, പരസ്യമായി അതിനുള്ള പ്രതിഫലം ദൈവം നിനക്കു തരും" എന്നുള്ള കർതൃകല്പന, സൗദിഅറേബ്യയിലുള്ള മലങ്കരകത്തോലിക്കാ മക്കളെ സംബന്ധിച്ചിടത്തോളം ശരിതന്നെയാണ്. വൈദികർക്കും സമർപ്പിതരായ സന്യാസി-സന്യാസിനികൾക്കും, അഭിവന്ദ്യ തിരുമേനിമാർക്കും അല്മായ മിഷനറിമാർക്കും ഇക്കാര്യത്തിൽ സൗദി ഭരണകൂടം വിലക്ക് ഏർപ്പെടുത്തിയിട്ടുമുണ്ട്. സൗദി അറേബ്യയിൽ ആരാധനാ സ്വാതന്ത്ര്യം ലഭിക്കാതെ, രഹസ്യമായി പ്രാർത്ഥിച്ച് സംതൃപ്തിയടയുന്ന നമ്മുടെ സഭാമക്കളെയോർത്ത്, നമുക്ക് പ്രാർത്ഥിക്കാം!!

ഒമാനിലെ മസ്ക്കറ്റിലും, സലാല എന്ന "മിനി കേരള"ത്തിലും മലങ്കരകത്തോലിക്കരുടെ സാന്നിദ്ധ്യവും സജീവമായ പ്രാർത്ഥനകൊണ്ടും ചൈതന്യവത്തായ അനുകൂല അന്തരീക്ഷമാണുള്ളത്. യു.എ.ഇ. യിലെപ്പോലെ അത്ര സംഘടിതരല്ലെങ്കിൽത്തന്നെയും, മസ്ക്കറ്റിലും സലാലയിലും താമസിച്ച് ജോലി ചെയ്യുന്ന അർപ്പണബോധമുള്ള അല്മായ മിഷനറിമാരുടെ നേതൃത്വത്തിൽ ശക്തമായ മലങ്കരകത്തോലിക്കാ കൂട്ടായ്മകൾ ശക്തിപ്പെട്ടുവരുന്നുണ്ട്. വി.ബൈബിളിൽ പരാമർശിക്കപ്പെടുന്ന പല പുണ്യകേന്ദ്രങ്ങളും സ്ഥലങ്ങളും- ജോബിന്റെ കിണർ, ഷേബാരാജ്ഞിയുടെ കൊട്ടാരം, പരി. കന്യകാമറിയത്തിന്റെ പാദസ്പർശനമേറ്റ് പുളകമണിഞ്ഞ മലനിരവഴികൾ, മാതാവിന്റെ പിതാവ്, യോവാക്കീമിന്റെ ശവകുടീരം ഇവ ഒമാനിലാണെന്നുള്ളത് ശ്രദ്ധേയമാണ്. (സലാലയിൽ)

ഖത്തറിലും ബഹറിനിലും കുവൈറ്റിലും അസംഘടിതമെങ്കിലും ശക്തമായ അടിത്തറയുള്ള മലങ്കര കത്തോലിക്കാ സമൂഹങ്ങളുണ്ട്. പല സ്ഥലങ്ങളിലായി ഒറ്റപ്പെട്ടും കൂട്ടമായും കഴിയുന്ന സഭാമക്കളെ ഏകോപിപ്പിച്ച്, പ്രാർത്ഥനാകൂട്ടായ്മകളിലൂടെ സജീവരാക്കുവാനുള്ള ഭഗീരഥപ്രയത്നം എല്ലാവരുടെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ഒറ്റപ്പെട്ട ശബ്ദങ്ങൾക്ക് ഉടയവരായ സഭാമക്കളുടെ വ്യഥയും ആത്മീയ ദാരിദ്ര്യവും കണ്ടില്ലെന്ന് നടിക്കുവാൻ നമുക്കാവില്ല. അതിനുള്ള ക്രമീകരണം യുദ്ധകാലാടിസ്ഥാനത്തിൽ തുടരേണ്ടിയിരിക്കുന്നു!!

## ഗൾഫ് മലങ്കര കത്തോലിക്കരുടെ പ്രശ്നങ്ങൾ

കേരളത്തിനു പുറത്തുള്ള മലങ്കരകത്തോലിക്കാ കൂട്ടായ്മകളിൽ സഭാപിതാക്കന്മാരുടെയും വൈദീക ശ്രേഷ്ഠന്മാരുടെയും ആദ്ധ്യാത്മിക ശുശ്രൂഷകൾ ഏറ്റവും കുറച്ചു ലഭിച്ചിട്ടുള്ള കേന്ദ്രമാണ് ഗൾഫ് മേഖല. ഗൾഫ് വഴി കടന്നുപോകുകയോ, സ്വന്തക്കാരെ സന്ദർശിക്കാൻ വരികയോ, 'മിന്നൽ സന്ദർശന' ത്തിലൂടെ മലങ്കരമക്കളുടെയടുക്കൽ വരികയോ ചെയ്തിട്ടുള്ള അഭിവന്ദ്യ തിരുമേനിമാരും വൈദികരും, രഹസ്യമായും പരസ്യമായും കുർബാനയർപ്പിക്കുകയും ചെറുപ്രസംഗം നടത്തുകയും ചെയ്തിട്ടുള്ളതല്ലാതെ, ഗൾഫ് വിശ്വാസികൾക്ക് സ്ഥായിയായി പ്രയോജനപ്പെടേണ്ട മറ്റൊരു അജപാലന ശുശ്രൂഷയോ, സംവിധാനമോ, ഇവിടെ നടത്തിയിട്ടില്ല എന്നുള്ളത് സത്യമാണ്. ഗൾഫ് മരുഭൂമികളിൽ ഇപ്പോൾ തന്നെ ശക്തിപ്പെട്ടുവരുന്ന പ്രാർത്ഥനാകൂട്ടായ്മകളും മലങ്കര കത്തോലിക്കാസഭാ പ്രവർത്തനങ്ങളും ഒക്കെ, അത്മായരുടെ പരിശ്രമത്തിൽ നിന്നും രൂപപ്പെട്ടുവന്നവയാണ്. അബുദാബി, ദുബായ്, ഷാർജ എന്നിവിടങ്ങളിലെ പ്രാർത്ഥനായോഗ രൂപീകരണത്തിന്, അഭിവന്ദ്യ ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പാ മുതലായ വൈദിക സന്ദർശകരുടെ പ്രോത്സാഹനവും താല്പര്യവും കാരണഹേതുവായിട്ടുണ്ടെങ്കിലും, സഭാ സ്നേഹികളായ ഒരു പറ്റം അത്മായ പ്രേഷിതരുടെ അശ്രാന്തപരിശ്രമവും ത്യാഗവും മറ്റുമാണ് ഇതിന്റെ മുഖ്യധാരാശക്തികളായി പ്രവർത്തിച്ചിട്ടുള്ളത്. പക്ഷേ, ഒരു കാര്യം ഇവിടെ വിസ്മരിക്കാവുന്നതല്ല. കേരളത്തിൽ നിന്നും ദശകങ്ങൾക്കുമുമ്പേ ഇവിടേയ്ക്ക് കടന്നുവന്ന് അടിത്തറയിട്ട് വളർന്നു പന്തലിച്ച മലങ്കരഓർത്തഡോക്സ്-യാക്കോബൈറ്റ്-സീറോ മലബാർ-ലാറ്റിൻ എന്നീ

www.malankaralibrary.com



കത്തോലിക്കാ ക്രൈസ്തവ സഭകൾക്ക് ആഴത്തിൽ വേരോടിക്കുവാൻ ഈ വിശുദ്ധ മണ്ണ് ഉപകാരപ്രദമായി എങ്കിൽ, മലങ്കര കത്തോലിക്കരായ നമുക്ക് മാത്രം എന്തേ ഇതുവരെയും ഇത് സാധിച്ചില്ല? കടന്നുവന്ന എല്ലാ സഭകളെയും ഏറ്റു വാങ്ങി നെഞ്ചിലേറ്റി ലാളിച്ച അറേബ്യൻ പുണ്യഭൂമിയിൽ, ഇതുവരെയായിട്ടും നമുക്കുമാത്രം എന്തുകൊണ്ട് നങ്കൂരമിറക്കുവാൻ സാധിച്ചില്ല? സർവ്വരും ചിന്തിക്കട്ടെ!!

**ഉപസംഹാരം**

ഗൾഫ് രാജ്യങ്ങളിലുള്ള മലങ്കരകത്തോലിക്കാ ഇടവകകൾക്ക്, ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള നിയന്ത്രണങ്ങളുടെ പേരിൽ ധാരാളം പരിമിതികളുണ്ടെന്ന് സമ്മതിച്ചേ തീരൂ. മറുവശത്ത്, മലങ്കര കത്തോലിക്കർക്ക് അവരുടേതായ ഒരു ആദ്ധ്യാത്മികതയും ദൈവശാസ്ത്രവും ആരാധനാക്രമവും സഭാ ശിക്ഷണക്രമവും ഉണ്ട്. അതുൾക്കൊള്ളുകയും അതിൽ നിലനിൽക്കുകയും, അവതങ്ങളുടെ മക്കൾക്കും പുതുതലമുറയ്ക്കും കൈമാറുകയും ചെയ്യുന്നത്, അവരുടെ ദൈവദത്തമായ കടമയും അവകാശവുമാണ്. 2100 കൊണ്ട് അവസാനിക്കുന്ന നൂറ്റാണ്ട്, പൗരസ്ത്യസഭകളുടെ നൂറ്റാണ്ടാണെന്ന് സഭാതലത്തിൽ പലരും പ്രവചിച്ചിട്ടുണ്ട്. അത് ശരിയാകണമെങ്കിൽ സഭാധികാരികളും അത്മായരും ഉണരണം, ഉണർന്ന പ്രവർത്തിച്ച് സഭാ സമൂഹങ്ങൾ കെട്ടിപ്പൊക്കി, ആഗോള കത്തോലിക്കാ സഭാമാതാവിനെ ശക്തിപ്പെടുത്തണം. അല്മായഗണം സഭാപ്രേഷിതത്വത്തിലും സഭാവിജ്ഞാനീയത്തിലും അറിവുനേടി ഉറച്ചുനിന്ന് പ്രവർത്തിക്കണം.

*With best compliments from:*

**Mother Provincial S.I.C.**

BETHANY CONVENT,
NALAMCHIRA P.O., THIRUVANANTHAPURAM

www.malankaralibrary.com



# മലങ്കര സഭാ മഹാജൂബിലിയാഘോഷം റോമിൽ

**2000 നവംബർ 21-ാം തീയതി റോമിൽ മഹാജൂബിലി തീർത്ഥാടനം നടത്തിയ മലങ്കര സഭാപിതാക്കൻമാരെയും വൈദികരെയും സിസ്റ്റേഴ്സിനെയും വിശ്വാസികളെയും സംബോധന ചെയ്ത് ജോൺപോൾ രണ്ടാമൻ മാർപാപ്പ നൽകിയ സന്ദേശം.**

പ്രിയ ബസേലിയോസ് മെത്രാപ്പോലീത്താ, മലങ്കര സുറിയാനി സഭയിൽ നിന്നും ആഗതരായ തീർത്ഥാടകരെ,

ഇന്ത്യയിൽ നിന്നും മറ്റിടങ്ങളിൽ നിന്നും മഹാജൂബിലി ആഘോഷിക്കുവാൻ നിങ്ങൾ റോമിൽ എത്തിയിരിക്കുകയാണല്ലോ. വി. പത്രോസ് പൗലോസ് അപ്പോസ്തലൻമാരുടെ കബറിടങ്ങളിലുള്ള നിങ്ങളുടെ പ്രാർത്ഥന ക്രിസ്തുവിലുള്ള നമ്മുടെ അഗാധമായ കൂട്ടായ്മയുടെ ജ്വലിക്കുന്ന അടയാളമാണ്.


എഴുപതുവർഷങ്ങൾ ക്കുമുൻപ് മാർ ഈവാനിയോസ് മെത്രാപ്പോ ലീത്തയും മാർ തെയോഫിലോസ് മെത്രാനും, കൂടെയുള്ളവരും പത്രോസിന്റെ സിംഹാസനവുമായി സമ്പൂർണ്ണകൂട്ടായ്മയിലേക്കു പ്രവേശിച്ചു. വത്തിക്കാൻ ബസിലിക്കായുടെ താഴികക്കുടത്തിനു കീഴെ രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകൾ ഉൾക്കൊള്ളുന്ന സത്യത്തെ ക്കുറിച്ച് അഗാധബോദ്ധ്യം ഉളവായതുകൊണ്ടാണ് അവർ അങ്ങനെ ചെയ്തത്. അവിടെ ഇപ്രകാരം എഴുതിയിരിക്കുന്നു: "ഇവിടെ നിന്നും ഒരേ വിശ്വാസം ലോകത്തിലെല്ലായിടത്തേക്കും പ്രകാശിക്കുന്നു." സഭ, കിഴക്കിനും പടിഞ്ഞാറിനും ഇടയിലുള്ള ക്രിസ്തുവിന്റെ സഭ, ഒന്നാണന്ന് അവർ നന്നായി മനസ്സിലാക്കി (Orientale Lumen-20). കത്തോലിക്കാ സഭാ കൂട്ടായ്മയിലേക്കു പ്രവേശിക്കുന്നതു വഴി "അവരവരുടെ സഭാപാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയെ നിഷേധിക്കുവാൻ ഒരു വിധത്തിലും ഉദ്ദേശിക്കുന്നില്ലായെന്ന് അവർക്ക് നന്നായി അറിയാമായിരുന്നു" (Ibid 21). അവരുടെ ഈ തീരുമാനത്തെ തുടർന്നുള്ള വർഷങ്ങളിൽ ദൈവം മലങ്കരസഭയേയും, സഭൈക്യത്തിനു വേണ്ടിയുള്ള അവളുടെ പ്രേഷിത പ്രവർത്തനങ്ങളെയും ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്.

നിങ്ങളുടെ ജൂബിലി ആഘോഷം വി. കുർബാന അർപ്പണത്തിലൂടെ മകുടമണിയിക്കുന്ന ഈ വേളയിൽ പൗരസ്ത്യ സഭകളിലെ ക്രിസ്ത്യാനികൾക്ക് ദൈവത്തിന്റെ സ്നേഹം കൂടുതലായി അനുഭവപ്പെടുന്നതിനു വേണ്ടി പ്രാർത്ഥിക്കണമെന്ന് ഞാൻ നിങ്ങളോടു ആവശ്യപ്പെടുന്നു. അങ്ങനെ ' തങ്ങൾ ഒരുമിച്ച് ഒരു കർത്താവിന്റെ പക്കലേയ്ക്ക് നടന്നു നീങ്ങുകയാണെന്നും...... അതുവഴി പരസ്പരം കൂടുതലായി അടുക്കുകയാ ണെന്നുമുള്ള സത്യം നവമായും കൂടുതൽ അഗാധ മായും കണ്ടുപിടിക്കുവാൻ ' (Ibid 28) അവർക്കിടയാകട്ടെ. പൗരസ്ത്യ സഭാംഗങ്ങൾ ഈ യാഥാർത്ഥ്യം നവമായി മനസ്സിലാക്കുന്നത് സാർവത്രികസഭയ് ക്കുമുഴുവൻ, പ്രത്യേകിച്ച് മൂന്നാം സഹസ്രാബ്ദത്തി ലേക്ക് കാലുകുത്തുന്ന ഈ വേളയിൽ, ഒരു വലിയ അനുഗ്രഹമായി തീരുന്നതിന് ഇടയാകുന്നതിനു വേണ്ടിയും പ്രാർത്ഥിക്കുക.

പ്രിയ സഹോദര മെത്രാൻമാരെ, ക്രിസ്തുവിൽ സുഹൃത്തുക്കളെ ഈ ജൂബിലി ആഘോഷവേളയിൽ സങ്കീർത്തകന്റെ വാക്കുകൾ നിങ്ങളുടെ ആഴങ്ങളിൽ പ്രതിദ്ധ്വനിക്കട്ടെ. "സഹോദരൻമാർ ഐക്യത്തിൽ വസിക്കുന്നത് എത്ര നല്ലതും മനോഹരവുമാകുന്നു." (സങ്കീ:13281). ഏറ്റവും പരിശുദ്ധയായ ദൈവമാതാവ് "അവളിലൂടെയാണല്ലോ ഈ ലോകത്തിൽ പ്രകാശം ഉദിച്ചത് 'നിങ്ങളുടെ തീർത്ഥാടനപാതയിൽ നിങ്ങളെ സുരക്ഷിതമായി നയിക്കട്ടെ. അവളുടെ ദൈവകുമാരനായ യേശുക്രിസ്തുവിന്റെ കൃപയുടെയും സമാധാനത്തിന്റെയും ഉറപ്പായി എന്റെ അപ്പസ്തോലിക ആശീർവാദം ഹൃദയംഗമമായി ഞാൻ നിങ്ങൾക്ക് നല്കുന്നു.

www.malankaralibrary.com





# എം.സി.വൈ.എം.ന്റെ സഭാത്മക ദർശനം

ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി.
(സെൻട്രൽ സെക്രട്ടറിയേറ്റ് ഡയറക്ടർ)

മലങ്കര സഭയുടെ യുവജനകൂട്ടായ്മയാണ് എം.സി.വൈ.എം. അഥവാ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്. ഇതിന്റെ നാമധേയത്തിൽ തന്നെ ഇതിന്റെ സഭാത്മകദർശനം വ്യക്തമാക്കുന്നുണ്ട്.

മലങ്കര സഭ ഒരു വ്യക്തിഗതസഭയെന്ന നിലയിൽ ആഗോളസഭയിൽ അതിനുള്ള തനിമയും വ്യക്തിത്വവും പാരമ്പര്യങ്ങളും അഭംഗുരം പരിപാലിച്ചു പോരുവാൻ സഹായകരമായ വിധത്തിലാണ് അതിന്റെ യുവജനകൂട്ടായ്മ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്.

വിവിധ രൂപതകളിൽ, വിവിധ സമയങ്ങളിൽ എം.സി.വൈ.എം. എന്ന പ്രസ്ഥാനം രൂപം കൊണ്ടു എങ്കിലും 1989 ൽ മലങ്കര മെത്രാപ്പോലീത്താ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ സഭാത്മക ദർശനഫലമായി, വളരെ ദീർഘവീക്ഷണത്തോടുകൂടി ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടും ആശിർവാദത്തോടും കൂടി എം.സി.വൈ.എം. സെൻട്രൽ സെക്രട്ടറിയേറ്റ് എന്ന സഭാത്മക സംവിധാനം മലങ്കര സഭയിലെ എല്ലാ രൂപതകളേയും ബാഹ്യകേരള റീജനുകളേയും കോർത്തിണക്കിക്കൊണ്ട് രൂപം കൊള്ളുകയുണ്ടായി. ഇന്ന് എം.സി.വൈ.എം. ന് അതിന്റേതായ വിവിധ തലങ്ങളുണ്ട്. ഘടനയുണ്ട്. അതായത്

1. മലങ്കര കത്തോലിക്കാ സഭയുടെ ആകമാനമുള്ള (സെൻട്രൽ സെക്രട്ടറിയേറ്റ്) എം.സി.വൈ.എം. ന്റെ പ്രവർത്തനതലമാകുന്നു സഭാതലം.
2. മലങ്കര കത്തോലിക്കാസഭയിലെ എല്ലാ രൂപതകൾക്കകത്തുള്ള (ഇടവക, മേഖലാതലങ്ങൾ ചേർന്ന) എം.സി.വൈ.എം. ന്റെ രൂപതാതല പ്രവർത്തന സംവിധാനം.
3. മലങ്കര കത്തോലിക്കാ സഭയുടെ നിലവിലുള്ള രൂപതാതിർത്തിക്കുപുറത്ത് ദേശീയവും അന്തർദേശീയവുമായ എം.സി.വൈ.എം.ന്റെ പ്രവർത്തന സംവിധാനമാണ് ബാഹ്യകേരളമിഷൻ മേഖലാതലം.

ഇന്ന് എം.സി.വൈ.എം. ഒരു ഭരണഘടനയുടേയും പതാകയുടേയും ഭരണസംവിധാനത്തിന്റേയും ചിഹ്നത്തിന്റേയും അടിസ്ഥാനത്തിൽ ഒരൊറ്റ ലക്ഷ്യത്തോടുകൂടി പ്രവർത്തിച്ചുവരുന്നു.

മറ്റു വ്യക്തിഗതസഭകളുടെ യുവജനപ്രസ്ഥാനങ്ങൾക്കില്ലാത്തതായ ഒരു വലിയ, തനതായ സംവിധാനമാണ് ഇപ്രകാരം ഇന്ന് മലങ്കര കത്തോലിക്കാ യുവജന സഭയ്ക്കുള്ളത്. മലങ്കരസഭയുടെ വ്യക്തിത്വം, തനിമ, സഭാത്മകത ഇവയ്ക്ക് എം.സി.വൈ.എം. എന്ന യുവജനപ്രസ്ഥാനം ഊന്നൽ നല്കികൊണ്ട് പ്രവർത്തിച്ചുവരികയാണ്.

ഇന്ന് എം.സി.വൈ.എം. ന്റെ സെൻട്രൽ സെക്രട്ടറിയേറ്റ് ഓഫീസ്, തിരുവല്ലാ രൂപതയിലെ കോട്ടയം കളത്തിപ്പടി ലിറ്റിൽ ഫ്ളവർ മലങ്കര കാത്തലിക് ചർച്ചിനോടു ചേർന്ന് പ്രവർത്തിക്കുന്നു. ചേതന എന്ന പേരിലാണിന്ന് ഈ ഓഫീസ് അറിയപ്പെടുന്നത്. ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയാണ് ഇന്ന് ഈ പ്രസ്ഥാനത്തിന്റെ ചെയർമാൻ.

എം.സി.വൈ.എം. ന്റെ ലക്ഷ്യം സഭാത്മകമാണ് എന്ന വസ്തുത ഭരണഘടനയിൽതന്നെ വ്യക്തമാകുന്നുണ്ട്. പിതാവായ ദൈവത്തിന്റെ, യേശുക്രിസ്തുവിലൂടെയുള്ള രക്ഷാകരപദ്ധതി ഇന്നും ലോകത്തിൽ പിൻതുടരുക എന്ന സഭയുടെ ദൗത്യം സഭയിലൂടെ മനുഷ്യരാശിക്ക് അനുഭവവേദ്യമാക്കുകയാണ് ഇതിന്റെ പരമമായ ലക്ഷ്യം. സുവിശേഷവത്കരണ പ്രക്രിയയിലൂടെയാണ് ഈ ലക്ഷ്യം സാധിതമാക്കേണ്ടത്. സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും യുവജനങ്ങളുടെ

www.malankaralibrary.com



സമഗ്രവികസനവും അതോടുകൂടി തന്നെ ഈ പ്രസ്ഥാനം ലക്ഷ്യം വയ്ക്കുന്നു.

എം.സി.വൈ.എം.ന്റെ ഭരണഘടന വിഭാവന ചെയ്യുന്ന ഇതിന്റെ പ്രവർത്തന തലങ്ങൾ

1. ആദ്ധ്യാത്മികം:- മലങ്കര സഭയിലെ യുവജനങ്ങളെ ക്രൈസ്തവ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും വിശ്വാസ സത്യങ്ങളെ അനുദിന ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനുമുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്ത്, പരിശീലനം നൽകുവാൻ ഈ പ്രസ്ഥാനം ആഹ്വാനം ചെയ്യുന്നു.

പ്രാർത്ഥനാ ജീവിതത്തിലൂടെ ആദ്ധ്യാത്മചൈതന്യം നേടുന്നതിനും ക്രൈസ്തവ ദർശനാധിഷ്ഠിതമായ നേതൃത്വ ശൈലി വളർത്തിയെടുക്കുന്നതിന് വേണ്ട ശിക്ഷണമാണ് ഈ പ്രസ്ഥാനം വിഭാവന ചെയ്യുന്നത്. ഇപ്രകാരം എം.സി.വൈ.എം. ലൂടെ മാതൃകാപരമായ ജീവിതശൈലി വാർത്തെടുക്കുവാൻ ക്രൈസ്തവ മൂല്യാധിഷ്ഠിതമായ ബോധനം നൽകുന്നതോടൊപ്പം സഭാപരമായ ആരാധനകളോടും അനുഷ്ഠാനങ്ങളോടും ആഭിമുഖ്യം വളർത്തിയെടുത്ത് മാതൃകാപരമായ കൗദാശിക ജീവിതം നയിക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുവാൻ ഈ പ്രസ്ഥാനം ആഹ്വാനം ചെയ്യുന്നു.

മതബോധനം, പ്രാർത്ഥനായോഗങ്ങൾ, ധ്യാനയോഗങ്ങൾ, ബൈബിൾ കൺവൻഷൻ മുതലായവയ്ക്ക് നമ്മുടെ യുവാക്കൾ നേതൃത്വം കൊടുത്തുകൊണ്ട് ഇടവക സമൂഹത്തെ ചൈതന്യവത്ക്കരിക്കുവാനാണ് ഇതിന്റെ ഭരണഘടന മലങ്കര യുവജനപ്രസ്ഥാനത്തോട് ആവശ്യപ്പെടുന്നത്.

2. ബൗദ്ധികം:- ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ അറിവുനേടുന്നതോടൊപ്പം സഭയുടെ പ്രബോധനങ്ങളിൽ പഠനം നടത്തുവാനും അവയെ ഉൾക്കൊണ്ട് പ്രചരിപ്പിക്കുവാനും ഈ പ്രസ്ഥാനം ആഹ്വാനം ചെയ്യുന്നു. ഇവയ്ക്കനുയോജ്യമായ ചർച്ചകളും സെമിനാറുകളും സമ്മേളനങ്ങളും വിവിധ തലങ്ങളിൽ സംഘടിപ്പിക്കുവാൻ ഈ പ്രസ്ഥാനത്തെ പ്രബുദ്ധമാ ക്കേണ്ടതാണ്. മതപരവും വിദ്യാഭ്യാസ പരവുമായ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട വിജ്ഞാനവേദികളും ഈ പ്രസ്ഥാനത്തിനു ണ്ടായിരിക്കണം.

3. സാമൂഹികം:- സമുഹത്തിന്റെ നിജസ്ഥിതിയെക്കുറിച്ച് അപഗ്രഥിച്ചു പഠിക്കുന്നതിനും സാമൂഹ്യതിന്മകൾക്കെതിരെ ധീരമായി പ്രതികരിക്കുന്നതിനും, ക്രൈസ്തവദർ ശനങ്ങളുടെ അടിസ്ഥാനത്തിലുള്ള ക്രിയാത്മക പ്രവർത്തനത്തിലൂടെ ഒരു പുതിയ സമൂഹനിർമ്മിതിക്കായി പ്രവർത്തിക്കുവാൻ യുവജനങ്ങളെ ഈ പ്രസ്ഥാനം സജ്ജമാക്കുന്നു.

തൊഴിൽപരവും കാർഷികവും വ്യാവസായികവുമായ ആഭിമുഖ്യങ്ങൾ ലഭിക്കുന്ന പരിശീലന പദ്ധതികൾ വിവിധ തലങ്ങളിൽ ഈ പ്രസ്ഥാനം കണ്ടെത്തേണ്ടിയിരിക്കുന്നു.

സാമൂഹ്യപ്രശ്നങ്ങൾക്ക് സംഘടിത ശ്രമങ്ങളിലൂടെയാണ് പരിഹാരം തേടേണ്ടത്.

സഭയുടേയും, സർക്കാരുകളുടേയും ജനക്ഷേമ പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും, പിന്നോക്കസമുദായങ്ങളുടേയും, പീഡനവും അവഗണനയും അനുഭവിക്കുന്ന ജനസമൂഹത്തിന്റെ പുരോഗതിക്കുവേണ്ടിയും കർമ്മപരിപാടികൾ സംഘടിപ്പിക്കുവാനുള്ള അവകാശം എം.സി.വൈ.എം. ഭരണഘടന മലങ്കര യുവജനങ്ങൾക്കു നൽകുന്നുണ്ട്.

4. സാംസ്കാരികം:- എം.സി.വൈ.എം., ഭാരതീയവും ക്രിസ്തീയവുമായ സാംസ്കാരികപാരമ്പര്യങ്ങൾ സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും പ്രതിജ്ഞാബദ്ധരാണ്. മലങ്കര യുവജനങ്ങൾ ഭാരതീയ തത്വചിന്തകളെ വിലമതിക്കുന്നവരായിരിക്കണം.

കലാകായിക സാഹിത്യ മേഖലകളിൽ മലങ്കര യുവജനങ്ങൾ പ്രബുദ്ധരായിരിക്കണം. ഇതിനുള്ള കർമ്മപദ്ധതികൾ വിവിധ തലങ്ങളിൽ ഈ പ്രസ്ഥാനം കണ്ടെത്തണം.


ഇപ്രകാരം എം.സി.വൈ.എം. ന്റെ പ്രവർത്തനതലം വിശാലമാണ്. മലങ്കരസഭയിലെ യുവജനങ്ങളുടെ സമഗ്രമായ വളർച്ചയാണ് ഈ പ്രസ്ഥാനം ഈ തലങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

എം.സി.വൈ.എം.ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി.ഫ്രാൻസിസ് അസ്സീസ്സിയാണ്. ആ വിശുദ്ധന്റെ തിരുനാൾദിനമായ ഒക്ടോബർ 4 എം.സി.വൈ.എം. ദിനമായി സഭയാചരിക്കുന്നു.

മറ്റു യുവജനസംഘടനകളിൽ നിന്നും തികച്ചും വിഭിന്നവും വ്യത്യസ്ഥവുമാണ് എം.സി.വൈ.എം.ന്റെ സംഘടനാത്മകത എന്ന വസ്തു ഇതിന്റെ ഭരണഘടന പഠനവിഷയമാകുമ്പോൾ നമുക്കു ബോധ്യമാകും. ഇതിന്റെ സഭാത്മകതയാണ് ഈ വ്യത്യാസത്തിനു കാരണം. ഇത് ഉൾക്കൊണ്ട് പ്രവർത്തിച്ച് ഈ പ്രസ്ഥാനം ലക്ഷ്യം വയ്ക്കുന്ന വസ്തുതകൾ സാധിതമാകുന്നതിന് ഈ മഹാജൂബിലി വർഷത്തിൽ മലങ്കര യുവജനങ്ങൾക്കിടയാകട്ടെ എന്നാശംസിക്കുന്നു.

www.malankaralibrary.com





# മലങ്കര കാത്തലിക് അസ്സോസിയേഷൻ (എം.സി.എ.)

**അഡ്വ. ജോൺ ഏബ്രഹാം**
ജനറൽ സെക്രട്ടറി

**1930** സെപ്റ്റംബർ 20-ാം തീയതി അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ 5 പേരുടെ കത്തോലിക്കാ സഭാ പ്രവേശനത്തോടെ ആരംഭിച്ച പുനരൈക്യപ്രസ്ഥാനം മലങ്കര കത്തോലിക്കാ സഭയായി ഇന്ന് ലക്ഷങ്ങളിലേക്ക് വളർന്നു കഴിഞ്ഞു. വളർച്ചയുടെ വേഗതയ്ക്ക് ആക്കം കൂട്ടുന്നതിനായി വരുംകാല കാര്യങ്ങളെ വളരെ മുൻകൂട്ടി കാണുവാനും അതനുസരിച്ച് പദ്ധതികൾ തയ്യാറാക്കി പ്രാവർത്തികമാക്കുവാനും അസാമാന്യ കഴിവുള്ള നമ്മുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനി മുൻകൈ എടുത്ത് രൂപീകരിച്ചതാണ് മലങ്കര കാത്തലിക് അസ്സോസിയേഷൻ അഥവാ എം.സി.എ. എന്ന അത്മായ സംഘടന.

1999 ജനുവരി മാസം 26-ാം തീയതി തിരുവല്ല ശാന്തി നിലയത്തിൽ വച്ച്, ഓരോ രൂപതയിൽ നിന്നും 25 പ്രതിനിധികൾ വീതമുള്ള കേന്ദ്ര അസംബ്ലി യോഗമാണ് ആദ്യത്തെ കേന്ദ്ര സമിതിയെയും ഭാരവാഹികളെയും തെരഞ്ഞെടുത്തത്. ഇതിലേക്കായുള്ള പ്രവർത്തനത്തിന് നേതൃത്വം നൽകിയത്, 1996 മാർച്ച് 2-ാം തീയതി രൂപം കൊടുത്ത, ശ്രീ. വർഗ്ഗീസ് കരിപ്പായിൽ പ്രസിഡന്റും, അഡ്വ. വി.വി. ഷാജി സെക്രട്ടറിയും, ശ്രീ. മാത്യു വർഗ്ഗീസ് ട്രഷറാറും ആയുള്ള 10 അംഗ അഡ്ഹോക്ക് സമിതി ആയിരുന്നു. ഭാരവാഹികൾ താഴെപ്പറയുന്നവരാണ്.

ശ്രീ. വർഗ്ഗീസ് കരിപ്പായിൽ പ്രസിഡന്റ് (തിരുവല്ല)
അഡ്വ. അന്നമ്മ ജോർജ്ജ് വൈസ് പ്രസിഡന്റ് (വനിത)
ശ്രീ. പോൾ രാജ് (മാർത്താണ്ഡം)
ശ്രീ. റ്റി.കെ. തോമസ് " (തിരുവനന്തപുരം)
ശ്രീ. സി.പി. തോമസ് " (ബത്തേരി)
അഡ്വ. ജോൺ ഏബ്രഹാം ജനറൽ സെക്രട്ടറി (തിരുവനന്തപുരം)
അഡ്വ. റ്റി.പി. ഏലിയാസ് ജോ. സെക്രട്ടറി (ബത്തേരി)
ശ്രീ. പി. ജോസഫ് ട്രഷറർ (മാർത്താണ്ഡം)

സംഘടനയുടെ ആത്മീയ ഉപദേഷ്ടാക്കളായി പെരിയ ബഹു. വർഗ്ഗീസ് മാവേലിലച്ചൻ (കേന്ദ്ര സമിതി), ബഹു. ഫാ. മൈക്കിൾ ഒ.ഐ.സി. (മാർത്താണ്ഡം) ബഹു. ഫാ. മാത്യു ആലുമ്മൂട്ടിൽ (തിരുവനന്തപുരം) ബഹു. ഫാ. ബഹനാൻ ചെറുപാലത്തിൽ (തിരുവല്ല) ബഹു. ഫാ. സെബാസ്റ്റ്യൻ കീപ്പള്ളിൽ (ബത്തേരി) എന്നിവർ സേവനം ചെയ്യുന്നു. കേന്ദ്ര സമിതിയിൽ ഭാരവാഹികളും തെരഞ്ഞെടുക്കപ്പെട്ട 13 അംഗങ്ങളും ആത്മീയ ഉപദേഷ്ടാക്കളും രൂപതാ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം അതിഭദ്രാസനാസ്ഥാനമായ 'തിരുസന്നിധി' കേന്ദ്ര സമിതിയുടെ ആസ്ഥാനം.

മലങ്കര സഭയുടെ വളർച്ചയ്ക്കും സമഗ്രമായ പുരോഗതിക്കും അത്മായരുടെ പങ്ക് അനിവാര്യമാണ് എന്ന് മനസ്സിലാക്കിയാണ് മലങ്കര സഭാധികാരികൾ എം.സി.എ.യ്ക്ക് രൂപം കൊടുത്തത്. അത് അതിന്റേതായ അർത്ഥത്തിൽ ഉൾക്കൊണ്ട് പ്രവർത്തനം ശക്തമായി നീക്കാൻ നേതൃത്വത്തിനും ആ രീതിയിൽ പ്രോത്സാഹിപ്പിച്ചു കൊണ്ടുപോകാൻ ബഹു. വൈദികർക്കും കഴിയാതെ പോകുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്നിരുന്നാലും എല്ലാവരുടേയും സഹകരണം കൊണ്ട് കുറെ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രസമിതിയോഗം, അസംബ്ലി എന്നിവ

www.malankaralibrary.com



കാലാകാലങ്ങളിൽ കൂടുന്നുണ്ട്. രൂപതാസമിതികളും അസംബ്ലികളും (പ്രത്യേകിച്ച് ബത്തേരി, മാർത്താണ്ഡം) കൂടുന്നുണ്ട്. ബോധവത്ക്കരണ ക്ലാസ്സുകളിലും സെമിനാറുകളും കേന്ദ്ര, രൂപതാ, ജില്ലാ / മേഖല തലങ്ങളിലും നടക്കുന്നുണ്ട്. രാഷ്ട്രീയ രംഗത്തും നമ്മുടെ ആളുകൾ സജീവമായി വരുന്നതിന്റെ അടയാളമാണ് ഇന്ന് ഏതാണ്ട് നൂറിലേറെ മെമ്പർമാർ വരെ നമ്മുടേതായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. അവരെയെല്ലാം അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. വനിതകൾ ഉൾപ്പെടെ കഴിവും സമയവും മനസ്സും ഉള്ള കൂടുതൽ ആളുകളെ ഈ രംഗത്തേയ്ക്ക് നമ്മൾ പ്രോത്സാഹിപ്പിച്ചുകൊണ്ടു വരേണ്ടതാണ്. കുടുംബ അടിത്തറ കെട്ടിപ്പടുക്കുന്നതിന്, കുടുംബബന്ധങ്ങൾ പ്രത്യേകിച്ച് ദാമ്പത്യ ബന്ധം ശിഥിലമാക്കാതെ ഉറപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ, കേന്ദ്ര ജനറൽ സെക്രട്ടറി, കേന്ദ്ര വനിതാ വൈസ്പ്രസിഡന്റ്, കേന്ദ്ര സമിതി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. ആഗസ്റ്റ് മാസം 3-ാം ഞായർ എം.സി.എ. ദിനമായി അനുവദിച്ചും അന്നേദിവസം വി. കുർബാനയോടനുബന്ധിച്ച് പ്രത്യേക ധന ശേഖരണം അനുവദിച്ചും മലങ്കര സഭാ മേലദ്ധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി പുറപ്പെടുവിച്ച കല്പന അസ്സോസിയേഷന്റെ പ്രവർത്തനം മുന്നോട്ട് കുതിയ്ക്കുന്നതിന് സഹായകമാണ്. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി വി. യൗസേപ്പ് പിതാവിനെയും അംഗീകരിച്ച് നൽകിയത് പ്രോത്സാഹജനകമാണ്.

സമകാലിക പ്രശ്നങ്ങളിൽ പ്രതികരിക്കുന്നതിന് ബാലാരിഷ്ടതകൾക്കുള്ളിൽ നിന്ന് വേണ്ടത് ചെയ്യുവാൻ എം.സി.എ.യ്ക്ക് കഴിയുന്നുണ്ട്. രൂപതാസമിതികളിൽ നടത്തുന്ന വിവാഹബ്യൂറോ, തിരുവനന്തപുരം റഫറൽ ആശുപത്രികളിലെത്തുന്ന രോഗികൾക്കും കൂടെയുള്ളവർക്കും ആവശ്യമായ എല്ലാ സഹായവും നൽകുന്ന തിരുവനന്തപുരം അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന "സ്നേഹസദൻ" തുടങ്ങിയവ എടുത്തു പറയേണ്ടതാണ്.

നമ്മുടെ എല്ലാ രൂപതകളിലെയും ഒട്ടുമിക്ക ഇടവകകളിലും യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. അതിൽ പലതും ഒരുവിധം ഭംഗിയായി പ്രവർത്തിക്കുന്നുമുണ്ട്. കേരളത്തിന് വെളിയിലുള്ള മലങ്കര മക്കളിലേക്കും എം.സി.എ.യുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ഭാരതത്തിലും, അമേരിക്ക, ജർമ്മനി, തുടങ്ങിയ രാജ്യങ്ങളിലുമുള്ള മിഷൻ കേന്ദ്രങ്ങളുമായി സമ്പർക്കം പുലർത്തി. ഇക്കഴിഞ്ഞ ഒക്ടോബർ 26 മുതൽ 29 വരെ ബോംബെ ബോറിവ്ലിയിൽ നടന്ന മലങ്കര കാത്തലിക് കൺവൻഷനിൽ, കോ-ഓർഡിനേറ്റർ ബഹു. ജോൺ ബർക്കുമൻസച്ചന്റെ അറിയിപ്പ് അനുസരിച്ച് എം.സി.എ.യുടെ സംഘാടനവും പ്രവർത്തനവും വിശദമാക്കിക്കൊടുക്കുന്നതിന് ജനറൽ സെക്രട്ടറി, വനിതാ വൈസ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് പോൾരാജ്, കേന്ദ്ര സമിതിയംഗങ്ങളായ ശ്രീ. ജോൺ (മാർത്താണ്ഡം), ശ്രീമതി വത്സമ്മ ജോസഫ് (തിരുവല്ല) എന്നിവരും പ്രത്യേക അതിഥിയായി പ്രസിഡന്റ് ശ്രീ. വർഗ്ഗീസ് കരിപ്പായിലും പങ്കെടുത്തു.

പിതാവായ ദൈവം കർത്താവായ യേശുക്രിസ്തുവിലൂടെ ആവിഷ്ക്കരിക്കുകയും പരിശുദ്ധാത്മാവിലൂടെ പൂർത്തിയാക്കുകയും ചെയ്യുന്ന രക്ഷാകര പദ്ധതി തുടരുകയെന്ന സഭാദൗത്യം ക്രിസ്തീയ ചൈതന്യത്തോടെ സംഘടിതമായി പ്രാവർത്തികമാക്കുക എന്നതാണ് എം.സി.എ.യുടെ ദൗത്യം. മലങ്കര സഭാമക്കളുടെ കുടുംബ, സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ, സാമ്പത്തിക, രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കുകയും, സഭയുടെ സർവ്വതോന്മുഖമായ ഉത്ക്കർഷത്തിനുവേണ്ടി സഭാ അധികാരികളോട് ചേർന്ന് പ്രവർത്തിക്കുകയുമാണ് ഇതിന് വേണ്ടത്. ക്രിസ്തീയ ചൈതന്യം നമ്മളിൽ ഉളവാക്കിയെടുക്കുവാനും, പുഷ്ടിപ്പെടുത്താനും, മറ്റുള്ളവരിലേക്ക് അത് പകർന്നു നൽകാനും യേശുക്രിസ്തുവിലൂടെയുള്ള രക്ഷ മുഴുവൻ ആളുകൾക്കും ലഭ്യമാക്കാനും ആത്മാർത്ഥമായ പ്രവർത്തനം കൊണ്ട് സാധിക്കും. ഇന്നത്തെ സമൂഹത്തെ കാർന്നുതിന്നുന്ന മൂല്യച്യുതിക്കും, ധാർമ്മികാധപതനത്തിനും എതിരെ പോരാടാൻ എം.സി.എ.യ്ക്ക് കഴിയേണ്ടതാണ്. രാഷ്ട്രീയത്തിന്റേതായ സ്ഥാന മോഹങ്ങളും കാര്യസാദ്ധ്യങ്ങളും ലക്ഷ്യമാക്കിയുള്ള കുതികാൽവെട്ടും കുതിരക്കച്ചവടവും രാഷ്ട്രീയ പ്രവർത്തകർ ഉൾക്കൊള്ളുന്ന നമ്മുടെ സംഘടനയിൽ ഉണ്ടാകാതെ കാത്തുസൂക്ഷിക്കേണ്ടത് ഓരോ അത്മായന്റേയും കടമയാണ്, ബാദ്ധ്യതയാണ് എന്ന് നാം മനസ്സിലാക്കണം. രാഷ്ട്രീയ സദാചാരബോധം രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ പ്രവർത്തകർക്ക് ദൈവം ധാരാളമായി നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യാം. അല്ലാതെ വന്നാൽ അത് സംഘടനയുടെയുടേയും സഭാമക്കളുടേയും

www.malankaralibrary.com



ക്രിസ്തീയ ചൈതന്യം നഷ്ടപ്പെടുന്നതിനിടയാകുകയും അസ്സോസിയേഷന്റെ രൂപീകരണലക്ഷ്യത്തെ പരാജയപ്പെടുത്തുകയും ചെയ്യും. ക്രിസ്തീയ വിശ്വാസവും സഭയും ഭാരതത്തിൽ വെല്ലുവിളികളെ നേരിടുന്ന ഇന്ന് ആത്മീയമായി നമ്മൾ വളരെയധികം ശക്തിപ്പെടേണ്ടിയിരിക്കുന്നു. അതിനുള്ള എല്ലാ കരുത്തും ലഭ്യമാകുന്ന തരത്തിലുള്ള പ്രവർത്തനം നടത്തുന്നതിനുവേണ്ട ശക്തി നമ്മുടെ നേതൃത്വത്തിനും അതിനെ ഉത്തേജിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള പ്രചോദനം സഭാ നേതൃത്വത്തിനും അളവില്ലാതെ നൽകുന്നതിനും അങ്ങനെയൊരു നല്ല ക്രിസ്തീയ കുടുംബവും, സമൂഹവും, രാജ്യവും, ലോകവും തന്നെയും ഉണ്ടാകുന്നതിന് ദൈവം കനിഞ്ഞനുഗ്രഹിക്കട്ടെ എന്ന് നമുക്ക് ഒത്തൊരുമിച്ച് കണ്ണീരോടെ പ്രാർത്ഥിക്കാം. വിശ്വസിച്ചുകൊണ്ട് അപേക്ഷിക്കുന്നതെന്തും ലഭിക്കുമെന്ന് അരുളിചെ യ്തവനിൽ ആശ്രയിച്ച്, എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം എനിക്ക് ചെയ്യാൻ കഴിയുമെന്ന പൂർണ്ണ വിശ്വാസത്തിലൂടെ, മലങ്കര സഭയെ വളർത്താൻ, ഭൗതികമായ ലാഭേച്ഛകൂടാതെ, അക്ഷീണം പ്രയത്നിക്കാൻ യാതൊരു വിഭാഗീയത യുമില്ലാതെ, മലങ്കര കാത്തലിക് അസ്സോസിയേഷന്റെ പ്രവർത്തനങ്ങളിൽ നമുക്ക് ഒന്നിച്ച് അണിചേരാം.

*With best compliments of:*

**For Great Jubilee & Reunion Sapthathi Celebrations**

**by SISTERS ADORERS**
**KANJIRAM**

*With best compliments from:*


**Provincial Superior**

**ST. JOSEPH'S PROVINCE,**
**D.M. CONVENT,**
**MARTHANDAM.**

www.malankaralibrary.com



# ബാലദീപം
# കുട്ടികളുടെ സംഘടന



ഫാദർ ജോർജ് തേക്കടയിൽ
ഡയറക്ടർ ബാലദീപം, തിരുവല്ലാ രൂപത

### ആമുഖം

ജനനം മരണങ്ങൾക്കിടയിലുള്ള ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നീ യാഥാർത്ഥ്യങ്ങളുടെ ആകെ തുകയാണ് മനുഷ്യജീവിതം എന്ന് വേണമെങ്കിൽ പറയാം. ഇവയിലോരോന്നും മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. ഏതൊരുവന്റെയും ജീവിത സായാഹ്നത്തിൽ പോലും നഷ്ടസൗഭാഗ്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ബാല്യ കൗമാര യൗവ്വനകാല സ്മരണകൾ ആനന്ദം പ്രദാനം ചെയ്യുന്ന കാര്യങ്ങളാണ്. മനുഷ്യ ജീവിതത്തെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഈ കാലഘട്ടങ്ങളിൽ താളപ്പിഴകൾ സംഭവിച്ച് പലപ്പോഴും ശാരീരികവും, മാനസികവും ബൗദ്ധികവും, ആത്മീയവുമായ തലങ്ങളിൽ മുരടിപ്പുണ്ടാകുന്നുണ്ട്. ഇതിന് ആ വ്യക്തികളെ പഴിച്ചിട്ട് കാര്യമില്ല. ആരേയും കുറ്റപ്പെടുത്തിയിട്ടും കാര്യമില്ല. സഭയ്ക്കും സമൂഹത്തിനും അവരുടേതായ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനുമാവില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് കുഞ്ഞുങ്ങളെ ഉത്തമ മലങ്കര കത്തോലിക്കാ വിശ്വാസികളും, അതുവഴി ഉത്തമ ക്രൈസ്തവരുമാക്കി സഭയ്ക്കും സമൂഹത്തിനും വേണ്ടി ജീവിക്കുന്ന ഭാവിയുടെ വാഗ്ദാനങ്ങളായി വളരന്നു വരുന്ന "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ" (ലൂക്കാ. 2:52) വളർന്ന് വന്ന യേശുവിനെ മാതൃകയാക്കിക്കൊണ്ട് മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും പക്വതയാർന്ന വളർച്ചയുള്ള ഒരു സമൂഹത്തെ വളർത്തിക്കൊണ്ട് വരുക എന്ന അടിസ്ഥാന ലക്ഷ്യത്തോടുകൂടി തിരുവല്ലാ രൂപതയിലെ പതിനഞ്ചുവയസ്സുവരെ പ്രായമുള്ള കുട്ടികൾക്കായി തുടങ്ങിയ സംഘടനയാണ് ബാലദീപം.

### സംഘടനയുടെ വിവിധ ലക്ഷ്യങ്ങൾ

ഓരോ വ്യക്തിഗത സഭയുടേയും ദർശനമനുസരിച്ച് വേണം സഭാമക്കൾ ഓരോരുത്തരും വളർന്നു വരുവാൻ. സീറോ മലബാർ, ലത്തീൻ സഭകളിൽ രൂപമെടുത്ത പല സംഘടനകളും കുട്ടികൾക്കായുണ്ട്. ചെറുപുഷ്പ മിഷൻ ലീഗ് (സി.എം.എൽ.) ലിറ്റിൽവേ അസോസിയേഷൻ (എൽ.ഡബ്ല്യൂ.എ.) ക്രിസ്ത്യൻ ലൈഫ് കമ്യൂണിറ്റി (സി.എൽ.സി.), തിരുബാലസഖ്യം തുടങ്ങി കുട്ടികൾക്കായുള്ള പല സംഘടനകളുമുണ്ട്. എന്നാൽ മലങ്കര കത്തോലിക്കാ സഭയുടെ ചൈതന്യം ഉൾക്കൊണ്ടുവേണം മലങ്കര കത്തോലിക്കരായ കുട്ടികൾ വളർന്ന് വരേണ്ടത്. അതവരെ സങ്കുചിത മനോഭാവം ഉള്ളവരാക്കുവാനല്ല. വിശാല മനോഭാവം ഉള്ളവരാക്കുവാനാണ്. ഒരു ഉത്തമ മലങ്കര കത്തോലിക്കന് ഒരു നല്ല ക്രൈസ്തവനാകുവാനും, അതുവഴി ഒരു നല്ല വ്യക്തിത്വത്തിന് ഉടമയാകുവാനും സാധിക്കും. കാരണം ഏത് വ്യക്തിഗത സഭകളിലും സാർവ്വത്രിക സഭയുടെ അഥവാ ക്രിസ്തുവിന്റെ സഭയുടെ ആദർശങ്ങളും, മൂല്യങ്ങളും സാർവ്വലൗകീകതയും ഉൾച്ചേരുന്നുണ്ട്. മറ്റുള്ള സഭയിലൊക്കെ കുട്ടികളക്കായി സംഘടനകളുള്ളതിനാൽ മലങ്കര കത്തോലിക്കാ സഭയിലും ഒരു സംഘടന വേണം എന്ന ഒരു ചിന്തയല്ല ബാലദീപം പ്രസ്ഥാനത്തിന്റെ തുടക്കത്തിന് പിന്നിലുള്ളത്.

www.malankaralibrary.com



ഓരോ കാലഘട്ടത്തിനും അതിന്റേതായ പ്രത്യേകതകളും, ഗുണങ്ങളും ദോഷങ്ങളുമുണ്ട്. ശാസ്ത്രം കഴിഞ്ഞ കാലങ്ങളിലേതിനെ അപേക്ഷിച്ച് വളരെയധികം വളർന്നു. കമ്പ്യൂട്ടറും, വാർത്താമാധ്യമങ്ങളും ജനത്തെ വളരെ സ്വാധീനിക്കുന്നുണ്ട്. കൂട്ടു കുടുംബങ്ങളുടെ സ്ഥാനത്ത് ഇന്ന് അണു കുടുംബങ്ങളായി കുട്ടികൾക്ക് അമിത ലാളനയും, ആവശ്യത്തിലധികം സുരക്ഷിതത്വവും കുടുംബങ്ങളിൽ നിന്നും ലഭിക്കുന്നു. എങ്ങനെയും പണവും സുഖഭോഗങ്ങളും വർദ്ധിപ്പിക്കണം എന്ന ചിന്ത ഒരു വശത്ത്., മറുവശത്ത്, ഇല്ലായ്മയിൽ നിന്ന് ഇല്ലായ്മയിലേക്ക് താഴ്ന്നു പോകുന്ന മനുഷ്യക്കോലങ്ങൾ. കുട്ടികളുടെ ഇടയിൽ തന്നെ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവു വളരെയധികം ഉണ്ടാകുന്നു. ഇന്നത്തെ പ്രശ്നങ്ങൾ കുട്ടികളും അറിഞ്ഞുവേണം വളരുവാൻ. മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം എന്നാണല്ലോ പറയുന്നത്. മലങ്കര കത്തോലിക്കരായ കുട്ടികൾക്ക് തങ്ങൾ ഇടപെടുന്ന സമൂഹത്തിൽ തങ്ങളാലാവുംവിധം നന്മയുടെ സൗരഭ്യം വിതറുവാൻ സാധിക്കണം.

ഈ സാക്ഷ്യത്തിന്റെ ജീവിതം നയിക്കുവാൻ ഏറ്റവുമധികം പ്രചോദനം ലഭിക്കേണ്ടത് കുടുംബങ്ങളിൽ നിന്നും, മാതാപിതാക്കളിൽ നിന്നുമാണെങ്കിലും അവർക്കതു ലഭിക്കാറില്ല എന്നതാണ് സത്യം. വിശ്വാസ പരിശീലന ക്ലാസ്സുകളിൽ അഥവാ വേദപാഠക്ലാസ്സുകളിൽ നിന്നും അത് വേണ്ടതുപോലെ ലഭിക്കാറില്ല എന്നതാണ് യാഥാർത്ഥ്യം. ക്രൈസ്തവ മൂല്യങ്ങളും മറ്റ് അടിസ്ഥാന മൂല്യങ്ങളും അവർക്ക് ലഭിക്കുവാനുള്ള ഒരു സംവിധാനമായിട്ടാണ് ബാലദീപം സംഘടനയെ കാണേണ്ടത്. ഈ സംഘടന വഴി ജീവിതത്തിൽ ത്യാഗത്തിനും, സഹനത്തിനും, കുരിശിന്റെ മാർഗ്ഗത്തിനും വില കല്പിക്കുവാൻ അല്പമെങ്കിലും അവർക്കു സാധിക്കുമെന്ന് പ്രത്യാശിക്കുകയാണ്.

"Catch them, young" എന്നാണല്ലോ പറയാറുള്ളത്. നമ്മുടെ യുവജനങ്ങൾ പലപ്പോഴും കൈവിട്ടു പോകുന്നുവെന്ന് മാതാപിതാക്കളും വൈദികരും, സഭാ നേതൃത്വവും പലപ്പോഴും പരിഭവിക്കാറുണ്ട്. അതിന്റെ അടിസ്ഥാന കാരണം എന്താണെന്ന് നാം ചിന്തിക്കണം. എം.സി.വൈ.എം-ൽ ചേരുവാൻ കുട്ടികൾ പലപ്പോഴും താല്പര്യം കാണിക്കാറില്ല. ചേർന്നാൽ തന്നെ ഉത്തരവാദിത്വരഹിതമായിട്ട് അവർ പെരുമാറുന്നു. തുടങ്ങി പല അഭിപ്രായങ്ങളും പല വേദികളിലും കേൾക്കാറുണ്ട്. ആരുടെയൊക്കെയോ നിർബന്ധം കൊണ്ട് സൺഡേസ്കൂളിന് പത്താം ക്ലാസ്സുവരെ പോകുന്ന കുട്ടികളാണ് അധികവും. ആൺകുട്ടികളിൽ ചിലർ പലപ്പോഴും മതബോധന ക്ലാസ്സുകളിൽ പത്താം ക്ലാസ്സ് വരെ എത്താറുമില്ല. നമ്മുടെ കുട്ടികൾക്ക് ചെറുപ്രായം മുതൽ തന്നെ ഒരു ട്രാക്ക് ശരിയാക്കി നേർപാത കാണിച്ചു കൊടുക്കാനില്ല എന്നത് വാസ്തവമാണ്.

കുട്ടികൾ പലപ്പോഴും പള്ളികളിൽ മൂലയ്ക്കരിക്കേണ്ടിയവരാണെന്നും, മുതിർന്നവർ പറയുന്നത് അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ടവരാണെന്നും, ഉത്തരവാദിത്വങ്ങളൊന്നും ഏല്പിക്കാൻ കൊള്ളാത്തവരാണെന്നും നാം ചിന്തിക്കാറുണ്ട്. എന്നാൽ കുട്ടികളിൽ ശരിയായ ആത്മവിശ്വാസം വളർത്തിയാൽ അവരെകൊണ്ട് പല അത്ഭുതങ്ങളും ചെയ്യിക്കാനാവും. ഇടവകയുടെ അജപാലന പ്രക്രിയയിൽ സാധിക്കുന്ന രീതികളിലൊക്കെ കുട്ടികളെ പങ്കെടുപ്പിക്കാനാവും. കൊടുക്കുമ്പോൾ മാത്രമേ സ്നേഹവും താൽപര്യവും ഉണ്ടാവുകയും വളരുകയുമുള്ളു. എന്നാണല്ലോ പറയാറുള്ളത്. ഇടവക പള്ളിയിലെ ചെറിയ ജോലികൾ കുട്ടികളെ ഏല്പിക്കുക, പള്ളിക്കകവും മദ്ബഹായും, പള്ളിമുറ്റവും, സെമിത്തേരിയും, വൃത്തിയാക്കിയിടുക, ഇടവകയിലെ കുടുംബക്കൂട്ടായ്മ (പ്രാർത്ഥനായോഗം) യിൽ സജീവമായി പങ്കെടുപ്പിക്കുക, ഇടവകാതിർത്തിയിലുള്ള രോഗികളെ സന്ദർശിക്കുക, മിഷൻ ഞായറിനോടനുബന്ധിച്ച് മിഷൻ ലേലം നടത്തുക, ക്രിസ്തുമസ്, ഈസ്റ്റർ, എട്ടുനോമ്പ്, സ്വർഗ്ഗാരോഹണത്തിരുനാൾ (സ്വാതന്ത്ര്യദിനം), മിഷൻ ഞായർ, ഇടവകപ്പെരുനാൾ തുടങ്ങിയ അവസരങ്ങളിൽ കുട്ടികളുടേതായ പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുക, വീടു സന്ദർശനങ്ങൾ നടത്തുക, ചെറിയ പിരിവുകൾ നടത്തി സംഘടനയുടെ ഫണ്ടു ശേഖരിക്കുകയും അതിലൊരു ഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായിട്ട് നൽകുകയും ചെയ്യുക, വിനോദ യാത്രകൾ, തീർത്ഥാടന യാത്രകൾ, പഠന യാത്രകൾ തുടങ്ങിയവ നടത്തുക, തുടങ്ങി കുട്ടികൾക്ക് സംഘടിതമായി ചെയ്യാവുന്ന അനേകം കർമ്മ പരിപാടികൾ സംഘടനാ തലത്തിൽ ആസൂത്രണം ചെയ്ത് നടത്തിപ്പിൽ വരുത്താനാവും. അതിന് ബഹു. വികാരിയച്ചൻമ്മാരുടെയും, മതാദ്ധ്യപകരുടെയും മാതാപിതാക്കളുടെയും ഉത്തരവാദിത്വപ്പെട്ട

www.malankaralibrary.com



മറ്റാളുകളിടെയും പ്രോത്സാഹനങ്ങളും, തിരുത്തലുകളും സഹകരണമനോ ഭാവവുമാണ് അത്യാവശ്യമായിട്ട് വേണ്ടത്.

**ബാലദീപവും മിഷൻ പ്രവർത്തനവും**

ഓരോ ക്രൈസ്തവനും ഓരോ മിഷനറിയാണെന്ന അവബോധം ഓരോ കുട്ടിയിലും ഉണ്ടാകേണ്ടതാണ്. സഭ അടിസ്ഥാനപരമായി ഒരു മിഷനറിയാണല്ലോ. യേശുവിന്റെ മിഷനറി. ഈ അവബോധം ചെറുപ്രായത്തിൽ തന്നെ ഓരോ കുട്ടിയിലും രൂഢമൂലമാകണം. ബാലദീപം സംഘടന തിരുവല്ല രൂപതയിൽ തുടങ്ങുമ്പോൾ കുട്ടികളുടെ സമഗ്ര വളർച്ച എന്ന ലക്ഷ്യത്തോടൊപ്പം പ്രേക്ഷിതാഭിമുഖ്യം അവരിൽ വളർത്തുക, വൈദിക സന്യസ്ഥ ജീവിതത്തിലേയ്ക്ക് ആഭിമുഖ്യം വളർത്തുക എന്നീ ലക്ഷ്യങ്ങളുണ്ടായിരുന്നു. അണ്ണാൻ കുഞ്ഞിനും തന്നാലായത് എന്ന് പറഞ്ഞതു പോലെ സഭയുടെ സുവിശേഷവൽകരണ സംരംഭങ്ങളിൽ കുഞ്ഞുങ്ങൾക്ക് തങ്ങളാലാകും വിധം സംഭാവനകൾ നല്കാനാവും. മുതിർന്നവർ അവരെ ശരിയായ ദിശയിൽ നയിക്കുകയാണെങ്കിൽ.

**ബാലദീപം വഴി സഭാവോബോധത്തിൽ വളരുവാൻ കഴിയും.**

യേശുവിലും, യേശുവിലേയ്ക്കും വളരുവാൻ കഴിയുന്നത് സഭയിലൂടെ നൽകപ്പെടുന്ന കൗദാശികാനുഭവത്തിലൂടെയും, ആരാധനാ ജീവിതത്തിലൂടെയുമാണ്. സഭയോടൊത്തു ചിന്തിക്കുവാനും, അവളോടൊത്ത് വളരുവാനും നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുണം. മലങ്കര കത്തോലിക്കാ സഭയെക്കുറിച്ച് ശരിയായ അറിവും, അവബോധവും, കുട്ടികൾക്ക് നല്കുന്നതോടൊപ്പം സാർവത്രിക സഭയിലുള്ള മറ്റു റീത്തുകളെക്കുറിച്ചും, (പ്രാദേശിക സഭകൾ), അകത്തോലിക്കാ സഭകളെക്കുറിച്ചും, അക്രൈസ്തവരെക്കുറിച്ചും നാം മനസ്സിലാക്കണം, ഒരു ക്രിസ്ത്യനി താൻ ആരായിരുന്നാലും, എവിടെയായിരുന്നാലും ക്രിസ്തുസാക്ഷിയാണെന്ന ക്രൈസ്തവ അവബോധം കുട്ടികളിലുണ്ടാകേണ്ടത് ഇടവക പള്ളിയിൽ നിന്നും, വിവിധ സംഘടനാ പ്രസ്ഥാനങ്ങളിൽ നിന്നുമൊക്കെ ആണ്. നന്മ തിന്മകളെ തിരിച്ചറിയാനുള്ള കഴിവ് കുട്ടികൾക്ക് പലപ്പോഴും കാണാറില്ല. ഉപഭോഗ സംസ്കാരത്തിൽ നിന്നുളവാകുന്ന സ്വാർത്ഥതയും മനുഷ്യത്വരാഹിത്യവും, പണത്തിനു വേണ്ടി വിവിധ കുത്സിത മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതും, കരിഞ്ചന്തയും, പൂഴ്തിവയ്പും, ലൈംഗീക അരാജകത്വവും, മദ്യത്തിനും മയക്കുമരുന്നിനും വേണ്ടിയുള്ള ആസക്തിയും പാപബോധമില്ലായ്മയും, നിരാശബോധവും, സമരവും, വഴി തടയലും, ബന്ദും, പൊതു ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഹർത്താലും പൊതുമുതൽ നശിപ്പിക്കലും, കോപ്പിയടിയും, മോഷണവും, ഗുണ്ടായിസവും, ഗുരുക്കന്മാരോടും ഗുരുസ്ഥാനീയരായ വ്യക്തികളോടുമുള്ള ബഹുമാനക്കുറവും, ആദരവില്ലായ്മയും പോലുള്ള സാമൂഹിക തിന്മകൾക്ക് എതിരെ കുട്ടികളിൽ ബോധവത്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. സ്കൂളുകളിൽ നിന്നും മതപഠന ക്ലാസ്സുകളിൽ നിന്നും പലപ്പോഴും ഇവ ലഭിക്കാറില്ല. സംഘടന സംഘടിപ്പിക്കുന്ന ക്ലാസ്സുകളിൽ നിന്നും, സെമിനാറുകളിൽ നിന്നും, ക്യാമ്പുകളിൽ നിന്നും, നന്മ തിന്മകൾ തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ കുട്ടികൾക്ക് ലഭിക്കണം.

**വിശ്വാസ പരിശീലനം ബാലദീപം വഴി പ്രായോഗിക ജീവിതത്തിൽ**

സണ്ടേസ്കൂൾ പ്രസ്ഥാനം വിശ്വാസ പരിശീലനത്തിന് പ്രാധാന്യം നൽകുന്നുവെങ്കിൽ കുട്ടികൾക്ക് ദാനമായി ലഭിച്ചതും, പരിശീലനത്തിലൂടെ വളരുന്നതുമായ വിശ്വാസത്തെ, തങ്ങളുടെ അനുദിനജീവിതം വഴി വളർത്തുവാനുള്ള ഏറ്റവും നല്ല വേദിയാണ് ബാലദീപം പ്രസ്ഥാനം M.C.Y.M. യുവജനസഭയാണെങ്കിൽ, M.C.A. മുതിർന്നവരുടെ സഭയാണെങ്കിൽ, ബാലദീപം കുട്ടികളുടെ സഭയാണെന്നതിന് സംശയമൊന്നുമില്ല. മതബോധന പ്രസ്ഥാനം അഥവാ വിശ്വാസ പരശീലനം കുട്ടികൾക്കായി മാത്രം നീക്കിവെച്ച് സണ്ടേസ്കൂളെന്ന ഓമനപ്പേരു നൽകി കുട്ടികൾക്ക് മാത്രം മതി എന്ന നിലപാടു സ്വീകരിക്കുന്നതും ശരിയായ കാര്യമല്ല.

മലങ്കര കത്തോലിക്കരായ കുട്ടികൾക്ക് സ്വഭാവബോധത്തിൽ വളർന്നു വരുവാനും, സഭയ്ക്കും ലോകത്തിനും നന്മ ചെയ്യുന്ന വ്യക്തികളായി വളരുവാനും സഭാതലത്തിൽ ഒരു സംഘടന വേണ്ടത് അനിവാര്യമാണ. ബാലദീപം എന്ന പേരു തന്നെ കുട്ടികളുടെ ഈ സഭയ്ക്ക് നൽകണമോ അതോ കുറേക്കൂടി അർത്ഥവത്തായ മറ്റേതെങ്കിലും പേര് നല്കാമോ എന്ന് മലങ്കര കത്തോലിക്കാ സഭയിലെ, കുട്ടികളുടെ ഉത്തരവാദിത്വം വഹിക്കുന്നവർ ചിന്തിക്കേണ്ടതാണ്.

www.malankaralibrary.com



**ബാലദീപം - തിരുവല്ല രൂപതയിൽ**

1996 മെയ് മാസത്തിലാണ് തിരുവല്ല രൂപതയിൽ കുട്ടികൾക്കായി ഒരി സംഘടനയ്ക്ക് വേണ്ടി പ്രവർത്തനം തുടങ്ങിയത്. 1996 മെയ് മാസം സംഘടനാ സ്ഥാപനത്തിനായി ഫാദർ. ജോർജ് തേക്കടയിലിനെ രൂപതാദ്ധ്യക്ഷൻ അഭി. ഗീവറുഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത നിയമിച്ചു. 1996, ഒക്ടോബർ മാസമാപ്പോഴേക്കും രൂപതയിലെ മിക്കവാറും എല്ലാ പള്ളികളിലും സംഘടനയുടെ യൂണിറ്റുകൾ നിലവിൽ വന്നു.

രൂപതയിൽ പ്രധാനമായും മൂന്ന് തലങ്ങളിലായിട്ടാണ് ബാലദീപം സംഘടനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ഇടവക, മേഖല, രൂപതാ തലങ്ങളിൽ. ആദർശ വാക്യം 'കുഞ്ഞുങ്ങൾ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ'. (മർക്കോസ്. 10:14) എന്നും, മുദ്രാവാക്യം 'യേശുവിൻ പക്കലേക്ക്' എന്നതുമാണ്. ബാലദീപത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ത വി. കൊച്ചു ത്രേസ്യയും, ബാലദീപം ദിനം ഒക്ടോബർ ഒന്നാം തീയതിയും (വി കൊച്ചു ത്രേസ്യയുടെ തിരുനാൾ) ആണ്. ഇടവകയിൽ ബലദീപദിനമായി ഒക്ടോബർ ഒന്നാംതീയതിയോടടുത്തുവരുന്ന ഞായറാഴ്ചയോ, മിഷൻ ഞായറാഴ്ചയോ അതാത് ഇടവകയുടെ സൗകര്യമനുസരിച്ച് നടത്താവുന്നതാണ്.

**ബാലദീപം സ്ഥാപിക്കപ്പെട്ടതിന് ശേഷം**

ബാലദിപം സംഘടന സജീവമായിരുന്ന ഇടവകകളിൽ കുട്ടികൾക്ക് ഒത്തൊരുമിച്ച് കൂടിവരുവാനും, പല വിധത്തിലുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനും കഴിഞ്ഞിട്ടുണ്ട്. മിക്കയിടത്തും ആഴ്ചയിൽ ഒരു പ്രാവശ്യം കുട്ടികൾ ഒരുമിച്ച് കൂടും. എന്നാൽ മാസത്തിൽ ഒരു പ്രാവശ്യം ഒരുമിച്ചു കൂടിന്നിടങ്ങളിൽ സജീവത കുറയുന്നതായി കാണാം. ബഹു. അച്ചൻമാർ താമസിക്കുന്ന പള്ളികളിലെങ്കിലും എല്ലാ ശനിയാഴ്ചകളിലും രാവിലെയോ, വൈകുന്നേരമോ കുട്ടികൾക്ക് ഒരുമിച്ച് കൂടാൻ കഴിയും. അവരെ നിയന്തിക്കാനും, നയിക്കാനും, പ്രോത്സാഹിപ്പിക്കുവാനും മതാദ്ധ്യാപകരും ആനിമേറ്റർമാരും മാതാപിതാക്കളും ശ്രദ്ധിക്കണെ. ബാലദീപം സജീവമായിരിക്കുന്നിടങ്ങളിൽ കുട്ടികൾക്ക് നേതൃത്വപാടവം കൂടിവരുന്നതായി ഈ കഴിഞ്ഞ കാലങ്ങളിലെ അനുഭവത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും കുട്ടികൾ സജീവമായി ആരാധനയിൽ പങ്കുകൊള്ളുകയും, വി. കുമ്പസാരം നടത്തുകയും വി. കുർബ്ബാന സ്വീകരിക്കുകയും ചെയ്യുക, സണ്ടേസ്കൂൾ കാര്യങ്ങളിൽ സജീവമായി പങ്കെടുക്കുക, ആൺകുട്ടികൾ അൾത്താരാ ശുശ്രൂഷയിൽ കൂടുതൽ താൽപര്യം കാണിക്കുക, എല്ലാ ദിവസവും വി. ബൈബിളിൽ നിന്നുള്ള ഭാഗങ്ങൾ വായിക്കുക, ദേവാലയവും പരിസരങ്ങളും സെമിത്തേരിയും ഭംഗിയാക്കുക, ചെറിയ ചെറിയ ത്യാഗങ്ങളനുഷ്ഠിക്കുകയും കാരുണ്യ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുക, ദിവസവും ഒരു നന്മപ്രവർത്തിയെങ്കിലും ചെയ്യാൻ ശ്രമിക്കുക, വായനാശീലം വളർത്തുന്നതിനായി ഇടവകകളിൽ ലൈബ്രറി തുടങ്ങുക, ഇടവകയുടെ വിവിധപ്രദേശങ്ങളിൽ തങ്ങൾക്കു സാധിക്കാവുന്ന രീതിയിൽ സഹകരിക്കുക തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ ബാലദീപം പ്രവർത്തകർ പങ്കെടുക്കുന്നതായി അറിയുന്നുണ്ട്.

**ബാലദീപം ബത്തേരി രൂപതയിൽ**

ബാലദീപം പ്രസ്ഥാനം ബത്തേരി രൂപതയിലും കഴിഞ്ഞ രണ്ടു വർഷമായി ബഹു. വിൽസൺ കൊച്ചുപ്ലാക്കലച്ചന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. ബത്തേരിരൂപതയിലെ മിക്കവാറും എല്ലാ ഇടവകകളിലും ബാലദീപം സംഘടന പ്രവർത്തിക്കുന്നുണ്ട്.


**ഉപസംഹാരം:**

മലങ്കര കത്തോലിക്ക സഭയുടെ ഭാവി ഇന്നത്തെ കുട്ടികളിലാണ്. സഭാ സ്നേഹവും, പ്രേഷിതചൈതന്യവുമുള്ളവരായി നമ്മുടെ ഇളം തലമുറയെ നമുക്ക് പരിശീലിപ്പിക്കാം. സണ്ടേസ്കൂൾ പ്രസ്ഥാനം കൊണ്ടുമാത്രം അക്കാര്യം നടപ്പിലാവില്ല. സംഘടനാ തലത്തിലൂടെയും കുട്ടികളെ നാം വളർത്തണം. ചെറു പ്രായത്തിൽ തന്നെ കുട്ടികളെ സഭയോടു ചേർത്തു നിർത്തി വളർത്തി പരിശീലിപ്പിച്ചാൽ അവർ സഭയ്ക്കും ലോകത്തിനും വേണ്ടപ്പെട്ടവരായി പ്രശോഭിച്ച് ക്രൈസ്തവ ചൈതന്യം ലോകത്തിലെങ്ങും എല്ലാക്കാലത്തും പകർന്നു നല്കുമെന്നതിന് സംശയമില്ല. മലങ്കര കത്തോലിക്ക സഭയിലെ കുട്ടികളെ മുഴുവൻ ഒരു പ്രസ്ഥാനത്തിലൂടെ സഭാ ചൈതന്യത്തിൽ പരിശീലിപ്പിച്ച് "കുട്ടികളുടെ സഭ" യായി അവരെ വളർത്തിക്കൊണ്ടു വരാം. അതിനായി സഭാ നേതൃത്വവും, വൈദീകരും, സന്യസ്തരും, അൽമായ സമൂഹവും ഒത്തൊരുമിച്ച് മുന്നോട്ടു വരണം.

www.malankaralibrary.com



# വിൻസെന്റ് ഡി പോൾ സംഘടന മലങ്കരസഭയിൽ



ABRAHAM KURIAN
Vazhapattu

'സഹോദരനെ സ്നേഹിക്കുന്നതുകൊണ്ട് നമ്മൾ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു. സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽ തന്നെ നിലകൊള്ളുന്നു.' യോഹ. 3:14.

ഉപവിപ്രവർത്തന ങ്ങളിലൂടെ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിച്ചുകൊണ്ട് ആഗോളവ്യാപകമായി കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന ഒരു അത്മായ സംഘടനയത്രെ വിൻസെന്റ് ഡിപോൾ സൊസൈറ്റി പരസ്നേഹത്തിലധിഷ്ടിതമായ വ്യക്തിസമ്പർക്കത്തിലൂടെ അശരണർക്കും, നിരാലംബർക്കും ജാതിമതഭേദമന്യേ സഹായം നൽകികൊണ്ട് സ്വയവിശുദ്ധീകരണം നേടുകയും തദ്വാര സഹോദരനെ വിശുദ്ധിയിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് സംഘടനയുടെ അടിസ്ഥാന പ്രവർത്തനശൈലി. 1833 -ൽ പാരിസിൽ ഫെഡറിക് ഒസ്സാനം എന്ന യുവാവിനാൽ സ്ഥാപിക്കപ്പെട്ട ഈ സംഘടന ഇന്ന് ലോകമെമ്പാടും വ്യാപിച്ച് 132 രാഷ്ട്രങ്ങളിലായി ഏകദേശം 10 ലക്ഷം സജീവാംഗങ്ങൾ ഉൾകൊള്ളുന്ന ഒരു മഹാപ്രസ്ഥാനമായി വളർന്നുകഴിഞ്ഞു.

**തിരുവല്ലാ രൂപതയിൽ**


1951-ൽ തിരുമൂലപുരം സെന്റ് മേരീസ് ദേവാലയത്തിലാണ് ആദ്യമായി സൊസൈറ്റിയുടെ അടിസ്ഥാന യൂണിറ്റായ ഒരു കോൺഫറൻസ് സ്ഥാപിക്കപ്പെട്ടത്. അന്ന് ചങ്ങനാശ്ശേരി സെൻട്രൽ കൗൺസിലിന്റെ കീഴിലാണ് തുടക്കമിട്ടത്. തുടർന്ന് കല്ലുങ്കൽ, ചെങ്ങന്നൂർ, ആനിക്കാട്, മുക്കൂർ എന്നീ ഇടവകകളിൽ കോൺഫറൻസുകൾ സ്ഥാപിക്കപ്പെട്ടു. സാധുകുടുംബങ്ങളെ ദത്തെടുത്ത് ആഴ്ചതോറും ഭക്ഷ്യസഹായം നൽകുക എന്നതായിരുന്നു അന്നത്തെ പ്രധാന പ്രവർത്തനം. അംഗങ്ങൾ വീടുതോറും കയറി അരിയും മറ്റ് ഭക്ഷ്യസാധനങ്ങളും സഹായമായി സ്വീകരിച്ചാണ് അതിനുവേണ്ട വിഭവസമാഹരണം നടത്തിയിരുന്നത്. അംഗങ്ങളുടെ തീഷ്ണതയും വിൻസെൻഷ്യൻ ചൈതന്യവുമാണ് അതിന് അവരെ പ്രേരിപ്പിച്ചത്. എന്നാൽ 1960-ൽ വിദേശസഹായം ലഭിച്ചു തുടങ്ങിയതോടെ ആദ്യകാല ചൈതന്യം നഷ്ടമായി. ഇന്ന് പല കോൺഫറൻസുകളും ഒരു 'പോസ്റ്റോഫീസ്' പ്രവർത്തനം മാത്രമാക്കി സംഘടനയെ തരംതാഴ്ത്തിയില്ലേ എന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു.

കോൺഫറൻസുകളുടെ എണ്ണം വർദ്ധിച്ചതോടെ തിരുവല്ലാ രൂപതയ്ക്ക് പ്രത്യേകമായി ഒരു സെൻട്രൽ കൗൺസിൽ 1959 -ൽ അനുവദിക്കുകയുണ്ടായി. ബ്ര: വി. കെ. കുര്യൻ വാഴപ്പാട്ട് ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്. അദ്ദേഹത്തിന്റെ കീഴിൽ പിച്ചവച്ചുനടന്ന ഈ കൗൺസിലിനെ പിൽകാലത്ത് അതിനെ കൈപിടിച്ച് വളർത്തിവലുതാക്കിയവരാണ് ബ്രദർമാരായ പി.വി. കോശി പോളച്ചിറയ്ക്കൽ, പി.പി. മാത്തൻ പാണ്ടിശ്ശേരിൽ, പി. വി. അലക്സാണ്ടർ കല്ലറയ്ക്കൽ, കെ. റ്റി. മത്തായി കോഴിമണ്ണിൽ എന്നീ സെൻട്രൽ കൗൺസിൽ പ്രസിഡന്റുമാർ. അവരുടെ ആത്മാർത്ഥമായ സേവനങ്ങൾക്ക് നന്ദിയുടെ ഒരായിരം പൂച്ചെണ്ടുകൾ.

www.malankaralibrary.com



# വിൻസെന്റ് ഡി പോൾ സംഘടന മലങ്കരസഭയിൽ



**ABRAHAM KURIAN**
Vazhapattu

'സഹോദരനെ സ്നേഹിക്കുന്നതുകൊണ്ട് നമ്മൾ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു. സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽ തന്നെ നിലകൊള്ളുന്നു.' യോഹ. 3:14.

ഉപവിപ്രവർത്തന ങ്ങളിലൂടെ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിച്ചുകൊണ്ട് ആഗോളവ്യാപകമായി കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന ഒരു അത്മായ സംഘടനയത്രെ വിൻസെന്റ് ഡിപോൾ സൊസൈറ്റി പരസ്നേഹത്തിലധിഷ്ടിതമായ വ്യക്തിസമ്പർക്കത്തിലൂടെ അശരണർക്കും, നിരാലംബർക്കും ജാതിമതഭേദമന്യേ സഹായം നൽകികൊണ്ട് സ്വയവിശുദ്ധീകരണം നേടുകയും തദ്വാര സഹോദരനെ വിശുദ്ധിയിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് സംഘടനയുടെ അടിസ്ഥാന പ്രവർത്തനശൈലി. 1833 -ൽ പാരിസിൽ ഫെഡറിക് ഒസ്സാനം എന്ന യുവാവിനാൽ സ്ഥാപിക്കപ്പെട്ട ഈ സംഘടന ഇന്ന് ലോകമെമ്പാടും വ്യാപിച്ച് 132 രാഷ്ട്രങ്ങളിലായി ഏകദേശം 10 ലക്ഷം സജീവാംഗങ്ങൾ ഉൾകൊള്ളുന്ന ഒരു മഹാപ്രസ്ഥാനമായി വളർന്നുകഴിഞ്ഞു.

**തിരുവല്ലാ രൂപതയിൽ**


1951-ൽ തിരുമൂലപുരം സെന്റ് മേരീസ് ദേവാലയത്തിലാണ് ആദ്യമായി സൊസൈറ്റിയുടെ അടിസ്ഥാന യൂണിറ്റായ ഒരു കോൺഫറൻസ് സ്ഥാപിക്കപ്പെട്ടത്. അന്ന് ചങ്ങനാശ്ശേരി സെൻട്രൽ കൗൺസിലിന്റെ കീഴിലാണ് തുടക്കമിട്ടത്. തുടർന്ന് കല്ലുങ്കൽ, ചെങ്ങന്നൂർ, ആനിക്കാട്, മുക്കൂർ എന്നീ ഇടവകകളിൽ കോൺഫറൻസുകൾ സ്ഥാപിക്കപ്പെട്ടു. സാധുകുടുംബങ്ങളെ ദത്തെടുത്ത് ആഴ്ചതോറും ഭക്ഷ്യസഹായം നൽകുക എന്നതായിരുന്നു അന്നത്തെ പ്രധാന പ്രവർത്തനം. അംഗങ്ങൾ വീടുതോറും കയറി അരിയും മറ്റ് ഭക്ഷ്യസാധനങ്ങളും സഹായമായി സ്വീകരിച്ചാണ് അതിനുവേണ്ട വിഭവസമാഹരണം നടത്തിയിരുന്നത്. അംഗങ്ങളുടെ തീക്ഷ്ണതയും വിൻസെൻഷ്യൻ ചൈതന്യവുമാണ് അതിന് അവരെ പ്രേരിപ്പിച്ചത്. എന്നാൽ 1960-ൽ വിദേശസഹായം ലഭിച്ചു തുടങ്ങിയതോടെ ആദ്യകാല ചൈതന്യം നഷ്ടമായി. ഇന്ന് പല കോൺഫറൻസുകളും ഒരു 'പോസ്റ്റോഫിസ്' പ്രവർത്തനം മാത്രമാക്കി സംഘടനയെ തരംതാഴ്ത്തിയില്ലേ എന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു.

കോൺഫറൻസുകളുടെ എണ്ണം വർദ്ധിച്ചതോടെ തിരുവല്ലാ രൂപതയ്ക്ക് പ്രത്യേകമായി ഒരു സെൻട്രൽ കൗൺസിൽ 1959 -ൽ അനുവദിക്കുകയുണ്ടായി. ബ്ര: വി. കെ. കുര്യൻ വാഴപ്പാട്ട് ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്. അദ്ദേഹത്തിന്റെ കീഴിൽ പിച്ചവച്ചുനടന്ന ഈ കൗൺസിലിനെ പിൽകാലത്ത് അതിനെ കൈപിടിച്ച് വളർത്തിവലുതാക്കിയവരാണ് ബ്രദർമാരായ പി.വി. കോശി പോളച്ചിറയ്ക്കൽ, പി.പി. മാത്തൻ പാണ്ടിശ്ശേരിൽ, പി. വി. അലക്സാണ്ടർ കല്ലറയ്ക്കൽ, കെ. റ്റി. മത്തായി കോഴിമണ്ണിൽ എന്നീ സെൻട്രൽ കൗൺസിൽ പ്രസിഡന്റുമാർ. അവരുടെ ആത്മാർത്ഥമായ സേവനങ്ങൾക്ക് നന്ദിയുടെ ഒരായിരം പൂച്ചെണ്ടുകൾ.

www.malankaralibrary.com



ആരംഭകാലത്ത് ഭാഗ്യസ്മരണാർഹനായ മാർ സേവേറിയോസ് തിരുമേനിയാണ് സംഘടനയ്ക്കുവേണ്ട സഹായങ്ങളും ഉപദേശങ്ങളും നൽകിയത്. വന്ദ്യപിതാവാണ് ഇതിന് ഒരു ഓഫിസ് മുറി തിരുമൂലപുരത്ത് അനുവദിച്ചുതന്നത് (ഇപ്പോൾ തിരുമൂലപുരം ഇടവകയുടെ കുരിശ്ശടി ഇരിയ്ക്കുന്ന സ്ഥലം) അദ്ദേഹത്തിനെ കൃതജ്ഞതയോടെ ഞങ്ങൾ സ്മരിക്കുന്നു.



അലക്സാണ്ടർ പി. വർഗീസ്
(നാഷണൽ പ്രസിഡന്റ്)

1960-ൽ വിദേശസഹായം ലഭിച്ചുതുടങ്ങിയ തോടെ പല ഇടവകകളിലും യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു. ക്രമേണ തിരുവനന്തപുരം അതിരൂപതയിലേക്കും സംഘടന വ്യാപിച്ചു. ചെങ്ങന്നൂരും കറ്റാനത്തും ഓരോ പർട്ടിക്കുലർ കൗൺസിലുകൾ സ്ഥാപിക്കപ്പെട്ടു. 1980-ൽ 58 ഇടവകകളിൽ കോൺഫറൻസുകൾ തുടങ്ങി അതേവർഷം ഓഗസ്റ്റിൽ 25 കോൺഫറൻസുകൾ തിരുവല്ലായിൽനിന്നും അടർത്തി മാറ്റി തുരുവനന്ത പുരം കേന്ദ്രമായി ഒരു സെൻട്രൽ കൗൺസിൽ സ്ഥാപിക്കപ്പെട്ടു. അതിന്റെ ആദ്യപ്രസിഡന്റ് ബ്ര: ബാബുക്കുട്ടി ആയിരുന്നു. ഇപ്പോൾ തിരുവനന്തപുരം അതിരൂപതയിൽ 204 കോൺഫറൻസുകളിലും 14 പർട്ടിക്കുലർ കൗൺസിലുകളിലുമായി 1711 സജീവാംഗങ്ങൾ പ്രവർത്തിക്കുന്നു. ഇപ്പോഴത്തെ പ്രസിഡന്റ് ബ്ര: പി. വി. ജോർജ്ജ് ആണ്.

തിരുവല്ലാ സെൻട്രൽ കൗൺസിലിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ബ്ര: ഏബ്രാഹാം കുര്യൻ ആണ്. 1996 ജൂണിൽ സ്ഥാനമേറ്റതുമുതൽ തിരുവല്ലാ CCയിൽ നിർജ്ജീവമായി കോൺഫറൻസുകൾ പുനരുദ്ധരീകരിക്കുന്നതിനും എണ്ണത്തിനേക്കാൾ കോൺഫറൻസുകളുടെ ഗുണമേന്മയ്ക്കായി പല പരിപാടികളും ആവിഷ്കരിച്ചു. ദീർഘകാലമായി മുടങ്ങിക്കിടന്ന വാർഷീകധ്യാനം ഇപ്പോൾ മുടക്കം കൂടാതെ നടന്നുവരുന്നു കൂടാതെ പി.സി തലത്തിലുള്ള സെമിനാറുകൾ, യുവാക്കൾക്കായുള്ള സെമിനാറുകൾ എന്നിവയും നടക്കുന്നുണ്ട് 1998 ഫെബ്രുവരിയിൽ ഒരു "Eye Camp" -99 ജനുവരിയിൽ Blood Donation Camp എന്നിവയും നടത്തുകയുണ്ടായി. അർഹരായ സാധുകുടുംബങ്ങൾക്കായി സ്വയം തൊഴിൽ പദ്ധതികൾ, അഥവാ പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നു. രൂപതയ്ക്കു വിവിധ ഭാഗങ്ങളിലായി 9 പ്രോജക്ടുകൾ ഇപ്പോൾ നിലവിലുണ്ട്. Tailoring Project, Cow Bank, Goat Bank, സ്വയം തൊഴിൽ പദ്ധതികൾ എന്നിവയാണ് പ്രധാന Project കൾ. ആസ്ത്രേലിയാ, ഇംഗ്ലണ്ട് എന്നീ വിദേശരാജ്യങ്ങളാണ് ഇതിന് സഹായം നൽകുന്നത്. ProjectGrant ആയിക്കഴിഞ്ഞ രണ്ടു വർഷത്തിൽ 2,93024 ലഭിക്കുകയുണ്ടായി. ക്രിസ്തു ജയന്തി സ്മാരകമായി ഇംഗ്ലണ്ടിലെ ദേശീയ കൗൺസിലിന്റെ സഹായത്തോടെ ജൂബിലോൺ എന്ന പദ്ധതിയും നടപ്പിലാക്കി. അർഹതയും, തിരിച്ച് അടയ്ക്കാൻ കഴിവുള്ളതുമായ സാധുക്കളായ വ്യക്തികൾക്ക് കോൺഫറൻസ് പ്രസിഡന്റിന്റെ ശുപാർശപ്രകാരം Rs 4000/- രൂപ വരെ ചെറിയ തോതിലുള്ള കച്ചവടത്തിനായി നൽകുന്നു. തിരിച്ചടയുന്ന തുക മറ്റ് അർഹതയുള്ളവർക്കു വീണ്ടും നൽകുന്നു. ഈയിനത്തിൽ Rs. 44000 രൂ 14 പേർക്ക് ലോൺ കൊടുക്കുകയുണ്ടായി.

തിരുവനന്തപുരം അതിരൂപതയിൽ കോൺഫറൻസുകളുടെ എണ്ണം വർദ്ധിച്ചതോടെ 1998-ൽ മാർത്താണ്ഡം കേന്ദ്രമാക്കി ഒരു Central Council അനുവദിക്കുകയുണ്ടായി. ഇപ്പോൾ 49 കോൺഫറൻസുകളും, 3 പർട്ടിക്കുലർ കൗൺസിലുകളും, 349 അംഗങ്ങളും മാർത്താണ്ഡം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഇപ്പോഴത്തെ പ്രസിഡന്റ് Rev. K.Vincent ആണ്.

1998 ഫെബ്രുവരിയിൽ Bro അലക്സാണ്ടർ പി. വറുഗീസ് ഇൻഡ്യയിലെ സംഘടനയ്ക്കു ദേശീയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട സംഭവം മലങ്കര കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനാർഹമായ ഒന്നാണ്. ഭാരതത്തിലെ സംഘടനയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു മലങ്കരകത്തോലിക്കാ സഭാംഗം ഈ ഉന്നതപദവി അലങ്കരിക്കുന്നത്. മാർപാപ്പായിൽ നിന്നും 'ബെനെ മെരേത്തി' എന്ന പദവി ലഭിച്ച അദ്ദേഹത്തിന്റെ പ്രശസ്തിക്കു അങ്ങനെ ഒരു പൊൻതൂവൽകൂടി ലഭിച്ചു. അദ്ദേഹത്തെ അനുമോദിക്കുന്നതോടൊപ്പം ദീർഘനാൾ തന്റെ

www.malankaralibrary.com



ദൗത്യം വിജയകരമായി നടത്തുവാൻ കഴിയട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടനയ്ക്ക് പുതിയ രൂപവും ഭാവവും ലഭിക്കത്തക്ക നവീന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

കഴിഞ്ഞ 70 വർഷത്തെ മലങ്കര സഭയുടെ വളർച്ചയിൽ വിൻസെന്റ് ഡിപ്പോൾ സംഘടന നിസ്സാരമല്ലാത്ത സംഭാവനകൾ നൽകിയിട്ടുണ്ട്. ഇതിൽ നമുക്ക് അഭിമാനിക്കാം. പരിമിതികളും കുറവുകളും ഉണ്ടെങ്കിലും കഴിഞ്ഞവർഷങ്ങളിലെ എളിയ പ്രവർത്തനം മൂലം അനേകായിരങ്ങൾക്ക് ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും നൽകുവാൻ ഞങ്ങൾക്കുകഴിഞ്ഞിട്ടുണ്ട്. വിദേശസഹായം കൂടാതെ കഴിഞ്ഞ ഒരുവർഷം മാത്രം തിരുവനന്തപുരം, തിരുവല്ലാ, മാർത്താണ്ഡം രൂപതാ കൗൺസിലുകൾ മൊത്തം Rs. 633824.00 അംഗങ്ങളിൽ നിന്നും അഭ്യുദയാകാംക്ഷികളിൽ നിന്നുമായി സമാഹരിക്കുവാൻ കഴിഞ്ഞു എന്നത് ഞങ്ങളുടെ എളിയ പ്രവർത്തനത്തിന്റെ ഒരു വശം മാത്രം.

അഭിവന്ദ്യപിതാക്കന്മാരിൽ നിന്നും ബ. വൈദീകരിൽ നിന്നും മറ്റു മലങ്കര സഭ സഹോദരങ്ങളിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന സഹായ സഹകരണങ്ങൾക്കും, ഉപദേശങ്ങൾക്കും നന്ദിയർപ്പിക്കുന്നു. ആസ്ത്രേലിയ, ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട്, കാനഡാ തുടങ്ങിയ വിദേശ രാജ്യങ്ങളിലെ വിൻസെൻഷ്യൻ സഹോദരങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. എല്ലാറ്റിനുമുപരിയായി ഞങ്ങളെ നയിക്കുകയും നടത്തുകയും ചെയ്യുന്ന ദൈവത്തിന് നന്ദിയർപ്പിക്കുകയും സംഘടനയുടെ മദ്ധ്യസ്ഥനായ വിൻസെന്റ് ഡിപോളിന്റെയും വാഴ്ത്തപ്പെട്ട ഫെഡറിക് ഒസ്സാനാവിന്റെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ടും നിർത്തുന്നു.

**ABRAHAM KURIAN**
President,
Tiruvalla Central Council

*With best compliments of:*

# Holy Spirit Sisters

**THOLASSERY, TIRUVALLA-689 101,
KERALA, INDIA.**

*With best compliments of:*

# DECOR

**FURNISHING INDUSTRIES**


**THADIYOOR P.O. 689 545, Ph: 0473-674219 (O), 0473-674529 (R)**

***Designers & Manufacturers of:***

Decorative Doors, Door/Window Frame & Shutters, Modern Furniture (Living Room, Dining Rood, Bed Room etc.) Modern Kitchen, Staircase & Interior Decorators

www.malankaralibrary.com





# കുടുംബപ്രേക്ഷിത ശുശ്രൂഷ, മലങ്കര കത്തോലിക്കാ സഭയിൽ

**റവ. ഫാ. മാത്യു കണ്ടത്തിൽ**
(ഡയറക്ടർ ഫാമിലി അപ്പോസ്റ്റലേറ്റ്
ബത്തേരി രൂപത)

**ലോ**കചരിത്രത്തിൽ അവതീർണ്ണനായ ദൈവപുത്രനായ യേശുവിന്റെ മനുഷ്യാവതാരത്തിന്റെ മഹാജൂബിലി. തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം മനുഷ്യനെ സ്നേഹിച്ച പിതാവ്, സഹോദരനു വേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് കാണിച്ചു തന്ന പുത്രൻ, മനുഷ്യൻ ഉള്ളിടത്തോളം കാലം ഈ സ്നേഹം നില നിർത്തുന്ന പരിശുദ്ധാത്മാവ്; അദൃശ്യമായ ദൈവ കുടുംബത്തിന്റെ സത്തയിൽ നിന്ന് രൂപപ്പെട്ട മനുഷ്യ കുടുംബം. സ്വാതന്ത്ര്യം ആവോളം ഊറ്റിക്കുടിച്ച മനുഷ്യൻ ദൈവച്ഛായ വിരൂപമാക്കുന്നു. ഈ ദൈവ സാദൃശ്യത്തിന്റെ വീണ്ടെടുപ്പ് ഛായ പകർന്നവന് മാത്രമെ സാധ്യമാകൂ എന്നതിനാൽ സ്നേഹത്തിന്റെ പൂർത്തീകരണത്തിൽ തന്റെ ഏകജാതനെ അവിടുന്നു നൽകി. ദൈവസ്നേഹത്തിന്റെ പൂർണ്ണത തന്നെ ശൂന്യവൽക്കരിക്കുന്നതിലാണെന്ന് രക്തം ചീന്തി കുരിശിന്റെ നെറുകയിൽ അവൻ വരച്ചു കാട്ടി. പാപം മൂലം നഷ്ടപ്പെട്ട മനുഷ്യന്റെ ദൈവീകഛായ യേശു വീണ്ടെടുത്തു. വിശുദ്ധസഭയിൽ ദൈവീക കുടുംബത്തിന്റെ ദൃശ്യാവിഷ്കാരമായി വിവാഹമെന്ന കൂദാശയിലൂടെ ദമ്പതികൾ പരസ്പരം നൽകി. ആ ദൈവസ്നേഹത്തെ നിലനിർത്തുന്നു.

**കുടുംബം : അടിസ്ഥാന ദർശനം:**

പുരുഷനും സ്ത്രീയും പരസ്പരം നൽകുകയും സ്വീകരിക്കുകയും ചെയ്യുന്ന ഉടമ്പടിയിലൂടെയാണ് കുടുംബം രൂപം കൊള്ളുന്നത്. അതുകൊണ്ടുതന്നെ അവർ തമ്മിലുള്ള കൂട്ടായ്മ കുടുംബത്തിന്റെ അടിസ്ഥാന ശിലയായി മാറുന്നു. സ്നേഹത്തിനും ജീവനും വേണ്ടിയുള്ള ഉറവയും, സുസ്ഥിരതയുമുള്ള കൂട്ടായ്മയിലേക്ക് ദമ്പതികളെ നയിക്കുന്നത് ഈ ഉടമ്പടിയാണ്. ദമ്പതികളുടെ കൂട്ടായ്മയാണ് കുടുംബത്തെ കെട്ടുറപ്പുള്ള സമൂഹമാക്കുന്നത്. അപ്പോൾ കുടുംബമെന്നത് സ്നേഹത്തിന്റെ ഒന്നാക്കപ്പെട്ട കൂട്ടായ്മയും, മനുഷ്യ ജീവനു വേണ്ടിയുള്ള കൂട്ടായ്മയുമാണ്. പരസ്പരം ദാനത്തിലൂടെയാണ് ഈ കൂട്ടായ്മ ഉടലെടുക്കുന്നതും വളർച്ച പ്രാപിക്കുന്നതും.

സഭയുടെ അടിസ്ഥാന ശിലയാണ് കുടുംബം. സഭയെന്നത് ഒരു മഹാരഹസ്യമാണ്. ഇത് മതപരമായ ഒരു സംഘടനയായ ആഗോള വ്യാപകമായ പ്രസ്ഥാനമോ അല്ല, മറിച്ച് ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ തുടർച്ചയാണ്. അപ്പോൾ സഭ ലോകത്തിൽ ദൈവത്തിന്റെ രക്ഷാകര സാന്നിദ്ധ്യമാണ്. ഈ രക്ഷാകര സാന്നിദ്ധ്യം അനുഭവവേദ്യമാകുന്നതും, ദൃശ്യമാകുന്നതും കുടുംബത്തിലാണ്. അതുകൊണ്ടാണ് പരിശുദ്ധ പിതാവ് കുടുംബത്തെ Sanctury of Life എന്ന് സൂചിപ്പിച്ചിരിക്കുന്നത്. വിവാഹമെന്ന കൂദാശയിലൂടെ വിശുദ്ധീകരിക്കപ്പെട്ടതും ദമ്പതികളുടെ കൂട്ടായ്മാ ജീവിതത്തിലൂടെ തങ്ങളെത്തന്നെയും, മറ്റുള്ളവരെയും വിശുദ്ധീകരിക്കുന്നതുമായ സ്ഥലമാണ് കുടുംബം. ദൈവ-മനുഷ്യ സമാഗമ-സംഗമ സ്ഥലമായ കുടുംബം പരമ പരിശുദ്ധമായ സ്ഥലമായതിനാൽ അത് പ്രാർത്ഥനയുടെ സ്ഥലമാണ്, സ്നേഹത്തിന്റെ ഉറവിടമാണ്. പരസ്പരം ഭാരം ഇറക്കിവെയ്ക്കുന്നതിനും സന്തോഷവും ആദരവും അനുഭവിക്കുന്നതുമായ സ്ഥലമാണ്. കുട്ടികൾ സ്നേഹവും സുരക്ഷിതത്വവും അനുഭവിക്കുന്നതും പങ്കിടുന്നതുമായ സ്ഥലമാണ് കുടുംബം. ദൈവം വിശുദ്ധീകരിച്ചതും പവിത്രീകരിച്ചതുമായ കുടുംബമാണ് മനുഷ്യന്റെ

www.malankaralibrary.com



അഭയ സ്ഥാനം. കാരണം ദൈവത്തിന്റെ ഛായയും മുദ്രയും പേറുന്ന കുടുംബത്തിന്റെ സൃഷ്ടാവും സംരക്ഷകനും ദൈവം തന്നെയാണ്.

ജീവന്റെ പിള്ളതൊട്ടിയും ഭാവിതലമുറയുടെ ഉത്ഭവ ഉറവയുമാണ് കുടുംബം. കുടുംബമൂല്യങ്ങൾ പിറക്കുന്നതും, വളരുന്നതും കുടുംബങ്ങൾ തമ്മിലുള്ള ഊഷ്മള ബന്ധത്തിന്റെ ഞാറ്റടികളിലാണ്. വരും തലമുറയ്ക്ക് മൂല്യങ്ങൾ പകർന്നു കൊടുക്കുന്ന ഏക ഏജൻസി എന്ന നിലയ്ക്ക് കുടുംബത്തിന്റെ മൂല്യം കണക്കാക്കപ്പെടാവുന്നതല്ല. അമ്മയ്ക്കും കുഞ്ഞിനുമിടയിൽ ഒരു ക്ലാസ് മുറിയുടെ യാതൊരു ആവശ്യവുമില്ലെന്ന് പറയാറുണ്ട്. അനൗപചാരികതയാണിത് വ്യക്തമാക്കുന്നത്. മൃഗതുല്യനായി പിറന്നു വീഴുന്ന ഒരു മനുഷ്യ ശിശു ബോധ വികാസത്തിലേയ്ക്കും സംസ്കാര സമ്പന്നതയിലേയ്ക്കും മൂല്യാധിഷ്ഠിത ജീവിതചര്യകളിലേയും വീണ്ടെടുക്കാവുന്ന പ്രഥമ വേദിയാണ് കുടുംബം. മൂല്യങ്ങളുടെയും സംസ്കാരത്തിന്റെയും നിർമ്മിതിയുടെ പ്രഥമ പാഠശാലകളായി അവയുടെ രൂപീകരണ വേദിയായി തീരുന്നു കുടുംബം.

### മലങ്കര കത്തോലിക്കാ സഭയുടെ കുടുംബ ദർശനം

സഭ ഒരു മഹാരഹസ്യവും, അത് ലോകത്തിൽ രക്ഷാകര സാന്നിദ്ധ്യവുമാണ്. മലങ്കര സഭാമക്കളുടെ സഭാവബോധം വിശ്വാസികളല്ല സഭയെ രൂപീകരിക്കുന്നത് മറിച്ച് നാം ദൈവകൃപയിൽ ദൈവത്തിന്റെ സഭയിലേയ്ക്ക് ചേർക്കപ്പെട്ടിരിക്കുന്നു എന്നതാണ്. കത്തോലിക്കാ സഭ സഭകളുടെ കൂട്ടായ്മയാണെന്നും ഓരോ വ്യക്തിഗത സഭകളും തങ്ങൾക്കുള്ള കടമയും കർത്തവ്യവും നിർവ്വഹിക്കുമ്പോൾ മാത്രമേ സാർവ്വത്രീക സഭ എന്ന യാഥാർത്ഥ്യം അനുഭവിക്കാൻ വ്യക്തിഗത സഭയ്ക്ക് കഴികയുള്ളൂ. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായിലൂടെ ക്രിസ്തുവിന്റെ ഭൗതിക ശരീരത്തോടു ചേർന്നു നിന്നുകൊണ്ട് സാർവ്വത്രീകമാനം കൈവരിക്കുവാനും അതേ സമയം വ്യക്തിഗത സഭ എന്ന നിലയിൽ സഭയുടെ വിലയേറിയ പൈതൃകവും സ്വാതന്ത്ര്യവും കാത്തു സൂക്ഷിക്കുവാനും മലങ്കര കത്തോലിക്കാ സഭ എന്നും പ്രതിജ്ഞാ ബന്ധമാണ്.

മലങ്കര കത്തോലിക്ക സഭയിൽ ജീവിതത്തെ വീക്ഷിക്കുന്നത് കൗദാശീകമായിട്ടാണ്. മനുഷ്യനെ പാപത്തിൽ നിന്നും രക്ഷിക്കുന്നതും മിശിഹായിലും പരിശുദ്ധാത്മാവിലുമുള്ള ജീവിതത്തിൽ പ്രവേശിപ്പിക്കുന്നതും, വളർത്തുന്നതും ത്രിത്വക്കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്നതുമെല്ലാം കൂദാശകളായിട്ടാണ്. നമ്മുടെ യാമപ്രാർത്ഥനകളും ആചാരാനുഷ്ഠാനങ്ങളും കൗദാശിക നിഷ്ഠകളുമെല്ലാം ഇതുതന്നെയാണ് വ്യക്തമാക്കുന്നത്. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് വിശ്വാസത്തിലൂടെ പ്രത്യുത്തരിക്കുവാൻ കുടുംബത്തെ ശക്തിപ്പെടുത്താനാണ് സഭാ സംവിധാനങ്ങളും, സംഘടനകളും. കുടുംബ ആദ്ധ്യാത്മീകതയെ വളർത്തുകയും പരിപോക്ഷിപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുക മാത്രമാണ് ഇടവകയുടെയും രൂപതയുടെയും ദൗത്യം.

### തകരുന്ന കുടുംബം

ഇന്ന് കുടുംബ ശൈഥില്യം വർദ്ധിച്ചു വരുന്നു. ജീവന്റെയും സ്നേഹത്തിന്റെയും ഉത്ഭവസ്ഥാനവും കേന്ദ്രബിന്ദുവുമായ കുടുംബങ്ങൾ ഇന്ന് ശവപറമ്പായി മാറിക്കൊണ്ടിരിക്കുന്നു. സ്ത്രീ വെറും ഭോഗവസ്തുവായി പരിണമിച്ചിരിക്കുന്നു. കുടുംബ ബന്ധങ്ങളുടെ ദൃഢത കുറഞ്ഞിരിക്കുന്നു. തിരക്കേറിയ ജീവിതത്തിൽ എവിടെയും കച്ചവടക്കണ്ണുകൾ. കുട്ടികൾ ഭാവിയിലേയ്ക്കുള്ള നിക്ഷേപങ്ങൾ മാത്രം. വ്യവസായവൽക്കരണം ഗ്രാമീണ വിശുദ്ധി നഷ്ടപ്പെടുത്തിക്കളഞ്ഞു. വൃദ്ധരെ വൃദ്ധസദനങ്ങളിലേയ്ക്ക് ആട്ടിപ്പായിക്കുന്നു. മൂല്യാധിഷ്ഠിത പൈതൃകങ്ങൾ വിസ്മൃതമാകുന്നു. സമൂഹത്തിൽ കുടുംബം എന്നത് അന്യമായിക്കൊണ്ടിരിക്കുന്നു. ചില പ്രത്യേകാവശ്യങ്ങൾക്കായി വ്യക്തികൾ ഒരുമിച്ചു വരുന്നു. വീണ്ടും പിരിയുന്നു. ആർക്കും ആരോടും ഒരു കടപ്പാടുമില്ല.

സഭയിൽ വിവാഹ മോചനങ്ങൾ കൂടി വരുന്നു. കുടുംബ ആത്മഹത്യകൾ പെരുകുന്നു. വിവാഹത്തിനു മുമ്പുള്ള ലൈംഗീക ബന്ധങ്ങളും, വിവാഹേതര ബന്ധങ്ങളും വർദ്ധിക്കുന്നു. പാശ്ചാത്യ ലോകത്ത് കുടുംബം തന്നെ ഒരു മരീചികയായി മാറുന്നു.

കോടാനുകോടി മുതൽ മുടക്കി വിദ്യാഭ്യാസ ആതുര ശുശ്രൂഷ സ്ഥാപനങ്ങളും കോൺക്രീറ്റ് വനങ്ങളും പടുതുയർത്തുന്ന സഭ അവളുടെ അടിസ്ഥാനശിലയായ കുടുംബത്തെ രൂപ കല്പന ചെയ്യുന്നതിന് എത്ര മാത്രം ശുഷ്കാന്തിയും ശ്രദ്ധയും ചെലുത്തുന്നു എന്നത് പഠനവിഷയ

www.malankaralibrary.com



മാക്കേണ്ടതാണ്. മറ്റെല്ലാ പ്രസ്ഥാനങ്ങ ളുടെയും സംഘടനകളുടെയും കേന്ദ്രബിന്ദുവായ കുടുംബ പ്രേക്ഷിത ശുശ്രൂഷ പല രൂപതകളിലും ശുഷ്ക്കവും നാമമാത്രവുമാണ് മലങ്കര കത്തോലിക്കാ സഭാ തലത്തിൽ എടുത്തു പറഞ്ഞാൽ ഇതു കൂടുതൽ സത്യമാണെന്ന് പറയാതിരിക്കാൻ വയ്യ. ഫലമോ ക്രിസ്തുവിനോടൊത്തു ജീവിക്കുകയും ജീവിതം കൊണ്ട് ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തീയ കുടുംബങ്ങൾ അംഗുലി പരിമിതങ്ങളായികൊണ്ടിരിക്കുന്നു.

## സഭ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

സഭാസന്താനങ്ങളെ സംബന്ധിച്ചിടത്തോളം ക്രിസ്തു ദൗത്യവാഹകരെ വാർത്തെടുക്കേണ്ട നേഴ്സറിയാണ് കുടുംബം. ദാമ്പത്യത്തിന്റെ പൂർണ്ണതയും ജീവന്റെ പകർച്ചയും നടക്കുന്നത് ഈ കുടുംബത്തിൽ തന്നെയായിരിക്കണം. പാശ്ചാത്യ കുടുംബത്തകർച്ച നമ്മുടെ നാടിനെയും ബാധിച്ചു കൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. വ്യവസായവൽക്കരണവും തൊഴിലവസരങ്ങളുമാണ് പാശ്ചാത്യ കുടുംബ ഭദ്രത തകർത്തതെങ്കിൽ ഇവിടെ അവയുടെ അഭാവം കുടുംബത്തെ തകർക്കുന്നു. തൊഴിൽ രാഹിത്യം മൂലമുണ്ടാകുന്ന നിത്യ ദാരിദ്ര്യവും ജീവിക്കാനാവശ്യമുള്ളവ കണ്ടുപിടി ക്കാൻ കഴിയാത്തതുമെല്ലാം ഇവിടെ കുടുംബത്തിന്റെ അന്തക വിത്തായിത്തീരുന്നു.

മലങ്കര സഭയെ സംബന്ധിച്ചിടത്തോളം വിവാഹം ഒരു കൂദാശയായി കാണാത്ത വിഭാഗങ്ങളിൽ നിന്നുള്ള സഭാ പ്രവേശനവും വിശ്വാ സത്തിന്റെ പേരിലല്ലാത്ത പുന:രൈക്യവും കുടുംബത്തിൽ താളപ്പിഴകൾ സൃഷ്ടിക്കുന്നു. സാന്ദ്രത നിറഞ്ഞ ആദ്ധ്യാത്മീകതയും ജീവിതത്തെ സ്വാധീനിക്കാത്ത മഹാത്മകതയും ആചാരാനു ഷ്ഠാന പ്രധാനമായ മതജീവിതവും കുടുംബങ്ങളുടെ ഭാവിയെ ഹനിക്കുന്നു. കുടുംബനാഥന്മാരുടെ മദ്യപാനം, മയക്കുമരുന്ന്, ഗർഭഛിദ്രം, കച്ചവട സംസ്കാരം തുടങ്ങിയവ ഒന്നും തന്നെ ഇവിടെ ഒരു ധാർമ്മീക പ്രശ്നമോ അല്ലാതായിത്തീർന്നിരിക്കുന്നു. ലോകത്തെ നയിക്കേണ്ടുന്ന പൗരന്മാരെ വാർത്തെടുക്കുന്നതും അഭ്യസിപ്പിക്കുന്നതും കുടുംബത്തിലാണ്. കുടുംബം ഏറ്റവും വലിയ സർവ്വകലാശാലയും മാതാപിതാക്കൾ ഏറ്റവും വലിയ അധ്യാപകരുമാണ്. ഈ കലാശാലയിലെ അദ്ധ്യാപനം ശരിയാകുന്നില്ലെങ്കിൽ?

## അടുത്ത നൂറ്റാണ്ട്

ഏത് ലോക സാഹചര്യങ്ങളിലേയ്ക്കാണ് അടുത്ത നൂറ്റാണ്ട് വിരൽ ചൂണ്ടുന്നത് എന്നത് ഏകദേശം നമുക്ക് മനസ്സിലാകും. അവനവന്റെ അകത്തളങ്ങളിരുന്നു സ്വന്തം ഭാവിയെ മാത്രം ഉറ്റുനോക്കുന്ന ആധുനിക മനുഷ്യൻ സർവ്വനാശ ത്തിന്റെ കാലൊച്ച കേൾക്കാതെ പോകുന്നു.

അടുത്ത നൂറ്റാണ്ട് നിഷേധാത്മക ചിന്തകളിൽ നിന്ന് ക്രിയാത്മ മൂല്യങ്ങളിലേയ്ക്കും പുതിയ സംസ്കാരത്തിലേയ്ക്കുമുള്ള വളർച്ചയുടെ കാലഘട്ടമാകണം. മൂല്യസംസ്കാരിക കേന്ദ്രമായ കുടുംബത്തെ പ്രബലമാക്കുന്നതിലൂടെ മാത്രമെ മനുഷ്യ ഭാവിയെ കുറിച്ചുള്ള സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കൂ.

ത്രിത്വരഹസ്യത്തിന്റെ ദൃശ്യാവിഷ്ക്കാരമായ കുടുംബത്തെ പ്രബലപ്പെടുത്തുക സഭയുടെ അടിയന്തിര വിഷയമായി മാറണം. സഭ സർവ്വ സന്നാഹങ്ങളോടും കൂടി കുടുംബത്തിലേയ്ക്ക് തിരിയണം. കുടുംബ ജീവിതം ക്രിസ്തുവിന് സാക്ഷിയാകാനുള്ള വേദിയാണെങ്കിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം കുടുംബത്തിലു ണ്ടാകണം. വിശുദ്ധീകരിക്കപ്പെട്ടതും, വിശുദ്ധീകരി ക്കുന്നതുമായ സഭയുടെ ചെറിയ പതിപ്പായ കുടുംബത്തിലെ മതപരമായ കാര്യങ്ങളെല്ലാം തന്നെ വെറും പതിവുകളോ, ജീവിതചൈതന്യമറ്റ പ്രവർത്തനങ്ങളുടെ ആവർത്തനമോ ആകാതെ ക്രിസ്തുവുമായുള്ള യഥാർത്ഥ ഐക്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും പരിണിത ഫലമായി തീരേണ്ടിയിരിക്കുന്നു. ഉത്തരവാദിത്വ പൂർണ്ണമായ മാതൃത്വവും പിതൃത്വവും സഭാംഗങ്ങളെ പഠിപ്പിക്കുവാൻ പള്ളി പ്രസംഗം മാത്രം മതിയാകുമെന്നു തോന്നുന്നില്ല. വലിയ തുക മുടക്കി കുടുംബ ക്ഷേമ സെമിനാറുകളും ക്ലാസ്സുകളും നടത്തുന്ന സഭ പലപ്പോഴും കതിരിൽ കൊണ്ടുപോയി വളം വയ്ക്കുന്നതിന് തുല്യമായി രിക്കും. വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന തിന് മുൻപ് നടത്തുന്ന വിവാഹ ഒരുക്ക സെമിനാർ കൃത്യമായ പ്രയോജനം ജീവിതത്തിലുണ്ടാക്കില്ല. ഇതു പോലും നിർബന്ധമാക്കാത്ത രൂപതയുടെ കാര്യം ഇവിടെ വിസ്മരിക്കുന്നതാകും നല്ലത്. ഇടവകാ വൈദീകരുടെ സജീവ സാന്നിദ്ധ്യവും നിരന്തരമായ ഭവന സന്ദർശനവും കുടുംബങ്ങളെ സ്വാധീനിക്കാൻ പറ്റിയവയാകണം. നമ്മുടെ

www.malankaralibrary.com



പ്രാർത്ഥനാ കൂട്ടായ്മകളും സഭാതല സംഘടനാ പ്രവർത്തനങ്ങളും മനുഷ്യമനസിനെ ഉത്തേജിപ്പിക്കുന്നതും പ്രവർത്തനോൻമുഖമാ കുന്നവയുമാകണം. ആചാരാനുഷ്ഠാനങ്ങൾ സജീവമാകണമെങ്കിൽ അവയുടെ അർത്ഥങ്ങളും പ്രതീകങ്ങളും സമയോജിതമായി വ്യാഖ്യാനിച്ചു കൊടുക്കണം. ഓരോ കുടുംബങ്ങളിലും ജന്മദിനം, വിവാഹ വാർഷികം, ജൂബിലി പൗരോഹിത്യ വാർഷികം തുടങ്ങിയവയെല്ലാം സമുചിതമായി ആഘോഷിക്കണം. എല്ലാ അംഗങ്ങളും ഒരുമിച്ച് വരുന്നതിനും കണ്ടുമുട്ടുന്നതിനും ഇവ വേദിയൊരുക്കും. കുടുംബങ്ങൾക്ക് നേതൃത്വം നൽകുന്ന കുടുംബനാഥന്മാരെ രൂപീകരിച്ച് ദുർശീലങ്ങളിൽ നിന്നും പിൻതിരിപ്പിച്ച് സഭയുടെ സ്ഥാനപതികളാകുവാൻ സഭ കാര്യമായി ഒന്നും ചെയ്തിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇവിടെ സഭയുടെ അടിയന്തിര ശ്രദ്ധ പതിയണം. സാർവ്വത്രീക കൂട്ടായ്മയിലായിരിക്കുന്ന മലങ്കര സഭ അതിന്റെ തനിമയും സാർവ്വത്രീകതയും കാത്തു സൂക്ഷിച്ചുകൊണ്ട് സഭയ്ക്കും സമൂഹത്തിനും നേതൃത്വം നൽകുന്ന ഉത്തമ പൗരന്മാരെ വാർത്തെടുക്കുന്ന കുടുംബങ്ങളെ പ്രകാശ പൂർണ്ണമാക്കുന്ന കാലഘട്ടമാകട്ടെ മൂന്നാം സഹസ്രാബ്ദം! മലങ്കര പുനഃരൈക്യത്തിന്റെ സപ്തതി ആഘോഷിക്കുന്ന ഈ അവസരം കുടുംബങ്ങളിലേയ്ക്ക് ഒരു തിരിഞ്ഞു നോട്ടത്തിന് വേദിയാകുന്നുവെങ്കിൽ ധന്യമായി....

*In Loving Memory of:*

**T.C. JOHN**

THACHILATHU HOUSE, POOTHRIKKA, RAMAMANGALAM

**by Wife & Children**

*With best compliments of:*

**MR. & MRS. TOM MATHEW KADAVIL**


**&**

**FAMILY**

POOTHRIKKA, RAMAMANGALAM

www.malankaralibrary.com





ഫാ. വർഗീസ് കാരിക്കോട്ട്
ആദ്ധ്യാത്മീയ ഉപദേഷ്ടാവ്
തിരുവല്ല രൂപത

മരിയ സൈന്യത്തിന്റെ ചൈതന്യം പരിശുദ്ധ മറിയത്തിന്റെ ചൈതന്യം തന്നെയാണ്. മറിയത്തിന്റെ അഗാധമായ വിനയം, പരിപൂർണ്ണ സമർപ്പണം, നിരന്തരമായ പ്രാർത്ഥന, കറയറ്റ നൈർമല്യം, വീരോചിതമായ ക്ഷമ, ദൈവസ്നേഹം, നിസ്തുലമായ വിശ്വാസം ഇവയെല്ലാം അഭ്യസിക്കുവാൻ മരിയ സൈന്യം അമ്മയെ മാതൃകയായി സ്വീകരിക്കുന്നു. മറിയത്തിന്റെ സ്നേഹത്തിലും വിശ്വാസത്തിലും പ്രചോദിതരായ അവളുടെ സൈനികർ എല്ലാത്തരം ജോലികളും ഏറ്റെടുക്കുന്നു. അസാധ്യമെന്ന് ഒരിക്കലും ആവലാതിപ്പെടുന്നില്ല. പ്രാർത്ഥനക്ക് മുഖ്യസ്ഥാനവും പ്രവർത്തനത്തിന് രണ്ടാം സ്ഥാനവുമാണ് കല്പിച്ചിരിക്കുന്നത്. അംഗങ്ങൾ നിയമം അനുശാസിക്കുന്ന അനുദിനപ്രാർത്ഥനയും

# മരിയ സൈന്യം
# (LEGION OF MARY)

കത്തോലിക്കാ സഭയിൽ ആഗോളതലത്തിൽ പ്രചുരപ്രചാരം സിദ്ധിച്ച ഒരു ഭക്തസംഘടനയാണ് മരിയ സൈന്യം (Legion of Mary) ലീജിയൻ ഒരു സൈന്യമാണ്; അദ്ധ്യായത്മിക സൈന്യം, സഭാമാതാവും സ്വർഗ്ഗരാജ്ഞിയുമായ പരിശുദ്ധമറിയമാണ് നായിക. അന്ധകാരശക്തിക്കെതിരെ തിരുസഭ നിരന്തരം നടത്തുന്ന ധർമ്മസമരത്തിൽ ആത്മവിശ്വസത്തോടെ സുധീരം പോരാടുവാൻ സ്വയം സമർപ്പിച്ചിരിക്കുന്ന മുന്നണിപ്പോരാളികളാണ് മരിയസൈനികർ. ഇതിന്റെ പേരുതന്നെ അതിന്റെ മാഹാത്മ്യത്തെ വിളിച്ചറിയിക്കുന്നു. ഇതിന്റെ പതാകമേലുള്ള അമലോത്ഭവമാതാവിന്റെ ചിത്രം ഉൽകൃഷ്ടവും പരിശുദ്ധവുമായ കാര്യങ്ങളെ പ്രദ്യോതിപ്പിക്കുന്നു. ക്രിസ്തുവിന്റെ വാഴ്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വയം വിശുദ്ധീകരിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് മരിയ സൈന്യത്തിന്റെ കർത്തവ്യം. അംഗങ്ങളുടെ വിശുദ്ധീകരണവും അതോടൊപ്പം മറ്റുള്ളവരുടെ മാനസാന്തരവും ലീജീയൻ സൈന്യത്തിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്.

ജപമാല പ്രാർത്ഥനയും നടത്തുവാൻ കടപ്പെട്ടിരിക്കുന്നു. പ്രതിവാരസമ്മേളനങ്ങളിൽ എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. ലീജിയൻ അംഗങ്ങളിൽനിന്ന് പണമോ പ്രാബല്യമോ പ്രതീക്ഷിക്കുന്നില്ല. ആത്മാക്കളുടെ രക്ഷക്കുവേണ്ടി പരിശ്രമിക്കാൻ സന്നദ്ധരാകുന്ന സൈനികർ ജീവിതസാക്ഷ്യംവഴി ക്രീസ്തീയ ജീവിതം കാണിച്ചുകൊടുക്കുന്ന ആത്മിയഗണമാണിവർ.

**ആഗോള സൈന്യം**

1921 സെപ്റ്റബർ 7-ാം തീയതി പരിശുദ്ധ കന്യകമറിയത്തിന്റെ ജനനത്തിരുനാളിന്റെ തലേദിവസം അയർലണ്ടിൽ ഡബ്ലിൻ നഗരത്തിലെ മീര മന്ദിരത്തിൽ പരിശുദ്ധനാഥയുടെ നാമത്തിൽ ഈ സംഘടന സമാരംഭിച്ചു. ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയുസ് മാർപാപ്പയുടെ പരിലാളനത്തിലും പ്രോത്സാഹനത്തിലും ഒരു ദശാബ്ദം കൊണ്ടുതന്നെ ലീജിയൻ പ്രസ്ഥാനം ആഗോള സൈന്യമായി വളർന്നു. ഒരു സേനയുടെ മാതൃകയിൽ അതിലും പ്രത്യേകിച്ച് പ്രാചീന റോമൻ

www.malankaralibrary.com



സേനയുടെ മാതൃകയിൽ ലീജിയൻ ഓഫ് മേരി സംഘടിപ്പിച്ചിരിക്കുന്നു. റോമൻ സേനയിൽ പ്രയോഗിച്ചിരിക്കുന്ന ഉദ്യോഗപ്പേരുകൾ തന്നെയാണ് ലീജിയൻ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ മരിയൻ സൈന്യത്തിന്റെ ആയുധങ്ങൾ ഈ ലോകത്തിന്റേതല്ല. ധന്യരായ പ്രേക്ഷിതചൈതന്യമുള്ള നിരവധി കർദ്ദിനാളന്മാർ, മെത്രാൻമാർ വൈദികർ തുടങ്ങിയവരുടെ മഹനീയമായ നേതൃത്വത്തിലും ശിക്ഷണത്തിലും മരിയസൈന്യം സമസ്തഭൂഖണ്ഡങ്ങളിലും വ്യാപിച്ചു. ഫിലിപൈൻസിൽ തന്നെ 5000 ത്തിൽ പരം പ്രസീദിയങ്ങൾ സ്ഥാപിതമായി. ജീവിതത്തിന്റെ എല്ലാ തുറകളിൽ നിന്നും പ്രേഷിതചൈതന്യമുള്ള സൈനികർ അഭിമാനപൂർവ്വം പ്രവർത്തിക്കുന്നുണ്ട്. ഡബ്ലിൻ, ലണ്ടൻ, പാരീസ്, ബർലിൻ, റോം ന്യൂയോർക്ക്, വാഷിംഗ്ടൻ, ഷിക്കാഗോ, മോൺട്രിൽ, ഹോങ്കോങ്, ടോക്കിയോ, മാനില, കൊളംബോ, കറാച്ചി, ബോംബെ, കൽക്കട്ട, ഡൽഹി എന്നീ വിശ്വമഹാനഗരങ്ങളിൽപ്പോലും ലീജിയൻ ഓഫ് മേരി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇടവകതലത്തിൽ പ്രസീദിയം, ഡിസ്ട്രിക്കുതലത്തിൽ കൂരിയ, രൂപതാതലത്തിൽ കൊൺസീലിയം സംസ്ഥാനതലത്തിൽ സെനാത്തൂസ് എന്നിങ്ങനെ ലത്തീൻ ഭാഷയിൽ റോമൻ മാതൃകയിൽ സുസംഘടിതമായ ആഗോള സൈന്യമാണ് ലീജീയൻ ഓഫ് മേരി.

ഇൻഡ്യയിൽ ഭൂരിഭാഗം രൂപതയിലും ഈ സംഘടന സജീവമാണ് കേരളത്തിലെ മൂന്ന് റീത്തുകളിലെ രൂപതകളിൽ ഈ സംഘടന മുഖ്യസ്ഥാനം വഹിക്കുന്നുണ്ട്. കേരളത്തിലെ ഓരോ രൂപതയിലും പ്രവർത്തിക്കുന്ന കൊമ്മീസിയത്തിന്റെ സംസ്ഥാനതല സെനാത്തൂസ് (ഒരു പ്രദേശം മുഴുവനും ഭരണാധികാരമുള്ള സമിതി) പാലായിലാണ്.

ആഗോളസഭയിലെ സെനാത്തൂസുകളുടെ എല്ലാം കേന്ദ്രസമതിയാണ് ഡബ്ലിലുള്ള കൊൺസീലിയം. ഇതിൽ കേന്ദ്രസമതിയോട് ബന്ധമുള്ള എല്ലാ സമതിയുടെ പ്രതിനിധികളും ഡബ്ലിൻ നഗരത്തിലെ കൂരിയായുടെ അംഗങ്ങളും ഉൾകൊള്ളുന്നു. ഇതാണ് പരമാധികാരസമതി.

**മരിയസൈന്യം മലങ്കരയിൽ**

പരിശുദ്ധദൈവമാതാവിനോടുള്ള അതീവ ഭക്തി മലങ്കരസഭയുടെ പാരമ്പര്യത്തിലും ആരാധനാക്രമങ്ങളിലും അതുമുഖ്യസ്ഥാനം വഹിക്കുന്നു. 1932-ൽ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി വത്തിക്കാനിൽ 11-ാം പീയൂസ് മാർപ്പാപ്പയെ സന്ദർശിക്കാൻ ചെന്നപ്പോൾ ലീജിയൻ ഓഫ് മേരിയെപ്പറ്റി മനസ്സിലാക്കി. മർത്താമറിയം സംഘടനയും പ്രത്യേക മാതൃസ്തുതികളും സ്വീകരിച്ച നമ്മുടെ സഭയ്ക്ക് ഈ സംഘടന അനുയോജ്യമെന്നു ഗ്രഹിച്ച് ഇതേക്കുറിച്ചു പഠിക്കാൻ ഈ ഭക്തസംഘടനയുടെ കേന്ദ്രസ്ഥാനമായ ഡബ്ലിൻ സന്ദർശിച്ച് മരിയസൈന്യത്തിന്റെ സ്ഥാപകനേതാവായ ഫ്രാങ്ക് ഡഫിനെകണ്ട് സുദീർഘമായി ചർച്ച ചെയ്ത് ലീജിയൻ പദ്ധതിയെപറ്റിപഠിച്ചു. കേരളത്തിൽ തിരികെ എത്തിയ തിരുമേനി ഏതാനും സഹോദരങ്ങളെ മദ്രാസ്സിലയച്ച് പരിശീലിപ്പിക്കുകയും പരീക്ഷണാർത്ഥം ഒരു പ്രസീദിയം സ്ഥാപിക്കുകയും ചെയ്തു. ഇതായിരുന്നു കേരളത്തിലെ പ്രഥമ പ്രസീദിയം.

**മലങ്കരയിൽ മരിയ സൈന്യത്തിന്റെ നവോത്ഥാനം**

1953-ൽ ലീജിയൻ എൻവോയ് ബ്രദർ സെസിൽ ഡിസൂസ ബോംബേയിൽ നിന്ന് കേരളത്തിലെത്തി. അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ തിരുമനസ്സിന്റെ സാന്നിദ്ധ്യത്തിൽ നാലാംചിറയിൽ ഒരു പ്രസീദിയം സ്ഥാപിച്ചു. തിരുമനസ്സിലെ നേതൃത്വത്തിലും പ്രോത്സാഹനത്തിലും അതിരൂപതയിൽ നൂറോളം പ്രസീദിയങ്ങൾ ആരംഭിച്ചു.

ബ്രദർ സെസിൽ ഡിസൂസ പൗലോസിന്റെ തീഷ്ണതയോട് തിരുവല്ല രൂപതയിലെ പ്രധാന കേന്ദ്രങ്ങൾ സന്ദർശിച്ച് മരിയ സൈന്യത്തെപ്പറ്റി പഠിക്കുകയും ആരംഭംകുറിക്കുകയും ചെയ്തു. അന്ന് രൂപതയിൽ ലീജിയൻ ഓഫ് മേരി എന്ന ഒരേ ഒരു സംഘടന മാത്രമാണ് ഉണ്ടായിരുന്നത് പിൽകാലത്ത് പല ഇടവകകളിലും മൂന്നും നാലും പ്രസീദിയങ്ങളും ഏറിയാകൾ തിരിച്ച് നിരവധി കൂരിയാകളും പ്രവർത്തിച്ചിരുന്നു. പുതിയ പുതിയ ഭക്തസംഘടനകളുടെ രംഗപ്രവേശനത്തോടെ മരിയസൈന്യത്തിന്റെ പ്രസീദിയങ്ങളുടെ എണ്ണം കുറഞ്ഞു. ദൈവമാതൃഭക്തി ജനങ്ങളിൽ ക്ഷയിച്ചും തുടങ്ങി. "പരിശുദ്ധമാതാവിനോടടുക്കുമ്പോൾ യേശുവിനോട് അടുക്കുന്നു. മാതാവിൽ നിന്നും അകലുമ്പോൾ യേശുവിൽ നിന്നും അകലുന്നു" (ജോൺ പോൾ മാർപാപ്പ)

ആഗോളകത്തോലിക്കാ സഭയിൽ മലങ്കരസഭയുടെ തനിമയും പാരമ്പര്യവും കാത്തുസം

www.malankaralibrary.com



രക്ഷിക്കാൻ അവകാശവും സ്വാതന്ത്ര്യവും നമുക്കുണ്ട്. നല്ലതെന്നു കാണുന്നതെല്ലാം സ്വീകരിക്കാനും പരിപോഷിപ്പിക്കാനും നമുക്കുകഴിയും. അതുകൊണ്ട് തന്നെയാണ് നമ്മുടെ പിതാക്കൻമാർ ഈ സംഘടനയെ നമ്മുടെ സഭയിൽ സ്വാഗതം ചെയ്തതും പ്രോത്സാഹിപ്പിച്ചതും. പതിനൊന്നാം പീയുസ് മാർപാപ്പ തുടങ്ങി എല്ലാ മാർപാപ്പാമാരും ഈ സംഘടനയെ കാലാകാലങ്ങളിൽ ശ്ലൈഹീകാ ശീർവാദം നൽകി അനുഗ്രഹിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുവരുന്നു.

അംഗീകരിച്ച അലംഘനീയമായ നിയമാവലി അനുസരിച്ചു പ്രവർത്തിക്കുന്ന ഈ സംഘടന ലോകത്തിലെവിടെയും മാറ്റം കൂടാതെ പ്രവർത്തിക്കുന്നതിനാൽ മാറ്റിമറിക്കുവാൻ അനുവദിക്കുന്നില്ല.


നിശ്ചിത പ്രാർത്ഥനകളും ജീവകാരുണ്യ പ്രവർത്തനങ്ങളും സമ്മേളനങ്ങളും റിപ്പോർട്ടുകളും അംഗങ്ങളെ പ്രവർത്തനക്ഷമമാക്കുന്നു. മലങ്കര സഭയുടെ സുവിശേഷീകരണത്തിന് മൂന്നാം സഹസ്രാബ്ദിയിൽ പ്രചോദനമേകുന്ന ശക്തി ശ്രോതസ്സായി, പരിശുദ്ധമാതാവിന്റെ പിന്നിൽ അണിനിരന്ന ഒരു ആത്മീയ ഗണമായ, മരിയസൈന്യം നമ്മുടെ ഇടവകകളിൽ ശക്തിപ കരട്ടെ. പുനരൈക്യറാണി പുതുയുഗത്തിൽ നമുക്ക് പ്രകാശം പരത്തട്ടെ.

*With best compliments of:*

**ST. ALOYSIUS SEMINARY**

**PATTOM, TRIVANDRUM-695 004, KERALA, INDIA**

## പാവനസ്മരണയ്ക്ക്



## Rev. Fr. JACOB MUNDAPLAKAL

**CHENGAROOR**

| | | |
|---|---|---|
| Born | : | 17-2-1879 |
| Ordination | : | 11.3.1902 |
| Reunion | : | 20-2-1941 |
| Called to eternal rest | : | 30-2-1963 |

www.malankaralibrary.com





# ആതുരശുശ്രൂഷയിൽ ഇന്ന് മലങ്കരസഭ

സി. സേവന SIC
(പുഷ്പഗിരി ഹോസ്പിറ്റൽ,
തിരുവല്ല)

ആഗോളസഭ ഇന്ന് തന്റെ പ്രീയനാഥന്റെ മഹാജൂബിലിയുടെ നിറവിലാണ്. സഭയുടെ മണവാളന്റെ ജൂബിലിനാളുകൾ-മണവാട്ടിയുടെ മനോമുകുരത്തിൽ ഏറെ തിളങ്ങിനിൽക്കുകയാണ്. എവിടെ നോക്കിയാലും ആഘോഷങ്ങളുടെ ഒരു ഘോഷയാത്രതന്നെ സഭയിൽ കാണാൻ സാധിക്കും. ഈ സഭാമാതാവിന്റെ ഓമനപുത്രിയാണ് മലങ്കരസഭ എന്ന- എഴുപതുകാരി. കാലം നൽകിയ ഏഴു പതിറ്റാണ്ടുകൾ പിന്നിട്ടെങ്കിലും യുവത്വം നിറഞ്ഞുനിൽകുന്ന- ഈ യുവസുന്ദരി തന്റെ മണവാളനായി ഒരുങ്ങിനിൽക്കുന്ന ഒരു നവവധുവാണിന്ന്. മുത്തുകളും രത്നങ്ങളും പതിപ്പിച്ച അലങ്കാരങ്ങൾ അവളെ ഏറെ മനോഹരിയാക്കിയിരിക്കുകയാണ്. തന്റെ അരുമകളുടെ വളർച്ചയിൽ അവൾ സദാ ജാഗരൂകയാണ്. ദൈവജനത്തെ-മാനവവംശത്തെ മുഴുവൻ ഉൾക്കൊള്ളുന്നതാണ്, ഉന്നം വെക്കുന്നതാണ്, മലങ്കരയുടെ പ്രവർത്തന മേഖലകൾ.

"ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനാണ് ഞാൻ വന്നിരിക്കുന്നത്" എന്നരുളിയ സൗഖ്യദായകനായ യേശുനാഥന്റെ ശുശ്രൂഷാഭാവം ഉൾകൊണ്ട് മലങ്കരസഭ വളരെ ശുഷ്കാന്തിയോടെ-ലോകജനതയെ മുഴുവൻ ശുശ്രൂഷിക്കുവാൻ അരയും തലയും മുറുക്കി-കർമ്മമണ്ഡലങ്ങളിൽ-സന്നദ്ധയായിരിക്കുന്നു. മക്കളുടെ ആരോഗ്യസംരക്ഷകരായി, ജീവന്റെ ശുശ്രൂഷകരായി സദാ പ്രവർത്തനനിരതരാണ്. നാളെയുടെ പുത്തൻ തലമുറകൾ-ജീവനും ഓജസുറ്റവരായി ജനിക്കുവാനും- വളർത്തി വലുതാക്കാനും ഇന്ന് ഈ സഭയ്ക്കുള്ള ഔൽസുക്യം ഒന്നു വേറെയാണ്. എല്ലാവർക്കും ആരോഗ്യത്തെ പ്രദാനം ചെയ്യുക... അതാണ് അവളുടെ നിരവധിയായ ലക്ഷ്യങ്ങളിൽ ഒന്ന്. രോഗം വന്നിട്ട് ശുശ്രൂഷിക്കുന്നതിനു മുമ്പ്..... രോഗം വരാതെ സൂക്ഷിക്കുന്നതിനുള്ള കരുതലുകളും ഏറെയാണ്.

രോഗത്തിന്റെ പിടിയിലമർന്നവർക്ക് കരുണയുടെയും, അനുകമ്പയുടെയും, ആർദ്രതയുടെയും ഭാവമായ നല്ല ശമറായന്റെ രൂപവും ഭാവവും ലോകത്തിനു നൽകുകയാണ് മലങ്കരസഭയുടെ ശുശ്രൂഷാ ജീവിതത്തിലൂടെ സാധിക്കുന്നത്.

മനുഷ്യമക്കളുടെ ഹൃദയം- അത് ദൈവത്തിന്റെ കൈയ്യൊപ്പിട്ടേറ്റുവാങ്ങിയതാണ്. യേശുനാഥന്റെ പരസ്യജീവിതകാലത്ത്-ഒട്ടനേകരെ രോഗത്തിന്റെ വേദനയിൽ നിന്ന് മോചിപ്പിച്ച് ആശ്വാസവും സൗഖ്യവും പ്രദാനം ചെയ്തിട്ടുണ്ട്. രോഗികൾക്ക് വൈദ്യനായി-രോഗം നീക്കുന്ന മരുന്നായി-സിദ്ധൗഷധമായി ഗലീലായുടെ തീരങ്ങളിലും, ജറുസലേമിന്റെ താഴ്‌വരകളിലും, കഫർണാമിന്റെ വീഥികളിലും താൻ ചുറ്റിസഞ്ചരിച്ചു. രോഗീശുശ്രൂഷ എന്നത് മാനവകുലത്തോളം പഴക്കമുള്ളതാണ്. സകല വ്യാധികളേയും ഏറ്റുവാങ്ങി-സുഖമാക്കുന്ന ആ അനശ്വര ഭിഷഗ്വരനെ ലോകത്തിന് പ്രദാനം ചെയ്യുക എന്നത് ഇന്നിന്റെ സാഹചര്യത്തിൽ ഒരു വെല്ലുവിളിതന്നെയാണ്. ആതുരസേവനം ഏറെ പ്രതിബദ്ധത ആവശ്യപ്പെടുന്ന ഒരു വേദിയാണന്ന് ഉറക്കെ പറയേണ്ട ഒര സത്യമാണ്. മുറിവേറ്റു വിങ്ങുന്ന മനസിന്റെ വേദനകളും അതേറ്റുവാങ്ങുന്ന മനസിന്റെ നൊമ്പരങ്ങളും-ഒപ്പിയെടുക്കുക, ആശ്വാസത്തിന്റെ കൈത്തരിനാളമാകുക.......ഏറെ എളുപ്പമാകുന്നതാണ് എന്ന് കരുതരുത്. വളരെ സഹിഷ്ണുതയും വിട്ടുവീഴ്ചമനോഭാവങ്ങളും വലിയ ത്യാഗങ്ങളും ആവശ്യപ്പെടുന്നതാണ് ഈ കർമ്മരംഗം ക്ഷമയും-സൗമ്യതയും അനുകമ്പയും കൈമുതലായുണ്ടെങ്കിലെ ഈ രംഗത്ത് പിടിച്ചു നിൽക്കാനാവൂ. ഔഷധങ്ങൾ നൽകുന്നതോടൊപ്പം

www.malankaralibrary.com



വാത്സല്യം നിറഞ്ഞ ഒരമ്മയുടെ സ്നേഹത്തോടെ രോഗികൾക്ക് സ്വാന്തനമരു ളിയാലെ രോഗം സുഖമാകൂ.

സ്നേഹത്തിലും സേവനത്തിലും ജ്വലിക്കുന്ന ഒരു ദീപം തെളിച്ചാലെ ഈ രംഗം പ്രാകാശമാനമാകൂ. ആതുരശുശ്രൂഷ, അത് സമഗ്രസൗഖ്യദായകനായ യേശുവിൽ കേന്ദ്രീകൃതമാണ്. മനുഷ്യജീവന് മൂല്യവും, മാന്യതയും കല്പിക്കാത്ത ലോകത്തിലാണ്. നാം ഇന്ന് ജീവിക്കുന്നത്. ' നീ എനിക്ക് അമൂല്യനും, ബഹുമാന്യനുമാണ്' എന്ന് പ്രവാചകനിലൂടെ നമ്മോടരുളിച്ചെയ്ത ദൈവത്തെ-ലോകത്തിന് കാണിച്ചുകൊടുക്കുവാൻ ആതുരശുശ്രൂഷയിലുടെ മലങ്കരസഭ യത്നിക്കുകയാണ്. വേദനയാൽ ഉയരുന്ന രോദനങ്ങൾക്ക് കണ്ണീരൊപ്പുന്ന കരങ്ങളായി വർത്തിച്ചാൽ ഈ ശുശ്രൂഷാഭാവം വിജയപ്രദമാകും. മുൻ ഉദ്ധരിച്ച സകലതിനെയും ലക്ഷ്യം വെച്ച് മുന്നിൽ കണ്ടുകൊണ്ട് വിവിധങ്ങളായ പ്രവർത്തനങ്ങളും അതിനു സഹായകരമാകുന്ന സ്ഥാപനങ്ങളും മലങ്കരസഭ വളർത്തികൊണ്ടു വന്നിട്ടുണ്ട്- ഇന്നും വളർച്ചയുടെ പുതിയമാനങ്ങൾ തേടുന്നതിൽ ശ്രദ്ധയുമുണ്ട്.

കേരളത്തിൽ ഇന്ന് 4 രൂപതകളിലായി മലങ്കരസഭയുടെ ആതുരാലയങ്ങളും അവയുടെ പ്രവർത്തനങ്ങളും പടർന്നുപന്തലിച്ചു നിൽക്കുകയാണ്. ഈ പ്രവർത്തനങ്ങളിലൂടെ ആരോഗ്യപരിപാലനരംഗം ഏറെനേട്ടം കൈവരിച്ചു എന്ന് പറയുന്നതിൽ അഭിമാനമുണ്ട്.

അത്യാധുനിക ചികിത്സാ സൗകര്യങ്ങളുള്ള വിവിധ ആശുപത്രികളും, ഹെൽത്തു സെന്റ്റുകളും കുഷ്ഠരോഗചികിത്സാ കേന്ദ്രവും, മൊബൈൽ ക്ലിനിക്കുകളും, പ്രവർത്തിക്കുന്നു. സ്കൂൾ ഓഫ് നേഴ്സിംഗ്, സ്കൂൾ ഓഫ് മെഡിക്കൽ ലബോറട്ടറി, കോളേജ് ഓഫ് ഫാർമസി, മൾട്ടിപർപ്പസ് ഹെൽത്ത് വർക്കേഴ്സ് കോഴ്സ് തുടങ്ങി വൈദ്യശാസ്ത്ര വിദ്യാഭ്യാസ രംഗത്തും മലങ്കരസഭ മുമ്പോട്ട് പോയിട്ടുണ്ട്.

ആതുരശുശ്രൂഷരംഗത്ത് വിദഗ്ധ പരിശീലനം സിദ്ധിച്ച ധാരാളം സന്യാസിനികൾ, മലങ്കരസഭയുടെ ഒരു മുതൽകൂട്ടാണ്. വാർദ്ധക്യ സഹജമായ അൽസൈമേഴ്സ് രോഗം ബാധിച്ചവർ ഏറെയാണ്. തലച്ചോറിന്റെ പ്രവർത്തനം മന്ദീഭവിച്ച് ബുദ്ധിയുടെ വികാസം നഷ്ടപ്പെട്ട് ജീവിതം തള്ളി നീക്കുന്നവരാണ് ഡിമെൻഷ്യാ എന്ന രോഗം ബാധിച്ചവർ. അങ്ങനെയുള്ളവരെ നൽമരണത്തിനൊരുക്കുക, അവർക്ക് സ്വാന്തനനാളുകൾ പ്രദാനം ചെയ്യുക ഇതൊക്കെ സന്യാസികളുടെ സ്തുത്യർഹമായ ശുശ്രൂഷാ മേഖലകളാണ്. സമൂഹം വെറുത്ത് പുറംതള്ളപ്പെട്ട ദൈവമക്കളെ, അറപ്പും വെറുപ്പും ഉളവാക്കുന്ന രോഗബാധിതരെ (പ്രത്യകിച്ചും എയ്ഡ്സ് പോലുള്ള രോഗങ്ങൾ) സ്നേഹിച്ച് ശുശ്രൂഷിക്കുന്നതിൽ ഇവരുടെ പങ്ക് വിലമതിക്കാനാവാത്തതാണ്.

രോഗം പാപത്തിന്റെ ഫലമാണോ എന്ന് ചിന്തിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന കുറെപ്പേരെയെങ്കിലും ഇന്നും കാണാൻ സാധിക്കും. അങ്ങനെയുള്ളവർക്ക് പാപമോചനവും ആത്മധൈര്യവും നൽകി ആത്മീയ ശുശ്രൂഷയിലൂടെ സൗഖ്യത്തിന്റെ മേഖലകളിലേക്ക് എത്തിക്കുവാൻ കഴിവുള്ള ആത്മീയ ചൈതന്യം നിറഞ്ഞ വൈദികരുടെയും ഇതരപ്രാർത്ഥനാ ഗ്രൂപ്പുകളുടെയും സഹായവും ഇവിടെ ലഭ്യമാണ്.

ചികിത്സാരംഗത്ത് സാമ്പത്തീക സഹായം അർഹിക്കുന്ന രോഗികൾക്ക് ലഭിക്കുന്നതിന് ആശുപത്രികളും അധികൃതർ ശ്രദ്ധിക്കുന്നുണ്ട്.

ആരോഗ്യരംഗത്ത് ഒരു സമഗ്രമായ ശുശ്രൂഷാസംവിധാനവും അതിന്റെ വളർച്ചയുമാണ് ഇവിടെ ലക്ഷ്യം വെച്ചിരിക്കുന്നത്. വികസനത്തിന്റെ മേഖലകളിൽ-കാലത്തിന്റെ പ്രയാണത്തിൽ-അനുദിനം വളർന്നുവരട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു-പ്രാർത്ഥിക്കുന്നു.

*With best compliments of:*


**Daughters of Mary**

C/o MOTHER VERONICA , REGIONAL SUPERIOR
SULTHAN BATHERY, WAYANAD
DIOCESE OF BATHERY

www.malankaralibrary.com



# മലങ്കരകത്തോലിക്കാസഭയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ



**റവ. ഡോ. സാമുവേൽ കാട്ടുകല്ലിൽ**
പ്രിൻസിപ്പാൾ, സെന്റ് ജോൺസ് കോളജ്
അഞ്ചൽ

പുരോഗതിയുടെയും ഐശ്വര്യത്തിന്റെയും ഉറവിടവും മാനദണ്ഡവും വിദ്യാഭ്യസമാണ്. പുരാതനയുഗങ്ങളിൽ മനുഷ്യന്റെ ആവശ്യങ്ങളിൽ ഉൾപ്പെട്ടിരുന്നത് ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവമാത്രമാണ്. സമൂഹം വളർച്ചപ്രാപിച്ചതോടെ ആ പട്ടികയും വിസ്തൃതമായി. വിദ്യാഭ്യാസവും വിനോദവും ആരോഗ്യവും പ്രാഥമിക ആവശ്യങ്ങളായി അംഗീകരിക്കപ്പെട്ടു.

ബൗദ്ധികമായി മറ്റെല്ലാ ജീവികളിൽനിന്നും ഉയർന്നുനിൽക്കുന്ന മനുഷ്യൻ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ നിരവധിയാണ്. പുരോഗതിയിലേക്കുള്ള പ്രയാണത്തിൽ ഈ നേട്ടങ്ങൾ കൈവരിക്കാൻ നിർണ്ണായകമായത് വിദ്യാഭ്യാസമാണ്. വ്യക്തിയാണ് രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ഏറ്റവും വലിയ വിഭവം. സമൂഹത്തിന്റെ വളർച്ചയ്ക്കാവശ്യം ഓരോവ്യക്തിയുടെയും സമഗ്രവികസനമാണ്. ശാരീരികവും മാനസികവും വൈകാരികവും ആത്മീയവും സൗന്ദര്യശാസ്ത്രപരവും സാമൂഹ്യകവുമായ എല്ലാ തലങ്ങളിലുമുള്ള വളർച്ച വിദ്യാഭ്യസത്തിലൂടെയാണ് സാദ്ധ്യമാക്കേണ്ടത്. ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങൾ ആർജ്ജിക്കേണ്ടതും സാമൂഹ്യവത്കരണത്തിലൂടെ ഉത്തമ പൗരന്മാരായി രൂപീകരിക്കപ്പെടേണ്ടതുമെല്ലാം വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. അപ്പോൾ ഒരു കാര്യം വ്യക്തമാണ്. സമൂഹത്തിന്റെ പുളിമാവായി വർത്തിച്ചുകൊണ്ട് ദൈവരാജ്യസ്ഥാപനത്തിനുവേണ്ടി യത്നിക്കേണ്ട സഭയ്ക്ക് വിദ്യാഭ്യാസ മണ്ഡലത്തെ അവഗണിച്ചുകൊണ്ടു മുന്നോട്ടു പോകുക സാദ്ധ്യമല്ല. യേശു നേടിത്തന്ന രക്ഷ സമസ്ത മേഖലകളിലും യാഥാർത്ഥ്യമാക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് വിദ്യാഭ്യാസം.

**മലങ്കര കത്തോലിക്കാ സഭ**

മലങ്കര കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ വിദ്യാഭ്യാസത്തെപ്പറ്റി ശരിയായ

www.malankaralibrary.com



കാഴ്ചപ്പാടാണ് എന്നും പുലർത്തിയിരുന്നത്. അവരൊക്കെ വിദ്യാഭ്യാസ വിചക്ഷണന്മാരുമായിരുന്നു. അവരോട് ചേർന്ന് വിദ്യാസമ്പന്നരായ അല്മായ നേതാക്കന്മാരും സജീവമായി പ്രവർത്തിച്ചിരുന്നു. അദ്ധ്യാപകരും അദ്ധ്യാപക വൃത്തി ഉപേക്ഷിച്ച് സഭാ പ്രവർത്തനങ്ങളിൽ മുഴുകിയവരുമായ നിരവധി വ്യക്തികൾ സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കാര്യമായ സംഭാവന നല്കിയിട്ടുണ്ട്.

സമർത്ഥനായ വിദ്യാർത്ഥിയും പ്രഗത്ഭനായ അദ്ധ്യാപകനുമായിരുന്ന മാർ ഈവാനിയോസ് തിരുമേനി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമായി മനസ്സിലാക്കിയിരുന്നു. വിദ്യാഭ്യാസം സഭാനവീകരണത്തിനു അവശ്യമാണെന്നു ബോധ്യമായ അഭിവന്ദ്യ പിതാവ് ബുദ്ധിശാലികളും അർപ്പണബോധമുള്ളവരുമായ യുവതീയുവാക്കന്മാരുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിച്ചു. വലിയ പള്ളികൾ പണിയുന്നതിനുമുമ്പ് വിദ്യാലയങ്ങളും കലാലയങ്ങളും സ്ഥാപിക്കുന്നതിനു നമ്മുടെ പിതാക്കന്മാർ ശ്രദ്ധിച്ചു. സമൂഹത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ സ്വാധീനം വർദ്ധിക്കുവാൻ മുഖ്യ കാരണവും ഇതായിരുന്നു. മലങ്കര സഭയിൽ അഭ്യസ്തവിദ്യരുടെ എണ്ണം അത്ഭുതകരമായി വർദ്ധിച്ചു. ആയിരക്കണക്കിന് അഭ്യസ്തവിദ്യർക്ക് നമ്മുടെ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുകയും ചെയ്തു. തിരുവനന്തപുരം അതിരൂപതയും, തിരുവല്ല, ബത്തേരി, മാർത്താണ്ഡം രൂപതകളും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി. സഭയുടെ പൊതുനിലപാടിനോട് ചേർന്നു നിന്നുകൊണ്ട് ബഥനി സന്യാസ സന്യാസിനീ സമൂഹങ്ങളെ ഫ്രാൻസിസ്ക്കൻ ബ്രദേഴ്സും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു പ്രാധാന്യം നല്കി.

വിദ്യാഭ്യാസത്തെപ്പറ്റി സമ്പൂർണ്ണമായ ഒരു കാഴ്ചപ്പാടോടെയാണ് മലങ്കര കത്തോലിക്കാ സഭ പ്രവർത്തിച്ചിട്ടുള്ളത്. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളാനും ഒരു പരിധിവരെ സഭ ശ്രദ്ധ പുലർത്തിവരുന്നു. പ്രീപ്രൈമറി മുതൽ ഗവേഷണ പഠനം വരെയുള്ള വിവിധ തലങ്ങളിൽ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വ്യാപിച്ചു കിടക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നല്കുന്ന സ്ഥാപനങ്ങളും സഭ നടത്തുന്നുണ്ട്. അദ്ധ്യാപക പരിശീലനത്തിലും നേഴ്സിംഗ് പരിശീലനത്തിലും നമുക്ക് സ്ഥാപനങ്ങളുണ്ട്. വിദ്യാഭ്യാസ ശുശ്രൂഷയിൽ ബോർഡിംഗ്കൾക്കും ഹോസ്റ്റലുകൾക്കുള്ള പ്രാധാന്യം മനസ്സിലാക്കി ആരംഭം മുതൽത്തന്നെ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിൽ നാം ശ്രദ്ധിച്ചിരുന്നു. ഇപ്പോൾ ഇത്തരം മുപ്പത്തേഴ് സ്ഥാപനങ്ങൾ മലങ്കര സഭയിലുണ്ട്.

കേരളത്തിലെ മിക്കവാറും എല്ലാ ജില്ലാകളിലും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. കൂടാതെ ബത്തേരി രൂപതയുടെ ഭാഗമായ കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ ചില പ്രദേശങ്ങളിലും മാർത്താണ്ഡം രൂപതയുടെ ഭാഗമായ കന്യാകുമാരി ജില്ലയിലും, മദ്രാസ്, ഭോപ്പാൽ, ഭിലായ് തുടങ്ങിയ നഗരങ്ങളിലും മലങ്കര കത്തോലിക്കാ സഭയുടെ സ്ഥാപനങ്ങളുണ്ട്. ചുരുക്കത്തിൽ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മുന്നോക്ക പ്രദേശങ്ങളിലും പിന്നോക്ക പ്രദേശങ്ങളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും വിവിധ ജനവിഭാഗക്കാരുടെയിടയിലും വ്യാപിച്ചു കിടക്കുന്നു.

**ഉന്നതവിദ്യാഭ്യാസ രംഗം**

അൺ എയ്ഡഡ് കോളജുകൾ ഉൾപ്പെടെ പതിമൂന്നു കോളജുകൾ മലങ്കര സഭയ്ക്കുണ്ട്. തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ്, അഞ്ചൽ സെന്റ് ജോൺസ് കോളജ്, പുൽപ്പള്ളി പഴശ്ശിരാജാ കോളജ്, മരിയഗിരി മലങ്കര കാത്തലിക് കോളജ്, നാലാഞ്ചിറ മാർ തെയോഫിലോസ് ട്രെയിനിംഗ് കോളജ്, ചെങ്ങരൂർ മാർ സേവേറിയോസ് മെമ്മോറിയൽ ട്രെയിനിംഗ് കോളജ്, മദ്രാസിലെ മാർ ഗ്രിഗോറിയോസ് കോളജ്, തിരുവല്ല സെന്റ് ജോൺസ് കോളജ്, മല്ലപ്പള്ളി സെന്റ് ജോസഫ്സ് കോളജ്, മരിയഗിരി കന്യാകുമാരി കമ്മ്യൂണിറ്റി കോളജ്, സൗത്ത് കാനറയിലെ ബഥനി ജൂണിയർ കോളജ്, നാലാഞ്ചിറ ബഥനി കോളജ് ഇവയാണ് നമ്മുടെ കോളജുകൾ. തിരുവനന്തപുരത്ത് നാലാഞ്ചിറയിലെ ബഥനിക്കുന്ന് മലങ്കര സഭയുടെ അഭിമാനമായ വിദ്യാഭ്യാസ കേന്ദ്രമാണ്. നേഴ്സറി ക്ലാസ്സുകൾ മുതൽ ഗവേഷണത്തിലൂടെ ഡോക്ടർ ബിരുദം നേടാൻ സഹായിക്കുന്ന ഗവേഷണ കേന്ദ്രങ്ങൾ വരെ ഇവിടെയുണ്ട്. പത്ത് ബിരുദ കോഴ്സുകളും ഏഴ് ബിരുദാനന്തര കോഴ്സുകളും നാല് ഗവേഷണ കേന്ദ്രങ്ങളും ഉൾക്കൊള്ളുന്ന മാർ ഈവാനിയോസ് കോളജാണ് ബഥനിക്കുന്നിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രമുഖം. മാർ തെയോഫിലോസ് ട്രെയിനിംഗ് കോളജ്, സർവോദയാ വിദ്യാലയ, ദൈവശാസ്ത്രവും തത്വശാസ്ത്രവും പഠിപ്പിക്കുന്ന

www.malankaralibrary.com



സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന ജയമാതാ ഇൻസ്റ്റിറ്റ്യൂട്ട്, സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂൾ ഇവയെല്ലാം ബഥനിക്കുന്നിലുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള ഹോസ്റ്റലുകളും ബഥനിക്കുന്നിലാണ്. ബഥനി കോളജും ഈ കുന്നിന്റെ താഴ്‌വാരത്തിൽത്തന്നെ. മാർ ഈവാനിയോസ് തിരുമേനി പെരുന്നാട്ടിൽ നിന്നും ഉപേക്ഷിച്ചു പോന്ന ബഥനിക്കുന്നിനു പകരം തലസ്ഥാന നഗര മധ്യത്തിൽ ദൈവദാനമായി ലഭിച്ചതാണ് ഈ ബഥനിക്കുന്ന്.

**അദ്ധ്യാപക പരിശീലനം**

അദ്ധ്യാപക പരിശീലനത്തിനുള്ള നാല് സ്ഥാപനങ്ങൾ നാം നടത്തുന്നുണ്ട്. നാലാഞ്ചിറയിലെ മാർ തെയോഫിലോസ് ട്രെയിനിംഗ് കോളജ്, ചെങ്ങരൂർ മാർ സേവേറിയോസ് മെമ്മോറിയൽ ട്രെയിനിംഗ് കോളജ്, പട്ടം സെന്റ് മേരീസ് റ്റി.റ്റി.ഐ., മൈലപ്ര സേക്രട്ട് ഹാർട്ട് റ്റി.റ്റി.ഐ. ഈ സ്ഥാപനങ്ങളിൽ നിന്ന് പരിശീലനം നേടിയവരാണ് നമ്മുടെ സ്കൂളുകളിലെ അദ്ധ്യാപകർ ഏറെയും. പ്രസ്തുത അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ മലങ്കര സഭയ്ക്ക് വലിയൊരനുഗ്രഹമാണ്. ദിവ്യഗുരുവായ യേശുവിന്റെ ചൈതന്യത്തിൽ നമ്മുടെ യുവതീയുവാക്കളെ പരിശീലിപ്പിച്ചെടുക്കുവാൻ നമ്മുടെ സ്ഥാപനങ്ങൾ സഹായിക്കുന്നു.

**സാങ്കേതിക വിദ്യാഭ്യാസം**

ഈ രംഗത്തും മലങ്കര സഭ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസം നല്കുന്ന പത്ത് സ്ഥാപനങ്ങൾ നമുക്കുണ്ട്. മാർ ഈവാനിയോസ് ഐ.റ്റി.സി., സീതത്തോട്, മാർ ബസ്സേലിയോസ് ഐ.റ്റി.സി., ചന്ദനപ്പള്ളി, ജയമാതാ ഐ.റ്റി.സി., നാലാഞ്ചിറ, ബഥനി ഐ.റ്റി.സി. നെടുമങ്ങാട് മാർ സേവേറിയോസ് ഐ.റ്റി.സി., പിറവം, സെന്റ് ജോസഫ്സ് ഐ.റ്റി.സി. മല്ലപ്പള്ളി, മാർ തിമോത്തിയോസ് സപ്തതി മെമ്മോറിയൽ ഐ.റ്റി.സി. തിരുവല്ല, മാർ തിമോത്തിയോസ് സപ്തതി മെമ്മോറിയൽ ഐ.റ്റി.സി. എളനാട്, തൃശൂർ മാർ അത്തനാസിയോസ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ കണ്ണൂർ, ബഥനി ഐ.റ്റി.സി. ഭിലായ് എന്നിവയാണ് ഈ രംഗത്തുള്ള മലങ്കര സഭയുടെ പ്രധാന സ്ഥാപനങ്ങൾ. കൂടാതെ കന്യാകുമാരി കമ്മ്യൂണിറ്റി കോളജിലും, മല്ലപ്പള്ളി സെന്റ് ജോസഫ്സ് കോളജിലും, മദ്രാസ് മാർ ഗ്രിഗോറിയോസ് കോളജിലും തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ട്.

**ഹയർ സെക്കണ്ടറി**

കേരളത്തിലെ വിദ്യാഭ്യാസ രംഗം ഒരു വഴിത്തിരിവിലാണ്. കോളജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തി ഹൈസ്കൂളുകളോട് ചേർത്ത് ഹയർ സെക്കണ്ടറി പഠനം ആരംഭിച്ചിരിക്കുകയാണ്. അടുത്ത വർഷത്തോടെ ഈ പദ്ധതി പൂർണ്ണമാകും. നമ്മുടെ മിക്കവാറും എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു വിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഏതാനും സ്കൂളുകൾക്ക് മാത്രമേ പ്ലസ് ടു അനുവദിച്ചുകിട്ടിയിട്ടുള്ളൂ. എന്നാൽ സി.ബി.എസ്.സി, ഐ.സി.എസ്.സി. പാഠ്യപദ്ധതി പ്രകാരം നാം നേരത്തെതന്നെ നിരവധി സ്കൂളുകളിൽ പ്ലസ് ടു ആരംഭിച്ചിട്ടുണ്ട്. സർവോദയാ വിദ്യാലയം നാലാഞ്ചിറ, മാത സീനിയർ സെക്കണ്ടറി സ്കൂൾ ആലപ്പുഴ, സെന്റ് ജോസഫ്സ് സീനിയർ സെക്കണ്ടറി സ്കൂൾ മുണ്ടക്കയം, വിമലഗിരി സീനിയർ സെക്കണ്ടറി സ്കൂൾ കോതമംഗലം, സെന്റ് ജോൺസ് സെൻട്രൽ സ്കൂൾ അഞ്ചൽ, സെന്റ് മേരീസ് സെൻട്രൽ സ്കൂൾ റാന്നി, ഗിരിദീപം കോട്ടയം, മുതലായവ ഈ വിഭാഗത്തിൽപ്പെടുന്നു. ഇവകൂടാതെ പന്ത്രണ്ട് ഹയർസെക്കണ്ടറി സ്കൂളുകൾ മലങ്കരകത്തോലിക്കാസഭ നടത്തുന്നു. അവ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ്. മാർത്താണ്ഡം, ചെല്ലകോണം, പട്ടം, നാലാഞ്ചിറ, കറ്റാനം, തിരുമൂലപുരം, ചെങ്ങരൂർ, എരുമമുണ്ട, അയ്യങ്കോലിൽ, സൗത്ത് കാനറ, മദ്രാസ്, ഭോപ്പാൽ.

**സ്കൂളുകൾ**

മലങ്കരസഭയുടെ വളർച്ചയുടെ ഒരു മുഖ്യഘടകമാണ് നമ്മുടെ സ്കൂളുകൾ. ബഹു. സിസ്റ്റേഴ്സിന്റെ ഈ രംഗത്തുള്ള സേവനം എടുത്തുപറയേണ്ടതുണ്ട്. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭത്തിൽത്തന്നെ നിരവധിസ്കൂളുകൾ ആരംഭിച്ചു. തിരുമൂലപുരം, കറ്റാനം, നങ്ങ്യാർകുളങ്ങര, കായംകുളം, ചെങ്ങരൂർ, മുതലായ സ്കൂളുകൾ ആദ്യകാലത്ത് ആരംഭിച്ചവയാണ്. ഇപ്പോൾ 53 ഹൈസ്കൂളുകൾ മലങ്കരസഭയ്ക്കുണ്ട്. ഹൈസ്കൂളുകളോട് ചേർന്ന് മിക്കവാറും എല്ലാസ്ഥലങ്ങളിലും അപ്പർപ്രൈമറിസ്കൂളുകളും ലോവർ പ്രൈമറിസ്കൂളുകളുമുണ്ട്. ഇപ്പോൾ65 യു.പി.സ്കൂളുകളും 158

www.malankaralibrary.com



എൽ.പി.സ്കൂളുകളും മലങ്കരസഭ നടത്തുന്നു. സാധാരണക്കാർക്ക് പ്രയോജനപ്പെടത്തക്കവിധമാണ് ഈ സ്കൂളുകളെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മികച്ച അച്ചടക്കവും അദ്ധ്യാപനനിലവാരവും പുലർത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഈ സ്കൂളുകളിൽ അധികവും 1970 ന് മുമ്പ് ആരംഭിച്ചവയാണ്. അതുകൊണ്ട് തന്നെ ഈ സ്കൂളുകളുടെ വികസനത്തിന് അടിയന്തിര ശ്രദ്ധ ആവശ്യമായിരിക്കുന്നു. പുതുക്കിപ്പണിയുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വളരെയേറെ പണം കണ്ടെത്തേണ്ടിയിരിക്കുന്നു.

**പ്രീപ്രൈമറി**

പ്രീപ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസത്തിന് ഇടവകതലത്തിൽത്തന്നെ വ്യാപകമായ ശ്രദ്ധപുലർത്തിയിരുന്നു പള്ളികളോട് ചേർന്ന് നേഴ്സറിസ്കൂളുകൾ ആരംഭിക്കുന്നതിന് ധാരാളം ഇടവകകൾ തയ്യാറായി. നമ്മുടെ കുഞ്ഞുങ്ങൾക്ക് പള്ളിയോട് ചേർന്ന് പരിശീലനം നല്കുന്നതിനും മറ്റ് ജനവിഭാഗങ്ങളെ സഭയുടെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഈ ചെറിയ സ്ഥാപനങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്. നിലവാരം പുലർത്തുന്ന നൂറ്റമ്പതിലേറെ നേഴ്സറിസ്കൂളുകൾ ഇന്ന് നമുക്കുണ്ട്. എന്നാൽ മാറിവരുന്ന സാഹചര്യങ്ങളിൽ നിലവാരം പുലർത്താൻ സാധിക്കാത്ത നേഴ്സറി സ്കൂളുകളും അൺ എയ്ഡഡ് സ്കൂളുകളും ആരംഭിക്കുന്നതും നിലനിർത്തിക്കൊണ്ടു പോകുന്നതും ഉചിതമല്ല. നിലവാരത്തിൽ വിട്ടുവീഴ്ചനടത്തിക്കൊണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നത് ബുദ്ധിശൂന്യതയാണ്.

**ഭാവിയിലേക്ക് ഉറ്റുനോക്കുമ്പോൾ**

വിദ്യാഭ്യാസരംഗത്ത് മലങ്കരസഭയുടെ സംഭാവനകൾ ചെറുതല്ല. എന്നാൽ സഭയുടെ പ്രവർത്തനങ്ങൾ പൂർണ്ണമെന്ന് അഭിമാനിക്കാനാവില്ല. വിദ്യാഭ്യാസത്തെപ്പറ്റിയുള്ള കാഴ്ചപ്പാടുകൾ തന്നെ മാറിക്കൊണ്ടിരിക്കുകയാണ്. വളരെയേറെ ശ്രദ്ധയോടെ ഈ രംഗത്തെ നമ്മുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടിയി രിക്കുന്നു. മലങ്കരസഭയുടേതായി വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടെന്നുള്ളത് ശുഭോദർക്കമാണ്. ഗൗരവ്വപൂർണ്ണമായ പഠനവും ആസൂത്രണവും ആവശ്യമായിരിക്കുന്ന ഈ മേഖലയിൽ നാം സൂക്ഷമതയോടെ മുന്നേറേണ്ടതുണ്ട്.

സാദ്ധ്യതയുള്ള പുതിയ പുതിയ കോഴ്സുകൾ കണ്ടെത്തി നമ്മുടെ കോളേജുകളിൽ ആരംഭിക്കുന്നതിന് ആസൂത്രണം ആവശ്യമാണ്. നല്ല സ്വാശ്രയകോഴ്സുകളും കോളേജുകളോട് ചേർന്ന് ആരംഭിക്കാവുന്നതാണ്. ജോലിസാദ്ധ്യതകൾ മുന്നിൽകണ്ട് നല്ലകോഴ്സുകൾക്ക് ചേരുന്നതിന് കഴിവുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും അത്യാവശ്യമായ സന്ദർഭങ്ങളിൽ സാമ്പത്തികസഹായംപോലും നല്കാനും പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. പഠനവും തൊഴിൽ സാദ്ധ്യതകളും സംബന്ധിച്ച് നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുന്നതിനുള്ള കേന്ദ്രങ്ങൾ രൂപതാതലത്തിൽ ആരംഭിക്കേണ്ടിയിരുക്കന്നു. പ്രഗത്ഭരായ നമ്മുടെ കുട്ടികളെ കണ്ടെത്തി സിവിൾ സർവ്വീസ് പരീക്ഷയ്ക്കുവേണ്ടി ഒരുക്കുന്നതിന് സവിശേഷ ശ്രദ്ധ നല്കേണ്ടതുണ്ട്. വലിയ മുതൽമുടക്കുള്ളവയാണെങ്കിലും എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും നമ്മുടെ ലക്ഷ്യത്തിലുണ്ടാവണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കുന്നതോടൊപ്പംതന്നെ ഭാഷയോടും സാഹിത്യത്തോടും സംസ്കാരത്തോടും ആഭിമുഖ്യം പുലർത്തുവാൻ നമ്മുടെ കുട്ടികൾക്ക് പ്രേരണ നല്കേണ്ടതുണ്ട് ശാസ്ത്രവിഷയങ്ങൾക്ക് അമിതപ്രാധാന്യം നല്കി മാനവികവിഷയങ്ങൾ (Humanities) അവഗണിക്കുന്നത് അപകടകരമാണ്.

ഒരുകാലത്ത് വിദ്യാഭ്യസത്തിൽ മുഖ്യഘടകം അദ്ധ്യാപകരായിരുന്നു- പിന്നീടത് പഠനവിഷയമായി. എന്നാൽ അത്യാധുനിക വിദ്യാഭ്യാസപ്രക്രിയയിൽ കേന്ദ്രസ്ഥാനം വിദ്യാർത്ഥിക്കാണ്. അദ്ധ്യാപകനല്ല ഇന്ന് മുഖ്യവിജ്ഞാനദാതാവ്. വിജ്ഞാനം ആർജ്ജിക്കാനുള്ള നിരവധി കവാടങ്ങൾ വിദ്യാർത്ഥികൾക്കു മുന്നിൽ തുറന്നുകിടക്കുന്നു. ഇവിടെ അപകടം പതിയിരിപ്പുണ്ട്. വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള സ്വഭാവ രൂപീകരണവും പരിശീലനവും ലഭിക്കാതെ പോകുന്നു. അറിവെന്ന അഗ്നിസ്വീകരിക്കപ്പെടുന്നത് ഒരുക്കപ്പെടാത്ത പാത്രത്തിലാണ്. സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണിത്. കുടുംബത്തിനും മതത്തിനും ഈ സാഹചര്യത്തിൽ കൂടുതൽ പ്രവർത്തിക്കാനാവും. കാലഘട്ടത്തിന്റെ ഈ മാറ്റംകൂടി ഉൾക്കൊണ്ടുവേണം വിദ്യാഭ്യാസമണ്ഡലത്തിലുള്ള സഭയുടെ ശുശ്രൂഷ ആസൂത്രണം ചെയ്യുവാൻ.

www.malankaralibrary.com



# മലങ്കര പുനരൈക്യ പ്രസ്ഥാന ചരിത്രത്തിലെ ചില അവിസ്മരണീയ സന്ദർഭങ്ങളും സംഭവങ്ങളും



**വർഗ്ഗീസ് കരിപ്പായിൽ**
M.C.A. കേന്ദ്രസമിതി പ്രസിഡന്റ്

ക്രിസ്തു ശിഷ്യനും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർതോമ്മാ ശ്ലീഹാ എ.ഡി. 52ൽ മലയാളക്കര (മലങ്കര) യിൽ വന്ന് സുവിശേഷം പ്രസംഗിച്ച് സഭാ പ്രവർത്തനം ആരംഭിക്കുകയും കേരളത്തിലെ കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, ചായൽ, കോക്കമംഗലം, കോട്ടക്കാവ്, പാലയൂർ എന്നീ ഏഴ് കേന്ദ്രങ്ങൾക്കു പുറമെ, കന്യാകുമാരി ജില്ലയിലെ തിരുവിതാംകോട് എന്ന സ്ഥലത്തും പള്ളികൾ സ്ഥാപിക്കുകയും ചെയ്തു എന്നത് ചരിത്ര സംഭവങ്ങളാണല്ലോ. മേൽപറഞ്ഞവയാണ് ശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളായി പിൽക്കാലത്ത് അറിയപ്പെടുന്നത്. അപ്പസ്തോലന്റെ ക്രൈസ്തവ ദൗത്യ പ്രചാരണവും അത്ഭുത പ്രവർത്തനങ്ങൾക്കുള്ള സിദ്ധികളും ധാരാളം ആളുകളെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കാനും, തദ്വാരാ ക്രിസ്തുമതം സ്വീകരിക്കാനും ഇടയായിത്തീർന്നു എന്നതും അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യമാണ്. സെന്റ് തോമസ് ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടിരുന്ന അവരും പിൻതലമുറക്കാരും 17-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ ഏകയോഗക്ഷേമമായിട്ടായിരുന്നു കഴിഞ്ഞിരുന്നത്. എന്നാൽ പോർട്ടുഗീസ്കാരായ അന്നത്തെ സഭാ ഭരണാധികാരികളിൽ ചിലരുടെ നയപരമായ വൈകല്യവും കടുംപിടുത്തവും കാരണം 1653 ജനുവരി 3-ാം തീയതി ചരിത്ര പ്രസിദ്ധമായ കൂനൻ കുരിശു സത്യം നടക്കുകയും സെന്റ് തോമസ് ക്രിസ്ത്യാനികൾ വിഭിന്ന ചേരികളായിതീരുകയും ചെയ്തത് ഒരു ദുഃഖസത്യമാണ്. (മട്ടാഞ്ചേരിയിൽ ഒരു വശത്തേക്ക് ചരിഞ്ഞു നിന്നിരുന്ന വലിയ കരിങ്കൽ കുരിശിനെയാണ് കൂനൻ കുരിശ് എന്ന പേരിൽ അറിയപ്പെടുന്നത്.) ഭിന്നിച്ച നാൾ മുതൽ തന്നെ പുനരൈക്യത്തിനായുള്ള പല ശ്രമങ്ങളും നമ്മുടെ പൂർവ്വികന്മാർ നടത്തിയിട്ടുണ്ട്. തൽഫലമായി വ്യത്യസ്ഥ സന്ദർഭങ്ങളിൽ നിരവധി വ്യക്തികൾ സാർവത്രിക സഭയുമായി ഐക്യപ്പെട്ടിട്ടുമുണ്ട്.

20-ാം നൂറ്റാണ്ടിലെ ഏറ്റം പ്രധാനപ്പെട്ട ക്രൈസ്തവൈക്യപ്രസ്ഥാനമായി ലോകം എങ്ങും അറിയപ്പെടുന്ന മലങ്കരപുനരൈക്യപ്രസ്ഥാനം ആരംഭിക്കുന്നത് യുഗപ്രഭാവനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെയും അനുയായികളുടെയും കത്തോലിക്ക സഭാപ്രവേശനത്തോടെയാണ്. കൂനൻകുരിശു സത്യത്തേതുടർന്ന്, ആഗോളകത്തോലിക്കാ സഭയുമായുള്ള ബന്ധം വിഛേദിച്ച പുത്തൻകൂർ ക്രൈസ്തവരിലെ യാക്കോബായ വിഭാഗം ബാവാകക്ഷിയും മെത്രാൻ കക്ഷിയുമായി തിരിഞ്ഞ് വട്ടിപ്പണക്കേസും തുടർന്ന് സമുദായ കേസും നടത്താൻ ഇടയായതും പരസ്പരം ശത്രുതാ മനോഭാവത്തോടെ മുന്നോട്ട് നീങ്ങിയതും ക്രൈസ്തവ സമൂഹത്തെ മുഴുവൻ ദുഃഖത്തിലാഴ്ത്തിയ ചരിത്ര സത്യമാണ്. മെത്രാൻ കക്ഷി വിഭാഗം 1912 സെപ്റ്റംബർ 15-ാം തീയതി കാതോലിക്കാ സിംഹാസനം സ്ഥാപിതമാക്കിയെടുത്തുകൊണ്ട് ഓർത്തഡോക്സ് സഭയായി നാമകരണം ചെയ്യപ്പെട്ടു. എന്നാൽ വ്യവഹാരങ്ങളും ശണ്ഠയും തുടർന്നുകൊണ്ടേയിരുന്നു. ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും യഥാർത്ഥ സന്ദേശ വാഹകരായി ഓർത്തഡോക്സ് സഭയേ മാറ്റിയെടുക്കുന്നതിന് മാർ ഈവാനിയോസ്

www.malankaralibrary.com



(അന്ന് എം.എ. അച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഫാ. പി.റ്റി. ഗീവർഗീസ്) അതിയായി ആഗ്രഹിക്കുകയും സബർമതി, ശാന്തി നികേതൻ ആശ്രമങ്ങളുടെ മാതൃകയിൽ ഭാരത സംസ്കാരത്തിനനുസരണമായി ആശ്രമം സ്ഥാപിച്ച് പ്രേഷിത പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനായി പെരുന്നാട്ടിലെ മുണ്ടൻമലയിൽ 1919 ഓഗസ്റ്റ് 23-ാം തീയതി ബഥനി സന്യാസ സമൂഹം സ്ഥാപിച്ചു. സെറാംപൂർ കോളജ് പ്രൊഫസർ ആയിരുന്നപ്പോൾ മനസ്സിലുദിച്ച സന്യാസ സമൂഹ സൃഷ്ടി അങ്ങനെ യാഥാർത്ഥ്യമായി. ആശ്രമ ഗുരുവായി ആറ് വർഷക്കാലം സ്തുത്യർഹ സേവനം ചെയ്ത എം.എ. അച്ചൻ 1925 മെയ് ഒന്നാം തീയതി നിരണം വലിയപള്ളിയിൽ വച്ച് മാർ ഈവാനിയോസ് എന്ന പേരിൽ ബഥനിയുടെ മെത്രാപ്പോലിത്തയായി അഭിഷേകം ചെയ്യപ്പെട്ടു.തുടർന്ന് ആശ്രമഗുരുവായി കളപ്പുരയ്ക്കൽ യാക്കോബ് കശീശയെ (പിന്നീട് മാർ തീയോഫീലോസ് മെത്രാപ്പോലീത്ത) മാർ ഈവാനിയോസ് തിരുമേനി നിയമിച്ചു.

1926 നവംബറിൽ ഓർത്തഡോക്സ് സഭയിലെ മെത്രാന്മാരുടെ സുന്നഹദോസ് പരുമല സെമിനാരിയിൽ ചേരുകയും, വ്യവഹാരങ്ങളിൽ നിന്നെല്ലാം ഒഴിവായി പ്രേഷിത പ്രവർത്തനം അഭംഗുരം മുന്നോട്ട് കൊണ്ടുപോകുവാൻ പൂർവിക സഭയുമായി ഐക്യപ്പെടുന്നതിന് പൊതു ധാരണയുണ്ടാകുകയും ആയതിനുള്ള എഴുത്തുകുത്തുകൾക്കായി വിദ്യാ സമ്പന്നനും, വിവേകശാലിയും ദീർഘദൃഷ്ടിയുള്ളവനുമായ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കൊല്ലം രൂപതയിലെ ജോൺ റിബേരാ എന്ന വൈദികൻ മുഖേനയാണ് ആദ്യ കത്തിടപാടുകൾ റോമാ സിംഹാസനവുമായി മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നടത്തിയത്. അന്ത്യോക്യൻ ക്രമത്തിലുള്ള ആരാധന ക്രമങ്ങളും, ആചാരാനുഷ്ഠാനങ്ങളും അതേപടി തുടരാനും, അപ്പസ്തോലിക പൗരോഹിത്യ പിന്തുടർച്ചയുള്ള യാക്കോബായ - ഓർത്തഡോക്സ് സഭകളുടെ പൗരോഹിത്യത്തെയും കൂദാശകളെയും അംഗീകരിക്കാനും അപേക്ഷിച്ചുകൊണ്ടുള്ള മെമ്മോറാണ്ടങ്ങളും വിശദീകരണങ്ങളുമാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ബ. ജോൺ റിബേരാ അച്ചൻ മുഖേന റോമിലേക്കയച്ചത്. "Rome moves slowly" എന്ന ചൊല്ല് അന്വർത്ഥമാണെന്ന് തെളിയിച്ചുകൊണ്ട് എഴുത്തുകുത്തുകളുടെ കാലം ദീർഘിച്ചു.

1929-ൽ ആശ്രമഗുരു ഫാ. യാക്കോബ് കളപ്പുരയ്ക്കൽ മാർ തീയോഫീലോസ് എന്ന പേരിൽ ബഥനിയുടെ സഫ്റഗൻ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടു. ഏറെ താമസിയാതെ റോമാ സിംഹാസനത്തിനു സമർപ്പിച്ച മെമ്മോറാണ്ടങ്ങൾക്ക് അനുകൂലമായ വിധി തീർപ്പു കൽപ്പിച്ചുകൊണ്ട് മാർപ്പാപ്പായിൽ നിന്നും മാർ ഈവാനിയോസ് തിരുമേനിക്ക് മറുപടി ലഭിച്ചു. ഓർത്തഡോക്സ് സഭ ഒന്നടങ്കം സാർവ്വത്രിക സഭയുമായി ഐക്യപ്പെടണമെന്ന ധാരണയിലായിരുന്നു കാര്യങ്ങൾ അതുവരെ നീങ്ങിയിരുന്നത്. എന്നാൽ സമുദായ കേസിന്റെ പുരോഗതി ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായേക്കുമെന്ന സാഹചര്യമുണ്ടായതിനാൽ പുനരൈക്യത്തിനുള്ള പദ്ധതിയിൽ നിന്ന് മിക്ക മെത്രാപ്പോലീത്താമാരും പിന്മാറുകയാണുണ്ടായത്. മുന്നോട്ടു വച്ച കാൽ പിന്നോട്ടെടുക്കുന്ന സ്വഭാവമില്ലാത്ത മാർ ഈവാനിയോസ് തിരുമേനി പല പ്രഗത്ഭവ്യക്തികളുമായി കൂടിയാലോചന നടത്തി ഉറച്ച തീരുമാനത്തിലെത്തിച്ചേർന്നു. മാർ തീയോഫീലോസ് തിരുമേനി, ചേപ്പാട്ട് ഫീലിപ്പോസ് റമ്പാൻ, പുലിക്കോട്ട് ജോസഫ് റമ്പാൻ, മാരേട്ട് ഫീലിപ്പോസ് ജഡ്ജി, കയ്യാലാത്ത് കെ.വി. ചാക്കോ എന്നിവർ അവരിൽ ചിലർ മാത്രമായിരുന്നു. ദൈവഹിതമനുസരിച്ചു തന്നെയാണ് തിരുമേനി മുന്നേറുന്നതെന്നും, തിരുമേനിയോടൊപ്പം തങ്ങളെല്ലാം ഉണ്ടായിരിക്കുമെന്നും ഉറപ്പു പറഞ്ഞു. മേൽപറഞ്ഞവർ പ്രോത്സാഹിപ്പിച്ചതോടെ തിരുമേനിയും അനുയായികളും മാർ തെയോഫീലോസ് തിരുമേനിയോടൊപ്പം പെരുന്നാട്ടിലെ മുണ്ടൻമലയിൽ നിന്ന് സർവ്വതും ഉപേക്ഷിച്ച് വെറുംകയ്യോടെ 1930 ഓഗസ്റ്റ് 20-ാം തീയതി (1106 ചിങ്ങം 4 ന്) ഇറങ്ങി വടശേരിക്കര എത്തി വള്ളത്തിൽ കോഴഞ്ചേരിയിൽ വരികയും കരമാർഗ്ഗം വെണ്ണിക്കുളത്തു വന്നു ചേരുകയും ചെയ്തു. തുടർന്നുള്ള മൂന്നാഴ്ചക്കാലം അവിടെയും തിരുമൂലപുരത്തും മറ്റുമായി താമസിക്കുകയും പുനരൈക്യ ആരംഭത്തിനായുള്ള സാഹചര്യം ഒരുക്കുകയും ചെയ്തു. ഈ കാലയളവിൽ അഭിവന്ദ്യ തിരുമേനിമാരും ആശ്രമസ്ഥരായ അനുയായികളും അനുഭവിക്കേണ്ടി വന്ന നിന്ദാപമാനങ്ങളും കഷ്ടപ്പാടുകളും ദാരിദ്ര്യവും ഏറെയായിരുന്നു. 1930 സെപ്റ്റംബർ 18-ാം തീയതി വ്യാഴാഴ്ച രാവിലെ അഭിവന്ദ്യ തിരുമേനിമാരും ആശ്രമത്തിലെ ജോൺ കുഴിമേപ്പുറത്ത് അച്ചനും ചെറിയാലുംമൂട്ടിൽ

www.malankaralibrary.com



അലക്സാണ്ടർ ശെമ്മാശനും (പിന്നീട് സെറാഫിയോൻ അച്ചൻ) മാനേജർ ചാക്കോച്ചനും കൊല്ലം ബിഷപ്സ് ഹൗസിൽ എത്തിചേരുകയും രണ്ടു ദിവസം ഏകാന്ത ധ്യാനത്തിൽ കഴിയുകയും ചെയ്തു. തുടർന്ന് 20-ാം തീയതി ശനിയാഴ്ച രാവിലെ അരമന കപ്പേളയിൽ കൊല്ലം മെത്രാൻ ഡോ. ബൻസിഗർ, ചങ്ങനാശേരി മെത്രാൻ മാർ ജെയിംസ് കാളാശ്ശേരി, കോട്ടാർ മെത്രാൻ ഡോ. ലോറൻസ് പെരേര എന്നിവരുടെ സാന്നിധ്യത്തിൽ വിശ്വാസപ്രഖ്യാപനം നടത്തി അഞ്ചുപേരും കത്തോലിക്കാ സഭാംഗങ്ങളായി. "എല്ലാവരും ഒന്നാകേണ്ടതിന്" (Ut Omnus Unam Sint) എന്ന വേദവചനം മുദ്രാവാക്യമായി സ്വീകരിച്ചുകൊണ്ട് മലങ്കര പുനരൈക്യ പ്രസ്ഥാനം നിലവിൽ വരികയും ചെയ്തു.

ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ Christo Pastorum Principi എന്ന തിരുവെഴുത്തു വഴി മലങ്കര സുറിയാനി ഹയരാർക്കി 1932 ജൂൺ 11ന് സ്ഥാപിതമാകയും ആഗോള കത്തോലിക്ക സഭയിലെ 22 റീത്തുകളിൽ ഒരെണ്ണമായി മലങ്കര റീത്ത് ആരംഭിക്കുകയും ചെയ്യപ്പെട്ടു. തുടർന്ന് മാർ ഈവാനിയോസ് തിരുമേനി റോമിൽ പോയി മാർപ്പാപ്പായെ സന്ദർശിക്കുകയും പാലിയം (അധികാരപത്രം) സ്വീകരിക്കുകയും ചെയ്തു. 1933 മാർച്ച് 12 ന് തിരുവനന്തപുരം അതിരൂപതയും നവംബർ 6 ന് തിരുവല്ലാ രൂപതയും സ്ഥാപിതമാക്കപ്പെട്ടു. അതിരൂപതയുടെ അധ്യക്ഷനായി മാർ ഈവാനിയോസ് തിരുമേനിയും തിരുവല്ലാ രൂപതയുടെ അധ്യക്ഷനായി മാർ തിയോഫിലോസ് തിരുമേനിയും അധികാരമേറ്റതോടെ മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനം ഊർജ്ജസ്വലമാകുകയും പുത്തൻകൂർ സഭാ വിഭാഗങ്ങളിൽ നിന്ന് വൈദികരടക്കം നിരവധി വിശ്വാസികൾ സഭാംഗങ്ങൾ ആകുകയും നൂറുകണക്കിന് പള്ളികളും മിഷ്യൻ കേന്ദ്രങ്ങളും ആരംഭിക്കുകയും ചെയ്യുകയുണ്ടായി. പുനരൈക്യ പ്രസ്ഥാനത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചയിൽ വിരോധം പൂണ്ട ഒരു വിഭാഗം ആളുകൾ സംഘടിതമായും അല്ലാതെയും പ്രസ്ഥാനത്തിനെതിരായി പ്രവർത്തിക്കുകയും ചിലപ്പോഴൊക്കെ കാട്ടാളത്ത്വം കാട്ടുകയും ചെയ്യുന്നത് ഒരു പതിവായിരുന്നു. 1933-ൽ തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ പരിസരത്തു നടന്ന ഒരു സംഭവം അതിനുദാഹരണമാണ്. മാർ തീയോഫിലോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ ഒരു ശവസംസ്കാരം ശുശ്രൂഷ അവിടെ ആരംഭിച്ചു. ശവം കുഴിയിൽ വയ്ക്കുന്നതിനു മുമ്പായി "റീത്തു"കാരെ എതിർത്തവർ ചിലർ കുഴിയിലിറങ്ങിയിരുന്നു തടസ്സമുണ്ടാക്കി. ഡി.എസ്.പി. അച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന നെല്ലിവേലിൽ അച്ചൻ അപ്പോൾ സ്ഥലത്തുണ്ടായിരുന്നു. അദ്ദേഹം പെട്ടെന്ന് തൂമ്പായെടുത്ത് "ഇവന്മാരെ കുഴിയിലിട്ടു മൂടിയിട്ടേ ശവമടക്കുന്നുള്ളൂ" എന്നു പറഞ്ഞു രണ്ടു തൂമ്പാ മണ്ണിട്ടപ്പോഴേയ്ക്കും കുഴിയിലിരുന്നവർ കരയ്ക്കു കയറി ഓടി. പിന്നീട് കുഴിയിൽ ശവമടക്കുകയും ചെയ്യുകയുണ്ടായി. പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടായ ഇത്തരം ധാരാളം എതിർപ്പുകൾ നേരിടേണ്ടിവന്നെങ്കിലും അസൂയാർഹമായ വളർച്ചയാണ് പുനരൈക്യപ്രസ്ഥാനത്തിനുണ്ടായത്.

ഓർത്തഡോക്സ് സഭയിലെ നിരണം ഭദ്രാസനാധിപൻ ജോസഫ് മാർ സേവേറിയോസ് തിരുമേനി 1937 നവംബർ 29 നും, ക്നാനായ ഭദ്രാസന മെത്രാപ്പോലീത്ത തോമസ് മാർ ദീയസ്കോറോസ് തിരുമേനി 1939 നവംബർ 12നും മലങ്കര കത്തോലിക്കാ സഭയിലേക്ക് കടന്നുവന്നതോടെ മിഷ്യൻ പ്രവർത്തനത്തിനുള്ള ഉശിരും ഉണർവ്വും പതിന്മടങ്ങ് വർദ്ധിച്ചു. തിയോഫീലോസ് തിരുമേനി രോഗബാധിതനായതിനെ തുടർന്ന് 1939-ൽ സേവേറിയോസ് തിരുമേനി തിരുവല്ലാ രൂപതയുടെ സാരഥ്യം ഏറ്റെടുക്കുകയും മധ്യതിരുവിതാംകൂർ - കൊച്ചി മേഖലകളിൽ മലങ്കര റീത്തിന് നല്ല രീതിയിൽ വേരോട്ടം ഉണ്ടാക്കുകയും ചെയ്തു. പള്ളികളും പള്ളിക്കൂടങ്ങളും ധാരാളമായി സ്ഥാപിക്കപ്പെട്ടു. ഭരണ ചുമതല ഒന്നുംതന്നെയില്ലാതെ തിരുമൂലപുരത്ത് പ്രാർത്ഥനാ ജീവിതം നയിച്ചു ജീവിച്ച മാർ ദീയസ്കോറസ് തിരുമേനി 1943-ൽ കാലം ചെയ്യുകയും തിരുമൂലപുരം പള്ളിയിൽ സംസ്കരിക്കുകയും ചെയ്തു.

മലങ്കര കത്തോലിക്ക സഭയെ തുടക്കത്തിലെ മുക്കിക്കൊല്ലാമെന്ന വ്യാമോഹത്തോടെ അകത്തോലിക്കാ സഭാ വിഭാഗങ്ങളിലെ നിരവധിപേർ പ്രസംഗങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും അവരുടെ ആവനാഴിയിലെ അമ്പുകൾ എല്ലാം എടുത്തു പ്രയോഗിച്ചപ്പോൾ അതിനെ നേരിടാൻ അനേകം വൈദികരും അത്മായരും

www.malankaralibrary.com



രംഗത്തിറങ്ങിയിട്ടുണ്ട്. അതിൽ വടശ്ശേരിലച്ചന്റെയും ഇഞ്ചയ്ക്കലോടിലച്ചന്റെയും സഭാ സാഹിത്യ ഭടന്മാരായി പടപൊരുതിയവരുടെ മുൻപന്തിയിൽ പരിഗണിക്കേണ്ടതാണ്. കിളിച്ചിമലയച്ചനും ചേടിയത്തച്ചനും രണ്ടാം ഘട്ടത്തിലെ വീരഭടന്മാരിൽപെടുന്നവരാണ്. ഇവാൻജലിക്കൽ ഗിൽഡ് എന്ന പേരിൽ സ്ഥാപിക്കപ്പെട്ട അത്മായ സുവിശേഷ സംഘത്തിലെ മുൻപന്തിയിൽ നിന്നു പ്രവർത്തിച്ച മാരേട്ട് ഫീലിപ്പോസ് ജഡ്ജിയെയും വട്ടശേരിൽ വി.എ. വർഗ്ഗീസ് സാറിനെയും മലങ്കര സഭാംഗങ്ങൾക്ക് ഓർക്കാതിരിക്കാൻ കഴിയുന്നവരല്ല. മൂക്കഞ്ചേരിൽ ശ്രീ. എം.എം. വർക്കി (ദാസൻ വർക്കി) "ദാസൻ" പത്രത്തിലൂടെയും മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും സഭയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങൾ അവിസ്മരണീയമാണ്. നാലാഞ്ചിറയിലെ ബഥനി ഹിൽസ് (മാർ ഈവാനിയോസ് കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലം) ഗവൺമെന്റിലേക്ക് അക്വയർ ചെയ്യാൻ ദിവാൻ സാർ സി.പി. രാമസ്വാമി അയ്യർ ഗൂഢാലോചന നടത്തിയത് മണത്തറിഞ്ഞ് മാർ ഈവാനിയോസ് തിരുമേനിയെ വിവരം ധരിപ്പിച്ചതും രായ്ക്കുരാമാനം "ആർച്ചുബിഷപ്സ് ഹൗസ്" നാലാഞ്ചിറക്കു മാറ്റി അക്വിസിഷനിൽ നിന്ന് രക്ഷപെടുത്തിയതും ദാസൻ വർക്കി സാറിന്റെ ആത്മാർത്ഥതയും ദീർഘദൃഷ്ടിയും കാരണത്താലാണ്.

തലസ്ഥാന നഗരിയിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് ഇന്നുള്ള സ്വാധീനത്തിന് പ്രധാന കാരണം അവിടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. സ്കൂളുകൾക്കു പുറമെ മാർ ഈവാനിയോസ് കോളേജു കൂടി 1949-ൽ സ്ഥാപിച്ചതോടെ ഭരണാധികാരികൾ ഉൾപ്പെടെയുള്ളവരുടെ ആദരവും പരിഗണനയും നമ്മുടെ സഭയ്ക്ക് നേടിയെടുക്കാൻ കഴിഞ്ഞു എന്നുള്ളത് നിസ്സാര കാര്യമല്ല. ജീവിത സായാഹ്നം മുന്നിൽ കണ്ട "ഭാരത ന്യൂമാൻ " എന്ന മാർ ഈവാനിയോസ് തിരുമേനി തന്റെ പിൻഗാമിയായി ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയെ 1953 ജനുവരി 29 ന് തിരുവനന്തപുരത്ത് വാഴിച്ചു. ആറുമാസം തികയുന്നതിനു മുൻപ് 1953 ജൂലൈ 15-ാം തീയതി യുഗപ്രഭാവനായ മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്തു. ഏറെ താമസിയാതെ മാർ സേവേറിയോസ് തിരുമേനിയ്ക്ക് ആർച്ചുബിഷപ് പദവി നൽകി. തിരുവല്ലാ രൂപതയുടെ മെത്രാനായിതന്നെ തുടരുന്നതിനുള്ള അനുവാദം റോമിൽ നിന്നു നൽകുകയും, ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയെ തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും ചെയ്യുകയുണ്ടായി.

1954-ൽ തിരുവല്ലാ രൂപതയുടെ സഹായ മെത്രാനായി സഖറിയാസ് മാർ അത്തനാസ്യോസ് തിരുമേനി വാഴിക്കപ്പെട്ടു. പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയും, കർദിനാളന്മാരുടെ ഡീനുമായിരുന്ന എവുജിൻ കാർഡിനൽ ടിസറന്റ് ആ വർഷം കേരളത്തിൽ വരികയും മലങ്കര സഭയുടെ പല പള്ളികളും സന്ദർശിക്കുകയും ചെയ്തത് നമ്മുടെ സഭയുടെ വളർച്ചയ്ക്ക് ഉത്തേജനം നൽകുകയും ചെയ്തു. വിശുദ്ധ പൗലോസിനെപ്പോലെ തീഷ്ണതയോടെ വിശ്രമരഹിതമായി പ്രേഷിതപ്രവർത്തനം നടത്തിയ മാർ സേവറിയോസ് മെത്രാപ്പോലീത്താ 1955 ജനുവരി 18-ാം തീയതി കാലം ചെയ്തതിനെതുടർന്ന് മാർ അത്താനാസ്യോസ് തിരുമേനി തിരുവല്ലാ രൂപതയുടെ അധിപനായി ചുമതലയേൽക്കുകയും, ഒൻപതു ദിവസങ്ങൾക്കുശേഷം-ജനുവരി 27-ാം തീയതി അഡ്മിനിസ്ട്രേറ്റർ പദവിയിൽനിന്ന് മാർ ഗ്രിഗോറിയോസ് തിരുമേനി തിരുവനന്തപുരം ആർച്ച് ബിഷപ്പായി ഉയർത്തപ്പെടുകയും ചെയ്യുകയുണ്ടായി. പുനരൈക്യരജത ജൂബിലിയാഘോഷം 1955 സെപ്തംബർ 20-ാം തീയതി തിരുമൂലപുരത്തുവച്ച് വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. അതിനുശേഷമാണ് എല്ലാവർഷവും പുനരൈക്യ ദിനം നടത്തുവാൻ തുടങ്ങിയത്. ബാലാരിഷ്ഠതകൾ മാറിതുടങ്ങിയ മലങ്കര കത്തോലിക്കാസഭ ഭരണപരമായും സാമ്പത്തികപരവുമായ കാര്യങ്ങളിൽ ക്രമീകരണങ്ങളുണ്ടാകുകയും സഭയെന്ന രീതിയിലുള്ള അംഗീകാരം ഇതര മതസ്ഥരിൽ നിന്നുപോലും നേടിയെടുക്കുകയും ചെയ്തു. രോഗശയ്യയിലായിരുന്ന മാർ തിയോഫിലോസ് തിരുമേനിയുടെ ദേഹവിയോഗം 1956 ജൂൺ 22 ന് തിരുവല്ലയിൽ നടന്നു.

1964-ൽ ബോംബെയിലെ ഓവൽ മൈതാനത്ത് നടന്ന അഖില ലോക ദിവ്യകാരുണ്യ കോൺഗ്രസിൽ മാർപ്പാപ്പയുടെ സാന്നിദ്ധ്യത്തിൽ മലങ്കരക്രമത്തിൽ വി. കുർബാനയും ശ്ലീബാആഘോഷവും (ഹൗദ് മാലാഖെ......) നടത്തിയത് ഗ്രിഗോറിയോസ് തിരുമേനിയും അത്തനാസ്യോസ് തിരുമേനിയും ചേർന്നായിരുന്നു. മലങ്കരയുടെ ആരാധനക്രമത്തെ ദശലക്ഷക്കണക്കിലുള്ള ലോകജനതയ്ക്കുമുമ്പിൽ

www.malankaralibrary.com



അവതരിപ്പിക്കാൻ ലഭിച്ച ആദ്യ സന്ദർഭമായിരുന്നു. അത്.

അഖില കേരള കത്തോലിക്ക കോൺഗ്രസിന്റെ യുവജനവിഭാഗമായ K.C.Y.O. 1968 ൽ മലങ്കര കത്തോലിക്കാസഭയിൽ ആരംഭിക്കയും തുടർന്ന് രൂപഭേദം വന്ന് ഇന്നത്തെ M.C.Y.M. ആയിതീരുകയും ചെയ്തതിന്റെ പിന്നിൽ നിരവധി വൈദികരുടെയും അത്മായ നേതാക്കളുടെയും ആത്മാർത്ഥമായ പങ്കുണ്ട്. തൊഴിയൂർ സഭയുടെ അധിപനായിരുന്ന പൗലോസ് മാർ ഫീലക്സിനോസ് തിരുമേനി 1977 ഓഗസ്റ്റ് 28-ാം തീയതി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയും സഭാഭരണം ഒന്നും ഇല്ലാതെ പ്രാർത്ഥനാ ജീവിതം നയിക്കുകയും ചെയ്തു. മാർ അത്തനാസ്യോസ് തിരുമേനി അതേവർഷം സെപ്തംബർ 28-ാം തീയതി കാലം ചെയ്തതിനെ തുടർന്ന് മോൺസിഞ്ഞോർ മാത്യു നെടുമങ്ങാട് അഡ്മിനിസ്ട്രേറ്റർ ആയി തിരുവല്ലാ രൂപതഭരണം ഏറ്റെടുത്തു 1978 ഒക്ടോബർ 28 ന് തിരുവല്ലാ രൂപത വിഭജിച്ച് സുൽത്താൻ ബത്തേരി രൂപത സ്ഥാപിച്ചത് മലങ്കരസഭയുടെ വളർച്ചാചരിത്രത്തിലെ ഒരു പ്രധാന നാഴികകല്ലാണ്. 1978 ഡിസംബർ 28-ാം തീയതി തിരുമൂലപുരത്തുവച്ച് തിരുവല്ലാരൂപതയ്ക്കുവേണ്ടി ഐസക് മാർ യൂഹാനോൻ തിരുമേനിയും ബത്തേരി രൂപതയ്ക്കുവേണ്ടി സിറിൽ മാർ ബസേലിയോസ് തിരുമേനിയും മെത്രാന്മാരായി അഭിഷേകം ചെയ്യപ്പെട്ടു.

1980 ഡിസംബർ 26, 27, 28 തീയതികളിലായി പുനരൈക്യ കനക ജൂബിലി കോട്ടയം നാഗമ്പടം സ്റ്റേഡിയത്തിൽ അതിവിപുലമായ പരിപാടികളോടെ കൊണ്ടാടി. ആഘോഷങ്ങളിൽ പങ്കെടുത്ത അതിവിശിഷ്ട വ്യക്തികളിൽ മദർ തെരെസായും ഒരാളായിരുന്നു. ലോറൻസ് മാർ എഫ്രേം തിരുമേനി മെത്രാനായി അഭിഷിക്തനായത് ജൂബിലിയാഘോഷവേളയിലാണ്.

1986 ഫെബ്രുവരി 8-ാം തീയതി പരിശുദ്ധ ജോൺ പോൾ മാർപ്പാപ്പാ കേരളം സന്ദർശിച്ച വേളയിൽ തിരുവനന്തപുരം മലങ്കര കത്തീഡ്രലിലും എത്തിച്ചേരുകയുണ്ടായി. കോട്ടയത്തെ സന്ദർശനവേളയിലാണ് ചാവറകുറിയാക്കോസ് അച്ചനേയും സിസ്റ്റർ അൽഫോൻസായേയും വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്കുയർത്തിയത്.

1987 ഏപ്രിൽ 28-ാം തീയതി യൂഹനോൻ തിരുമേനി കാലം ചെയ്തപ്പോൾ മോൺ. ജോർജ്ജ് ചുണ്ടേവാലേൽ അച്ചൻ തിരുവല്ലാരൂപത അഡ്മിനിസ്ട്രേറ്ററായി നിയമിതനായി. പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷൻ കർദ്ദിനാൾ സൈമൺ. ഡി. ലൂർദ്സ്വാമി ഓഗസ്റ്റ് 18-ാം തീയതി മലങ്കരസഭാ സന്ദർശനം നടത്തുകയും തുടർന്ന് പ്രേഷിത പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവുണ്ടാകുകയും ചെയ്തു 1988 ഓഗസ്റ്റ് 6-ാം തീയതി ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി തിരുവല്ലാ രൂപതാദ്ധ്യക്ഷനായി അഭിഷിക്തനായി. മലങ്കരകത്തോലിക്ക സഭയ്ക്കായി തിരുവനന്തപുരത്ത് ഒരു മേജർ സെമിനാരി 1989 മെയ് 25-ാം തീയതി കൂദാശ ചെയ്യപ്പെട്ടു. തിയോളജിയിലും ഫിലോസോഫിയിലുമായി അഭ്യസനം നേടുന്ന ഇരുനൂറോളം വൈദിക വിദ്യാർത്ഥികൾ ഇന്ന് ഇവിടെയുണ്ട്.

1994 ഒക്ടോബർ 10-ാം തീയതി ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്തതിനേ തുടർന്ന് സഹായമെത്രാനായിരുന്ന ലോറൻസ് മാർ എഫ്രേം തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക ആയി ചുമതലയേറ്റു. 1995 ഡിസംബർ 14-ാം തീയതി സിറിൽ മാർ ബസേലിയോസ് തിരുമേനി മലങ്കര കത്തോലിക്കാസഭയുടെ മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. 1996 ഡിസംബർ 16-ാം തീയതി തിരുവനന്തപുരം അതിരൂപത വിഭജിച്ച് പുതുതായി മാർത്താണ്ഡം രൂപത സ്ഥാപിക്കപ്പെടുകയും ലോറൻസ് മാർ എഫ്രേം തിരുമേനി പ്രഥമ മെത്രാനായി ചുമതല ഏൽക്കുകയുമുണ്ടായി. എന്നാൽ ഏറെതാമസിയാതെ 1997 ഏപ്രിൽ 8-ാം തീയതി എഫ്രേം തിരുമേനി കാലം ചെയ്യുകയാണുണ്ടായത്.

1996 ഫെബ്രുവരി 11 മുതൽ പത്തു ദിവസങ്ങളിൽ മലങ്കര മേജർ സെമിനാരിയിൽ സി.ബി.സി.ഐ (കാതലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യ) യുടെ സമ്മേളനവും പൗരസ്ത്യ തിരുസംഘം അദ്ധ്യക്ഷൻ കർദ്ദിനാൾ സിൽവെസ്ത്രീനിയുടെ സന്ദർശനവും നടന്നു. 1996 ജനുവരി 26-ാം തീയതിയിലാണ് മലങ്കര കത്തോലിക്ക അത്മായർക്കായുള്ള M.C.A. (മലങ്കര കാതലിക് അസോസ്യേഷൻ) യുടെ അഡ്ഹോക്ക്

www.malankaralibrary.com



കമ്മറ്റിക്ക് മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ് ബസേലിയോസ് തിരുമേനി രൂപം നൽകിയത്. നാലു രൂപതകളിൽ നിന്നുമുള്ള അത്മായ പ്രതിനിധികളേ ഉൾപ്പെടുത്തിക്കൊണ്ടുള്ള അഡ്ഹോക്ക് കമ്മറ്റി അംഗത്വ വിതരണവും തെരഞ്ഞെടുപ്പും നടത്തി നിയമാനുസൃത എം.സി. എയേ 1999 ജനുവരിയിൽ അധികാരത്തിലേറ്റുകയും ചെയ്തു.

1997 ഫെബ്രുവരി 5-ാം തീയതി ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനി ബത്തേരി രൂപതാദ്ധ്യക്ഷനായും 97 ജൂലൈ 17-ാം തീയതി തോമസ് മാർ കൂറിലോസ് തിരുമേനി തിരുവല്ലാ രൂപതാസഹായമെത്രാനായും, 1998 ജൂൺ 29 ന് യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി മാർത്താണ്ഡം രൂപതാദ്ധ്യക്ഷനായും അന്നുതന്നെ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപതാ സഹായമെത്രാനായും അഭിഷിക്തരായി. കഴിഞ്ഞ വർഷം സി.ബി.സി.ഐ യുടെ പ്രസിഡന്റായി മലങ്കര മെത്രാപ്പോലീറ്റൻ ആർച്ച് ബിഷപ് സിറിൽ മാർ ബസേലിയോസ് തിരുമേനി തെരഞ്ഞെടുക്കപ്പെട്ടതോടെ മലങ്കരകത്തോലിക്കസഭയ്ക്ക് ഇൻഡ്യയിലുള്ള സ്ഥാനം പ്രധാനപ്പെട്ടതാണെന്ന് തെളിഞ്ഞിരിക്കുകയാണ്. നാല് രൂപതകളിലായി ആയിരത്തോടടുത്ത് പള്ളികളും 485 വൈദികരും ആയിരത്തിഒരുനൂറ് സന്യാസിനികളും 290 വൈദികവിദ്യാർത്ഥികളും നാലേകാൽ ലക്ഷം വിശ്വാസികളുമാണ് മലങ്കര കത്തോലിക്കാ സഭയിലുള്ളത്.

സപ്തതി ആഘോഷങ്ങളുടെ ഫലമായി സഭയ്ക്കു കൂടുതൽ ഉണർവ്വും ഉശിരും ഉണ്ടാകുവാൻ ദൈവം ഇടയാക്കട്ടെ. കൂടുതൽ മെത്രാന്മാരും കൂടുതൽ രൂപതകളും ഉണ്ടാകുവാൻ ക്രൈസ്തവൈക്യം പൂർത്തീകരിക്കുകയും ചെയ്യാൻ പുനരൈക്യ പ്രസ്ഥാനത്തിനു കഴിയട്ടെയെന്നും പ്രാർത്ഥിക്കുന്നു.

*Best wishes from:*

**MOTHER PROVINCIAL & SISTERS**

**BETHANY CONVENT, THIRUVALLA**

www.malankaralibrary.com



# എഡിറ്റോറിയൽ ബോർഡ്

ഫാ. ഏബ്രഹാം വെട്ടുപറമ്പിൽ (ചീഫ് എഡിറ്റർ)

ശ്രീ. വർഗീസ് കരിപ്പായിൽ (എഡിറ്റർ)

സി. പ്രീതി SIC (സെക്രട്ടറി)

ഫാ. ചാക്കോ ഏറത്ത് O.I.C.

ഫാ. ജോർജ് കയ്യാനിക്കൽ

ഫാ.വിൽസൺ നിറക്കണ്ടത്തിൽ

ഫാ.വർഗ്ഗീസ് വള്ളിക്കാട്ട്

സി. ഗ്ലാഡിസ് SIC

സി. റോസ് മേരി O.S.S.

ശ്രീ. കെ.ജെ. പീറ്റർ

ശ്രീ. എം. വി. തോമസ്

ശ്രീ. തോമസ് ജോൺ

ശ്രീ. വി. പി. തോമസ്

ശ്രീ. ഷിബു വർഗീസ്

അഡ്വ. തോമസ് ജോൺ

അഡ്വ. ബിനോ

www.malankaralibrary.com

# മഹാജൂബിലി പുനരൈക്യ സപ്തതി
# സ്മരണിക

CHRISTU JAYANTHI REUNION SAPTHATHI

70



2000